രു. 2

ദക്ഷിണഭാഷാ ഗ്രന്ഥമണ്ഡലത്തിന്റെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നതു്.

# കോൺടിക്കി യാത്ര



തോർ ഹെയർദാൽ

വിദ്യാരംഭം

# കോൺടിക്കി യാത്ര

തെക്കെഅമേരിക്കയിലെ പെറു
വിൽനിന്നും ശാന്തസമുദ്രത്തിലൂടെ
പടിഞ്ഞാറോട്ട് പോളിനേഷ്യൻ
ദ്വീപുകളിലേയ്ക്കു് വെറും ഒരു തടി
ച്ചങ്ങാടത്തിൽ ആറു സാഹസികന്മാ
രുടെ ഉദ്വേഗജനകമായ യാത്ര. അല
കൾക്കുമേൽ അലകൾ ഒടിച്ചുകുത്തി,
കൊടുങ്കാററു ചീറിയടുത്തു്, നിശാ
ന്ധകാരം കണ്ണുകൾ മൂടിക്കെട്ടി. പ
ക്ഷേ, പ്രകൃതിയുടെ ഭയാനകതയിൽ
അവർ അലൗകികസൗന്ദര്യം ദർശി
ച്ചു. ഭയങ്കരമായ പവിഴക്കോട്ടകൾ
ചുററിയ പവിഴപ്പൊയ്കയുടെ തീ
രത്തു് – ഭാവനയിൽ പ്രതിഫലിച്ച
ഒരു പുതിയ സ്വർഗ്ഗലോകത്തു് അവർ
ചെന്നെത്തി. ഇതു് വെറും ഭാവന
യല്ല, 1947-ൽ നടന്ന ഒരു യഥാർത്ഥ
സംഭവമാണു്.

കോൺടിക്കി യാത്ര

# THE KON-TIKI EXPEDITION

BY

THOR HEYERDAHL

TRANSLATION

R. RAMAVARMA THAMPURAN, M. A.

COPYRIGHT RESERVED BY

GEORGE ALLEN & UNWIN LTD., LONDON.

PUBLISHERS

THE VIDYARAMBHAM PRESS & BOOK DEPOT PRIVATE LTD.,

MULLAKKAL, ALLEPPEY.

# കോൺടിക്കി യാത്ര

ഗ്രന്ഥകർത്താ:

തോർ ഹെയർദാൽ

വിവർത്തകൻ:

ആർ. രാമവർമ്മ തമ്പുരാൻ, എം. ഏ.

പ്രകാശകർ:

വിദ്യാരംഭം പ്രസ്സ് & ബുക്ക് ഡിപ്പോ

പ്രൈവററ് ലിമിററഡ്,

മുല്ലയ്ക്കൽ, ആലപ്പുഴ.

★

ഒന്നാംപതിപ്പ് കോപ്പി 5000
ഡിസംബർ 22, 1957

കോപ്പി ൨൦൦൦

Published under the auspices of the
Southern Languages Book Trust.

അച്ചടി:
വിദ്യാരംഭം പ്രസ്സ്
ആലപ്പുഴ

വില രൂ. രണ്ടു്

കവർ ഡിസൈൻ:
ബേബി ആർട്ട്സ്, ആലപ്പുഴ.

കവർ ബ്ലോക്ക്:
ജനതാ ബ്ലോക്ക് സ്ററുഡിയോ, ആലപ്പുഴ.

# പ്രസ്താവന

ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ പുറത്തു വരുന്ന ആദ്യപ്രസിദ്ധീകരണങ്ങളെ ദക്ഷിണേന്ത്യക്കാർക്ക് പരിചയപ്പെടുത്തുകയാണ് ഈ പ്രസ്താവനയുടെ ഉദ്ദേശ്യം. ഫോർഡ് ഫൗണ്ടേഷന്റെ ഔദാര്യത്തിന്റെയും ദീർഘദൃഷ്ടിയുടെയും ഫലമായിട്ടാണ് ഈ ഗ്രന്ഥമണ്ഡലം ആവിർഭവിച്ചത്. തമിഴ്, തെലുങ്ക്, മലയാളം, കർണ്ണാടകം എന്നീ ദാക്ഷിണാത്യഭാഷകളിൽ നല്ല പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന്ന വേണ്ട പ്രോത്സാഹനം നല്കുവാൻ ഫോർഡ് ഫൗണ്ടേഷൻ തീരുമാനിച്ചു. സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഗുണമേറിയവയും സാമാന്യേന വില കുറഞ്ഞവയുമായ പുസ്തകങ്ങളെയാണ് നല്ല പുസ്തകങ്ങൾ എന്നതുകൊണ്ടിവിടെ വിവക്ഷിച്ചിട്ടുള്ളത്. ഫോർഡ് ഫൗണ്ടേഷന്റെ പ്രതിനിധികളും ദക്ഷിണേന്ത്യയിലെ എട്ടു യൂണിവേഴ്സിററികളുടെ വൈസ് ചാൻസലർമാരുംകൂടി ആലോചനകൾ നടത്തിയതിന്നശേഷമാണ് ഗ്രന്ഥമണ്ഡലം രൂപവൽക്കരിച്ചത്. പലേയിനത്തിൽപ്പെട്ട മേത്തരം പുസ്തകങ്ങൾ ദാക്ഷിണാത്യഭാഷകളിൽ കുറഞ്ഞവിലയ്ക്കു വിപുലമായ തോതിൽ പ്രസിദ്ധീകരിക്കുവാൻ ഏർപ്പാടുചെയ്യുകയാണ് മണ്ഡലത്തിന്റെ പ്രധാനലക്ഷ്യം. ഈ ലക്ഷ്യത്തെ മുൻനിർത്തി ആവിഷ്കരിക്കപ്പെട്ട ത്രിവത്സരപദ്ധതിയുടെ പ്രഥമഫലമാണ് ഈ പ്രസിദ്ധീകരണങ്ങൾ. പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ പാണ്ഡിത്യപരമായ കൃതികൾ ഒഴിച്ചുനിർത്തുവാൻ ശ്രമിച്ചിട്ടുണ്ട്. കാരണം വ്യക്തമാണ്. അത്തരം കൃതികളിൽ ചുരുക്കംപേരക്കേ താൽപര്യം കാണൂ. ഇംഗ്ലീഷ് നിശ്ചയമില്ലാത്തവരും മാതൃഭാഷമാത്രം അറിയാവുന്നവരുമായ അനവധിപേർ പൊതുജനങ്ങൾക്കിടയിലുണ്ട്; ലളിതരീതിയിൽ എഴുതിയിട്ടുള്ള പുസ്തകങ്ങൾ വായിക്കുവാൻ അവക്ക് സൗകര്യപ്പെടുത്തുകയാണ് ഗ്രന്ഥമണ്ഡലത്തിന്റെ പ്രധാനലക്ഷ്യം. അത്തരം പുസ്തകങ്ങൾ സാധാരണക്കാരൻ വായിച്ചാൽ മനസ്സിലാകണം; വായിക്കുന്നതുകൊണ്ടു ഗുണവും വായിക്കുന്നതിൽ രസവും ഉണ്ടാകണം; തന്നെയല്ല, വായിച്ചാൽ അറിവ് വർദ്ധിക്കുകയും അതോടുകൂടി മാനസികോല്ലാസം വികസിപ്പിക്കുവാൻ കഴിയുകയും വേണം.

സാഹിത്യഗുണമുള്ള നൂതനകൃതികൾ, സാംസ്കാരികവും ശാസ്ത്രീയവുമായ വിഷയങ്ങളെപ്പററി പ്രത്യേകം എഴുതപ്പെട്ട ഗ്രന്ഥങ്ങൾ, ലോകത്തിലെ ഇതരഭാഷകളിലെ പല മഹൽഗ്രന്ഥങ്ങളുടേയും തർജ്ജമകൾ—ഇവയെല്ലാം നാലു ഭാഷകളിലും പ്രസിദ്ധപ്പെടുത്തുന്നതിന്ന വേണ്ട ഒത്താശകൾ പദ്ധതിയിലടങ്ങിയിട്ടുണ്ട്.

'കുറഞ്ഞ വിലയ്ക്കു മേത്തരംപുസ്തകങ്ങൾ'— ചുരുക്കത്തിൽ ഇതാണ് ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്റെ മുദ്രാവാക്യം. ആദ്യമായിപുറത്തു വരുന്ന ഈ പ്രസിദ്ധീകരണങ്ങൾ മേല്പറഞ്ഞ ലക്ഷ്യത്തിലെത്തിയിട്ടു

ർണ്ടാ എന്നു തീർച്ചപ്പെടുത്തേണ്ടതു് പൊതുജനങ്ങളാണു്. ഈ ഉദ്യമത്തിന്റെ ഫലവും പ്രയോജനവും അനുഭവപ്പെടണമെങ്കിൽ ഒരു പത്തു കൊല്ലം കഴിയണം. പക്ഷേ, ദീർഘദൃഷ്ടിയുള്ള ഏതൊരാൾക്കും ഇതിന്റെ പ്രാധാന്യം കണ്ടറിയാൻ കഴിയും. ഇതിന്റെ സാദ്ധ്യതകൾ അപാരമാണു്. വിപുലമായ തോതിൽ പ്രവർത്തിക്കുന്ന ഒരു വിതരണപദ്ധതിയുടെ സഹായമുണ്ടെങ്കിൽ കുറഞ്ഞവിലയുള്ള ഈ പുസ്തകങ്ങൾ ദക്ഷിണേന്ത്യയുടെ ഓണംകേററമൂലയിലും എത്തിക്കാൻ കഴിയും. നാട്ടിന്റെ നട്ടെല്ലായ നാട്ടുകാരുടെ ദൈനംദിനജീവിതത്തിൽ കാന്തിയും കുളർമയും വീശുവാൻ അവയ്ക്കു സാധിക്കുകയും ചെയ്യും.

തമിഴ്, തെലുങ്ക്, മലയാളം, കന്നടകം—എന്നീ നാലു ഭാഷകളിൽമാത്രം പ്രസിദ്ധീകരണങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഗ്രന്ഥമണ്ഡലം തീർച്ചപ്പെടുത്തിയതിനും കേവലം അർത്ഥമില്ലായ്കയില്ല. മേല്പറഞ്ഞവയാണു് ദാക്ഷിണാത്യഭാഷകൾ. വിന്ധ്യനു തെക്കുള്ള ഭാഗങ്ങളെല്ലാം പണ്ടു് ദക്ഷിണാപഥമെന്നപേരിൽ അറിയപ്പെട്ടിരുന്നതാണു്. പക്ഷേ, സാംസ്കാരികമായി നോക്കുകയാണെങ്കിൽ ആ പേരുകൊണ്ടു സൂചിപ്പിക്കുന്നതു് മേല്പറഞ്ഞ നാലു ഭാഷകൾ സംസാരിക്കുന്നവരെയാണു്. ഈ ഭാഷകൾ ഒരു പ്രത്യേകവിഭാഗമായിത്തീർന്നിട്ടുണ്ടെന്നതിന്നു സംശയമില്ല. ദ്രാവിഡം എന്ന സംജ്ഞ ഉപയോഗിക്കുവാൻതന്നെ എനിക്കു മടിയുണ്ടു്. കാരണം ആ വാക്കു് ഭാഷാപരമായും നരവംശശാസ്ത്രപരമായും ഉള്ള ബന്ധങ്ങളെ കാണിക്കുന്നതിനു പകരം രാഷ്ട്രീയമനോഭാവങ്ങളെ കാണിക്കാനാണിപ്പോൾ ഉപയോഗപ്പെടുത്തുന്നതു്. ഈ നാലുഭാഷകളും തമ്മിലുള്ള യോജിപ്പിനുപുറമേ, ഇന്ത്യയുടെ ഇതരഭാഗങ്ങളിൽനിന്നു് ദക്ഷിണദേശത്തെ വേർതിരിക്കുന്ന ഒരു പൊതു സംസ്കാരവും നിലവിലുണ്ടെന്നു പറയാം. കന്നടകരീതി എന്നു പൊതുവിലറിയപ്പെടുന്ന ഒരു പ്രത്യേക സംഗീതസമ്പ്രദായംതന്നെയുണ്ടു്. അതുപോലെതന്നെ, ദക്ഷിണേന്ത്യയിലെ തച്ചുശാസ്ത്രത്തിനും കൊത്തുപണിക്കും പ്രത്യേകതകളുണ്ടു്. നാട്ടുനടപ്പു്, കർമ്മക്രിയാദികൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയ്ക്കും ശ്രദ്ധേയമായ ഐകരൂപ്യമുണ്ടു്.

ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്റെ പ്രസിദ്ധീകരണങ്ങൾ ദക്ഷിണേന്ത്യയിലെ വ്യത്യസ്തമായ ഈ സാംസ്കാരികമൂല്യത്തെ ദർപ്പണം ചെയ്യുമെന്നു് ഞാനാശിക്കുന്നു. അതേസമയത്തുതന്നെ, പൊതുവിൽ ഭാരതീയസംസ്കാരത്തെപ്പററിയും അന്യഭാഷകളിലുള്ള ഉത്തമഗ്രന്ഥങ്ങളുടെ ഭാഷാന്തരങ്ങൾവഴി വിശ്വസംസ്കാരത്തെപ്പററിയും ഉള്ള ഗ്രന്ഥങ്ങൾ പദ്ധതിയിലുൾപ്പെടുത്തി പ്രാദേശികത്വമെന്ന ആപത്തിനെ വർജ്ജിക്കുകയും ചെയ്യുമെന്നു ഞാനാശിക്കുന്നു.

പി. വി. രാജമന്നാർ.

# അവതാരിക

ലോകത്തിലുള്ള മുക്കാൽ പങ്ക് ജനങ്ങളും പ്രതിബന്ധം ഇഷ്ട പ്പെടാത്തവരാണ്. പ്രാചീനകാലം മുതൽ തന്നെ ജനങ്ങൾ ജീവിതമാർഗ്ഗത്തിനനുകൂലമായ സ്ഥലങ്ങളാണ് വാസസ്ഥാനങ്ങളായി തിരഞ്ഞെടുത്തിട്ടുള്ളത്.

അഗമ്യങ്ങളും വിദൂരങ്ങളുമായ ദേശങ്ങൾ, കരവഴിയൊ കടൽമാർഗ്ഗമൊ യാത്രചെയ്യാതെ ജനവാസമുള്ളതായി തീരുകയില്ല. ഏതെങ്കിലും പ്രേരണയാലൊ സ്വേച്ഛംഗിതമനുസരിച്ചൊ മനുഷ്യർ നടത്തിയ അത്തരം സാഹസികയാത്രയുടെ ഒരു വിവരണമാണ് മനുഷ്യചരിത്രമെന്നു പറയുന്നത്. പോളിനേഷ്യൻ ജനങ്ങൾ അത്തരം സാഹസയാത്രചെയ്യാൻ സഹായിച്ച മനുഷ്യപ്രയത്നോത്സാഹത്തിനു മകുടോദാഹരണങ്ങളാണ്.

തെക്കേ അമേരിക്കയിലെ ഇങ്കാജനങ്ങളും പോളിനേഷ്യക്കാരും ഒരേ വർഗ്ഗത്തിൽപെട്ടവരാണെന്നു് ഏറെക്കുറെ തെളിഞ്ഞിട്ടുണ്ട്. ഇങ്കാരാജാക്കന്മാരുടെ നേതൃത്വത്തിൽ ആൻഡീസ് പർവ്വതനിരകളിൽ സമുന്നതമായ ഒരു നാഗരികത വളർന്നുവന്നിരുന്നു. ഇങ്കാജനങ്ങൾ ഭീമാകൃതിയിലുള്ള ശിലാപ്രതിമകളും സൂര്യഗ്രസ്തംഭങ്ങളും നിർമ്മിച്ച കർമ്മകുശലന്മാരായ ശില്പികളായിരുന്നു. പ്രാകാരാവൃതങ്ങളായ വെൺമാടങ്ങളും ശിലാനിർമ്മിതങ്ങളായ ഗോപുരങ്ങളും ആൻഡീസ് പർവ്വതസാനുക്കളിൽ ഇന്നും കാണ്മാനുണ്ട്. സമുദ്രയാത്രാതരണത്തിന് അവർ ഉപയോഗിച്ച ചങ്ങാടങ്ങളുടെ നിർമ്മിതിയിൽ അവർക്കു് സ്തുത്യർഹമായ പാടവമുണ്ടായിരുന്നു.

സ്പെയിൻകാർ ആദ്യം അവിടം സന്ദർശിച്ചപ്പോൾ ഇങ്കാജനങ്ങളുടെ പർവ്വതസാമ്രാജ്യം ഐശ്വര്യത്തിൻെറ അത്യുച്ചനിലയെ പ്രാപിച്ചിരുന്നു.

പോളിനേഷ്യൻ ദ്വീപിലെ ജനങ്ങളെ തമ്മിൽ ഘടിപ്പിക്കുന്ന ഒരു പൊതുഭാഷയുണ്ട്. മരിച്ചുപോയ നേതാക്കന്മാരെ അവർ ഭക്തിപൂർവ്വം സ്മരിക്കുന്നു. പിരിച്ചെടുത്ത ചകിരിൽ കുരു

കകളുണ്ടാക്കി അവരുടെ തലമുറകളുടെ എണ്ണവും പേരുകളും ശാസ്ത്രീകരിക്കപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് എ. ഡി. അഞ്ഞൂറിലാണവർ പോളിനേഷ്യയിലാദ്യം വന്നതെന്ന് ഏതാണ്ട് വ്യക്തമായിട്ടുണ്ട്.

കാററിൻെറ ഗതിയെപ്പററിയൊ സമുദ്രപ്രവാഹത്തെപ്പററിയൊ അവക്ക് അവഗാഹമായ പരിജ്ഞാനം ഉണ്ടായിരുന്നെന്നു തോന്നുന്നില്ല. എന്നാൽ തെക്കെഅമേരിക്കയുടെ തീരത്തുകൂടി ഒഴുകുന്ന സമുദ്രപ്രവാഹങ്ങളുടെ സ്ഥിരതയും ഗതിയും അവർ മനസ്സിലാക്കിയിരിക്കാൻ ഇടയുണ്ട്. അവർ വിദഗ്ദ്ധമായി ശാന്തസമുദ്രത്തെ തരണം ചെയ്തിരുന്നു എന്നുള്ളതു് തീച്ചയാണ്.

തോർഹെയർദാൽ ജനനംകൊണ്ടു് നോർവേക്കാരനാണ്. അദ്ദേഹം പണ്ഡിതനായ ഒരു പ്രകൃതിശാസ്ത്രജ്ഞനുമാണ്. അസാമാന്യമായ നിരീക്ഷണപാടവം കൊണ്ടനുഗൃഹീതനായ ആ ശാസ്ത്രജ്ഞൻ തൻെറ വാദമുഖം സമർത്ഥിക്കാൻ മററഞ്ചുപേരെക്കൂടി ആവേശംകൊള്ളിച്ച് സാഹസമായ ഒരു യാത്രയ്ക്കു തയ്യാറാക്കി. അദ്ദേഹം അങ്ങനെ അനശ്വരനായ ഒരു മഹാപ്രഭാവനായി തീന്നിരിക്കുന്നു. നരവംശശാസ്ത്രജ്ഞന്മാരെപ്പോലും വിഷമിപ്പിച്ച പ്രഹേളികയ്ക്കു് ആ ധീരനാവികന്മാർ ഉത്തരം നല്കി. ഒമ്പതു ബാൽസാ പൊങ്ങുതടികഠം ചണച്ചരടുചേർത്തുകെട്ടി ഉണ്ടാക്കിയ ചങ്ങാടത്തിനു് കോൺടിക്കിയെന്ന പ്രാചീനനാമം അദ്ദേഹം നല്കി.

ഏതാപത്ഘട്ടത്തിലും വിനോദരസം തുളുമ്പുന്ന ആ നാവികന്മാരുടെ ധീരത ആ യാത്രയെപ്പോലെതന്നെ പുളകോദ്ഗമകാരിയാണ്. അവരുടെ യാത്ര ബുദ്ധിശൂന്യമായ എടുത്തുചാട്ടമായി എല്ലാവരും കരുതി. പുറപ്പെട്ടപ്പോഠംതന്നെ അന്തരീക്ഷം അശുഭസൂചകമായിരുന്നു. ഏതായാലും പ്രാചീനജനങ്ങഠം അത്തരം യാത്രകഠം വെറും ചങ്ങാടത്തിൽ നടത്തിയിരുന്നു എന്നും കോൺടിക്കി യാത്ര തെളിയിച്ചു. ഈ നൂററാണ്ടിൽപോലും നമ്മെ ഞെട്ടിപ്പിക്കുന്ന ഒരു സംഭവമാണതു്.

ഡാക്ടർ എ. ആർ. ഇരാവതി.

# കോൺടിക്കി യാത്ര

ശാന്തസമുദ്രത്തിലൂടെ പോളിനേഷ്യൻ ദ്വീപ
സമൂഹത്തിലേയ്ക്കുള്ള ഒരു സാഹസിക യാത്ര.

ആമുഖം

തെക്കേഅമേരിക്കയിൽ പെറു എന്ന രാജ്യത്ത് ക്രിസ്തുവർഷം ആയിരാമാണ്ടോടുകൂടിയാണ് ഇങ്കാസംസ്കാരം ഉത്ഭവിച്ചു വളർന്നുവന്നത്. അതിനു മുമ്പും അതിവിശിഷ്ടമായ ഒരു സംസ്കാരം അവിടെ നിലവിലിരുന്നു എന്നു തെളിയിക്കുന്ന അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇങ്കാ സംസ്കാരം പൂർവ്വസംസ്കാരത്തെ അടക്കി പിന്നീടു വളൎന്നുവന്നതാണെന്ന് പുരാവസ്തുഗവേഷകന്മാർ സിദ്ധാന്തിക്കുന്നു.

ക്രിസ്തുവിനു മുമ്പ് പല ഘട്ടങ്ങളിലും ഇത്തരം സംസ്കാരബലപരീക്ഷകൾ നടന്നിട്ടുണ്ടെന്ന് അഭ്യൂഹിക്കപ്പെടുന്നു. സാംസ്കാരികമായി വമ്പിച്ച മാററങ്ങൾ ആവിർഭവിച്ച് പഴമയുടെ സ്ഥാനത്ത് പുതിയ മാതൃകകൾ പൊന്തിവന്നിട്ടുണ്ടെന്നുള്ളതിന് മതിയായ ലക്ഷ്യങ്ങളുണ്ട്. വെളിയിൽനിന്നും പെറുവിൽ പ്രവേശിച്ച ദിഗ്‌വിജയികൾ പെറുവിലെ ജനങ്ങളെ തള്ളിനീക്കി ആധിപത്യം സ്ഥാപിച്ചുകൊണ്ടിരുന്നു. പരാജിതരായ പെറുവിയന്മാർ അവിടെനിന്നും നാലായിര

ത്തിൽ ചിലപാനം നാഴികയകലെയുള്ള പോളിനേഷ്യൻ ദ്വീപുകളിൽ കുടിയേറിപ്പാർത്തിരിക്കണമെന്ന് നോർവേക്കാരനായ തോർഹെയർദാൽ ഒരു വാദം ഉന്നയിച്ചു.

ഈ വാദം ശുദ്ധമേ കിറുക്കിൻെറ ലക്ഷണമായി മററുള്ളവർ കണക്കാക്കി അദ്ദേഹത്തെ പരിഹസിക്കുകയാണുണ്ടായതു്. തെക്കേഅമേരിക്കയിലെ ആൻഡീസ് പർവ്വതനിരകളിലുള്ള ബാൽസാ എന്നൊരുതരം മരവും മുളകളും ചണവുമുപയോഗിച്ചു് നിർമ്മിച്ച ചങ്ങാടങ്ങളിൽ കയറി ക്രിസ്തുവിനു് അഞ്ഞൂറും ആയിരവും വർഷങ്ങൾക്കു മുമ്പു് പെറുവിയന്മാർ അതിഭീകരമായ ശാന്തസമുദ്രത്തിൻെറ മാർത്തട്ടിലൂടെ യാത്രചെയ്തു എന്നുള്ള ഹെയർദാലിൻെറ ദൃഢമായ അഭിപ്രായം അസംബന്ധവും അയുക്തികവുമായി തള്ളിക്കളഞ്ഞപ്പോൾ അതൊന്നു പരീക്ഷിച്ചു സമർത്ഥിക്കണമെന്നുള്ള തീവ്രമായ അഭിവാഞ്ഛ അദ്ദേഹത്തിനുണ്ടായി. തത്ഫലമായിട്ടാണു് കോൺടിക്കി പര്യടനം സജീവവും വ്യക്തവുമായ രൂപം കൈക്കൊണ്ടതു്.

സ്ഥലകാലങ്ങളെപ്പോലും അതിക്രമിക്കാൻ കഴിയുന്ന വിമാനങ്ങളും യന്ത്രക്കപ്പലുകളും മററു് ഉപകരണങ്ങളുമുള്ള ഈ ആധുനികയുഗത്തിൽപോലും അപ്രാപ്യങ്ങളെന്നു് എണ്ണപ്പെടുന്ന പോളിനേഷ്യൻ ദ്വീപസമൂഹത്തിലേയ്ക്കു് ഹെയർദാൽ മററഞ്ചു് നാവികരുമൊന്നിച്ചു് 1947 ഏപ്രിൽ 28-ാംനു- ബാൽസാ തടികൾ കൂട്ടിയിണക്കിയ ചങ്ങാടത്തിൽ പെറുവിലെ കലാവാ തുറമുഖത്തുനിന്നും തിരിച്ചു. ദക്ഷിണധ്രുവപ്രാന്തത്തിൽ അൻറാർട്ടിക്കയിൽനിന്നുത്ഭവിച്ചു് തെക്കേഅമേരി

ക്കയുടെ പശ്ചിമതീരത്തിലൂടെ വടക്കോട്ടൊഴുകി ഭൂമദ്ധ്യരേഖയ്ക്കു് അല്പം തെക്കമാറി പടിഞ്ഞാറോട്ടു പോകുന്ന കടലൊഴുക്കിനെ ശരണംപ്രാപിച്ചുകൊണ്ടാണു് അവർ പോളിനേഷ്യയിലെത്തുന്നതു്. പോളിനേഷ്യൻ ദ്വീപസമൂഹം ശാന്തസമുദ്രത്തിന്റെ തെക്കുഭാഗത്തു് പെറുവിൽ നിന്നും 4300 മൈൽ നേരേ പടിഞ്ഞാറുമാറിയാണു് സ്ഥിതിചെയ്യുന്നതു്.

മേൽപറയപ്പെട്ട പ്രവാഹത്തെ തുടർന്നു് 4000-ൽ ചില്വാനം മൈൽ പടിഞ്ഞാറോട്ടു് ശാന്തസമുദ്രത്തിലൂടെ സഞ്ചരിച്ചു് 101 ദിവസംകൊണ്ടു് പോളിനേഷ്യൻ ദ്വീപിൽ ചെന്നെത്തിയ സാഹസികവും സംഭ്രമജനകവും ഐതിഹാസികവുമായ സമുദ്രയാത്രയാണു് കോൺടിക്കി യാത്രയിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നതു്. പോളിനേഷ്യയിലും പെറുവിലും നിസ്സീമമായ ഭയഭക്ത്യാദരങ്ങളോടെ ആരാധിക്കപ്പെട്ടുപോരുന്ന പുരാണപുരുഷനാണു് ടിക്കി. സൂര്യനിൽനിന്നുത്ഭവിച്ച മഹാത്മാവായി വിശ്വസിക്കപ്പെട്ടുന്നതിനാൽ കോൺടിക്കി എന്ന നാമംകൊണ്ടു് പ്രസിദ്ധനായിത്തീർന്നു. ഈ മഹാനാണു് തങ്ങളെ പോളിനേഷ്യയിൽ കൊണ്ടുവന്നതെന്നു് അന്നാട്ടുകാർ വിശ്വസിച്ചുപോരുന്നു.

തങ്ങളുടെ യാനപാത്രത്തിനു് ഹെയർദാലും ക്രൂട്ടരും ആ പാവനനാമധേയംതന്നെ നൽകി. മാതൃകയായി കിട്ടിയിട്ടുള്ള 'കോൺടികി' എന്ന മഹാപുരുഷൻെറ മുഖചിത്രംതന്നെ ആ നാവികന്മാർ തങ്ങളുടെ ചങ്ങാടത്തിൻെറ കാററുപായിൽ ആലേഖനംചെയ്തു. കാററും സമുദ്രപ്രവാഹവുമായിരുന്നു അവർക്കാധാരം.

വികാരക്ഷോഭംകൂടാതെ ആ യാത്രയെക്കുറിച്ച് ചിന്തിക്കുകതന്നെ അസാദ്ധ്യം. യാത്രയുടെ വിജയകരമായ പര്യവസാനത്തിൽ ആ ധീരനാവികർക്കുണ്ടായ ആഹ്ലാദം പുളകോദ്ഗമകാരിയാണ്.

ആ യാത്രകൊണ്ടു് പെറുവിലെ പ്രാചീനജനങ്ങളുടെ വംശപരമ്പരയാണ് പോളിനേഷ്യയിലെ ആളുകൾ എന്നു് വേണ്ടവണ്ണം തെളിയിക്കാൻ ഹെയർദാലിനു കഴിഞ്ഞില്ല. എങ്കിലും മററു ചില സുപ്രധാന കാര്യങ്ങളിൽ അതു വെളിച്ചംവീശുന്നുണ്ടു്. തെക്കേഅമേരിക്കയിലെ ബാൽസാ തടികൾ അതിദീർഘമായ സമുദ്രയാത്രയ്ക്കു പററിയതാണെന്നു് ഇരുപതാംനൂററാണ്ടിലെ ശാസ്ത്രജ്ഞന്മാരുപോലും അതിനുമുമ്പ് അറിഞ്ഞിരുന്നില്ല. ചരിത്രാതീതകാലത്തെ പെറുവിയന്മാരുടെ ചങ്ങാടങ്ങൾക്കു് ദക്ഷിണശാന്തസമുദ്ര ദ്വീപുകൾ അഗമ്യങ്ങളല്ലായിരുന്നു. പുരാതന ജനങ്ങൾക്കു് പുറംകടലിൽ അനേകദിവസത്തെ വഴി താണ്ടുവാൻ സാധിച്ചിരുന്നു. സമുദ്രതരണത്തിനു് ദൂരം അന്നു് ഒരു പ്രശ്നമേയല്ലായിരുന്നു. രാവും പകലുമിടവിടാതെ തുടർച്ചയായി മാസങ്ങളും വർഷങ്ങളുമായി കാററും പ്രവാഹവും ഒരേനിലയിൽ നിന്നാൽ, പിന്നെ വലിയ വൈഷമ്യങ്ങളൊന്നും കൂടാതെതന്നെ യാത്ര ശുഭമായി കലാശിച്ചുകൊള്ളും. ഭൂഭ്രമണത്തോടൊപ്പം വാണിജ്യവാതവും സമുദ്രപ്രവാഹവും പടിഞ്ഞാറോട്ടുതന്നെ നീങ്ങിക്കൊണ്ടിരിക്കും. ഈ ഭ്രമണം മാനവചരിത്രത്തിൽ ഇന്നുവരെ മാറിയിട്ടുമില്ല. മേൽ പ്രസ്താവിച്ച ചില പരമാർത്ഥങ്ങൾ ഹെയർദാലും കൂട്ടരും തങ്ങളുടെ യാത്രകൊണ്ടു സമർത്ഥിച്ചു.

★

## പര്യടനസംഘാംഗങ്ങൾ.

1) നട്ഹാഗ്ലൻറ്. (Knut Haugland)
2) ബങ്ങ്ൻറ്ഡാനീൽസൻ. (Bengt Danielson)
3) തോർഹെയർദാൽ. (Thor Heyerdhal)-Author.
4) എറിക്ക് ഹെസൽബർഗ്. (Erik Hesselberg)
5) ടോർസ്റ്റീൻറാബി. (Torstien Rabby)
6) ഹെർമാൻ വാട്സിംഗർ. (Herman Watzinger)

## പര്യടനകാലം.

1947 ഏപ്രിൽ 28-ാം തീയതി തെക്കേഅമേരിക്കയിലെ 'പെറു' എന്ന സ്ഥലത്തുള്ള 'കലാവാ' തുറമുഖത്തുനിന്നും തിരിച്ച് 101 ദിവസം യാത്രചെയ്ത് 1947 ആഗസ്റ്റ് 7-ാംനു- പോളിനേഷ്യൻ ദ്വീപസമൂഹത്തിലെത്തി.

# 1. കോൺടിക്കി യാത്ര

കോൺടിക്കി എന്ന ചങ്ങാടം പുറംകടലിലേയ്ക്കു നീക്കുന്ന ദിവസം കലാവാ തുറമുഖം ശബ്ദമുഖരിതവും ജനനിബിഡവുമായിരുന്നു. തുറമുഖത്ത് കപ്പലുകളുടേയും ബോട്ടുകളുടേയും ഗതാഗതം വളരെ വർദ്ധിച്ചിരുന്നു. അതിനാൽ പുറംകടലിലേയ്ക്കു ചങ്ങാടത്തെ വലിച്ചുകൊണ്ടു പോകുവാൻ നാവികമന്ത്രി 'ഗാർഡിയൻറിയോസ്' എന്ന യന്ത്രക്കപ്പലിന് ആജ്ഞ കൊടുത്തു. അമേരിക്കൻ ഇൻഡ്യന്മാർ തങ്ങളുടെ ചങ്ങാടങ്ങളിൽ കയറി മീൻപിടുത്തം നടത്തിയിരുന്നതു് ആ ഭാഗത്തായിരുന്നു. ചുവപ്പും കറുപ്പും കലന്ന വലിയ തലക്കെട്ടുകളിൽ വർത്തമാനപ്പത്രങ്ങൾ ഈ വാർത്ത വളരെ പ്രാധാന്യം നല്കി നേരത്തേതന്നെ പ്രസിദ്ധപ്പെടുത്തിയിരുന്നു. തന്മൂലം ജിജ്ഞാസാഭരിതരായ ജനങ്ങൾ 1947 ഏപ്രിൽ 28-ാം തീയതി പ്രഭാതം മുതൽതന്നെ കപ്പൽ കെട്ടിക്കിടക്കുന്ന തുറമുഖസങ്കേതത്തിൽ തിങ്ങിക്കൂടിക്കൊണ്ടിരുന്നു.

ചങ്ങാടത്തിൽ ഒന്നിച്ചേത്തേണ്ടിയിരുന്ന ഞങ്ങൾ ക്കാറുപേക്കും ആ അവസാന മുഹൂർത്തത്തിൽ പ്രത്യേകിച്ചൊന്നുംതന്നെ ചെയ്യേണ്ടതായിട്ടില്ലായിരുന്നു. പക്ഷേ

ഞാനവിടെ എത്തിയപ്പോൾ ഹെർമാൻ മാത്രമേ ചങ്ങാടത്തിലുണ്ടായിരുന്നുള്ളൂ. ആ കടലോരത്ത് നെട്ടനീളെ അലകളെ തടഞ്ഞു നിൎത്താൻ കനത്ത ഭിത്തി കെട്ടിയിരുന്നു. ഞാൻ മനഃപൂൎവ്വം കാർ നിർത്തി ആ നീളമത്രയും നടന്നാണ് തുറമുഖത്തിലെത്തിയത്. ചങ്ങാടത്തിൽ കയറിക്കഴിഞ്ഞാൽ എത്ര സമയം കഴിഞ്ഞാണ് കാലൊന്നു നിവൎക്കാനവസരം കിട്ടുന്നതെന്നാൎക്കുമൊരു നിശ്ചയമില്ലായിരുന്നു. അതുകൊണ്ട് അവസാനമായി അങ്ങനെ നിവൎന്നു നടന്ന് കാലിനൊരായാസം കൊടുക്കേണ്ടതാവശ്യമായിത്തീൎന്നു. ഞാൻ ചങ്ങാടത്തിൽ ചാടിവീണു. ചങ്ങാടത്തിലാണെങ്കിൽ ഏത്തക്കുലകളും പഴക്കൂട്ടകളും ചാക്കുകളുമൊക്കെക്കൊണ്ടൊരു ബഹളം. ഒരടുക്കും ക്രമവുമില്ലാതെ അവസാനനിമിഷത്തിലവയെല്ലാം കൊണ്ടുവന്ന് ചങ്ങാടത്തിനകത്തു മറിച്ചിരുന്നു. അവ കെട്ടി ഒതുക്കി യഥാസ്ഥാനങ്ങളിൽ നിക്ഷേപിക്കേണ്ടതു് ഞങ്ങളൊരുമാതിരിയൊക്കെ ഒന്ന് ഒരുങ്ങിക്കഴിഞ്ഞിട്ടു വേണമായിരുന്നു. ആ സാധനങ്ങളുടെ മദ്ധ്യത്തിൽ ഹെർമാൻ ശാന്തനായി കൂട്ടിലടച്ച ഒരു പച്ചക്കിളിയെ പിടിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ ശാരിക, ലീമായിലെ ഒരു മാന്യസുഹൃത്ത് ഞങ്ങളുടെ യാത്രാവേളയിൽ പാരിതോഷികമായി സമ്മാനിച്ചതായിരുന്നു. “ഈ തത്തയെ ഒരു മിനിട്ട് ഒന്നു നോക്കിക്കൊള്ളൂ. ഞാൻ കരയിൽ ചെന്ന് അവസാനമായി ഒരു ഗ്ലാസ്സ് ബീയർ കുടിച്ചു വരട്ടെ. യന്ത്രക്കപ്പൽ അധികനേരം ഇവിടെ കാത്തു കിടക്കുകയില്ല.” എന്ന് ഹെർമാൻ പറഞ്ഞു.

ഹെർമാൻ കരയ്ക്കു് ആൾക്കൂട്ടത്തിൽ മറഞ്ഞില്ല. അതിനു മുൻപുതന്നെ ജനങ്ങൾ കരയ്ക്കു നിന്നുകൊണ്ടു് കൈചൂണ്ടാനും വീശാനും തുടങ്ങി. ഞങ്ങളുടെ ചങ്ങാടം കിടക്കുന്ന ഭാഗത്തേയ്ക്കു് "ഗാർഡിയൻറിയോസ്" അതിവേഗത്തിൽ വന്നു. കാററിൽ പാകൾ പറത്തിക്കൊണ്ടു് വളരെ ബോട്ടുകൾ ആ തുറമുഖത്തു കിടപ്പുണ്ടായിരുന്നു. അതുകൊണ്ടു് കോൺടിക്കിയുടെ അടുത്തു് ആ യന്ത്രക്കപ്പലിനു് വന്നെത്താൻ കഴിഞ്ഞില്ല. മറെറാരു ഭാഗത്തു മാറി നങ്കൂരമുറപ്പിച്ചിട്ടു് മററു ബോട്ടുകളുടെ ഇടയിൽനിന്നും ഞങ്ങളുടെ ചങ്ങാടത്തെ വലിച്ചുമാററാൻ ഒരു മോട്ടോർബോട്ടിങ്ങോട്ടയച്ചു. അതു നിറയെ നാവികജോലിക്കാരും ഉദ്യോഗസ്ഥന്മാരും സിനിമാഫോട്ടോഗ്രാഫറന്മാരും ആയിരുന്നു. ഒരു ബലമുള്ള കയർ ചങ്ങാടത്തിൻെറ മുഖത്തലപ്പിൽ ബന്ധിച്ചു. ഉടൻതന്നെ ബോട്ടിൽനിന്നും ഉത്തരവുകൾ പുറപ്പെട്ടു; ക്യാമറാകൾ പ്രവത്തനമാരംഭിച്ചു. "സമയമായില്ല" എന്നു ഞാൻ ഇരുന്നിടത്തുനിന്നുതന്നെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. "വളരെ നേരത്തേയാണു്. വന്നുചേർന്നിട്ടില്ലാത്ത നാവികരെ കാത്തിരിക്കേണ്ടതാവശ്യമാണു്." എന്നു വിവരിച്ചു വ്യക്തമാക്കിക്കൊണ്ടു് ഞാൻ നഗരാഭിമുഖമായി കൈ ചൂണ്ടിക്കാട്ടി.

എന്നാലതാർക്കുംതന്നെ മനസ്സിലായില്ല. നാവികോദ്യോഗസ്ഥന്മാർ സവിനയം പുഞ്ചിരിതൂകുകമാത്രം ചെയ്തു. ചങ്ങാടത്തിൻെറ മുഖത്തലപ്പിലെ കെട്ടു് വളരെ ഭംഗിയായും ദൃഢമായും മുറുക്കി. ആശയാവിഷ്കരണത്തിനുവേണ്ടി എല്ലാവിധത്തിലുമുള്ള ആംഗ്യങ്ങളും പ്ര

യോഗിച്ചു് ഞാനാകയറഴിച്ചു് മോട്ടോർ ബോട്ടിലേ യ്ക്കെറിഞ്ഞുകൊടുത്തു. കൂട്ടിൽ കിടന്ന ശാരിക ഈ സ ന്ദർഭം വേണ്ടപോലെ പ്രയോജനപ്പെടുത്തി. കൊക്ക വെ ളിയിലേയ്ക്ക നീട്ടി ബന്ധിച്ചിരുന്ന വാതലിൻെറ പിടി തിരിച്ചു് അതു വെളിയിൽ വന്നു. ഞാനൊന്നു തിരിഞ്ഞു നോക്കിയപ്പോൾ ചങ്ങാടത്തിലതു സാടോപം നടക്ക കയായിരുന്നു. അതിനെ പിടിക്കാൻ ഞാനൊരു ശ്രമം നടത്തി. പക്ഷെ ഉച്ചത്തിൽ പരുഷമായി സ്പാനിഷ് ഭാഷയിൽ ശബ്ദിച്ചുകൊണ്ടു് അതു പറന്നു് ഏത്തക്കല കളുടെ മുകളിൽ ചെന്നിരുന്നു. ചങ്ങാടത്തിൻെറ തല യ്ക്കൽ ഒരു കയറെറിഞ്ഞു പിടിപ്പിക്കാൻ ശ്രമിച്ച ബോ ട്ടിലെ നാവികന്മാരിൽ ഒരു കണ്ണയച്ചുകൊണ്ടു ഞാൻ ആ തത്തയുടെ പിന്നാലെ അലക്ഷ്യമായി പാഞ്ഞടുത്തു. വീണ്ടും ശബ്ദമുണ്ടാക്കിക്കൊണ്ടതു് ചങ്ങാടത്തിലെ മുള കൊണ്ടു നിമ്മിച്ച കൂടാരത്തിനുള്ളിൽ പറന്നു കയറി. ഒരു മൂലയ്ക്കപ്പെട്ട അതിനെ ഞാനൊരു കാലിൽ പി ടിച്ചെടുത്തു. എനിക്കുപരി പറക്കാൻ ശ്രമിച്ചതു ഫലി ച്ചില്ല. എൻെറ വിജയത്തിൻെറ പാരിതോഷികമായ ആ കിളിയെ ഞാൻ വെളിയിൽ കൊണ്ടുവന്നു് വീണ്ടും കൂട്ടിലടച്ചു. അതിനിടയിൽ കരയിൽ നിന്നിരുന്ന നാ വികന്മാർ ഞങ്ങളുടെ ചങ്ങാടത്തിൻെറ ബന്ധം ഛേ ദിച്ചു കളഞ്ഞു. കരയിലേയ്ക്ക തിളച്ചു മറിഞ്ഞടിച്ച തി രമാലകളുടെ പുറകോട്ടുള്ള പ്രവാഹത്തിൽപ്പെട്ടു് ഞങ്ങ ളുടെ ചങ്ങാടം അങ്ങോട്ടും ഇങ്ങോട്ടും നിസ്സഹായമായി ഉലഞ്ഞാടുവാൻ തുടങ്ങി. അലകൾ ചങ്ങാടത്തെ ശ ക്തിയായി തീരത്തിലേയ്ക്ക തള്ളിയപ്പോൾ ഓളം മുറി

ച്ചു വെയ്ക്കാൻ ഞാൻ നിരാശയോടെ തുഴ കയ്യിലെടു ത്തു. പക്ഷേ അതു പ്രയോജനപ്പെട്ടില്ല. ചങ്ങാടത്തെ ഒന്നാഞ്ഞു വലിച്ചുകൊണ്ടു് മോട്ടോർബോട്ട് മുന്നോട്ടാ ഞ്ഞു. അങ്ങനെ കോൺടിക്കി അതിൻെറ ദീർഘമായ സമുദ്രപര്യടനം ആരംഭിച്ചു. എനിക്കു കൂട്ട് ആ തത്ത മാത്രമായി. അതാണെങ്കിൽ പ്രണയകലഹം നടിച്ചെ ന്നപോലെ നിശ്ശബ്ദമായി അതൃപ്തി കലന്ന ദൃഷ്ടിയോ ടെ കൂട്ടിനകത്തു് ഇരുന്നതേയുള്ളൂ. തീരത്തിലുള്ളവർ കൈകൾ ഉയർത്തി വീശി ശുഭാശംസകൾ പൊഴിച്ചു. സിനിമാ ഫോട്ടോഗ്രാഫർമാർ പെരുവിൽനിന്നുമുള്ള ഞങ്ങളുടെ നാടകീയമായ യാത്രയുടെ വിശദവിവരങ്ങൾ പകർത്തുന്നതിനുവേണ്ടി ജിജ്ഞാസംഭരിതമായ ഹൃദയ ത്തോടുകൂടി മോട്ടോർ ബോട്ടിൽനിന്നും മിക്കവാറും കട ലിൽ ചാടി എന്നുതന്നെ പറയാം. നിരാശയും കോപ വുമെല്ലാമെനിക്കുണ്ടായി. ഏകാകിയായി ചങ്ങാടത്തി ലിരുന്നുകൊണ്ടു് കൂട്ടുകാരാരെങ്കിലും വരുന്നുണ്ടോ എന്നു നോക്കി. ആരെയും കാണ്മാനില്ലായിരുന്നു. അതുകൊ ണ്ടു് ഞങ്ങൾ "ഗാർഡിയൻറിയോസ്" എന്ന യന്ത്രക്കപ്പ ലിൻെറടുത്തേയ്ക്കു ചെന്നു. ആവിയും വായിൽ പറത്തി ക്കൊണ്ടിരുന്ന "ഗാർഡിയൻറിയോസ്" ഏതു നിമിഷ ത്തിലും നങ്കൂരമുയർത്തിപ്പുറപ്പെടാൻ സജ്ജമായി കിടക്കു കയായിരുന്നു. ഒരു നിമിഷംകൊണ്ടു ഞാൻ കയറേ ണിയിൽ പിടിച്ചു കയറി യന്ത്രക്കപ്പലിനകത്തു ചെന്നു് വലിയ ബഹളം ഉണ്ടാക്കി. തത്ഫലമായി യാത്ര തി രിക്കേണ്ട സമയം മാററി. എൻെറ കൂട്ടുകാരെ ചങ്ങാ ടത്തിലേയ്ക്കു കൊണ്ടുവരുവാൻ മോട്ടോർബോട്ട് തീര

ത്തേയ്ക്കു പുറപ്പെട്ടുകയും ചെയ്തു. കുറച്ചുസമയം കഴിഞ്ഞു ബോട്ട് മടങ്ങി വന്നു. മനോഹരമായ സാധനങ്ങൾ അതിൽ നിറച്ചുണ്ടായിരുന്നു. അതൊക്കെ കൊള്ളാമായിരുന്നു. പക്ഷെ എൻെറ പ്രശ്നത്തിനു് പരിഹാരമായില്ലെന്നു മാത്രം. എന്നോടൊത്തു കോൺടിക്കിയിൽ യാത്ര ചെയ്യേണ്ട നാവികരാരും അതിലില്ലായിരുന്നു. ചങ്ങാടം മനോഹര വസ്തുക്കൾകൊണ്ടു നിറഞ്ഞു. വന്നുചേരേണ്ട നാവികന്മാരെ കണ്ടുപിടിച്ചു കൊണ്ടുവരുവാൻ ആ ബോട്ടു വീണ്ടും അന്വേഷണമാരംഭിച്ചു.

അതിനിടയിൽ എറിക്കും ബങ്ഗ്ൻറും മന്ദമന്ദം ഉലാത്തിക്കൊണ്ടു് തീരത്തു വന്നുചേർന്നു. അവരുടെ കൈനിറയെ പുസ്തകങ്ങളും മററും ഉണ്ടായിരുന്നു. വരുന്ന വഴിയിൽ മടങ്ങിപ്പോകുന്ന ആൾക്കൂട്ടം അവർ കണ്ടു. തുറമുഖത്തേയ്ക്കു വരുന്ന വഴിയിൽ ആളുകളെ പരിശോധിക്കുന്ന ഒരു സ്ഥലത്തുവെച്ചു് ഒരു പോലീസുദ്യോഗസ്ഥൻ അവരെ തടഞ്ഞു. തുറമുഖത്തൊന്നും കാണാനില്ലെന്നു് അദ്ദേഹം അവരെ അറിയിച്ചു. തങ്ങളൊന്നും കാണാനല്ല പുറപ്പെട്ടിരിക്കുന്നതെന്നും കോൺടിക്കിയിൽ യാത്രചെയ്യേണ്ടവരാണു് തങ്ങളെന്നും ബങ്ഗ്ൻറ് ചുരുട്ടും പിടിച്ചുകൊണ്ടു് അലക്ഷ്യഭാവത്തിൽ പ്രതിവചിച്ചു. "പ്രയോജനമില്ല. കോൺടിക്കി ഒരുമണിക്കൂർ മുമ്പു് അതിന്റെ പര്യടനം ആരംഭിച്ചുകഴിഞ്ഞു" എന്നായി ആ സമാധാനപാലകൻെറ സമാധാനം. "ഒരിക്കലുമില്ല. ചങ്ങാടത്തിൻെറ ആവശ്യത്തിനുവേണ്ടി വാങ്ങിയ റാന്തൽ ഈ പൊതിയിലിരിക്കുന്നതേയുള്ളൂ" എന്നു് എറിക്ക് തീർത്തുപറഞ്ഞു. "അതാ നില്ക്കുന്നു ക

പ്പിത്താൻ." ഞാനതിലെ അകമ്പടിക്കാരൻ എന്ന് ബങ്ന്റ് തന്റെ സുഹൃത്തിനെ പിന്താങ്ങി. അവരാ ഉദ്യോഗസ്ഥനെ കടന്നുപോയി. തുറമുഖത്തു ചെന്ന പ്പോൾ അവരുടെ പ്രതീക്ഷയ്ക്കെതിരായി കോൺടിക്കി അപ്രത്യക്ഷമായിരുന്നു. അവർ രണ്ടുപേരും അസ്വസ്ഥ രായി അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. ബാ ക്കിയുള്ള നാവികരേയും അവരവിടെ കണ്ടെത്തി. അ വരും കാണാതായ ചങ്ങാടം അക്ഷമയോടെ അന്വേ ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. താമസിയാതെ മോ ട്ടോർബോട്ട് അടുത്തുവരുന്നത് അവരുടെ ദൃഷ്ടിയിൽ പെട്ടു. അതിൽ കയറി അവരെല്ലാവരും ചങ്ങാടത്തിൽ വന്നുചേർന്നു.

അങ്ങനെ ആ നാവികന്മാരെല്ലാം അവരുടെ സാ ഹസിക പര്യടനത്തിനായി ഒന്നിച്ചു സമ്മേളിച്ചു. യ ന്ത്രക്കപ്പൽ അവരുടെ ഉടുപത്തെ പുറംകടലിലേയ്ക്കു വ ലിച്ചുതുടങ്ങി. ചങ്ങാടത്തിനു ചുററും സമുദ്രജലം പത ഞ്ഞുപൊങ്ങിക്കൊണ്ടിരുന്നു.

അവർ യാത്രതിരിച്ചപ്പോൾ സമയം സായാഹ്നമാ യിരുന്നു. നാവികാഗതാഗതം തിരക്കിട്ടുനടക്കുന്ന ആ നൗ കാശയപ്പരിസരം വിട്ടകന്ന് അടുത്ത പ്രഭാതമാകുന്നതു വരെയും തങ്ങളെ യന്ത്രക്കപ്പൽ തള്ളിയിട്ടു പോകുകയി ല്ലെന്നവർക്കറിയാമായിരുന്നു. ഞങ്ങൾ തുറമുഖത്തുനിന്നക ന്ന് മുന്നോട്ടുള്ള ഗതിയിൽ ഏതാണ്ട് സമുദ്രാഭിമുഖ മായിട്ടെത്തി എന്നു പറയാം. കോൺടിക്കിയെ അനുഗ മിച്ച ബോട്ടുകൾ ഓരോന്നായി പിൻവാങ്ങിത്തുടങ്ങി. ശീഘ്രഗാമികളായ ഏതാനും വലിയ ബോട്ടുകൾ പുറം

കടലിലെത്തുമ്പോൾ കഥ എന്തായിരിക്കുമെന്നറിയാൻ അപ്പോഴും ഞങ്ങളോടൊന്നിച്ച് മുന്നോട്ടുതന്നെ വന്നു.

ചങ്ങാടം കോപിച്ച ഒരു പെണ്ണാടിനെപ്പോലെ യന്ത്രക്കപ്പലുമായി ബന്ധിച്ച കയറിനെ ആശ്രയിച്ചുകൊണ്ട് അനുധാവനം ചെയ്തു. ചങ്ങാടത്തിന്റെ മുഖം തിരമാലകളിൽ കുത്തി വെള്ളം അകത്തേയ്ക്കു പാഞ്ഞുകൊണ്ടിരുന്നു. ഇതത്ര ശുഭസൂചകമല്ലായിരുന്നു. ഈ ഭാഗം വളരെ കൂടുതൽ ശാന്തമായിരിക്കുമെന്നായിരുന്നു ഞങ്ങളുടെ മുഴുവൻ പ്രതീക്ഷയും. ഉൾക്കടലിന്റെ മദ്ധ്യഭാഗത്തുവെച്ച് യന്ത്രക്കപ്പലിനോട് ചങ്ങാടത്തെ ബന്ധിച്ചിരുന്ന കയർ പൊട്ടിപ്പോയി. കയറിന്റെ അററം ശാന്തമായി ജലവിതാനത്തിനടിയിലേയ്ക്കു താഴുകയും ചെയ്തു. യന്ത്രക്കപ്പലിലുള്ളവരിക്കാര്യം അറിഞ്ഞതേയില്ല. അതു മുന്നോട്ടുള്ള ഗതി തുടർന്നുകൊണ്ടേയിരുന്നു. ഞങ്ങൾ ചങ്ങാടത്തിന്റെ അററത്തു പററികിടന്നുകൊണ്ട് കയറിന്റെ അററം പിടിച്ചെടുക്കാൻ ശ്രമിച്ചു. ടഗ്ഗിനെ തടഞ്ഞു നിർത്തുവാൻ കൂടെയുണ്ടായിരുന്ന ബോട്ടുകൾ മുന്നോട്ടു കുതിച്ചു. വൃത്താകൃതിയോടുകൂടിയ കാഞ്ഞിപ്പോത്തുകൾ ചങ്ങാടത്തിന്റെ അടുക്കൽ തിരമാലകളിൽ തുള്ളിക്കളിച്ചുകൊണ്ടിരുന്നു. അവയുടെ പുറത്തുള്ള ചൊറിയുന്ന വഴുവഴുപ്പു ജലം ചങ്ങാടത്തെ ബന്ധിച്ചിരുന്ന കയറുകളിൽ പൊതിഞ്ഞു. ചങ്ങാടം പെട്ടെന്ന് ഒന്നുരുണ്ട് ഒരുവശത്തേയ്ക്കു ചരിഞ്ഞു. ഞങ്ങൾ കൈകൾ ജലപ്പരപ്പിനു മുകളിലിട്ടടിക്കുവാൻ തുടങ്ങി. വഴുവഴുപ്പുള്ള കയറിൽ ഞങ്ങളുടെ വിരലുകൾ ചെന്നു മുട്ടി. പെട്ടെന്നുതന്നെ ഞങ്ങളുടെ ഉടുപ്പം

തിരിഞ്ഞൊന്നുരുണ്ടു. ഞങ്ങളുടെ ശിരസ്സ് വെള്ളത്തിൽ മുങ്ങി. ഉപ്പുവെള്ളവും കാഞ്ഞിപ്പോത്തുകളും ധാരാളമായി ഞങ്ങളുടെ പുറത്തു വർഷിക്കപ്പെട്ടു. വായിൽ പകന്ന ഉപ്പുവെള്ളം ഞങ്ങൾ തുപ്പിക്കളഞ്ഞു. പ്രാകിക്കൊണ്ടു് തലമുടിയിൽ പററിപ്പിടിച്ച കാഞ്ഞിപ്പോത്തുകളുടെ നേരിയ ഊന്നുകൾ വലിച്ചുരിക്കളകയും ചെയ്തു. യന്ത്രക്കപ്പൽ തിരിച്ചു വന്നപ്പോൾ മുങ്ങിപ്പോയ കയറെടുത്തു പിരിച്ചുകുത്താൻ പാകമാക്കിയിരുന്നു. കയറിൻെറ അററം യന്ത്രക്കപ്പലിലേയ്ക്കു് എറിയാൻ ഭാവിച്ചപ്പോൾ തിരയടിയേററ ചങ്ങാടം കപ്പലിൻെറ ഉയന്ന പിൻഭാഗത്തേയ്ക്കാഞ്ഞടുത്തു. മുമ്പോട്ടു് അലകളുടെ സമ്മർദ്ദം ശക്തിയായിത്തീൎന്നതുകണ്ടു് കപ്പലിൽ ചങ്ങാടമടിച്ചു് ഞങ്ങൾ ഞെരിഞ്ഞുപോയേക്കുമെന്നു വല്ലാതെ ഭയപ്പെട്ടു. കയ്യിലുള്ളതെല്ലാം കളഞ്ഞിട്ടു് മുളംകഴകളും തുഴകളും കൊണ്ടു് ചങ്ങാടത്തെ കപ്പലിൽനിന്നും തള്ളിമാററാൻ ഞങ്ങൾ കിണഞ്ഞു ശ്രമിച്ചുനോക്കി. എന്നാലെന്തുചെയ്യാം. അല്പം താമസിച്ചുപോയി. പ്രതീക്ഷിച്ചിരുന്നതുപോലെ ശരിക്കിടി ഞങ്ങൾക്കു് ഏൽക്കേണ്ടി വന്നില്ല. ഞങ്ങൾ ഓളപ്പാത്തിയിൽ പെട്ടുപോയതുകൊണ്ടു് യന്ത്രക്കപ്പലിൻെറ ഉയന്ന പിൻഭാഗത്തിലെ ഇരുമ്പുശലാകയിൽ ഞങ്ങൾ ചെന്നു മുട്ടുകയുണ്ടായില്ല. അങ്ങനെ പ്രതീക്ഷയ്ക്കു വിപരീതമായ ആനുകൂല്യം ഞങ്ങൾക്കപ്പോൾ ലഭിച്ചു. തിരമാലകൾ വീണ്ടുമുയൎന്നപ്പോൾ യന്ത്രക്കപ്പലിൻെറ പിൻഭാഗം കൂടുതൽ കീഴ്പ്പോട്ടിരുന്നു. ജലപ്രവാഹം ഞങ്ങളെ അങ്ങോട്ടു പിടിച്ചുവലിച്ചിരുന്നെങ്കിൽ തീൎച്ചയായുമത്തു ഞങ്ങളെ കശ

ടിക്കളെയുമായിരുന്നു. യന്ത്രക്കപ്പലിൻെറ മുകൾത്തട്ടി ലാളുകൾ അങ്ങോട്ടുമിങ്ങോട്ടും വേഗത്തിൽ നീങ്ങുകയും ഉച്ചത്തിലെന്തൊക്കെയോ പറയുകയും ചെയ്തുകൊണ്ടിരു ന്നു. ഒടുവിൽ കപ്പലിൻെറ പ്രോപ്പല്ലർ ഞങ്ങളുടെ നേ ക്കു തിരിയുവാനാരംഭിച്ചു. ടഗ്ഗിൻെറ പിന്നിലെ ഉൾവ ലിവിൽനിന്നും അങ്ങനെ ഞങ്ങൾക്കവസാനനിമിഷ ത്തിൽ അഭയം ലഭിച്ചു. ചങ്ങാടത്തിൻെറ തലയ്ക്കു ചി ല്ലറ പ്രഹരമേല്ക്കേണ്ടിവന്നു. അതല്പം വളഞ്ഞെങ്കിലും വളരെത്താമസിയാതെ പൂർവ്വാവസ്ഥയെ പ്രാപിച്ചു.

"ഏതൊരു ദുഃഖത്തിൻേറയും മുന്നോടിയാണു സു ഖം. ചങ്ങാടത്തെ കെട്ടിവലിക്കുന്നതൊന്നവസാനിച്ചി രുന്നെങ്കിൽ! ഇതു നമ്മുടെ പള്ളിയോടത്തെ തവിട്ടു പൊടിയാക്കുമെന്നു തോന്നുന്നു." കുറച്ചുസമയത്തെ തി ക്തകാനുഭവങ്ങൾക്കുശേഷം ഹെർമാൻ അങ്ങനെ മൗനം ഭഞ്ജിച്ചു. രാത്രിമുഴവൻ യന്ത്രക്കപ്പൽ ചങ്ങാടത്തെ മ ന്ദം വലിച്ചുകൊണ്ടിരുന്നു. ഒന്നുരണ്ടു സന്ദർഭങ്ങൾ അ ല്പം അസുഖകരങ്ങളായിട്ടുണ്ടാകാതിരുന്നുമില്ല. ഞങ്ങളെ പിന്തുടർന്ന ബോട്ടുകൾ യാത്രപറഞ്ഞതിനകം മടങ്ങി പ്പോയിരുന്നു. തുറമുഖത്തു കത്തിജ്വലിച്ചുകൊണ്ടിരുന്ന അവസാനദീപനാളവും ഞങ്ങളുടെ പിന്നിൽ അപ്രത്യ ക്ഷമായി. നിശിതമായ അന്ധകാരപ്പടർപ്പിലൂടെ ഒന്നു രണ്ടു കപ്പലുകൾ ദീപശിഖയേന്തി ഞങ്ങളെ കടന്നു പോയി. ചങ്ങാടത്തെ ടഗ്ഗുമായി ബന്ധിച്ചുനിർത്തിയ കയർ സൂക്ഷിച്ചുകൊള്ളുവാൻ ഓരോരുത്തരും ക്രമം വെച്ചു് രാത്രിമുഴവൻ ഉറക്കമിളച്ചു. അങ്ങനെ എല്ലാ വർക്കുംതന്നെ നിദ്രാദേവിയുടെ ആശ്ലേഷം രാത്രിയിൽ

ള്ളറെക്കുറെ നേടുവാൻ കഴിഞ്ഞു. അടുത്ത പുലരിപ്പു ഞ്ചിരിയിൽ പെറുവിയൻ തീരപ്രദേശം ഗാഢമായ മൂടൽമഞ്ഞിൽ പൊതിഞ്ഞുനിന്നു. പടിഞ്ഞാറു് സുന്ദരമായ നീലാകാശവിരിപ്പു് ഞങ്ങൾക്കു ദൃഷ്ടിഗോചരമായി. വെൺതലപ്പാവേന്തിയ തിരമാലകൾ മുറിയാതെ ഉയർന്നുകൊണ്ടിരുന്നു. തടികളും ഞങ്ങളുടെ തുണികളുമെല്ലാം ഹിമകണങ്ങൾകൊണ്ടു് നനഞ്ഞു കുതിർന്നിരുന്നു. മരംകോച്ചുന്ന തണുപ്പുണ്ടായിരുന്നു. തെക്കു് 12 ഡിഗ്രിവരെ ഞങ്ങളെ ചുററിക്കിടന്നിരുന്നതു് അതിശീതളമായി പച്ചനിറം കലർന്ന ജലം. ഇതാണു് ഹംബോൾട്ടു് ശീതജലപ്രവാഹം. ഈ പ്രവാഹം അന്റാർട്ടിക്കാ സമുദ്രത്തിൽനിന്നും ശീതജലം വഹിച്ചു് പെറുവിൻെറ വടക്കേ തീരത്തിലൂടെ ഒഴുകി മദ്ധ്യരേഖയ്ക്കു് അല്പം താഴെവച്ചു് ശാന്തസമുദ്രത്തിലൂടെ പശ്ചിമാഭിമുഖമായി പോകുന്നു. ഇവിടെവെച്ചാണു് പിസ്സാറോ, സാരതേ തുടങ്ങിയ സ്പാനിഷ് നാവികന്മാർ ആദ്യമായി ഇങ്കാ ഇൻഡ്യാക്കാരുടെ വലിയ പായ്ച്ചങ്ങാടങ്ങൾ കണ്ടുമുട്ടിയതു്. അവരുടെ ഓടങ്ങളാണു് അമ്പതും അറുപതും മൈൽ ഹംബോൾട്ടു് പ്രവാഹത്തിലൂടെ സഞ്ചരിച്ചു് പെറുതരം മകരമത്സ്യങ്ങളേയും തിമിംഗലങ്ങളേയും പിടിക്കുവാൻ ഉപയോഗിച്ചിരുന്നതു്. പകൽ മുഴുവനും കരക്കാററു് കടലിലേയ്ക്കടിച്ചുകൊണ്ടിരുന്നു. എന്നാൽ സന്ധ്യയോടുകൂടി കടൽക്കാററു് കരയിലേയ്ക്കടിക്കാൻ തുടങ്ങി. മടങ്ങിപ്പോകണമെന്നുണ്ടെങ്കിൽ ഈ കാററു് അവർക്കു് സഹായകരമായിരുന്നു. ടഗ്ഗ് ചങ്ങാടത്തിനു വളരെ അടുത്തായിരുന്നതിനാൽ അവ രണ്ടും തമ്മിൽ

കൂട്ടിമുട്ടാതിരിക്കാൻ ഞങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. കാററു നിറച്ച ചെറിയ റബ്ബർബോട്ടു് ഞങ്ങൾ കടലിലിറക്കി. അതു് ഒരു ഫുട്ട്ബാൾപോലെ വെള്ളത്തിനു മീതെ പൊങ്ങിക്കിടന്നു. എറിക്കിനേയും ബങ്ങ്ൻറിനേയും എന്നേയും വഹിച്ചുകൊണ്ടു് അതു തുള്ളിത്തുള്ളി മുന്നോട്ടു പോയി. യന്ത്രക്കപ്പലിൻെറ കയറേറണിയിൽ പിടിച്ചു് ഞങ്ങളതിനകത്തു കയറി. ഞങ്ങളപ്പോൾ എവിടെയാണെന്നുള്ള വസ്തുത ഞങ്ങളുടെ ചാർട്ടിൽ കപ്പലിലെ നാവികന്മാർ കാണിച്ചുതന്നു. ബങ്ങ്ൻറ് ദ്വിഭാഷിയായി അക്കാര്യത്തിൽ ഞങ്ങളെ സഹായിച്ചു. ഞങ്ങളപ്പോൾ പെറുവിയൻ തീരപ്രദേശത്തുനിന്നും വടക്കുപടിഞ്ഞാറുമാറി അമ്പതു നാഴിക അകന്നിട്ടുണ്ടായിരുന്നു. തുറമുഖത്തേയ്ക്കു പോകുന്ന കപ്പലുകൾ വന്നു് ചങ്ങാടത്തിൽ മുട്ടാതിരിക്കുവാൻ അടുത്ത ഏതാനും രാത്രികൾകൂടി ഞങ്ങൾക്കു് വിളക്കുപയോഗിക്കേണ്ടിവന്നു. അതിനപ്പുറമുള്ള പുറംകടൽവഴി കപ്പൽച്ചാലുകളൊന്നുമില്ലാതിരുന്നതുകൊണ്ടു് ഒരൊററ കപ്പലുപോലും ഞങ്ങൾക്കു ദൃഷ്ടിഗോചരമാകുകയില്ല.

യന്ത്രക്കപ്പലിലെ നാവികസുഹൃത്തുക്കളോടു് ഞങ്ങൾ ഉപചാരപൂർവ്വം വിടവാങ്ങി. റബ്ബർ ബോട്ടുകളിൽ കയറി ഞങ്ങൾ തിരമാലകളിൽ കളിച്ചു് കോൺടിക്കിയിലേയ്ക്കു പോയപ്പോൾ അസാധാരണമായ രീതിയിൽ അവരുടെ ദൃഷ്ടികൾ ഞങ്ങളുടെ നേർക്കു പായിച്ചു. ചങ്ങാടവും യന്ത്രക്കപ്പലും തമ്മിലുള്ള ബന്ധം വേർപെടുത്തി. അങ്ങനെ ഞങ്ങളുടെ കൊച്ചോടം തനിച്ചായി. കപ്പലിലെ നാവികരുടെ രൂപം തിരിച്ചറിയാൻ കഴിയു

ന്നതുവരെ അവർ കമ്പിയഴിക്കരികിൽ നിന്നുകൊണ്ടു് ഹൃദയംഗമമായ ആശംസകളോടെ കൈവീശുന്നതു് ഞങ്ങൾക്കു കാണാമായിരുന്നു. ഞങ്ങളാറുപേരും പെട്ടിപ്പുറത്തു് ആസനമുറപ്പിച്ചുകൊണ്ടു് അങ്ങകലെ മറയുന്നതുവരെ ആ യന്ത്രക്കപ്പലിനെത്തന്നെ വീക്ഷിച്ചുകൊണ്ടിരുന്നു. കപ്പലിൽനിന്നുയർന്ന കറുത്തിരുണ്ട ധൂമപടലം ചക്രവാളത്തിൽ ചെന്നു ലയിക്കുന്നതുവരെയും ഞങ്ങൾ തല തിരിക്കുകയാകട്ടെ, പരസ്പരം നോക്കുകയാകട്ടെ ചെയ്തില്ല.

"വന്ദനം, വന്ദനം" എന്നു് അങ്ങകലെ തീരത്തിനാഭിമുഖമായി നോക്കി ഉച്ചരിച്ചുകൊണ്ടു് "കുട്ടികളെ! നമുക്കിനി യന്ത്രം നടത്തണ"മെന്നു് വിനോദരസത്തിൽ ടോർസ്റ്റീൻ കൂട്ടുകാരോടായി പറഞ്ഞു. ഞങ്ങളൊന്നു ചിരിക്കുകമാത്രം ചെയ്തു. കാററിൻെറ ഗതി ഒന്നു പരിശോധിച്ചുനോക്കി. മിക്കവാറും വായു മന്ദഗതിയിലായിരുന്നു. തെക്കുനിന്നും തെക്കുകിഴക്കോട്ടു മാറി അതടിച്ചുകൊണ്ടിരുന്നു. മുളകൊണ്ടുള്ള പാമരത്തിൽ ചതുരാകൃതിയിലുള്ള കാററുപായു് ഉയർത്തിക്കെട്ടി. കോൺടിക്കി എന്ന മഹാൻെറ മുഖം അതിൽ ആലേഖനംചെയ്തിട്ടുണ്ടായിരുന്നു. കാററുപിടിക്കായ്കനിമിത്തം പായു് അയഞ്ഞു തൂങ്ങിക്കിടന്നതേയുള്ളു. തന്മൂലം കോൺടിക്കിയുടെ മുഖം ചുക്കിച്ചുളിഞ്ഞു് മ്ലാനമായതുപോലെ ഇരുന്നു.

"കിഴവനതേശേഷം ഇഷ്ടമാകുന്നില്ല. യൌവനദശയിൽ പുത്തൻ കാററുകളുമായിപരിചയപ്പെട്ടവനാണു്" എന്നു് കോൺടിക്കിയെ പരാമർശിച്ചു് എറിക്കു് പ

റഞ്ഞു. "നമുക്കു് വഴി തെറവുന്നതായി തോന്നുന്നു". എന്നു പറഞ്ഞുകൊണ്ടു് ഹെർമാൻ ഒരുകഷണം ബാൽസാതടി മുന്നോട്ടെറിഞ്ഞു. കുറേ നിമിഷങ്ങൾതന്നെ കടന്നുപോയി. എന്നിട്ടും ആ തടിക്കഷണം അലസമായും ശാന്തമായും ചങ്ങാടത്തിന്നരികിൽ കിടന്നതേയുള്ളു. പകുതി ദൂരംപോലും അതു ഞങ്ങളോടടുത്തിരുന്നില്ല. "നമുക്കാ പ്രവാഹത്തിലൂടെ മുന്നോട്ടു പോകണം" എന്ന ശുഭപ്രതീക്ഷയോടെ ടോർസ്റ്റീൻ സമാധാനപ്പെടുത്തി. "സായാഹ്നമാരുതനോടൊപ്പം നാം പിന്നോട്ടു പോകുകയില്ലെന്നു് ഞാനാശിക്കുന്നു. കലാവോ തുറമുഖത്തുവെച്ചുണ്ടായ യാത്രയയപ്പു് എന്നെ രസം പിടിപ്പിച്ചു. പക്ഷെ സമുദ്രയാത്ര വിജയപൂർവ്വം പര്യവസാനിപ്പിച്ചു മടങ്ങിയെത്തി അവരുടെയെല്ലാം സ്വാഗതം സ്വീകരിക്കാമെന്നുള്ള വ്യാമോഹമെനിക്കില്ല" എന്നു് ബങ്ങ്ൻറ് പ്രതിവചിച്ചു.

ഈ സമയംകൊണ്ടു് മുമ്പെറിഞ്ഞ തടിക്കഷണം ചങ്ങാടത്തിൻെറ പിന്നിലെത്തിക്കഴിഞ്ഞു. ഞങ്ങളാർത്തുവിളിച്ചു. അവസാന മുഹൂർത്തത്തിൽ ഞങ്ങളുടെ ചങ്ങാടത്തിൽകൊണ്ടു തള്ളിയിരുന്ന സാധനങ്ങളെല്ലാം അടുക്കിക്കെട്ടി യഥാസ്ഥാനങ്ങളിൽ സൂക്ഷിക്കുവാൻ ഞങ്ങളൊരുമ്പെട്ടു. ഒരു തുറന്ന പെട്ടിയുടെ അടിത്തട്ടിൽ ഒരു സ്റ്റൌവെച്ചു് ബങ്ങ്ൻറ് കൊക്കോ തിളപ്പിച്ചു. താമസിയാതെ ചൂടുള്ള കൊക്കോയും കരിക്കിൻവെള്ളവും ബിസ്കറ്റുമെല്ലാംകൊണ്ടു് വിഭവസമൃദ്ധമായ ഒരു സദ്യ കഴിച്ച സുഖം ഞങ്ങൾ നേടി. ഏത്തക്കാ നല്ലവണ്ണം പാകംവരാഞ്ഞതുകൊണ്ടു് അതുപയോഗിക്കാൻ കഴിഞ്ഞില്ല.

"ഒരുകണക്കിനു നമുക്കു സുഖമാണു്" എന്നു് എറിക്ക് മൂളി. അയാൾ ആട്ടിൻതോൽകൊണ്ടുള്ള ട്രൌസറും ഒരു വലിയ തൊപ്പിയും ധരിച്ചിരുന്നു. "ഒരു കാര്യംമാത്രം എനിക്കിഷ്ടപ്പെടുന്നില്ല. നാമിതുപോലെ ഇവിടെ കിടക്കുകയാണെങ്കിൽ തീരത്തേയ്ക്കുള്ള ഓരോ പ്രവാഹത്തിനും നമ്മെക്കൊണ്ടു് പെറുവിലെ പാറക്കെട്ടുകളിൽ അടിക്കുവാൻ സാധിക്കും" എന്നയാൾ തുടൎന്നു. തുഴഞ്ഞു മുന്നോട്ടു പോകാനുള്ള ഏതെങ്കിലും സാദ്ധ്യതയുണ്ടോ എന്നു ഞങ്ങൾ ചിന്തിച്ചുനോക്കി. ഒടുവിൽ അനുകൂലമായ കാററിനുവേണ്ടി കാത്തിരിക്കുവാൻതന്നെ നിശ്ചയിച്ചു.

കാററടിക്കുവാൻ തുടങ്ങി. തെക്കുകിഴക്കുനിന്നുമുള്ള ശാന്തവും അനുസ്യൂതവുമായ കാററു്. പായ് കാററു പിടിച്ചു് കുടവയർ തള്ളിയവനെപ്പോലെ ആയിത്തീൎന്നു. കോൺടിക്കി മുന്നോട്ടേക്കങ്ങിനെ നീങ്ങുവാനാരംഭിച്ചു. 'പടിഞ്ഞാറോട്ടു്' എന്നു ഞങ്ങളാൎത്തുവിളിച്ചു. കാററുപായിലും കയറിലും പിടിച്ചു് ചുക്കാൻ വെള്ളത്തിലേയ്ക്കാമൎത്തി അമരക്കാരൻ തന്റെ ജോലിയിൽ മുഴുകി. കടലാസ്സുചുരുളുകളും ചെറിയ ചെറിയ തടിക്കഷണങ്ങളും മുന്നോട്ടു വെള്ളത്തിലെറിഞ്ഞിട്ടു് വാച്ചുമായി ഞങ്ങൾ പിൻഭാഗത്തു നിലയുറപ്പിച്ചു. പത്തുപതിനെട്ടു മിനിട്ടുകൾ അങ്ങനെ കടന്നുപോയി. കടലാസ്സു ചുരുളുകളും തടിക്കഷണങ്ങളും ചുക്കാനെ കടന്നിട്ടു് ഓളപ്പാത്തിയിൽപെട്ടു. എന്നിട്ടു് ഒരു നൂലിൽ കോൎത്ത മുത്തുമണികൾപോലെ പൊങ്ങുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു. ഞങ്ങളുടെ ചങ്ങാടം മന്ദമന്ദം മുന്നോട്ടു

തന്നെ പോയി. എന്നാൽ ഒരു പന്തയബോട്ടുപോലെ കോൺടിക്കി മിന്നൽവേഗത്തിൽ പാഞ്ഞില്ല. ചങ്ങാടത്തിനു് യാതൊരാവേഗവുമുണ്ടായില്ല. അതിൻെറ പരപ്പും ഭാരവും വഹിച്ചുകൊണ്ടു് അതു സാവധാനംതന്നെ യാത്ര തുടർന്നു. പക്ഷെ ഒരിക്കൽ പുരോഗതി ആരംഭിച്ചുകഴിഞ്ഞപ്പോൾ പിന്നതിനൊരു വാട്ടവുമില്ല. അചഞ്ചലമായ ഊർജ്ജിതത്തോടെ അതു സപൌരുഷം മുന്നോട്ടു കുതിച്ചുകൊണ്ടുതന്നെയിരുന്നു.

ചങ്ങാടത്തിൻെറ ഗതി എങ്ങനെ നിയന്ത്രിക്കാം എന്നുള്ളതുമാത്രമായിരുന്നു ആ സന്ദർഭത്തിൽ ഞങ്ങളെ അലട്ടിയ മഹാപ്രശ്നം. പ്രാചീന സ്പാനിഷ് നാവികരുടെ വിവരണമനുസരിച്ചുള്ള മാതൃകയിൽ നിർമ്മിച്ചതായിരുന്നു ഞങ്ങളുടെ കോൺടിക്കി. പെറുവിയന്മാരുടെ ചങ്ങാടങ്ങളിൽ കയറി യാത്രചെയ്യാൻതക്ക വിദഗ്ദ്ധപരിശീലനം നൽകാൻ അക്കാലത്താരുമുണ്ടായിരുന്നില്ല. പുറപ്പെടുന്നതിനു മുമ്പു് വിദഗ്ദ്ധന്മാരൊന്നിച്ചു് ഈ പ്രശ്നം നല്ലവണ്ണം ചർച്ച ചെയ്യപ്പെട്ടതാണു്. പക്ഷെ ഒരു വിശേഷവുമുണ്ടായില്ല. അക്കാര്യത്തിലവരും ഞങ്ങളെപ്പോലെതന്നെ അജ്ഞരായിരുന്നു. തെക്കുകിഴക്കൻ കാററിനു ശക്തികൂടി പിന്നിൽനിന്നാതടിക്കാൻ തുടങ്ങിയപ്പോൾ പായ് കാററുപിടിക്കത്തക്കവണ്ണം ചങ്ങാടത്തെ നിയന്ത്രിക്കേണ്ടതൊരാവശ്യമായിത്തീർന്നു. ചങ്ങാടംകാററിന്റെ ഗതിയനുസരിച്ചു് കൂടുതൽ തിരിഞ്ഞിരുന്നാൽ കാററുപായ് തിരിഞ്ഞു് സാധനങ്ങളിലും കുടിലിലും ആ നാവികന്മാരിലും വന്നടിക്കുമായിരുന്നു. ചങ്ങാടം തന്നെ തിരിഞ്ഞു് കാററിൻെറ ഗതിക്കു പോകുകയും

ചെയ്യുമായിരുന്നു. അമരക്കാരൻെറ ജോലി ഏററവും വൈഷമ്യംപിടിച്ചതെന്നു പറയേണ്ടതില്ലല്ലോ. മൂന്നു പേർ കാററുപായിലും ബാക്കി മൂന്നുപേർ പങ്കായത്തിലും പിടിച്ചു് അശ്രാന്തപരിശ്രമംചെയ്തു. അങ്ങനെ വളരെ ക്ലേശംസഹിച്ചാണു് കാററിൻെറ നേരെയുള്ള ഗതിയിൽനിന്നും ചങ്ങാടത്തിൻെറ മുൻഭാഗത്തെ തിരിച്ചുകൊണ്ടുവന്നതു്. ചങ്ങാടം പൂർവ്വസ്ഥിതിയിലായപ്പോൾ അടുത്ത നിമിഷത്തിൽ അതേയപകടം ആവർത്തിക്കാതിരിക്കുവാൻ അമരക്കാർ നല്ലവണ്ണം ശ്രദ്ധിക്കേണ്ടിയിരുന്നു.

രണ്ടു തടിക്കഷണങ്ങളുടെ മദ്ധ്യത്തിൽ തടിയാണികൊണ്ടാണു് 19 അടി നീളമുള്ള പങ്കായം പിന്നിലുറപ്പിച്ചിരുന്നതു്. ഇക്വഡോറിൽനിന്നും തടി വെട്ടി പലൻകേ നദിയിലൂടെ കൊണ്ടുവന്നപ്പോൾ തന്നാട്ടുകാർ ഉപയോഗിച്ച അതേ പങ്കായംതന്നെയായിരുന്നു അതു്. കണ്ടൽ തടികൊണ്ടുള്ള പങ്കായത്തിൻെറ കഴ ഉരുക്കുപോലെ ബലമുള്ളതായിരുന്നു എങ്കിലും വെള്ളത്തിൽ വീണാൽ ഭാരംകൊണ്ടു മുങ്ങിപ്പോകുമായിരുന്നു. ആ കഴയുടെ അററത്തു് ഫർ തടികൊണ്ടുള്ള പത്തി കയറുകൊണ്ടു ബന്ധിച്ചാണു് ഞങ്ങൾ പങ്കായമായിട്ടുപയോഗിച്ചിരുന്നതു്. പുറകിൽനിന്നും അലകളടിച്ചാർത്തുവരുമ്പോൾ പങ്കായത്തെ അതിൻെറ സ്ഥാനത്തുതന്നെ നിർത്താൻ ഞങ്ങൾക്കു് മുഴുവൻ ശക്തിയും കഴിവും പ്രയോഗിക്കേണ്ടിവന്നു. ചുക്കാൻപത്തി നേരേ വെള്ളത്തിൽ നിൽക്കത്തക്കവണ്ണം പങ്കായത്തെ തിരിക്കേണ്ടിയിരുന്നു. സമ്മർദ്ദം നല്ലവണ്ണം ചെലുത്തി

പങ്കായം പിടിക്കേണ്ടിവന്നതിനാൽ വിരലുകൾ പരിപൂർണ്ണമായും തളർന്ന് അശക്തമായിത്തീർന്നു. പങ്കായത്തിന്റെ പിടിയിൽ വിലങ്ങനെ ഒരു തടിക്കഷണം കെട്ടി ആ പ്രശ്നം ഞങ്ങൾ പരിഹരിച്ചു. ഇതിനിടയിൽ കാററിന്റെ ശക്തി കൂടാൻതുടങ്ങി.

സായാഹ്നവേളയിൽ വാണിജ്യവാതം അതിന്റെ പരിപൂർണ്ണ പ്രാഭവത്തോടുകൂടിത്തന്നെ ആരംഭിച്ചുകഴിഞ്ഞിരുന്നു. തന്മൂലം ഉയർന്നലറുന്ന അലകൾ പതഞ്ഞുപൊങ്ങി ചുരുണ്ടുമറിഞ്ഞ് ഞങ്ങളെ തഴുകിക്കടന്നുപൊയ്ക്കൊണ്ടിരുന്നു. ശാന്തസമുദ്രം അതിന്റെ തനിരൂപത്തിൽ അഭിമുഖം പ്രത്യക്ഷപ്പെട്ടതായി അവരാദ്യമായി അറിഞ്ഞു. കടലിന്റെ പ്രക്ഷുബ്ധാവസ്ഥയിൽ ഞങ്ങളുടെ വാർത്താവിതരണോപാധികൾ നിഷ്പ്രഭങ്ങളായി. ഉപ്പുവെള്ളക്കിടങ്ങിനോടു പിടിച്ചുനില്ക്കുവാനുള്ള ഞങ്ങളുടെ ചങ്ങാടത്തിന്റെ കഴിവിനെ ആശ്രയിച്ചാണ് ലക്ഷ്യത്തിന്റെ ശുഭാപ്തി നിന്നിരുന്നത്. തീരത്തിലേയ്ക്കടിക്കുന്ന കാറേറാ മടങ്ങിപ്പോകാനുള്ള സാദ്ധ്യതയോ ഏനിയും ലഭിക്കുകയില്ലെന്ന് ഞങ്ങൾക്കറിയാമായിരുന്നു. ഞങ്ങൾ യഥാർത്ഥ വാണിജ്യവാതത്തിന്റെ പാതയിൽ പെട്ടുകഴിഞ്ഞു. ഓരോ ദിവസവും ഞങ്ങൾ കൂടുതൽ കൂടുതൽ പുറംകടലിലേയ്ക്കു നീങ്ങി. ആവുന്നത്ര വേഗത്തിൽ മുന്നോട്ടു പോകുകയെന്നുള്ളതുമാത്രമായിരുന്നു ഞങ്ങൾക്കു കരണീയവും ശരണീയവുമായിട്ടുള്ളത്. മടങ്ങാൻ ശ്രമിച്ചാൽ പുറംതിരിഞ്ഞ് പുറംകടലിലേയ്ക്കുതന്നെ നീങ്ങുകയായിരിക്കും ഫലം. സൂര്യാസ്തമയം നോക്കി പടിഞ്ഞാറോട്ടു പോകുകയല്ലാതെ മറെറാരു ഗതി

യുമില്ലായിരുന്നു. ഞങ്ങളുടെ സമുദ്രയാത്രയുടെ വിജയത്തിന് സൂര്യനെ പിന്തുടരേണ്ടതനപേക്ഷണീയവുമായിരുന്നു. പെറുവിൽനിന്നും തുരത്തപ്പെട്ട സൂര്യാരാധകന്മാരും ഇതുതന്നെ ചെയ്തിരിക്കുമെന്ന് ഞങ്ങൾ വിശ്വസിച്ചു. ആശ്വാസപൂർവ്വം ഞങ്ങളുടെ ചങ്ങാടം ഭയാനകമായ തിരമാലകളിലാദ്യം ഉയർന്നതു് ഞങ്ങൾ ഓർമ്മിച്ചു. അലറിയടിക്കുന്ന തിരമാലകളുടെ പ്രഹരമേററ് പങ്കായം ഇളകുകയോ ഒരുവശത്തേയ്ക്കു മാറുകയോ ചെയ്യുമ്പോൾ ഒരു ബന്ധിപ്പുകാരനെപ്പോലെ നിസ്സഹായനായി നില്ക്കാനല്ലാതെ പങ്കായത്തെ നിയന്ത്രിക്കാൻ അമരക്കാരനു കഴിഞ്ഞില്ല. അതിനാൽ ചുക്കാൻ പത്തിയിൽനിന്നും ചങ്ങാടത്തിൻെറ ഇരുവശങ്ങളിലേയ്ക്കും കയറുകെട്ടി കെട്ടിയുറപ്പിച്ചു. അങ്ങനെ പങ്കായത്തെ സ്വസ്ഥാനത്തുനിന്നുമിളകാതെ ഉറപ്പിക്കാൻ ഞങ്ങൾക്കു സാധിച്ചു. ഒരു പരിമിതപരിവേഷത്തിൽമാത്രം തിരിയാൻ കഴിഞ്ഞ പങ്കായം അലയടിയേററിട്ടും സ്ഥാനഭ്രംശം വരാതെ പിടിച്ചുനിന്നു. ഞങ്ങൾക്കുറച്ചു നിൽക്കാൻ കഴിഞ്ഞിരുന്നെങ്കിലെന്നായി ഞങ്ങളുടെ ഉത്കണ്ഠ.

സമുദ്രത്തെപ്പററി കൂടുതൽ ചിന്തിക്കാൻ തുടങ്ങിയപ്പോൾ ഞങ്ങൾ ഹംബോൾട്ട് പ്രവാഹത്തിൽത്തന്നെയാണെന്നു മനസ്സിലാക്കി. തിരമാല ഒരു പ്രവാഹശക്തികൊണ്ടല്ലാതെ കാററുകൊണ്ടുയർത്തപ്പെട്ടതല്ലെന്നു ഞങ്ങൾക്കു സ്പഷ്ടമായി. ഞങ്ങൾക്കു ചുററുമുള്ള ജലം അത്യന്തം ശീതളവും പച്ചനിറംകലർന്നതും ആയിരുന്നു. പിന്നിലിരുണ്ടുനില്ക്കുന്ന തീരപ്രദേശങ്ങളിൽ പെറുവി

ലെ തുണ്ടുതുണ്ടുകളായ മലകൾ അപ്രത്യക്ഷമായി. സമുദ്രം കൂരിരുട്ടാകുന്ന കരിമ്പടത്തിൽ പൊതിഞ്ഞുനിന്നപ്പോൾ ഞങ്ങൾ പ്രകൃതിശക്തികളോടു മല്ലിടുവാനാരംഭിച്ചു. സമുദ്രത്തിൻെറ സ്വഭാവത്തെപ്പററി ഞങ്ങൾക്കത്രയുമായിട്ടും ഒന്നുമറിയാൻ കഴിഞ്ഞില്ല. അടുത്ത നിമിഷത്തിൽ സമുദ്രത്തിൻെറ പെരുമാററം ഏതു രൂപത്തിലായിരിക്കും. അനുകൂലമോ പ്രതികൂലമോ എന്നു വ്യവച്ഛേദിച്ചറിയുവാൻ ഞങ്ങൾ കേവലം അസമർത്ഥരായിരുന്നു. ദിക്കുകൾ അന്ധകാരാവൃതമായപ്പോൾ ഊക്കൻതിരമാലകളുടെ ചീററൽ സമുദ്രത്തിൻെറ സ്വാഭാവികമായ ഇരമ്പലിനേയും നിസ്സാരമാക്കി. പതഞ്ഞുപൊങ്ങി വെൺമകുടം ചാർത്തിയ തിരമാലകൾ കുടിലിൻെറത്ര ഉയരത്തിൽ ഞങ്ങളെ ഗ്രസിക്കുവാൻ അടുത്തുകൊണ്ടിരുന്നു. വെള്ളച്ചാർത്തു് ഊക്കോടെ പതിക്കുന്നതു് അസഹിഷ്ണുതയോടും ഉത്കണ്ഠയോടുംകൂടി ഞങ്ങൾ ദർശിച്ചു. പതറിത്തെറിച്ചുപോകാതെ ദൃഢമായി പിടിച്ചുനില്ക്കുകയും ചെയ്തിരുന്നു. ഓരോ തിരയടിയിലും അതേ അത്ഭുതവും ആശ്വാസവും ഞങ്ങൾക്കുണ്ടായി. “കോൺടിക്കി” ഒരരയന്നപ്പിടയെന്നപോലെ പിൻഭാഗം കലുക്കി പ്രശാന്തമായും അക്ഷോഭ്യമായും തിരമാലകൾക്കുപരി ഉയർന്നു! വീണ്ടും ഞങ്ങൾ ഓളപ്പാത്തിയിൽ പതിച്ചു. അടുത്ത അലയെ പ്രതീക്ഷിക്കാനും തുടങ്ങി. മലകൾപോലെയുള്ള അലകൾ ഒന്നിനു പുറകെ ഒന്നായി രണ്ടുമൂന്നെണ്ണംവരെ ഉയർന്നു വന്നുകൊണ്ടിരുന്നു. ഇവയ്ക്കിടയിൽ അനേകം കൊച്ചോളങ്ങളും ഇളകിക്കൊണ്ടിരുന്നു. ഒന്നിനെത്തുടർന്നു് രണ്ടു

ലകൾ ഒന്നിച്ചുവന്നാൽ മുമ്പേ പോകുന്ന അലയിൽ മുൻഭാഗം ഉയരുകയും രണ്ടാമത്തെ അല ചങ്ങാടത്തിന്റെ പിന്നിലൂടെ അകത്തേയ്ക്കടിച്ചുകേറുകയും ചെയ്യും. അ മരക്കാരൻ ഒഴുകിപ്പോകാതിരിപ്പാൻ അരയിൽ കയറു ബന്ധിക്കണമെന്നുള്ളതു് ആ യാത്രയിൽ ഒരലംഘ്യനിയമമായിത്തന്നെ അവരനുസരിച്ചു. അലകൾക്കു മാറ്റ് വിഘ്നമുണ്ടാക്കാൻ യാതൊരുപാധിയുമില്ലായിരുന്നു. ചങ്ങാടത്തിൻെറ പിൻഭാഗം കാററിലേയ്ക്കു തിരിച്ചു് മുന്നോട്ടു പോകത്തക്കവണ്ണം പങ്കായംപിടിക്കുകയെന്നുള്ളതു് അത്യന്തം ക്ലേശകരമായ ഒരു കൃത്യമായിത്തീർന്നു. ഒരു പെട്ടിയിൽ പഴയ മാതൃകയിലുള്ള ഒരു വടക്കുനോക്കിയന്ത്രം ഘടിപ്പിച്ചു് ചങ്ങാടത്തിൻെറ അമരത്തു വെച്ചിട്ടുണ്ടായിരുന്നു. ചങ്ങാടത്തിൻെറ ഗതി നിയന്ത്രിക്കാനും വേഗതയും അവരുടെ സ്ഥാനവും നിർണ്ണയിക്കാനും തന്മൂലം എളുപ്പം കഴിഞ്ഞു. തല്ക്കാലം ഞങ്ങൾ എവിടെയായിരുന്നുവെന്നു് ഞങ്ങൾക്കറിവില്ലായിരുന്നു. മേഘങ്ങൾ ആകാശദേശത്തെ പാടെ ആവരണം ചെയ്തിരുന്നു. തിളച്ചുപൊങ്ങുന്ന തിരമാലകളുടെ ക്രമാചാരം ചക്രവാളത്തേയും മറച്ചിരുന്നു. ഈരണ്ടുപേർ ഈരണ്ടു മണിക്കൂർ ഇടവിട്ടു് പങ്കായത്തിൻെറ ചുമതലവഹിച്ചു. തിരയടിയിൽപെട്ടുയരുന്ന പങ്കായത്തിൽ സർവ്വശക്തികളും അതോടൊപ്പം അവർക്കു ചെലുത്തേണ്ടിയുമിരുന്നു. ആ സമയം മററുള്ളവർ ചങ്ങാടത്തിലെ കുടിലിൽ അല്പം നിദ്രാസുഖം അനുഭവിക്കുകയും ചെയ്യും.

ഭയങ്കരമായ അലയടിയേല്ക്കുമ്പോൾ അമരക്കാർ പങ്കായം വിട്ടിട്ടു് കുടിലിൻെറ മുകളിലേയ്ക്കു് ഉയർന്നു

നില്ക്കുന്ന മുളയിൽ കടന്നുപിടിച്ചുകൊള്ളും. തിരമാലകൾ അടിച്ചുകയറി തടികളുടെ ഇടയിൽക്കൂടിയോ ഇരുവശങ്ങളിലൂടെയോ ഒലിച്ചുപോകുകയും ചെയ്തുകൊണ്ടിരുന്നു. ചങ്ങാടത്തിന്റെ ഗതി മാറാതിരിക്കാനും പായ് മടങ്ങിയൊടിയാതിരിക്കാനും വേണ്ടി ഉടൻതന്നെ അമരക്കാർ തങ്ങളുടെ പൂർവ്വസ്ഥാനത്തേയ്ക്കു് പാഞ്ഞെത്തുമായിരുന്നു. ചങ്ങാടത്തിന്റെ ചൊവ്വ് ഒരല്പം തെററിയാൽ തിരമാലയടിച്ചുകേറുന്നതു് നേരേ ഞങ്ങളുടെ കുടിലിലായിരിക്കും. പിന്നിൽനിന്നടിച്ചുകേറുന്ന വെള്ളം ചങ്ങാടത്തിൽ ഉന്തിനില്ക്കുന്ന തടികളുടെ വിടവിലൂടെ ഒഴുകിപ്പൊയ്ക്കൊള്ളും. ചില സന്ദർഭങ്ങളിൽ മാത്രമേ അലകൾ ഞങ്ങളുടെ കുടിലിന്റെ അടുക്കൽ വന്നിരുന്നുള്ളൂ. അമരത്തിരിക്കുന്ന വൃത്താകാരമായ തടികളുടെ വിടവിൽക്കൂടി അങ്ങനെ അടിച്ചുകയറുന്ന വെള്ളമെല്ലാം നിമിഷംകൊണ്ടു് വാർന്നൊലിച്ചു പൊയ്ക്കൊണ്ടിരുന്നു. ഒരു ചങ്ങാടത്തിന്റെ ഗുണമിതാണു്. വെള്ളം കൂട്ടത്തലൊലിച്ചുപോകുന്നിടത്തോളം നന്നു്. അങ്ങനെ വെള്ളം ഒരിക്കലും അകത്തേയ്ക്കു കയറിവന്നതേയില്ല.

അർദ്ധരാത്രിയോടടുത്തു് ഉത്തരാഭിമുഖമായി ഒരു കപ്പൽ കടന്നുപോയി. മൂന്നുമണിക്കു് അതേ ദിക്കിലേയ്ക്കുതന്നെ മറെറാരു കപ്പലും പോകുന്നതു ഞങ്ങൾ കണ്ടു. ഞങ്ങൾ എണ്ണവിളക്കെടുത്തു് വീശിനോക്കി. ഇലക്ട്രിക്ക ലൈററിന്റെ പ്രകാശപടലം ചൊരിഞ്ഞു് അവരെ വിളിച്ചു. പക്ഷേ ഫലമൊന്നുമുണ്ടായില്ല. അവർ ഞങ്ങളെ കണ്ടില്ല. അവർ വടക്കോട്ടു നീങ്ങി അന്ധകാരത്തിൽ മറയുന്നതു് കപ്പലിലെ പ്രകാശത്തിലൂടെ ഞങ്ങൾ

കണ്ടു. മറുകരയിലെത്തുന്നതുവരെ ഞങ്ങളവസാനമായി ദർശിച്ച കപ്പലതാണെന്ന് ഞങ്ങളശേഷം ഊഹിച്ചിരുന്നില്ല. അതുപോലെതന്നെ ആളുകളേയും വഹിച്ചുകൊണ്ട് ആ മഹാസമുദ്രത്തിന്റെ വിരിമാറിൽ-ആ അന്ധകാരത്തിൽ ഇങ്കാജനങ്ങളുടെ ഒരു ഉഡുപം തങ്ങൾക്കുട്ടു കിടപ്പുണ്ടായിരുന്നു എന്ന് ആ കപ്പലിലെ നാവികരും അശേഷം അറിഞ്ഞിരിക്കുകയില്ല. ഇരുളിൽ ഞങ്ങളിരണ്ടുപേർ പങ്കായം പിടിച്ചു. വെള്ളം ശിരസ്സിലടിച്ചുകൊണ്ടിരുന്നതറിഞ്ഞിരുന്നു. ഞങ്ങളുടെ ശരീരം മുഴുവൻ വേദനയുണ്ടാക്കുന്നതായിരുന്നു ആ പങ്കായപ്പിടുത്തം. ഞങ്ങളുടെ കൈകൾതന്നെ മരവിച്ചു.

അങ്ങനെ കഴിഞ്ഞ രാപ്പകലുകൾ ഞങ്ങൾക്ക് നല്ല പരിശീലനം നല്കി. അശിക്ഷിതരായ ഞങ്ങൾ ഒന്നാന്തരം നാവികരായി മാറി. ആദ്യത്തെ ദിവസം ഈരണ്ടു മണിക്കൂർ പങ്കായച്ചുമതലയും മുമ്മൂന്നുമണിക്കൂർ നിദ്രയുമായിരുന്നു ഞങ്ങൾക്കോരോരുത്തർക്കും അനുവദിക്കപ്പെട്ടിരുന്നത്. ഓരോ മണിക്കൂറിലും ചെന്ന് അമരത്തുള്ള രണ്ടുപേരിൽ ഒരാളിനെ വിശ്രമത്തിനയയ്ക്കണമെന്ന് ഞങ്ങൾ നിശ്ചയിച്ചു. വിട്ടുതൽ ചെയ്യപ്പെടുന്ന അമരക്കാരൻ തുടർച്ചയായി രണ്ടുമണിക്കൂർ ജോലിചെയ്തിട്ടുണ്ടായിരിക്കും. പങ്കായംപിടിക്കുകനിമിത്തം ശരീരത്തിലെമാംസപേശികളെല്ലാം വല്ലാതെ ഞെരിഞ്ഞുപോയിരുന്നു. ചുക്കാനമർത്തി വേദനിച്ച ഞങ്ങൾ തിരിഞ്ഞിരുന്ന് ചുക്കാൻ പിടിച്ചുനോക്കി. കൈകൾ ദുസ്സഹമായി വേദനിച്ചപ്പോൾ പുറംതിരിഞ്ഞു് പങ്കായം പിടിക്കാൻ തുടങ്ങി. പങ്കായം ഞങ്ങളുടെ അകവും പുറവും ഒന്നുപോ

ലെ തളർത്തിക്കളഞ്ഞു. വിശ്രമാവസരം വരുമ്പോൾ തല പകുതി കറങ്ങി സാവധാനം ശയനമുറിയിലേയ്ക്കു ഞങ്ങൾ പോകുമായിരുന്നു. ഉപ്പുവെള്ളംകൊണ്ടു നനഞ്ഞ വസ്ത്രങ്ങൾ മാറാതെ കാലിൽ കയറു ചുററി അങ്ങു കിടന്നുറങ്ങുകയാണു പതിവു്. റബ്ബർസഞ്ചിയിൽകേറി ഉറങ്ങാൻപോലും കഴിയാത്ത വിധത്തിൽ അത്രയ്ക്കു് ഞങ്ങൾ തളർന്നിരിക്കും. ഞാനങ്ങനെ കിടന്നുറങ്ങി കുറച്ചു കഴിഞ്ഞപ്പോൾ കയറിൽ ഉഗ്രമായ ഒരു വലി അനുഭവപ്പെട്ടു. മൂന്നു മണിക്കൂർ കഴിഞ്ഞിരിക്കുന്നു. അമരത്തുള്ളവരിൽ ഒരാളെ വിശ്രമത്തിനയച്ചു് ആ ജോലി ഏല്ക്കേണ്ട സമയമായി എന്നുള്ള മുന്നറിയിപ്പായിരുന്നു അതു്.

അടുത്ത രാത്രി കൂടുതൽ ദുർഘടംപിടിച്ചതായിരുന്നു. അലകൾ ശക്തിയായിട്ടുയരുവാൻ തുടങ്ങി. രണ്ടു മണിക്കൂർ തുടർച്ചയായുള്ള പങ്കായപ്പിടുത്തം അത്യന്തം ദുഷ്കരമായിത്തോന്നി. ഒരു മണിക്കൂർ അമരത്തു കഴിച്ചുകൂട്ടുന്ന ഒരുവൻ തീരെ അവശനായിത്തീരുന്നതുകൊണ്ടു് അടുത്ത മണിക്കൂറിൽ അയാളെക്കൊണ്ടു വലിയ പ്രയോജനമൊന്നുമില്ല. അലകൾ ഏതാണ്ടു ഞങ്ങളെ പരാജയപ്പെടുത്തി എന്നുതന്നെ പറയാം. അലകളിലിളകുന്ന ചങ്ങാടം വട്ടംചുററുകയും ഊയലാടുകയും ചെയ്തു. തന്നെയുമല്ല, ആ സമയമെല്ലാം വെള്ളം ചങ്ങാടത്തിലടിച്ചു കേറിക്കൊണ്ടുമിരുന്നു. അമരത്തൊരുമണിക്കൂർ ജോലി ചെയ്തുകഴിഞ്ഞാൽ ഒന്നര മണിക്കൂർ വിശ്രമംവേണമെന്നൊരു ഭേദഗതി ഞങ്ങൾ പിന്നീടു സ്വീകരിച്ചു. ഇടവിടാതെ ഒന്നിനു പിറകെ മറെറാന്നായി മലകൾപോലെ

കുതിച്ചുവന്ന ഉഗ്രമായ അലകളോട്ട് നിരന്തരസമരം ചെയ്തു് ആദ്യത്തെ അറുപതു മണിക്കൂറുകൾ ഞങ്ങളൊരുവിധം കഴിച്ചുകൂട്ടി. വട്ടംചുററിയും ചെരിഞ്ഞും ഒന്നിനുമേൽ ഒന്നായും തിരമാലകളുടെ ഒരു കോലാഹലംതന്നെ ഉണ്ടായി. കൂടുതൽ ക്ലേശം സഹിക്കേണ്ടിവന്നതു് നട്ട് ആയിരുന്നു. അമരം ഞങ്ങളേററിട്ട് അയാളെ വിടുതൽചെയ്തു. പകരം കുടിലിനകത്തൊരു മൂലയിലദ്ദേഹത്തിനു് നിശ്ശബ്ദം ഏകാന്തദുഃഖമനുഭവിക്കേണ്ടിവന്നു. കൂട്ടിൽ ശാന്തമായിക്കിടന്ന തത്ത അപ്രതീക്ഷിതമായി ചങ്ങാടം വല്ലാതുലയുമ്പോഴും പിന്നിൽനിന്നലയടിച്ചു കയറുമ്പോഴും ചിറകിട്ടടിച്ചു് അസ്വസ്ഥത പ്രകടമാക്കിയിരുന്നു. എന്നാൽ മറിഞ്ഞുപോകത്തക്കവണ്ണം അലകളതിനെ ഉരുട്ടിയില്ല. അതേ വലിപ്പമുള്ള ഏതൊരു ബോട്ടിനേക്കാളും ഞങ്ങളുടെ ചങ്ങാടത്തിന്റെ ഗതിക്കു് ഒരു സ്ഥിരത ഉണ്ടായിരുന്നു. ഞങ്ങളുടെ ചങ്ങാടം ശാന്തമായിത്തന്നെ അലകളെ നേരിട്ടുകൊണ്ടിരുന്നു. പക്ഷേ അടുത്ത നിമിഷത്തിൽ അതെങ്ങോട്ടു തിരിയുമെന്നും എന്തു സംഭവിക്കുമെന്നും ആർക്കും പ്രവചിക്കുവാൻ സാധിച്ചിരുന്നില്ല. ഉരുളുകയും അതുപോലെതന്നെ ഉയരുകയും തിരിയുകയും ചെയ്തുകൊണ്ടിരുന്ന ചങ്ങാടത്തെ ഇഷ്ടംപോലെ തിരിച്ചുവിടുവാൻ ഞങ്ങൾക്കു കഴിഞ്ഞിരുന്നില്ല.

മൂന്നാംദിവസം രാത്രി അലകളത്ര ഉയർന്നില്ലെങ്കിലും അവയുടെ ശക്തി കുറഞ്ഞു എന്നു പറഞ്ഞുകൂടാ. എന്താണു സംഭവിക്കുന്നതെന്നു പങ്കായക്കാരനു ചിന്തിക്കാനവസരം കിട്ടുന്നതിനു മുമ്പുതന്നെ അപ്രതീക്ഷിത

മായി പതഞ്ഞുപൊങ്ങി വന്ന ശക്തിയായ ഒരല ചങ്ങാടത്തിലടിച്ചു് അതിനെ തിരിച്ചുകളഞ്ഞു. കാററുപായ് കുടിലിലിടിച്ചു് അവ രണ്ടും തകൎന്നു തരിപ്പണമാകുമെന്നുള്ള ഭയാശങ്ക ഞങ്ങൾക്കുണ്ടായി. ചങ്ങാടത്തിന്റെ മുൻവശത്തു് ഞങ്ങളെല്ലാവരും ഒന്നിച്ചു ചെന്നെത്തേണ്ടതാവശ്യമായിത്തീൎന്നു. സാധനങ്ങളെല്ലാം സുരക്ഷിതമാക്കിവെയ്ക്കണം. ചങ്ങാടത്തിന്റെ പഴയ ഗതി തുടരണമെങ്കിൽ കാററുപായ് ശരിക്കു പിടിച്ചുകെട്ടണം. പക്ഷേ പഠിച്ച പണി പതിനെട്ടും പയററിനോക്കിയിട്ടും ചങ്ങാടത്തെ പൂൎവ്വസ്ഥിതിയിലാക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. ചങ്ങാടം പുറംതിരിഞ്ഞുതന്നെ അലകളിലിളകിക്കിടന്നു. ഞങ്ങളുടെ സാഹസകൃത്യങ്ങളെല്ലാം നിഷ്ഫലങ്ങളായിത്തീൎന്നു. അതിനിടയിലടിച്ചുകേറിയ ഒരല ഞങ്ങളെ രണ്ടുപേരെ മുന്നോട്ടുതള്ളിനീക്കി. ദൈവാധീനമെന്നല്ലാതെ എന്തുപറയട്ടെ; കാററുപായവരെ തടഞ്ഞതുകൊണ്ടു് ആ ഇരുട്ടിൽ മററത്യാഹിതം ഒന്നുംതന്നെ ഉണ്ടായില്ല. സമുദ്രം ശാന്തമായ ലക്ഷണം കണ്ടു. ഉള്ളംകയ്യിലെ തൊലിപോയി. ഉറക്കമിളപ്പുകൊണ്ടു് കണ്ണു കറങ്ങിത്തുടങ്ങി. ശരീരമാണെങ്കിൽ തീരെ നിരുന്മേഷവും പ്രവൎത്തനാശക്തവുമായിത്തീൎന്നു. മേലാസകലം വേദനയും.. ആ അവസ്ഥയിൽ അകപ്പാടെ ഞങ്ങൾക്കൊന്നും ചെയ്യാൻ വയ്യാത്തമട്ടായി. കാററും കോളുംകൊണ്ടു് സമുദ്രം പ്രക്ഷുബ്ധമായിത്തീരുകയാണെങ്കിൽ ഞങ്ങളുടെ പ്രയത്നശക്തി ആവശ്യമായിത്തീരും. അതിനാൽ ഉള്ള ശക്തികൂടെ വൃഥാ വ്യയംചെയ്യണ്ടെന്നുതന്നെ ഞങ്ങളവസാനം തീരുമാനിച്ചു. എന്തു സംഭവിക്കുമെന്നു് ആൎക്കെങ്ങനെ

പറയാൻ കഴിയും. അതുകൊണ്ടു് കാററുപായ് ഇറക്കി പാമരത്തിൽ ചുററിക്കെട്ടി. കോൺടിക്കി അലകളിൽ പെരിഞ്ഞുകിടന്നു. ചങ്ങാടത്തിലുള്ളതെല്ലാം ബലമായി കെട്ടിവെച്ചതിനുശേഷം ഞങ്ങളാറുപേരും കുടിലിനുള്ളിൽ പ്രവേശിച്ചു. ഒരു വീപ്പയിൽ ശവങ്ങളടുക്കി വെച്ചതുപോലെ ഞങ്ങളെല്ലാവരും പററിച്ചേർന്നു കിടന്നുറങ്ങി.

ഞങ്ങളുടെ യാത്രയിലെ അത്യന്തം ദുർഘടമായ ഘട്ടം തരണംചെയ്തുകഴിഞ്ഞു എന്നു് ഞങ്ങളശേഷം ഊഹിച്ചുപോലുമില്ല. വളരെ ദൂരം യാത്ര ചെയ്തുകഴിഞ്ഞതിനുശേഷമാണു് ഇങ്കാജനങ്ങൾ അവരുടെ സമുദ്രയാത്രകളിൽ എങ്ങനെ ലഘുതരമായും വിദഗ്ദ്ധമായും പങ്കായം പിടിച്ചു എന്നു് ഞങ്ങൾ മനസ്സിലാക്കിയതു്. ശരീരത്തിനു സുഖംതോന്നുന്നതുവരെ ഞങ്ങൾ ഉറക്കംവിട്ടെണീററില്ല. ആ അവസരത്തിൽ തത്ത കൂട്ടിൽകിടന്നസ്വസ്ഥമായി പറക്കാനും ശബ്ദിക്കാനും തുടങ്ങി. തിരമാലകളപ്പോഴും ഉയർന്നുകൊണ്ടിരുന്നു. പക്ഷേ തലേദിവസത്തെ ഭയാനകത്വം ഇല്ലായിരുന്നു എന്നുമാത്രമല്ല ഒന്നിനുമേലൊന്നായിട്ടടിക്കാതെ ഇടവിട്ടു്, ഇടവിട്ടടിച്ചുകൊണ്ടുമാണിരുന്നതു്. ചുററിനുമുള്ള അലകളെ പ്രകാശിപ്പിച്ചുകൊണ്ടു് ഉദിച്ചുയർന്ന സൂര്യൻ ചങ്ങാടത്തിലേയ്ക്കു് രശ്മികൾ പതിപ്പിക്കുന്നതാണു് ഞങ്ങളുണർന്നാദ്യമായി കണ്ടതു്. അലകളെത്ര പതഞ്ഞുപൊങ്ങിയാലും തരക്കേടില്ല, ഞങ്ങൾക്കതുകൊണ്ടുപദ്രവം തട്ടാതിരുന്നാൽ മതി. മുക്കിനുനേരെ അലകളടിച്ചാലും സാരമില്ല. അലറിയെത്തുന്ന സമുദ്രജലം ചങ്ങാടത്തിൻെറ

വിടവുകളിലൂടെ ചോർന്നുപൊയ്ക്കൊള്ളുമെന്ന് ഞങ്ങൾക്കറിയാമായിരുന്നു. വഞ്ചികളാണെങ്കിൽ അലകളടിച്ചു വെള്ളംനിറയും. അങ്ങനെ ഓളങ്ങളിലൂടെ മുന്നോട്ടു പോകാനവയ്ക്കു കഴിവുണ്ടാകുകയില്ലെന്ന് പൂർവ്വികന്മാരായ പെരുവഴിയൻ ജനങ്ങൾക്കു നല്ലവണ്ണം ഓർമ്മയുണ്ടായിരുന്നു. നേരേമറിച്ച് ഒരു ചങ്ങാടത്തിന്റെ സ്ഥിതി അതല്ലല്ലോ. അതെപ്പോഴും പൊങ്ങിക്കിടന്നുകൊള്ളും.

നട്ടുച്ചയോടുകൂടി എറിക്ക് ഞങ്ങളുടെ ജോലി ഏറെറടുത്തു. ഞങ്ങൾ കുറച്ചു മുന്നോട്ടു പോയതോ പോകട്ടെ, കുറച്ചു വടക്കോട്ടു മാറുകയും ചെയ്തു. എന്നാലപ്പോഴും ഞങ്ങൾ ഹംബോൾട്ട് പ്രവാഹഗതിയിൽതന്നെയായിരുന്നു. ഗലാപ്പഗോസിനു തെക്കുള്ള അപായകരമായ ചുഴലിപ്രവാഹത്തിൽ അകപ്പെട്ടുപോകുമോ എന്നുള്ള ഭീതി ഞങ്ങളെ നന്നേ അലട്ടിക്കൊണ്ടിരുന്നു. അങ്ങനെ വന്നാൽ മദ്ധ്യഅമേരിക്കക്കഭിമുഖമായൊഴുകുന്ന സമുദ്രജലപ്രവാഹം ഞങ്ങളെ നാനാവഴിക്കും നയിക്കും. ഞങ്ങളുദ്ദേശിച്ചതുപോലെയൊക്കെ കാര്യങ്ങൾ നടന്നാൽ ഗലാപ്പഗോസ് പ്രവാഹത്തിൽ പെടുന്നതിനു മുമ്പുതന്നെ പടിഞ്ഞാട്ടൊഴുകുന്ന പ്രധാന കടലൊഴുക്കിനെ ആശ്രയിച്ച് മുന്നോട്ടു പോകാൻ കഴിയുമെന്ന് ഞങ്ങൾക്കുറപ്പുണ്ടായിരുന്നു. തെക്കുകിഴക്കുനിന്ന് അപ്പോഴും നേരേ കാററടിച്ചുകൊണ്ടിരുന്നു. കാററുപായ് ഉയർത്തി ചങ്ങാടത്തെ തിരിച്ച് മുറയ്ക്കു പങ്കായം പിടിക്കാനും തുടങ്ങി.

ഇതിനകം നട്ട് കടൽ ചൊരുക്കിൽനിന്നും വിമുക്തനായി. അയാളൊന്നിച്ച് ടോർസ്റ്റീൻ പാമര

ത്തിൽ കയറി. ബലൂണും പട്ടവും ഉപയോഗിച്ചു് ക മ്പികൾ ആകാശത്തിലുയർത്തി വയർലസ്സ് സന്ദേശ ങ്ങൾ അയച്ചു് പരീക്ഷണം നടത്തിനോക്കി. ലീമായി ലെ നാവികസങ്കേതത്തിൽനിന്നും അവരെ വിളിക്കുന്ന തായി കുടിലിനകത്തുനിന്നൊരാൾ വിളിച്ചുപറഞ്ഞു. ഞങ്ങളുടെ സ്ഥിതി നേരിൽ കണ്ടറിയാനും ഞങ്ങളെ ആമന്ത്രണം ചെയ്യാനും വേണ്ടി അമേരിക്കൻ സ്ഥാനപ തിയുടെ വിമാനം പുറപ്പെട്ടുകഴിഞ്ഞു എന്നുള്ള ഒരറിയി പ്പു് ഞങ്ങൾക്കു കിട്ടി. പര്യടനസംഘത്തിന്റെ കാര്യ ദർശിയായ ജർഡ്ഹേൾഡുമായി അപ്രതീക്ഷിതമായി സംഭാഷണം നടത്താൻ ഞങ്ങൾക്കപ്പോൾ സാധിച്ചു. എല്ലാത്തരത്തിലും ഞങ്ങളുടെ സ്ഥാനമറിയിക്കാൻ ഞ ങ്ങൾ കഴിവതു ചെയ്തു. സ്ഥാനനിർണ്ണയത്തിനുതകുന്ന നിർദ്ദേശങ്ങളും അടയാളങ്ങളും തുടർച്ചയായി വളരെ നേരത്തേയ്ക്കു നല്കിക്കൊണ്ടുമിരുന്നു. അടുത്തും അകന്നും വിമാനം ഞങ്ങളെ ചുററി ആകാശത്തിൽ പറന്നപ്പോൾ അന്തരീക്ഷ വായുവിൽ വല്ലാത്ത മുഴക്കവും തുടർന്നു് ശാന്തതയും ഞങ്ങൾക്കനുഭവപ്പെട്ടതല്ലാതെ വിമാന ത്തിന്റെ ശബ്ദം വ്യക്തമായി കേൾക്കുകയൊ വിമാന ത്തെ നേരിൽ കാണുകയൊ ചെയ്തില്ല. അലകളുടെ മദ്ധ്യത്തിൽ ഓളപ്പാത്തിയിൽ കിടക്കുന്ന ഞങ്ങളുടെ ചങ്ങാടം കണ്ടുപിടിക്കുക അത്ര എളുപ്പമല്ലായിരുന്നു. ഞങ്ങളുടെ കാഴ്ച പരിമിതവുമായിരുന്നു. അവസാനം ചങ്ങാടം കണ്ടുപിടിക്കാനുള്ള പരിശ്രമം ഉപേക്ഷി ച്ചു് വിമാനത്തിനു മടങ്ങിപ്പോകേണ്ടിവന്നു. ഞങ്ങ ളെ അന്വേഷിച്ച അവസാനത്തെ മനുഷ്യർ അവരാ

യിരുന്നു. സമുദ്രത്തിൽ വേലിയേററമുണ്ടായെങ്കിലും അലകൾ ഇടവിട്ടാണു് തെക്കുകിഴക്കുനിന്നും ചീറിയടുത്തതു്. ഏതായാലും അമരംപിടിക്കാൻ പ്രയാസം നേരിട്ടില്ല. അലകളും കാററും ചങ്ങാടത്തിൻെറ ഒരു വശത്തേയ്ക്കാണടിച്ചതു്. തന്മൂലം പങ്കായക്കാരൻ സുരക്ഷിതനായിത്തന്നെ കഴിഞ്ഞു. പങ്കായംപിടിക്കാൻ ശ്രമപ്പെടേണ്ട ആവശ്യവുമില്ലായിരുന്നു. തടസ്സം നീങ്ങി ചങ്ങാടമങ്ങനെ ആദ്യമായി മുന്നോട്ടു നീങ്ങുവാനാരംഭിച്ചു. ഗലാപ്പഗോസ് ദ്വീപുകളിലേയ്ക്കൊഴുകുന്ന പ്രതിപ്രവാഹത്തിൽപെടാതെ അതിനെതിരേപോകുന്ന ഹംബോൾട്ട് പ്രവാഹത്തിലൂടെത്തന്നെ ഞങ്ങളുടെ ചങ്ങാടം മുന്നോട്ടു നീങ്ങി. വളരെവേഗത്തിൽ നേരേ വടക്കുപടിഞ്ഞാട്ടു് യാത്രചെയ്തിരുന്നതുകൊണ്ടു് ശരാശരി അമ്പത്തിയഞ്ചു മുതൽ അറുപതുവരെ മൈൽ വേഗം ഞങ്ങളുടെ ചങ്ങാടത്തിനു കിട്ടി. ചിലപ്പോൾ എഴുപത്തിയൊന്നു മൈൽ വരെയും ഒരുദിവസം ഞങ്ങൾക്കു യാത്രചെയ്യാൻ കഴിഞ്ഞിട്ടുണ്ടു്.

ഗലാപ്പഗോസിലേയ്ക്കുതന്നെയോ എന്നു് ഒരിക്കൽ അന്വേഷിച്ചുകൊണ്ടു് നട്ട് അവരുടെ സമുദ്രയാത്രയെ കുറിക്കുന്ന ചിത്രത്തിൽ നോക്കി. അതു് ഗലാപ്പഗോസിലേയ്ക്കു വഴികാട്ടുന്നതുപോലെ തോന്നി. 'ഒരിക്കലുമല്ല' എന്നു ഞാൻ പ്രതിവചിച്ചു. ഇങ്കാടുപ്കായുപ്പൻകപി കൊളംബസിനും മുമ്പാണു് യാത്രചെയ്തിട്ടുള്ളതു്. അദ്ദേഹമൊ നാട്ടുകാരൊ ജലത്തിൻെറ അഭാവംനിമിത്തം അവിടെ താമസിച്ചിരുന്നില്ല.

'ശരിതന്നെ. നാമേതായാലും അങ്ങോട്ടു പോകുകയില്ല' എന്നു നട്ട് ആവർത്തിച്ചു.

ചുററിനും തുള്ളുന്ന അലകളുമായി ഞങ്ങളതിന കം സാത്മ്യം പ്രാപിച്ചതിനാൽ ഞങ്ങൾക്കൊട്ടുംതന്നെ ക്രുസലുണ്ടായില്ല. ഞങ്ങളും ചങ്ങാടവും ജലപ്പരപ്പിൽ കിടക്കുന്നിടത്തോളം കാലം ആയിരമടി ഉയരത്തിലുള്ള അലകളൊത്തു നൃത്തംവെച്ചാൽതന്നെ എന്താണു ഭയ ത്തിനവകാശം? എത്രനേരം ജലത്തിനുപരിഭാഗത്തു കഴി യാൻ സാധിക്കുമെന്നുള്ളതായി ഞങ്ങളുടെ അടുത്ത പ്ര ശ്നം. ചങ്ങാടത്തടികൾ ജലസ്പർശം ഏററു കുതിർന്നിരു ന്നു എന്നു ഞങ്ങൾ മനസ്സിലാക്കി. വിലങ്ങനെ വെച്ചി രുന്ന തടികളായിരുന്നു ഏററവും മോശം. വിരലുകൾ തടിയിലമർത്തി നോക്കിയപ്പോൾ അതിൽനിന്നും വെ ള്ളം വെളിയിൽ ചാടി. ഞാനാരെയും അറിയിക്കാതെ കുതിർന്ന തടിയിൽനിന്നും അല്പം അടർത്തിയെടുത്തു് വെ ള്ളത്തിലേക്കെറിഞ്ഞുനോക്കി. അതു മന്ദം ജലവിതാ നത്തിനടിയിൽ അപ്രത്യക്ഷമായി. ആരും കാണുന്നി ല്ലെന്നുള്ള ധാരണയോടുകൂടി എന്റെ സ്നേഹിതന്മാരിൽ ചിലരും അതുപോലെ പരീക്ഷണം നടത്തുന്നതു പിന്നീ ട്ടു് ഞാൻ കണ്ടു. അവരും ജലത്തിൽ താഴുന്ന തടിക്ക ഷണത്തെ നിർന്നിമേഷരായി നോക്കിനിന്നു. യാത്രപുറ പ്പെട്ട അവസരത്തിൽ ജലപ്പരപ്പിൽനിന്നും ചങ്ങാടം എത്ര ഉയർന്നുകിടക്കുന്നുണ്ടെന്നു് ഞങ്ങൾ പരിശോധി ച്ചിരുന്നു. എന്നാൽ പ്രക്ഷുബ്ധമായ സമുദ്രത്തിൽ ചങ്ങാ ടം ജലവിതാനത്തിൽനിന്നും എത്രമാത്രം ഉയർന്നുകിട ന്നിരുന്നു എന്നു് ശരിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞി ല്ല. ചില സമയം അലകളിൽ ഉയരും. അടുത്ത നിമി ഷത്തിൽ വെള്ളത്തിലേക്കമർന്നിരിക്കും. പേനാക്കത്തി

നനഞ്ഞ തടിയിൽ കുത്തിയിറക്കിനോക്കി. തടികൾക്ക് ഒരിഞ്ചിൽ കൂടുതൽ നനവു പററിയിട്ടില്ലെന്നപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞു. ഇതു് ഞങ്ങൾക്കു് അത്യധികം ആശ്വാസപ്രദമായിരുന്നു എന്നു പറയേണ്ട ആവശ്യമില്ലല്ലോ. ഇത്രയും ദൂരം വന്നപ്പോൾ അത്രയും നനഞ്ഞ തടികൾ മുഴുവൻ നനവുപററാൻ എത്ര സമയം വേണ്ടിവരുമെന്നു ഞങ്ങൾ കണക്കാക്കിനോക്കി. ഞങ്ങൾ ലക്ഷ്യത്തിലെത്തിച്ചേരുന്നതിനു മുമ്പുതന്നെ തടികൾ മുഴുവൻ കുതിന്നു വെള്ളത്തിൽ താണുപോകുമെന്നു ഞങ്ങൾക്കു ഗ്രഹിക്കാൻ കഴിഞ്ഞു. പക്ഷേ തടികളിലെ ഉൾനീരു് വെള്ളം അകത്തു പ്രവേശിക്കാതെ തടഞ്ഞുകൊള്ളുമെന്നു് ഞങ്ങൾ ആശിച്ചു.

ആദ്യദിവസങ്ങളിൽ ഞങ്ങളെ അലട്ടിയ മറെറാരു വൈഷമ്യവുമുണ്ടായിരുന്നു. അതു ചങ്ങാടത്തിൽ ചുററി വരിഞ്ഞിരിക്കുന്ന കയറുകളുടെ കാൎയ്യമാണു്. പകൽ മുഴുവൻ ഞങ്ങൾ ജോലിയിൽ വ്യാപൃതരായിരുന്നതുകൊണ്ടു് അക്കാൎയ്യം ചിന്തിക്കാൻ ഞങ്ങൾക്കു സമയമുണ്ടായിരുന്നില്ല. പക്ഷേ രാത്രിയിൽ ഉറങ്ങാൻ കിടന്നാൽ ആവക കാൎയ്യങ്ങളെപ്പററി ചിന്തിക്കാൻ ധാരാളം സമയം കിട്ടിയിരുന്നു. ചങ്ങാടത്തിനു മുകളിൽ പാകിയിരുന്ന മുളംകീറുകൾ തടിയോടുകൂടി ഇടയ്ക്കിടയ്ക്കു് ഉയരുന്നതു ഞങ്ങൾക്കനുഭവപ്പെട്ടു. ചങ്ങാടത്തിൻെറ ചലനത്തിനനുസരണമായി അടിയിലുള്ള ഒമ്പതു തടികളും ഇളകുന്നുണ്ടായിരുന്നു. പക്ഷേ ഒരു വ്യത്യാസമുണ്ടു്. ഒരു തടി ഉയരുമ്പോൾ മറെറാരു തടി താഴുകയായിരിക്കും ചെയ്യുന്നതെന്നുമാത്രം. ഭയപ്പെടത്തക്കവണ്ണം

അത്ര വലിയ ഇളക്കം ഒന്നും തടികൾക്കുണ്ടായിരുന്നില്ല. ജീവനുള്ള ഏതോ ഒരു ഭയങ്കര ജലജന്തുവിൻെറ പുറത്താണു ഞങ്ങൾ കഴിയുന്നതെന്നുള്ള ബോധം ജനിപ്പിക്കാനതു ധാരാളം മതിയായിരുന്നു. അതിനാൽ ഒരൊററ തടിയിൽതന്നെ നെട്ടുകെ കിടക്കാൻ ഞങ്ങൾ ഇഷ്ടപ്പെട്ടു. ആദ്യത്തെ ഒന്നുരണ്ടു രാത്രികളിൽ മാത്രമെ ഞങ്ങൾക്കതസുഖകരമായി തോന്നിയുള്ളു. കുറച്ചു കഴിഞ്ഞപ്പോൾ നനഞ്ഞ കയറുകളും കുറേക്കൂടി ഒതുങ്ങിയിരുന്നതുകൊണ്ടു് തടികളുടെ ഇളക്കം കുറേ കുറഞ്ഞു. ചങ്ങാടത്തിൻെറ തട്ടു് നിരപ്പുള്ളതായിരുന്നില്ല. അതിനാൽ തടികൾ കെട്ടിയിരിക്കുന്ന ഭാഗത്തു് ഇളക്കം തട്ടിയപ്പോൾ അവയോടു ഘടിപ്പിച്ചിരുന്ന തടികളും മുളകളും എല്ലാം ഇളകി. ചങ്ങാടത്തിൻെറ തടികളും രണ്ടു പാമരങ്ങളും കുടിലും ചുവരുകളും എല്ലാംതന്നെ ദൃഢമായി ബന്ധിച്ചിട്ടുണ്ടായിരുന്നു. അതിനാൽ അവയെല്ലാം ഒന്നിച്ചു മാത്രമേ ഉയരുകയൊ താഴുകയൊ ചെയ്തിരുന്നുള്ളു. കുടിലിൻെറ മേൽക്കൂര മുന്നോട്ടും പിന്നോട്ടും വലിയുകയും ചെയ്തുകൊണ്ടിരുന്നു. വെളിയിലേക്കു നോക്കിയാൽ കുറേക്കൂടി സജീവമായ ഒരു ലോകമാണു് ഞങ്ങളുടെ ദൃഷ്ടിക്കു വിഷയമായതു്. ആകാശംതന്നെ വൃത്താകൃതിയിലുള്ള ഒരു വസ്തുവായി. പ്രത്യക്ഷപ്പെട്ടു. അലകൾ ആകാശത്തിലേക്കടിച്ചു് ഉരുണ്ടു് കയറിക്കൊണ്ടിരുന്നു. അലകളുടെ സമ്മർദ്ദം മുഴുവൻ കയറുകളിലാണേല്ക്കുന്നതു്. കയറുകൾ ഉരുമ്മിയുണ്ടാകുന്ന ശബ്ദം രാത്രി മുഴുവൻ കേൾക്കാമായിരുന്നു. കയറിൻെറ ദൃഢതയും വണ്ണവുമനുസരിച്ചു് അതിൻെറ ശബ്ദത്തിനും വ്യ

ത്യാസമുണ്ടായിരുന്നു. ഏതോ പരാതി ബോധിപ്പിക്കു ന്നതുപോലെ ആ ശബ്ദം ഞങ്ങൾ ശ്രവിച്ചു. എന്നും പ്രഭാതത്തിൽ കയറുകൾ ഞങ്ങൾ നല്ലവണ്ണം പരിശോധിക്കും. കാലിൽ രണ്ടുപേരെക്കൊണ്ടു ബലമായി പിടിപ്പിച്ചു് ചങ്ങാടത്തിൻെറ ഒരുവശത്തു് തലകീഴായി കിടന്നുകൊണ്ടു് ചങ്ങാടത്തിനടിവശവും ഞങ്ങൾ പരിശോധിക്കാറുണ്ടായിരുന്നു.

കയറുകൾക്കൊരു കുഴപ്പവും നേരിട്ടില്ല. അവ പിടിച്ചുനില്ക്കുകതന്നെ ചെയ്തു. ഒന്നുരണ്ടാഴ്ചയ്ക്കുള്ളിൽ കയറുകളെല്ലാം പിഞ്ചിപ്പോകുമെന്നു് ഞങ്ങൾ പുറപ്പെട്ടപ്പോൾ വിദഗ്ദ്ധരായ മററു നാവികന്മാർ ഞങ്ങളോടു പറഞ്ഞിരുന്നതാണു്. പക്ഷെ കയറിനെന്തെങ്കിലും തകരാറു സംഭവിക്കുന്ന യാതൊരു ലക്ഷണവും ഞങ്ങൾക്കു കാണാൻ കഴിഞ്ഞില്ല. കുറെയധികം യാത്രചെയ്തതിനു ശേഷമാണതിൻെറ കാരണം എന്താണെന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിച്ചതു്. ബാൽസാ തടികൾ വളരെ മാർദ്ദവമുള്ളവയാകയാൽ കയറിനു യാതൊരു ഹാനിയുമുണ്ടാക്കിയില്ല. പ്രത്യുത കയറു് തടിയിലേയ്ക്കു കൂടുതൽ പററിപ്പിടിക്കുകമാത്രമെ ചെയ്തുള്ളു.

ഏകദേശം ഒരാഴ്ച കഴിഞ്ഞപ്പോൾ സമുദ്രം കുറ കൂടെ ശാന്തമായി. പച്ചനിറമുള്ള വെള്ളം നീലനിറമുള്ളതായി മാറിയിരിക്കുന്നതായും ഞങ്ങൾ കണ്ടു. നേരേ വടക്കുപടിഞ്ഞാറോട്ടു പോകേണ്ടതിനു പകരം പടിഞ്ഞാറോട്ടു കൂടുതൽ മാറി ഞങ്ങളുടെ ചങ്ങാടം സഞ്ചരിക്കാൻ തുടങ്ങി. ഞങ്ങൾ തീരപ്രവാഹത്തിൽനിന്നും അകന്നതിൻെറ ഒരടയാളമായിരുന്നു അതു്. പുറംകടലി

ലേയ്ക്കു കൂട്ടതൽ നീങ്ങാൻ കഴിയുമെന്നുള്ള ആശ ഞ ങ്ങൾക്കപ്പോൾ ഉണ്ടായി.

ആദ്യദിവസം പങ്കായംപിടിക്കുന്ന കാര്യത്തിൽ ഞങ്ങളെല്ലാവരും ബദ്ധശ്രദ്ധരായിരുന്നു. അതിനാൽ വിവിധജാതി മത്സ്യങ്ങൾ ചങ്ങാടത്തിനരികിൽ പ്രത്യ ക്ഷപ്പെട്ടെങ്കിലും അവയെ നോക്കാനൊ പിടിക്കാനൊ ഞങ്ങൾക്കശേഷം താല്പര്യമൊ ശ്രദ്ധയൊ ഉണ്ടായിരുന്നി ല്ല. എന്നാൽ രണ്ടാംദിവസം ഒരുകൂട്ടം * സാർഡെയിൻ മത്സ്യങ്ങളെ ഞങ്ങൾ കണ്ടു. അധികം താമസിയാതെ എട്ടടി നീളമുള്ളതും നീലനിറമുള്ളതുമായ ഒരു ഷാൿ ചങ്ങാടത്തിൻെറ അരികിലേയ്ക്കു വന്നു. ചങ്ങാടത്തി ൻെറ പിന്നിലുരുമ്മി അതിൻെറ വെളുത്ത ഉദരം പ്രത്യ ക്ഷമാക്കിക്കൊണ്ടു് ഒന്നു മറിഞ്ഞു. ഹെർമാനും ബ ങ്ങ്ററും തിരമാലകളുടെ അടിയേററുകൊണ്ടുമരത്തു നി ല്ക്കുകയായിരുന്നു. കുറച്ചുനേരം ആ ഷാൿ ഞങ്ങളുടെ ചങ്ങാടത്തെ ചുററിക്കളിച്ചുകൊണ്ടിരുന്നു. പക്ഷെ ചൂ ണ്ട കയ്യിലെടുത്തപ്പോൾ അതു പെട്ടെന്നു് അപ്രത്യക്ഷ മാകുകയും ചെയ്തു.

അടുത്ത ദിവസം ഞങ്ങൾ പലതരം മത്സ്യങ്ങളെ കണ്ടു. ഒരു പറക്കും മത്സ്യം ഞങ്ങളുടെ ചങ്ങാടത്തിൽ വന്നുവീണു. അതിനെ ചൂണ്ടയിൽ കൊളുത്തി പത്തുമു പ്പത്തിയഞ്ചു റാത്തൽ വീതം ഭാരമുള്ള രണ്ടു വലിയ കടൽപ്പന്നികളെ പിടിച്ചെടുത്തു. അതു പലദിവസത്തെ ആഹാരത്തിനു വകനല്കി. പങ്കായത്തിനടുക്കലായി ഞ

* സാർഡിനിയായിലും ബ്രിട്ടനിയിലും സാധാരണ കാ ണപ്പെടാറുള്ള ഒരുതരം ചെറിയ മത്സ്യം.

ങ്ങൾ പലജാതിയിൽപെട്ട മത്സ്യങ്ങളെ കാണാറുണ്ടാ യിരുന്നു. അവയേതിനം മത്സ്യങ്ങളെന്നു ഞങ്ങൾക്കറി വില്ലായിരുന്നു. ഒരുദിവസം ഒരുപററം മത്സ്യങ്ങൾ ച ങ്ങാടത്തിനരികത്തു കിടന്നു കളിച്ചു് കടന്നുപോയി. തീരത്തിൽനിന്നകന്നു് ഭൂമദ്ധ്യരേഖയോടടുക്കുംതോറും പറക്കുംമത്സ്യങ്ങളെ കാണുന്നതു് കൂടുതൽ സാധാരണ മായിത്തീൎന്നു. നീലനിറംകലൎന്ന പുറംകടലിൽ സൂൎയ്യപ്ര കാശമേററു് അലകളാടിമറിയുന്ന കാഴ്ച മനോഹരവും ആകൎഷകവുമാണു്. ശക്തിയായി കാററു് അടിക്കു മ്പോൾ സമുദ്രം ശാന്തത ഇടയ്ക്കിടെ കൈവെടിഞ്ഞിരു ന്നു. പളുങ്കുമണികൾ കുതിക്കുന്നതുപോലെ സൂൎയ്യപ്രഭ യിൽ ആഴിപ്പരപ്പിൽനിന്നും മത്സ്യങ്ങൾ കുതിച്ചുപറന്നു കളിച്ചുകൊണ്ടിരുന്നു. ക്ഷീണിച്ചാലവ സമുദ്രത്തിൽവീ ണു മറയും.

രാത്രിയിൽ വിളക്കു് കുടിലിനുവെളിയിലിരുന്നാൽ പറക്കും മത്സ്യങ്ങൾ വലുതും ചെറുതുമൊന്നുപോലെ ആ പ്രകാശംകൊണ്ടു് ആകൎഷിക്കപ്പെട്ടു് ചങ്ങാടത്തിലേ ക്കു് പറന്നെത്തുമായിരുന്നു. പലപ്പോഴും അവ കാററു പായിലൊ തടികളിലൊ തട്ടി നിസ്സഹായങ്ങളായി ച ങ്ങാടത്തിൽ വീണുപോകാറുണ്ടു്. അലകളടിച്ചു് ച ങ്ങാടത്തിൽ കയറിയാലും ജലത്തിലൂടെ കുതിച്ചുനീന്താൻ പോലും ശക്തിയില്ലാതെ അവ കിടന്നു പിടയ്ക്കുമായിരു ന്നു. ശക്തിയായിട്ടുവന്നു മുഖത്തു തട്ടിയാൽ കുത്തലും നീററലുമുണ്ടാകും. തന്മൂലം ചങ്ങാടത്തിൽ ഉള്ളവരിൽ ചിലർ മുറുമുറുക്കുന്ന ശബ്ദം കേൾക്കുകയും ചെയ്യാമായി രുന്നു. അവ കഠിനമായിട്ടുവന്നുപദ്രവിച്ചില്ലെങ്കിൽ ഞ

ങ്ങളുതു് ക്ഷമിക്കമായിരുന്നു. എന്തെല്ലാം ന്യൂനതകളു ണ്ടായിരുന്നാലും ശരി, സമുദ്രമെന്നു പറയുന്നതു് അത്ഭു താവഹമായ ഒരു ലോകംതന്നെയാണു്. ആകാശത്തി ലൂടെ കുതിച്ചെത്തുന്ന മത്സ്യങ്ങൾ അത്യന്തം രുചികര മായ ആഹാരമാണു്. പ്രഭാതഭക്ഷണത്തിനു ഞങ്ങൾ അവയെ പാകപ്പെടുത്തും. മത്സ്യത്തിന്റെ രുചിയൊ, പാചകത്തിന്റെ സാമൎത്ഥ്യമൊ, അതൊ ഞങ്ങളുടെവി ശപ്പൊ എന്തുകൊണ്ടാണെന്നു നിശ്ചയമില്ല; ഒരിക്കൽ ആസ്വാദിച്ചുകഴിഞ്ഞപ്പോൾ അതു് ഞങ്ങളുടെ മധുരസ്മ രണയിൽനിന്നും ഒരിക്കലും മാഞ്ഞുപോയിരുന്നില്ല. ഉണൎന്നെണീററാൽ പാചകക്കാരന്റെ പ്രഥമവും പ്രധാ നവുമായ കൎത്തവ്യം രാത്രിയിൽ ചങ്ങാടത്തിൽ വീണു കിടക്കുന്ന മത്സ്യങ്ങളെ മുഴുവൻ ശേഖരിക്കുകയാണു്. കുറഞ്ഞതരഡസൻ മത്സ്യങ്ങളെങ്കിലും ഉണ്ടായിരിക്കും. ഒരുദിവസം പ്രഭാതത്തിൽ നന്നേ തടിച്ചുകൊഴുത്ത ഇരു പത്തിയാറു മത്സ്യങ്ങൾ ഞങ്ങൾക്കുകിട്ടി. പാചകജോ ലിയിലൊരിക്കൽ നട്ടു് ഏറ്റപ്പെട്ടുകൊണ്ടിരുന്നപ്പോൾ ഒരു മത്സ്യം പറന്നെത്തി അയാളുടെ കയ്യിലടിച്ചു വല്ലാ തെ സംഭ്രമിപ്പിച്ചു.

ഒരുദിവസം പ്രഭാതത്തിലുണൎന്നപ്പോൾ ടോർസ്റ്റീ ന്റെ തലയിണയിൽ ഒരു സാർഡയിൻ മത്സ്യം കിട ക്കുന്നതു കണ്ടു. അപ്പോഴാണു് സമുദ്രവും ഞങ്ങളുമായു ള്ള ബന്ധം അദ്ദേഹത്തിനു മനസ്സിലായതു്. കുടിലിനു ള്ളിൽ ആറുപേൎക്കും ശരിക്കു കിടക്കുവാൻ സ്ഥലം മതി യാകുകയില്ലായിരുന്നു. അതിനാൽ അദ്ദേഹം വാതുക്കൽ തലയുംവെച്ചാണു് കിടന്നുറങ്ങിയതു്. രാത്രിയിൽ പ

ല ആവശ്യത്തിനും ഞങ്ങൾക്കു കുടിലിനു വെളിയിൽ പോകേണ്ടിയിരുന്നു. ചിലപ്പോൾ ടോർസ്റ്റീൻെറ തലയിലറിയാതെ ചവുട്ടി കടന്നുപോകുമായിരുന്നു. അന്നേരമയാൾ ചവുട്ടുന്നവൻെറ കാലിൽ കടിക്കുകയും പതിവായിരുന്നു. അയാൾ ആ സാർഡയിൻ മത്സ്യത്തിൻെറ വാലിൽ പിടിച്ചെടുത്തു് എന്തോ രഹസ്യം പറയുന്നതുപോലെ ഞങ്ങൾക്കു തോന്നി. പൊതുവെ സാർഡയിൻ മത്സ്യങ്ങളോടു് അദ്ദേഹം വല്ലാത്ത അനുകമ്പ പ്രദർശിപ്പിച്ചിരുന്നു. അടുത്ത ദിവസം രാത്രിയിൽ ഞങ്ങൾ ഞങ്ങളുടെ കാലുകൾ വലിച്ചൊതുക്കി ടോർസ്റ്റീനു കൂടുതൽ സൗകര്യം ഉണ്ടാക്കിക്കൊടുത്തു. പക്ഷേ അയാൾ ഞങ്ങളുടെ വയർലസ്സ് ആഫീസ് സ്ഥാപിച്ചിരുന്ന മൂലയിൽ പല സാധനങ്ങളും വെച്ചിരിക്കുന്നിടത്തു് സൗകര്യം കണ്ടെത്തി. അതിനു കാരണമായ ഒരു സംഭവമുണ്ടാകുകയും ചെയ്തു.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞാണതു സംഭവിച്ചതു്. അന്ധകാരം സർവ്വത്ര പടൻപിടിച്ചിരുന്നു. വിളക്കു് അയാൾ തൻെറ തലയ്ക്കൽ വെച്ചിരിക്കുകയായിരുന്നു. അകത്തേയ്ക്കും പുറത്തേയ്ക്കും പോകുന്നവർ തലയിൽ ചവുട്ടിമെതിക്കാതിരിക്കുന്നതിനുവേണ്ടിയുള്ള ഒരു മുൻകരുതൽ നടപടി ആയിരുന്നു അതു്. ഏകദേശം നാലുമണിയായപ്പോൾ വിളക്കു് അയാളുടെ ദേഹത്തു് ഉരുണ്ടു വീണു. എന്തോ ഒന്നു് ചെവിക്കു ചുററുംകിടന്നു പിടയ്ക്കുന്നുമുണ്ടായിരുന്നു. അയാൾ പെട്ടെന്നുണർന്നു. പറക്കുംമത്സ്യമെന്നും പറഞ്ഞു് അതിനെ പിടിക്കാൻ ഇരുളിലേയ്ക്കു കൈനീട്ടി. തണുത്തു് വഴവഴപ്പുള്ള ഏതോ

ഒരു സാധനം തപ്പിപ്പിടിച്ചിട്ടുള്ളൂ. എങ്കിലും അതു പിടിവിട്ടുപോയി. അതു നേരെ ഹെർമാൻെറ മേൽ ചാടിവീണു. അയാൾ വല്ലാതെ പരിഭ്രമിച്ചു വിളക്കു കൊളുത്തിയപ്പോൾ ഞാനും ഉണൎന്നു. ആ സമുദ്രഭാഗത്തു സാധാരണ കണ്ടുവരാറുള്ള * ഒക്ടോപ്പസ്സ് എന്ന മത്സ്യമായിരിക്കുമതെന്നു ഞാൻ വിചാരിച്ചു. കയ്യിൽ കിടന്നു പിടയ്ക്കുന്ന ആ മത്സ്യത്തിൻെറ കഴുത്തിൽ പിടി അമൎത്തിക്കൊണ്ടു് ഹെർമാൻ വിജയശ്രീലാളിതനെന്ന മട്ടിൽ ഇരിക്കുന്നതു ഞങ്ങൾ കണ്ടു. മൂൎച്ചയുള്ള പല്ലുകളും കൂൎത്ത നഖവും കറുത്തിരുണ്ട കണ്ണുകളും ഒരു പാമ്പിനെപ്പോലെ വണ്ണംകുറഞ്ഞു് മൂന്നടിയിൽ കൂടുതൽ നീളവുമുള്ള ഒരു വിശേഷതരം മത്സ്യമായിരുന്നു അതു്. പോനാക്കത്തിപോലെ മൂൎച്ചയുള്ള പല്ലുകളകത്തേയ്ക്കു വളച്ചു് ഇര വിഴുങ്ങാൻ അതിനു കഴിയുമായിരുന്നു. ഹെർമാൻെറ കയ്യിലിരുന്ന ആ മത്സ്യത്തിൻെറ വായിൽനിന്നും ഏകദേശം എട്ടിഞ്ചു നീളമുള്ള വെളുത്ത രണ്ടു മത്സ്യങ്ങൾ ഒന്നിനെത്തുടൎന്നു് മറെറാന്നായി വെളിയിൽ വന്നു. അവ തീൎച്ചയായും അന്ധകാരപൂൎണ്ണമായ സമുദ്രാന്തൎഭാഗത്തുള്ള മത്സ്യങ്ങളായിരിക്കണം. ആ നാഗമത്സ്യത്തിന്റെ പുറം നീലയും വയലറവും അടിഭാഗം മഞ്ഞിയ നീലയും നിറമുള്ളതായിരുന്നു. ഞങ്ങളുടെ ശബ്ദകോലാഹലം ബങ്ൻറിനേയും ഉണൎത്തി. വിളക്കുയൎത്തി ആ മത്സ്യത്തെ ഞങ്ങൾ അയാളുടെ മുഖത്തിനുനേൎക്കുയൎത്തിപ്പിടിച്ചു. അയാൾ ഉറക്കംവിടാതെ എണീററിരുന്നു് അത്തരം മത്സ്യം ലോകത്തൊരിടത്തുംതന്നെയില്ലെന്നു

* മുഖത്തിനു ചുററുമായി എട്ടു കാലുകളുള്ള ഒരുതരം മത്സ്യം.

പറഞ്ഞിട്ട് പഴയതുപോലെ കിടന്നുറങ്ങുകയും ചെയ്തു. ബെങ്ന്റ് പറഞ്ഞതു് തീരെ കള്ളമല്ല. ഞങ്ങളാരുവേരുമാത്രമാണാ മത്സ്യത്തെ ജീവനോടെ കണ്ടിട്ടുള്ളവർ. ആ മത്സ്യത്തിൻെറ അസ്ഥികൾമാത്രമെ തെക്കേ അമേരിക്കയുടേയും ഗലാപ്പഗോസ് ദ്വീപുകളുടേയും തീരത്തുവെച്ചു് കണ്ടുകിട്ടിയിട്ടുള്ളു. മത്സ്യചരിത്രഗവേഷകന്മാരതിന്നു കൊടുത്തിരിക്കുന്ന പേരു് ജമ്പെലസ് എന്നാണു്. ജീവനോടെ അതിനെ ആരും കണ്ടിട്ടില്ലാതിരുന്നതിനാൽ സമുദ്രത്തിൻെറ അഗാധമായ അടിത്തട്ടിലെവിടെയൊ അധിവസിക്കുന്ന ഒരുതരം മത്സ്യവിശേഷമാണതെന്നവരൂഹിച്ചു. സൂര്യരശ്മിയെ ഭയന്നായിരിക്കണം ആജാതി മത്സ്യങ്ങൾ ഒരുപക്ഷേ പകൽസമയത്തു് സമുദ്രത്തിൻെറ അഗാധതലത്തിൽ കഴിഞ്ഞുകൂടിയതു്. ഏതായാലും രാത്രികാലങ്ങളിൽ അവ സമുദ്രത്തിൻെറ ഉപരിതലത്തിലേയ്ക്കു് ഉയൎന്നുവരുമെന്നുള്ളതിന് ഞങ്ങൾതന്നെ അനുഭവസ്ഥരും ദൃക്സാക്ഷികളുമാണു്.

ഒരാഴ്ചകഴിഞ്ഞപ്പോൾ അതുപോലെയുള്ള മററൊരു സംഭവവുമുണ്ടായി. ചന്ദ്രനസ്തമിച്ചു. ഇരുട്ടു നല്ലവണ്ണം എങ്ങും വ്യാപിച്ചിരുന്നു. നക്ഷത്രങ്ങൾ ആകാശമണ്ഡലത്തെ പ്രകാശിപ്പിച്ചുകൊണ്ടിരുന്നു. മണി ഏകദേശം നാലായിരിക്കും. ചങ്ങാടം സൈ്വരമായി മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. ചങ്ങാടത്തെ നിയന്ത്രിക്കുകയെന്നുള്ളതു് ഒരു പ്രശ്നമേ അല്ലായിരുന്നു. അമരത്തു് എന്റെ മുറ കഴിഞ്ഞപ്പോൾ പുതിയ അമരക്കാരന് വിഷമംകൂടാതെ അമരംപിടിക്കാനുള്ള ചുററുപാടുകളാണോ ഉള്ളതെന്നു പരിശോധിച്ചു. ഞാനെൻെറ അര

യിൽ കയറുകെട്ടിക്കൊണ്ടു് വിളക്കുമായി ചങ്ങാടത്തി ൻെറ അരികിലൂടെ പാമരത്തെ ചുററി കടന്നുവരാൻ തുടങ്ങുകയായിരുന്നു. ഞാൻ കയറിനിന്നു തടി നന ഞ്ഞതും തെന്നുന്നതും ആയിരുന്നു. ആരോ എൻെറ അരയിൽ കെട്ടിയിരുന്ന കയറിൽ കടന്നുപിടിച്ചു കുലു ക്കിയതായി എനിക്കു തോന്നി. കോപത്തോടെ ഞാൻ തിരിഞ്ഞു. എന്നാൽ എനിക്കു് ആരെയും കാണാൻ കഴിഞ്ഞില്ല. വീണ്ടും കയറുപിടിച്ചു വലിക്കപ്പെട്ടു. ഒരു പുതിയ ജമൈലസ് ചങ്ങാടത്തിൽ കിടന്നപ്പോൾ പിടയ്ക്കുന്നുണ്ടായിരുന്നു. രണ്ടാമത്തെ പ്രാവശ്യം അതി ൻെറ പല്ലുകൾ കയറിൽ ആഞ്ഞിറങ്ങിയതിനാൽ പല ഇഴകളും പൊട്ടിപ്പോയിരുന്നു. കയറു് റാന്തൽ വെളി ച്ചത്തിൽ പ്രകാശിച്ചുകണ്ടപ്പോൾ ആ മത്സ്യം വീണ്ടും കയറിന്മേലക്കു ചാടിക്കടിച്ചു. അതോടെ ഏതാണ്ടതി ൻെറ കഥയും തീൎന്നു എന്നു പറയാം.

നിശ്ശബ്ദമായും ശാന്തമായും സമുദ്രത്തിൽ യാത്രചെ യ്യുന്ന ഒരുവനു് പല അത്ഭുതങ്ങളും കാണാൻ കഴിയും. ഒരു കായികാഭ്യാസി വനത്തിനുള്ളിൽ കടന്നിട്ടു് മട ങ്ങിവന്നു് വന്യമൃഗങ്ങളെ ഒന്നുംതന്നെ കണ്ടില്ലെന്നു പ റഞ്ഞേക്കാം. എന്നാൽ വനം ജിജ്ഞാസുവായ ഒരുവനു് അത്ഭുതകരമായ കാഴ്ച ഉളവാക്കും. കടലിനെ സംബ ന്ധിച്ചും ഇതു പരമാൎത്ഥമാണു്. യന്ത്രക്കപ്പലിൽ ശ ബ്ദം മുഴക്കിക്കൊണ്ടു് പതഞ്ഞുപൊങ്ങുന്ന അലകളിലൂ ടെ അതിവേഗം കടന്നുപോയിട്ടു് മടങ്ങിവരുന്നവർ പ റയും പുറംകടലിൽ ഒന്നുംതന്നെ കണ്ണഞ്ചിപ്പിക്കുന്ന കാ ഴ്ചകളില്ലെന്നു്. പക്ഷെ അത്യത്ഭുതവും സുന്ദരവും ആ

യ ഒരു ലോകംതന്നെയാണു് ഞങ്ങളുടെ മുമ്പിൽ തുറന്നു കാണപ്പെട്ടതു്. ചങ്ങാടത്തിനു ചുററുമായി അനവധി മത്സ്യങ്ങൾ നൃത്തംവെച്ചു കടന്നുപോകാറുണ്ടായിരുന്നു. ചിലതരം മത്സ്യങ്ങൾ രാപ്പകലിടവിടാതെ കുറേ ദിവസങ്ങൾ ഞങ്ങളെ അനുധാവനം ചെയ്തിട്ടുമുണ്ടു്. രാത്രിയിൽ നക്ഷത്രങ്ങൾ ആകാശത്തിലുജ്ജ്വലമായി പ്രകാശിച്ചപ്പോൾ അവയോടു മത്സരിച്ചിട്ടെന്നപോലെ സമുദ്രത്തിലെവിടെയും മിന്നാമിനുങ്ങുകളെപ്പോലെ തിളങ്ങുന്ന ഭൌമവസ്തുക്കൾ ഞങ്ങളുടെ ചുററിനും പ്രത്യക്ഷപ്പെട്ടു. അത്തരം സ്വയം പ്രകാശകങ്ങളായ വസ്തുക്കളിൽ ഒന്നുരണ്ടെണ്ണം ഞങ്ങൾ പിടിച്ചു പരിശോധിച്ചുനോക്കി. ചില രാത്രികളിൽ ജലാന്തർഭാഗത്തുനിന്നും തിളങ്ങുന്ന രണ്ടു് ഉരുണ്ട കണ്ണുകളുമായി ഉയന്നുവന്നു് മാസ്മരശക്തിയോടുകൂടി ഞങ്ങളെ തുറിച്ചുനോക്കി പ്രഭാപടലം പൊരിയുമ്പോൾ ഞങ്ങൾ വല്ലാതെ സംഭ്രമിച്ചുപോകാറുണ്ടു്. അതൊരുപക്ഷേ ഭയങ്കരനായ ആ കടൽമനുഷ്യൻതന്നെയല്ലേ എന്നു ഞങ്ങൾ ഭയപ്പെടാറുണ്ടു്. പക്ഷേ പലപ്പോഴും അവ പ്രകാശമുള്ള മത്സ്യങ്ങളായിരുന്നു എന്നു ഞങ്ങൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. അന്ധകാരത്തിൽ ഭയം ജനിപ്പിക്കുന്ന അവയുടെ ഉരുണ്ട പച്ചക്കണ്ണുകൾ നല്ലവണ്ണം തിളങ്ങിക്കൊണ്ടിരുന്നു. സമുദ്രത്തിൻെറ അഗാധതലങ്ങളിൽനിന്നും ചിലയിനം മത്സ്യങ്ങളും ഉപരിഭാഗത്തു കാണുന്ന വെളിച്ചംകൊണ്ടാകർഷിക്കപ്പെട്ടു് ഉയന്നു് ചങ്ങാടത്തിനരികിൽ വന്നു് ഞങ്ങളെ സൂക്ഷിച്ചുനോക്കാറുണ്ടായിരുന്നു. അവയുടെ പ്രകാശമുള്ള കണ്ണുകൾ അന്ധകാരനിബിഡമായ അടി

ത്തട്ടിൽ സഞ്ചാരത്തിനു് സഹായകരമാണു്. സമുദ്രം ശാന്തമായിക്കിടക്കുമ്പോൾ ഇരുണ്ട ജലപ്പരപ്പിൽ രണ്ടു മൂന്നടി വ്യാസമുള്ള ശിരസ്സുകൾപൊന്തിച്ചു നിശ്ചലമായി കിടക്കുന്നതു കാണാം. അവയിൽനിന്നും തിളങ്ങുന്ന കണ്ണുകൾ ഞങ്ങളുടെ നേക്കു് തിരിഞ്ഞു് വൈദ്യുതപ്രകാശം ചൊരിഞ്ഞുകൊണ്ടിരിക്കും. ചില രാത്രികളിൽ, കടലിൽ അവിടവിടെ ആയി വൈദ്യുത ദീപത്തിൽനിന്നും പ്രഭാപടലം ചൊരിയുന്നതുപോലെ മനോഹരമായി പ്രകാശിക്കുന്ന മൂന്നും അതിൽ കൂടുതലും വ്യാസമുള്ള വൃത്താകാരമായ ദീപശിഖകൾ ഞങ്ങൾ കാണാറുണ്ടു്.

സമുദ്രാന്തർഗ്ഗതങ്ങളായ ഈ അത്ഭുതജീവികളുമായി ഞങ്ങൾ ക്രമേണ പരിചയപ്പെട്ടുതുടങ്ങി. പക്ഷെ ഓരോ പ്രാവശ്യവും ഞങ്ങൾക്കത്ഭുതമുയർത്തുന്ന പുതിയ പ്രതിഭാസങ്ങളും പ്രത്യക്ഷപ്പെടാറുണ്ടു്. ഒരു രാത്രി ആകാശം കാർമേഘപടലത്താൽ ആവൃതമായി കടലുമാകാശവും തമ്മിൽ തിരിച്ചറിയാൻ സാധിക്കാത്ത അവസരത്തിൽ ഉദ്ദേശം രണ്ടുമണിക്കു് ജലാന്തർഭാഗത്തു് അവ്യക്തമായ ഒരു പ്രകാശം ദൃഷ്ടിഗോചരമായി. ക്രമേണ അതൊരു ജലജന്തുവാണെന്നു ഞങ്ങൾക്കു ബോദ്ധ്യമായി. പ്ലാങ്ക്ടൊൻ ആ ജന്തുവിൻെറ ശരീരത്തിൽ പററിപ്പിടിച്ചു പ്രകാശിക്കുന്നതാണോ അതോ സ്വയംപ്രകാശകമായ പുറംതൊലിയുള്ള ഒരു ജന്തുവാണോ അതു് എന്നു തീർച്ചപ്പെടുത്താൻ ഞങ്ങൾക്കു കഴിഞ്ഞില്ല. ജലത്തിൽ വ്യാപിച്ച പ്രകാശം ആ ജന്തുവിൻെറ ആകൃതിയെ മറച്ചിരുന്നു. ചിലപ്പോൾ വൃത്താകാരമായും ദീർഘവൃത്തമായും കോണാകൃതിയിലും അതു മാറിമാറി പ്രകാശിച്ചി

രുന്നു. അങ്ങനെയിരിക്കെ പെട്ടെന്നതു രണ്ടായി ഭേദിച്ചു. രണ്ടും സ്വാതന്ത്ര്യമായി ചങ്ങാടത്തിനടിയിൽ അങ്ങോട്ടു മിങ്ങോട്ടും നീന്തിക്കൊണ്ടിരുന്നു. അവസാനം അത്തരം മൂന്നു പ്രകാശച്ഛായകൾ മന്ദഗതിയവലംബിച്ചുകൊണ്ടു് ജലത്തിൽ നീങ്ങിത്തുടങ്ങി. അവ ജീവനുള്ള ഏതോ ഭയങ്കര ജീവികൾതന്നെ ആയിരുന്നു. ഞങ്ങളെല്ലാവരും ചങ്ങാടത്തിൻെറ തട്ടിൽ ഒന്നിച്ചു കൂടിനിന്നുകൊണ്ടു് അവയുടെ ഗതി സൂക്ഷിച്ചു. അവ വളരെനേരം ഞങ്ങളുടെ ചങ്ങാടത്തെ പിന്തുടന്നു. അവ വളരെ താഴ്ചയിൽ ചങ്ങാടത്തിൻെറ മുന്നിൽ വലതുഭാഗത്തായിട്ടാണു കാണപ്പെട്ടതു്. എന്നാൽ കൂടെക്കൂടെ ചങ്ങാടത്തിൻെറ നേരെ കീഴിലും ഇടതുഭാഗത്തുമായി അവ മാറിക്കൊണ്ടുമിരുന്നു. അവയുടെ മുതുകിലുള്ള വെളിച്ചത്തിൽ അവ ആനയേക്കാൾ ഭീമാകാരമുള്ള ജന്തുക്കളാണെന്നു ഞങ്ങൾക്കു ബോധ്യമായി. അവ തിമിംഗലങ്ങളാകാൻ ന്യായമില്ല. ആയിരുന്നുവെങ്കിൽ ശ്വസിക്കുവാൻ ജലത്തിനുപരിഭാഗത്തേയ്ക്കു വരുമായിരുന്നു. തിരിഞ്ഞും മറിഞ്ഞും സഞ്ചരിക്കുമ്പോൾ പല ആകൃതിവിശേഷങ്ങളിലും പ്രത്യക്ഷപ്പെടാറുള്ള ഒരുതരം വലിയ പ്രകാശമത്സ്യങ്ങളുണ്ടു്. ആ ജാതിയിൽപെട്ടവയാണൊ അവ എന്നു് ഞങ്ങൾക്കു തീച്ചയില്ല. മേല്പോട്ടവയെ ആകഷിച്ചു് പഠിക്കുവാൻ വേണ്ടി ഞങ്ങൾ അവയ്ക്കു നേരേ മുകളിൽ വിളക്കുപിടിച്ചു നോക്കി. പക്ഷേ അവയുണ്ടോ അതു കാര്യമാക്കാൻപോകുന്നു? ഭൂതപ്രേതപിശാചാദികളെപ്പോലെ നിശാടനം കഴിഞ്ഞു് അവ പ്രഭാതാരംഭത്തോടെ അന്തദ്ധാനംചെയ്തു.

ശബളാഭമായ ഈ മൂന്നു ജീവികളുടെ നിശാസന്ദ

ശ്നത്തിൻെറ ഉദ്ദേശ്യം ഞങ്ങൾക്കു മനസ്സിലായില്ല. പക്ഷെ ഒരു നട്ടുച്ചയ്ക്കു് ആ സന്ദർശനം ആവത്തിച്ചതുകൊണ്ടു് ഞങ്ങൾക്കു് അവരയേതിനം ജീവിയെന്നു ഗ്രഹിക്കുവാൻ കഴിഞ്ഞു. അന്നു് മേമാസം 24-ാംതീയതിയായിരുന്നു. 95 ഡിഗ്രി പടിഞ്ഞാറും 7 ഡിഗ്രി തെക്കും ആയിട്ടാണു് ചങ്ങാടമപ്പോൾ ശാന്തമായി യാത്രചെയ്തുകൊണ്ടിരുന്നതു്. രാവിലെ ഞങ്ങൾ പിടിച്ച ഡോൽഫിൻ മത്സ്യം ചങ്ങാടത്തിൽതന്നെ കിടപ്പുണ്ടായിരുന്നു. ചുററിനും നല്ലവണ്ണം കണ്ണോടിച്ചും, കയറിൽ പിടിച്ചു കിടന്നുകൊണ്ടും ചങ്ങാടത്തിൻെറ മുൻവശത്തു് ഞാൻ കുളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ സ്ഫടികം പോലെ ശുഭ്രമായ ജലത്തിലൂടെ ജിജ്ഞാസാഭരിതമെന്നവണ്ണം ആറടി നീളമുള്ള ഒരു ചെമ്പൻ മത്സ്യം എൻെറ നേക്കു നീന്തിവന്നു. ഞാൻ വേഗം ചങ്ങാടത്തിൽ ചാടിക്കയറി. സൂര്യാതപമേററുകൊണ്ടു് ആ മത്സ്യം മന്ദം കടന്നുപോകുന്നതു ഞാൻ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. കുടിലിനു പുറകിലിരുന്നുകൊണ്ടു് നട്ട് ഷാൿ്, ഷാൿ് എന്നത്യുച്ചത്തിലലറി. സാധാരണ ഷാൿ് ചങ്ങാടത്തെ ഉരുമ്മിക്കടന്നുപോകാറുണ്ടായിരുന്നു. അപ്പോൾ ഇതുപോലെയുള്ള സംഭ്രമമുണ്ടാകാറുപതിവില്ലായിരുന്നു. അതിനാൽ ഞങ്ങളെല്ലാം അല്പം ഭയപ്പെട്ടു്, അടുത്ത ക്ഷണത്തിൽ നട്ടിൻെറ അടുക്കൽ സഹായാത്ഥം ചെന്നുചേന്നു.

നട്ട് ചങ്ങാടത്തിൻെറ പിന്നിൽ കുത്തിയിരുന്നു് തൻെറ പാൻറ് കഴുകുകയായിരുന്നു. അയാൾ ചെട്ടെന്നു തലയുയത്തി നോക്കിയപ്പോൾ ഏററവും ബീഭത്സമായ

ഒരു മുഖമാണു കണ്ടതു്. അയാളെ പരിഭ്രമിപ്പിക്കത്തക്കവണ്ണം ആ മുഖത്തിനു വലിപ്പവും ഭയാനകതയും ഉണ്ടായിരുന്നു. അതൊരു ഉഗ്രമായ ജലജന്തുവായിരുന്നു. ആ മുട്ടൻ കടൽമനുഷ്യൻപോലും നേരിട്ടുവന്നാൽ ഞങ്ങൾക്കിത്ര വികാരക്ഷോഭം ഉണ്ടാകുകയില്ലായിരുന്നു. അതിന്റെതല വലുതും തവളയുടെ തലപോലെ പരന്നതും ആയിരുന്നു. തലയുടെ ഇരുവശങ്ങളിലുമായി രണ്ടു ചെറിയ കണ്ണുകൾ, നാലഞ്ചടി വിസ്താരമുള്ള വായ്, വായുടെ ഒരരികിൽനിന്നും കീഴ്പ്പോട്ടുതൂങ്ങിക്കിടക്കുന്ന നീണ്ട ഊന്നുകൾ, നീണ്ടു കനം കുറഞ്ഞ വാലോടുകൂടി അവസാനിക്കുന്ന ഭീമാകാരമായ ശരീരം എന്നിവയാണതിന്റെ ശാരീരിക ലക്ഷണങ്ങൾ. വാലിന്റെ അററത്തു് കൂർത്തു മേല്പോട്ടുയർന്നുനില്ക്കുന്ന ചെകിളകൊണ്ടു് അതൊരു മകരമത്സ്യമാണെന്നു ഞങ്ങൾക്കു വ്യക്തമായി. വെള്ളത്തിനടിയിൽവച്ചു കണ്ടപ്പോൾ ചെമ്പൻനിറമുള്ളതായി തോന്നിച്ചു എങ്കിലും ചങ്ങാടത്തിനടുത്തെത്തിയപ്പോൾ അതിന്റെ ശരീരം വെളുത്ത അനേകം ചെറിയ കുത്തുകൾകൊണ്ടു് മനോഹരമാക്കപ്പെട്ടതാണെന്നു ഞങ്ങൾക്കു് അറിവായി. ശാന്തമായും അലസമായും പിന്നിൽ അതു് ഞങ്ങളെ തുടർന്നുകൊണ്ടു് മുന്നോട്ടു നീങ്ങി. ഒരു ബുൾപട്ടിയേപ്പോലെ പല്ലിളിച്ചുകൊണ്ടതു വാലാട്ടി. പൃഷ്ഠഭാഗത്തുള്ള വൃത്താകാരമായ ചെകിള ജലത്തിനുപരി കാണാമായിരുന്നു. അതുപോലെ ചിലപ്പോൾ വാലിലെ ചെകിളയും ദൃശ്യമായിരുന്നു. ഓളപ്പാത്തിയിലതു കിടക്കുമ്പോൾ ഒരു കരിമ്പാറയെ ചുററി വെള്ളം ഒഴുകുന്നതുപോലെ അതിന്റെ വിസ്താരമേറിയ പൃ

ഷ്ഠഭാഗത്തെ അലകൾ വലംവച്ചുകൊണ്ടിരുന്നു. സീബ്ര യെപ്പോലെ വരകൾകൊണ്ടലംകരിക്കപ്പെട്ട പൈലററ് മത്സ്യങ്ങളുടെ ഒരു സൈന്യംതന്നെ വിശറിയുടെ ആകൃതിയിൽ അതിൻെറ മുമ്പിൽ നീന്തുന്നുണ്ടായിരുന്നു. കൂടാതെ പലതരം മത്സ്യങ്ങൾ ആ തിമിംഗലത്തിൻെറ ഉടലിൽ പററിപ്പിടിച്ചു കിടക്കുകയും ചെയ്തു. ജലത്തിലാണ്ടുകിടക്കുന്ന ഒരു പാറപ്പുറത്തു പെരുക്കിനിരത്തിവച്ചിരിക്കുന്ന വിവിധ ജന്തുക്കളുടെ അത്ഭുതാവഹമായ ഒരു സമാഹാരംതന്നെയായിരുന്നു അതു്. ചങ്ങാടത്തിനു പിന്നിൽ ഷാക്കിനെ പിടിക്കാൻ വേണ്ടി ഇരുപത്തിയഞ്ചുറാത്തൽ തൂക്കമുള്ള ഒരു ഡോൽഫിൻ മത്സ്യത്തെ ചൂണ്ടയിൽ കോർത്തു ഞങ്ങൾ തൂക്കിയിട്ടുണ്ടായിരുന്നു. പരസ്സുതം പൈലററ് മത്സ്യങ്ങൾ മുന്നോട്ടാഞ്ഞു് ആ ഡോൽഫിൻ മത്സ്യത്തെ മണപ്പിച്ചിട്ടു് പെട്ടെന്നു തന്നെ തിരിഞ്ഞുപോയി. ആ മകരമത്സ്യം യാന്ത്രികമായ രീതിയിൽ മുന്നോട്ടും പിന്നോട്ടും വന്നു പൊയ്ക്കൊണ്ടിരുന്നു. ഞങ്ങൾ ചൂണ്ട വലിച്ചുട്ടപ്പിച്ചപ്പോൾ അതും ചങ്ങാടത്തിനരികിലേയ്ക്കു വന്നു. വായ് മുഴുവൻ തുറന്നിരുന്നില്ല. പങ്കായത്തെ ഒന്നുരുമ്മി ഉയർത്തിയപ്പോൾ ഞങ്ങൾക്കതിനെ അടുത്തു നല്ലവണ്ണം കാണാൻ കഴിഞ്ഞു. തന്മൂലം ആ അത്ഭുതദർശനത്തിൽ ഉന്മത്തന്മാരെപ്പോലെ ഞങ്ങൾ ആർത്തട്ടഹസിച്ചു. ഭീകരമായ വായുംപിളർന്നു് ചങ്ങാടത്തിനടുക്കൽ കിടക്കുന്ന ആ ജലജന്തുവിനെപ്പോലെ ഞങ്ങളുടെ വികാരമുണർത്തിയ മറെറാന്നിനെ നിർമ്മിക്കാൻ വാൾട്ട്സിഡ്നിയുടെ പ്രതിഭയ്ക്കു പോലും കഴിവുണ്ടെന്നു തോന്നുന്നില്ല. ലോകം അറി

ഞ്ഞിട്ടുള്ളതിലേയ്ക്കുംവെച്ചു് വലിയ തിമിംഗലമായിരുന്നു അതു്. അത്തരം മത്സ്യങ്ങൾ വളരെ അപൂൎവ്വങ്ങളുമാണു്. ഉഷ്ണമേഖലാസമുദ്രങ്ങളിൽ മാത്രം അങ്ങിങ്ങായി ചിലതിനെ കാണാൻ കഴിയും, അത്രേയുള്ളു. ഇത്തരം തിമിംഗലങ്ങൾക്കു് ജന്തുശാസ്ത്രജ്ഞന്മാരുടെ അഭിപ്രായപ്രകാരം ശരാശരി അമ്പതടി നീളവും പതിനഞ്ചു ടൺ ഭാരവുമുണ്ടു്. അറുപത്തഞ്ചടി നീളമുള്ള തിമിംഗലങ്ങളുമുണ്ടെന്നു പറയപ്പെടുന്നുണ്ടു്. അതുപോലെ തന്നെ പരിശോധിക്കപ്പെട്ട ഒരു കുച്ചു തിമിംഗലത്തിന്റെ കരളിന്നു് അറുന്നൂറു റാത്തൽ ഭാരവും വായിൽ ഓരോ വരിയിലും മൂവായിരംവീതം പല്ലുകളുമുണ്ടായിരുന്നു എന്നു പറഞ്ഞു കേട്ടിട്ടുണ്ടു്.

ആ ഭയങ്കരസത്വം ഞങ്ങളുടെ ചങ്ങാടത്തിനടിയിലൂടെയും അതിനെ ചുററിയും സഞ്ചരിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ ചങ്ങാടത്തിന്റെ ഒരുവശത്തു തലയും മറുവശത്തു് വാലും പ്രത്യക്ഷപ്പെടാറുണ്ടായിരുന്നു. അതിന്റെ ശാന്തമായ പെരുമാററം കണ്ടാൽ അതിന്നു് തന്റെ ശക്തി അറിഞ്ഞുകൂടായിരുന്നു എന്നു തോന്നും. അതിന്റെ ഭയങ്കരമായ രൂപം ഞങ്ങളിൽ അത്യത്ഭുതം ഉളവാക്കി. ആകൃതിക്കു കടകവിരുദ്ധമായ അതിന്റെ സൗമ്യത കണ്ടപ്പോൾ ഞങ്ങൾക്കു ഞങ്ങളെത്തന്നെ അടക്കാൻ കഴിഞ്ഞില്ല. വേണമെങ്കിൽ അതിന്റെ വാലുകൊണ്ടു് ഞങ്ങളുടെ ചങ്ങാടത്തെ അതിന്നു തകൎക്കാൻ കഴിയുമായിരുന്നു. വീണ്ടും വീണ്ടും ആ ഭീകരജന്തു ഞങ്ങളെ പ്രദക്ഷിണംവെച്ചുകൊണ്ടിരുന്നു. എന്താണു സംഭവിക്കാൻ പോകുന്നതെന്നു് ജിജ്ഞാസയോടെ ഞങ്ങൾ

കാത്തിരിപ്പുമായി. പങ്കായത്തിനടിയിലൂടെ അതു കടന്നുപോയപ്പോൾ പങ്കായം പൊങ്ങുകയും പങ്കായത്തിൻെറ കൈപ്പത്തി അതിൻെറ മുതുകിനെ ഒന്നു തലോടുകയും ചെയ്തു. ആ ഭയങ്കരജന്തുവും ഞങ്ങളുടെ ചങ്ങാടവും തമ്മിൽ യാതൊരു സാദൃശ്യവുമില്ല. ഞങ്ങളെ അതു വിട്ടകലുന്ന ലക്ഷണമൊന്നും കണ്ടില്ല. ചങ്ങാടത്തിനു സമീപം അതൊരു വിശ്വസ്തനായ നായെന്നപോലെ ഞങ്ങളെ പിന്തുടരാൻ തുടങ്ങി. ഞങ്ങൾക്കാർക്കും ഇങ്ങനെ ഒരനുഭവമുണ്ടായിട്ടില്ല; ഉണ്ടാകുമെന്നുള്ള വിചാരവും ഉണ്ടായിരുന്നില്ല. പക്ഷേ ഞങ്ങളുടെ യാത്രയിൽ മുഴുവൻ ഞങ്ങളെ അതു പിന്തുടരാൻ ന്യായമില്ലാത്തതുകൊണ്ട് ഞങ്ങളക്കാര്യംതന്നെ അത്ര ഗൌരവമായി കണക്കാക്കിയില്ല.

ഒരു മണിക്കൂറോളം അതു ഞങ്ങളെ വട്ടമിട്ടുകൊണ്ടനുഗമിച്ചു. ഒരു ദിവസം മുഴുവൻ അതിൻെറ സന്ദർശനം നീണ്ടുനില്ക്കുമെന്നു ഞങ്ങൾക്കു തോന്നി. അവസാനം എറിക്കിൻെറ ക്ഷമ നശിച്ചു. അയാൾ ചങ്ങാടത്തിൻെറ ഒരററത്ത് എട്ടടി നീളം വരുന്ന ഒരു കൈച്ചൂണ്ടയുമായി നില്ക്കുകയായിരുന്നു. ഞങ്ങളുടെ ശബ്ദകോലാഹലംകൊണ്ട് ഇളകിപ്പോയ എറിക്ക് ചൂണ്ടയുമുയർത്തിപ്പിടിച്ച് അങ്ങനെ ലക്ഷ്യംനോക്കി നിന്നു. അയാൾക്കു നേരെ താഴെ അതിൻെറ തല കണ്ടപ്പോൾ സർവ്വശക്തിയുമുപയോഗിച്ച് തൻെറ ചൂണ്ട ആ മകരമത്സ്യത്തിൻെറ ഭീമാകാരമായ തലയിലാഞ്ഞു തറപ്പിച്ചു. തലയ്ക്കു പ്രഹരമേല്ക്കുന്നതിനു് ഒന്നുരണ്ടു നിമിഷം മുമ്പേ ഈ സംഭവത്തെപ്പററി ആ ജന്തുവിനറിയാൻ കഴി

ഞ്ഞുള്ളൂ. ചൂണ്ടയുടെ ചരട് ചങ്ങാടത്തിൻെറ വശത്തു കൂടെ താഴോട്ടാഞ്ഞപ്പോൾ ഞങ്ങൾ ഒരു സീല്ക്കാരംകേട്ടു. തലയിൽ പ്രഹരമേററപ്പോൾ ആ മകരമത്സ്യം തലകുത്തി പെട്ടെന്നു് വെള്ളത്തിലേക്കു താഴ്ന്നു. അതിനെ തുടൎന്നു് വെള്ളം പൊങ്ങിമറിയുന്നതും കാണാമായിരുന്നു. എറിക്കിൻെറ ഏററവും അടുത്തു നിന്ന മൂന്നുപേരും അവിടെത്തന്നെ തലകുത്തിവീണു എന്നു മാത്രവുമല്ല, ചൂണ്ടയുടെ കയറു് അവരിൽ രണ്ടുപേരുടെ ദേഹത്തു മുട്ടി തൊലിപൊളിക്കുകയും ചെയ്തു. ഒരു ബോട്ടിനെ നിയന്ത്രിക്കാൻ കഴിയുന്ന ആ ഘനമുള്ള ചരട് ചങ്ങാടത്തിലടിച്ചു് പൊട്ടിപ്പോയി. ഏതാനും നിമിഷം കഴിഞ്ഞു് ചൂണ്ടമുന ഒരിരുന്നൂറടി അകലെ പൊങ്ങുകയും ചെയ്തു. ഈ സംഭവം നടന്നപ്പോൾ അസംഖ്യം പൈലററ് മത്സ്യങ്ങൾ ഭയന്നു് വെള്ളത്തിലൂളിയിട്ടു മറഞ്ഞു. ജാഗ്രത്തായ ഒരഗ്നിപൎവ്വതംപോലെ ഒരാക്രമണത്തിനു സന്നദ്ധമായി വീണ്ടുമെത്തുമെന്നായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. പക്ഷേ അതിൻെറ യാതൊരു ലക്ഷണവും കാണ്മാനില്ലായിരുന്നു. മദ്ധ്യരേഖയ്ക്കു തെക്കുള്ള പ്രവാഹത്തിലൂടെ ഞങ്ങളപ്പോൾ പടിഞ്ഞാറോട്ടു യാത്രചെയ്യുകയായിരുന്നു. ഗലാപ്പഗസ് ദ്വീപിലേയ്ക്കൊഴുകുന്ന പ്രവാഹത്തിൽ വഴിതിവീഴുമെന്നുള്ള ആപത്ശങ്ക ഞങ്ങൾക്കില്ല. ഞങ്ങൾക്കാ ദ്വീപസമൂഹങ്ങളോടുള്ള ചാൎച്ച * ടൎട്ടിൽമത്സ്യങ്ങളിലൂടെയുള്ളതുമാത്രമാണു്. അവ ആ ദ്വീപസമൂഹങ്ങളിൽ

---

* ടൎട്ടിൽമത്സ്യം=ആമയുടെ തോടുപോലെയുള്ള പുറംതോടുള്ള ഒരുതരം മത്സ്യം.

നിന്നും വളരെ ദൂരം യാത്രചെയ്തിരുന്നു എന്നുള്ളതു തീ ച്ച്. ഒരിക്കൽ ഒരു ടട്ടിൽമത്സ്യം തലയും ചെകിളയും വെള്ളത്തിലിട്ടടിച്ചുകൊണ്ടു കിടക്കുന്നതു ഞങ്ങൾ കണ്ടു. ആ മത്സ്യത്തിന്റെ താഴെയായി പച്ചയും നീലയും മഞ്ഞയും കലന്ന പ്രകാശം കാണാനുണ്ടായിരുന്നു. പ്രകാശമത്സ്യങ്ങളുമായി അതൊരു ജീവിതമരണസമരത്തിൽ പെട്ടിരിക്കുകയാണെന്നുടൻതന്നെ ഞങ്ങൾക്കു മനസ്സിലായി. ആ സമരം തികച്ചും ഏകപക്ഷീയമെന്നു പറയുന്നതിൽ അതിശയോക്തി ഒന്നുമില്ല. ആ ടട്ടിൽമത്സ്യത്തെ കുത്തിക്കീറാൻ ഏകദേശം പത്തുപതിനഞ്ചു തലയെടുപ്പുള്ള പ്രകാശമത്സ്യങ്ങൾ അതിന്റെ കഴുത്തിലും ചെകിളകളിലും കഠിനമായി ആക്രമിച്ചുകൊണ്ടിരുന്നു. ടട്ടിൽമത്സ്യത്തിനു് അനേകംദിവസം ഒന്നുപോലെ തലയും ചെകിളയും തന്റെ പുറംതോടിനകത്തു് ഒതുക്കി ജീവിക്കാൻ സാധ്യമല്ലായിരുന്നു.

ആ ടട്ടിൽമത്സ്യം ചങ്ങാടം കണ്ടപ്പോൾ അതിന്റെ നേക്കു കുതിച്ചുവന്നു. താരമത്സ്യങ്ങളും അതിനെ പിന്തുടന്നു. ചങ്ങാടത്തിന്റെ അടുത്തുവന്നു് അതിൽ കയറിയാൽകൊള്ളാമെന്നുള്ള ആകാംക്ഷ പ്രകടിപ്പിച്ചുകൊണ്ടു് ആ ടട്ടിൽ ഞങ്ങളെ ദയനീയമായി നോക്കി. ഞങ്ങൾക്കു് അല്പംകൂടി പരിശീലനം കിട്ടിയിരുന്നുവെങ്കിൽ വിഷമംകൂടാതെ കയറുകൊണ്ടതിനെ പിടിച്ചെടുക്കാൻ കഴിയുമായിരുന്നു. അത്രയ്ക്കു മന്ദഗതിയിലാണു് അതു് അതിന്റെ ഭാരമേറിയ ശരീരവും വഹിച്ചുകൊണ്ടു ചങ്ങാടത്തിന്റെ അരികിലൂടെ കടന്നുപോയതു്. പക്ഷേ ഞങ്ങളാ സമയം അതിനെ സൂക്ഷ്മാവലോകനം ചെയ്യാൻ

വിനിയോഗിച്ചു. ഞങ്ങൾ കയർ കുരുക്കിട്ടു തയ്യാറായ പ്പോൾത്തേയ്ക്കു് ആ വലിയ ടട്ടിൽമത്സ്യം ചങ്ങാടത്തി ൻെറ തലയ്ക്കുമുകളിലൂടെ പോയ്മറഞ്ഞു. ഞങ്ങൾ റബ്ബർബോട്ടു കൾ കടലിലിറക്കി. ഹെർമാനും, ബങ്ങ്ൻറും, ടോർസ്റ്റീനും ആ മത്സ്യത്തെ അന്വേഷിച്ചു പിന്തുടന്നു. അവരുടെ റബ്ബർബോട്ടുകൾ അവർ പിന്തുടന്ന മത്സ്യത്തേക്കാൾ വളരെ വലുതൊന്നുമല്ലായിരുന്നു. ഞങ്ങളുടെ ഭരിപ്പുകാരനായ ബങ്ങ്ൻറ് ഒന്നാംതരം വിഭവങ്ങളും ടട്ടിൽസൂപ്പും മനസ്സിൽ ധ്യാനിച്ചുകൊണ്ടാണു് പുറപ്പെട്ടതു്. അവർ വേഗം തുഴഞ്ഞപ്പോൾ ആ മത്സ്യവും അതിവേഗത്തിൽ ജലത്തിൽ മുന്നോട്ടു തെന്നിക്കുതിച്ചു. അവർ ചങ്ങാടത്തിൽനിന്നും ഒരു നൂറടിയിൽ കൂടുതൽ അകന്നിട്ടില്ലായിരുന്നു. പെട്ടെന്നു് അതു് എങ്ങോട്ടോ അന്തർദ്ധാനം ചെയ്തു. അവരേതായാലും ഒരു സേവനമാണനുഷ്ഠിച്ചതു്. ആ മഞ്ഞച്ച ചെറിയ റബ്ബർ ബോട്ടുകൾ തിരമാലകളിൽ തുള്ളി ചങ്ങാടത്തിലേയ്ക്കു് അടുത്തപ്പോൾ ആ പ്രകാശമത്സ്യങ്ങളും അവരെ പിന്തുടന്നു. എന്നിട്ടാ മത്സ്യങ്ങൾ ആ ബോട്ടുകളെ ചുററാൻ തുടങ്ങി. ടട്ടിൽമത്സ്യത്തിൻെറ ചെകിളയെന്നുള്ള സങ്കല്പത്തിൽ അവ വെള്ളത്തിൽ താഴ്ന്ന തുഴകളുടെ കൈപ്പത്തികളിലേയ്ക്കു ചാടി ആക്രമിക്കാൻ ഒരുമ്പെട്ടു. അങ്ങനെ ടട്ടിൽമത്സ്യം തൻെറ ശത്രുക്കളിൽനിന്നും മുക്തിനേടി.

★

## 2. പകുതിവഴി

മൂന്നാഴ്ചകൾ കഴിഞ്ഞു. ഈ ലോകത്തിൽ വേറെയും മനുഷ്യരുണ്ടെന്നറിയിക്കുന്ന യാതൊരു ലക്ഷണവും ഞങ്ങൾക്കാ നടുക്കടലിൽ കാണാൻ കഴിഞ്ഞില്ല. ഏതെങ്കിലും കപ്പലോ ഒഴുകിവരുന്ന സാധനങ്ങളോ ഞങ്ങളുടെ ദൃഷ്ടിയിൽ പെട്ടില്ല. സമുദ്രം മുഴുവൻ ഞങ്ങളുടേതായി തീർന്നിരിക്കുകയാണു്. ഞങ്ങളുടെ മുമ്പിൽ തുറന്നുകിടന്ന ദിക്ചക്രവാളത്തിലൂടെ ആകാശമാകുന്ന നീലമേലാപ്പിൽനിന്നും ശാശ്വതശാന്തിയും സ്വാതന്ത്ര്യവും ഞങ്ങളിലേക്കു് മന്ദം ഒഴുകി.

വായുവിൽ പകർന്ന ലവണജലകണങ്ങളും ചുറ്റും വ്യാപിച്ചിരുന്ന ശുഭ്രനീലിമയും ഞങ്ങളുടെ ശരീരത്തെയും ആത്മാവിനേയും കഴുകി പരിപൂതമാക്കിത്തീർത്തു. പരിഷ്കൃതമനുഷ്യന്റെ ജീവിതത്തിലെ മഹത്പ്രശ്നങ്ങൾ കേവലം മിഥ്യയും, മനുഷ്യമനസ്സിന്റെ അബദ്ധജടിലമായ സൃഷ്ടികളും ആയി ഞങ്ങൾക്കു് തോന്നി. പ്രകൃതിശക്തികൾ ഞങ്ങളുടെ കൊച്ചു ചങ്ങാടത്തെ വിഗണിച്ചതായി ഞങ്ങൾ ചിന്തിച്ചു. ജലചരങ്ങളായ പക്ഷികളും മത്സ്യങ്ങളുമെന്നപോലെ പ്രവാഹത്തോടും അലകളോടും അലിഞ്ഞുചേർന്ന് സമുദ്രത്തിന്റെ താളല

യത്തെ ലംഘിക്കാതിരുന്ന ഞങ്ങളുടെ കൊച്ചു ചങ്ങാടത്തെ പ്രകൃതിപോലും തത്ഭിന്നമായി ഒരുപക്ഷേ, കണക്കാക്കിയിരിക്കുകയില്ല. ഒരു സംഹാരരുദ്രനെപ്പോലെ പതഞ്ഞുപൊങ്ങി ഞങ്ങളിലേക്കടിക്കാതെ പ്രകൃതിശക്തി ഞങ്ങളുടെ വിശ്വസ്തമിത്രമായിത്തീൎന്നു. എന്നുതന്നെയുമല്ല, പ്രകൃതി ഞങ്ങളുടെ മുന്നോട്ടുള്ള ഗതിയിൽ അവികലവും അനുസ്യൂതവുമായി ഞങ്ങളെ സഹായിച്ചുകൊണ്ടുമിരുന്നു. കാററും തിരമാലകളും ഞങ്ങളെ മുന്നോട്ടു തള്ളിനീക്കി. സമുദ്രജലപ്രവാഹം അതേസമയം ഞങ്ങളെ ലക്ഷ്യത്തിലേയ്ക്കും നയിച്ചുകൊണ്ടിരുന്നു. പ്രശാന്തമായ ദിവസം ഏതെങ്കിലുമൊരു ബോട്ട് ഞങ്ങളെ കടന്നുപോയാൽ പതചൂടിയ കൊച്ചലകളെ വഹിക്കുന്ന വൻതിരമാലകളിൽ മേല്പോട്ടും കീഴ്പോട്ടും ആടിക്കളിച്ച് വാണിജ്യവാതത്തിൻെറ സഹായത്തോടെ പോളിനേഷ്യൻ ദ്വീപുകളിലേയ്ക്കുപോകുന്ന ഞങ്ങളുടെ ചങ്ങാടത്തെ കാണുവാൻ കഴിയും. അരയിൽ കയറുകെട്ടി ചങ്ങാടത്തോടു ബന്ധിച്ച് ചെമ്പിച്ച താടിയും മീശയുമേന്തി നഗ്നനായി നിരാശതയോടെ പങ്കായംപിടിക്കുന്നതായിട്ടോ, പ്രശാന്തമായ പ്രകൃതിയാണെങ്കിൽ സൂര്യാതപത്തിലല്പമൊന്നു മയങ്ങി ഇടയ്ക്കിടയ്ക്ക് കാൽവിരൽകൊണ്ടു് പങ്കായമമൎത്തുന്നതായിട്ടോ ബങ്ൻറിനെ അപ്പോൾ കാണാൻ സാധിക്കുമായിരുന്നു. ബങ്റ്റ് അല്ല അപ്പോൾ അമരത്തു കാണപ്പെട്ടുന്നതെങ്കിൽ അദ്ദേഹം ചങ്ങാടക്കുടിലിന്റെ വാതുക്കൽ കമഴ്ന്നുകിടന്ന് തന്റെ സാമൂഹ്യശാസ്ത്രഗ്രന്ഥം വായിക്കുകയായിരിക്കും. ഇതുകൂടാതെ ദൈനംദിനാഹാരകാര്യവും അദ്ദേഹത്തിന്റെ ചുമതലയിലായിരുന്നതു

കൊണ്ടു് ആ ജോലിയിലും അദ്ദേഹത്തിനു് ശ്രദ്ധിക്കേണ്ടിയിരുന്നു. ഹെർമാനെ പകൽ ഏതുസമയത്തും എവിടെയും കാണാൻ സാധിക്കും. ചിലപ്പോഠം അദ്ദേഹം വാനനിരീക്ഷണോപകരണങ്ങളുമായി പാമരത്തിനു മുകളിലാണെങ്കിൽ മററുചിലപ്പോഠം ചങ്ങാടത്തിൻെറ അടിയിൽ കണ്ണടയും ധരിച്ചു് പരിശോധന നടത്തുന്ന ജോലിയിൽ വ്യാപൃതനായിരിക്കും. ചിലപ്പോഠം റബ്ബർ ബോട്ടിൽ കയറി സഞ്ചരിച്ചുകൊണ്ടിരിക്കും. അതുപോലെതന്നെ ബലൂൺ പറത്തുന്നതിൽ ബദ്ധശ്രദ്ധനായെന്നും വരാം. അദ്ദേഹമായിരുന്നു ഞങ്ങളുടെ ശാസ്ത്രജ്ഞൻ. ചുററുപാടുമുള്ള പ്രകൃതിയും ആകാശവും അദ്ദേഹത്തിന്റെ നിരീക്ഷണവിഷയമായിരുന്നു. നട്ടും ടോർസ്റ്റീനും വൈദ്യുതബാറററികളിൽ കമ്പികഠം ഘടിപ്പിക്കുന്നജോലിയിൽ സാധാരണ മുഴുകിയിരിക്കും. വെള്ളത്തിൽനിന്നും ഒരടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന വയർലസ്സ് ശീകരസ്പർശമേല്ക്കാതെയിരിക്കുവാൻ അവരുടെയുദ്ധകാലപരിശീലനമത്രയും ആവശ്യമായിരുന്നു. ഓരോ രാത്രിയിലും കാലാവസ്ഥയേയും ഞങ്ങളുടെ യാത്രയേയും കുറിച്ചുള്ള വിവരങ്ങഠം കമ്പിയില്ലാക്കമ്പിവഴി ഞങ്ങഠം അയച്ചുകൊണ്ടിരുന്നു. റേഡിയോ പരിശീലകന്മാരതു സ്വീകരിച്ചു് വാഷിങ്ടണിലും മററുമുള്ള വാനനിരീക്ഷണശാലയിലേയ്ക്കയച്ചുകൊണ്ടുമിരിക്കും. കാററുപായ് തുന്നുകയൊ പൊട്ടിയ കയറുകളേച്ചുകെട്ടുകയൊ ചെയ്യുന്ന ജോലിയാണു് എറിക്കിനു ചെയ്യാനുണ്ടായിരുന്നതു്. ചിലപ്പോഠം അദ്ദേഹം വിചിത്രതരങ്ങളായ മത്സ്യങ്ങളുടെ രൂപങ്ങഠം തടിയിൽ വാർന്നെടുക്കുകയോ വരയ്ക്കുകയോ ചെയ്യുകൊ

ണ്ടിരിക്കും. ദൂരമളക്കാനുള്ള ഉപകരണവുമായി എന്നും രാവിലെ ഞങ്ങളൊരു പെട്ടിപ്പുറത്തിരുന്നുകൊണ്ടു് സൂര്യനെ നോക്കി തലേദിവസത്തേക്കാൾ എത്ര ദൂരം മുന്നോട്ടു പോയിട്ടുണ്ടെന്നു പരിശോധിച്ചറിയും. എനിക്കും ധാരാളം ജോലി ചെയ്തുതീർക്കാനുണ്ടായിരുന്നു. ഞങ്ങളുടെ യാത്രാവിവരണവും മററു ഡയറിക്കുറിപ്പുകളും മുടങ്ങാതെ എഴുതേണ്ടതു് എൻെറ ചുമതലയായിരുന്നു. ചങ്ങാടത്തിനടുക്കൽ ഒഴുകിവന്ന സാധനങ്ങൾ ശേഖരിക്കുക, മത്സ്യംപിടിക്കുക, ഫോട്ടോ എടുക്കുക എന്നിവയും എൻെറ ജോലിയായിരുന്നു. അങ്ങനെ ഓരോരുത്തർക്കും പ്രത്യേക ചുമതലകളുണ്ടായിരുന്നു. ആരുംതന്നെ മററുള്ളവരുടെ പ്രവൃത്തികളിൽ തലയിടുകയില്ല. പങ്കായംപിടിക്കുക, പാചകംചെയ്യുക തുടങ്ങിയ മുഷിപ്പൻപണികൾ ഓരോരുത്തർക്കും അവരവരുടെ ക്രമം അനുസരിച്ചു് വിശേഷാൽ ചെയ്യേണ്ടതായിട്ടുമുണ്ടു്. പകലും രാത്രിയും ഈരണ്ടുമണിക്കൂർവീതം ഓരോരുത്തരും അമരംപിടിക്കണം; ക്രമമനുസരിച്ചു് ഓരോ ദിവസത്തേയും പാചകം മാറിമാറി ചെയ്തുകൊള്ളണം എന്നായിരുന്നു നിയമം. എന്നാൽ ചങ്ങാടത്തിനകത്തു് ഞങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കാൻ വളരെ നിയമങ്ങളൊന്നുംതന്നെയില്ലായിരുന്നു. കയറു് അരയിൽ കെട്ടി ചങ്ങാടത്തോടു ബന്ധിച്ചുകൊണ്ടേ അമരംപിടിക്കാൻ പാടുള്ളു. ആഹാരം കുടിലിനു വെളിയിൽവെച്ചുതന്നെ കഴിക്കണം എന്നു നിർബ്ബന്ധമുണ്ടായിരുന്നു. അമരത്തുള്ള തടിയാണതിനേററവും പററിയ സ്ഥലമായി നിശ്ചയിക്കപ്പെട്ടിരുന്നതു്. ഏതെങ്കിലും പ്രധാനപ്പെട്ട തീരുമാനം ഞങ്ങളെടുത്തു്

അമേരിക്കൻ ഇൻഡ്യാക്കാരുടെ മട്ടിൽ യോഗം ചേർന്നിട്ടായിരുന്നു.

അന്തരീക്ഷം പ്രക്ഷുബ്ധമല്ലെങ്കിൽ ശാന്തമായി തന്നെ ഞങ്ങളുടെ ദിനചര്യകൾ ആരംഭിക്കും. പാചകക്കാരൻ ഉണരാൻ താമസിച്ചാൽ അമരക്കാരൻ അയാളെ തട്ടിയുണർത്തും. ഞങ്ങളുടെ വലലൻ ചങ്ങാടത്തിൽ വീണുകിടക്കുന്ന പറക്കുംമത്സ്യങ്ങളെ ഉടൻതന്നെ പെറുക്കിയെടുക്കും. മത്സ്യം പച്ചയായി ഞങ്ങൾ കഴിച്ചിരുന്നില്ല. പോളിനേഷ്യക്കാരും പെറുവിയന്മാരും പാകപ്പെടുത്തുന്നതുപോലെ ഞങ്ങളവ പാകപ്പെടുത്തിയാണ് കഴിച്ചു വന്നത്. ഒരു തുറന്ന പെട്ടിയിൽ വെച്ചിരിക്കുന്ന ഒരു സ്റ്റൌ ആയിരുന്നു ഞങ്ങളുടെ പാചകശാലയെന്നു പറയാം. കുടിലിൻെറ മുമ്പിലാണ് പാചകം നടത്തിയിരുന്നത്. അതിനാൽ പിന്നിൽനിന്നുമടിക്കുന്ന വാണിജ്യവാതത്തിൻെറ ഉപദ്രവം ഞങ്ങൾക്കു നേരിട്ടിരുന്നില്ല. കാററു ബലമായി അടിക്കുന്നത് അമരത്താണല്ലൊ. അലകളും ശക്തിയായ കാററും ചങ്ങാടത്തെ വല്ലാതെ ഇളക്കിയാൽ മാത്രമേ സ്റ്റൌ സൂക്ഷിച്ചിരുന്ന പെട്ടിക്കു തീപിടിക്കുകയുള്ളു. ഒരിക്കൽ അടുക്കളക്കാരൻ കിടന്നുറങ്ങിപ്പോയി. തത്ഫലമായി പെട്ടി മുഴുവൻ കത്തി ചാമ്പലായെന്നു മാത്രമല്ല, ഞങ്ങളുടെ കുടിലിനും ചെറുതായിട്ടഗ്നിബാധ ഏല്ക്കേണ്ടതായി വന്നു. മുറിക്കുള്ളിലേയ്ക്കു പുക വ്യാപിച്ചപ്പോൾത്തന്നെ തീ ഞങ്ങൾ നിഷ്പ്രയാസം കെടുത്തിക്കളഞ്ഞു. വെള്ളമന്വേഷിച്ചു് ഞങ്ങൾക്കു ദൂരെയെങ്ങും പോകേണ്ട ആവശ്യമില്ലാതിരുന്നതുകൊണ്ടു് തീ അണയ്ക്കുക ഒരു പ്രശ്നമേ ആയിരുന്നില്ല.

പാകപ്പെട്ടത്തിയ മത്സ്യത്തിൻെറ മണംകൊണ്ടും രാവിലെ ക്രൂക്ക്വലിച്ചുറങ്ങുന്നവരുണർന്നെണീച്ചിരുന്നില്ല. അതിനാൽ പാചകക്കാരൻ പോക്കുകൊണ്ടു കുത്തിയൊ, പ്രഭാതഭക്ഷണം തയ്യാർ എന്നുച്ചത്തിൽ വിളിച്ചുപറഞ്ഞൊ വേണം അവരെ ഉണത്തേണ്ടതു്. അടുത്തെങ്ങും ഷാക്കില്ലെങ്കിൽ സമുദ്രത്തിൽ ചാടി ഞങ്ങൾ സുഖമായി കുളിക്കും. അതിനുശേഷം പ്രഭാതഭക്ഷണം കഴിക്കും.

ഞങ്ങളുടെ ആഹാരം രുചികരമായിരുന്നു. ഇരുപതാംനൂററാണ്ടിനു ചേന്ന ആഹാരവും അഞ്ചാം ശതാബ്ദത്തിനു പററിയ ആഹാരവും ഞങ്ങൾ പരീക്ഷിച്ചുനോക്കി. ടോർസ്റ്റീനും ബങ്ൻറുമായിരുന്നു ആദ്യത്തെ ആഹാരരീതി പരീക്ഷിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടവർ. ആഹാരസാധനങ്ങൾ പൊതിഞ്ഞുകെട്ടി ചങ്ങാടത്തിൻെറ മുൻവശത്തുള്ള തടികളുടെ ഇടയിൽ സൂക്ഷിച്ചിരുന്നു. മത്സ്യവും സാധാരണ നാവികന്മാരുടെ ആഹാരരീതിയും അവക്കു പത്ഥ്യമല്ലായിരുന്നു. ഓരോ ആഴ്ചയിലേക്കും വേണ്ട ആഹാരസാധനങ്ങൾ കുടിലിലേക്കു കൊണ്ടുവരുകയാണു പതിവു്. ഭദ്രമായി പൊതിഞ്ഞു കെട്ടിവെച്ചിരുന്ന ആഹാരപദാത്ഥങ്ങൾ കേടുകൂടാതെയിരുന്നു. പക്ഷേ വായുകേറാതെ ടിന്നിലടച്ചു സൂക്ഷിച്ചിരുന്നവ ഉപ്പുവെള്ളം കയറി ഉപയോഗശൂന്യമാകുകയും ചെയ്തു.

കോൺടിക്കി തൻെറ പുരാതന സമുദ്രയാത്രയിൽ ആഹാരസാധനം ഭദ്രമായി സൂക്ഷിക്കത്തക്കവണ്ണം കൂടുകളൊ ടിന്നുകളൊ ഒന്നുംതന്നെ ഉപയോഗിച്ചിരുന്നില്ല.

വാസ്തവത്തിൽ ആഹാരം അന്നൊരു വലിയ പ്രശ്നമേ അല്ലായിരുന്നു. കരയിൽനിന്നൊടുക്കുന്ന സാധനങ്ങളും കടൽയാത്രയിൽ കിട്ടുന്ന മത്സ്യങ്ങളുംതന്നെയാണ് അന്നുപയോഗിച്ചിരുന്നതു്. ഈ രണ്ടുതരത്തിൽ ഉള്ള ആഹാരസാധനങ്ങളിൽ ഏതെങ്കിലും ഒന്ന് തിതികാക്കയാൽ പരാജിതനാക്കപ്പെട്ട് പെറുവിൽനിന്നും സമുദ്രയാത്രക്കിറങ്ങിയ കോൺടിക്കി സ്വീകരിച്ചിരുന്നു എന്നൂഹിക്കാൻ ഞങ്ങൾക്കു ന്യായങ്ങളുണ്ടായിരുന്നു. സൂൎയ്യാരാധകന്മാരുടെയിടയിൽ സൂൎയ്യൻെറ പ്രതിനിധിയായിരുന്ന അദ്ദേഹം സമാധാനപൂൎണ്ണമായ പുതിയ സ്ഥലം തേടി ഇറങ്ങിയപ്പോൾ സൂൎയ്യനെത്തന്നെ ആധാരമാക്കി യാത്രചെയ്തിരിക്കാനെ ഇടയുള്ളു. തെക്കേ അമേരിക്കയുടെ തീരംവഴി മേല്പോട്ടു സഞ്ചരിച്ച് വേറൊരു പുതിയ സാമ്രാജ്യം സ്ഥാപിക്കുക എന്നുള്ളതായിരുന്നു ശത്രുബാധയിൽനിന്നുമകലാൻ അദ്ദേഹത്തിനു ലഭിച്ച പോംവഴി. അങ്ങനെ തീരപ്രദേശത്തെ പാറക്കെട്ടുകളിൽനിന്നും ശത്രുക്കളിൽനിന്നും രക്ഷനേടാൻ വേണ്ടിയുള്ള വ്യഗ്രതയിൽ തെക്കുകിഴക്കൻ കാററിലും ഹംബോൾട്ട് പ്രവാഹത്തിലും പെട്ട് ഞങ്ങളെപ്പോലെ അദ്ദേഹവും അൎദ്ധചന്ദ്രാകൃതിയിൽ പടിഞ്ഞാറോട്ടുതന്നെ പോയിരിക്കാനെ ഇടയുള്ളു.

കരയിൽനിന്നും യാത്രതിരിച്ചപ്പോൾ ആ സൂൎയ്യാരാധകന്മാരുടെ ഉദ്ദേശ്യം എന്തുതന്നെ ആയിരുന്നാലും ശരി, അവർ കൈവശം ആഹാരസാധനങ്ങൾ കരുതിയിരുന്നു എന്നുള്ളതു തീൎച്ചയാണ്. ഉണക്കമത്സ്യങ്ങളും മാംസവും മധുരക്കിഴങ്ങുകളും ആയിരുന്നു അവരുടെ

പ്രധാന ആഹാരം. പെറുവിലെ ഉഷ്ണതീരം വിട്ടു ചങ്ങാടത്തിൽ കയറിയ അവർ കുടിക്കാൻ ധാരാളം വെള്ളവും കരുതിയിരുന്നു. മൺകുടങ്ങൾ തട്ടോ മുട്ടോ ഏററാൽ തകൎന്നുപോകും. അതിനാൽ അതിനു പററിയ വൃക്ഷങ്ങളുടെ തൊലി ജലം സംഭരിക്കാൻ അവരുപയോഗപ്പെടുത്തിയിരിക്കണം. ഇതുപോലെയുള്ള യാത്രകളിൽ ജലം സംഭരിച്ചുവെയ്ക്കാൻ മുളംകുഴലുകളാണേററവും പററിയതു്. മുട്ടുകളുള്ള ഭാഗം അകത്തു തുരന്നു് ഒരടപ്പും ഇട്ടാൽ അതു വളരെയധികം സൌകൎയ്യപ്രദമായിരിക്കും എന്നു മാത്രമല്ല, ചങ്ങാടത്തിൽ കെട്ടിയിട്ടിരുന്നാൽ മദ്ധ്യരേഖയിൽനിന്നുമൊഴുകുന്ന ശീതജലപ്രവാഹമേററു് അതെപ്പോഴും ശീതളത്വം വിടാതെ ഇരുന്നു കൊള്ളുകയും ചെയ്യും. അങ്ങനെ ചെയ്താൽ വളരെ കൂടുതൽ വെള്ളം സംഭരിക്കുവാനും സാധിക്കും. അതുകൊണ്ടു് ചങ്ങാടത്തിനു പറയത്തക്ക ഭാരമൊന്നും ഉണ്ടാകുകയില്ല. അതിനായി സ്ഥലംമിനക്കെടുത്തേണ്ട ആവശ്യവും നേരിടുകയില്ല. രണ്ടുമാസം കഴിഞ്ഞപ്പോൾ വെള്ളത്തിൻെറ പുതുമ നശിച്ചു. അതു രുചികരമല്ലാതായിത്തീരുകയും ചെയ്തു. ഇത്തരം സന്ദർഭങ്ങളിൽ മഴകുറവായ സ്ഥലം കടന്നു് ധാരാളം മഴയുള്ളിടത്തു് ചെല്ലേണ്ടതെത്രയും അത്യാവശ്യമാണു്. ഓരോ ദിവസത്തേയ്ക്കും ഞങ്ങളോരോരുത്തൎക്കും കാൽ ഗ്യാലൻ വെള്ളം വീതം കരുതിയിരുന്നു. അതുതന്നെ ഞങ്ങൾ മുഴുവൻ ഉപയോഗിച്ചിരുന്നുമില്ല.

വേണ്ടത്ര ജലം സംഭരിച്ചുകൊണ്ടായിരിക്കണം ഞങ്ങളുടെ പൂൎവ്വികന്മാർ അന്നു സമുദ്രയാത്രയ്ക്കിറങ്ങിയതു്.

അല്ലെങ്കിൽതന്നെയും സാരമില്ല. മത്സ്യം ധാരാളമുള്ള സ്ഥലത്തുകൂടി പ്രവാഹഗതിയെ തുടൎന്നുപോയ അവൎക്കു ജലദൌർലഭ്യംകൊണ്ടുള്ള ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വന്നിരിക്കുകയില്ല. ഞങ്ങളുടെ യാത്രയിലൊരുദിവസം പോലും മത്സ്യം ചങ്ങാടത്തിനടുത്തു വരാതിരുന്നിട്ടില്ല. അവയെ പിടിച്ചെടുക്കാൻ ഞങ്ങൾക്കു നിഷ്പ്രയാസം സാധിച്ചുമിരുന്നു. ഞങ്ങളുടെ പ്രേരണ കൂടാതെതന്നെ പറക്കും മത്സ്യങ്ങൾ ചങ്ങാടത്തിൽ വന്നു വീഴുന്നുണ്ടായിരുന്നു. കൂടാതെ അലകൾ പിന്നിൽനിന്നുമടിക്കുമ്പോൾ അതുവഴിയും ചങ്ങാടത്തിൽ ധാരാളം മത്സ്യങ്ങൾ പെട്ടുപോകാറുണ്ടായിരുന്നു. അരിപ്പകളിലരിച്ചെടുക്കുന്നതുപോലെ തടികളുടെ വിടവിലൂടെ വെള്ളം വാൎന്നു പൊയ്ക്കൊള്ളും. മത്സ്യം ചങ്ങാടത്തിൽ ശേഷിക്കുകയും ചെയ്യും. ഇത്തരം പരിതഃസ്ഥിതികളിൽ ആൎക്കും പട്ടിണി കിടക്കുക സാദ്ധ്യമല്ലല്ലോ. പച്ച മത്സ്യത്തെ കടിച്ച് അതിൽനിന്നുമൂറുന്ന ജലാംശംകൊണ്ടു് ദാഹശമനം കൈവരുത്താമെന്നു് പ്രാചീന പെറുവിയന്മാൎക്കറിയാമായിരുന്നു. ഇക്കാൎയ്യം കഴിഞ്ഞ യുദ്ധത്തിൽ കപ്പലപകടത്തിൽപ്പെട്ട ചില നാവികന്മാരും മനസ്സിലാക്കി പ്രയോഗിച്ചിരുന്നു. മത്സ്യത്തെ തുണിയിൽ പൊതിഞ്ഞു് പിഴിഞ്ഞാലും അതിനുള്ളിലെ ദ്രാവകം എടുത്തുപയോഗിക്കാം. വളരെ വലിയ മത്സ്യമാണെങ്കിൽ അതിൻെറ പള്ളയ്ക്കു് ഒരു ദ്വാരമുണ്ടാക്കിയാൽ മതി; അതിലൂടെ ജലമൂറി വന്നുകൊള്ളും. പക്ഷേ ഇതു രുചികരമായിരിക്കുകയില്ല. ലവണാംശം വളരെ കുറവായതുകൊണ്ടു് ദാഹശമനത്തിനതു ധാരാളം മതി

യാകും. മുടങ്ങാതെ കുളിക്കുകയും ഈറപ്പും വിടാതെ ശരീരം സൂക്ഷിച്ച് കുടിലിനുള്ളിൽ കഴിയുകയും ചെയ്താൽ വെള്ളത്തിൻെറ ആവശ്യം വളരെ കുറയ്ക്കുവാൻ ഞങ്ങൾക്കു കഴിയുമായിരുന്നു. വല്ല ഷാർക്കോ തിമിംഗലമോ ഞങ്ങളുടെ ചങ്ങാടത്തിൻെറ അടുക്കൽ വന്നു ചുററിക്കറങ്ങി ഞങ്ങളുടെ കുളി മുടക്കുകയാണെങ്കിൽ അമരത്തു വന്ന് കയറിൽ പിടിച്ചു കിടന്നാലും മതി; ആ പ്രശ്നത്തിനു പരിഹാരമാകും. ഏതാനും നിമിഷങ്ങൾ ഇടവിട്ട് ശാന്തസമുദ്രത്തിലെ പളുങ്കുപോലെ നിർമ്മലമായ ജലം കോരിത്തളിച്ചുകൊള്ളും. ചൂടധികമേററാൽ ശരീരത്തിനു വെള്ളം കൂടുതലാവശ്യമാണെന്നു ചിലർ വിചാരിക്കുന്നു. കൂടുതൽ വെള്ളം ഉപയോഗിക്കുകയും ചെയ്യും. അതുകൊണ്ടു വലിയ പ്രയോജനമൊന്നുമില്ലെന്നു മനസ്സിലാക്കണം. ഉഷ്ണമേഖലയിൽ വളരെ ചൂടുള്ള ദിവസങ്ങളിൽ നിങ്ങൾ മുക്കററം വെള്ളം കുടിച്ചാലും നിങ്ങളുടെ ദാഹത്തിനൊരു ശമനവുമുണ്ടാകുകയില്ല. അന്നേരം ശരീരത്തിനാവശ്യം വെള്ളമല്ല, ഉപ്പാണ്. വിയപ്പിലൂടെ ശരീരത്തിൽനിന്നും ലവണാംശം വെളിയിൽ പോകുന്നുണ്ടു്. അതിനു പരിഹാരമായി അത്യധികം ചൂടുള്ള ദിവസങ്ങളിൽ ഉപയോഗിക്കാൻ വേണ്ടി ഞങ്ങൾ ആഹാരപദാർത്ഥങ്ങളോടൊന്നിച്ച് ഉപ്പും കരുതിയിട്ടുണ്ടായിരുന്നു. കാററടങ്ങുകയും സൂര്യന്റെ രശ്മി അതിതീക്ഷ്ണമായി പതിക്കുകയുംചെയ്ത ചില ദിവസങ്ങളിൽ ഞങ്ങൾക്കങ്ങനെ അനുഭവപ്പെട്ടിട്ടുണ്ടു്. ഞങ്ങൾക്കൊരുദിവസമനുവദിക്കപ്പെട്ടിട്ടുള്ള വെള്ളം മുഴുവൻ കുടിച്ചിട്ടും ദാഹത്തിനൊരു കുറവുമുണ്ടായിട്ടില്ല. അത്തരം

സന്ദർഭങ്ങളിൽ ഇരുപതു മുതൽ നാല്പതുവരെ ശതമാനം കടൽവെള്ളം കൂടി ചേൎത്തു് ഞങ്ങൾ വെള്ളം കുടിച്ചു നോക്കി. ഫലം അത്ഭുതമെന്നു പറയട്ടെ; ഈ മിശ്രിതമായ ജലം ഞങ്ങളുടെ ദാഹം ശമിപ്പിച്ചു. കുറച്ചുദിവസത്തേയ്ക്കു് തൊണ്ടയിലുപ്പുരസം ഊറി വന്നിരുന്നു എങ്കിലും, ഞങ്ങൾക്കു വലിയ അസുഖം ഒന്നുംതന്നെ തോന്നിയില്ല. ഞങ്ങൾക്കു് ഓരോ ദിവസവും കുടിക്കാനുള്ള വെള്ളത്തിന്റെ അളവു കൂട്ടുകയും ചെയ്തു.

ഒരുദിവസം രാവിലെ ഞങ്ങൾ ആഹാരം കഴിക്കാനിരുന്നപ്പോൾ അപ്രതീക്ഷിതമായി ഒരലയടിച്ചു കയറിവന്നു് കുടിക്കാൻവെച്ചിരുന്ന ഓട്ടമില്ലിൽ വീണു. അതു കുടിച്ചപ്പോൾ, ഓട്ടമില്ലിൽ ഉപ്പുവെള്ളം കലൎത്തി കുടിച്ചാൽ ഉപ്പുവെള്ളത്തിൽനിന്നുമുണ്ടാകുന്ന അസുഖങ്ങൾ ഒന്നും ഉണ്ടാകുകയില്ലെന്നു ഞങ്ങൾക്കു് മനസ്സിലായി.

പ്രാചീന പോളിനേഷ്യൻ ജനങ്ങൾക്കു് ചില അന്ധവിശ്വാസങ്ങളെല്ലാം ഉണ്ടായിരുന്നു. അവരുടെ പൂൎവ്വികന്മാർ കടൽ താണ്ടി പോളിനേഷ്യയിൽ ചെന്നപ്പോൾ ഏതോ ചിലതരം ചെടികളുടെ ഇലകളും അവർ കൂടെക്കൊണ്ടുപോയിരുന്നു എന്നും, അതു ചവച്ചപ്പോൾ ദാഹശമനമുണ്ടായി എന്നും അവരുടെയിടയിലുള്ള വിശ്വാസമാണു്. സമുദ്രജലത്തിന്റെ ഉപ്പുരസം മാററി അതിനെ ശുദ്ധീകരിക്കാനും ആ ചെടിക്കു ശക്തിയുണ്ടെന്നവർ വിശ്വസിച്ചിരുന്നു. ദക്ഷിണസമുദ്രദ്വീപുകളിൽ ആ ജാതി ചെടികൾ വളൎന്നിരുന്നില്ല. അതിനാലവ അവരുടെ പിതാമഹന്മാരുടെ രാജ്യത്തു

വളൎന്നിരുന്നതായിരിക്കണം. പോളിനേഷ്യൻ ചരിത്രകാരന്മാർ മേൽപ്പറയപ്പെട്ട പ്രസ്താവനകളിലുറച്ചുനിന്നതുകൊണ്ടു് ആധുനികഗവേഷകന്മാർ ആ കാൎയ്യം ചിന്താൎഹമാക്കിക്കൊണ്ടു് അപ്രകാരം ശക്തിയുള്ള ചെടി കൊക്കാച്ചെടിയാണെന്നും അതു് പെറുവിൻെറ തീരത്തു് വളൎന്നിരുന്നെന്നും ഉള്ള നിഗമനത്തിലെത്തിച്ചേൎന്നു. ഇങ്കാവംശജരും അവരുടെ പൂൎവ്വികന്മാരും അതുപയോഗിച്ചിരുന്നു എന്നുള്ളതിനു വേണ്ട തെളിവുകൾ അക്കാലത്തെ ഇങ്കാജനങ്ങളുടെ ശവക്കല്ലറകളിൽനിന്നും കണ്ടെടുത്തിട്ടുണ്ടു്. പൎവ്വതാരോഹണത്തിലും കടൽയാത്രയിലും ദാഹവും ക്ഷീണവുമുണ്ടാകാതിരിപ്പാൻ അവർ മേല്പടി ചെടിയുടെ ഇലകൾ ധാരാളമായി കൂടെക്കൊണ്ടുപോകുകയും അവ ചവയ്ക്കുകയും പതിവായിരുന്നു. ആ ഇല ചവച്ചാൽ കുറച്ചുസമയത്തേയ്ക്കു് സമുദ്രജലം കുടിച്ചാലുണ്ടാകുന്ന അസുഖത്തെ തടയാനും കഴിഞ്ഞിരുന്നു.

ഞങ്ങളുടെ കോൺടിക്കി യാത്രയിൽ ഞങ്ങളാ ചെടിയുടെ ശക്തി പരീക്ഷിച്ചുനോക്കുകയുണ്ടായില്ല. പക്ഷേ ദക്ഷിണസമുദ്രദ്വീപുകളിൽ കൂടുതൽ ഫലപ്രദമായ മറെറാരുതരം ചെടികൾ ഞങ്ങൾ ധാരാളം കുട്ടകളിൽ ശേഖരിച്ചുകൊണ്ടു പോന്നിട്ടുണ്ടായിരുന്നു. കുടിലിൻെറ ഭിത്തിയോടുചേൎത്തു് ആ കുട്ടകൾ ഭദ്രമായി ബന്ധിച്ചിരുന്നു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ തളിരും ഇലകളും പൊടിച്ചു് ആ ചെടികൾ വളൎന്നുതുടങ്ങി. ഞങ്ങളുടെ തടിച്ചങ്ങാടത്തിൽ ആ ചെടികൾ ഉഷ്ണമേഖലയിലെ ഒരുദ്യാനംപോലെ പരിശോഭിച്ചു. യൂറോപ്പിൽനിന്നും ആദ്യം ശാന്തസമുദ്രദ്വീപുകളിൽ എത്തി

യ പാശ്ചാത്യർ ഈസ്റ്റർ, ഹാവായ്, ന്യൂസിലൻറ് എന്നീ ദ്വീപുകളിലും മധുരക്കിഴങ്ങുതോട്ടങ്ങൾ കാണുകയുണ്ടായി. പോളിനേഷ്യൻ ദ്വീപുകളിലും മററു ദ്വീപുകളിലും മധുരക്കിഴങ്ങു കൃഷി ചെയ്യപ്പെട്ടിരുന്നു. അവിടെനിന്നും പടിഞ്ഞാറുമാറിയുള്ള പ്രദേശങ്ങളിൽ അതു് അറിയപ്പെട്ടിരുന്നില്ല. ആ ദ്വീപുകളിൽ സമൃദ്ധിയായി കൃഷിചെയ്യപ്പെട്ടുന്ന പ്രധാനപ്പെട്ട ഒന്നാണു് മധുരക്കിഴങ്ങ്. ഇതൊഴിച്ചാൽ ആ ദ്വീപവാസികളുടെ പ്രധാന ആഹാരം മത്സ്യംതന്നെയായിരുന്നു. മധുരക്കിഴങ്ങിനെ കുറിച്ചു് പല പോളിനേഷ്യൻ കെട്ടുകഥകളും പ്രചരിച്ചിട്ടുണ്ടു്. മധുരക്കിഴങ്ങ് പ്രധാനാഹാരമാക്കിയിരുന്ന തൻെറ പൂർവ്വികന്മാരുടെ നാട്ടിൽനിന്നും ടിക്കി തൻെറ ഭാര്യയായ വാനിയുമൊന്നിച്ചു് ഇങ്ങോട്ടു വന്നപ്പോൾ അതു കൂടെക്കൊണ്ടുവന്നതായിരുന്നു എന്നാണു് പൌരാണികാഭിപ്രായം. തടിച്ചങ്ങാടത്തിൽ കൊണ്ടുവന്നതാണീ ചെടിയെന്നു് ന്യൂസിലൻറുകാരുടെയിടയിൽ ഒരു കഥ പ്രചരിച്ചിട്ടുണ്ടു്. പാശ്ചാത്യരുടെ ആഗമനത്തിനും മുമ്പു് അമേരിക്കയിലല്ലാതെ മധുരക്കിഴങ്ങ് മറെറാരിടത്തും കൃഷിചെയ്യപ്പെട്ടിരുന്നില്ല എന്നാണറിവായിരിക്കുന്നതു്. ടിക്കി പോളിനേഷ്യയിലേക്കു കൊണ്ടുവന്ന അതേ മധുരക്കിഴങ്ങുതന്നെയാണു് അതിപ്രാചീനകാലം മുതല്ക്കേ റെഡ്ഇൻഡ്യക്കാർ പെറുവിൽ കൃഷിചെയ്തിരുന്നതു്. പോളിനേഷ്യയിലെ സമുദ്രസഞ്ചാരികളുടെയും പെറുവിലെ പ്രാചീനജനങ്ങളുടെയും പ്രധാന ആഹാരം ഉണങ്ങിയ മധുരക്കിഴങ്ങുതന്നെയായിരുന്നു. വേണ്ടവണ്ണം ശുശ്രൂഷിച്ചു കൃഷിചെയ്താൽ

അവ ദക്ഷിണദ്വീപസമൂഹങ്ങളിലും നല്ലപോലെ വളരും. ഉപ്പുവെള്ളം മധുരക്കിഴങ്ങിൻെറ വളൎച്ചയ്ക്കു് തീരെ സഹായകരമല്ല. അതിനാൽ പെറുവിൽനിന്നും സമുദ്രജലപ്രവാഹത്തിലൂടെ സഞ്ചരിച്ചു് ഈ ദ്വീപുകളിലതു വ്യാപിച്ചു എന്നു സമൎത്ഥിക്കാൻ ശ്രമിക്കുന്നതു് നിഷ്പ്രയോജനമാണു്. പലതിലേക്കും വെളിച്ചം വീശുന്ന അതിപ്രധാനമായ ഒരു തത്ത്വത്തെ മറെറാരു രീതിയിൽ സ്ഥാപിക്കാനുള്ള വ്യൎത്ഥശ്രമം സ്വാഗതാൎഹവുമല്ല. ചിന്നിച്ചിതറിക്കിടക്കുന്ന ദക്ഷിണസമുദ്രദ്വീപുകളിൽ മധുരക്കിഴങ്ങിനു നല്കിയിരിക്കുന്ന പേരു് കുമര എന്നാണു്. പെറുവിലെ അതിപ്രാചീനരായ റെഡ് ഇൻഡ്യാക്കാരും അതേ പേരുകൊണ്ടുതന്നെയായിരുന്നു അതിനെ വ്യവഹരിച്ചിരുന്നതും. ഈ പേരുതന്നെയാണു് ദക്ഷിണസമുദ്രദ്വീപുകളിലേക്കു വ്യാപിച്ചതു്. പോളിനേഷ്യയിൽ വളരെ സമൃദ്ധിയായി കൃഷിചെയ്യപ്പെട്ടുവരുന്നതും തങ്ങളുടെ ചങ്ങാടത്തിലുണ്ടായിരുന്നതുമായ മറെറാരു പ്രധാനപ്പെട്ട ചെടി ചുരക്കാവൎഗ്ഗത്തിൽപ്പെട്ടതാണു്. അതിൻെറ തോടിനു വളരെ പ്രാധാന്യമുണ്ടു്. പോളിനേഷ്യക്കാർ അതു് തീയിലുണക്കി വെള്ളം എടുക്കാൻ പാത്രമായി ഉപയോഗിച്ചിരുന്നു. ഈ പ്രത്യേകതരം ചെടിയും സമുദ്രത്തിലൂടെയൊഴുകി ആ ദ്വീപുകളിൽ പ്രചുരപ്രചാരമായിത്തീൎന്നു എന്നു പറയുന്നതു് യുക്തിക്കു നിരക്കുന്നതല്ല. പോളിനേഷ്യൻ ജനങ്ങൾക്കും പ്രാചീന പെറുവിയന്മാൎക്കും പരസ്പരം എന്തോ ബന്ധമുണ്ടായിരുന്നിരിക്കണം. ചുരക്കാവൎഗ്ഗത്തിൽപെട്ട ആ ചെടിയുടെ കായ് ഉണക്കി വെള്ളം എടുക്കാൻ

ഉപയോഗിച്ചിരുന്നു എന്നുള്ളതിന് പെറുവിലെ മരുഭൂസദൃശമായ തീരത്തിലുള്ള ചരിത്രാതീതകാലങ്ങളിലെ ശവകുടീരങ്ങളിൽനിന്നും തെളിവുകൾ കണ്ടുകിട്ടിയിട്ടുണ്ട്. എന്നു മാത്രവുമല്ല ആദ്യസംഘം ആളുകൾ ശാന്തസമുദ്രദ്വീപുകളിൽ കുടിയേറിപ്പാക്കുന്നതിനും വളരെ മുമ്പ് അന്നാട്ടിലെ മുക്കുവർ ആ ചെടികൾ തങ്ങളുടെ നിത്യജീവിതത്തിൽ ഉപയോഗിക്കുകയും ചെയ്തിരുന്നു. പെറുവിയൻ സംസ്കാരം അഗാധമായി വേരുറച്ച മദ്ധ്യഅമേരിക്കയിലെ റെഡ്ഇൻഡ്യാക്കാരുടെ ഇടയിൽ ആ ചെടിക്കു നല്കിയിരുന്ന പേരു് കിമി എന്നുള്ള പോളിനേഷ്യൻ നാമധേയംതന്നെയാണുതാനും.

തെക്കൻ ദ്വീപുകളിൽ കാണപ്പെടുന്ന ചിലയിനം പഴങ്ങളും ഞങ്ങളുടെ കയ്യിലുണ്ടായിരുന്നു. അവ ചീയുന്നതിനുമുമ്പ് ഞങ്ങൾ തിന്നു തീർത്തുകളഞ്ഞു. അവ കൂടാതെ മൂന്നാമതൊരുതരം ചെടിയും ഞങ്ങളുടെ ചങ്ങാടത്തിൽ ഉണ്ടായിരുന്നു. ശാന്തസമുദ്രചരിത്രത്തിൽ അതിപ്രധാനമായ ഒരു പങ്ക് മധുരക്കിഴങ്ങിനോടൊപ്പം അതിനുമുണ്ട്. ഇരുന്നൂറു നാളികേരം ഞങ്ങളുടെ ചങ്ങാടത്തിലുണ്ടായിരുന്നു. മധുരമായ പാനീയം ഞങ്ങൾക്കവ നല്കിയെന്നുതന്നെയുമല്ല, ഞങ്ങളുടെ പല്ലിന് നല്ല വ്യായാമത്തിനുള്ള വകയും അവ പ്രദാനം ചെയ്തു. അവയിൽ പലതും കിളിച്ചു. പത്താഴ്ച കഴിഞ്ഞപ്പോൾ ഏകദേശം അര ഡസൻ തൈത്തെങ്ങുകൾ ഒരടിപൊക്കത്തിൽ ഇലകൾ വിതിർത്ത് വളർന്നു കഴിഞ്ഞിരുന്നു. കൊളംബസിനും മുമ്പ് പനാമാകരയിടുക്കിലും തെക്കേ അമേരിക്കയിലും തെങ്ങുകൾ ധാരാളം ഉണ്ടായിരുന്നു.

സ്പെയിൻകാരുടെ ആഗമനകാലത്തു് പെറുവിലെ തീര പ്രദേശങ്ങളിൽ ധാരാളം കേരവൃക്ഷങ്ങൾ ഉണ്ടായിരുന്ന തായി ഒവീഡോ എന്ന ചരിത്രകാരൻ രേഖപ്പെടുത്തി യിരിക്കുന്നു. ഉറച്ച ചിരട്ടയുണ്ടെങ്കിലും മനുഷ്യസഹാ യംകൂടാതെ തേങ്ങ സമുദ്രം കടന്നു വരികയില്ലെന്നുള്ള കാര്യം വ്യക്തമാണു്. കുട്ടകളിൽ തിന്നാൻ പാകത്തി നുള്ള തേങ്ങകൾ ഉണ്ടായിരുന്നു. അവ വഴിയിൽ വെ ച്ചു് മുളയ്ക്കുമെന്നുള്ള കാര്യം തീർച്ചയാണു്. പക്ഷേ അ വയിൽ പകുതിയും ചങ്ങാടത്തട്ടിനടിയിലാണു് സൂക്ഷി ച്ചിരുന്നതു്. അലകളവയെ തലോടിക്കൊണ്ടുമിരുന്നു. ഉപ്പുവെള്ളം അവയ്ക്കു ദോഷകരമാണെന്നും ഞങ്ങൾക്കനു ഭവമായി. കാററുപിടിച്ചു് ഓടുന്ന ബാൽസാതടി കൾക്കൊപ്പം കടലിൽ തേങ്ങകൾക്കു മുന്നോട്ടുപോകാൻ പററുകയില്ല. തേങ്ങാക്കണ്ണു് നനവുപററി കുതിന്നു് സ മുദ്രജലം അകത്തു കയറി നശിച്ചുപോകും. അല്ലെങ്കിൽ തന്നെയും സമുദ്രത്തിലെ ജന്തുക്കൾ ആഹാരപദാർത്ഥങ്ങ ളൊന്നും ഒഴുകി വളരെ ദൂരം പോകാനനുവദിക്കുകയുമില്ല.

പ്രശാന്തമായ ദിവസങ്ങളിൽ ഞങ്ങൾ ആ നീല ക്കടലിൽ പൊങ്ങിക്കിടക്കുന്ന വെള്ളത്തൂവലുകൾക്കിടെത്തു കൂടി ചിലപ്പോൾ യാത്ര ചെയ്യാറുണ്ടായിരുന്നു. കരയിൽ നിന്നും അനേകകാതം വഴി ദൂരെ സമുദ്രത്തിൽ ഉറ ങ്ങാൻ കഴിയുന്ന അസംഖ്യം ജലചരപക്ഷികളെ ഞ ങ്ങൾ കണ്ടിട്ടുണ്ടു്. ഒരിക്കൽ ഞങ്ങൾ കണ്ട ഒരു തൂവൽ ചങ്ങാടത്തിനടുത്തു വന്നപ്പോഴാണു് അതിൽ രണ്ടുമൂന്നു യാത്രക്കാരെ ഞങ്ങൾ കണ്ടതു്.

കോൺടിക്കി അവയെ കടന്നുപോകാൻ തുടങ്ങി

യപ്പോൾ അതിൻെറ വേഗതയും അതിലെ സ്ഥലസൌ
കര്യവും മനസ്സിലാക്കി സമുദ്രജലത്തിലൂടെ അവ അതി
വേഗത്തിൽ ചാടിച്ചാടി ചങ്ങാടത്തിൽ വന്നുകയറി ഇരു
പ്പുറപ്പിച്ചു. ക്രമേണ കോൺടിക്കി ഇത്തരം സൌജ
ന്യ യാത്രക്കാരെക്കൊണ്ടു് നിറയാൻ തുടങ്ങി. അവ
പുറംകടലിലെ ഞണ്ടുകളായിരുന്നു. അവയ്ക്കു വലിയ
വലിപ്പമൊന്നുമുണ്ടായിരുന്നില്ല. ഞങ്ങൾക്കവയെ നിഷ്പ്ര
യാസം പിടിച്ചെടുക്കാൻ കഴിയുമായിരുന്നു. അത്രയ്ക്കു്
ക്ഷുദ്രജീവികളായിരുന്നു അവ. ഉപരിതലത്തിലെ പോ
ലീസുകാരായിരുന്നു ആ ഞണ്ടുകൾ. എന്തെങ്കിലും തി
ന്നാനുള്ള സാധനം കണ്ടാലവ അതുപേക്ഷിക്കുകയില്ല.
ചങ്ങാടത്തിൽ വീണുകിടക്കുന്ന പറക്കുംമത്സ്യങ്ങൾ ഞ
ങ്ങളുടെ പാചകക്കാരൻെറ ദൃഷ്ടിയിൽപെട്ടില്ലെങ്കിൽ
അടുത്തദിവസം അവ എട്ടുപത്തു ഞണ്ടുകളെക്കൊണ്ടു്
മൂടിക്കഴിയും. ഞങ്ങളെ അടുക്കലെങ്ങാനും കണ്ടാൽ അ
വ ഭയന്നോടി ഒളിക്കുകയും ചെയ്യും. പങ്കായമുറപ്പിച്ചി
രുന്ന തടികളുടെ വിടവിൽ അവയിലൊന്നു് സ്ഥിരവാ
സമുറപ്പിച്ചു. ഞങ്ങളോടതു് നല്ലവണ്ണം ഇണങ്ങി സ്നേ
ഹഭാവത്തിൽ വർത്തിച്ചു. ഞങ്ങളതിനു് ജൊഹാനസ്
എന്ന ഓമനപ്പേരു നല്കി. ക്രമേണ ആ ഞണ്ടു് ഞങ്ങ
ളിൽ ഒന്നായിത്തീർന്നു. സൂര്യാതപമേല്ക്കുന്ന അവസര
ങ്ങളിൽ തിരിഞ്ഞിരുന്നു പങ്കായം പിടിച്ചാൽ അമര
ക്കാരനു് അതിൻെറ സഹിതം കിട്ടുകയില്ല. തന്നെയു
മല്ല അനന്തമായ നീലപ്പരപ്പിൽ നോക്കിയിരിക്കേണ്ടി
വരുന്ന അയാൾക്കു് ഏകാന്തത അനുഭവപ്പെടുകയും
ചെയ്യും. മററു ഞണ്ടുകൾ ഞങ്ങളുടെ കണ്ണിൽപെടാതെ

ചങ്ങാടത്തിലവിടവിടെ ഓടിനടന്നു് പാററകളെപ്പോ ലെ കണ്ണിൽ കാണുന്നതെല്ലാം കവൎന്നുതിന്നുമായിരുന്നു. എന്നാൽ ജൊഹാനസ് താനേതൊന്നിത്തം യാതൊന്നും കാണിച്ചിരുന്നില്ല. അതു് അമരക്കാരൻ മാറുന്നതു് പ്രതീക്ഷയോടെ നോക്കിക്കൊണ്ടു് അതിൻെറ സങ്കേത ത്തിൽതന്നെ കാത്തിരിക്കുമായിരുന്നു. അമരം പിടി ക്കാൻ ചെല്ലുന്ന ഞങ്ങളോരോരുത്തരും ഒരുകഷണം ബി സ്കറോറാ മത്സ്യമോ ജൊഹാനസിനു കൊടുക്കുക പതി വായിരുന്നു. ഞങ്ങളുതിരിക്കുന്ന വിടവിലേയ്ക്കൊന്നു കു നിഞ്ഞുനോക്കിയാലുടൻ അതു് ഓടിയെത്തിക്കഴിയും. ഞങ്ങളുടെ കയ്യിൽനിന്നും നേരിട്ടു് ആഹാരപദാൎത്ഥം വാങ്ങിയിട്ടു് സ്കൂൾകുട്ടികൾ വേഗം വേഗം ആഹാരം വായിലിട്ടിറക്കുന്നതുപോലെ അതു തിന്നുകയും ചെയ്യും. ഞണ്ടുകൾ കുതിൎന്ന നാളികേരത്തിൽ ചിലപ്പോൾ പ റിപ്പിടിച്ചിരിക്കും. നാളികേരം കിടന്നിളകിയാൽ ഉ ടഞ്ഞുപോകുകയും ചെയ്യും. അല്ലെങ്കിൽ അവ ചങ്ങാ ടത്തിലേയ്ക്കടിച്ചുകേറുന്ന പതം പിടിച്ചുതിന്നും. പ്ലാ ങ്ക്ടൊൻ എന്ന ക്ഷുദ്രപദാൎത്ഥം ഞങ്ങൾക്കും രുചികരമാ യ ആഹാരമായിത്തോന്നി. അസംഖ്യം പിടിച്ചെടു ക്കാൻ സാധിച്ചപ്പോൾ ഞങ്ങൾക്കാവശ്യാനുസരണം അ വയെ ഭക്ഷിക്കാൻ സാധിച്ചു. മിക്കവാറും ദൃഷ്ടിഗോച രമല്ലാതെ കടലൊഴുക്കിൽ അനന്തമായി സഞ്ചരിക്കു ന്ന ഈ ക്ഷുദ്രപദാൎത്ഥങ്ങൾ എത്രമാത്രം സ്വാദുള്ള ഭക്ഷണമാണെന്നു ക്രമേണ ഞങ്ങൾക്കു ബോദ്ധ്യമായി. പ്ലാങ്ക്ടൊൻ ആഹാരമാക്കാത്ത മത്സ്യങ്ങൾ വല്ലതും ചെ

---

പ്ലാങ്ക്ടൊൻ = പതം.

മത്തുമായ മററു് ജലജീവികളെ തിന്നായിരിക്കും ജീവിക്കുന്നതു്. സമുദ്രത്തിൻെറ ഉപരിഭാഗത്തു് ഒഴുകിപ്പോകുന്ന ദൃശ്യവും അദൃശ്യവും ആയ പരശ്ശതം അണുമാത്ര ജീവികളെയാണു് പ്ലാങ്ക്ടൊൻ എന്ന പൊതുനാമം കൊണ്ടു് വ്യവഹരിക്കുന്നതു്.

രണ്ടുതരം പ്ലാങ്ക്ടൊൻ ഉണ്ടു്. ജീവനുള്ളവയും ഇല്ലാത്തവയും. അവ രണ്ടും പരസ്പരമാഹാരമാക്കിക്കൊണ്ടാണു് കഴിയുന്നതു്. അതുപോലെതന്നെ അവ മററുള്ള ജീവികൾക്കും ആഹാരപദാർത്ഥമായിത്തീരുന്നു. വണ്ണത്തിൽ നിസ്സാരമെങ്കിലും എണ്ണത്തിൽ അവ അനന്തവും അപരിമിതവുമാണു്. ഒരുഗ്ലാസ്സ് വെള്ളത്തിൽ ആയിരമായിരം പ്ലാങ്ക്ടൊൻ കാണും. പലപ്പോഴും നടുക്കടലിൽവെച്ചു് ആവശ്യത്തിനു മത്സ്യംകിട്ടാതെ ആളുകൾ മരിച്ചിട്ടുണ്ടു്. അങ്ങനെയുള്ള അവസരങ്ങളിൽ പച്ചമത്സ്യത്തിൻെറ സൂപ്പു് വെള്ളംകലത്തിക്കഴിച്ചായിരിക്കും അവർ കഴിച്ചുകൂട്ടുന്നതു്. ചൂണ്ടയും വലയുമല്ലാതെ പററിയ മറേറതെങ്കിലും ഉപകരണംകൂടിയുണ്ടെങ്കിൽ അസംഖ്യം പ്ലാങ്ക്ടൊൻ ആഹാരമാക്കാൻ സാധിക്കും. ധാന്യം കൃഷിചെയ്യേടുക്കാനുള്ള ആശയഗതി മനുഷ്യനുണ്ടായതുപോലെ പ്ലാങ്ക്ടൊൻ കൃഷിചെയ്യേടുക്കാൻ പററിയ മാർഗ്ഗം ഒരുപക്ഷേ ഭാവി തലമുറ കണ്ടുപിടിച്ചേക്കാം. ഒരു ചെറുധാന്യം വലിയ പ്രയോജനമുള്ളതല്ല. പക്ഷേ വളരെ കൂടുതലുണ്ടെങ്കിൽ അവ ആഹാരമായിത്തീരുകയുംചെയ്യും.

പ്രസിദ്ധ ന്യസൃശാസ്ത്രജ്ഞനായ ഡാക്ടർ എ. ഡി. ബാജ്ഴ്കാവ് ആണു് ഞങ്ങൾക്കീ ആശയം സംഭാവന

ചെയ്തതു്. പ്ലാങ്ക്ടൊൻ ധാരാളമായി ശേഖരിക്കുവാൻ തക്കുന്ന ഒരു വലയും അദ്ദേഹം ഞങ്ങൾക്കു് നല്കി. പട്ടുനൂല്കൊണ്ടുള്ള വലയായിരുന്നു അതു്. അതിൽ ഒരു ചതുരശ്ര ഇഞ്ചിനു് മൂവായിരം ദ്വാരങ്ങൾ വീതമുണ്ടായിരുന്നു. ആകപ്പാടെ ഒരു കടലിന്റെ ആകൃതിയിലാണതു തുന്നിയെടുത്തിരുന്നതു്. പതിനെട്ടിഞ്ചു് വ്യാസമുള്ള ഒരു ഇരുമ്പുവലയം അതിന്റെ വായിൽ ബന്ധിച്ചിരുന്നു. ആ വല ഞങ്ങളുടെ ചങ്ങാടത്തിന്റെ പിന്നിൽ തൊട്ടുത്തിട്ടിരിക്കുകയായിരുന്നു. സമയവും സ്ഥലവുമനുസരിച്ചു് മീൻപിടുത്തത്തിനു വ്യത്യാസമുണ്ടു്. പടിഞ്ഞാറോട്ടു മാറി ചൂടുള്ള സ്ഥലത്തു് അധികം മത്സ്യം കിട്ടുകയില്ല. രാത്രിയിൽ കൂടുതൽ പ്രയോജനം കിട്ടും. ചങ്ങാടത്തിനുള്ളിൽക്കഴിയുന്ന ഞങ്ങൾക്കു് സമയം ചിലവഴിക്കാൻ മററു മാർഗ്ഗമൊന്നുമില്ലാതെ വരുമ്പോൾ ചങ്ങാടത്തിനു പിന്നിൽ പ്ലാങ്ക്ടൊനെ പിടിക്കാൻ സജ്ജമാക്കിവച്ചിരിക്കുന്ന വലയിലേക്കു നോക്കിയാൽ മതി, വിനോദത്തിനുള്ള വക ധാരാളമായി. അതിന്റെ മണം അശേഷം ആസ്വാദ്യകരമല്ല. കാഴ്ചയിലും അതുപോലെതന്നെ. അവയെക്കാണുകയൊ മണം പിടിക്കുകയൊ ആയിരുന്നില്ല ഞങ്ങളുടെ ഉദ്ദേശ്യം. പിന്നെന്താണു് ഞങ്ങളെ ആകർഷിച്ചതെന്നു ചോദിച്ചാൽ പറയാം. പല ആകൃതിയും വർണ്ണപ്പകിട്ടുമുള്ള അവയെ ഒരു ബോർഡിൽ നിരത്തിവെച്ചു് പ്രത്യേകം പ്രത്യേകം പരിശോധിക്കുന്നതു് ഏററവും ഹൃദയാവർജ്ജകമായിരുന്നു.

അവയിൽ പലതും വെള്ളത്തിൽ പൊങ്ങിക്കിട

ക്കുന്ന ചെറുതരം അണുജീവികളും, ശുക്തിമത്സ്യങ്ങളുടെ കീടങ്ങളും വിവിധവർണ്ണം കലർന്ന ഞണ്ടുകളുടെ മുട്ടകളുമായിരുന്നു. വാൾട്ട് ഡിസ്നിയുടെ ഭാവനയിൽനിന്നും സമാഹരിച്ച അനേകതരം ചെറുജീവികളുടെ സമഞ്ജസ സമ്മേളനമാണ് അതെന്നു തോന്നിപ്പോകും. സൂര്യപ്രകാശം കടന്നുപോകുന്ന മസൃണമായ കടലാസുകൾ തുണ്ടുകളാക്കി നിർമ്മിക്കപ്പെട്ടവയാണോ അവയിൽ ചിലതെന്ന് ഒററനോട്ടത്തിലാരും സംശയിക്കും. വേറെ ചിലത് തൂവലിനു പകരം കഠിനചർമ്മവും ചുവന്ന കൊക്കും ഉള്ള ചെറിയ പക്ഷികളെപ്പോലെ കാണപ്പെട്ടു. പ്ലാങ്ടൊൻ സമാഹാരം ദൃഷ്ടിവിഷയമാകുമ്പോൾ അനന്തവും അസാധാരണവും അപ്രമേയവുമായ സൃഷ്ടിവൈചിത്ര്യങ്ങൾ എത്ര മഹത്തരവും അത്ഭുതവുമാണെന്ന് ഏറെക്കുറെ മനസ്സിലാക്കുവാൻ സാധിക്കും. ഒരു ഭാവനാത്മകകലാകാരൻ അവയെക്കാണുമ്പോൾ അത്ഭുതലോകത്തിൻെറ മുന്നിൽ പരാജയം സ്വയം സമ്മതിക്കും. മദ്ധ്യരേഖയിൽനിന്നും ഹംബോൾട്ട് ശീതജലപ്രവാഹം പടിഞ്ഞാറോട്ട് തിരിഞ്ഞപ്പോൾ ഇടവിട്ടിടവിട്ട് വല നിറയെ പ്ലാങ്ടൊനെ പിടിച്ചെടുക്കുവാൻ കഴിഞ്ഞു. ഞങ്ങൾ കടന്നുപോയ ആ ഭാഗത്ത് പ്ലാങ്ടൊൻ സമൃദ്ധിയായി ഉണ്ടായിരുന്നു. പച്ചയും തവിട്ടും ചുവപ്പും കലർന്ന അനേകം പാളികളായി ടിന്നിലടച്ചു സൂക്ഷിക്കപ്പെട്ടതുപോലെ ആ സ്ഥലമത്രയും പ്ലാങ്ടൊനെക്കൊണ്ടു നിറഞ്ഞിരുന്നു. പ്രകാശവസ്തുക്കൾ ചുററിനുമുള്ള രാത്രികാലങ്ങളിൽ ഒരു സഞ്ചിയിൽ വാരിനിറച്ച രത്നങ്ങളെപ്പോലെ അവ പ്രഭാപ്രസരം പരത്തിയിരുന്നു. അവയെ

പിടിച്ചു നോക്കിയാൽ സ്വയം പ്രകാശശക്തിയുള്ള അ ങ്കങ്ങളൊ മത്സ്യകീടങ്ങളൊ ആണെന്നു മനസ്സിലാകും. ഞങ്ങളവയെ ഒരു തൊട്ടിയിലോട്ടൊഴിച്ചപ്പോഠം മിന്നാ മിനുങ്ങുകളെക്കൊണ്ടുണ്ടാക്കിയ ഒരു പാനീയം പോലെ യിരുന്നു. രാത്രിയിൽ ചങ്ങാടത്തിനടുത്തുനിന്നുള്ള മീൻ പിടുത്തം വളരെയൊന്നും പ്രയോജനമുള്ളതായിരുന്നില്ല. പ്ലാങ്ക്ടൊൻെറ മണം സുഖകരമല്ലായിരുന്നു എങ്കിലും അവ വായിലൊഴിച്ചുനോക്കിയപ്പോഠം രുചികരമായി തോന്നി. അവ വളരെ ചെറുതരം ജീവികളായിരുന്നു. പക്ഷെ മത്സ്യാഹാരംപോലെതന്നെ അവയ്ക്കു് ആ സ്വാദ്യതയുമുണ്ടായിരുന്നു. ഏതായാലും അവ വിശി ഷ്ടമായ ആഹാരമായിരുന്നു എന്നുള്ളതിൽ രണ്ടുപക്ഷമി ല്ല. തിന്നാൻ കൊള്ളരുതാത്ത സസ്യവർഗ്ഗത്തിൽപ്പെട്ട ചെറുതരം പ്ലാങ്ക്ടൊൻ വലക്കണ്ണുകളിലൂടെ ചോന്നൊ ലിച്ചുപൊയ്ക്കൊള്ളും. വലുതാണെങ്കിൽ ഞങ്ങഠംക്കവെ യെ വിരലുകഠംകൊണ്ടുതന്നെ പെറുക്കി എടുക്കാനും ക ഴിയും. പന്തുപോലെ വീർത്ത കടൽച്ചൊറികളും അര ഇഞ്ചു നീളമുള്ള കടൽച്ചൊറികളും ഞങ്ങഠംക്കു കിട്ടാറു ണ്ടായിരുന്നു. ചൊറിച്ചിലുണ്ടാക്കുന്ന അത്തരം കടൽ ച്ചൊറികളെ ഞങ്ങഠംക്കുപേക്ഷിക്കേണ്ടിവന്നു. പിടി ച്ചെടുക്കുന്നവയെ എല്ലാം അങ്ങനെയൊ, പാകപ്പെടുത്തി യൊ ആണു് തിന്നേണ്ടിയിരുന്നതു്. അവയ്ക്കു രുചി വ്യത്യാസമുണ്ടായിരുന്നു. ഞങ്ങളുടെ കൂട്ടുകാരിൽ രണ്ടു പേക്കു് പ്ലാങ്ക്ടൊൻ രുചികരമായി തോന്നി. മററു ര ണ്ടുപേർ അവ വളരെ നല്ലതെന്നു് കണക്കാക്കി. ബാ ക്കി രണ്ടുപേക്കു് അവയെ കാണുകയെന്നുള്ളതുതന്നെ

വളരെയധികം തൃപ്തിക്ക വകനല്കി. പോഷകാംശത്തിൽ അവ മറേറതൊരു മത്സ്യാഹാരത്തോടും കിടപിടിക്കുമായിരുന്നു. മുളകുപൊടിയും മററും ചേർത്ത് വേണ്ടപോലെ പാകപ്പെടുത്തിയാൽ നാവികന്മാരുടെ ആഹാരം ഇഷ്ടപ്പെടുന്ന ആൎക്കും അവയൊന്നാംതരം ആഹാരമെന്നുള്ളതിൽ പക്ഷാന്തരമുണ്ടാകുകയില്ല.

ഈ അണുജീവികളിൽ വേണ്ടത്ര പോഷകാംശം അടങ്ങിയിട്ടുണ്ടെന്നുള്ളതിന് മുമ്പുകണ്ട ആ നീല മകര മത്സ്യംതന്നെ തെളിവാണ്. ലോകത്തിലേയ്ക്കും വലിയ ജീവിയായ ആ മത്സ്യം പ്ലാങ്ക്ടൊൻ തിന്നാണു ജീവിക്കുന്നതു്. ഞങ്ങളെ കടന്നുപോയ ഒരു തിമിംഗലം വായിൽ വെള്ളം കയററിയിട്ട മുഖത്തു തുന്നുകൂടി നില്ക്കുന്ന രോമങ്ങളിലൂടെ വെള്ളം വെളിയിലേയ്ക്കു വിസൎജ്ജിച്ച് പ്ലാങ്ക്ടൊനെ അരിച്ചുള്ളിലാക്കുന്നതു കണ്ടപ്പോഴാണ് വലകൊണ്ടു പ്ലാങ്ക്ടൊനെ പിടിക്കുന്ന ഞങ്ങളുടെ ഏൎപ്പാട് ഏററവും അപരിഷ്കൃതമെന്നു ഞങ്ങൾക്കു തോന്നിയതു്. ഞങ്ങളുടെ വലയുടെ കാര്യമാണെങ്കിലൊ, മത്സ്യങ്ങളതു കുറെയൊക്കെ കടിച്ചു തിന്നുകൊണ്ടുമിരുന്നു. നിങ്ങൾ എന്തുകൊണ്ട് വെള്ളം വായിൽ നിറച്ച് മീശകൊണ്ടരിച്ചു പ്ലാങ്ക്ടൊനെ തിന്നുന്നില്ല എന്ന് ഒരു തിമിംഗലത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ടോർസ്റ്റീനും ബങ്ൻറും പരിഹാസസ്വരത്തിൽ ഞങ്ങളോടു ചോദിച്ചു.

ബോട്ടിലിരുന്നുകൊണ്ടു് ദൂരെ ഞാൻ തിമിംഗലങ്ങളെ കണ്ടിട്ടുണ്ടു്. കാഴ്ചബംഗ്ലാവിലവയെ ഒന്നിച്ചു കൂട്ടിയിട്ടിരിക്കുന്നതും അതുപോലെ കണ്ടിട്ടുണ്ടു്. ആനയ

യൊ കുതിരയേയൊ സാധാരണ ഒരാളിന്ന തൊട്ടുനോക്കിയാൽ കൊള്ളാമെന്നു തോന്നാറുണ്ടല്ലൊ. അതുപോലെ അവയെ തൊടണമെന്നെനിക്കു തോന്നിയിട്ടില്ല. ഞാനൊട്ടു തൊട്ടു നോക്കിയിട്ടുമില്ല. ജന്തുശാസ്ത്രമനുസരിച്ച് തിമിംഗലം പൂൎണ്ണമായ ഒരു സസ്തനജീവിയാണെന്നു ഞാൻ സമ്മതിക്കാം. പക്ഷെ എല്ലാവിധത്തിലും അതൊരു ശീതരക്തമുള്ള മത്സ്യമാണു്. ഒരിക്കൽ കുറെ വലിയ തിമിംഗലങ്ങൾ ഞങ്ങളുടെ ചങ്ങാടത്തിനരികിൽ വന്നപ്പോൾ വ്യത്യസ്തമായ പ്രതീതിയാണു ഞങ്ങൾക്കുണ്ടായതു്. പതിവുപോലെ ചങ്ങാടത്തിന്റെ ഒരുവശത്തിരുന്നു് ഞങ്ങളാഹാരം കഴിക്കുകയായിരുന്നു. വെള്ളത്തിനു് വളരെ അടുത്തായിരുന്നതുകൊണ്ടു് പുറകോട്ടു കുനിഞ്ഞു വേണ്ടിയിരുന്നു പാത്രം കഴുകാൻ. അപ്പോൾ ഒരു നീർക്കുതിരയെപ്പോലെ എന്തോ ഒന്നു് വെള്ളം മേല്പോട്ടു ശക്തിയായി തെറിപ്പിക്കുന്ന ശബ്ദം കേട്ടു് ഞങ്ങൾ ഭയചകിതരായിപ്പോയി. അതൊരു വലിയ തിമിംഗലമായിരുന്നു. വളരെ അടുത്തെത്തി ഞങ്ങളെ അതു തുറിച്ചു നോക്കി. അതിന്റെ പുറത്തെ ദ്വാരത്തിലേയ്ക്കു നോക്കിയപ്പോൾ പോളിഷ് ചെയ്ത ഷൂപോലെ അതിനുള്ളിൽ എന്തോ ഒന്നു് പ്രകാശിക്കുന്നതു ഞങ്ങൾ കണ്ടു. ശ്വാസകോശമില്ലാത്ത സമുദ്രജീവികൾ ചെകിളകളിളക്കിക്കൊണ്ടു് നിശ്ശബ്ദമായി സഞ്ചരിക്കുകയാണു പതിവു്. അതിനാൽ ജലജന്തുക്കളുടെ ശ്വാസോച്ഛ്വാസം അനുഭവവിഷയമാകാറില്ല. സമുദ്രത്തിന്റെ അഗാധതലത്തിൽനിന്നും വളരെ ദൂരം സഞ്ചരിച്ചു ഞങ്ങളുടെ സവിധത്തിലെത്തിയ ആ തിമിംഗലത്തോടു് ഞങ്ങൾ

ക്ഷ വല്ലാത്തൊരു അനുകമ്പയുണ്ടായി. ഏതോ ഒരു സ്നേഹബന്ധം ഞങ്ങൾക്കതിനോടുള്ളതായി തോന്നുകയും ചെയ്തു. ഞങ്ങളും അതിനെപ്പോലെ വളരെ ദൂരം സഞ്ചരിച്ചവരാണ്. ഇതിനുമുമ്പു ഞങ്ങൾ കണ്ട തിമിംഗലം ശ്വാസോച്ഛ്വാസം ചെയ്യുന്നതിനുവേണ്ടി തല ജലത്തിനുപരി ഉയർത്തുന്നതു ഞങ്ങൾ കണ്ടില്ല. നല്ലവണ്ണം ആഹാരം കഴിച്ചു തടിച്ചുകൊഴുത്ത് സന്തുഷ്ടമായ ഒരു നീർക്കുതിരയെപ്പോലെ ഈ തിമിംഗലമാകട്ടെ ഞങ്ങളുടെ സമീപമെത്തി ശ്വസിക്കുകയും ചെയ്തു. അതിനാൽ ഞങ്ങളിൽനിന്നും മറയുന്നതിനുമുമ്പ് മധുരോദാരമായ ഒരനുഭൂതി അതു ഞങ്ങളുടെ ഹൃദയത്തിനുളവാക്കി.

കൂടെക്കൂടെ തിമിംഗലങ്ങൾ ഞങ്ങളെ സന്ദർശിച്ചുകൊണ്ടിരുന്നു. അക്കൂട്ടത്തിൽ കടൽപ്പന്നികളും പല്ലുള്ള തിമിംഗവങ്ങളും ഉണ്ടായിരിക്കും. അവ ജലത്തിനുപരി പൊങ്ങി കൂട്ടംകൂട്ടമായി ചങ്ങാടത്തെ വലംവയ്ക്കുമായിരുന്നു. ചിലപ്പോൾ അവയെക്കൂടാതെ അടിവരിയിൽ പല്ലുള്ള തിമിംഗലങ്ങളും ഭയംജനിപ്പിക്കുന്ന ഒരിനം ക്രൂററൻ തിമിംഗലങ്ങളും ഒരു കൂട്ടമായൊ ഒററയായൊ പ്രത്യക്ഷപ്പെടാറുണ്ടായിരുന്നു. ചക്രവാളത്തിലൂടെ നീങ്ങുന്ന കപ്പലുകൾ എന്നപോലെ അവ ചില സന്ദർഭങ്ങളിൽ വെള്ളം മേല്പോട്ടുയർത്തിക്കൊണ്ടു് ഞങ്ങളെ കടന്നുപോകാറുണ്ടു്. മററുചിലയവസരങ്ങളിൽ അവ ഞങ്ങളുടെ നേരേതന്നെ കുതിച്ചെത്തുകയും ചെയ്യും. എന്തോ ദുരുദ്ദേശത്തോടുകൂടിയെന്നപോലെ ഒരിക്കൽ ഒരു ക്രൂററൻ തിമിംഗലം ഞങ്ങളുടെ നേരേ പാഞ്ഞടുത്തപ്പോൾ അപകടകരവും ഭയങ്കരവുമായ ഒരു സംഘട്ടന

ത്തിനുതന്നെ ഞങ്ങൾ തയ്യാറായി. അതു് ക്രമേണ അ ടുത്തുകഴിഞ്ഞപ്പോൾ വെള്ളം വെളിയിലോട്ടു തള്ളി ശ ക്തിയായി ശ്വാസം ഉള്ളിലേയ്ക്കു വലിക്കുന്ന ശബ്ദം കേൾക്കാൻ കഴിഞ്ഞു. ഓരോപ്രാവശ്യം ശ്വസിക്കുമ്പോ ഴും അതു് അതിന്റെ തല ജലത്തിനുപരിഭാഗത്തായി തിരിക്കുന്നതു കാണാമായിരുന്നു. വവ്വാലിനെ കണ്ടാൽ ഒരു പക്ഷിയുടെ പ്രതീതിയല്ലല്ലോ നമുക്കുണ്ടാകുന്നതു്. അതുപോലെതന്നെ കനത്ത ചർമ്മമുള്ള ഒരു ഭയങ്കര സ്ഥ ലജീവിയാണതെന്നുള്ള ബോധമാണു ഞങ്ങൾക്കതിനെ കണ്ടപ്പോൾ ഉണ്ടായതു്. ഇടതുഭാഗത്തായി ചങ്ങാട ത്തിനു പിന്നിലതെത്തി. ഞങ്ങളഞ്ചുപേരും അപ്പോൾ പിന്നിലുണ്ടായിരുന്നു. മുമ്പിലുണ്ടായിരുന്നയാൾ അത്ത രം ഏഴോ എട്ടോ തിമിംഗലങ്ങൾ ആദ്യത്തേതിനെ പിന്തുടന്നു് ഞങ്ങളുടെ നേക്കു വരുന്നുണ്ടെന്നു വിളിച്ചു പറഞ്ഞു. ആദ്യമെത്തിയ തിമിംഗലത്തിന്റെ കറുത്തു തിളങ്ങുന്ന ആ വലിയ മുഖം ഞങ്ങളിൽനിന്നും ഏകദേ ശം രണ്ടുവാരയകലെവെച്ചു് വെള്ളത്തിൽ താഴുന്നതു് ഞങ്ങൾ കണ്ടു. പക്ഷേ താമസിയാതെ ഞങ്ങളുടെ ച ങ്ങാടത്തിനു നേരേ അടിയിൽ അതിന്റെ അതിവിസ് തൃതമായ പൃഷ്ഠഭാഗം മന്ദമന്ദം നീങ്ങാൻ തുടങ്ങി. കുറ ച്ചുനേരം ജലത്തിൽ കാളിമ പരത്തിക്കൊണ്ടതവിടെത്ത ന്നെ കിടന്നു. ഞങ്ങളുടെ ചങ്ങാടത്തേക്കാൾ നീളമുള്ള ആ തിമിംഗലത്തിന്റെ വളഞ്ഞു ഭയങ്കരമായ പൃഷ്ഠം ശ്വാസമടക്കിക്കൊണ്ടു് ഞങ്ങൾ നോക്കിനിന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ അതാ നീലജലത്തിൽ മുങ്ങി ഞങ്ങളുടെ ദൃഷ്ടിയിൽനിന്നും മറഞ്ഞു. അതിനകം മ

റുള്ളവയെല്ലാം ഞങ്ങളോടടുത്തുകഴിഞ്ഞു. അവ ഞങ്ങളെ ശ്രദ്ധിച്ചതേയില്ല. തിമിംഗലങ്ങൾ ആക്രമിക്കപ്പെട്ടാൽ മാത്രമേ അവ വാലെടുത്ത് ബലമായിട്ടടിച്ച് ബോട്ടുകൾ മുക്കുകയുള്ളു എന്നു ഞങ്ങൾക്കപ്പോൾ ബോദ്ധ്യമായി. ചിലപ്പോൾ പ്രഭാതസമയം മുഴുവനും ഞങ്ങളുടെ പ്രതീക്ഷയ്ക്കു നേരേ വിപരീതമായി ചില സ്ഥലങ്ങളിൽവെച്ച് അവ ഞങ്ങളെ ചുററിക്കറങ്ങുകയും വെള്ളം വലിച്ചുവിട്ടു ശ്വാസിക്കുകയും ചെയ്യാറുണ്ടായിരുന്നു. പക്ഷേ അവ ഞങ്ങളുടെ ചങ്ങാടത്തേയോ പങ്കായത്തേയോ സ്പർശിക്കാറില്ലായിരുന്നു. സൂര്യപ്രകാശത്തിൽ തിരമാലകൾക്കുപരി അവ ചാടിമറിഞ്ഞു് സ്വച്ഛന്ദം വിഹരിക്കുമായിരുന്നു. എന്നാൽ നട്ടുച്ചയാകുമ്പോഴത്തേയ്ക്കു് ഒരു മുന്നറിയിപ്പു കിട്ടിയതുപോലെ പെട്ടെന്നുതന്നെ അപ്രത്യക്ഷമാകുകയും ചെയ്യും.

തിമിംഗലത്തെ മാത്രമല്ല ഞങ്ങൾ ചങ്ങാടത്തിനടിയിൽ കണ്ടിരുന്നതു്. കുടിലിനകത്തെ ചൂരൽവിരിപ്പു മാററി തടികളുടെ വിടവിലൂടെ കീഴോട്ടു നോക്കിയാൽ ആ നീലജലത്തിൽ മത്സ്യത്തിൻെറ തൊങ്ങലുകളും വാലുകളും വേഗത്തിലിളകുന്നതു് ഇടയ്ക്കിടയ്ക്കു ഞങ്ങൾ കാണാറുണ്ടു്. കുറച്ചുകഴിയുമ്പോൾ അവ മുഴുവനേതന്നെ ദൃഷ്ടിഗോചരമാകുകയും ചെയ്യും. തടികളുടെ വിടവിനു് കുറച്ചുകൂടി അകൽച്ച ഉണ്ടായിരുന്നുവെങ്കിൽ അവിടെ കിടന്നുകൊണ്ടുതന്നെ ഞങ്ങൾക്കു ചൂണ്ടയിട്ടു് അവയെ പിടിക്കാൻ കഴിയുമായിരുന്നു. സാധാരണയായി ഞങ്ങളുടെ ചങ്ങാടത്തോടു ബന്ധംപുലത്തിയതു് കടൽപന്നികളും പൈലററ് മത്സ്യങ്ങളുമായിരുന്നു. കലാവാ

തുറമുഖം വിട്ടു് ശാന്തസമുദ്രപ്രവാഹത്തിൽ ഞങ്ങളാദ്യം പ്രവേശിച്ച അന്നുമുതൽ മുടങ്ങാതെ എല്ലാദിവസവും വലിയ കടൽപ്പന്നികൾ ഞങ്ങളുടെ ചുററിനും തുള്ളിക്കളിക്കാറുണ്ടായിരുന്നു. പായലും ചെടികളും കീടങ്ങളും ചങ്ങാടത്തടികളിലും പങ്കായത്തിലും തൂന്നുക്രുടിപ്പിടിച്ചു് കീഴ്പ്പോട്ടു തൂങ്ങി മാലപോലെ കിടക്കുന്നുണ്ടായിരുന്നു. അതിലോലമായി പച്ചനിറം പൂശിയതുപോലെ ആയിരുന്നു അതിൻെറ ആരംഭം. തിരമാലകളിൽ പൊങ്ങുകയും താഴുകയും ചെയ്തുകൊണ്ടിരുന്ന കോൺടിക്കി പച്ചപ്പടർപ്പുകളതിവേഗം വളൎന്നുവന്നപ്പോൾ താടിയും മീശയും വളൎത്തിയ വരുണദേവനെപ്പോലെ ആകൎഷകമായിത്തീൎന്നു. ആ പച്ചപ്പായലിനുള്ളിൽ ചെറുമത്സ്യങ്ങളും ഞണ്ടുകളും ജീവിക്കാനും തുടങ്ങി.

ചങ്ങാടത്തിൽ എറുമ്പുകൾ വൎദ്ധിക്കാൻ തുടങ്ങിയ ഒരു സമയമുണ്ടായിരുന്നു. ചില ചങ്ങാടത്തടികൾക്കുള്ളിൽ കറുത്ത എറുമ്പുകൾ അഭയം പ്രാപിച്ചിരുന്നു. ചങ്ങാടം സമുദ്രത്തിലിറക്കി തടികൾക്കു നനവു പററിയപ്പോൾ അവ വെളിയിൽ വന്നു് ഞങ്ങളുടെ കിടക്കസഞ്ചികളിലേയ്ക്കു കയറാൻ തുടങ്ങി എന്നു മാത്രവുമല്ല, ചങ്ങാടം മുഴുവൻ വ്യാപിക്കുകയും കടിച്ചു് ഞങ്ങളെ അസഹ്യപ്പെടുത്തുകയും ചെയ്തു. ചങ്ങാടംവിട്ടോടേണ്ടിവരുമെന്നുപോലും ഞങ്ങളന്നേരം വിചാരിച്ചു. ക്രമേണ ചങ്ങാടം കടലിലേയ്ക്കു നീങ്ങി തണുപ്പടിച്ചപ്പോൾ അവയ്ക്കു പററിയ സ്ഥലമിതല്ലെന്നവ മനസ്സിലാക്കിയിരിക്കണം. ഏതായാലും ഞങ്ങളക്കരെയെത്തുന്നതുവരെ ഏതാനും ചിലതു മാത്രമേ ആ സ്ഥാനത്തു പിടിച്ചു നിന്നുള്ളു.

ഞങ്ങളുടെ മേൽ ചങ്ങാടത്തിൽ സുഖമായി കഴിഞ്ഞു കൂടിയതു് ഏകദേശം ഒന്നൊന്നര ഇഞ്ച് നീളമുള്ള ചെറുതരം മത്സ്യങ്ങളായിരുന്നു. പ്രത്യേകിച്ചും കാററിന്നഭിമുഖമല്ലാത്ത ഭാഗം അവ ആക്രമിച്ചെടുത്തു വളൎന്നു പെരുകി. അവയെ പിടിച്ചു സൂപ്പുപാത്രത്തിലിട്ടുകഴിഞ്ഞാൽ പുതിയവ തൽസ്ഥാനത്തു പിടിച്ചു വളരാനും തുടങ്ങി. അവ പ്രത്യേകിച്ചും രുചികരങ്ങളായിരുന്നു. കടൽച്ചെടികൾ തിന്നാൻ കൊള്ളാമായിരുന്നെങ്കിലും അത്ര സ്വാദുള്ള ഒരു പദാൎത്ഥമായിരുന്നില്ല. കടൽപ്പന്നികൾ കടൽച്ചെടികൾ തിന്നുന്നതു ഞങ്ങൾ ഒരിക്കലും കണ്ടിട്ടില്ല. എങ്കിലും അവ തങ്ങളുടെ തിളങ്ങുന്ന വയറു മേല്പോട്ടു തിരിച്ചു് ചങ്ങാടത്തിനടിയിൽ മിക്കപ്പോഴും നീന്തിക്കൊണ്ടിരിക്കുമായിരുന്നു.

അതിമനോഹരവൎണ്ണമുള്ള പ്രകാശമത്സ്യങ്ങൾ മദ്ധ്യരേഖാസമുദ്രത്തിൻെറ പ്രത്യേകതയാണു്. അവ കടൽപ്പന്നികളാണെന്നു തെററിദ്ധരിച്ചുപോകരുതു്. കടൽപ്പന്നികൾ പല്ലുള്ള ചെറുതരം തിമിംഗലങ്ങൾതന്നെയാണു്. പ്രകാശമത്സ്യത്തിനു് സാധാരണയായി മൂന്നടി മൂന്നിഞ്ചു മുതൽ നാലടി ആറിഞ്ചുവരെ നീളമുണ്ടായിരിക്കും. വളരെ പൊന്തി നില്ക്കുന്ന തലയും കഴുത്തും നല്ലപോലെ പരന്ന പാർശ്വങ്ങളുമാണതിൻെറ ലക്ഷണം. നാലടി മൂന്നിഞ്ചു നീളവും പതിമൂന്നരയിഞ്ചുയൎന്ന തലയുമുള്ള ഒരു പ്രകാശമത്സ്യത്തെ പിടിച്ചു് ഞങ്ങൾ പരിശോധിച്ചു. സ്വൎണ്ണവൎണ്ണമുള്ള തൊങ്ങലുകളാണവയ്ക്കുള്ളതു്. നീലിച്ച വണ്ടിനെപ്പോലെ നയനാനന്ദകരമായ കാഴ്ചയാണവ നല്കുന്നതു്. അവ ചത്തുകഴി

ഞ്ഞാൽ ക്രമേണ നിറം മാറാൻ തുടങ്ങും. ആദ്യം കറുത്ത കുത്തുകളുള്ള വെള്ളിനിറമാകും. പിന്നീട്ടു മുഴുവനും തൂവെള്ളയായി മാറും. ഒരു നാലഞ്ചു മിന്നിട്ടു നേരമങ്ങനെ നില്ക്കും. അതു കഴിഞ്ഞാൽ പഴയനിറത്തിലേയ്ക്കുതു തിരിച്ചുവരും. വെള്ളത്തിൽ വെച്ചും ഈ ജാതി മത്സ്യങ്ങൾക്ക് ഓന്തിനെപ്പോലെ നിറംമാറാൻ കഴിയും. ചെമ്പൻനിറമുള്ള ഇത്തരം മത്സ്യങ്ങളെ ചിലഃപ്പോൾ കാണാറുണ്ട്. ക്രുട്ടതലട്ടത്തറിയുമ്പോഴാണവയെ തിരിച്ചറിയാൻ സാധിക്കുന്നതു്. പരന്ന പാർശ്വങ്ങളുമായി നെററിയും പൊന്തിച്ചു് ഒരു ടോർപ്പിഡോപോലെ ജലത്തിനുപരിഭാഗത്തേയ്ക്കു കുതിച്ചാമത്സ്യം പറക്കുംമത്സ്യങ്ങളുടെ പിന്നാലെ വരുമ്പോൾ ഒരു ബുൾപട്ടിയുടെ പ്രതീതിയാണുണ്ടാക്കുന്നതു്. അതിനുത്സാഹം തോന്നിയാൽ പാശ്ചം തിരിച്ചു് അതിവേഗത്തിൽ മുന്നോട്ടു കുതിച്ചു് മേല്പോട്ടു ചാടുകയും അതുപോലെതന്നെ വെള്ളത്തിലടിച്ചുവീണു് ശബ്ദമുണ്ടാക്കുകയും ജലസ്തംഭത്തെയുയർത്തുകയും ചെയ്യും. വെള്ളത്തിൽ പതിച്ചാലുടൻതന്നെ വീണ്ടും മേല്പോട്ടു ചാടും; വീണ്ടും പതിക്കും; അങ്ങനെ അലകളിൽ മറിഞ്ഞുതങ്ങകലുകയും ചെയ്യും. പിടിക്കുമ്പോൾ അതിനസുഖം തോന്നിയാലതു ഞങ്ങളെ കടിക്കും. ഒരിക്കൽ ടോർസ്റ്റീൻ തൻെറ കാലിലെ തള്ളവിരൽ ഒരു പ്രകാശമത്സ്യത്തിൻെറ വായിലേയ്ക്കു വെച്ചു കൊടുത്തു. ആ തക്കം നോക്കി അതു വായു് ബലമായി അടച്ചുകളഞ്ഞു. തന്മൂലം മുറിവേററു് വെച്ചുകെട്ടിക്കൊണ്ടുയാൾക്കു കുറച്ചുദിവസം കഴിയ്ക്കേണ്ടിവന്നു. ഈ ജാതി മത്സ്യങ്ങൾ കടലിലിറങ്ങിക്കുളിക്കുന്ന

വരെ പിടിച്ചു ഭക്ഷിക്കുമെന്നു് മടങ്ങിവന്നപ്പോൾ ആളുകൾ പറയുന്നതു ഞങ്ങൾ കേട്ടിട്ടുണ്ടു്. ഈ അഭിപ്രായം ഞങ്ങൾക്കു സ്വീകരിക്കാൻ കഴിഞ്ഞില്ല. കാരണം, നിത്യവും ഞങ്ങൾ അവയുടെ നടുവിൽ കിടന്നാണു കുളിച്ചുകൊണ്ടിരുന്നതു്; എന്നിട്ടും അവ ഞങ്ങൾക്കു യാതൊരു ശല്യവുമുണ്ടാക്കിയില്ല. പക്ഷേ അവ മററു ജീവികളെ വേട്ടയാടി ജീവിക്കുന്ന ഭയങ്കരന്മാരാണെന്നു ഞങ്ങൾക്കനുഭവമുണ്ടു്. ഞങ്ങളവയുടെ വായിൽ പറക്കും മത്സ്യങ്ങളെ കണ്ടിട്ടുണ്ടു്.

പറക്കും മത്സ്യങ്ങളാണു് ആ പ്രകാശമത്സ്യങ്ങളുടെ പ്രിയതരമായ ഭക്ഷണം. ജലത്തിനുപരി ശബ്ദം കേട്ടാൽ മതി, അവ പറക്കും മത്സ്യങ്ങളാണെന്നു കരുതി പ്രകാശമത്സ്യങ്ങൾ ആവേശത്തോടെ കുതിച്ചെത്തുകയായി. പലപ്പോഴും ഉറക്കച്ചുവയോടെ അതിരാവിലെ എണീററു പല്ലുതേയ്ക്കാൻ കുടിലിനു വെളിയിൽവന്നു് ബ്രഷ് വെള്ളത്തിൽ മുക്കുമ്പോൾ ഉഗ്രമായി കുതിച്ചുചാടുന്ന ശബ്ദമാണു ഞങ്ങളെ ശരിക്കും ഉണത്താറുള്ളതു്. മുപ്പതുറാത്തൽ തൂക്കമുള്ള ഒരു മത്സ്യം മിന്നൽവേഗത്തിൽ കുതിച്ചെത്തി ഞങ്ങളുടെ ബ്രഷ് മണപ്പിച്ചിട്ടു് നിരാശതയോടെ മടങ്ങിപ്പോകുന്ന കാഴ്ച ഞങ്ങളപ്പോൾ കാണാറുണ്ടു്. അതുപോലെതന്നെ ചങ്ങാടത്തിന്റെ ഒരുവശത്തിരുന്നു ഞങ്ങൾ ശാന്തരായി പ്രഭാതഭക്ഷണം കഴിക്കുമ്പോൾ പ്രകാശമത്സ്യം അതിന്റെ പാശ്ചഭാഗം കൊണ്ടു് മേല്പോട്ടു കുതിച്ചു് ഞങ്ങളുടെ ദേഹത്തും ആഹാരത്തിലും വെള്ളം തെറുപ്പിക്കാറുമുണ്ടു്.

ഒരുദിവസം ഞങ്ങൾ ഉച്ചഭക്ഷണം കഴിച്ചുകൊ

ണ്ടിരിക്കുകയായിരുന്നു. ടോർസ്റ്റീൻ തന്റെ കയ്യിലിരുന്ന ഫോർക്കു താഴെവെച്ചിട്ട് കൈ വെള്ളത്തിൽ മുക്കുന്നതു ഞങ്ങൾ കണ്ടു. എന്താണു സംഭവിക്കാൻ പോകുന്നതെന്ന് അറിയുന്നതിനു മുമ്പ് സമുദ്രജലം തിളച്ചു പൊങ്ങുകയും ഒരു വലിയ പ്രകാശമത്സ്യം ഞങ്ങളുടെ നടുവിൽവന്നു വീഴുകയുംചെയ്തു. അയാൾ ചൂണ്ടപിടിച്ചു വലിച്ചപ്പോൾ അതിന്റെ തലയ്ക്കൽ ഒരു പ്രകാശമത്സ്യം ഉണ്ടായിരുന്നു. കുറച്ചുദിവസം മുമ്പ് എറിക്കിന്റെ ചൂണ്ടച്ചരടിമത്സ്യമാണു പൊട്ടിച്ചതു്. ഒരുദിവസം അഞ്ചും ആറും പ്രകാശമത്സ്യങ്ങൾ പതിവായിട്ടെന്നപോലെ ഞങ്ങളെ ചുററിയും, ചങ്ങാടത്തിനടിയിൽ കൂടിയും കടന്നുപോകാറുണ്ടായിരുന്നു. ഒരുദിവസം രണ്ടോ മൂന്നോ മാത്രമെ പ്രത്യക്ഷപ്പെട്ടുള്ളു എങ്കിൽ അടുത്ത ദിവസം മുപ്പതോ നാല്പതോ ഞങ്ങളെ സമീപിക്കുമെന്നുള്ളതു് തീർച്ച്. സാധാരണനിലയിൽ മദ്ധ്യാഹ്നാഹാരത്തിനു മുതുമത്സ്യം വേണമെങ്കിൽ ഇരുപതുമിനിട്ടു മുമ്പ് അരിവെപ്പുകാരനറിവുകൊടുത്താൽ മതിയാകും. ആവശ്യമുള്ളിടത്തോളം മത്സ്യങ്ങളെ പിടിച്ചെടുക്കാൻ അയാൾക്കു വലിയ വിഷമമൊന്നുമില്ല. അയാളുടൻതന്നെ ഒരു മുളങ്കമ്പെടുത്തു് അതിൽ ഒരു ചൂണ്ടച്ചരടും കെട്ടി പറക്കുംമത്സ്യത്തെ ചൂണ്ടയിൽ കൊളുത്തി വെള്ളത്തിലിടും. ഒട്ടും താമസിയാതെ പ്രകാശമത്സ്യം ചൂണ്ടയിൽ പിടിക്കാൻ കുതിച്ചെത്തുകയായി. അതിന്റെ പിന്നാലെ രണ്ടോ മൂന്നോ അതിൽ കൂടുതലോ മത്സ്യങ്ങൾ കാണുകയും ചെയ്യും. പ്രകാശമത്സ്യങ്ങൾ മനോഹരങ്ങളാണ്. പുതുതായി പിടിച്ച മത്സ്യത്തിന്റെ മാംസം

രുചികരവും ഉറപ്പുള്ളതുമാണു്. അതു രണ്ടുദിവസത്തേയ്ക്കു ഞങ്ങൾക്കു മതിയാകും. കടലിൽ ആവശ്യംപോലെ മത്സ്യം ഉണ്ടായിരുന്നതുകൊണ്ടു് അതിൽ കൂടുതൽ ദിവസത്തേയ്ക്കുള്ളതു കരുതേണ്ടിയിരുന്നുമില്ല.

പൈലററ് മത്സ്യങ്ങളുമായി മറെറാരുതരത്തിലും പരിചയപ്പെടാൻ ഞങ്ങൾക്കു കഴിഞ്ഞു. സ്രാവുകളവയെ കൊണ്ടുനടന്നു് അവസാനം ഞങ്ങളുടെ ലാളനാപാത്രങ്ങളായിത്തീർന്നിട്ടുണ്ടു്. ഞങ്ങൾ പുറംകടലിലെത്തിയപ്പോൾതന്നെ ആദ്യത്തെ സ്രാവു് ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അതിനുശേഷം സ്രാവുകളെ കാണുകയെന്നുള്ളതു് ഒരു സാധാരണ സംഭവമായിത്തീൎന്നു. പരീക്ഷണാൎത്ഥം ചങ്ങാടത്തിൻെറ അടുക്കൽ നീന്തിവന്നിട്ടു് ഞങ്ങളെ ഒന്നോ രണ്ടോ വലംവെച്ചു് ആഹാരാൎത്ഥം ഞങ്ങളെ വിട്ടുകളയും. പക്ഷേ പലപ്പോഴും അവ പങ്കായത്തിൻെറ തൊട്ടു പിന്നാലെ പിന്തുടരുന്നുണ്ടായിരിക്കും. ചിലപ്പോൾ അവ ചങ്ങാടത്തിൻെറ ഇടവും വലവുമായി മാറിമാറി സഞ്ചരിക്കും. അങ്ങനെയിരിക്കുമ്പോൾ ചങ്ങാടത്തിൻെറ വേഗത്തോടൊത്തു നില്ക്കാൻ വാലിട്ടടിക്കുന്ന ശബ്ദം ഞങ്ങൾക്കു കേൾക്കാം. ജലപ്പരപ്പിനടിയിലേക്കു് സൂൎയ്യരശ്മി പതിയുമ്പോൾ നീലയും പച്ചയും കലന്ന സ്രാവിൻെറ നിറം ചെമ്പനായി തോന്നും. പൊങ്ങിയും താഴ്ന്നും തിരമാലകളിൽ സഞ്ചരിക്കുന്ന അവയുടെ പുറത്തെ തൊങ്ങൽ ഭയാനകമായവിധം ജലത്തിലുന്തിനില്ക്കുമായിരുന്നു. വലിയ അലയടിച്ചുയന്നാൽ ഞങ്ങളെക്കാൾ പൊക്കത്തിൽ അതുമുയരും. ഒരു സംഘം പൈലററ് മത്സ്യങ്ങളെ മുമ്പിൽ നയിച്ചുകൊണ്ടു്

ഞങ്ങളുടെനേക്ക് സാട്ടോപം നീന്തിവരുന്ന ആ സ്രാവിന്റെ പാൎശ്വവീക്ഷണം ഒരു കണ്ണാടിക്കൂട്ടിൽ അതു കിടന്നാൽ എങ്ങനെയൊ, അതുപോലെ സുകരമായിത്തീരും. അലകളിലവ ഉയൎന്ന് താഴ്ന്ന് മുന്നോട്ട് നീങ്ങുമ്പോൾ അവ നേരെ ചങ്ങാടത്തിലേക്കുതന്നെ ചെലററ് മത്സ്യങ്ങളുമായി വരികയാണെന്നു തോന്നും.

ഭീമാകൃതിയും പ്രശസ്തിയുംകൊണ്ടു് ഞങ്ങൾക്കു് സ്രാവുകളെ വളരെ ബഹുമാനമായിരുന്നു. രജതരേഖാങ്കിതമായ അതിന്റെ ഉടലിനു് അനിയന്ത്രിതമായ കരുത്തുണ്ടു്. ശരീരം മുഴുവൻതന്നെ ഉരുക്കുകൊണ്ടുള്ള ഒരു കട്ടമാംസപേശിയാണെന്നേ തോന്നുകയുള്ളു. ഒരു ഫുട്ട്ബാൾ വിഴുങ്ങത്തക്കവണ്ണം പരന്നു വിസ്താരമേറിയ വായും പൂച്ചയുടെ തിളങ്ങുന്ന ചെറിയ പച്ചക്കണ്ണും ഉള്ള അതിന്റെ ഹൃദയശൂന്യമായ ബുഭുക്ഷ ഭയങ്കരമാണു്. ഇടതുവശത്തു സ്രാവു്, വലതുവശത്തു സ്രാവു് എന്നമരക്കാരൻ വിളിക്കുമ്പോൾ ഞങ്ങൾ ചൂണ്ടകളും മററുമായി ചങ്ങാടത്തിന്റെ വക്കത്തുവന്നു് നിലയുറപ്പിക്കും. സാധാരണയായി പുറത്തെ തൊങ്ങൽ ചങ്ങാടത്തടിയിൽ മുട്ടത്തക്കവണ്ണം സ്രാവു് ഞങ്ങളെ വലംവെച്ചിരുന്നു. മണൽക്കടലാസുപോലെയുള്ള അതിന്റെ പുറത്തെ ചെതുമ്പലുകളിൽ തട്ടി മത്സ്യവേധി വളയുകയും ചൂണ്ടമുനയൊടിയുകയും ചെയ്തപ്പോൾ ഞങ്ങൾക്കു സ്രാവിനോടുള്ള ബഹുമാനം ദ്വിഗുണീഭവിച്ചു. ചൂണ്ട സ്രാവിന്റെ തൊലിയും മാംസപേശിയും തുളച്ചുകടന്നപ്പോൾ ഉത്കടമായ ഒരു മൽപിടുത്തത്തിന്റെ ബഹളം ഉണ്ടായി എന്നു പറയാം. ഞങ്ങൾക്കു ചുററും വെള്ളം അപ്പോൾ തിള

ച്ചുപൊങ്ങി. സ്രാവു് ചൂണ്ടയുമായുള്ള ബന്ധം വേർപെടുത്തി പെട്ടെന്നുതന്നെ മറഞ്ഞു. അപ്പോൾ വെളുത്ത ഒരുതരം ദ്രാവകം പൊങ്ങിക്കിടക്കുന്നതു കാണ്മാൻ സാധിച്ചു.

ഞങ്ങളുടെ കൈവശം ബാക്കിയുണ്ടായിരുന്ന ചൂണ്ടകളുടെ സുരക്ഷിതത്വത്തിനുവേണ്ടി അവയെല്ലാംകൂടി ചേർത്തു് ഒരു പ്രകാശമത്സ്യത്തിന്റെ ഉള്ളിൽ ഉരുക്കുകമ്പികളിൽ ഘടിപ്പിച്ചിട്ടു് ആ ഇര വെള്ളത്തിലിട്ടു. കമ്പികളെല്ലാം ഞങ്ങളുടെ ലൈഫ്ബെൽററിനോടു് ചേർത്തു ബലമായി ബന്ധിച്ചിട്ടുമുണ്ടായിരുന്നു.

സ്രാവു് പതുക്കെ അടുത്തു വന്നു. വായു് അർദ്ധചന്ദ്രാകൃതിയിൽ പിളന്നു് ആ ഇര വിഴുങ്ങിയപ്പോൾ ചൂണ്ട വായിൽ തറച്ചു. ഒരു ഭയങ്കര പരാക്രമംതന്നെ ആത്മരക്ഷയ്ക്കുവേണ്ടി അതപ്പോൾ കാണിച്ചു. അതു വെള്ളത്തിലിട്ടടിച്ചപ്പോൾ വെള്ളം പതഞ്ഞുപൊങ്ങി. പക്ഷേ ചൂണ്ടയെ ബന്ധിച്ചിരുന്ന കയർ ഞങ്ങൾ ബലമായി പിടിച്ചിരുന്നതുകൊണ്ടതിന്റെ പരാക്രമങ്ങളൊന്നും ഫലിച്ചില്ല. അതിന്റെ പിന്നോക്കമുള്ള വലി കണക്കാക്കാതെ ഞങ്ങളതിനെ പിടിച്ചു് ചങ്ങാടത്തിലോട്ടു് അടുപ്പിക്കാൻ തുടങ്ങി. എന്താണു സംഭവിക്കാൻപോകുന്നതെന്നുള്ള ആശങ്കയോടെ അതങ്ങനെ ഞങ്ങളുടെ പിടിയിൽ ഒതുങ്ങിക്കിടന്നുകൊണ്ടു് ഞങ്ങളെ ഭയപ്പെടുത്താനെന്നവണ്ണം അറപ്പുവാളിന്റെ മുനപോലെയുള്ള പല്ലുകൾ വായു് പൊളിച്ചു കാണിച്ചു. പായൽ പിടിച്ചു തെന്നിക്കിടക്കുന്ന ചങ്ങാടത്തടിയുടെ അററത്തേയ്ക്കു് അതിനെ വലിച്ചുകയററുവാൻ ഒരല ഞങ്ങളെ

സഹായിച്ചു. ഒരു കയററിന്റെ വാലിലെ തൊങ്ങലിൽ ചുററിക്കെട്ടിയിട്ട് അതിന്റെ താണ്ഡവം അവസാനിക്കുന്നതുവരെ ഞങ്ങൾ ഒഴിഞ്ഞുമാറിനിന്നു.

ഞങ്ങളാദ്യമായി പിടിച്ച ആ സ്രാവിന്റെ പേശിക്കകത്ത് നഷ്ടപ്പെട്ട ചൂണ്ടമുന ഞങ്ങൾ കണ്ടെത്തി. ഒരുപക്ഷേ ഇതായിരിക്കാം ആ സ്രാവിനു സമരാസക്തി കുറഞ്ഞിരിക്കാൻ കാരണമെന്നു ഞങ്ങൾ ആദ്യം ഊഹിച്ചു. പക്ഷേ അതേരീതിയിൽ തുടരെത്തുടരെ സ്രാവുകളെ പിടിക്കാൻ ഞങ്ങൾ തുടങ്ങി. ശക്തിയോടെ അതിനു ഞങ്ങളെ വലിച്ചുകൊണ്ടുപോകാൻ കഴിയും. ഭയാനകമായ ആ ജന്തുവിനെ തൊട്ടുകളിക്കാനും സാദ്ധ്യമല്ല. ഇതൊക്കെയാണെങ്കിലും അതു് അടങ്ങി ഇണങ്ങിയതുപോലെ നിരുത്സാഹമായി കിടന്നതേയുള്ളു. ഒരിഞ്ചു വിട്ടുകൊടുക്കാതെ ബലമായി കയറു ഞങ്ങൾ പിടിച്ചുകൊണ്ടിരുന്നതിനാൽ അതിന് അതിന്റെ മുഴുവൻ രാക്ഷസശക്തിയും ഉപയോഗിക്കാൻ കഴിയുകയില്ല. ഞങ്ങൾ പിടിച്ചെടുത്ത സ്രാവുകൾക്ക് ആറടി മുതൽ പത്തടിവരെ നീളമുണ്ടായിരുന്നു. നീലയും ചെമ്പനും സ്രാവുകൾ ഞങ്ങൾ പിടിച്ച കൂട്ടത്തിൽപെട്ടിരുന്നു. ഒടുവിൽ പിടിച്ചതിനു് മാംസപേശികളെ പൊതിഞ്ഞു് കട്ടിയേറിയ ഒരു ചർമ്മമുണ്ടായിരുന്നു. മുഴുവൻ ശക്തിയുമുപയോഗിക്കാതെ ഒരു മൂർച്ചയുള്ള കത്തിപോലും അതിന്റെ ചർമ്മത്തെ തുളച്ചുകത്തു കടത്താൻ പററുകയില്ല. ചിലപ്പോൾ നമ്മുടെ ശക്തിയും നിഷ്പ്രയോജനമെന്നുവരാം. പുറത്തെ തൊലിപോലെതന്നെ വയററിലെ തൊലിയും ഭേദിക്കാൻ എളുപ്പമല്ല. പിറകിൽ

ഇരുവശവുമായി നില്ക്കുന്ന അഞ്ചു ചെകിളകളതിനുണ്ടു്. അവയിലല്ലാതെ മററെങ്ങും എളുപ്പം ക്ഷതമേല്പിക്കാൻ സാദ്ധ്യമല്ല.

ഞങ്ങൾ ഒരു സ്രാവിനെ ചങ്ങാടത്തിലിട്ടു പരിശോധിച്ചപ്പോൾ കറുത്തു വഴവഴപ്പുള്ള സസ്തനമത്സ്യങ്ങൾ അതിന്റെ ദേഹത്തു പററിപ്പിടിച്ചിരിക്കുന്നതു കണ്ടു. തലയിൽ അണ്ഡാകൃതിയിലുള്ള പരന്ന കൊമ്പുകൾകൊണ്ടു് വയററത്തള്ളിപ്പിടിച്ചിരിക്കുന്നതിനാൽ അവയുടെ വാലിൽപിടിച്ചു വലിച്ചു നീക്കംചെയ്യുന്ന കാര്യമസാദ്ധ്യംതന്നെ. എന്നാൽ ഒരുനിമിഷംകൊണ്ടു് പിടിവിട്ടു് മററൊന്നിനെ നിഷ്പ്രയാസം ആശ്രയിക്കാനവയ്ക്കു സാധിക്കും. കുറച്ചുസമയം കഴിഞ്ഞിട്ടും ആ സ്രാവു മടങ്ങിപ്പോകുന്ന ലക്ഷണം ഒന്നും കാണാഞ്ഞതുകൊണ്ടു് അവ ചങ്ങാടത്തടികളുടെ വിടവിലൂടെ അപ്രത്യക്ഷമായി. ഒരു സ്രാവിനെ കണ്ടുകിട്ടാൻ എളുപ്പം അവയ്ക്കു കഴിഞ്ഞില്ലെങ്കിൽ തല്ക്കാലം ഏതെങ്കിലും ഒരു മത്സ്യത്തെ ആശ്രയിച്ചുകൊള്ളും. ഒരുവിരൽ മുതൽ ഒരടിവരെ നീളമുള്ള ഒരുതരം മത്സ്യമാണു് റിമോറാ അഥവാ സസ്തനവർഗ്ഗത്തിൽപെട്ട ഈ മത്സ്യം. ജീവനുള്ള റിമോറായെ കിട്ടിയാൽ നാട്ടുകാർ പ്രയോഗിക്കാറുള്ള സൂത്രംതന്നെ ഞങ്ങളും പരീക്ഷിച്ചുനോക്കി. ഒരു കഷണം കയറുകെട്ടി അതിനെ വെള്ളത്തിലിട്ടു നീന്താനനുവദിച്ചു. അതാദ്യം കാണുന്ന മത്സ്യത്തിന്റെ പുറത്തു പററിക്കൂടും. അതിനെ വീണ്ടും വലിച്ചെടുക്കുമ്പോൾ മററൊരു മത്സ്യത്തെക്കൂടെ കിട്ടും. പക്ഷേ ഞങ്ങൾക്കാ ഭാഗ്യമുണ്ടായില്ല. ഓരോ പ്രാവശ്യവും

ഞങ്ങളതിൻെറ വാലിൽ കയറുകെട്ടി വിട്ടപ്പോഠം അതു നേരേ നീന്തി ചങ്ങാടത്തിൻെറ തടിയിൽ പററിക്കൂട കയാണു ചെയ്തതു്. ഞങ്ങളെത്ര പിടിച്ചുവലിച്ചിട്ടും അതവിടെനിന്നുമിളകിയില്ല. ധാരാളം റിമോറാ മത്സ്യങ്ങഠം ഞങ്ങളുടെ ചങ്ങാടത്തിനടിയിലുള്ള തടികളിൽ പററിപ്പിടിച്ചു് ഞങ്ങളോടൊന്നിച്ചു് ശാന്തസമുദ്രം മുഴുവൻ യാത്രചെയ്തു.

പൈലററ് മത്സ്യത്തെപ്പോലെ റിമോറാമത്സ്യം കാഴ്ചയ്ക്കും സ്വഭാവത്തിലും ആകർഷകമല്ല. അതിൻെറ കൂട്ടുകാരനായ പൈലററ് മത്സ്യത്തെപ്പോലെ റിമോറാ മത്സ്യം ഞങ്ങളുടെ സ്നേഹാദരങ്ങഠംക്കു പാത്രമായില്ല. ചെറിയ ചുരുട്ടിൻെറ ആകൃതിയിൽ സീബ്രാ വരയുള്ള ഒരുതരം മത്സ്യമാണു് പൈലററ് മത്സ്യം. സ്രാവുകളുടെ മുമ്പിൽ ഒരു സംഘമായി അവ സഞ്ചരിച്ചുകൊള്ളും. പകുതി അന്ധമായ സ്രാവിനെ സമുദ്രത്തിലൂടെ നയിക്കുന്നതുകൊണ്ടാണതിനു് പൈലററ് മത്സ്യമെന്നു പേരുണ്ടായതു്. വാസ്തവം പറഞ്ഞാൽ പൈലററ് മത്സ്യം സ്രാവുമൊന്നിച്ചുമാത്രമേ യാത്രചെയ്യുകയുള്ളു. സ്വതന്ത്രമായി നാമതിനെ കാണുന്നതു് അതിൻെറ സഞ്ചാരവീഥിയിൽ ഏതെങ്കിലുമാഹാരമകപ്പെട്ടാൽ അതു കൈക്കലാക്കാൻവേണ്ടി പോകുമ്പോഠംമാത്രമായിരിക്കും. അവസാനനിമിഷംവരെ പൈലററ് മത്സ്യം അതിൻ്റെ യജമാനനെ പിന്തുടരും. പൈലററ് മത്സ്യത്തെപ്പോലെ റിമോറാ മത്സ്യത്തിനു് സ്രാവിൻെറ ശരീരത്തിൽ പററിപ്പിടിച്ചിരിക്കാൻ സാധിക്കത്തില്ല. അതിനാൽ സ്രാവു് വെള്ളത്തിനുമീതെ ഉയൎന്നു് അപ്രത്യക്ഷമായി

തീൎന്നാൽ അതു വല്ലാതെ അമ്പരന്നുപോകുമായിരുന്നു. സ്രാവു് അപ്രത്യക്ഷമായ ചങ്ങാടത്തിനെ അതു സംഭ്രമത്തോടുകൂടി ചുററുകയും, തൻെറ യജമാനനെ കാണാതെ കുറച്ചുസമയം കഴിയുമ്പോഠം മറെറാരു സ്രാവിനെത്തേടി മടങ്ങിപ്പോകുകയും ചെയ്യും.

ചങ്ങാടത്തിൻെറ ഒരുവശത്തു് അച്ഛസ്ഫടികവൎണ്ണമുള്ള ജലത്തിലേയ്ക്കു തലയിട്ടുനോക്കിയാൽ ഞങ്ങളുടെ ചങ്ങാടം ഒരു വലിയ തിമിംഗലംതന്നെയാണോ എന്നു സംശയമുണ്ടാകും. പങ്കായം തിമിംഗലത്തിൻെറ വാലായും, ചങ്ങാടത്തിൻെറ വശത്തു് തൂങ്ങി വെള്ളത്തിൽ കിടക്കുന്ന തടിക്കഷണം തൊങ്ങലായും പ്രത്യക്ഷപ്പെട്ടും. പങ്കായത്തിനും സെൻറർബോർഡിനുമിടയ്ക്കു നീന്തിക്കളിക്കുന്ന പൈലററ് മത്സ്യങ്ങഠം ഞങ്ങളെ അത്ര കാൎയ്യമായി ഗൌനിക്കാറില്ല. ചിലപ്പോഠം അവയിൽ രണ്ടോ മൂന്നോ എണ്ണം മുന്നോട്ടു് ഞങ്ങളുടെ അടുത്തു വന്നു് മുഖത്തൊന്നുളിഞ്ഞുനോക്കിയിട്ടു് സംഭ്രമലേശംകൂടാതെ മററു മത്സ്യങ്ങളുടെ മദ്ധ്യത്തിലേയ്ക്കു തിരിച്ചു പോകുകയും ചെയ്യും.

പൈലററ് മത്സ്യങ്ങഠം രണ്ടു സംഘമായിട്ടാണു് ഞങ്ങളെ പിന്തുടൎന്നതു്. അവയിൽ ഭൂരിഭാഗവും ഞങ്ങളുടെ ചങ്ങാടത്തിൻെറ പിന്നിൽതന്നെ നീന്തിക്കൊണ്ടിരുന്നു. മററുള്ളവ ഒരു വിശറിയുടെ ആകൃതിപൂണ്ടു് ഏററവും ആകൎഷകമായ രീതിയിൽ ചങ്ങാടത്തിനു മുമ്പിൽ അകമ്പടിസേവിച്ചു. അങ്ങനെയിരിക്കുമ്പോഠം ഏതെങ്കിലും ഇര അവയ്ക്കു ദൃഷ്ടിഗോചരമായാൽ അവ പെട്ടെന്നുതന്നെ കുതിച്ചുപായുന്നതും കാണാം. ചില

അവസരങ്ങളിൽ ഞങ്ങൾ ആഹാരം കഴിച്ചിട്ട് പാത്രം കഴുകുമ്പോൾ വെള്ളത്തിൽ വീഴുന്ന ആഹാരാവശിഷ്ടങ്ങളുടെ ഇടയിൽ വരയൻ പൈലററ് മത്സ്യങ്ങളെ കാണാം. ഒരു കൂട്ടിൽനിന്നും ചുരുട്ടുകൾ വെള്ളത്തിൽ വീണുകിടക്കുന്ന ബോധമാണവ ജനിപ്പിക്കുന്നതു്. വെള്ളത്തിൽ വീഴുന്ന ആഹാരത്തിൻെറ അവശിഷ്ടങ്ങളുടെ ഒരു തരിപോലും അവ പരിശോധിക്കാതെ വിട്ടുകളയുകയില്ല. സസ്യാഹാരാവശിഷ്ടമല്ലെങ്കിൽ അവ വെള്ളത്തിൽ താഴ്ന്നുപോകും. ഈ വിശേഷതരം പൈലററ് മത്സ്യങ്ങൾ ശിശുസഹജമായ വിശ്വാസത്തോടെ ഞങ്ങളുടെ ചങ്ങാടത്തിൻെറ പിന്നിൽ തടിച്ചുകൂടിയപ്പോൾ സ്രാവിനെപ്പോലെ ഞങ്ങൾക്കവയോടു് ഒരു പുത്രവാത്സല്യംപോലും ഉണ്ടായി. അവ കടൽയാത്രയിൽ കോൺടിക്കിയുടെ ആരോമലുണ്ണികളായിത്തീൎന്നു. എന്നമാത്രവുമല്ല, അവയിൽ കൈവെയ്ക്കുന്നതു് ഏററവും അഹിതകരവുമായി ഞങ്ങൾക്കു തോന്നി.

ഞങ്ങളെ പിന്തുടൎന്ന പൈലററ് മത്സ്യങ്ങളുടെ കൂട്ടത്തിൽ കഷ്ടിച്ചൊരിഞ്ചുനീളമുള്ള കുഞ്ഞുമത്സ്യങ്ങളുമുണ്ടായിരുന്നു. എന്നാൽ അവയിൽ കൂടുതലും ആറിഞ്ചുനീളംവരുന്ന വളൎന്ന മത്സ്യങ്ങളായിരുന്നു. എറിക്കിന്റെ ചൂണ്ടകൊണ്ടുള്ള പ്രഹരം തലമണ്ടയിലേററ ആദ്യത്തെ മകരമത്സ്യം മിന്നൽവേഗത്തിൽ പാഞ്ഞുമറഞ്ഞപ്പോൾ ചില പൈലററ് മത്സ്യങ്ങൾ കോൺടിക്കിയുടെ സമീപം ആഞ്ഞെത്തി. അവയ്ക്കു് ഏകദേശം രണ്ടടി നീളമുണ്ടായിരുന്നു. തുടൎച്ചയായി വിജയപൂൎവ്വം സ്രാവുകളെ വേട്ടയാടിപ്പിടിച്ചു ഞങ്ങളെ പിന്തുടരാൻ പത്തമ്പതു

പൈലററ് മത്സ്യങ്ങൾ ഉണ്ടായി. ഞങ്ങളുടെ ശാന്ത മായ ഗതിയും ഞങ്ങൾ പ്രതിദിനം നല്കുന്ന ആഹാരവും അവ വളരെയധികം ഇഷ്ടപ്പെട്ടു. അതിനാൽ സമുദ്ര ത്തിൽ അനേകായിരം നാഴിക അവ ഞങ്ങളെ അനുഗ മിച്ചു.

എന്നാൽ ചില സന്ദർഭങ്ങളിൽ അവയിൽ ചില തു് കൃതഘ്നമായി പെരുമാറി. ഒരു ദിവസം ഞാൻ അ മരത്തിരിക്കുമ്പോൾ സമുദ്രജലം തെക്കുഭാഗത്തോട്ടു് തി ളച്ചുമറിയുന്നതുകണ്ടു. കുറച്ചു കഴിഞ്ഞപ്പോൾ പ്രകാശമ ത്സ്യങ്ങളുടെ ഒരു വ്യൂഹംതന്നെ വെള്ളിടോർപ്പിഡോകൾ എന്നപോലെ കുതിച്ചുഞങ്ങളോട്ടു നീങ്ങുന്നതും ദൃഷ്ടിവി ഷയമായി. അവ പതിവുപോലെ അവയുടെ പരന്ന പാർശ്വം അടിച്ചു തുഴഞ്ഞല്ല വന്നതു്. അവ വായുവേ ഗത്തിൽ മിക്കവൊറും ആകാശത്തിലൂടെ പായുകയായിരു ന്നു. നീലയല പതഞ്ഞുതാണപ്പോൾ ഭയപാരവശ്യ ത്തോടെ നീന്തിപ്പായുന്ന പ്രകാശമത്സ്യങ്ങളുടെ പിന്നാ ലെ തീക്ഷ്ണഗതിയുള്ള ഒരു ബോട്ടുപോലെ വക്രഗതിയവ ലംബിച്ചുകൊണ്ടു് അതിവേഗത്തിലടുക്കുന്ന ഒരു സ്രാവി ന്റെ കറുത്തിരുണ്ട പൃഷ്ഠഭാഗം ഞങ്ങൾക്കു കാണാൻ സാധിച്ചു. ഭയവിഹ്വലതയോടെ ആ പ്രകാശമത്സ്യ ങ്ങൾ അതിവേഗത്തിൽ ചങ്ങാടത്തിനരികിലെത്തി നീ ക്കുഴി ഇട്ടു. അപ്പോൾ അവയിൽ ചിലതു് ഒരു സംഘ മായി കിഴക്കോട്ടു നീങ്ങി. ഞങ്ങൾ ചങ്ങാടത്തിനു പിന്നിൽ എന്തൊരു നയനാനന്ദകരമായ കാഴ്ചയാണു കണ്ടതെന്നു വിവരിക്കുവാൻ പ്രയാസം. ചങ്ങാടത്തിനു പിന്നിലപ്പോൾ ആ നീലജലം വിചിത്രവർണ്ണാങ്കിതമായ

ഒരു പ്രഭാപടലം പരത്തി പ്രശോഭിച്ചു. പ്രകാശമത്സ്യങ്ങളെ വേട്ടയാടിയെത്തിയ സ്രാവിൻെറ തിളങ്ങുന്ന മുതുക് ജലത്തിനുപരി പകുതി ഉയൻ്, ആകർഷകമായ രീതിയിൽ ചങ്ങാടത്തിനടിയിലൂടെ ആ ഭീകര ജലജന്തു ഊളിയിട്ട് ഒരു ടോർപ്പിഡോ പോലെ അതിവേഗത്തിൽ കുതിച്ചുപോകുകയും ചെയ്തു. അതു് ഏകദേശം ഒരിരുപതടി നീളമുള്ള ഒരു നീലസ്രാവായിരുന്നു. ആ സ്രാവു് അപ്രത്യക്ഷമായപ്പോൾ പല പൈലററ് മത്സ്യങ്ങളും അതിൻെറകൂടെ കടന്നുകളഞ്ഞു. കൂടുതൽ അത്ഭുതാവേശങ്ങൾ ഉയർത്തുവാൻ കഴിഞ്ഞ ആ സ്രാവിനെ പൈലററ് മത്സ്യങ്ങൾ അധികം ഇഷ്ടപ്പെട്ടിരിക്കുമെന്നുള്ളതു തീർച്ചയാണു്.

യാത്രാവേളയിൽ ചില നാവികവിദഗ്ദ്ധന്മാർ ഞങ്ങളുടെ ശാന്തസമുദ്രയാത്രയിൽ ഏററവും ഭയപ്പെടേണ്ട ഒക്ടോപ്പസ്സ് എന്ന ഭയങ്കര കടൽജന്തുവിനെപ്പററി മുന്നറിയിപ്പു നല്കിയിട്ടുണ്ടായിരുന്നു. അതിനു് ചങ്ങാടത്തിൽ പ്രവേശിക്കാൻപോലും കഴിയുമെന്നായിരുന്നു ഞങ്ങൾക്കു കിട്ടിയ അറിവു്. വാഷിങ്ടണിലെ നാഷനൽ ജ്യോഗ്രാഫിക്കൽ സൊസൈററി, ഒക്ടോപ്പസ്സ് സമുദ്രത്തിൻെറ ഉപരിതലത്തിൽ നിശാടനം നടത്തുന്നതിനെക്കുറിച്ചും ഹംബോൾട്ട് പ്രവാഹത്തിൽ അവയ്ക്കേററവും ഇഷ്ടപ്പെട്ട സ്ഥാനത്തെപ്പററിയും ഉള്ള നാടകീയമായ വിവരണങ്ങൾ നല്കുകയും, മഗ്നീഷ്യം തകിടിലുള്ള കുറേ ഫോട്ടോകൾ ഞങ്ങളെ കാണിക്കുകയും ചെയ്തിരുന്നു. അവ അത്രയ്ക്കും ബുഭുക്ഷയുള്ള ജന്തുക്കളാകയാൽ ഇരയിട്ട് ഒന്നിനെ ചൂണ്ടയിൽ ബന്ധിക്കാൻ കഴിഞ്ഞാൽ

മററൊരെണ്ണം വന്നതിനെ തിന്നാൻ തുടങ്ങും. അവയ്ക്കു് ഒരു വലിയ സ്രാവിനെപ്പോലും കൊല്ലാൻ കഴിയുന്ന ഭുജങ്ങളുണ്ടു്. വലിയ തിമിംഗലങ്ങളുടെ ശരീരത്തിൽ കീറലും പോറലുമുണ്ടാക്കാനവയ്ക്കു കഴിയും. സ്വശ്നനാളങ്ങളുടെയിടയിൽ മറഞ്ഞു് കഴുകന്റെ കൊക്കുപോലെ ക്രുത്തമുഖമാണവയ്ക്കുള്ളതു്. തിളങ്ങുന്ന കണ്ണുകളോടെ ജലത്തിൽ പൊങ്ങിക്കിടക്കുമെന്നും നേരേ ചങ്ങാടത്തിലേയ്ക്കു വന്നില്ലെങ്കിൽതന്നെയും ചങ്ങാടത്തിന്റെ ഏതൊരു മൂലയും സ്പൃശിച്ചറിയുവാൻ തക്കവണ്ണം നീളമുള്ള ഭുജങ്ങൾ അവയ്ക്കുണ്ടെന്നും നേരത്തേതന്നെ ഞങ്ങളെ ഓർമ്മപ്പെടുത്തിയിരുന്നു. രാത്രിയിൽ കിടക്ക സഞ്ചിയിൽനിന്നും ഞങ്ങളെ വലിച്ചു വെളിയിലിട്ടു്, ഒക്ടോപ്പസ്സിന്റെ തണുത്ത ഭുജവലയത്തിനുള്ളിൽ അമരുന്നതു ഞങ്ങൾക്കിഷ്ടപ്പെട്ട ഒരു കാര്യമായിരുന്നില്ല. അതിനാൽ അതിൽനിന്നും രക്ഷനേടുവാൻ മുട്ടൻ കത്തികൾ ഞങ്ങൾ പുറപ്പെട്ടപ്പോൾതന്നെ കയ്യിൽ കരുതിയിട്ടുണ്ടായിരുന്നു. യാത്ര പുറപ്പെട്ടപ്പോൾ ഞങ്ങളെ മററൊന്നും ഇത്ര അസുഖപ്പെടുത്തിയിരുന്നില്ല. എന്തെന്നാൽ പെറുവിലെ നാവികവിദഗ്ധന്മാർ അതേ വിഷയത്തേപ്പററിത്തന്നെ പരാമർശിക്കുകയും ഹംബോൾട്ട് പ്രവാഹത്തിൽ ഏററവും അപകടം പിടിച്ച ഭാഗമേതാണെന്നു് ഭൂപടത്തിൽ കാണിച്ചുതരുകയും ചെയ്തിരുന്നു.

കുറച്ചുനേരത്തേയ്ക്കു് കടലിലൊ ചങ്ങാടത്തിലൊ ഒക്ടോപ്പസ്സ് ഉള്ളതായി യാതൊരടയാളവും ഞങ്ങൾ കണ്ടില്ല. എന്നാൽ ഒരു പ്രഭാതത്തിൽ ഒക്ടോപ്പസ്സ് ഞങ്ങളുടെ അടുക്കൽ ആ ജലാശയത്തിലെവിടെയോ ഉണ്ടെ

ന്നുള്ള ആദ്യത്തെ മുന്നറിയിപ്പ് ഞങ്ങൾക്കു കിട്ടി. സൂര്യനുദിച്ചപ്പോൾ ഒരു പൂച്ചയുടെ വലിപ്പമുള്ള ഒരു ചെറിയ ഒക്ടോപ്പസ്സിനെ ഞങ്ങൾ ചങ്ങാടത്തിൽതന്നെ കാണാനിടയായി. ചങ്ങാടത്തിൽ രാത്രിയിൽ വന്നുചേർന്നു നിസ്സഹായമായിത്തീർന്ന അതു് ഞങ്ങളുടെ കുടിലിൻെറ പിന്നിലുള്ള മുളയിൽ ഭുജങ്ങൾ ചുററി ചത്തുകിടക്കുകയായിരുന്നു. മഷിപോലെ കറുത്ത ഒരുതരം ദ്രാവകം ചങ്ങാടത്തട്ടിൽ പുരണ്ടിരിക്കുന്നതു ഞങ്ങൾ കണ്ടു. ആ ദ്രാവകം ആ ക്ഷുദ്രജന്തുവിനെ ചുററി തളംകെട്ടി കിടക്കുകയായിരുന്നു. ഇൻഡ്യൻ മഷിപോലെ തോന്നിക്കുന്ന കണവായ് മത്സ്യത്തിൻെറ മഷികൊണ്ടു് ഞങ്ങളതിനെക്കുറിച്ചു് ഒരുപുറത്തിൽ കവിയാത്ത ഒരു ഡയറിക്കുറിപ്പെഴുതി സൂക്ഷിച്ചു. ഞങ്ങളതിനെ കടൽപ്പന്നികൾക്കു രസമേററാൻ വെള്ളത്തിലേയ്ക്കെറിഞ്ഞു കൊടുത്തു.

നിശാസന്ദർശനം നടത്തുന്ന വലിയ ഒക്ടോപ്പസ്സുകളുടെ മുന്നോടിയായി ഞങ്ങളീ ചെറിയ സംഭവത്തെ കണക്കാക്കി. ഈ കുഞ്ഞുമത്സ്യത്തിനുപോലും ചങ്ങാടത്തിൽ കയറാൻ കഴിഞ്ഞെങ്കിൽപിന്നെ വലിയവയുടെ കാര്യം പറയേണ്ടതുമില്ലല്ലൊ. അവയ്ക്കുതു നിഷ്പ്രയാസം ചെയ്യാൻ കഴിയുമെന്നുള്ളതു തീർച്ചയാണു്. കടൽമനുഷ്യനെപ്പററി തങ്ങളുടെ വലിയ ചങ്ങാടങ്ങളിലിരുന്നു ചിന്തിച്ചപ്പോൾ ഞങ്ങളുടെ പൂർവ്വികന്മാർക്കും ഇതേഅനുഭവവും വികാരങ്ങളും തന്നെയായിരിക്കും ഉണ്ടായിരുന്നതു്. എന്നാൽ അടുത്തുതന്നെ ഉണ്ടായ സംഭവം ഞങ്ങൾക്കാത്ഭുതമുളവാക്കി. പിന്നെയൊരു പ്രഭാതത്തിൽ

ഓലമേഞ്ഞ ഞങ്ങളുടെ കുടിലിൻെറ മേൽക്കൂരയിൽ അല്പംകൂടി ചെറിയ ഒരു ഒക്ടോപ്പസ്സ് മത്സ്യത്തെ ഞങ്ങൾ കണ്ടു. അതു ഞങ്ങൾക്കൊരു കുഴഞ്ഞ പ്രശ്നമായിത്തീന്നു. മേൽക്കൂരയുടെ മുകളിൽ മദ്ധ്യത്തിലായി മാത്രമേ കറുത്ത മഷിയടയാളമുണ്ടായിരുന്നുള്ളു. ഏതെങ്കിലും ഒരു കടൽപ്പക്ഷി അതിനെ അവിടെ കൊത്തിയെടുത്തുകൊണ്ടിട്ടിരിക്കാൻ ഇടയില്ല. കാരണം അതിൻെറ കുടലിൽ കൊക്കുകൊണ്ടു മുറിഞ്ഞ യാതൊരടയാളവും ഉണ്ടായിരുന്നില്ല. രാത്രിയിലലകൾ അടിച്ചുയന്നപ്പോൾ അതവിടെ വന്നുകപ്പെട്ടിരിക്കുമെന്ന് അവസാനം ഞങ്ങൾ ഊഹിച്ചു. പക്ഷേ രാത്രിയിലെ അമരം പിടിത്തക്കാക്കുതന്നെ അത്തരം വലിയ അലകൾ രാത്രിയിലുണ്ടായതായി ഓമ്മിക്കാൻ കഴിഞ്ഞില്ല. ഓരോ ദിവസം രാത്രിയിലും ഞങ്ങൾ ചങ്ങാടത്തിൽ കൂടുതൽ എണ്ണത്തെ കാണാൻ തുടങ്ങി. ഏററവും ചെറുതിനു് പാമ്പുവിരലിൻെറ വലിപ്പമേ ഉണ്ടായിരുന്നുള്ളു.

രാത്രിയിൽ കടൽ ശാന്തമായി കിടന്നാലും ഓരോ പ്രഭാതത്തിലും പറക്കുംമത്സ്യങ്ങളോടൊപ്പം ഒന്നോ രണ്ടോ ഒക്ടോപ്പസ്സ് മത്സ്യക്കുഞ്ഞുങ്ങളേയും കാണുക പതിവായിത്തീന്നു. പിന്നിൽ നീണ്ടുവളഞ്ഞ ചുണ്ടയുടെ ആകൃതിയിലുള്ള മുള്ളുകളും ഇരയെപ്പിടിക്കാനുതകുന്ന ഊന്നുകളോടുകൂടിയ അഷ്ടഭുജങ്ങളും അവയുടെ പ്രത്യേക ലക്ഷണങ്ങളായിരുന്നു. അത്തരം വലിയ ഒക്ടോപ്പസ്സുകൾ ഞങ്ങളുടെ സമീപത്തേയ്ക്കു വരുന്ന യാതൊരു ലക്ഷണവും ഞങ്ങൾ കണ്ടതേയില്ല. രാത്രിയിലന്ധകാരത്തിൽ

തിളങ്ങുന്ന കണ്ണുകൾ ജലത്തിനുപരിഭാഗത്തു് ഞങ്ങൾ കാണാറുണ്ടു്. തിളച്ചുപൊങ്ങുന്നതുപോലെ അലകളിളകി കുമിളകൾ ഉതിക്കുന്നതും ചക്രാകാരമായ വലിയ എന്തോ ഒരെണ്ണം പൊങ്ങി വായുവിൽ കറങ്ങുന്നതും ഞങ്ങളുടെ ചങ്ങാടത്തിനടുക്കലുള്ള പ്രകാശമത്സ്യങ്ങളിൽ ചിലതു് ആകാശത്തിലേയ്ക്കു കുതിച്ചു് നിരാശതയോടെ രക്ഷപ്പെടാൻ ശ്രമിക്കുന്നതും ഞങ്ങൾക്കു് ഒരിക്കൽ കാണുവാൻ സംഗതിയായി. ഒക്ലോപ്പസ്സുകളുടെ വാസസ്ഥാനമെന്നറിയപ്പെടുന്ന സ്ഥലം കടന്നു്, സംഭവബഹുലമായ അനുഭവങ്ങൾകൊണ്ടു പൂർണ്ണമായ രണ്ടുമാസം ചിലവഴിക്കുന്നതുവരെ ചെറിയ ഒക്ലോപ്പസ്സ് മത്സ്യങ്ങൾ തുടച്ചയായി ഞങ്ങളെ സന്ദർശിക്കുകയും, അതേസമയം വലിയ അത്തരം ജീവികൾ ഞങ്ങളെ സന്ദർശിക്കാതിരിക്കുകയും ചെയ്തതു് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പ്രഹേളികതന്നെയായിരുന്നു.

ചെറിയ ഒരുതരം കണവായ് മത്സ്യങ്ങൾ തുടരെത്തുടരെ ചങ്ങാടത്തിനടുക്കലേയ്ക്കു വന്നുകൊണ്ടിരുന്നു. സൂര്യരശ്മികളുതിന്ന ഒരു പ്രഭാതത്തിൽ ഞങ്ങൾ ഒരു പ്രഭാപടലം കണ്ടു. അതു് ജലത്തിൽനിന്നും കുതിച്ചു് വലിയ വർഷബിന്ദുക്കളുടെ ആകാരസുഷമയോടെ ആകാശത്തിലൂടെ പറന്നു. അതേസമയം തിരമാലകൾ കടൽപ്പന്നികളെക്കൊണ്ടു് തിളച്ചുകൊണ്ടുമിരുന്നു. ഞങ്ങളാദ്യം അവയെല്ലാം പറക്കുംമത്സ്യങ്ങളായിരിക്കുമെന്നു വിചാരിച്ചു. എന്തെന്നാൽ മൂന്നു പ്രത്യേകജാതിയിൽപെട്ട പറക്കുംമത്സ്യങ്ങൾ ഞങ്ങളുടെ ചങ്ങാടത്തിൽതന്നെ ഉണ്ടായിരുന്നു. മുമ്പു് ആകാശത്തിൽ പറന്നുയരുന്നതാ

യിക്കണ്ട മത്സ്യങ്ങൾ ഞങ്ങളുടെ അടുക്കലേയ്ക്കു വരാൻ തുടങ്ങി. അവയിൽ ചിലതു് നാലഞ്ചടി പൊക്കത്തിൽ ചങ്ങാടത്തിനു മുകളിലൂടെ കടന്നുപോയി. ഒരെണ്ണം മാത്രം ബങ്ൻറിൻെറ നേരേ പറന്നുവന്നു് ശബ്ദത്തോടെ ചങ്ങാടത്തിൽ അടിച്ചുവീണു. ഇതൊരു ചെറിയ കണവായ് മത്സ്യം ആയിരുന്നു. ഞങ്ങൾക്കതതിശയം ജനിപ്പിച്ചു. അതിനെപ്പിടിച്ചു് ഞങ്ങൾ ഒരു ക്യാൻവാസ് ബക്കററിൽ ഇട്ടു. അതു മേല്പോട്ടു ചാടിക്കൊണ്ടേയിരുന്നു. പക്ഷെ ആ ചെറിയ ബക്കററിലെ വെള്ളത്തിൽനിന്നും അതിനതിൻെറ പകുതി ഉയരംപോലും ചാടിപ്പൊങ്ങാൻ കഴിഞ്ഞില്ല. പ്രൊപ്പല്ലറിൻെറ ഭ്രമണവേഗംകൊണ്ടുയരുന്ന വിമാനത്തിൻെറ അതേ തത്വമനുസരിച്ചാണു് അവ ജലത്തിലൂടെ നീന്തുന്നതും പറന്നുപൊങ്ങുന്നതും. ശരീരപാൎശ്വത്തിലുള്ള ഒരു അടഞ്ഞ കുഴൽവഴി വെള്ളം അടിച്ചു പുറകോട്ടു തള്ളുവാനവയ്ക്കു കഴിയും. അവയുടെ ഉൗന്നുകളെല്ലാം തലയിൽ പററംചേൎന്നു പിടിച്ചു് പുറകോട്ടാണു കിടക്കുന്നതു്. പാൎശ്വഭാഗങ്ങളിലായി വൃത്താകൃതിയിൽ മാംസളമായ രണ്ടു ഞെറികൾ ഉണ്ടു്. ഒന്നു് ഗതി നിയന്ത്രിക്കാനും മറേറതു് മന്ദം മുമ്പോട്ടു് നീങ്ങാനുമതിനെ സഹായിക്കുന്നു. പല വലിയ മത്സ്യങ്ങളുടേയും ഇഷ്ടപ്പെട്ട ഒരാഹാരമാണതു്. അതിനാൽ ഏററവും അരക്ഷിതമായ ഈ ചെറുമത്സ്യത്തിനു് പറക്കുംമത്സ്യങ്ങളെപ്പോലെതന്നെ ആകാശത്തിലേയ്ക്കു കുതിച്ചു് പിന്തുടൎന്നുവരുന്ന ശത്രുക്കളിൽനിന്നും രക്ഷപ്പെടുവാൻ സാധിക്കുന്നതാണു്. മനുഷ്യൻെറ ബുദ്ധി റോക്കററ് വിമാനങ്ങളുടെ തത്വം ക

ണ്ടുപിടിക്കുന്നതിനെത്രയോ മുമ്പുതന്നെ ഈ മത്സ്യം അതു യാഥാർത്ഥീകരിച്ചിരുന്നു. ദ്രുതഗതി കിട്ടുന്നതുവരെ അതു സ്വയം ജലം പമ്പുചെയ്തുകൊണ്ടിരിക്കും. വേഗം കിട്ടിക്കഴിഞ്ഞാൽ അതു് പാർശ്വങ്ങളിലുള്ള ഞെറികൾ ചിറകുപോലെ വിതത്തു് ജലപ്പരപ്പിൽനിന്നും ഒരു കോണാകൃതിയിൽ മേല്പോട്ടു് ഗതി തിരിച്ചുവിടുകയും ചെയ്യും. കഴിയുന്നത്ര വേഗത്തിൽ തിരമാലകൾക്കു മേലതു് തെന്നിപ്പറക്കുന്നു. പിന്നീടു് ഞങ്ങളവയെ ശ്രദ്ധിക്കാൻ തുടങ്ങി. ഒന്നും രണ്ടും മൂന്നുമായി അവ അമ്പതുരുപതടിവരെ ഉയന്നു പറക്കുന്നതു ഞങ്ങൾ കണ്ടിട്ടുണ്ടു്. ഞങ്ങളറിയുന്ന ജന്തുശാസ്ത്രജ്ഞന്മാക്കെല്ലാം കണവായ് മത്സ്യം പറക്കുമെന്നുള്ള കാര്യം ഒരു പുതുമയായിത്തോന്നി.

ശാന്തസമുദ്രദ്വീപുകളിലെ ജനങ്ങളുടെ അതിഥിയായിക്കഴിഞ്ഞപ്പോൾ ഞാൻ കണവായ് മത്സ്യത്തെ തിന്നിട്ടുണ്ടു്. പക്ഷേ കൊഞ്ചും ഇൻഡ്യൻ റബ്ബറും ഒന്നിച്ചുചേത്തു ഭക്ഷിച്ചാലുള്ള സ്വാദാണതിനുള്ളതു്. കോൺടിക്കിയാത്രയിൽ ഞങ്ങളുടെ ആഹാരത്തിന്റെ പട്ടികയിൽ കണവായ് മത്സ്യത്തിനവസാനത്തെ സ്ഥാനമേ ഉണ്ടായിരുന്നുള്ളു. വെറുതെ കിട്ടിയാൽതന്നെയും മററു മത്സ്യത്തെ പിടിക്കാൻമാത്രമെ ഞങ്ങൾ അതിനെ ഉപയോഗിച്ചിരുന്നുള്ളു. ഞങ്ങൾ കണവായ് മത്സ്യത്തെ ചൂണ്ടയിൽ കോത്തു് മറെറന്തെങ്കിലും മത്സ്യത്തെ പിടിച്ചെടുക്കും. അയലമത്സ്യങ്ങൾ കണവായെ ഇഷ്ടപ്പെട്ടിരുന്നു. അയലയാണു് ഞങ്ങളുടെ ആഹാരത്തിൽ പ്രമുഖസ്ഥാനം ഉണ്ടായിരുന്നതു്. ഞങ്ങൾ സമുദ്രജലപ്രവാഹത്തിലൂടെ സ്വയം മുന്നോട്ടു പൊയ്ക്കോ

ണ്ടിരുന്നതിനാൽ പലതും പഠിക്കുവാൻ ഞങ്ങൾക്കവെ സരംകിട്ടി. പലതരം മത്സ്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഞങ്ങളുടെ ഡയറിയിൽ എഴുതിയിട്ടുണ്ടു്.

11/5. ഇന്നു് വലിയ ഒരു കടൽജന്തു രണ്ടുപ്രാവശ്യം ഞങ്ങൾ അത്താഴം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഞങ്ങളുടെ ചങ്ങാടത്തിനടുക്കൽ പൊങ്ങിവന്നു. ഭയങ്കരമായി ജലത്തിലടിച്ചു് അതപ്രത്യക്ഷമായി. അതേതുതരം ജീവിയാണെന്നു ഞങ്ങൾക്കൊരു തുമ്പും കിട്ടിയില്ല.

6/6. വെളുത്ത വിസ്താരമേറിയ ഉടലും കൃശമായ വാലും അരങ്ങളും ഉള്ള കറുത്തു കനമേറിയ ഒരു മത്സ്യത്തെ ഹെർമാൻ കണ്ടു. ചങ്ങാടത്തിനു മുന്നിൽ അതു പല പ്രാവശ്യം മേല്പോട്ടു ചാടി.

16/6. വിശേഷപ്പെട്ട ഒരുതരം മത്സ്യത്തെ മുന്നിൽ ചങ്ങാടത്തിനിടതുഭാഗത്തായി ഞങ്ങൾ കണ്ടു. ആറടിനീളവും കൂടിപ്പോയാൽ ഒരടി വണ്ണവും നീണ്ടുചുവന്ന മൂക്കും തലയ്ക്കടുത്തു മുതുകിൽ നീണ്ട തൊങ്ങലും മുതുകിന്റെ മദ്ധ്യത്തിലായി അല്പം ചെറിയ മറെറാരു തൊങ്ങലും അരിവാളിന്റെ ആകൃതിയിൽ ഭാരമേറിയ ഒരു വാൽതൊങ്ങലും അതിനുണ്ടായിരുന്നു. ജലത്തിനുപരിഭാഗത്തു പൊങ്ങി അതു കുറച്ചുനേരം അവിടെത്തന്നെ കിടന്നു. ഒരു നാഗമത്സ്യത്തെപ്പോലെ വളഞ്ഞുപുളഞ്ഞതു നീന്താൻ തുടങ്ങി. ഞാനും ഹെർമാനുംകൂടി ഒരു റബ്ബർബോട്ടിൽ കൈച്ചൂണ്ടയുമെടുത്തുകൊണ്ടതിനെ പിടിക്കാൻ ചെന്നു. അപ്പോഴത്തേയ്ക്കും അതു കടന്നുകളഞ്ഞു. വീണ്ടും വന്നെങ്കിലും വളരെ വേഗത്തിൽതന്നെ വെള്ളത്തിൽ മുങ്ങി അപ്രത്യക്ഷമാകുകയാണു ചെയ്തതു്.

അടുത്ത ദിവസം. പന്ത്രണ്ടുമണിക്ക് എറിക്ക് പാമരത്തിനു മുകളിൽ ഇരിക്കുകയായിരുന്നു. തലേദിവസത്തേപ്പോലെ മുപ്പതുനാല്പതു് നീണ്ടു കൃശമായ ചെമ്പൻ മത്സ്യങ്ങളെ അദ്ദേഹം കണ്ടു. മുന്നിൽ നിന്നും അതു വളരെ വേഗത്തിൽ നീന്തിവന്നിട്ടു് ചുവന്നുപരന്ന ഒരു നിഴൽപോലെ ചങ്ങാടത്തിനു പിന്നിൽ മറഞ്ഞു.

18/6 പാമ്പിനെപ്പോലെ കൃശമായി രണ്ടുമൂന്നടി നീളമുള്ള ഒരു ജന്തുവിനെ നട്ടു് കണ്ടു. അതു വെള്ളത്തിൽ നേരേ എഴുന്നു നിന്നിട്ടു് ഒരു പാമ്പിനെപ്പോലെ പുളഞ്ഞു് മുങ്ങി വെള്ളത്തിനടിയിലേക്കു പോയി.

ഒരു മുറിയുടെ തറയുടെ വലിപ്പത്തിൽ മുങ്ങിക്കിടക്കുന്ന പാറക്കെട്ടുപോലെ കറുത്തിരുണ്ടു നിശ്ചലമായി കിടക്കുന്ന ഏതോ ഭയങ്കര ജന്തുവിനെ ഞങ്ങൾ പലപ്പോഴും കടന്നുപോയിട്ടുണ്ടു്. അതു് ഭീകരനായ ഒരു തെരണ്ടി മത്സ്യമായിരിക്കണം. ഏതായാലും അതനങ്ങുന്നതേയില്ലായിരുന്നു. അതിൻെറ ആകൃതി കണ്ടു മനസ്സിലാക്കുവാൻ ഞങ്ങളതിൻെറ സമീപത്തേയ്ക്കൊട്ടു പോയതുമില്ല.

ഇത്തരം കടൽജന്തുക്കളുമായുള്ള സഹവാസം കൊണ്ടു് സമയം പോകുന്നതുതന്നെ ഞങ്ങൾ അറിഞ്ഞില്ല. വെള്ളത്തിൽ മുങ്ങി ചങ്ങാടത്തിനടിയിൽ കെട്ടിയിരിക്കുന്ന കയറുകൾ പരിശോധിക്കുന്നതു് ഞങ്ങൾക്കും ഭയം ജനിപ്പിച്ചു. ഒരിക്കൽ ചങ്ങാടത്തിൻെറ സെൻറർ ബോർഡ് ബന്ധം വേർപെട്ടു് ചങ്ങാടത്തിനടിയിലേയ്ക്കു് ഒഴുകിപ്പോയി. ഞങ്ങൾക്കു പിടിച്ചെടുക്കാൻ കഴിയുന്നതിനുമുമ്പു് അതടിയിൽ ചെന്നു കയറുകൾക്കിട

യിൽ ഉടക്കി. ഹെർമാനും നഷ്ടമായിരുന്ന മുങ്ങന്നതിൽ വിദഗ്ദ്ധന്മാർ. ഹെർമാൻ രണ്ടുപ്രാവശ്യം മുങ്ങി ചങ്ങാടത്തിനടിയിൽ ചെന്നു് പ്രകാശമത്സ്യങ്ങളുടേയും പൈലററ്മത്സ്യങ്ങളുടേയും നടുവിൽ കിടന്നുകൊണ്ടു് ആ തടിക്കഷണം വലിച്ചു നോക്കി. വീണ്ടും പോകുന്നതിനു മുമ്പു് തൻെറ ശ്വാസോച്ഛ്വാസഗതി വീണ്ടെടുക്കുന്നതിനുവേണ്ടി ചങ്ങാടത്തിൻെറ വക്കിൽ ഇരുന്നു വിശ്രമിക്കുകയായിരുന്നു. അപ്പോൾ ഹെർമാൻെറ അടുക്കൽനിന്നും ഒരു പത്തടി അകലെയായി എട്ടടി നീളമുള്ള ഒരു സ്രാവിനെ വെള്ളത്തിൽ കണ്ടു. അതു് ഹെർമാൻെറ കാൽവിരലുകളെ സമീപിക്കുകയായിരുന്നു. ഒരുപക്ഷേ ഞങ്ങളാ സ്രാവിനോടൊരനീതിയായിരിക്കും കാണിച്ചതു്. ഏതോ ദുരുദ്ദേശത്തോടുകൂടിയാണതു വരുന്നതെന്നു കരുതി ഞങ്ങളാസ്രാവിൻെറ മണ്ടയ്ക്കു് ചൂണ്ടത്തലകൊണ്ടൊരടി കൊടുത്തു. അതു് അതിനു് അസഹ്യമായ വേദന ഉണ്ടാക്കി. ജലത്തിലുടൻ ഒരുതരം എണ്ണ ചോത്തിക്കൊണ്ടതു് തൊങ്ങലുകളും വാലുമിട്ടടിച്ചു് പെട്ടെന്നുതന്നെ തിരോധാനം ചെയ്തു. ഒഴുകിപ്പോയ തടിക്കഷണം ചങ്ങാടത്തിനടിയിൽ തന്നെ തങ്ങിക്കിടക്കുകയും ചെയ്തു.

ഒരു കുട്ടകൊണ്ടതെടുക്കാമെന്നു് എറിക്കിനു് അഭിപ്രായമുണ്ടായിരുന്നു. ഞങ്ങൾക്കാണെങ്കിൽ അത്തരം ഉപകരണങ്ങൾ ഉണ്ടാക്കാൻ വളരെയധികം കരുക്കളൊന്നും കയ്യിലില്ലായിരുന്നു. എന്നാൽ മുളകളും കയറുകളും തേങ്ങായടുക്കിയിരുന്ന ഒരു വള്ളിക്കുട്ടയും ചങ്ങാടത്തിലുണ്ടായിരുന്നു. മുളയും കയറുമുപയോഗിച്ചു് ആ കുട്ടയ്ക്കു വേ

ണ്ടത്ര വലിപ്പം ഞങ്ങൾ ഉണ്ടാക്കി. ഞങ്ങളിൽ ഒന്നു രണ്ടുപേർ അതിലിരുന്നുകൊണ്ടു് ഒരു കൂട്ട വെള്ളത്തിലേയ്ക്കു താഴ്ത്തി. അതിൽ കയറിയവരുടെ കാല്വ മുഴുവൻ മറഞ്ഞിരുന്നു. കൂട്ടയിൽ ചുററിയിരുന്ന കയറിനു് ഞങ്ങളെ സംബന്ധിച്ചും കടൽ ജന്തുക്കളെ സംബന്ധിച്ചും മനശ്ശാസ്ത്രപരമായ ഒരു പ്രയോജനമേ ഉണ്ടായിരുന്നുള്ളു. എങ്കിലും ഏതെങ്കിലും ജീവി ഞങ്ങളെ ആക്രമിക്കാൻ വന്നാൽ ഞങ്ങൾക്കൊററ ത്തുഴകൊണ്ടു് കൂട്ടയിൽ വന്നു കയറാനും ചങ്ങാടത്തിലുള്ളവൎക്കു വെട്ടെന്നുതന്നെ ഞങ്ങളെ വലിച്ചു കയററാനും സാധിക്കും.

ഈ കൂട്ട ഞങ്ങൾക്കുപയോഗപ്രദമായിത്തീൎന്നു. എന്നു മാത്രമല്ല, ചങ്ങാടത്തിനകത്തിരിക്കുമ്പോൾ പരിപൂൎണ്ണ വിനോദത്തിനുമതു സഹായിച്ചു. ജലത്തിനുപരി പൊങ്ങിവരുന്ന ജന്തുക്കളെ പഠിക്കാൻ അതു് ഒന്നാംതരം സന്ദർഭം സൃഷ്ടിക്കുകയും ചെയ്തു.

കടൽ ശാന്തമായിരിക്കുന്ന സന്ദർഭങ്ങളിൽ ഞങ്ങൾക്കു ശ്വാസംപിടിക്കാൻ കഴിയുന്നിടത്തോളം സമയം ഞങ്ങൾ ഓരോരുത്തരായിട്ടു് കൂട്ടയിൽ കയറി മററുള്ളവരുടെ സഹായത്തോടുകൂടി കീഴോട്ടു താഴും. വെള്ളത്തിനടിയിൽ ഏററവും വ്യത്യസ്തവും നിഴലേശാത്തതുമായ പ്രകാശധാര ഉണ്ടായിരുന്നു. അവിടെ കിടന്നു് മുകളിൽനിന്നടിച്ച പ്രകാശത്തിലേക്കു കണ്ണോടിച്ചപ്പോൾ സമുദ്രത്തിൻെറ ഉപരിതലത്തിൽ വെച്ചെന്നപോലെതന്നെ അടിയിൽവെച്ചും യാതൊരു ദിക്ബോധവും ഞങ്ങൾക്കുണ്ടായില്ല. മുകളിൽനിന്നു് പ്രകാശം കീഴോട്ടു പ്രതിഫലിക്കുന്നതുപോലെതന്നെ അടിയിൽ

നിന്നു മേല്പോട്ടും പ്രകാശം പ്രതിഫലിക്കുന്നുണ്ടായിരു ന്നു. സൂൎയ്യൻ പ്രകാശിക്കുന്നതായിട്ടല്ല ഞങ്ങൾക്കപ്പോൾ തോന്നിയതു്. എവിടെയും സൂൎയ്യൻ മാത്രമേ ഉണ്ടായി രുന്നുള്ളു. ഞങ്ങൾ മേലോട്ടു് പവിഴപ്പുറ്റിനടിയിലേക്കു നോക്കിയപ്പോൾ കണ്ട കാഴ്ച സുന്ദരമായിരുന്നു. കയ റുകളും അടിയിലെ ഒമ്പതു തടികളും പ്രകാശത്തിൽ കു ളിച്ചു് ചങ്ങാടത്തിനടിവശം മുഴുവൻ പ്രകാശമാനമാക്ക പ്പെട്ടിരുന്നു. പങ്കായവും ചങ്ങാടത്തിന്റെ പാർശ്വഭാ ഗവും മുഴുവൻ മരതകപ്രഭ ചൊരിയുന്ന കടൽച്ചെടിക ളും അണുജീവികളും കൊണ്ടു് ആവൃതമായിരുന്നു. മ ത്സ്യത്തിന്റെ ചൎമ്മംധരിച്ച വരയൻ കുതിരകളെന്ന പോലെ പൈലററ് മത്സ്യങ്ങൾ അണിയണിയായി അ തിനടിയിൽ നീന്തിക്കൊണ്ടിരുന്നു. വലിയ പ്രകാശമ ത്സ്യങ്ങൾ ഇരതേടി ആവേശപൂൎവ്വം വൃത്താകൃതിയിൽ കറങ്ങിക്കൊണ്ടുമിരുന്നു. ചങ്ങാടത്തടികളുടെ ഇടയിലൂ ടെ അടിച്ചു് കീഴ്പ്പോട്ടിറക്കിയിരിക്കുന്ന തടിക്കഷണ ത്തിൽ പ്രകാശം വീണു. മനോഹരമായ മഞ്ഞച്ചെകി ളകളോടുകൂടിയ വെളുത്ത ചെറുതരം മത്സ്യങ്ങൾ ആ ഹാരവും പ്രാണവായുവും കൊതിച്ചു് ആ തടിയിൽ ശാ ന്തരായി പററിപ്പിടിച്ചിരുപ്പുണ്ടായിരുന്നു. ആരെങ്കി ലും അടുത്തുചെന്നാൽ പെട്ടെന്നുതന്നെ അവ ചുവപ്പും മഞ്ഞയും വരകളുള്ള പുറംതോടിനുള്ളിൽ വലിഞ്ഞു് അപായശങ്ക ഒഴിയുന്നതുവരെ കഴിച്ചുകൂട്ടും. ചങ്ങാട ത്തിൽ ജീവിച്ചു് ഉഷ്ണമേഖലയിലെ സൂൎയ്യനുമായി സഹ കരിച്ചുകഴിഞ്ഞ ഞങ്ങൾക്കു് ആ അധോലോകത്തിലെ വെളിച്ചം ആശ്വാസകരമായിരുന്നു. അന്ധകാരാവൃത

മായ സമുദ്രത്തിൻെറ അഗാധതലത്തിലേക്കു നോക്കിയപ്പോൾ രാത്രികാലങ്ങളിലെ ഇരുട്ട് സാരമില്ലെന്നു ഞങ്ങൾക്കു തോന്നി. രാത്രി കഴിഞ്ഞാൽ സൂര്യോദയമുണ്ടാകുമല്ലൊ. അതിനാൽ ഇരുൾ കൂമ്പാരം കൂടിയിരിക്കുന്ന സമുദ്രാന്തർഭാഗത്തേക്കാൾ രാത്രികാലം സുഖകരമാണെന്നുള്ളതിൽ സംശയമേയില്ല. ഞങ്ങൾ ഉപരിതലത്തിൽനിന്നും വളരെയധികം ഒന്നും കീഴോട്ടു താണില്ല. എങ്കിലും നീലവർണ്ണം കലന്ന് ശുഭ്രമായ സമുദ്രത്തിൻെറ അഗാധതലത്തിലുള്ള മത്സ്യങ്ങളെ ഞങ്ങൾക്കു കാണാൻകഴിഞ്ഞു എന്നുള്ളതൊരത്ഭുതമായിരുന്നു. അവ അയലയും, അതുപോലെതന്നെ അത്രയും ആഴത്തിൽ ജീവിക്കാൻ കഴിയുന്നതായ മററു മത്സ്യങ്ങളും ആയിരുന്നു. പക്ഷെ ഞങ്ങൾക്കവയെ തിരിച്ചറിയാൻ കഴിഞ്ഞില്ല. ചിലപ്പോൾ അവയുടെ ഒരു വലിയ സംഘം തന്നെ ഒന്നിച്ചു ഞങ്ങൾക്കു കാണാൻ കഴിഞ്ഞിട്ടുണ്ട്. ആ ജലപ്രവാഹം മുഴുവൻ ഒരുപക്ഷെ മത്സ്യങ്ങളെക്കൊണ്ടു നിറഞ്ഞതായിരിക്കും. അഥവാ ഞങ്ങളൊന്നിച്ചു സഞ്ചരിക്കാൻവേണ്ടി മാത്രം അവ മനഃപൂർവ്വം ചങ്ങാടത്തിനടിയിൽ തടിച്ചുകൂടിയതായിരിക്കാം. അവയെ കണ്ടപ്പോൾ ഈ ജിജ്ഞാസാഭരിതമായ അതിശയവും ആനന്ദവുമാണ് ഞങ്ങൾക്കുണ്ടായതു്.

സ്വർണ്ണത്തൊങ്ങലുകളുള്ള ടണ്ണി മത്സ്യങ്ങളെ കാണുമ്പോൾ വെള്ളത്തിൽ മുങ്ങുന്നതാണു ഞങ്ങൾക്കേററവും ഇഷ്ടം. ചിലപ്പോൾ അവ ഒരു സംഘമായി ചങ്ങാടത്തിനരികിലെത്തും. പക്ഷെ പലപ്പോഴും രണ്ടോ മൂന്നോ എണ്ണമേ ഉണ്ടായിരിക്കുകയുള്ളു. ഞങ്ങൾ ചൂണ്ട

യിട്ട് പിടിക്കാത്തപക്ഷം അവ തുടർച്ചയായിത്തന്നെ പല നാളുകൾ ഞങ്ങളെ അകമ്പടി സേവിച്ചുകൊണ്ടിരിക്കും. ചങ്ങാടത്തിൽനിന്നു നോക്കുമ്പോൾ വലിയ ഭാരമുള്ള ചെമ്പൻ മത്സ്യങ്ങളാണവ എന്നു തോന്നും. അപ്പോൾ അവയ്ക്കൊരസാധാരണതചവുമില്ല. എന്നാൽ ഞങ്ങള വയുടെ സമീപത്തെത്തി പരിശോധിക്കുമ്പോൾ അവയുടെ നിറവും ആകൃതിയും മാറിയിരിക്കുന്നതായി ഞങ്ങൾ ക്കനുഭവപ്പെട്ടു. ആ മാററം അത്യത്ഭുതകരമായിരുന്നതുകൊണ്ട് അവ ഞങ്ങളാദ്യംകണ്ട മത്സ്യങ്ങൾതന്നെയോ എന്നു സൂക്ഷ്മമായറിയുവാൻ വീണ്ടും ചങ്ങാടത്തിൽ കയറി നോക്കേണ്ടതായിവന്നു. അവ ഞങ്ങളെ ശ്രദ്ധിച്ചതേയില്ല. യാതൊരു പരിഭ്രമവുംകൂടാതെ അവ പ്രൗഢിയോടുകൂടി സഞ്ചാരം തുടൻുകൊണ്ടേയിരുന്നു. പെട്ടെന്ന് അത്ഭുതവും മനോഹരവുമായ രൂപം അവ കൈക്കൊണ്ടു. ഇത്തരം ഒരു മത്സ്യത്തെപ്പോലും ഞാൻ കാണുകയുണ്ടായിട്ടില്ല. മങ്ങിയ ഊതനിറംകലന്ന സ്വർണ്ണവർണ്ണമായി അവയുടെ നിറം മാറി. വെള്ളിപോലെ പ്രകാശംപൊഴിക്കുന്ന ഒന്നിനോടൊന്നു ചേന്ന അവയവങ്ങളും ഗതിക്കു പ്രതിരോധം ഏല്പ്പാത്തമട്ടിലുള്ള ആകൃതിയുംകൊണ്ട് അനുഗൃഹീതമായ ഭയങ്കര ടോപ്പിഡോ മത്സ്യങ്ങൾക്ക് ഒന്നോ രണ്ടോ തൊങ്ങലുകൾ അല്പമായൊന്നു ചലിപ്പിച്ചാൽ 150—180 വരെ ഭാരമുള്ള ശരീരം ഏററവും ആകഷകമായ രീതിയിൽ ജലത്തിലൂടെ ചലിപ്പിച്ച് സഞ്ചരിക്കുവാൻ സാധിക്കും.

സമുദ്രവും സമുദ്രജീവികളുമായി കൂടുതൽ ഇടപഴകിയപ്പോൾ ഞങ്ങൾക്ക് ശാന്തിയും ആനന്ദവും കിട്ടി.

ഞങ്ങളിൽനിന്നും വ്യത്യസ്തമായ വീക്ഷണഗതിയോടെ ശാന്തസമുദ്രത്തെ മനസ്സിലാക്കി അതിനോടൊത്തു സഹകരിച്ചു ജീവിച്ച പ്രാചീനരും അപരിഷ്കൃതരുമായ ജനങ്ങളോടു ഞങ്ങൾക്കു ബഹുമാനം തോന്നി. ഞങ്ങൾ സമുദ്രത്തിലെ ജീവികളെ മനസ്സിലാക്കിയിരിക്കാം. ടണ്ണി മത്സ്യങ്ങൾക്കും കടൽപ്പന്നിക്കും ലാററിൻ പേരുകൾ നല്കിയിരിക്കണം. അവർ അങ്ങനെയൊന്നും ചെയ്തിരിക്കുകയില്ല. എങ്കിലും കൂടുതൽ യഥാർത്ഥമായ ഒരു ബോധം അവക്കു സമുദ്രത്തെ സംബന്ധിച്ചു് ഉണ്ടായിരുന്നു എന്നു് ഞാൻ വിശ്വസിക്കുന്നു.

ഈ ഭാഗത്തു് കരയെക്കുറിക്കുന്ന യാതൊരു ലക്ഷണവും ഇല്ലായിരുന്നു. പതിവുപോലെ അലകളും മത്സ്യങ്ങളും സൂര്യനും നക്ഷത്രങ്ങളും വരികയും പോകയും ചെയ്തുകൊണ്ടിരുന്നു. പെറുവിൽനിന്നു് ദക്ഷിണസമുദ്ര ദ്വീപുകൾ വരെ 4300 നാഴിക നീണ്ടു നിവന്നു കിടക്കുന്ന ശാന്തസമുദ്രത്തിൽ ഏതെങ്കിലും തരത്തിലുള്ള കരയുള്ളതായി അറിയപ്പെട്ടിരുന്നില്ല. അതിനാൽ 100° പടിഞ്ഞാറു് എത്തിയപ്പോൾ ഞങ്ങളുടെ മാർഗ്ഗത്തിൽ ഒരു കടൽപ്പുറവു് ഉള്ളതായി ഭൂപടത്തിൽക്കണ്ടു് ഞങ്ങൾ അത്ഭുതപ്പെട്ടുപോയി. ഞങ്ങളുടെ ചാർട്ടിൽ ഒരു ചെറിയ വൃത്തമായി ആ കടൽപ്പുറവു് അടയാളപ്പെടുത്തിയിട്ടുണ്ടു്. ആ വർഷംതന്നെ പുറത്തു വന്ന ഭൂപടമായതുകൊണ്ടു് ഞങ്ങൾ ദക്ഷിണമേഖലയിലെ സമുദ്രയാത്രയുടെ റിപ്പോർട്ടുകൾ പരിശോധിച്ചു. 1906-ലും 1926-ലും ഗലാപ്പഗോസ് ദ്വീപുകളിൽനിന്നും ഉദ്ദേശം 600 മൈൽ തെക്കുപടിഞ്ഞാറുമാറി തെക്കു് 6° 42′

അക്ഷാംശത്തിലും പടിഞ്ഞാറു് 99° 49′ ദേരഖാംശത്തിലും കടൽപ്പുറവുകളുണ്ടെന്നു് റിപ്പോർട്ടുകളുണ്ടായിരുന്നു. 1927-ൽ ഒരു കപ്പൽ ആ സ്ഥലത്തുനിന്നും ഒരു മൈൽ പടിഞ്ഞാറുമാറിയും 1934-ൽ മററൊരു കപ്പൽ ഒരു മൈൽ തെക്കുമാറിയും സഞ്ചരിച്ചിട്ടു് അതിലെ നാവികർ കടൽപ്പുററിന്റെ യാതൊരു ലക്ഷണവും കണ്ടില്ല. 1935-ൽ കൗറി എന്ന യന്ത്രക്കപ്പലിനു് 1000 അടി ആഴത്തിലും ഇവിടെ അടിത്തട്ടുകണ്ടെത്താൻ കഴിഞ്ഞില്ല. നാവിക ഗതാഗതചിത്രങ്ങളനുസരിച്ചു് ആ സ്ഥലം അപ്പോഴും കപ്പൽ ഗതാഗതത്തിനു പററിയതല്ലെന്നു സംശയിക്കപ്പെട്ടിരുന്നു. ചങ്ങാടത്തിൽ സഞ്ചരിക്കുന്ന ഞങ്ങളെക്കാൾ വലിയ കപ്പലുകളിൽ സഞ്ചരിക്കുന്നവക്കാണല്ലോ ആഴം കുറഞ്ഞ സ്ഥലത്തു് അപകടമുണ്ടാകുന്നതു്. ഏതായാലും കടൽപ്പുറവുണ്ടെന്നു വിശ്വസിക്കപ്പെട്ട ആ ഭാഗത്തേയ്ക്കു ഞങ്ങൾ ചങ്ങാടം തിരിച്ചുവിടുവാൻ നിശ്ചയിച്ചു. ചങ്ങാടം വടക്കോട്ടു മാറിയാണു് സഞ്ചരിക്കുന്നതെന്നു ഞങ്ങൾക്കു മനസ്സിലായി. പങ്കായം വലതുവശത്താക്കി കാററുപായ് അനുകൂലമായ രീതിയിൽ തിരിച്ചു് ചങ്ങാടത്തിന്റെ ഗതി വടക്കോട്ടു് അഭിമുഖമാക്കിത്തീർത്തു. കാററു് അപ്പോൾ വലതുഭാഗത്തുനിന്നു് അടിച്ചു. ജലത്തിനു കൂടുതൽ ശൈത്യം അനുഭവപ്പെട്ടു. കാലാവസ്ഥയ്ക്കുതന്നെ പാടേ മാററം വന്നതായി ഞങ്ങൾ അറിഞ്ഞു. കാററു ഞങ്ങൾക്കു് അനുകൂലമായിരുന്നതുകൊണ്ടു് ലക്ഷ്യം തെററാതെ കോൺടിക്കിയുടെ ഗതി നിയന്ത്രിക്കുവാൻ ഞങ്ങൾക്കു സാധിച്ചു. അല്ലെങ്കിൽ പഴയതുപോലെ ഞങ്ങളുടെ ചങ്ങാടം

കാററില്വം ഓളപ്പാത്തിയില്വംപെട്ടു് നട്ടം തിരിയുമായിരുന്നു. രണ്ടു പകല്വം രാത്രിയും ഒന്നുപോലെ വടക്കും വടക്കുപടിഞ്ഞാറുമായി ചങ്ങാടം യാത്രചെയ്തു. തിരമാലകാം ശക്തിയായി ഉയരാൻ തുടങ്ങി. വാണിജ്യവാതം തെക്കുകിഴക്കിനും, കിഴക്കിനുമിടയ്ക്കായി അടിക്കാൻ തുടങ്ങിയതിനാൽ തിരമാലകളുടെ ശക്തി അറിയാൻ ഞങ്ങാംക്കു കഴിഞ്ഞില്ല. ഏതായാല്വം ചങ്ങാടം അലകളിൽ ഉയരുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു. ഞങ്ങളുടെ നോട്ടം എപ്പോഴും പാമരാഗ്രത്തിലായിരുന്നു. ഞങ്ങാം തിരമാലകളില്വയന്നപ്പോാം ചക്രവാളം വിസ്തൃതമായിത്തീന്നു. ഞങ്ങളുടെ കുടിലിൽനിന്നും ആറു് അടി ഉയരത്തിൽ അലകാം പൊങ്ങി. രണ്ടലകാം ഒന്നിച്ചു് അടിച്ചാൽ അവയ്ക്കു് അതില്വം ഉയരംകൂട്ടം. മത്സരിച്ചു ചീറിവരുന്ന ഉന്നതങ്ങളായ അലകാം അപ്രതീക്ഷിതമായ സ്ഥാനങ്ങളിലേയ്ക്കു് അടിച്ചു് പൊട്ടിച്ചിതറിക്കൊണ്ടിരുന്നു. രാത്രിയായപ്പോാം ആഹാരസാധനങ്ങാം സംഭരിച്ചിരുന്ന പെട്ടികളെല്ലാം കുടിലിൻെറ വാതുക്കൽ അടയത്തക്കവണ്ണം അടുക്കിവച്ചു. എന്നാൽ തണുപ്പുകൊണ്ടു് രാത്രിയിലെ വിശ്രമം ദുസ്സഹമായിരുന്നു. ഞങ്ങാം ഏതാണ്ടുറങ്ങാൻ തുടങ്ങിയപ്പോാം കുടിലിൻെറ ഭിത്തിയിൽ അലചീറിയടിക്കുന്ന ശബ്ദം കേട്ടു. മുളകളുടെ വിടവില്വടെ ശീതജലകണങ്ങാം ധാരാളം ഞങ്ങളിൽ വഷിക്കപ്പെട്ടു. പതഞ്ഞുപൊങ്ങിയ വെള്ളം ഞങ്ങളില്വം ഞങ്ങളുടെ ആഹാരസാധനങ്ങളില്വം പാഞ്ഞുകയറി.

ലോഹപ്പണിക്കാരനെ വിളിക്കു എന്നൊരാാം ഉ

ച്ചത്തിൽ വിളിച്ചുപറയുന്നതു കേട്ട. അടിയിലേയ്ക്കു വെള്ളം ചോൎന്നുപോകുവാൻ ഞങ്ങൾ സ്വയം ശരീരം ഒതുക്കിക്കൊടുത്തു. ഏതായാലും ലോഹപ്പണിക്കാരൻ വന്നില്ല. ആ രാത്രിയിൽ കിടക്കയിൽ കിടന്നുകൊണ്ടു തന്നെ കുളിക്കാൻ വേണ്ടത്ര വെള്ളം ഞങ്ങൾക്കു കിട്ടി. ഹെർമാൻ അമരംപിടിക്കുമ്പോൾ ഒരു വലിയ കടൽപ്പന്നി ചങ്ങാടത്തിനകത്തുതന്നെ ചാടിവീണു. വാണിജ്യവാതം കുറച്ചുനേരത്തേയ്ക്കു നേരേ കിഴക്കുനിന്നും അടിക്കാൻ തുടങ്ങിയതുകൊണ്ടു് അടുത്തദിവസം അലകൾ അത്ര ഉഗ്രമായില്ല. സന്ധ്യയ്ക്കു മുമ്പുതന്നെ ഉദ്ദിഷ്ടസ്ഥാനത്തെത്താമെന്നു കരുതി ഞങ്ങളിടവിട്ടു് പാമരത്തിന്റ മുകളിൽ കയറി മാറിമാറി ചുമതല വഹിക്കാൻതുടങ്ങി. കൂടുതൽ കടൽ ജന്തുക്കളെ ഞങ്ങൾക്കു കാണാൻ കഴിഞ്ഞു. ഒരുപക്ഷേ സാധാരണയിൽ കവിഞ്ഞു് കടലിലേയ്ക്കു് കണ്ണോടിച്ചതുകൊണ്ടായിരിക്കാം അങ്ങനെ സംഭവിച്ചതു്. ഉച്ചയ്ക്കുശേഷം ഉപരിതലത്തോടടുത്തു നീന്തുന്ന ഒരു കൊമ്പൻസ്രാവു് ഞങ്ങളുടെ ചങ്ങാടത്തെ സമീപിച്ചു. അതിൻെറ കൃത്ത തൊങ്ങലുകൾ പരസ്പരം 6 അടി ഉയരത്തിൽ വെള്ളത്തിലുയൎന്നുനിന്നു. അതിൻെറ കൊമ്പിനു ശരീരത്തോളംതന്നെ നീളമുണ്ടായിരുന്നു. അമരത്തിലിരിക്കുന്ന ആളിൻെറ സമീപത്തുകൂടി ശരീരം അൎദ്ധചന്ദ്രാകൃതിയിൽ വളച്ചു് പിന്നിലുയൎന്ന തിരമാലകളിൽ അതു മറഞ്ഞു. മിക്കവാറും നനഞ്ഞു് ഉപ്പുരസം കലൎന്ന ആഹാരമാണു് ഞങ്ങൾ ഉച്ചയ്ക്കു കഴിച്ചതു്. ആഹാരം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ആമമത്സ്യം ഞങ്ങളുടെ മൂക്കിനു മുമ്പിൽതന്നെ അലക

ളിൽ ഉയൎന്നു കാണപ്പെട്ടു. തുടൎന്ന് രണ്ടുമൂന്നാലകൾ വന്നപ്പോൾ അതു് എങ്ങോ പോയിമറഞ്ഞു. ആ സന്ദൎഭത്തിൽ തുവെള്ളയും പച്ചയും കലൎന്ന കടൽപ്പന്നികളുടെ വയറു് ആ ആമമത്സ്യത്തിനു് അടിയിലുള്ള ജലത്തിൽ കിടന്നു മറിയുന്നതു കാണാമായിരുന്നു. ആ സ്ഥലം ഒരിഞ്ചു നീളമുള്ള പ്രകാശിക്കുന്ന പറക്കുംമത്സ്യങ്ങളുടെ സങ്കേതസ്ഥാനമാണു്. അവ കൂട്ടമായി സഞ്ചരിക്കുകയും ചിലപ്പോൾ ചങ്ങാടത്തിൽവന്നു വീഴുകയും ചെയ്തിരുന്നു. ഒററയൊററയായിട്ടു് ഞങ്ങൾ കടൽക്കാക്കകളെ കാണാറുണ്ടായിരുന്നു. കൂടാതെ മീവൽപ്പക്ഷിയെപ്പോലെ കൂൎത്ത വാലുള്ള കടൽപ്പരുന്തുകൾ പതിവായി ഞങ്ങളുടെ ചങ്ങാടത്തിനു മുകളിലൂടെ പറന്നുപോകുമായിരുന്നു. അവ കരയടുത്തുണ്ടെന്നു സൂചിപ്പിക്കുന്നവയാണു്. അതിനാൽ ഞങ്ങളുടെ ശുഭാപ്തിവിശ്വാസം വൎദ്ധിച്ചു.

അവിടെ ഒരു കടൽപ്പുററോ പാറക്കെട്ടോ ഉണ്ടായിരിക്കുമെന്നു് ഞങ്ങളിൽ ചിലർ വിചാരിച്ചു. പച്ചപ്പുല്ലുകൾ പടൎന്നുപിടിച്ച ഒരു ചെറിയ ദ്വീപു നാമവിടെ കാണുകയാണെങ്കിൽ—ആരുമവിടെ ചെന്നിട്ടില്ലാത്തതുകൊണ്ടു് അതാരുടേയും അറിവിൽപെട്ടിരിക്കാൻ ഇടയില്ല — കോൺടിക്കി എന്ന പേരിൽ നാമൊരു പുതിയ കര കണ്ടുപിടിച്ചു എന്നു വരും എന്നു് ഏററവും ശുഭാപ്തിവിശ്വാസമുള്ള ഒരാൾ അഭിപ്രായപ്പെട്ടു. ഉച്ചയ്ക്കുശേഷം സ്റ്റൌവെച്ചിരിക്കുന്ന പെട്ടിപ്പുറത്തു കയറി നില്ക്കുന്നതിനും കോൺമാത്രയിലൂടെ നോക്കുന്നതിനും ഞങ്ങൾ കൂടുതൽ കൂടുതൽ ഉത്സാഹം പ്രകടിപ്പി

ച്ചു. പകൽ 6-20 ന് 6° 42′ അക്ഷാംശത്തിലും 99° 42′ രേഖാംശത്തിലും ആണു് ഞങ്ങളുടെ സ്ഥാനമെന്നറിവായി. ഞങ്ങളുടെ ചാർട്ടിൽ രേഖപ്പെടുത്തിയിരുന്ന കടൽപ്പുററിൽനിന്നും ഞങ്ങളപ്പോൾ ഒരുമൈൽ നേരേ കിഴക്കായിരുന്നു. പാമരം താഴ്ത്തി കാററുപായ് ചുരുട്ടി കെട്ടിവച്ചു. നേരേ കിഴക്കുനിന്നുമടിക്കുന്ന കാററ് ഞങ്ങളെ അവിടെത്തന്നെയെത്തിക്കുമെന്നുള്ളതിൽ സംശയമില്ല. സൂര്യൻ അസ്തമിച്ചു. ചന്ദ്രൻ ഉദിച്ചു് പാലൊളിപ്രഭ സമുദ്രത്തിൽ പരത്തി. ചക്രവാളത്തിൽ കറുത്തും വെളുത്തതുമായ അലകൾ ഉയന്നു. എവിടെയും തിരകളടിച്ചുയരുന്നതും താഴുന്നതും പാമരത്തിൽ നിന്നാൽ നല്ലവണ്ണം കാണാൻ കഴിയും. തിരമാലകളുടെ പരമ്പരകളല്ലാതെ, കടൽപ്പുററ് അടുക്കൽ ഉണ്ടെന്നറിയിക്കുന്ന പതഞ്ഞ അലക്കുത്തുകൾ കാണ്മാനില്ലായിരുന്നു. ആരും തിരിഞ്ഞുനോക്കിയില്ല. ജിജ്ഞാസാഭരിതരായി എല്ലാവരും മുന്നോട്ടുതന്നെ നോക്കിനിന്നു. രണ്ടുമൂന്നു പേർ ഉടനേ പാമരത്തിൽ കയറി. ഞങ്ങൾ അടയാളപ്പെടുത്തിയിരുന്ന സമുദ്രഭാഗത്തു് ചങ്ങാടം നീങ്ങിക്കൊണ്ടിരുന്നപ്പോൾ സമുദ്രത്തിൻെറ ആഴം ഞങ്ങൾ അളക്കുന്നുണ്ടായിരുന്നു. 3000 അടിയോളം നീളമുണ്ടായിരുന്ന ബലത്ത ഒരു സിൽക്കുചരടിൽ ഈയമണികൾ കോത്തു് വെള്ളത്തിലേയ്ക്കിട്ടു. കുറഞ്ഞതു് 2400 അടി ആഴത്തിൽ ആ മണികൾ ചെന്നിട്ടുണ്ടു്. ആ സ്ഥലത്തിൻെറ നടുക്കോ കിഴക്കോ പടിഞ്ഞാറോ അടിത്തട്ടു കാണാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. അവിടെയെങ്ങും കടൽപ്പുററില്ലെന്നു ബോദ്ധ്യമായപ്പോൾ പങ്കായം ഇടത്തിട്ടു്

യാത്രചെയ്യാൻ തുടങ്ങി. കാററ് ഇടതുഭാഗത്തുനിന്നും അടിച്ചതിനാൽ ചങ്ങാടം സൈ്വരം മുന്നോട്ടു പോയി. ഞങ്ങളുടെ പിന്നിൽ അലകൾ ഉയരുകയും താഴുകയും ചെയ്തു. അനേകദിവസം തുടരെ തിരമാലകൾ ഞങ്ങൾക്കു ചുററുമടിച്ചാലും വാണിജ്യവാതം കിഴക്കുനിന്നും തെക്കുകിഴക്കോട്ടു് അടിച്ചുകൊണ്ടിരുന്നതിനാൽ സുഖമായുറങ്ങാനും ആഹാരംകഴിക്കാനും കഴിഞ്ഞു.

ഈ സാങ്കല്പികമായ കടൽപ്പുററ് അന്വേഷിച്ച് ഞങ്ങൾ നടത്തിയ യാത്രയിൽ നൗതലംപോലെ സെന്റർ ബോർഡുകൊണ്ടുള്ള ഉപയോഗം ഞങ്ങൾക്കു വളരെയധികം മനസ്സിലാക്കുവാൻ സാധിച്ചു. പിന്നീടു് ഹെർമാനും നട്ടും ചങ്ങാടത്തിനടിയിൽ മുങ്ങി അഞ്ചാമത്തെ സെൻററർബോർഡ് കൈവശപ്പെടുത്തിയപ്പോൾ ആ തടിക്കഷണത്തിൻെറ പ്രത്യേക പ്രയോജനം ഞങ്ങൾക്കു കൂടുതൽ വ്യക്തമായി. റെഡ്ഇൻഡ്യാക്കാർ ഉപേക്ഷിച്ചതിനുശേഷം വിസ്മരിക്കപ്പെട്ട ഈ വിനോദം വേറെയാരുംതന്നെ അറിഞ്ഞിരുന്നില്ല. തടിക്കഷണം നൗതലമായി പ്രവത്തിച്ചതുകൊണ്ടു് കാററിൻെറ ഗതിക്കനുസരണമായി ഒരു ദിക്കോണം ലക്ഷ്യമാക്കി ചങ്ങാടം യാത്രചെയ്തു. ചങ്ങാടത്തടികളുടെയിടയ്ക്കു് തടിക്കഷണങ്ങൾ അടിച്ചിറക്കിയിട്ടാണു് റെഡ്ഇൻഡ്യന്മാർ തങ്ങളുടെ ചങ്ങാടങ്ങളെ നിയന്ത്രിച്ചതു് എന്നു് സ്പെയിനിലെ പഴമക്കാർ പ്രഖ്യാപിച്ചപ്പോൾ അതേ പ്രശ്നത്തേപ്പററി പര്യാലോചിച്ചുകൊണ്ടിരുന്ന ഞങ്ങൾക്കോ മററുള്ളവക്കോ അതു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഇങ്ങനെ അടിച്ചിറക്കുന്ന തടിക്കഷണങ്ങൾ

ക്ക് അങ്ങോട്ടുമിങ്ങോട്ടും ഇളകാതെ ചങ്ങാടത്തിൻെറ ഗതി നിയന്ത്രിക്കുവാൻ കഴിയും.

ഞങ്ങൾ അങ്ങനെയാണ് ആ രഹസ്യം മനസ്സിലാക്കിയതു്. കാററിൻെറ ഗതിക്ക് ഒരു വ്യത്യാസവും വന്നില്ല. സമുദ്രം ശാന്തത കൈക്കൊണ്ടു. അതിനാൽ പങ്കായത്തിൻെറ സഹായംകൂടാതെതന്നെ രണ്ടുദിവസം കോൺടിക്കി അഭംഗം മുന്നോട്ടു പോയി. പിന്നിൽ തടികളുടെ വിടവിൽ ഞങ്ങൾ ആ തടിക്കഷണങ്ങൾ തള്ളിത്താഴ്ത്തി. അടുത്തനിമിഷം കോൺടിക്കി പടിഞ്ഞാറുനിന്നു വടക്കുപടിഞ്ഞാട്ടു ഗതിമാററി. ഒരു തടസ്സവും കൂടാതെ ഈ പുതിയ ഗതി തുടൻു. ആ തടിക്കഷണം പകുതി മേല്പോട്ട് ഉയർത്തിയപ്പോൾ ചങ്ങാടം പകുതി തിരിഞ്ഞു. തടിക്കഷണങ്ങൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്താൽ പങ്കായം കൂടാതെ ചങ്ങാടത്തിൻെറ ഗതി നിയന്ത്രിക്കുവാൻ കഴിയുമെന്നു് ഞങ്ങൾക്ക് ഉറപ്പായി. ഇങ്കാജനങ്ങളുടെ ബുദ്ധി എത്ര കൂർമ്മതയോടെ പ്രവർത്തിച്ചു എന്നു നോക്കുക! ചങ്ങാടത്തിൻെറ നിയന്ത്രണത്തിനു് എത്ര ലഘുവായ ഒരു തത്വമാണു് അവർ ആവിഷ്കരിച്ചതു്. ആ രീതിയിലുള്ള നിയന്ത്രണം കൊണ്ടു് കാററുപായിലടിക്കുന്ന കാററു് പാമരത്തെ സ്വസ്ഥാനത്തുറപ്പിച്ചുകൊള്ളും. പാമരത്തിനു മുൻവശവും പിൻവശവുമാണു് ചങ്ങാടത്തിൻെറ ഇരുഭുജങ്ങൾ. പിന്നിലുള്ള സെൻറർബോർഡിൻെറ ഭാരം കൂടിയിരുന്നാൽ മുൻവശം ചുററിക്കറങ്ങാൻ തുടങ്ങും. മുന്നിലുള്ളതിനു ഭാരം കൂടിയാൽ നേരേമറിച്ചു പിൻഭാഗവും ചുററിത്തിരിയും. ഭുജവും യന്ത്രശക്തിയും തമ്മി

ലുള്ള ബന്ധംകാരണം പാമരത്തിനറ്റത്തുള്ള കേന്ദ്രമട്ടം കൊണ്ടു് വലിയ പ്രയോജനമൊന്നുമില്ല. കാററു നേരെ പിന്നിലടിച്ചാൽ സെൻററർബോർഡു് ഉപയോഗശൂന്യമാണു്. അപ്പോഠം പങ്കായം തുടച്ചയായി പിടിക്കാതെ ചങ്ങാടത്തെ മുന്നോട്ടു നയിക്കുവാൻ സാദ്ധ്യമല്ല. ചങ്ങാടം നീണ്ടുനിവന്നുകിടന്നാൽ സൈ്വരമായി അതു മുന്നോട്ടു നീങ്ങുകയില്ല. കുടിലിൻെറ വാതിലും ഞങ്ങഠം ആഹാരംകഴിക്കുന്ന സ്ഥലവും വലതുഭാഗത്താകയാൽ ഇടതുഭാഗമാണു് അലകളിലേക്കു തിരിച്ചുവെച്ചതു്.

പങ്കായം ഇരുവശങ്ങളിലേക്കും തിരിച്ചുവലിക്കാതെ ചങ്ങാടത്തടികളുടെ ഇടയിൽ ഉറപ്പിച്ചിരിക്കുന്ന കേന്ദ്രമട്ടം ഉയത്തുകയും താഴ്ത്തുകയും ചെയ്തു് ഞങ്ങഠംക്കു ഗതിനിയന്ത്രിക്കാമായിരുന്നു. എന്നാൽ പങ്കായംപിടിച്ചു് പരിശീലിച്ച ഞങ്ങഠം അതിനെത്തന്നെ ആശ്രയിക്കാൻ നിശ്ചയിച്ചു.

ഇനിയും ഞങ്ങഠംക്കു യാത്രചെയ്യേണ്ട സമുദ്രഭാഗം ഭൂപടത്തിൽ അടയാളപ്പെടുത്തിയിട്ടുണ്ടെന്നല്ലാതെ ഞങ്ങളുടെ അറിവിൽ അതു് ഒരുവിധത്തിലും പെട്ടിരുന്നില്ല.

ഞങ്ങഠം യാത്രതുടങ്ങിയിട്ടു് അന്നു് 45 ദിവസങ്ങളായി. രേഖാംശം 78-ൽ നിന്നു 108-ലേക്കു ഞങ്ങഠം കടന്നുകഴിഞ്ഞു. ശാന്തസമുദ്രത്തിലുള്ള ദ്വീപസമൂഹത്തിലെത്താൻ ഇനിയും പകുതിവഴി കടക്കാനുണ്ടു്. തെക്കേ അമേരിക്കയിൽനിന്നും 2000 മൈൽ ഞങ്ങഠം യാത്രചെയ്തുകഴിഞ്ഞു. പോളിനേഷ്യയിലേക്കു് ഇനിയും അത്രയും ദൂരംകൂടിയുണ്ടു്. അവിടെനിന്നും 500 മൈൽ

കിഴക്കും വടക്കുകിഴക്കുമായിക്കിടക്കുന്ന ഗലാപ്പഗോസ്സ് ദ്വീപുകളും നേരെ തെക്കുകിടക്കുന്ന ഈസ്റ്റർ ദ്വീപുമാണ് ഏററവും അടുത്തുള്ളവ. അവിടെയെത്താൻതന്നെ 500 മൈലിൽ കൂടുതൽ സഞ്ചരിക്കണം. ഞങ്ങൾ ശാന്തസമുദ്രത്തിലെ കപ്പൽഗതാഗതമാർഗ്ഗങ്ങളിൽ നിന്നെല്ലാം അകന്നു യാത്രചെയ്തതുകൊണ്ടു് ഞങ്ങൾക്കു് ഒരിക്കലും ഒരു കപ്പൽ കാണാൻ കഴിഞ്ഞിട്ടില്ല.

എന്നാൽ ഈ ദൂരം ഞങ്ങളുത്ര കാര്യമായിട്ടെണ്ണിയില്ല. ഞങ്ങളറിയാതെതന്നെ ചക്രവാളവും ഞങ്ങളോടൊന്നിച്ചു് നീങ്ങി. ഇളകിമറിഞ്ഞുകൊണ്ടിരിക്കുന്ന സമുദ്രം ആകാശവിതാനത്തിലേക്കു് ഉയന്നുകൊണ്ടിരുന്നു. ഓരോ രാത്രിയിലും അതേ നക്ഷത്രങ്ങൾതന്നെ ഞങ്ങൾക്കു മുകളിൽ ഉദിക്കുകയും അസ്തമിക്കുകയും ചെയ്തുകൊണ്ടിരുന്നു. അതിനാൽ ഞങ്ങളുടെ ലോകത്തിനു യാതൊരു മാററവും സംഭവിച്ചില്ല.

★

## 3. ശാന്തസമുദ്രത്തിലൂടെ

സമുദ്രം ശാന്തമായിരിക്കുന്ന പല അവസരങ്ങളിലും ഞങ്ങൾ റബ്ബർബോട്ടിൽക്കയറി സഞ്ചരിച്ചു് ഫോട്ടോകൾ എടുക്കും. സമുദ്രം വളരെ ശാന്തമായിരുന്നപ്പോൾ റബ്ബർബോട്ടിറക്കി ഒരു സവാരിനടത്താൻ ഞങ്ങളിൽ രണ്ടുപേർ ആഗ്രഹിച്ചതു് ഞാൻ ഒരിക്കലും വിസ്മരിക്കയില്ല. അവർ ചങ്ങാടത്തിൽനിന്നും ഏതാണ്ടു് അകന്നപ്പോൾ തുഴകൾ താഴെയിട്ടു് ആർത്തു് അട്ടഹസിക്കുവാൻ തുടങ്ങി. തിരമാലകൾ അവരെ ഉയർത്തി ചങ്ങാടത്തിൽനിന്നു് അകററിക്കൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്കു് അവർ പ്രത്യക്ഷപ്പെട്ടും; അതുപോലെതന്നെ അപ്രത്യക്ഷമാകയും ചെയ്യും. അതിനിടയിൽ അവർക്കു ഞങ്ങളെ ഒരുനോക്കു കാണുവാൻ കഴിയുമ്പോൾ അവർ ഉച്ചത്തിൽ പൊട്ടിച്ചിരിക്കും. ആ ചിരി ഏകാന്തമായ ശാന്തസമുദ്രത്തിൽ പ്രതിദ്ധ്വനിച്ചുകൊണ്ടിരുന്നു. സങ്കീർണ്ണമായ വികാരങ്ങളോടെ ഞങ്ങൾ ആകപ്പാടെ സ്വയം ഒന്നു് അവലോകനംചെയ്തു. രോമാവൃതമായ മുഖമല്ലാതെ നേരമ്പോക്കിനു വകനല്കുന്ന ഒന്നും ഞങ്ങളെ സംബന്ധിച്ചു് ഇല്ലായിരുന്നു. റബ്ബർബോട്ടിലിരിക്കുന്ന രണ്ടു സുഹൃത്തുക്കളും ഞങ്ങളുടെ താടിയും മീശയും നല്ല

വണ്ണം കണ്ടു പഴകിയിട്ടുള്ളവരാണു്. അതിനാൽ അതു് അവരുടെ ചിരിക്കു് കാരണമാകുവാൻ വഴിയില്ല. അവർ രണ്ടുപേരും ഉന്മത്തന്മാരായിത്തീന്നിരിക്കാമെന്നുള്ള ബലമായ സംശയം ഞങ്ങൾക്കുണ്ടായി. അല്ലെങ്കിൽ സൂര്യാതപസ്പർശമായിരിക്കാം ആ ചിരിക്കു കാരണം. ചിരികൊണ്ടു് കിതയ്ക്കുകയും കണ്ണീർക്കണങ്ങൾ ഉതിരുകയും ചെയ്യുന്ന അവക്കു് കോൺടിക്കിയിലേക്കു മടങ്ങിവരാൻ കഴിയാതെയായി. അങ്ങോട്ടുചെന്നു് കാര്യങ്ങളന്വേഷിക്കുവാൻ അവർ യാചിക്കുന്നതുപോലെയും ഞങ്ങൾക്കു തോന്നി.

അലകളിൽ ഇളകി നൃത്തംവയ്ക്കുന്ന റബ്ബർബോട്ടുകളിൽ വീണ്ടും ഞങ്ങളിൽ രണ്ടുപേർ ചാടിക്കയറി. ഒരു അല വന്നു് ഞങ്ങളെ ചങ്ങാടത്തിൽനിന്നും അകററി. പെട്ടെന്നു ഞങ്ങൾ താഴോട്ടിരുന്നു് പൊട്ടിച്ചിരിക്കാൻ തുടങ്ങി. ചങ്ങാടത്തിൽതന്നെ കഴിയുന്ന ബാക്കി രണ്ടുപേരും ഞങ്ങളെല്ലാം മുഴുക്കിറുക്കന്മാരായിത്തീർന്നെന്നു വിചാരിച്ചിരിക്കാം. അതിനാൽ പെട്ടെന്നു ചങ്ങാടത്തിൽ മടങ്ങിയെത്തി അവരെ ആശ്വസിപ്പിയ്ക്കേണ്ടിയിരുന്നു. ആദ്യമായിട്ടാണു് ഞങ്ങൾ അകന്നുനിന്നു് ഞങ്ങളുടെ ചങ്ങാടത്തെ കാണുന്നതു്. നിസ്സഹായരായ മുഴുക്കിറുക്കന്മാരാണു ഞങ്ങളെന്നുഃബാധം മററുള്ളവരിൽ ജനിപ്പിക്കാൻ ഇടയാക്കിയതു് ആ കൊച്ചു ചങ്ങാടംതന്നെയായിരുന്നു. പുറംകടലിൽ വച്ചു് ഇതിനുമുമ്പൊരിക്കലും ഞങ്ങൾക്കു ഞങ്ങളെത്തന്നെ നോക്കിക്കാണാൻ കഴിഞ്ഞിരുന്നില്ല. ചെറിയ അലകൾക്കുപോലും ആ ചങ്ങാടത്തെ മറയ്ക്കാൻ കഴിഞ്ഞു. ഇലകളും കമ്പുകളും

കൊണ്ടു മേഞ്ഞ മേൽക്കൂരയും ആ കൊച്ചു കുടിലും അതിന്റെ വിസ്തൃതമായ വാതിലും മാത്രമേ അപ്പോൾ ദൃഷ്ടിയിൽ പെട്ടിരുന്നുള്ളു. നോർവേയിലെ ഒരു ഉണക്കപ്പുൽമാടം നിസ്സഹായമായി പുറംകടൽപ്രവാഹത്തിൽ പെട്ടു് ഒഴുകുന്നതുപോലെയാണു് ഞങ്ങൾക്കു് അതു കാണാൻ കഴിഞ്ഞതു്. കറുത്തിരുണ്ട ദീക്ഷ വളർത്തിയ സാഹസികന്മാരായ കടൽക്കള്ളന്മാർ കഴിയുന്ന ഒരു വയ്ക്കോൽ മാടമാണോ അതെന്നു് ആർക്കും തോന്നിപ്പോകും. വേറെയാരെങ്കിലും അലകളിൽ കളിച്ചു് ചങ്ങാടത്തിൽ തുഴഞ്ഞു് ഞങ്ങളുടെ പിന്നാലെ വന്നാലും പൊട്ടിച്ചിരിക്കുവാനുള്ള പ്രേരണ സ്വാഭാവികമായിത്തന്നെ ഞങ്ങൾക്കുണ്ടാകുമായിരുന്നു. ശാന്തമായിരിക്കുമ്പോൾത്തന്നെ അല കുടിലിന്റെ ഭിത്തിയിൽ പകുതിയോളം ഉയർന്നു ചെല്ലും. ആ താടിക്കാർ ഇരിക്കുന്ന കുടിലിന്റെ വാതിലിലൂടെ അലകളടിച്ചു് അകത്തു കയറുമെന്നു് ഞങ്ങൾക്കു തോന്നി. പക്ഷേ ബലഹീനമായ ആ ചങ്ങാടം വീണ്ടും അലകളുടെ മുകൾപ്പരപ്പിൽ ദൃശ്യമാകും. പഴയതുപോലെ ആ സ്വേച്ഛാചാരികളെ, യാതൊരുപദ്രവവുമേല്ക്കാതെ ചങ്ങാടത്തിൽ ഇരിക്കുന്നതും കാണാം. വലിയ അലകൾ വന്നാൽ കുടിലും കാററുപായും പാമരവുമെല്ലാം അദൃശ്യമാകും. പക്ഷേ അടുത്ത നിമിഷം അവയെല്ലാം പഴയമട്ടിൽ തന്നെ പ്രത്യക്ഷപ്പെടുകയും ചെയ്യും. ആകപ്പാടെ നോക്കുമ്പോൾ ആ ചങ്ങാടത്തിന്റെ സ്ഥിതി ഏററവും ദയനീയമെന്നു തോന്നും. അതിനാൽ ചങ്ങാടത്തിനകത്തുള്ളവരുടെ ജീവിതം സുരക്ഷിതമെന്നു ചിന്തിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞില്ല.

ഞങ്ങൾ രണ്ടാമത്തെ പ്രാവശ്യം പഴയതുപോലെ റബ്ബർബോട്ടുകളിൽ തുഴഞ്ഞു് അകന്നു് ചിരിക്കാൻ തുടങ്ങിയപ്പോൾ വല്ലാത്ത ഒരാപത്തു് അഭിമുഖീകരിക്കേണ്ടതായി വന്നു. കാററും അലകളും പ്രതീക്ഷയിൽ കവിഞ്ഞു് ശക്തിയായിട്ടു് അടിക്കാൻ തുടങ്ങി. കോൺടിക്കി അതിവേഗത്തിൽ അലകളിൽപെട്ടു് മുന്നോട്ടു പാഞ്ഞു. ചങ്ങാടം തീൎച്ചയായും തിരിച്ചുവരാൻ ഇടയില്ല. ഞങ്ങളെ അതു കാത്തിരിക്കയുമില്ല. പ്രാണരക്ഷാൎത്ഥം അനിയന്ത്രിതമായി മുന്നോട്ടു കുതിക്കുന്ന കോൺടിക്കിയിൽ ചെന്നെത്താൻ സൎവ്വശക്തിയുമുപയോഗിച്ചു് ഞങ്ങൾക്കു തുഴയേണ്ടിവന്നു. കാററുപായ് അഴിച്ചുമാററിയെങ്കിലും മുളക്കൂടിലിൽ കാററു നല്ലവണ്ണം പിടിച്ചു് ചങ്ങാടം ഉഗ്രമായ വേഗത്തിൽ പ്രയാണമാരംഭിച്ചു. വെറും കളിപ്പാട്ടംപോലെയുള്ള തുഴകൾകൊണ്ടു് അലകളിൽ തുള്ളുന്ന റബ്ബർബോട്ടുകൾ തുഴഞ്ഞെടുപ്പിക്കാൻ അസാദ്ധ്യമെന്നുതന്നെ ഞങ്ങൾക്കു തോന്നി. പരസ്പരം വേർപിരിയരുതെന്നുള്ള ഒരു ഒററവിചാരമേ ഞങ്ങൾക്കേവൎക്കും അപ്പോൾ ഉണ്ടായിരുന്നുള്ളു. കടലിൽ കഴിച്ചുകൂട്ടിയ ഏററവും ഭയങ്കര നിമിഷങ്ങളായിരുന്നു അവ. ചങ്ങാടത്തിൽ ഉള്ളവരോടു ചേരുന്നതുവരെ നിരാശാജനകമായ ഉൽക്കണ്ഠയും ഉൾക്കത്തലും ഞങ്ങൾക്കുണ്ടായിരുന്നു.

അതിനുശേഷം റബ്ബർബോട്ടുകളിൽ കയറി പോകണമെങ്കിൽ ചങ്ങാടത്തലപ്പിൽ ബോട്ടുകൾ കയറുകൊണ്ടു് ബന്ധിച്ചിരിക്കണമെന്നു് കഠിനമായ നിരോധനം ഏൎപ്പെടുത്തി. അങ്ങനെ ചെയ്താൽ അപകടസന്ദർഭ

ങ്ങളിൽ ചങ്ങാടത്തിലുള്ളവക്ക് ബോട്ടുകാം പിടിച്ചു വലിച്ചു് അടുപ്പിക്കുവാൻ കഴിയുമല്ലോ. അതിനുശേഷം കാററും കോളും ഇല്ലാത്ത അവസരങ്ങളിൽ മാത്രമേ ഞങ്ങാം ബോട്ടിൽ സവാരിചെയ്യുതിരുന്നുള്ളു. സവ്വാധീശമായ സമുദ്രം ദിങ്മണ്ഡലത്തിലെവിടെയും ഭ്രമിയെ വട്ടമിട്ടു് ധനുരാകാരം കൈക്കൊണ്ടു. പോളിനേഷ്യൻ ദ്വീപിലേയ്ക്കുള്ള പകുതിവഴി താണ്ടിക്കഴിഞ്ഞപ്പോളാണു് ഇതെല്ലാം സംഭവിച്ചതു്. ഞങ്ങാംക്കു് അപ്പോാം കോൺടിക്കിയെ വിട്ടു് നീലാകാശത്തിനും നീലജലപ്പരപ്പിനും ഇടയിലൂടെ തുഴഞ്ഞുപോകുവാൻ കഴിഞ്ഞു. വെറുമൊരു നിഴൽപോലെയുള്ള ഞങ്ങളുടെ ചങ്ങാടത്തിൻെറ രൂപം ഞങ്ങാം അകലുംതോറും ചെറുതായിക്കൊണ്ടിരുന്നു. അതുപോലെതന്നെ ഒടുവിൽ ആ വലിയ കാററുപായും ചക്രവാളപരിധിയിൽ കറുത്ത സമചതുരാകൃതിയിൽ അവ്യക്തമായിച്ചുരുങ്ങി. അപ്പോാം ഏകാന്തതയെക്കുറിച്ചുള്ള ബോധം ഞങ്ങളിൽ ഉദിക്കുമായിരുന്നു. മുകളിൽ ആകാശമെന്നപോലെ ഞങ്ങളുടെ കീഴിൽ സമുദ്രം നീലാഭമായി വളഞ്ഞു് അങ്ങനെ കിടന്നു. സമുദ്രവും ആകാശവും തമ്മിൽ സന്ധിക്കുന്നിടത്തു് നീലിമ ഉരുകിച്ചേൎന്നു് ഒന്നായിത്തീൎന്നു. ഞങ്ങളും ആ ചങ്ങാടവും അനന്തമായ ശൂന്യതയിൽ തൂങ്ങിക്കിടക്കുന്ന പ്രതീതി ഞങ്ങാംക്കുണ്ടായി. ഞങ്ങളുടെ ലോകം കാർമേഘപടലംപോലെ നീലിച്ചു് ശൂന്യതയുടെ നൂത്നരംഗമായി മാറി. സൗവൎണ്ണമണ്ഡിതവും മന്ദോഷ്ണവുമായ സൂര്യമണ്ഡലമല്ലാതെ ആ ഉഷ്ണമേഖലയിൽ മററൊന്നും തന്നെ ദൃഷ്ടിവിഷയമല്ലായിരുന്നു. ചക്രവാളത്തിൽ കാ

ന്നബിന്ദു എന്നപോലെ ചങ്ങാടം ഞങ്ങളോട്ട് അടുക്കു വാൻ തുടങ്ങി. ചങ്ങാടത്തിൽ എത്തിയപ്പോഠം സുര ക്ഷിതത്വബോധം ഞങ്ങഠംക്കുണ്ടായി. കുടിൽ നല്കിയ തണലും ഉണക്കിലകളുടേയും മുളകളുടേയും സുഗന്ധവും ഞങ്ങഠംക്കു് ആശ്വാസമരുളി. സൂര്യപ്രഭാലേപിതമായ നീലപ്പരപ്പിൻെറ പരിശുദ്ധത കുടിലിൻെറ വാതി ലിലൂടെ ദൃശ്യമായി. അതു ഞങ്ങളുടെ സുഖാനു ഭൂതിക്കു് മാററുകൂട്ടി. വെളിയിലേയ്ക്കു ഞങ്ങഠം ആക ഷിക്കപ്പെടുന്നതുവരെ ഞങ്ങളിണങ്ങിച്ചേന്ന വിശാലവും പരിശുദ്ധവുമായ നീലിമ അത്യന്തം ഹൃദ്യമായിത്തീന്നു.

ഇളകുന്ന മുളക്കുടിൽ മനശ്ശാസ്ത്രപരമായി ഞങ്ങ ളെ എങ്ങനെ ബാധിച്ചു എന്നുള്ളതു ശ്രദ്ധേയമാണു്. ഞങ്ങളുടെ കുടിലിനു് 14 അടി നീളവും 8 അടി വീതി യും ഉണ്ടായിരുന്നു. കാററിൻെറ സമ്മർദ്ദം അധികം ഏല്ക്കാതിരിക്കാൻ പൊക്കം കുറച്ചാണു് അതു നിമ്മി ച്ചതു്. കുടിലിൻെറ മേൽക്കൂരയും ചുവരുകളും ബലമു ള്ള മുളകളും കയറുകളുംകൊണ്ടു് ഭംഗിയായി വരിഞ്ഞു കെട്ടിയിരുന്നു. എന്നു മാത്രവുമല്ല, മുളങ്കീറുകഠം കൊണ്ടു് അവ മെടഞ്ഞു ദൃഢമാക്കുകയും ചെയ്തിരുന്നു. പച്ചയും മഞ്ഞയും കലന്ന മുളങ്കമ്പുകളും ഇലപ്പടപ്പുകഠം അണി ഞ്ഞ മേൽക്കൂരയുംകൊണ്ടു് അതു് ഒരു വെണ്മാടത്തേ ക്കാഠം നയനാനന്ദകരമായിരുന്നു. ചുവരു് വലതുഭാഗ ത്തു് മൂന്നിലൊന്നു തുറന്നിരുന്നെങ്കിലും സൂര്യാതപവും ച ന്ദ്രികയും കുടിലിൽ പതിച്ചെങ്കിലും വെള്ളപ്പെയിൻറ ടിച്ച മേൽക്കൂരകളും അടച്ചുപൂട്ടിയ വാതിലുകളുമുള്ള ഒരു ഗൃഹത്തേക്കാഠം സുരക്ഷിതത്വബോധം ആ പരിത

സ്ഥിതിയിൽ ഞങ്ങൾക്ക് ഉണ്ടായി. അതിനു കാരണ മെന്തെന്നും ഞങ്ങൾ ആലോചിച്ചു. ഒടുവിൽ താഴെപ്പ റയുന്ന നിഗമനത്തിൽ ഞങ്ങൾ എത്തി. കടൽ യാത്ര യ്ക്കു് ഇലകൾ കൊണ്ടു മൂടിയ മുളങ്കുടിൽ അനുയോജ്യ മെന്നു ചിന്തിക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. അലക ളിൽ ഇളകിയാടുന്ന പർണ്ണശാലയ്ക്കും ഉരുണ്ടു് അലറിയു യരുന്ന സമുദ്രത്തിനും തമ്മിൽ പ്രകൃത്യാതന്നെ യാതൊ രു ചേർച്ചയുമില്ല. ഒന്നുകിൽ കുടിൽ തിരമാലകളിൽ പിടിച്ചു നിൽക്കാൻ ശക്തമായിരിക്കണം. അല്ലെങ്കിൽ അലകൾ കുടിലിനോടു് സമരസപ്പെടണം. ചങ്ങാട ത്തിൽ ഞങ്ങൾ കഴിയുമ്പോൾ മുളക്കുടിലും അതു പൊ ഴിക്കുന്ന മണവും വെറും യാഥാർത്ഥ്യങ്ങളായിരുന്നു. അ ലയുയർത്തുന്ന സമുദ്രം അയഥാർത്ഥമായും ഞങ്ങൾക്കു തോ ന്നി. എന്നാൽ റബ്ബർബോട്ടിലിരുന്നു നോക്കിയപ്പോൾ പരസ്പരം താദാത്മ്യം പ്രാപിക്കുന്നതായി ഞങ്ങൾക്ക് അനുഭവപ്പെട്ടു. ബാൽസാ തടികൾ കടൽക്കാക്കകളെ പ്പോലെ തിരമാലകൾക്കു മുകളിലൂടെ സഞ്ചരിച്ചു. അല ചങ്ങാടത്തിലടിച്ചാൽ പിന്നിലുള്ള തടികളുടെ വിടവി ലൂടെ വെള്ളം ചോർന്നു പൊയ്ക്കൊള്ളും. കുടിലിരിക്കുന്ന ചങ്ങാടത്തിന്റെ മദ്ധ്യഭാഗം നനവുപററാതിരിക്കുമെ ന്നു് ഞങ്ങൾക്ക് ദൃഢമായ വിശ്വാസമുണ്ടു്. യാത്ര ദീർ ഘിക്കുംതോറും കുടിലിനകം കൂടുതൽ സുഖകരമായി ത്തീർന്നു. കുടിലിന്റെ വാതലിനു വെളിയിലൂടെ കടന്നു പോകുന്ന വെൺമകുടം ചാർത്തിയ അലകളിലേയ്ക്കു് ഞ ങ്ങൾ കണ്ണോടിച്ചപ്പോൾ ഹൃദയഹാരിയായ ചലച്ചിത്ര പ്രദർശനത്തിന്റെ പ്രതീതിയാണു് ഞങ്ങൾക്കുണ്ടായ

ത്തു്. ത്രസ്സായ ചുവരിന്നു് ചങ്ങാടത്തിൻെറ വക്കിൽ നിന്നു് 5 അടിയും ജലപ്പരപ്പിൽനിന്നു് 1½ അടിയും മാത്രമേ അകൽച്ചയുണ്ടായിരുന്നുള്ളു എന്നു വരികിലും ഞങ്ങൾ കുടിലിനുള്ളിൽ പ്രവേശിച്ചു കഴിഞ്ഞാൽ കട ലിൽനിന്നും വളരെ അകന്ന ഒരു കാട്ടിലുള്ള വള്ളിക്കു ടിലിൽക്കഴിയുന്ന സുരക്ഷിതത്വബോധമാണു് ഞ ങ്ങൾക്കു് ഉണ്ടാകുന്നതു്. അവിടെ മലൎന്നു കിടന്നുകൊ ണ്ടു് കാററിൽപ്പെട്ട മരക്കൊമ്പുകൾപോലെ ഉലഞ്ഞാടു ന്ന മേൽക്കൂരയിലേയ്ക്കു നോക്കാനും പരുക്കൻതടികളു ടേയും മുളകളുടേയും ഉണങ്ങിയ ഇലകളുടേയും ഗന്ധം നുകരാനും ഞങ്ങൾക്കു കഴിഞ്ഞു.

ചില രാത്രികളിൽ ഞങ്ങളെത്തന്നെ നിർവ്വൎണ്ണനം ചെയ്യാൻ റബ്ബർബോട്ടുകളിൽക്കയറി സഞ്ചരിക്കുമായി രുന്നു. ചുററിനും കറുത്തിരുണ്ട തിരമാലകൾ ഗണിമാ ളികപോലെ ഉയൎന്നുകൊണ്ടിരുന്നു. ജലത്തിൽ നിറ ഞ്ഞിരിക്കുന്ന പ്ലാങ്ക്ടൊൻെറ മങ്ങിയ പ്രതിഫലനം മദ്ധ്യരേഖാപ്രദേശത്തിലെ ആകാശത്തിൽ മിന്നിത്തി ളങ്ങുന്ന അനേകായിരം നക്ഷത്രങ്ങളിൽ ഞങ്ങൾ ദർശി ച്ചു. അതു B. C. 1947 എന്നോ A. D. 1947 എന്നോ ഉള്ള ചിന്ത പരിഗണനാൎഹമേ ആയിരുന്നില്ല. ഞങ്ങ ളുടെ ജീവിതവും ബോധവും ഉണൎവ്വിൻെറ അത്യഗാധ തയെ സ്പർശിച്ചു. ആധുനികശാസ്ത്രയുഗത്തിനു മുമ്പു ള്ള ജനങ്ങളുടെ ജീവിതവും പരിപൂൎണ്ണമായിരുന്നു എന്നു ഞങ്ങൾ ധരിച്ചു. വാസ്തവം പറഞ്ഞാൽ ആധുനിക മ നുഷ്യൻെറ ജീവിതത്തേക്കാൾ അതു് മഹാൎഹവും സമ്പ ന്നവും പൂൎണ്ണവുമായിരുന്നു. കാലവും പരിണാമവും ത

ന്നൊ ഞങ്ങളെ സംബന്ധിച്ച് ഇല്ലാതായിത്തീന്നിരിക്കയാണ്. ഭൂതകാലത്തിലും ഭാവിയിലും എന്ന പോലെ ഏററവും പ്രസക്തവും യഥാത്ഥവുമായിട്ടുള്ളതു് "ഇന്നു" മാത്രമാണ്. ചരിത്രത്തിൻെറ സീമയററ പ്രാകൃതിക പരിമാണം, നക്ഷത്രസമൂഹത്തിനടിയിൽ ഉള്ള അനന്തവും അനുസ്യൂതവുമായ അന്ധകാരം ഞങ്ങളെ ഗ്രസിച്ചുകളഞ്ഞു.

ഞങ്ങൾക്കും ചങ്ങാടത്തിനും മദ്ധ്യേ ഉയന്ന് അലകളിൽ മറയുന്നതിനുവേണ്ടി ആ രാത്രിയിൽ ഞങ്ങളുടെ മുമ്പിൽ കോൺടിക്കി അലകളുടെ മുകളിൽ ഉയന്നു. ചന്ദ്രികയിൽ ആ ചങ്ങാടത്തെ ചുററി ഒരു നൂതനാന്തരീക്ഷം ഉണ്ടായിരുന്നു. കടൽച്ചെടികൾ അരിമ്പു തുന്നിപ്പിടിപ്പിച്ച് പ്രകാശിക്കുന്ന ചങ്ങാടത്തടികൾ, സ്കാൻഡിനേവിയയിലെ ധീരനാവികരുടെ കാററുപായുടെ സമചതുരാകൃതിയിലുള്ള കറുത്തിരുണ്ട പുറംവടിവു്, പിന്നിൽ ഒരു എണ്ണവിളക്കു കത്തി എരിയുന്ന പരുപരുത്ത മുളക്കുര—ഇവയെല്ലാം ഒരു യഥാത്ഥ കഥയുടെ ചിത്രമെന്നൊണ്ണുക സാദ്ധ്യമല്ല. ഏതൊ യക്ഷികഥയിലെ സാങ്കല്പികചിത്രമെന്നേ എണ്ണുവാൻ പററൂ. കറുത്തിരുണ്ട അലകളിൽ ഇടയ്ക്കിടയ്ക്ക് ആ ചങ്ങാടം പരിപൂണ്ണമായും മറയും. വീണ്ടും അതുയന്നു് നക്ഷത്രങ്ങൾക്കെതിരേ കീഴ്ക്കാംതൂക്കായി ഒരു നിഴൽപോലെ നില്ക്കും. പ്രകാശിക്കുന്ന ജലം തടികളുടെ വിടവിലൂടെ കീഴ്പോട്ടു് ഒഴുകുകയും ചെയ്യും. കർത്തേടി ഈ സമുദ്രത്തിലൂടെ അതിപ്രാചീനകാലത്തെ ജനങ്ങൾ യാത്ര ചെയ്തപ്പോൾ ചക്രവാളത്തിനുമപ്പുറം വിശാറി വിതത്ത

ത്തുപോലെ ഇത്തരമവരുടെ ചങ്ങാടങ്ങൾ നാനാഭാഗത്തേയ്ക്കും സഞ്ചരിക്കുന്നതിൻെറ ചിത്രമാണ് ഏകാന്തമായ ഈ ചങ്ങാടത്തെ ചുററിയുള്ള അന്തരീക്ഷം കണ്ടപ്പോൾ ഞങ്ങളുടെ മനസ്സിലുദിച്ചതു്. പെറുവും ഇകഡോറും സ്വഭരണത്തിൻകീഴിൽ കൊണ്ടുവന്ന ഇങ്കാട്ടുപ്പ്കായുപ്പൻകി,സ്പെയിൻകാരുടെ ആഗമനത്തിനു മൻപുതന്നെ അസംഖ്യം അനുയായികളൊന്നിച്ചു് ചങ്ങാടങ്ങളിൽ ദ്വീപുകളന്വേഷിച്ചു് ശാന്തസമുദ്രത്തിലൂടെ യാത്രചെയ്തുവെന്നു് ശാന്തസമുദ്രപ്രദേശങ്ങളിൽ ഒരു കിംവദന്തിയുണ്ടു്. അദ്ദേഹം രണ്ടു ദ്വീപുകൾ കണ്ടുപിടിച്ചു. ഗലാപ്പഗോസ് ദ്വീപുകളാണു് അവയെന്നു് ചിലർ കരുതുന്നു. ഏതായാലും എട്ടുമാസത്തെ അസാന്നിദ്ധ്യത്തിനുശേഷം അദ്ദേഹവും അനുചരന്മാരും മടങ്ങി ഇകഡോറിൽതന്നെ തിരിച്ചെത്തി. കോൺടിക്കിയും അദ്ദേഹത്തിൻെറ അനുയായികളും അനവധി ശതാബ്ദങ്ങൾക്കു മുൻപു് അതേ രീതിയിൽതന്നെ യാത്രചെയ്തിരിക്കണം. പോളിനേഷ്യൻ ദ്വീപുകൾ കണ്ടുപിടിച്ചതിനുശേഷം മടങ്ങിപ്പോരേണ്ട യാതൊരാവശ്യവും അദ്ദേഹത്തിനു നേരിട്ടിരുന്നില്ല. ഞങ്ങൾ വീണ്ടും ചങ്ങാടത്തിൽ മടങ്ങിയെത്തിയപ്പോൾ മുളകൊണ്ടു നിർമ്മിച്ച ചങ്ങാടത്തട്ടിൽ വിളക്കിനുചുററും വട്ടത്തിലിരുന്നു് 1500 വർഷങ്ങൾക്കു മുമ്പു് ഞങ്ങളുടെ അതേ അനുഭവങ്ങളോടെ യാത്രചെയ്ത പെറുവിയൻ നാവികന്മാരെപ്പററി പലപ്പോഴും സംസാരിക്കാറുണ്ടായിരുന്നു. താടിയും മീശയും വളർത്തിയ ഞങ്ങളുടെ നിഴലുകൾ ദീപപ്രഭയിൽ ആ കാററുപായിൽ പതിച്ചു. ഞങ്ങൾ അ

പ്പോൾ പെറുവിൽനിന്നും സമുദ്രയാത്രയ്ക്കുതിരിച്ച വെള്ളക്കാരായ താടിക്കാരെപ്പററി ഓമ്മിച്ചു. തെക്കേ അമേരിക്കയുടെ പടിഞ്ഞാറെത്തീരത്തു പെറുവരെയും മെക്സിക്കോ മുതൽ മദ്ധ്യ അമേരിക്കവരെയും പ്രചാരത്തിലിരിക്കുന്ന ഇതിഹാസപുരാണങ്ങളിലും പ്രതിമാശില്പങ്ങളിലും കൂടെ പ്രസിദ്ധിയാജ്ജിച്ച അവരെ രൂപത്തിലും കമ്മത്തിലും ഞങ്ങൾക്കു് അനുകരിക്കുവാൻ കഴിഞ്ഞു. പെറുവിൽ നിലവിലിരുന്ന അതിമഹത്തായ നാഗരികത ഇങ്കാജനങ്ങളുടെ പ്രവേശത്തിനു മുമ്പുതന്നെ ഒരു മന്ത്രവടികൊണ്ടു് പ്രഹരമേററാലെന്നവണ്ണം അസ്തമിക്കുകയും, ഞങ്ങൾ സമീപിച്ചുകൊണ്ടിരിക്കുന്ന ഏകാന്തമായ പോളിനേഷ്യൻ ദ്വീപുകളിൽ പെട്ടെന്നു് ആവിർഭവിക്കയും ചെയ്തു. വാണിജ്യവാതത്തേയും പടിഞ്ഞാറോട്ടു് ഒഴുകുന്ന പ്രവാഹത്തേയും ആശ്രയിച്ചു് കാനറീസ് ദ്വീപുകളിൽനിന്നും മെക്സിക്കോവിലേക്കു് വന്നു് ചുററിത്തിരിയുന്ന ഈ ആചാൎയ്യന്മാർ അററ്ലാന്റിക് സമുദ്രം കടന്നുവന്ന നാഗരികവൎഗ്ഗത്തിൽപെട്ടവരായിരിക്കുമോ എന്തോ? ഞങ്ങൾ ഇപ്പോൾ കടക്കുന്ന ദൂരത്തിലും കുറവാണു് അതു്. മനുഷ്യജീവിതത്തിൽ നിന്നും പരിപൂൎണ്ണമായും ഒററതിരിക്കപ്പെട്ടതാണു് സമുദ്രമെന്നു് ഞങ്ങൾക്കിപ്പോൾ വിചാരിക്കാൻ കഴിയുന്നില്ല. കിഴക്കൻ സമുദ്രങ്ങളിൽ നിന്നും ലഭിച്ച പ്രചോദനങ്ങളാൽ പ്രബുദ്ധമായി മെക്സിക്കോവിലെ അസ്റെറക്സ് വൎഗ്ഗം മുതൽ പെറുവിലെ ഇങ്കാജനങ്ങൾവരെ വ്യാപിച്ചതാണു് ഇൻഡ്യൻ നാഗരികത എന്നും ഒരു 10,000 വർഷങ്ങൾക്കിടയിലോ അതിനു മുമ്പോ

സൈബീരിയയിൽനിന്നു് ക്രമേണ അമേരിക്കയിൽ അധിനിവേശം ചെയ്തവരും നായാട്ടും മത്സ്യവേധനവും പ്രധാന തൊഴിലാക്കിയവരുമായ ഏഷ്യൻ ജനങ്ങളാണു് അമേരിക്കൻ ഇൻഡ്യാക്കാരെന്നും പ്രബലമായ കാരണങ്ങളാൽ വിശ്വസിക്കപ്പെട്ടുപോരുന്നു. ഒരുകാലത്തു് മെക്സിക്കോ മുതൽ പെറുവരെ വ്യാപിച്ചിരുന്ന ഉന്നതമായ സംസ്കാരത്തിന്റെ ക്രമാനുഗതമായ വളർച്ചയെക്കുറിക്കുന്ന യാതൊരു തെളിവുകളും ഇല്ലെന്നുള്ളതു് ശ്രദ്ധാർഹമാണു്. അതിപ്രാചീന സംസ്കാരങ്ങളുടെയിടയിൽ യാതൊരു അടിസ്ഥാനവും കൂടാതെ പുരാതന നാഗരികതകൾ ഉയർന്നുവന്നുവെന്നു് വ്യക്തമാകുന്നതുവരെ പുരാവസ്തുഗവേഷകന്മാർ ഗവേഷണം നടത്തിക്കൊണ്ടിരിക്കും. അതനുസരിച്ചു് സംസ്കാരപ്പൊലിമ പ്രത്യക്ഷപ്പെട്ടുകൊണ്ടുമിരിക്കും.

പുരാതനകാലത്തും ആധുനികകാലത്തും വളരാൻ ഏററവും അനുകൂലമായ പരിതസ്ഥിതികൾ ഉണ്ടായിരുന്നതും ഉള്ളതുമായ സമശീതോഷ്ണപ്രദേശങ്ങളിൽ നാഗരികത ഉണ്ടായി തഴച്ചു വളരുന്നതിനു പകരം അററ്ലാൻറിക് സമുദ്രജലപ്രവാഹം വന്നെത്തിയ തെക്കേ അമേരിക്കയിലേയും മധ്യ അമേരിക്കയിലേയും വനങ്ങളിലും ഊഷരപ്രദേശങ്ങളിലുമാണു് അതു വളർന്നുവന്നതു്.

ദക്ഷിണസമുദ്ര ദ്വീപുകളിലും അതുതന്നെയാണു് ദൃശ്യമാകുന്നതു്. ശാന്തസമുദ്രങ്ങളിൽ വച്ചു് ഏഷ്യയിൽനിന്നു് ഏററവുമകന്നതും, വരണ്ടു് ഊഷരപ്രദേശമായിത്തീർന്നിട്ടുള്ളതും പെറുവിനോടു് ഏററവും അടുത്തു

കിടക്കുന്നതും അപ്രശസ്തവുമായ ഈസ്റ്റർദ്വീപിലാണു്
നാഗരികതയുടെ മഹത്ത്വത്തിന്റെ അഗാധമായ ചി
ഹ്നങ്ങൾ കാണപ്പെടുന്നതു്.

ഞങ്ങൾ പകുതിദൂരം യാത്രചെയ്തു കഴിഞ്ഞപ്പോൾ
പെറുവിൽനിന്നും ഈസ്റ്റർ ദ്വീപിലേയ്ക്കുള്ള ദൂരം സ
ഞ്ചരിച്ചുകഴിഞ്ഞു. ആ ഐതിഹാസികമായ ദ്വീപു്
ഞങ്ങൾക്കു നേരെ തെക്കായികിടന്നിരുന്നു. സാധാരണ
ചങ്ങാടങ്ങൾ കടലിലിറക്കുവാൻപററിയ പെറുവിയൻ
തീരത്തിന്റെ മധ്യത്തിൽ അനുകൂലമായ ഒരു സ്ഥാന
ത്തുനിന്നാണു് ഞങ്ങൾ കരയുമായി വേർപെട്ടതു്. കുറ
ച്ചുകൂടി തെക്കുമാറി കോൺടിക്കിയുടെ നശിപ്പിക്കപ്പെട്ട
ത്യാഹ്വാനാകോ, എന്ന നഗരത്തിനു് സമീപത്തുവച്ചു്
യാത്രയാരംഭിച്ചിരുന്നുവെങ്കിൽ ഞങ്ങൾക്കും അതേ കാ
ററും അല്പം ശക്തി കുറഞ്ഞ പ്രവാഹവും കിട്ടുമായിരുന്നു.
അങ്ങനെയായിരുന്നുവെങ്കിൽ അവ രണ്ടും ഞങ്ങളെ ഈ
സ്റ്റർ ദ്വീപിൽ എത്തിക്കയും ചെയ്യുമായിരുന്നു.

പടിഞ്ഞാറു് 110° രേഖാംശം കടന്നപ്പോൾ ഞ
ങ്ങൾ പോളിനേഷ്യൻ സമുദ്രത്തിൽ എത്തിക്കഴിഞ്ഞു.
പോളിനേഷ്യൻ ഈസ്റ്റർ ദ്വീപു് പെറുവിനോടാണു്
കൂടുതൽ അടുത്തു കിടന്നതു്. ഏററവും പ്രാചീനമായ
ദ്വീപസംസ്കാരത്തിന്റെ കേന്ദ്രമായ ദക്ഷിണദ്വീപസ
മൂഹങ്ങളിൽ പുറത്തു കിടക്കുന്ന ആദ്യത്തെ ദ്വീപുകളു
ടെ അതേ അകലത്തിൽ ഞങ്ങൾ എത്തിയിരുന്നു. രാ
ത്രിയായി സൂര്യനസ്തമിച്ചപ്പോൾ ഈസ്റ്റർ ദ്വീപിന്റെ
അത്ഭുതങ്ങളെപ്പററിയുള്ള കഥകൾ ഞങ്ങളുടെ ഹൃദയ
ത്തിൽ സജീവങ്ങളായി. നിശാകാശം സമയത്തെക്കുറി

ച്ചുള്ള സകല ബോധവും ഞങ്ങളിൽനിന്നകററി. വീണ്ടും താടിക്കാരായ ഞങ്ങളുടെ തലകഠ കാററുപായിൽ പ്രതിബിംബിച്ചു.

അങ്ങ തെക്ക് ഈസ്റ്റർ ദ്വീപിൽ ശതാബ്ദങ്ങളിലെ രഹസ്യങ്ങഠ ആലോചിച്ചുകൊണ്ടു് വെള്ളക്കാരുടെ ലക്ഷണം തികഞ്ഞതും ശ്മശ്രുക്കളോടുകൂടിയതുമായ വലിയ മുഖങ്ങഠ ശിലാലിഖിതങ്ങളായി നില്പുണ്ടായിരുന്നു. 1722-ൽ ആദ്യമായി പാശ്ചാത്യർ ആ ദ്വീപു കണ്ടുപിടിച്ചപ്പോഠ ആ പ്രതിമകളെല്ലാം അവിടെ അങ്ങനെ നില്പുണ്ടായിരുന്നു. ആ ദ്വീപിലെ ഇന്നത്തെ കുടിയിരുപ്പുകാർ അവിടെച്ചെന്നു് അതിമഹത്തായ നാഗരികതയുടെ ഉടമാവകാശികളിൽ മുതിർന്നവരെ തുരത്തുന്നതിനു മുൻപു്, 22 പോളിനേഷ്യൻ തലമുറകഠക്കും മുൻപു്, ആ പ്രതിമകഠ അവിടെ അന്യൂനം സ്ഥിതിചെയ്തിരുന്നു. ഇന്നത്തെ കുടിയേറിപ്പാർപ്പുകാക്കു മുമ്പുവരെ അതിപ്രാചീനസംസ്കാരത്തിൻെറ പ്രശസ്തചിഹ്നങ്ങളായി ആ ശിലാപ്രതിമകഠ തലയുയർത്തിപ്പിടിച്ചു നിന്നിരുന്നു. മനുഷ്യാകൃതിയിൽ മൂന്നുനാലു നിലകളുള്ള മണിസൗധങ്ങളുടെ ഉയരത്തിൽ ഒരേ ശിലയിൽ മനോഹരമായി കൊത്തിയെടുത്ത രൂപങ്ങഠ വൃക്ഷരഹിതമായ ആ ദ്വീപിലെ മലഞ്ചരിവുകളിൽ അവിടവിടെയായി ഉയൻവന്നിട്ടുണ്ടു്. എങ്ങനെയാണു് ആ പ്രാചീനമനുഷ്യർ അവയെ രൂപപ്പെടുത്തി മറെറാരു സ്ഥലത്തുകൊണ്ടുവന്നു സ്ഥാപിച്ചതെന്നു് അജ്ഞാതമായിരിക്കുന്നതേയുള്ളു. അത്തരത്തിലുള്ള പല ശിലാപ്രതിമകളുടേയും മുകളിൽ 36 അടി ഉയരമുള്ള ഭീമാകാരമായ ചെങ്കല്ലുകഠ ശി

രോവേഷ്ടനങ്ങളായി സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ഇതു കുറേക്കൂടി വിഷമംപിടിച്ച ഒരു പ്രശ്നമാണ് നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നതു്. അവയെപ്പററി ചിന്തിക്കുന്തോറും ഇങ്ങനെയുമുണ്ടോ കലാസൃഷ്ടികൾ എന്നു് അതിശയിച്ചുപോകും. ഇന്നത്തെ ഏററവും വലിയ ഇൻജിനീയറന്മാരെപ്പോലും അമ്പരപ്പിക്കുന്ന പ്രശ്നങ്ങളിൽ അവഗാഹജ്ഞാനംനേടി കാലയവനികയിൽ മറഞ്ഞുപോയ ശില്പികളുടെ നിമ്മാണപാടവവും ശാസ്ത്രീയ പരിജ്ഞാനവും എത്ര മഹോന്നതവുംപരിപൂണ്ണവുമായിരുന്നു! പെറുവിൽനിന്നും പോയ ചങ്ങാടക്കാരെ പശ്ചാത്തലമാക്കി കിട്ടിയിട്ടുള്ള പുരാതന അവശിഷ്ടങ്ങളെല്ലാം പരിശോധിച്ചാൽ ഈസ്റ്റർദ്വീപിൻെറ സംസ്കാരപ്പൊരുളിനെ സംബന്ധിച്ച യുക്തിസഹങ്ങളായ തെളിവുകൾ നമുക്കു് ഒരുപക്ഷേ കിട്ടിയെന്നുവരാം. കാലത്തിനുപോലും മറയ്ക്കാനാവാത്ത പ്രാചീന നാഗരികതയുടെ ചിഹ്നങ്ങൾ ഈ ദ്വീപിൽ കാണ്മാനുണ്ടു്.

മുമ്പുണ്ടായിരുന്ന ഒരു അഗ്നിപവ്വതത്തിൻെറ ഉപരിതലമാണ് ഈസ്റ്റർ ദ്വീപ്. സംസ്കാരസമ്പന്നരായ ആ പ്രാചീനക്ക് സൗകര്യപ്രദമായ രീതിയിൽ കരയ്ക്കു് അടുക്കാനും ഇറങ്ങാനും നിർമ്മിച്ച സോപാനങ്ങൾ കല്ലുപടുത്തുണ്ടാക്കിയ പൊതുനിരത്തുകളുമായി ബന്ധിച്ചിരുന്നു. ആ ദ്വീപിനു ചുററും ജലനിരപ്പ് അന്നുമിന്നും ഒന്നുതന്നെയാണ്. ഇതു് ഒരിക്കലും വെള്ളത്തിൽ ആഴ്ന്നുപോയ ഒരു ഭൂഖണ്ഡത്തിൻെറ ലക്ഷണമല്ല. ഇന്നത്തെപ്പോലെ പണ്ടും ശാന്തസമുദ്രമേഖലയിലെ സാംസ്കാരികകേന്ദ്രമായിരുന്നപ്പോൾ ഏകാ

ന്തമായ ഒരു ചെറിയ ദ്വീപുതന്നെയായിരുന്നു അതു്. ഒരററം കൃത്ത ആ ദ്വീപിന്റെ മദ്ധ്യത്തിലായി മുമ്പു ണ്ടായിരുന്ന അഗ്നിപർവ്വതത്തിന്റെ മുഖം സ്ഥിതിചെയ്യുന്നു. അതിനപ്പുറമാണ് അവിടുത്തെ ശില്പികളുടെ അത്ഭുതാവഹമായ കൽക്കുഴികളും ശില്പാഗാരവും സ്ഥിതിചെയ്യുന്നതു്. ഇവിടെനിന്നും അവർ ശതാബ്ദങ്ങൾക്കു മുമ്പ് ആ ദ്വീപിന്റെ കിഴക്കേ അററത്തെയ്ക്കു് ഓടിയപ്പോൾ അവിടം ഏതുനിലയിൽ കിടന്നിരുന്നുവോ അതുപോലെതന്നെ ഇന്നും സ്ഥിതിചെയ്യുന്നു. ഐതിഹ്യമനുസരിച്ചു് പുതുതായി അവിടെ വന്നെത്തിയ ദ്വീപനിവാസികൾ അവിടെയുള്ള മുതിൎന്നവരെയെല്ലാം നാമാവശേഷമാക്കി. ശില്പകാരന്മാരുടെ ജോലിക്കു് പെട്ടെന്നുണ്ടായ ഈ വിഘ്നം ഈസ്റ്റർ ദ്വീപിലെ അഗ്നിപർവ്വതമുഖത്തിൽ സാധാരണനിലയിലോരോദിവസവും നടക്കുന്ന വ്യാപാരത്തിന്റെ വ്യക്തവും പരിപൂൎണ്ണവുമായ രൂപം നല്കുന്നുണ്ടു്. ആ ശില്പികളുടെ കഠിനമായ കൽക്കോടാലികൾ അവിടെത്തന്നെ ചിതറിക്കിടപ്പുണ്ടു്. പെറുവിൽനിന്നും ആട്ടിഓടിക്കപ്പെട്ടപ്പോൾ ആൻഡീസ് പർവ്വതസാനുക്കളിൽ ഭീമാകാരങ്ങളായ ശിലാപ്രതിമകൾ ഉപേക്ഷിച്ചുപോയ കോൺടിക്കിയുടെ അനുയായികളായ ശില്പികളെപ്പോലെ ആ ദ്വീപിലെ പരിഷ്കൃതമനുഷ്യരും ഇരുമ്പിനെപ്പററി ഗ്രഹിച്ചിരുന്നില്ല. ദീർഘശ്മശ്രുക്കളോടുകൂടിയ പൗരാണികരായ വെള്ളക്കാർ കട്ടപ്പമേറിയ കോടാലികൾകൊണ്ടു് പർവ്വതപ്രാന്തങ്ങളിൽനിന്നും 30-ം 40-ം അടി നീളമുള്ള പാറക്കഷണങ്ങൾ വെട്ടിയെടുത്ത കൽക്കുഴികൾ രണ്ടു സ്ഥലങ്ങളിലും കാണ്മാനു

ണ്ടു്. ഭീമാകാരങ്ങളായ മനുഷ്യരൂപത്തിലുള്ള പ്രതിമകൾ സ്ഥാപിക്കുന്നതിനും മട്ടുപ്പാവുകളും ഭിത്തികളും ഒന്നിനുമേൽ ഒന്നായി പടുത്തുയർത്തുന്നതിനും മുമ്പു് ഉറച്ച തറയിലൂടെ വളരെ ദൂരത്തിലേയ്ക്കു മാററപ്പെട്ടതും അനേകം ടൺ ഭാരംവരുന്നതുമായ വലിയ ശിലാഖണ്ഡങ്ങൾ രണ്ടു സ്ഥലത്തുമുണ്ടു്. പണിയാരംഭിച്ച സ്ഥലത്തുതന്നെ പൂർത്തിയാകാതെ കിടക്കുന്ന വലിയ ശിലാപ്രതികൃതികൾ ഈസ്റ്റർദ്വീപിലുണ്ടു്. അവ കൊത്തുപണിയുടെ വിവിധഘട്ടങ്ങളെ കുറിക്കുന്നവയാണു്. ആ പ്രാചീനരായ കർമ്മകുശലന്മാർ അവിടംവിട്ടോടിയപ്പോൾ ഉപേക്ഷിക്കപ്പെട്ടവയുടെ കൂട്ടത്തിൽ മിക്കവാറും പൂർത്തിയായ അറുപത്തിയാറടിപ്പൊക്കമുള്ള ഒരു ശിലാപ്രതിമ ഉണ്ടായിരുന്നതാണേററവും വലുതു്. അതു പൂർത്തിയാക്കി തറയിൽ ഉറപ്പിച്ചു നിർത്തിയിരുന്നുവെങ്കിൽ അതിനു് എട്ടുനിലയുള്ള ഒരു മണിമാളികയുടെ പൊക്കം കാണുമായിരുന്നു. ഓരോ ശിലാപ്രതിമയും ഒന്നിച്ചു ചേർന്നുനില്ക്കുന്ന പാറക്കെട്ടിൽനിന്നും പ്രത്യേകം വെട്ടിയടർത്തിയെടുത്തിട്ടുള്ളതാണു്. ശിലാപ്രതിമകളെ ചുററി ശില്പകാരന്മാർക്കു പണിയെടുക്കാൻ നിർമ്മിച്ചിരുന്ന കുഴികൾ, ഓരോ പ്രതിമയും രൂപപ്പെടുത്തിയെടുക്കാൻ ഒരേസമയം അധികം ആളുകൾ പ്രവർത്തിച്ചിരുന്നില്ലെന്നു വ്യക്തമാക്കുന്നുണ്ടു്. പെറുവിലെ പ്രതിമകൾക്കൊപ്പം കൈ മടക്കി വയററിൽവെച്ചു് മലർന്നുകിടക്കുന്ന ആ പ്രതിമകൾ, ആ ദ്വീപിൻെറ വിവിധഭാഗങ്ങളിലേയ്ക്കു കൊണ്ടുപോകുന്നതിനു മുമ്പു് കലാസുഭഗതകൊണ്ടു് പരിപൂർണ്ണമാക്കപ്പെട്ടിരുന്നു. അവ നീക്കംചെയ്യപ്പെടുന്ന

ത്തുവരെ പ്രതിമകളുടെ പിൻഭാഗം അല്പംമാത്രം പാറക്കെട്ടുകളോടു ബന്ധിച്ചിരിക്കും. അവസാനം ആ ബന്ധവും ഛേദിക്കപ്പെട്ടും. അപ്പോൾ വലിയ ഉരുണ്ട പാറകളവയെ താങ്ങിക്കൊള്ളും.

ഇത്തരം അസംഖ്യം പ്രതിമകൾ ആ പർവ്വതമുകപ്പിൽനിന്നും താഴെ കൊണ്ടുവന്നു് ചരിവുകളിൽ സ്ഥാപിച്ചിരുന്നു. എന്നാൽ ഏററവും വലിയ അസംഖ്യം ശിലാപ്രതിമകൾ ആ പർവ്വതത്തിൻെറ ഉപരിഭാഗത്തും അനേകം നാഴിക ദൂരെയുള്ള സ്ഥലങ്ങളിലുമായി ശിലാവേദികകളിൽ ചെങ്കല്ലുകൊണ്ടുള്ള മകുടവും തലയിൽ ചാർത്തി ആണു് സ്ഥാപിക്കപ്പെട്ടിരുന്നതു്. ഇത്തരം ശിലാപ്രതികൃതികൾ ഒരു സ്ഥലത്തുനിന്നും മററൊരു സ്ഥലത്തേയ്ക്കു മാററുന്നതു് ഒരത്ഭുതവും കടംകഥയുമായി തോന്നിയേക്കാം. പക്ഷേ അതു നമുക്കാർക്കും നിഷേധിക്കാൻ സാധിക്കാത്ത ഒരു പരമാർത്ഥമാണു്. പെറുവിലെ ശില്പികൾ അത്രയും വലിപ്പത്തിലുള്ള ശിലാരൂപങ്ങൾ ആൻഡീസ് പർവ്വതപ്രദേശങ്ങളിൽ ഉപേക്ഷിച്ചുപോയിരുന്നു എന്നുള്ളതിൽനിന്നും ഇക്കാര്യത്തിൽ ആ പ്രാചീനർ അതിവിദഗ്ദ്ധന്മാരാണെന്നു തെളിയുന്നുണ്ടു്. ഈസ്റ്റർ ദ്വീപിൽ ഇത്തരം ഏകശിലാപ്രതികൃതികൾ അസംഖ്യങ്ങളും അവിടത്തെ ശില്പികൾ വ്യക്തിമുദ്ര പതിപ്പിച്ചവരുമായിരുന്നു. ആ മൺമറഞ്ഞ നാഗരികത അമേരിക്കയ്ക്കടുത്തുള്ള പല ദ്വീപുകളിലും മനുഷ്യാകൃതിയിലുള്ള അത്തരം ഭീമപ്രതിമകൾ സ്ഥാപിക്കുകയും അവ വിദൂരമായ ദേവാലയസാന്നിദ്ധ്യത്തിലേയ്ക്കു കൊണ്ടുപോകുകയും ചെയ്തിരുന്നു.

മാർകചിസസ് ദചീപിൽവച്ച് ഈ ജാതി പ്രതിമകഠം മറെറാരു സ്ഥലത്തേയ്ക്കു് മാററുന്നതെങ്ങനെയെന്ന ഐതിഹാസിക കഥകഠം ഞാൻ കേട്ടിട്ടുണ്ടു്. അവ കൈവണ്ടിയിൽ നഗരദചാരത്തിലേയ്ക്കു് നയിക്കപ്പെട്ടിരുന്നു എന്ന നാട്ടുകാരുടെ കഥകളോടു് സാദൃശ്യമുള്ളതിനാൽ ഈസ്റ്റർ ദചീപനിവാസികളും അതേവിധം തന്നെ പ്രതിമകഠം നീക്കം ചെയ്തുവെന്നു് അനുമാനിക്കാം.

പ്രതിമകളെച്ചുററിയുള്ള കുഴികളിൽ ജോലി ചെയ്തിരുന്ന ശില്പികഠം സമയം വളരെയെടുത്തിരുന്നുവെങ്കിലും അവരുടെ എണ്ണം കുറവായിരുന്നു. ഒരെണ്ണം പണി തീർന്നാൽ അവർ അതു വേഗം അവിടെനിന്നും മാററും. വളരെയധികം ആളുകഠം ആ ജോലിക്കു് ആവശ്യമായിരുന്നു. അക്കാലത്തു് ചെറിയ ഈസ്റ്റർ ദചീപു് മത്സ്യവും പെറുവിലെ മധുരക്കിഴങ്ങും കൊണ്ടു് സമ്പന്നമായിരുന്നു. ഏഴായിരമോ എണ്ണായിരമോ ആളുകളെ തീററിപ്പോററാൻ ഏററവും ഐശചര്യസമൃദ്ധമായ കാലത്തു് ആ ദചീപിനു് കഴിയുമായിരുന്നു. ഏകദേശം ആയിരം ആളുകഠംക്കു് ആ ശിലാപ്രതിമകഠം ഭൂമിയിൽ പിടിച്ചുനിർത്താൻ സാധിക്കുമായിരുന്നു. അവ മറെറാരു സ്ഥലത്തേയ്ക്കു മാററാൻ 500പേരുടെ സാന്നിദ്ധ്യമേ ആവശ്യമായിരുന്നുള്ളു. കൂട്ടിപ്പിരിച്ച നാരുകളും തടികൊണ്ടുള്ള ചട്ടക്കൂട്ടുമുപയോഗിച്ചു് മസൃണമായ തടിക്കഷണങ്ങളിലും ഉരുണ്ട പാറകളിലും കൂടി തെന്നിച്ചു് ശിലാപ്രതിമകഠം അവർ മറെറാരു സ്ഥലത്തു് എത്തിച്ചിരുന്നു. ദക്ഷിണസമുദ്രദചീപുകളിൽനിന്നും അതിൽക്കൂടുതൽ പെറുവിൽനിന്നും സംസ്കാരസമ്പന്നരായ ആ പ്രാ

ചീന ജനങ്ങൾ വടവും ചരടുകളും നിർമ്മിക്കാൻ അതി വിദഗ്ദ്ധന്മാരെന്നു തെളിഞ്ഞിട്ടുണ്ടു്. മനുഷ്യന്റെ അരക്കെട്ടോളം വലിപ്പമുള്ള പിരിച്ചുകെട്ടിയ വടങ്ങൾ ഉപയോഗിച്ചു് മലയിടുക്കുകൾക്കും നദികൾക്കുമെതിരെ നിർമ്മിച്ചിരിക്കുന്ന നൂറുവാര നീളമുള്ള തൂക്കുപാലങ്ങൾ അവിടെച്ചെന്നെത്തിയ ആദ്യത്തെ പാശ്ചാത്യർ കണ്ടുപിടിച്ചിട്ടുണ്ടു്.

ശിലാപ്രതിമകൾ ഉദ്ദിഷ്ടസ്ഥാനങ്ങളിൽ എത്തിക്കഴിഞ്ഞാൽ അവ ഭൂമിയിൽ എങ്ങനെ കുത്തിനിർത്തും എന്ന പ്രശ്നം ഉദിക്കുന്നു. കല്ലും മണലും ഉപയോഗിച്ചു് താല്ക്കാലികമായി ഒരു ചാരുമാനം ആദ്യമേ നിർമ്മിക്കും. കൂടുതൽ ചരിവുള്ള ഭാഗത്തുകൂടെ കാലുകൾ മേല്പോട്ടാക്കി പ്രതിമകൾ അവർ മേല്പോട്ടു തള്ളിക്കയററും. എന്നിട്ടു് മലയുടെ കുത്തു പാർശ്വത്തിലൂടെ പ്രതിമകൾ കീഴോട്ടിറക്കി നേരത്തേ സജ്ജമാക്കിയിട്ടുള്ള കുഴികളിൽ അവയുടെ പാദങ്ങൾ ഉറപ്പിക്കും. അപ്പോഴും പ്രതിമകളുടെ പിന്നിൽ കൃത്രിമ ചാരുമാനം ഉണ്ടായിരിക്കും. പിന്നീടു് മറെറാരു ശിലാഗോളസ്തംഭം ഉരുട്ടിക്കയററി അവയുടെ തലയിൽ വയ്ക്കും. അതിനുശേഷമേ പ്രതിമയുടെ പിന്നിലുള്ള ചാരുമാനം മാററുകയുള്ളു. ഇങ്ങനെയുള്ള ഉപയോഗിക്കാത്ത ചാരുമാനങ്ങൾ ഈസ്റ്റർ ദ്വീപിൽ ധാരാളമുണ്ടു്. പ്രാചീന ജനങ്ങൾ ചിലവഴിച്ച സമയവും മനുഷ്യപ്രയത്നവും ബുദ്ധിശക്തിയും ശരിക്കും കണക്കിലെടുക്കുന്നപക്ഷം അവരുടെ താദൃശപ്രവർത്തനങ്ങളിൽ യാതൊരു അതിശയവും ഉണ്ടാവുകയില്ല.

എന്തിനാണ് അവർ ഈ പ്രതിമകൾ നിർമ്മിച്ചതു്? പ്രതിമകളുടെ തലയിൽ അണിയിക്കുവാൻ ചെങ്കല്ലുകൾ തേടി വളരെ ദൂരം പോകാനുള്ള കാരണമെന്താണു്? തെക്കേ അമേരിക്കയിലും മാർകചിസസ് ദ്വീപുകളിലും ചെങ്കല്ലുകൾകൊണ്ടു മാത്രം പാകപ്പെടുത്തിയെടുത്ത പ്രതിമകളും ഉണ്ടു്. എന്നുമാത്രമല്ല, ചെങ്കല്ലുകൾക്കുവേണ്ടി അവർ വളരെ ദൂരം യാത്രയും ചെയ്തിട്ടുണ്ടു്. പോളിനേഷ്യയിലും പെറുവിലും ഉന്നതരും കുലീനരുമായ ആളുകൾ ചുവന്ന തലപ്പാവുകൾ ധരിച്ചിരുന്നതു് ഒരു പ്രത്യേകതയാണു്.

ഈ പ്രതിമകൾ ആരെ പ്രതിനിധീകരിച്ചിരുന്നുവെന്നു് ആദ്യമായി പരിശോധിക്കാം. ആദ്യത്തെ സംഘം പാശ്ചാത്യർ ഈ ദ്വീപു് സന്ദർശിച്ചപ്പോൾ സമുദ്രതീരത്തു് അത്ഭുതാദരങ്ങൾ ജനിപ്പിച്ച വെള്ളക്കാരെ കണ്ടു. ആക്രമണകാരികളുടെ കയ്യിൽനിന്നും രക്ഷപെട്ട ഈ ദ്വീപിലെ ആദിമവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളുടേയും കുട്ടികളുടേയും പിൻതുടർച്ചക്കാരായ പുരുഷന്മാർക്കു് അതേ വർഗ്ഗത്തിൽ പെട്ടവർക്കില്ലാത്ത ദീർഘവും നിബിഡവുമായ ശ്മശ്രുക്കൾ ഉണ്ടായിരുന്നു. തങ്ങളുടെ പൂർവ്വികന്മാരിൽ ചിലർ വെളുത്തവരും ചിലർ ചെമ്പിച്ചവരും ആയിരുന്നുവെന്നു് തന്നാട്ടുകാർ തന്നെ പ്രഖ്യാപിച്ചിട്ടുണ്ടു്. രണ്ടാമത്തെക്കൂട്ടർ ഇരുപത്തിരണ്ടു തലമുറകൾക്കു മുമ്പു് എവിടെയോ നിന്നു് പോളിനേഷ്യയിൽ കുടിയേറി പാർത്തുവെന്നും, 57 തലമുറയ്ക്കു മുമ്പു് ഉദ്ദേശം A. D. 400-ലോ, 500-ലോ ആദ്യത്തെക്കൂട്ടർ കിഴക്കുനിന്നും വലിയ കപ്പലുകളിൽ അവിടെ വന്നുചേർന്നുവെന്നും




കോൺടിക്കിയുടെ ശാന്തസമുദ്രത്തിലൂടെയുള്ള യാത്ര

കോൺടിക്കിയുടെ മാതൃക





പുറപ്പെടാൻ തയാറായി കലാവാ തുറമുഖത്തു്. പുരാതനകാലത്തെ റെഡ്ഇൻഡ്യാക്കാരുടെ ചെങ്ങാടങ്ങളുടെ ശരിപ്പകർപ്പു്. മുളകൊണ്ടു നിർമ്മിച്ച തുറന്ന ഒരു കുടിലും അതിൻെറ പിന്നിൽ ഒന്നിച്ചു ചേർത്തു കെട്ടിയ രണ്ടു പാമരങ്ങളിൽ ഘടിപ്പിച്ച സമചതുരാകൃതിയിലുള്ള ഒരു കാററുപായും ചെങ്ങാടത്തിൽ കാണാം.



പുറംകടലിലൂടെ മുന്നോട്ടുള്ള ഗതി. ഹംബോൾട്ട് പ്രവാഹത്തിൽ അതികഠിനമായ അദ്ധ്വാനം ഞങ്ങൾക്ക് വേണ്ടിവന്നു. എന്തെന്നാൽ ചെങ്ങാടയാത്രയെപ്പററിയുള്ള അവസാനനിർദ്ദേശങ്ങൾ പോലും ശതാബ്ദങ്ങളായി വിസ്മൃതിയിൽ ലയിച്ചു കഴിഞ്ഞിരുന്നു.

പാകം വന്ന പഴങ്ങൾ തീരുന്നതിന് മുമ്പ് മത്സ്യങ്ങൾ ചങ്ങാടത്തിൽ വന്നു വീഴാൻ തുടങ്ങി.





ഒരു തുറന്ന തടിപ്പെട്ടിക്കുള്ളിൽ സ്റ്റൌ കത്തിച്ച് ഞങ്ങളാഹാരം പാകം ചെയ്തു. കുടിലിനു വെളിയിൽ ചങ്ങാടത്തിന്റെ നിരപ്പില്ലാതെ പരുപരുത്ത വക്കിലിരുന്നുകൊണ്ട് ഞങ്ങൾ ആഹാരം കഴിച്ചു.



കോൺടിക്കിയുടെ ശ്മശ്രുപൂർണ്ണമായ മുഖത്തിനു താഴെ കാററ വായിൽ
കാണുന്ന മുഖം കോൺടിക്കിയുടെ പുരാതന പ്രതിമയുടെ പകർപ്പാണു്.



ഒരു ശ്രാവ് മത്സ്യത്തെ ശക്തിയായി വലിച്ചു ചെങ്ങാടത്തിലിടുന്നു.



ശ്രാവ് ചെങ്ങാടത്തിലായിക്കഴിഞ്ഞാൽ പിടിച്ചയാളും അതു നിശ്ശബ്ദവും നിശ്ചലവുമാകുന്നതു വരെ ഒഴിഞ്ഞു മാറി നിന്നുകൊള്ളും.



മകരമത്സ്യം കൺമുമ്പിൽ.



മകരമത്സ്യത്തിൻെറ പൃഷ്ഠഭാഗത്തെ ചെകിളയുടെ ഉപരിഭാഗം



ലോകത്തിലേ ഏററവും വലിയ മത്സ്യമായ തിമിംഗല സ്രാവു്



പാമ്പിൻെറ ആകൃതിയിലുള്ള ജമ്പൈലസു് എന്ന അപൂർവ്വ ദൃഷ്ടമായ മത്സ്യം.



പവിഴപ്പുററ കൊണ്ടുള്ള പാറക്കെട്ടിൽ കോൺടിക്കി വന്നടിച്ചു തുടർച്ചയായുള്ള അലയടിയിൽ മുന്നോട്ടു നീങ്ങിക്കൊണ്ടു് കുറെ ദിവസം അതവിടെ കിടന്നു.



അടിയേററ ചെങ്ങാടത്തിന്റെ ദുരവസ്ഥ. ഒടിഞ്ഞ പാമരവും തട്ടിത്തകർന്ന കുടിലും.

അവർ വളരെ കൃത്യമായി കണക്കാക്കി. കാതിന്റെ തട്ട് ഭാരമുള്ള സാധനങ്ങൾ തൂക്കി കൃത്രിമമായി ചുമല്വരെ വളർത്തിയതുകൊണ്ട് കിഴക്കുനിന്നും വന്ന വർഗ്ഗക്കാരെ ദീർഘശ്രവണന്മാർ എന്നു വിളിച്ചു വന്നു. ഹ്രസ്വശ്രവണന്മാർ ആ ദ്വീപിൽ വന്നപ്പോൾ ദീർഘശ്രവണന്മാർ അവരെ കൊന്നുകളഞ്ഞു. ശില്പികൾക്ക് നീണ്ട ചെവികൾ ഉണ്ടായിരുന്നതുകൊണ്ട് തോളുവരെയെത്തുന്ന നീണ്ട ചെവികൾ ശിലാപ്രതിമകൾക്കും ഉണ്ടായി.

കൃത്രിമമായി കാതു് തോൾവരെ വളർത്തിയിരുന്നതിനാൽ വൻചെവിയന്മാരെന്നു വിളിക്കപ്പെട്ടുപോന്ന നീണ്ട താടി വളർത്തിയ വെള്ളക്കാരെ സൂര്യവംശരാജാവായ കോൺടിക്കി ഭരിച്ചുപോന്നുവെന്ന് പെറുവിലെ ഇങ്കാജനങ്ങളുടെ ഐതിഹ്യങ്ങൾതന്നെ പറയുന്നുണ്ട്. തിത്തിക്കാക്കാ തടാകത്തിലുള്ള ഒരു ദ്വീപിൽവച്ചുണ്ടായ യുദ്ധത്തിൽ ഇങ്കാജനങ്ങൾ അവരെ തുരത്തിപ്പായിക്കുന്നതിനു മുമ്പ് കോൺടിക്കിയുടെ പ്രജകളായ വൻചെവിയന്മാർതന്നെയാണ് ആൻഡീസ് പർവ്വതങ്ങളിലുപേക്ഷിക്കപ്പെട്ട ഭീമാകാരമായ പ്രതിമകൾ സ്ഥാപിച്ചതെന്ന് ഇങ്കാജനങ്ങൾതന്നെ ഊന്നിപ്പറഞ്ഞിട്ടുണ്ട്.

നമുക്കൊന്നു സംഗ്രഹിക്കാം. കോൺടിക്കിയുടെ പ്രജകളായ വൻചെവിയന്മാർ പ്രതിമാനിർമ്മാണത്തിൽ വേണ്ടത്ര വൈദഗ്ദ്ധ്യത്തോടുകൂടി പെറുവിൽനിന്നും പടിഞ്ഞാറോട്ട് യാത്രചെയ്തു. അതേ കലയിൽ ചാതുര്യം നേടിയ ടിക്കിയുടെ ദീർഘശ്രവണന്മാർ കിഴക്കുനിന്നും ഈസ്റ്റർദ്വീപിൽ വന്ന് പെട്ടെന്നു തങ്ങളുടെ ക

ലാപരിജ്ഞാനം പരിപൂൎണ്ണതയിൽ പ്രദൎശിപ്പിച്ചു. അതിനാൽ കൊച്ചു് ഈസ്റ്റർദ്വീപിൽ ശില്പകലയെ പരിപൂൎണ്ണതയിലേക്കു നയിക്കുന്ന പടിപടിയായ പുരോഗതിയുടെ യാതൊരു ലക്ഷണവും കാണാൻ സാധിക്കുകയില്ല.

ദക്ഷിണസമുദ്രദ്വീപുകളിലെ ഏക ശിലാരൂപങ്ങൾക്കു് തമ്മിലുള്ളതിൽ കൂടുതൽ സാദൃശ്യം പെറുവിലും ദക്ഷിണസമുദ്രദ്വീപുകളിലുമുള്ള ശിലാപ്രതിമകൾക്കു തമ്മിൽ പലപ്പോഴും കാണുന്നുണ്ടു്. മാർകപിസസ് ദ്വീപുകളിലും തഹിത്തിദ്വീപിലും ടിക്കി എന്ന ഗോത്രനാമം കൊണ്ടാണു് ഈ പ്രതിമകൾ അറിയപ്പെട്ടിരുന്നതു്. മരണശേഷം ഈശ്വരപദവിയിലേക്കു് ഉയൎത്തപ്പെട്ടവരും ചരിത്രത്തിൽ ആരാധിക്കപ്പെട്ടവരുമായ പൂൎവ്വികന്മാരെയാണു് ആ പ്രതിമകൾ പ്രതിനിധാനം ചെയ്തിരുന്നതു്. ഈസ്റ്റർദ്വീപിലെ പ്രതിമകളുടെ ചുവന്ന തലപ്പാവുകളെപ്പററിയുള്ള സമാധാനം മുമ്പു പറഞ്ഞ കാര്യങ്ങളിൽ അന്തർഭവിച്ചിട്ടുണ്ടു്. നേരത്തെ സൂചിപ്പിച്ചതുപോലെ പോളിനേഷ്യൻ ദ്വീപുകൾ മുഴുവൻ ചുവന്ന മുടിയും മനോഹരമായ മേനിയുമുള്ള ജനങ്ങൾ വ്യക്തികളായിത്തിരിഞ്ഞും, കുടുംബമായും പാൎത്തിരുന്നു. ആ ദ്വീപുകളിലെ ആദ്യത്തെ വെള്ളക്കാരുടെ പിൻഗാമികൾ ഇവരായിരുന്നുവെന്നു് ആ ദ്വീപവാസികൾതന്നെ വെളിപ്പെടുത്തിയിട്ടുണ്ടു്. ചില ദ്വീപുകളിൽ മതപരമായ ഉത്സവങ്ങൾ ആഘോഷിക്കപ്പെടാറുണ്ടായിരുന്നു. അത്തരം സന്ദർഭങ്ങളിൽ അതിൽ പങ്കെടുക്കുന്നവർ ശരീരത്തിനു് വെള്ളയും തലമുടിക്കു ചുവപ്പും വൎണ്ണം കൊടുത്തു് തങ്ങളുടെ പൂൎവ്വികന്മാ

രുടെ സാദൃശ്യം നേടാൻ ശ്രമിച്ചിരുന്നു. ഈസ്റ്റർദ്വീപിലെ വാർഷികോത്സവങ്ങളിൽ നേതാവ് തൻെറ തല മുഴുവൻ ചുവപ്പിക്കുന്നതിനുവേണ്ടി മുടി വെട്ടിക്കളയാറുണ്ടായിരുന്നു. ഈസ്റ്റർദ്വീപുകളിലെ ഭീമപ്രതിമകളുടെ ശിരസ്സിലുള്ള ചെങ്കൽത്തൊപ്പികൾ ആ നാട്ടുകാരുടെ പ്രത്യേകരീതിയിലുള്ള ആചാരമനുസരിച്ച് കൊത്തിയെടുത്തിട്ടുള്ളതാണ്. ജനങ്ങൾ പാരമ്പര്യമനുസരിച്ച് ശിരസ്സിൻെറ മദ്ധ്യത്തിലായി തലമുടിയുടെ അഗ്രം കെട്ടിവയ്ക്കുന്നതുപോലെ തൊപ്പികളുടെ മുകളിൽ ഒരു ഉരുണ്ട കെട്ടുണ്ടായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ ഈസ്റ്റർദ്വീപിലെ ശില്പികൾക്ക് നീണ്ട കാതുകളും ചെമ്പിച്ച മുടിയും ഉണ്ടായിരുന്നതുകൊണ്ട് പ്രതിമകൾക്കും നീണ്ട ചെവികളും ചുവന്ന ശിരോവേഷ്ടനങ്ങളുമുണ്ടായി. ആ ശില്പികളുടെ ശ്മശ്രുക്കളുടെ പ്രതിരൂപമാണ് പ്രതിമകളുടെ നീണ്ട താടി. ആ ശില്പികൾ മലയൻവർഗ്ഗത്തിൽപെട്ടവരല്ലായിരുന്നു. അതുകൊണ്ടാണ് ഇടുങ്ങി ഋജുവായ മൂക്കും, കൃശവും പരുഷവുമായ അധരോഷ്ഠങ്ങളുമുള്ള വെള്ളക്കാരുടെ വർഗ്ഗപരമായ മുഖലക്ഷണങ്ങൾ അവക്കുമുണ്ടായിരുന്നത്. പ്രതിമകൾക്കു വലിയ തലയും ചെറിയ പാദങ്ങളും ഉദരത്തിൽ അപ്പിച്ച കൈകളും ഉണ്ടായത് പെറുവിയൻ ജനങ്ങൾ ആ രീതിയിൽ പ്രതിമകൾ നിർമ്മിച്ചു പരിശീലിച്ചതുകൊണ്ടാണ്. അരയ്ക്കു ചുറ്റും കൊത്തിവച്ചിരിക്കുന്ന ഒരു ബെൽററു മാത്രമാണ് ഈസ്റ്റർദ്വീപിലെ പ്രതിമകളുടെ വലിയ ഒരു ആഭരണം. തിത്തിക്കാക്കാ തടാകത്തിനടുക്കലുള്ള ടിയോൺടിക്കിയുടെ നഗരാവശിഷ്ടങ്ങളിൽപെട്ട

പ്രതിമകൾക്കും ആ ബൽററ് ഉണ്ടായിരുന്നു. മഴവില്ലിനെ പ്രതിനിധീകരിക്കുന്നതും സൂര്യദേവന്റെ ഐതിഹാസികവുമായ ചിഹ്നമായിരുന്നു ഈ ബൽററ്. ഒരിക്കൽ സൂര്യദേവൻ തന്റെ മഴവില്ലുപേക്ഷിച്ച് പാലൊളിപ്രഭയുള്ള പുത്രന്മാരോടൊത്ത് ആകാശത്തിൽനിന്നും ഈ ദ്വീപവാസികളുടെ ഇടയിലേക്കു വന്നു എന്നൊരു പൗരാണിക കഥയുണ്ട്. ഈ ദ്വീപുകളിലും പെറുവിലും സൂര്യൻ അതിപ്രാചീനനായ പ്രപിതാമഹനായി കണക്കാക്കപ്പെട്ടിരുന്നു. വിദൂരമായ ആ ദ്വീപ് ഭൂപടത്തിൽ നോക്കിക്കൊണ്ടുകയല്ലാതെ അതിന്റെ ഒരു അംശംപോലും സന്ദർശിക്കാൻ ഞങ്ങൾക്കു സാധിക്കാതെയാണ് ഇരിക്കുന്നത്. ഞങ്ങളുടെ ചങ്ങാടം നേരെ പോളിനേഷ്യൻ ദ്വീപുകളിലേയ്ക്കാണ് പോകുന്നത്. ഈ പരമാർത്ഥമൊക്കെ ഞങ്ങൾക്കറിയാമായിരുന്നുവെങ്കിലും നക്ഷത്രമണ്ഡിതമായ ആകാശത്തിനു കീഴിൽ ചങ്ങാടത്തിൽ ഇരുന്നുകൊണ്ട് ഈസ്റ്റർദ്വീപിനെക്കുറിച്ചുള്ള അത്ഭുതചരിത്രകഥകൾ ഞങ്ങൾ ആവർത്തിച്ച് ആവർത്തിച്ച് പറയുമായിരുന്നു. ഈ ദ്വീപ് പൗരസ്ത്യദേശത്തിന്റെ സംസ്കാരത്തിന്റെ ചിഹ്നങ്ങൾകൊണ്ട് അത്രമാത്രം പൂർണ്ണവും അനുഗൃഹീതവുമായതിനാൽ ഈസ്റ്റർദ്വീപെന്നുള്ള പേരുതന്നെ ഒരു ചൂണ്ടുപലകയായിരിക്കും. ചില ഡച്ചുകാർ ഒരു ഈസ്റ്റർ ഞായറാഴ്ച യാദൃച്ഛികമായി ആ ദ്വീപ് കണ്ടുപിടിക്കുവാൻ ഇടയായതുകൊണ്ടാണ് ആ ദ്വീപ് ഭൂപടത്തിൽ തന്നെ സ്ഥാനംനേടിയത്. അവിടെ താമസിച്ചിരുന്ന നാട്ടുകാർ തങ്ങളുടെ പ്രിയപ്പെട്ട നാടിന് കുറേക്കൂടി സാർത്ഥ

കമായ ഒരു പേരു് നല്കിക്കൊണ്ടുമെന്നുള്ള കാര്യം ഞങ്ങൾ വിസ്മരിച്ചു. പോളിനേഷ്യൻ ഭാഷയിൽ ആ ദ്വീപിനു മൂന്നു പേരുകളുണ്ടു്. റേപിറേറാ ററഹിനുവാ എന്നതാണു് ഒന്നാമത്തെപ്പേരു്. ദ്വീപുകളുടെ നാഭി അഥവാ മദ്ധ്യം എന്നാണു് ആ വാക്കിനൎത്ഥം. ഈ കലാപരമായ നാമധേയം പടിഞ്ഞാറുമാറികിടക്കുന്ന മററു് ദ്വീപസമൂഹത്തിന്റെ മദ്ധ്യത്തിൽ ഇതിന്റെ പ്രത്യേകസ്ഥാനത്തെക്കുറിക്കുന്നു. പോളിനേഷ്യന്മാരെ സംബന്ധിച്ചിടത്തോളം ഈ പേരാണു് ഏററവും പ്രാചീനമായിട്ടുള്ളതു്. ആദ്യത്തെ ദീൎഘശ്രവണന്മാർ ചെന്നെത്തിയ കരയ്ക്കടുക്കൽ ദ്വീപിനു കിഴക്കുവശത്തായി ഗോളാകൃതിയിൽ രൂപപ്പെടുത്തിയ ഒരു ശിലാഖണ്ഡമുണ്ടു്. അതിനു് സുവൎണ്ണനാഭി (Golden navel) എന്നാണു പേരു്. അതു് ഈസ്റ്റർദ്വീപിന്റെ നാഭിയായി കരുതപ്പെട്ടിരിക്കുന്നു. കവിപ്രതിഭയുള്ള പുരാതന പോളിനേഷ്യന്മാർ കിഴക്കേത്തീരത്തു് ഈസ്റ്റർദ്വീപിന്റെ നാഭി നിൎമ്മിക്കുകയും പടിഞ്ഞാറുള്ള ദ്വീപുകളുടെ മദ്ധ്യമായി പെറുവിനടുക്കലുള്ള ദ്വീപു് തെരഞ്ഞെടുക്കയും ചെയ്തപ്പോൾ ആ വാക്കിനു് സൂചകാൎത്ഥം ഉണ്ടായിരുന്നു. പോളിനേഷ്യൻ ഇതിഹാസകഥയനുസരിച്ചു് പ്രസ്തുത ദ്വീപുകളുടെ കണ്ടുപിടുത്തം ആ ദ്വീപുകളുടെ ജനനമാണെന്നു് നമുക്കു മനസ്സിലാകുമ്പോൾ, ഈസ്റ്റർ ദ്വീപു് മററു ദ്വീപുകളുടെ മുഴുവൻ ഉത്പത്തിയെക്കുറിക്കുന്ന ചിഹ്നമായും മൂലഭൂതമായ മാതൃരാജ്യമായും കണക്കാക്കപ്പെട്ടിരുന്നു എന്നു നമുക്കു വ്യക്തമാകുന്നതാണു്.

ഈസ്റ്റർദ്വീപിന്റെ രണ്ടാമത്തെപ്പേരു് രപാനൈ

എന്നാണ്. അതിന് രപാ എന്നാണ് അൎത്ഥം. രപാ-ഇതി അഥവാ ചെറിയ രപാ ഈസ്റ്റർദ്വീപിനു വളരെ പടിഞ്ഞാറു മാറി സ്ഥിതിചെയ്യുന്ന അതേ വലിപ്പമുള്ള മറെറാരു ദ്വീപാണ്. തങ്ങളുടെ ആദ്യത്തെ വാസസ്ഥലത്തിന് പേരിടുകയെന്നുള്ളതു് എല്ലാ വൎഗ്ഗക്കാരുടേയും ഒരു വഴക്കമാണ്. ഉദാഹരണമായി സ്വന്തം നാടിന് വലിയ രപാ എന്നും, വലിപ്പം തുല്യമാണെങ്കിലും അടുത്തതിന് പുതിയ രപാ എന്നോ കൊച്ചു രപാ എന്നോ പേരുനൽകി, വിളിക്കുമ്പോൾ സ്വന്തം നാടിനാണല്ലോ പ്രാധാന്യംകൊടുക്കുന്നതു്. കൊച്ചു രപായിലെ നിവാസികൾ അമേരിക്കയ്ക്കു് അടുത്തുകിടക്കുന്ന ഈസ്റ്റർദ്വീപായ വലിയ രപായിൽനിന്നും വന്നവരാകയാൽ ആചാരമൎയ്യാദകളെല്ലാം ശരിക്കും അനുഷ്ഠിച്ചു പോന്നു. ഇതു് കിഴക്കുനിന്നുമുള്ള ആദ്യത്തെ കുടിയേറിപ്പാൎപ്പിനെ നേരിട്ടു കുറിക്കുകയായിരിക്കുമല്ലോ ചെയ്യുന്നതു്.

അതിപ്രധാനമായ ഈ ദ്വീപിന്റെ മൂന്നാമത്തെ പേരു് മത-കൈററ്-രണി എന്നാണ്. സ്വൎഗ്ഗത്തിലേയ്ക്കു നോക്കുന്ന കണ്ണു് എന്നാണ് ഇതിന്റെ അൎത്ഥം. തഹിത്തി, മാർക്വിസസ്, ഹാവൈ തുടങ്ങിയ ഉന്നതമായ പൎവ്വതദ്വീപുകൾ ആകാശത്തിലേയ്ക്കു നോക്കുന്നതിനേക്കാൾ കൂടുതലായി ഒന്നും, താരതമ്യേന താഴ്ന്നു കിടക്കുന്ന ഈസ്റ്റർദ്വീപു് സ്വൎഗ്ഗത്തെ നോക്കുന്നില്ല. അതിനാൽ ഒററനോട്ടത്തിൽ ഈ പേരിന്റെ അന്വൎത്ഥതയിൽ നമുക്കു സംശയമുണ്ടാകാം. എന്നാൽ രണി എന്ന ശബ്ദത്തിന് പോളിനേഷ്യക്കാരുടെയിടയിൽ

രണ്ടത്ഥമാണുള്ളതു്. സൂര്യദേവന്റെ പരിശുദ്ധദേശവും ടിക്കിയുടെ ഉപേക്ഷിക്കപ്പെട്ട പൎവ്വതരാജ്യവും ആയ ഈ ദ്വീപു് പോളിനേഷ്യക്കാരുടെ പൂൎവ്വികന്മാരുടെ ആദ്യത്തെത്തറവാടായിരുന്നു. ശാന്തസമുദ്രത്തിലുള്ള പരശതം ദ്വീപുകളുടെ മദ്ധ്യത്തിൽ ഏററവും മുന്നണിയിൽ നില്ക്കുന്ന ഈസ്റ്റർദ്വീപിനു് സ്വൎഗ്ഗത്തിലേയ്ക്കു നോക്കുന്ന കണ്ണു് എന്നവർ പേരു കൊടുത്തതു് എത്രയും അന്വത്ഥമായിട്ടുണ്ടു്. പോളിനേഷ്യൻ ഭാഷയിൽ സ്വൎഗ്ഗത്തിന്റെ കണ്ണു് എന്ന അത്ഥത്തിൽ സജാതീയമായി പ്രയോഗിക്കുന്ന മതരണി എന്ന നാമം ഈസ്റ്റർദ്വീപിനെതിരെ ശാന്തസമുദ്രതീരത്തു് നാമാവശേഷമായ ആൻഡീസ് പൎവ്വതപ്രദേശത്തുള്ള കോൺടിക്കി നഗരത്തിന്റെ സൎവ്വാധികാരത്തിൻ കീഴിലിരുന്ന ഒരു പെറുവിയൻ സ്ഥലനാമധേയംകൂടിയാണെന്നറിയുമ്പോൾ ആ പേരിന്റെ ഹൃദയഹാരിത്വം വ്യക്തമാകുന്നു.

ചരിത്രാതീതകാലത്തെ സാഹസിക പര്യടനങ്ങളിൽ പങ്കാളികളാണെന്നുള്ള ബോധത്തോടുകൂടി നക്ഷത്രപ്രഭാഭാസുരമായ ആകാശവിതാനത്തിനടിയിൽ ചങ്ങാടത്തിൽ ഇരിക്കുമ്പോൾ ഈസ്റ്റർദ്വീപു് ഞങ്ങളുടെ സംഭാഷണത്തിനു് വേണ്ടുവോളം വകനൽകി. സൂര്യനും നക്ഷത്രങ്ങൾക്കും താഴെക്കൂടി കര തേടി അലകളിലൂടെ യാത്രചെയ്യുതിൽക്കവിഞ്ഞു് ടിക്കിയുടെ കാലശേഷം ഞങ്ങളൊന്നും ചെയ്യിട്ടില്ലെന്നുള്ള ബോധവുമുണ്ടായി.

ഞങ്ങൾക്കു കടലിനോടും അലകളോടുമുള്ള ബഹുമാനം കുറഞ്ഞു. ഞങ്ങൾ അവയെ അറിയുകയും പര

സ്സരബന്ധം എന്തെന്നു വ്യക്തമാവുകയും ചെയ്തു. സ്രാവുപോലും ഞങ്ങളുടെ പ്രതിദിനചര്യകളിലെ ഒരു ഘടകംമാത്രമായിത്തീൎന്നു. അതും അതിന്റെ സ്വാഭാവികപ്രതികരണങ്ങളും ഞങ്ങൾക്കു മനസ്സിലായി. ഞങ്ങൾ ഞങ്ങളുടെ ചൂണ്ടയെപ്പററി ചിന്തിക്കുകയോ, സ്രാവു് അടുത്തുവന്നാൽതന്നെയും സ്വസ്ഥാനത്തുനിന്നു് ഇളകുകയോ ചെയ്തില്ല. നേരേമറിച്ചു് ചങ്ങാടത്തിനരികിലൂടെ ശാന്തമായിട്ടു് അതു കടന്നുപോവുമ്പോൾ അതിന്റെ പുറത്തെ തൊങ്ങൽ നോക്കിക്കണ്ടു മനസ്സിലാക്കാനുള്ള ജിജ്ഞാസയാണു് ഞങ്ങളിൽ മുന്നിട്ടുനിന്നതു്. ചൂണ്ടച്ചരടുകൂടാതെ ഒരു വടംവലി നടത്തുന്ന പുതിയതരം വിനോദക്രീഡയിലേയ്ക്കു് അതു പുരോഗമിച്ചു.

ഞങ്ങൾ ഔദ്ധത്യംഒന്നുംകൂടാതെയാണു് ആരംഭിച്ചതു്. ഞങ്ങൾക്കു കഴിക്കാവുന്നതിൽ കൂടുതൽ കടൽപ്പന്നികളെ ഞങ്ങൾ പിടിച്ചു. ഞങ്ങൾക്കും കടൽപ്പന്നികൾക്കും ഒന്നുപോലെ വിനോദമുണ്ടാക്കുന്ന ലഘുവായ രീതിയിൽ ആഹാരത്തിനു കുഴപ്പംനേരിടാത്തവിധം തന്നെ മത്സ്യംപിടിക്കുവാൻ ഞങ്ങൾ നിശ്ചയിച്ചു. ഒരു പറക്കുംമത്സ്യത്തെ ചരടിൽകെട്ടി വെള്ളത്തിലേയ്ക്കു് ഇട്ടു. കടൽപ്പന്നികൾ ഉടൻ മേല്പോട്ടു ചാടി ആ മത്സ്യത്തെ പിടിച്ചു. അവയോരോന്നിനേയും ഞങ്ങൾ ചങ്ങാടത്തിലേയ്ക്കു വലിച്ചു. ഒരു കടൽപ്പന്നി മാറിയാൽ തൽസ്ഥാനത്തു് മറെറാന്നു വന്നുകഴിയും. അവസാനം മത്സ്യത്തെ കടൽപ്പന്നികൾ കൈക്കലാക്കി.

ഞങ്ങൾ ഈ വിനോദവ്യാപാരംതന്നെ സ്രാവിനോടും പ്രയോഗിച്ചുനോക്കി. ഒരു ചൂണ്ടക്കയെറിന്റെ അ

ററത്തു മത്സ്യഭക്ഷണമോ ഞങ്ങളുടെ ആഹാരാവശിഷ്ട മോ കോത്തു് വെള്ളത്തിലേയ്ക്കിട്ടു. തിരിഞ്ഞു പോകുന്നതിനു പകരം ക്രുത്ത മോന്ത വെള്ളത്തിൽ പൊന്തിച്ചുകൊണ്ടു് ഇര വിഴുങ്ങാൻ അതു മുന്നോട്ടു് അടുത്തു. ആ സ്രാവു് വായ് അടയ്ക്കാൻഭാവിച്ചപ്പോൾ ഞങ്ങൾ കയറുപിടിച്ചു വലിച്ചു. വീണ്ടും വായ്പൊളിച്ചു് ഇരയുള്ളിലാക്കാൻ ആ സ്രാവു് ശ്രമിച്ചു. പക്ഷേ ഓരോ പ്രാവശ്യവും ഇര അതിൻെറ വായിൽനിന്നും ചാടിപ്പോയി. ആ സ്രാവു് ചങ്ങാടത്തിനടുത്തു വന്നിട്ടു് ഒരു പട്ടിയെപ്പോലെ, മുകളിൽ തൂങ്ങിക്കിടക്കുന്ന ആഹാരസാധനത്തിനുവേണ്ടി മേല്പോട്ടു ചാടി. കാഴ്ചബംഗ്ലാവിൽക്കിടക്കുന്ന ഒരു നീർത്തിരയെ തീററുന്ന ഒരു ചിത്രമാണു് ഞങ്ങൾക്കു് അപ്പോൾ അനുഭവപ്പെട്ടതു്. മൂന്നുമാസം കഴിഞ്ഞു് ജൂലായ് മാസം അവസാനം ഒരുദിവസം ഞങ്ങൾ താഴെപ്പറയുന്ന വിവരങ്ങൾ ഡയറിയിൽ കുറിച്ചു: "ഇന്നു ഞങ്ങളെ പിന്തുടന്ന സ്രാവുമായി ഞങ്ങൾ സ്നേഹബന്ധം പുലത്തി. ഉച്ചഭക്ഷണം കഴിഞ്ഞു് ഉച്ഛിഷ്ടം ഞങ്ങൾ അതിൻെറ വായിൽത്തന്നെ ഇട്ടുകൊടുത്തു. അതു ഞങ്ങളുടെ അടുക്കൽ നീന്തിക്കൊണ്ടിരിക്കുമ്പോൾ ഏതാണ്ടു ശാന്തവും ഉഗ്രവും ആയ സ്വഭാവത്തോടുകൂടിയ സ്നേഹിക്കാൻകഴിയുന്ന ഒരു പട്ടിയെപ്പോലെ അതു പെരുമാറി. ഞങ്ങൾ അതിൻെറ വായിൽ സ്വയം ചെന്നു വീഴാത്തിടത്തോളംകാലം അതു വിനോദപ്രദമായ ഒരു ജന്തുവായിരിക്കും. ഞങ്ങൾ കളിക്കുന്ന സമയമൊഴിച്ചു് ഏതു് അവസരത്തിലും സ്രാവുകൾ ചുററുമുണ്ടായിരിക്കുന്നതു് രസാവഹമാണു്."

ഒരുദിവസം ഒരു സഞ്ചിയിൽ ആഹാരസാധന ങ്ങറം നിറച്ചു് ഒരു ചരടുകൊണ്ടു് അതു ബന്ധിച്ചു് മുളങ്കമ്പിൽ കെട്ടി ചങ്ങാടത്തിന്റെ വക്കിൽ വച്ചിരു ന്നു. പെട്ടെന്നു് ഒരു അലവന്നു് അടിച്ചുകയറി പിൻ ഭാഗത്തു ജലത്തിൽ മുളങ്കമ്പു് പൊങ്ങിക്കിടന്നു. അ ലയിൽ അതു നിവൎന്നിട്ടു് അതിവേഗത്തിൽ ചങ്ങാട ത്തിലൂടെ ഞങ്ങളെ കടന്നുപോയി. മുളങ്കമ്പു് അടുത്തു വന്നപ്പോറം അതിന്റെ പിന്നാലെ പത്തടി നീളമുള്ള ഒരു സ്രാവു് നീന്തുന്നതു ഞങ്ങറം കണ്ടു. ഒരു പെരി സ്കോപ്പുപോലെ ആ മുളങ്കഴ നേരെ നിവൎന്നുനിന്നു. ചര ടു കടിച്ചുമുറിക്കാതെതന്നെ പിന്നാലെ വന്ന സ്രാവു് ഇര വിഴുങ്ങിക്കളഞ്ഞു. മുളങ്കമ്പു് ഞങ്ങളെ പിന്നിട്ടു് മു ന്നോട്ടു നീങ്ങി മന്ദം അപ്രത്യക്ഷമാകയും ചെയ്തു.

സ്രാവിനെ സംബന്ധിച്ചു് ഞങ്ങറക്കു് ആദ്യമു ണ്ടായിരുന്ന അഭിപ്രായം ക്രമേണ മാറിയെങ്കിലും അ തിന്റെ വായിൽ ഒളിഞ്ഞിരിക്കുന്ന അത്യന്തം മൂൎച്ചയു ള്ള അഞ്ചാറുവരി പല്ലുകറം അപ്പോഴും ഞങ്ങറക്കു ഭയം വളൎത്തിക്കൊണ്ടുതന്നെയിരുന്നു.

ഒരുദിവസം നട്ടു് ഒരു സ്രാവുമൊന്നിച്ചു് നീന്താൻ ഇടയായി. ചങ്ങാടം പ്രവാഹത്തെത്തുടൎന്നു് അനുസൃ തം മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. സ്രാവുകളാണെങ്കിൽ ചുററിനും ധാരാളമുണ്ടായിരുന്നു. അതിനാൽ ചങ്ങാട ത്തിൽനിന്നും വളരെ അകലെ നീന്താൻ ആരെയും അ നുവദിച്ചിരുന്നില്ല എന്നാൽ ആ ദിവസം കടൽ അസാ ധാരണമായ ശാന്തത കൈക്കൊണ്ടു. എന്നുതന്നെയുമല്ല, ഞങ്ങളെ പിൻതുടൎന്നിരുന്ന എല്ലാ സ്രാവുകളേയും ഞ

ങ്ങൾ പിടിച്ചെടുക്കയും ചെയ്തിരുന്നു. തന്മൂലം ഒന്നു മുങ്ങിക്കുളിക്കുവാൻ അല്പസമയം അനുവദിക്കപ്പെട്ടിരുന്നു.

നട്ട് വെള്ളത്തിൽ ചാടി മുങ്ങി അല്പം അകലെയായിട്ടാണു് പൊങ്ങിയതു്. അപ്പോൾ കുറച്ചു് ആഴത്തിൽനിന്നും അയാളുടെ നിഴലിനേക്കാൾ വലിയ ഒരു സ്രാവു് പിന്നാലെ ഉയൎന്നു വരുന്നതു് ഞങ്ങൾ കണ്ടു. പരിഭ്രമം തട്ടാതിരിക്കത്തക്കവണ്ണം കഴിയുന്നത്ര ശാന്തമായി ഞങ്ങൾ അയാൾക്കു മുന്നറിയിപ്പു കൊടുത്തു. വേഗത്തിൽതന്നെ നട്ട് ചങ്ങാടത്തിനരികിലേയ്ക്കു നീന്തി. പക്ഷെ ഞങ്ങൾ കണ്ട ആ ജന്തു വേഗത്തിൽ ജലത്തിനുപരിഭാഗത്തേയ്ക്കു കുതിച്ചു് നട്ടിനോടു കൂടുതൽ അടുത്തു. അയാളും ആ സ്രാവും ഒരേസമയം ചങ്ങാടത്തിനരികിലെത്തി. നട്ട് ഒരുവിധം ചങ്ങാടത്തിൽ പിടിച്ചു കയറി. അപ്പോൾ 6 അടി നീളം വരുന്ന ആ സ്രാവു് അയാളുടെ വയറിനു് അടിവശത്തുകൂടി കുതിച്ചു് ചങ്ങാടത്തിനരികിൽ എത്തിച്ചേൎന്നു. ഞങ്ങളുടെ കൂട്ടുകാരനു് യാതൊരു ഉപദ്രവവും ചെയ്യാതിരുന്നതിനുള്ള നന്ദിപ്രകടനമായി ഒരു കടൽപ്പന്നിയുടെ തല അതിനു് ഇരയായി ഞങ്ങൾ നൽകി.

ഒരു വസ്തുവിന്റെ കാഴ്ചയല്ല മണമാണു് സാധാരണയായി സ്രാവിന്റെ കൊതിയുണൎത്തുന്നതു്. പരീക്ഷണാർത്ഥം ഞങ്ങൾ കാൽ വെള്ളത്തിലിട്ടു നോക്കിയിട്ടുണ്ടു്. രണ്ടുമൂന്നടി വരെ അടുത്തെത്തിയിട്ടു് മടങ്ങിപ്പോവുകയാണു് അതിന്റെ പതിവു്. പിടിച്ച മത്സ്യത്തെ ഞങ്ങൾ കഴുകുമ്പോൾ ജലത്തിൽ രക്തം കലരാറുണ്ടു്. ഏതെങ്കിലുംവിധത്തിൽ രക്തത്തിന്റെ മയം ജലത്തിൽ

കലൻനാൽ വളരെ ദൂരത്തുനിന്നു സ്രാവുകൾ നീന്തിയെത്തും. ചത്ത കടൽപ്പന്നിയെ ഇട്ടുകൊടുത്താൽ ഉന്മത്തന്മാരെപ്പോലെ സ്രാവുകൾ അതിൻെറ നേരെ പാഞ്ഞുതുടങ്ങും. സ്വന്തം ജാതിയിൽപ്പെട്ട മത്സ്യങ്ങളുടെ കരൾ കാർന്നുതിന്നുവാൻ തക്ക ക്രൗര്യം അവയ്ക്കുണ്ടു്. ഞങ്ങളുടെ കാൽ വെള്ളത്തിൽ കണ്ടാൽ ബാണംപോലെ അവ പാഞ്ഞുതുടങ്ങും. ആ സ്ഥാനത്തെത്തിയാൽ ചങ്ങാടത്തടിയിൽ അവ പല്ലു് ആഞ്ഞിറക്കുകയും ചെയ്യും. സ്വന്തം വികാരത്തിനടിമപ്പെടുന്ന ജാതിയിൽപ്പെട്ട ജീവികളാണു് അവ. അതിനാൽ ഞങ്ങളെച്ചുററി അസംഖ്യം സ്രാവുകൾ വന്നുകൊണ്ടിരുന്നു.

സ്രാവിൻെറ വാലിൽ കടന്നുപിടിച്ചു് വലിക്കുന്നതു് ഒരു വിനോദമായി ഞങ്ങൾക്കു തോന്നി. ഒരുപക്ഷേ ഇതു് മാന്യമായ ഒരു വിനോദമല്ലായിരിക്കാം. ആരും ആ വഴിക്കു് ശ്രമിച്ചിട്ടില്ലാതിരുന്നതിനാൽ അതിൽ ഒരു മേന്മ ഞങ്ങൾ കണ്ടെത്തി. വാസ്തവം പറഞ്ഞാൽ ഉന്മേഷപ്രദമായ ഒരു വിനോദംതന്നെയായിരുന്നു അതു്.

അതിൻെറ വാലിൽ പിടികണമെങ്കിൽ തക്കതായ ഇര അതിനു് നൽകിയേ മതിയാവൂ. തീററിക്കുവേണ്ടി തല വെള്ളത്തിലുയർത്താൻ അതു് സദാ സന്നദ്ധമാണു്. ഒരു സഞ്ചിയിൽ എന്തെങ്കിലും ആഹാരസാധനം നിറച്ചു് ഞങ്ങൾ അതു കീഴ്പ്പോട്ടു് തൂക്കിയിടും. ഒരു പ്രാവശ്യം നേരിട്ടു് കൈകൊണ്ടു് സ്രാവിനു തീററി നല്കിയാൽപിന്നെ ഒരിക്കലും ആരും ആ വിനോദം തുടരുകയില്ല. ഒരു പട്ടിക്കോ കരടിക്കോ ആഹാരംകൊടുത്തു പഴക്കാൻ ശ്രമിച്ചാൽ അതു് അല്പാല്പമായി കടിച്ചു്

എടുക്കുകയായിരിക്കും ചെയ്യുന്നതു്. കുറച്ചു അകലെ നിന്നുകൊണ്ടു് ഒരു കടൽപ്പന്നിയെ കീഴ്പ്പോട്ടു് നീട്ടിപ്പിടിച്ചാൽ പിടിച്ചുവലിക്കുന്നുണ്ടെന്നുപോലും അറിയാതെ ഒട്ടുമുക്കാലും അതു് വായിലാക്കും. പിടിച്ചിരിക്കുന്ന ആളിൻെറ കയ്യിൽ അവസാനിക്കുന്നതു വാലു മാത്രമായിരിക്കും. കടൽപ്പന്നിയെ രണ്ടായിട്ടു മുറിക്കാൻ തുടങ്ങുന്നതിനിടയിൽ അരനിമിഷംകൊണ്ടു് അറപ്പുവാൾ മുന പോലെയുള്ള പല്ലുകൾ ഒരുവശത്തേയ്ക്കു് ഇളക്കി ഞങ്ങളറിയുന്നതിനു മുമ്പുതന്നെ കടൽപ്പന്നിയെ ആ സ്രാവു് ഉള്ളിലാക്കി. അതിനുശേഷം തിരിയെ വെള്ളത്തിൽ താഴാൻ തുടങ്ങിയപ്പോൾ അതിൻെറ വാൽ ഉപരിതലത്തിൽ ഉയൎന്നു് ഇളകുന്നതു ഞങ്ങൾ കണ്ടു. വാലിൽ പിടികൂടാൻ പററിയ ഒരു സന്ദർഭമായിരുന്നു അതു്. മണൽക്കടലാസു് എന്നപോലെ അതിൻെറ പുറംതൊലി പരുപരുത്തതായിരുന്നു. അതിനാൽ വഴുതിപ്പോകാതെ ഞങ്ങൾക്കു് അതിനെ പിടിക്കാൻ കഴിഞ്ഞു. തന്നെയുമല്ല, വാലിൻെറ ഉപരിഭാഗം കൊതവെട്ടിയതുപോലെ ഇരുന്നതിനാൽ ഒരിക്കൽ പിടിമുറുക്കിയാൽ പിന്നീടു് അതിനു വിട്ടുപോകാനും സാദ്ധ്യമല്ല. പിടിച്ചുകഴിഞ്ഞാൽ ആ വിവരം അതു് അറിയുന്നതിനു മുമ്പു് വളരെവേഗം അതിനെ ചങ്ങാടത്തിലേക്കു് വലിച്ചുയർത്തേണ്ടതു് ഒരു ആവശ്യമായിരുന്നു. ഒന്നുരണ്ടു നിമിഷത്തേയ്ക്കു് ആ ജന്തു ഇതൊന്നും അറിയുകയില്ല. അതു കഴിഞ്ഞാൽ ഉടലിൻെറ മുൻഭാഗംകൊണ്ടു് രക്ഷപെടാൻ സകല അടവുകളും അതു പ്രയോഗിച്ചുനോക്കും. പക്ഷെ വാലു് സ്വതന്ത്രമല്ലെങ്കിൽ അതിനു വേഗത

കിട്ടുകയില്ല. മററു തൊങ്ങലുകളെല്ലാംതന്നെ ജലത്തിൽ നേരേനില്ക്കാനും ഗതിനിയന്ത്രിക്കാനും സഹായിക്കുന്ന ഉപകരണങ്ങൾ മാത്രമാണു്. കുറച്ചുനേരം മൽപ്പിടുത്തം കഴിഞ്ഞാൽ പിന്നെ അതു തലകീഴായി നിരുന്മേഷമായിക്കിടന്നുകൊള്ളും. ശിഥിലമായ ഉദരം ശിരോഭാഗത്തേയ്ക്കു വീണാൽ പരിപൂർണ്ണമായ നിശ്ചലത്വം ഭജിക്കാനേ അതിനു കഴിയുകയുള്ളൂ. അനന്തരസംഭവം പ്രതീക്ഷിച്ചെന്നപോലെ ശാന്തമായിക്കിടക്കുന്ന സ്രാവിനെ പിടിച്ചെടുത്തു ചങ്ങാടത്തിൽ ഇടുക എന്നതാണു് ഞങ്ങളുടെ അടുത്ത ജോലി. പലപ്പോഴും പകുതിയിൽ കൂടുതൽ ഭാഗം ഞങ്ങൾക്കു് ഉയർത്താൻ കഴിഞ്ഞിട്ടില്ല. പക്ഷേ അത്രയും ചെയ്തുകഴിഞ്ഞാൽ അതൊന്നു പിടച്ചു് ഞങ്ങളുടെ ജോലി പൂർത്തിയാക്കിക്കൊള്ളും. വല്ലാതെ തല ചുഴററി അതു മേല്പോട്ടു കുതിക്കും. ആ തക്കംനോക്കി സർവ്വശക്തിയും ഉപയോഗിച്ചു് ഞങ്ങൾ അതിനെ ചങ്ങാടത്തിലേക്കു വലിക്കും. പക്ഷേ ഞങ്ങളുടെ കാൽ അതിൻെറ വായിൽപെടാതിരിക്കാൻ വേഗത്തിൽ ചാടി മാറിനില്ക്കണമായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ സ്രാവിനു് അശേഷം ഭൂതദയയുണ്ടായിരിക്കയില്ല. വാൽ ഒരു കൂടംപോലെ നിലത്തടിച്ചു് ചിലപ്പോൾ കറങ്ങി കുതിച്ചുചാടി ഞങ്ങളുടെ കുടിലിൻെറ ചുവരിൽ വന്നു് അടിക്കുമായിരുന്നു. ഇരുമ്പുപോലെ ബലത്ത അതിൻെറ മാംസപേശികളേയും അതു് അങ്ങനെ അശക്തമാക്കിത്തീർത്തു. എന്തെങ്കിലും ഇരകിട്ടുമെന്നുള്ള പ്രതീക്ഷയോടെ വായ്തുറന്നു് പല്ലുകൾകൊണ്ടു് ആകാശത്തിൽ അതു കടിച്ചുകൊണ്ടിരിക്കും. ചില

പ്പോൾ ഈ സമരതാണ്ഡവത്തിനിടയ്ക്കു് തനിക്കു നേരിട്ട ലജ്ജാകരമായ അപമാനത്തിൽ നിന്നും അവിചാരിതമായി വെള്ളത്തിൽ പതിച്ചു് രക്ഷപെട്ടാലുമായി. എന്നാൽ മിക്കവാറും അതിൻെറ വാലിൽ കയർകൊണ്ടുള്ള കുരുക്കു വീഴുന്നതുവരെയോ ക്ഷീണിച്ചു് പല്ലിറുമ്മുന്നതു് അവസാനിപ്പിക്കുന്നതുവരെയോ ചങ്ങാടത്തിനുള്ളിൽ എവിടെയെങ്കിലും അതു പിടച്ചു് വീണുകൊണ്ടിരിക്കുകയാണു് പതിവു്.

ചങ്ങാടത്തിനകത്തു് സ്രാവിനെക്കണ്ടപ്പോൾ ഞങ്ങളുടെ ശാരികപോലും വല്ലാതൊന്നിളകിവശായി. അതു് വളരെവേഗം കൂടിലിനു വെളിയിൽ വന്നു് ചുവരിൽക്കയറി മേല്ക്കൂരയിൽ സൗകര്യമായ ഒരു സ്ഥാനത്തു് തലയാട്ടിക്കൊണ്ടിരുന്നു. ചിലപ്പോൾ ആവേശകരമായി ശബ്ദിച്ചുകൊണ്ടു് മേൽക്കൂരയിൽ അങ്ങോട്ടുമിങ്ങോട്ടും ലാത്തിക്കൊണ്ടുമിരുന്നു. അതു് വളരെ നേരത്തേതന്നെ ഒരു നല്ല നാവികൻ ആയിത്തീർന്നിരുന്നു. അതു സദാ സന്തോഷസൂചകമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് ചങ്ങാടത്തിൽ പറന്നുനടക്കുമായിരുന്നു. തത്തയുൾപ്പെടെ ഞങ്ങൾ ആറുപേർ ചങ്ങാടത്തിൽ യാത്രക്കാരായി ഉണ്ടായിരുന്നു. ഞങ്ങളോടിണങ്ങിച്ചേർന്ന ഒരു ജലജന്തുവായി എണ്ണപ്പെടുവാൻതക്ക രഞ്ജകമനോഭാവം ജൊഹാനസ് എനിയും നേടിക്കഴിഞ്ഞിട്ടില്ല. രാത്രിയായാൽ ശാരിക കൂടിലിനുള്ളിൽ അതിൻെറ കൂട്ടിൽ അഭയംതേടുക പതിവായിരുന്നു. എന്നാൽ പകൽ സമയത്തു് ഒന്നുകിൽ അതു് ചങ്ങാടത്തിൽ നടന്നുകൊണ്ടിരിക്കും. അല്ലെങ്കിൽ ചിലപ്പോൾ പാമരക്കയറിൻ ക

യററിയിരുന്നു് ഭണ്ഡിപ്പവേലകഠം കാണിച്ചുകൊണ്ടിരിക്കും. പാമരക്കയററിൽ ഞങ്ങഠം വിരിക്കൊളുത്തുകളാണു പയോഗിച്ചിരുന്നതു്. അതു് കയറുകളെ ഉരച്ചുകളയുമെന്നു ഞങ്ങഠംക്കു ഭയമുണ്ടായി. അതിനാൽ ആ കൊളുത്തുകഠംക്കുപകരം ഞങ്ങഠം ഊരാക്കുരുക്കുകഠം ഉപയോഗിച്ചു. കാററിൻെറ ശക്തികൊണ്ടും സൂൎയ്യൻെറ ചൂടുനിമിത്തവും പാമരത്തിൽ കെട്ടിയിരുന്ന കയറുകഠം വലിഞ്ഞു് അയഞ്ഞതുകൊണ്ടു് പാമരം ശരിക്കു നിൎത്തുവാൻ ഞങ്ങഠംക്കു സൎവ്വശക്തിയും ഉപയോഗിക്കേണ്ടിവന്നു. ഇരുമ്പുപോലെ ഉറപ്പും ബലവുമുള്ള കണ്ടൽതടിയാണു് ഞങ്ങഠം പാമരമായി ഉപയോഗിച്ചതു്. അതു താഴെവീണു് കയറുകഠം ഞെരിഞ്ഞററുപോകാതിരിക്കത്തക്കവണ്ണം ഞങ്ങഠം കയറുകഠം വലിച്ചുകൊണ്ടിരിക്കുന്ന ആ നിൎണ്ണായകഘട്ടത്തിൽ തത്തമ്മ വലിക്കുക, വലിക്കുക, ഹോ! ഹോ! ഹോ! ഹ! ഹ! ഹ! എന്നു് ശബ്ദം മുഴക്കിക്കൊണ്ടിരുന്നു. അതു ഞങ്ങളെ ചിരിപ്പിച്ചു എന്നുമാത്രമല്ല, സ്വന്തം ഫലിതത്തിൽ ചിരിച്ചുകൊണ്ടു് പാമരക്കയററിൽ തൂങ്ങിക്കിടന്നു മറിയാനും തുടങ്ങി.

ഞങ്ങളുടെ ചങ്ങാടത്തിലെ വയർലസ്സ് ഓപ്പറേററൻമാൎക്കു് പ്രതികൂലമായിരുന്നു ആ തത്തയുടെ പ്രവൃത്തികഠം. ചിലപ്പോഠം അവർ വയർലസ്സ് സ്റ്റേഷനടുത്തു് അവരുടെ വിചിത്രമായ ഇയർഫോൺ ചെവിക്കരികിൽ പിടിച്ചുകൊണ്ടു് ഒക്ലഹോമായിലെ (Oklahoma) ഒരു പ്രക്ഷേപകനുമായി സമ്പൎക്കംപുലൎത്തിക്കൊണ്ടിരിക്കും. ആ സന്ദർഭത്തിൽ പെട്ടെന്നു് അവരുടെ ഇയർഫോൺ പ്രവൎത്തനരഹിതമായിത്തീരും. കമ്പികഠം

ശരിപ്പെടുത്തിയാലും വയർലസ്സ് കീ പിടിച്ചു തിരിച്ചാലും യാതൊരു വിശേഷവും ഉണ്ടാകുകയില്ല; അവക്കൊന്നും കേൾക്കാൻ സാധിക്കുകയില്ല. റേഡിയോ സിഗ്നലുകൾ സ്വീകരിക്കുവാൻവേണ്ടി ആകാശത്തിലുയൎത്തി നിൎത്തിയിരുന്ന കമ്പികൾ അതു കടിച്ചു മുറിച്ചുകളഞ്ഞു. ഒരു ബലൂണിൽ കമ്പികൾ തൊടുത്തി ആകാശത്തിൽ ഉയൎത്തിനിൎത്തിയിരുന്ന ആദ്യഘട്ടങ്ങളിൽ ഇതൊരു സാധാരണ സംഭവമായിരുന്നു. എന്നാൽ ഒരുദിവസം ഞങ്ങളുടെ ശാരികയ്ക്കു് കഠിനമായ അസ്വാസ്ഥ്യംനേരിട്ടു. യാതൊരുന്മേഷവുംകൂടാതെ കൂട്ടിൽതന്നെ അടച്ചിരുന്നുകൊണ്ടു നിരാഹാരം രണ്ടുമൂന്നു ദിവസത്തേയ്ക്കു് അനുഷ്ഠിച്ചു. അത്രമാത്രവുമല്ല, പീതവൎണ്ണമുള്ള കമ്പിക്കഷണങ്ങൾകൊണ്ടു് അതിൻെറ മലം തിളങ്ങി പ്രകാശിക്കുകയും ചെയ്തു. അതു കണ്ടപ്പോൾ ശാരികയോടു കോപവചനങ്ങൾ ഉച്ചരിച്ചതിലും വിവേകരഹിതമായി പെരുമാറിയതിലും വയർലസ്സ് ഓപ്പറേററന്മാൎക്ക് അതിയായ പശ്ചാത്താപമുണ്ടായി. അതിനുശേഷം ടോർസ്റ്റീനും, നട്ടും ആ തത്തമ്മയുടെ അടുത്ത സുഹൃത്തുക്കളായിത്തീൎന്നു എന്നുതന്നെയുമല്ല, ആ ശാരിക ടോർസ്റ്റീൻെറ അടുക്കൽ അല്ലാതെ വേറെ എങ്ങും കിടന്നുറങ്ങുകയും ചെയ്തില്ല. ചങ്ങാടത്തിൽ വരുന്നതുവരെ അതിന്റെ മാതൃഭാഷ സ്പാനിഷ് ആയിരുന്നു. ടോർസ്റ്റീന്റെ കലൎപ്പില്ലാത്ത നോർവീജിയൻ ഉച്ചാരണം പരിശീലിക്കുന്നതിനു വളരെ മുമ്പുതന്നെ ആ ശാരിക, സ്പാനിഷ് ഭാഷ നോർവേക്കാരുടെ ഉച്ചാരണശുദ്ധിയോടെ സംസാരിക്കാനാരംഭിച്ചുകഴിഞ്ഞിരുന്നു എന്നു് ബങ്ൻറ് പ്രഖ്യാപിച്ചു.

ആ തത്തയുടെ ഫലിതോക്തികളും ആകഷ്കമായ വൎണ്ണപ്പകിട്ടും രണ്ടുമാസക്കാലം ഞങ്ങൾ ആസ്വദിച്ചു. എന്നാൽ രണ്ടുമാസം കഴിഞ്ഞപ്പോൾ അപ്രതീക്ഷിതമായ ഒരത്യാഹിതം സംഭവിച്ചു. ഒരുദിവസം ആ തത്ത പാമരത്തിന്റെ മുകളിൽനിന്നും പാമരം കെട്ടിനിൎത്തിയിരുന്ന കയറുവഴി താഴോട്ടിറങ്ങിവരുകയായിരുന്നു. അപ്പോൾ പിന്നിൽനിന്നും ഒരു വലിയ അല ആഞ്ഞടിച്ചു ചങ്ങാടത്തിലേയ്ക്കു കയറിവന്നു. അലയിൽപെട്ടു് തത്തമ്മ കടലിൽ വീണു. ആ വിവരം ഞങ്ങളറിഞ്ഞപ്പോൾ കുറച്ചു താമസിച്ചുപോയി. ഞങ്ങളാ സംഭവം കണ്ടില്ല. കോൺടിക്കിയെ തിരിക്കാനോ, നിൎത്താനോ ഞങ്ങൾക്കു കഴിയുമായിരുന്നില്ല. ചങ്ങാടത്തിൽനിന്നും ഏതെങ്കിലും സാധനം വെള്ളത്തിൽ വീണുപോയാൽ ചങ്ങാടം തിരിച്ചു പുറകോട്ടുചെന്നു് അതെടുക്കാൻ ഒരിക്കലും സാദ്ധ്യമേയല്ലെന്നു് പല അനുഭവങ്ങളും ഇതിനകം തെളിയിച്ചിട്ടുണ്ടു്.

ആദ്യത്തെ രാത്രിയിൽ, ആ ശാരികയുടെ വേർപാടു് ഞങ്ങളുടെ ഹൃദയത്തിൽ വല്ലാത്ത വേദനയുണ്ടാക്കി. തനിച്ചിരുന്നു് രാത്രികാലങ്ങളിൽ ചങ്ങാടത്തിന്റെ ഗതി ശ്രദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ അബദ്ധത്തിനു കടലിൽ വീണുപോയാൽ ഞങ്ങൾക്കും ആ തത്തയുടെ അനുഭവംതന്നെയുണ്ടാകുമെന്നു് ഞങ്ങൾ ഓൎമ്മിച്ചു.

അപകടം നേരിടാതിരിക്കാൻ സഹായകങ്ങളായ നിയമങ്ങൾ എല്ലാം ഞങ്ങൾ വളരെ കർശനമാക്കി. രാത്രിയിൽ കാവൽ ഇരിക്കുന്നയാൾ അരയും ചങ്ങാടവും തമ്മിൽ ബന്ധിക്കുവാൻ പുതിയ കയറു് ഉപയോഗി

ച്ചു. ആദ്യത്തെ രണ്ടുമാസം കാര്യങ്ങളെല്ലാം ശുഭമായി കലാശിച്ചതുകൊണ്ടു് ഞങ്ങൾക്കു് സുരക്ഷിതത്വബോധം നല്ലവണ്ണം ഉണ്ടായിരുന്നു. ആ വിശ്വാസം മാറി കരുതലോടുകൂടി കഴിയുന്നതിന്നു്, ഏതു നിമിഷത്തിലും സംഭവിച്ചേക്കാവുന്ന അപകടങ്ങളെപ്പററി വർണ്ണിച്ചു കേൾപ്പിച്ചു് ഞങ്ങൾ പരസ്പരം ഭയംജനിപ്പിച്ചു. അല്പം അശ്രദ്ധയോടുകൂടി കാലൊന്നു മാററുകയോ, വിവേകരഹിതമായി ഒന്നനങ്ങുകയോ ചെയ്താൽ ആ സുവർണ്ണശാരികയുടെ അതേ ദുർവ്വിധിതന്നെ ഞങ്ങളേയും ആശ്ലേഷിക്കുമെന്നു ഞങ്ങൾ ഉറച്ചു. ഒട്ടകപ്പക്ഷിയുടെ മുട്ടപോലെയും തലയോടുപോലെയും വെളുത്ത, കാണവായ് മത്സ്യങ്ങളുടെ വലിയ മുട്ടത്തോടുകൾ നീലയലകളിൽ പൊങ്ങുന്നതു് ഞങ്ങൾ പലപ്രാവശ്യം കണ്ടിട്ടുണ്ടു്. ഒരേകാന്തമായ സന്ദർഭത്തിൽ വെള്ളത്തിൽ ഒരു മത്സ്യം കിടന്നു പിടയ്ക്കുന്നതു ഞങ്ങൾ ദർശിച്ചു. ഹിമംപോലെ ശ്വേതനിറമുള്ള കടൽപ്പന്തുകൾ ചങ്ങാടനിരപ്പിൽ പൊങ്ങിക്കിടക്കുന്നതും ഞങ്ങൾ കണ്ടു. റബ്ബർബോട്ടിൽ കയറിച്ചെന്നു് അവയെ പിടിച്ചെടുക്കുന്നതു വളരെയെളുപ്പമാണെന്നു് ആദ്യം ഞങ്ങൾക്കു തോന്നി. പ്ലാങ്ക്ടൊനെ പിടിക്കാൻ ചങ്ങാടത്തിനു പിന്നിൽ കെട്ടിയിട്ടിരുന്ന നൂൽവലയുടെ ബന്ധം വേർപെട്ടു് ചങ്ങാടത്തിൻെറ നീച്ചാലിൽ അതകപ്പെട്ടപ്പോഴും ഞങ്ങൾക്കിതേ വിചാരമുണ്ടായതാണു്. റബ്ബർബോട്ടു് ഒരു കയറുകൊണ്ടു ചങ്ങാടത്തോടു ബന്ധിച്ചതിനുശേഷം ഞങ്ങളതു കടലിലിറക്കി പുറകോട്ടു തുഴഞ്ഞുപോകുവാൻ തുടങ്ങി. എന്നാൽ പെട്ടെന്നുതന്നെ കാററും അലകളും ശക്തിയായി അടി

ക്കാൻ ആരംഭിച്ചതിനാൽ കോൺടിക്കി അതിശീഘ്രം മുന്നോട്ട് ഓടിക്കൊണ്ടിരുന്നു. അതനുസരിച്ച് റബ്ബർ ബോട്ടും കോൺടിക്കിയുടെ പിന്നാലെ ത്വരിതഗമനം ചെയ്തു. ചങ്ങാടത്തോടു ബന്ധിച്ചിരുന്ന കയറ് പൊട്ടുമെന്നുപോലും ഞങ്ങൾക്കു സംശയമുണ്ടായി. അത്രയ്ക്കു ശക്തിയായി കയർ വലിഞ്ഞു. അതിനാൽ പുറകോട്ടു തുഴഞ്ഞുപോകാൻ ഞങ്ങൾക്കു സാധിച്ചില്ല. പിന്നിൽ കിടക്കുന്ന സാധനത്തോടടുത്തപ്പോൾ കോൺടിക്കി ശക്തിയായി മുന്നോട്ടാഞ്ഞുകൊണ്ടിരുന്നു. അതിനാൽ ബോട്ടു ബന്ധിച്ചിരുന്ന കയർ ശക്തിയായി ഞങ്ങളെ പടിഞ്ഞാറോട്ട് വലിച്ചുകൊണ്ടുപോയി. ഒരിക്കൽ കടലിൽ വീണുപോയാൽ രക്ഷപ്പെടാൻ യാതൊരു മാർഗ്ഗവുമില്ലായിരുന്നു. ഈ വിചാരം ചങ്ങാടത്തിൽകഴിഞ്ഞ കാലമത്രയും ഞങ്ങളുടെ ഹൃദയത്തിൽ പുകഞ്ഞു കത്തിക്കൊണ്ടിരുന്നു. എല്ലാവരും ഒന്നിച്ചു യാത്രചെയ്യണമെന്നുണ്ടെങ്കിൽ കോൺടിക്കി മറുകരയിൽ എത്തുന്നതുവരെ എങ്ങനെയെങ്കിലും ചങ്ങാടത്തിൽ പററിപ്പിടിച്ചു കിടന്നുകൊള്ളണം.

വയർലസ്സ് മുറിയിൽ തത്തയുടെ അഭാവം അറിയാനുണ്ടായിരുന്നു. എന്നാൽ പിറേറദിവസം ഉഷ്ണമേഖലാസൂര്യൻ ഉദിച്ചുപൊങ്ങിയപ്പോൾ ഞങ്ങളുടെ ദുഃഖവും ശാന്തമായി. അടുത്ത ദിവസങ്ങളിൽ ഞങ്ങൾ ധാരാളം സ്രാവുകളെ പിടിച്ചെടുത്തു. സ്രാവുകളുടെ വയററിൽ മററു മത്സ്യങ്ങളുടെ തലകൾ ഞങ്ങൾ കണ്ടിട്ടുണ്ടു്. അക്കൂട്ടത്തിൽ തത്തച്ചുണ്ടുകളും അതുപോലെയുള്ള പല വസ്തുക്കളും ഉണ്ടായിരുന്നു. പക്ഷേ കിളിച്ചുണ്ടുകൾ എ

ന്നു ഞങ്ങൾ കരുതിയവ ദഹിച്ച കണവാമത്സ്യങ്ങളായി രുന്നു എന്നു് സൂക്ഷ്മപരിശോധനകൊണ്ടു് ഞങ്ങൾക്കറിയാൻ കഴിഞ്ഞിരുന്നു.

ചങ്ങാടത്തിൽ വന്ന ദിവസം മുതൽ ഞങ്ങളുടെ രണ്ടു വയർലസ്സ് ഓപ്പറേററന്മാക്കും പിടിപ്പതു ജോലി ഉണ്ടായിരുന്നു. ഹംബോൾട്ട് പ്രവാഹത്തിൽ ഞങ്ങൾ എത്തിയ ആദ്യത്തെ ദിവസംതന്നെ ബാററിയറകളിൽ നിന്നും ധാരാളം ഉപ്പുവെള്ളം ഇററിററു വീഴാൻ തുടങ്ങി. അതിനാൽ തീവ്രമായ സ്പർശഗ്രഹണശക്തിയുള്ള വയർലസ്സ് ക്യാൻവാസുകൊണ്ടു് ഭദ്രമായി പൊതിഞ്ഞു്, അടിച്ചുയരുന്ന അലകളിൽ നിന്നും വെള്ളം തെറിക്കാതെ സൂക്ഷിച്ചുവെയ്ക്കേണ്ടിയിരുന്നു. ആ പ്രശ്നം പരിഹരിക്കപ്പെട്ടു കഴിഞ്ഞപ്പോൾ അടുത്ത പ്രശ്നം ഉദിച്ചു. ആവശ്യത്തിനുതക്കവണ്ണം നീളത്തിൽ ഏരിയൽകമ്പികൾ ആ കൊച്ചു ചങ്ങാടത്തിലെങ്ങനെ ഉയത്തിനിത്താൻ കഴിയുമെന്നായി ഞങ്ങളുടെ ചിന്ത. ഒരു പട്ടത്തിൽകെട്ടി ഏരിയൽ ആകാശത്തിലേക്കുയത്താൻ ഒരു ശ്രമം നടത്തി. പക്ഷെ ശക്തിയായ കാററിൽപെട്ടു് പട്ടം പറന്നു് അലകളിൽ പതിച്ചു മറഞ്ഞു. അടുത്തതായി ആ കമ്പി ഒരു ബലൂണിൽ ഉയത്താൻ പരിശ്രമിച്ചു. എന്നാൽ മദ്ധ്യരേഖാ പ്രദേശത്തെ സഹസ്രകിരണൻെറ ഉഗ്രാതപം ഏററു് ബലൂണിൽ സുഷിരങ്ങൾ വീണു് അതുടൻതന്നെ തകന്നു വെള്ളത്തിൽ താഴ്ന്നുപോയി. അതുകൂടാതെ തത്തയിൽ നിന്നുമുണ്ടായ ഉപദ്രവവും അവക്കു നേരിടേണ്ടിവന്നു. അതിനും പുറമെ ഒരു സോപ്പുപെട്ടിയിലെ വായുവിനെ

പ്പോലെ നിർജ്ജീവമായ അലകളോടുകൂടിയ നിതാന്തമൂകവും നിശ്ചലവുമായ ആൻഡീസ് പ്രദേശത്തു നിന്നും ഗർജ്ജിച്ചടുക്കുന്ന തരംഗങ്ങൾകൊണ്ടു് പ്രക്ഷുബ്ധമായ ശാന്തസമുദ്രത്തിൽ ആ ഹംബോൾട്ട്പ്രവാഹത്തിൽ ഞങ്ങൾ വന്നുചേന്നിട്ടു് രണ്ടുവാരത്തിൽ കൂടുതലായിട്ടുമില്ലായിരുന്നു.

എന്നാൽ ഒരു ദിവസം രാത്രിയിൽ ശബ്ദതരംഗത്തിൻെറ ഒരു ഹ്രസ്വഭ്രമണം വായുവിലൂടെ കടന്നുപോയി. സ്വീഡനിലെ ഒരു പ്രക്ഷേപകനുമായി സമ്പക്കം പുലത്താൻ ശ്രമിച്ചുകൊണ്ടിരുന്ന ലോസ്ഏംജലസിലെ ഒരു ഹാൻ യാദൃച്ഛികമായി ടോർസ്റ്റീൻെറ ശബ്ദസൂചന കേൾക്കാനിടയായി. ഏതുതരം ഉപകരണമാണു് ടോർസ്റ്റീൻെറ കയ്യിലുള്ളതെന്നു് അയാൾ ചോദിച്ചു. അയാൾക്കു തൃപ്തികരമായ ഉത്തരം കിട്ടിക്കഴിഞ്ഞപ്പോൾ താനാരെന്നും എവിടെയാണെന്നും അയാൾ വീണ്ടും ചോദ്യം ആവത്തിച്ചു. ശാന്തസമുദ്രത്തിൻെറ വിസ്തൃതമായ മാത്തട്ടിൽ സഞ്ചരിക്കുന്ന ഒരു ചെറിയ ചങ്ങാടത്തിലെ മുളക്കുടിലാണു് തൻെറ വാസഗേഹമെന്നു് ടോർസ്റ്റീൻ പറഞ്ഞപ്പോൾ കൂടുതൽ വിശദവിവരങ്ങൾ നല്കുന്നതുവരെ വയർലസ്സിൽ പ്രത്യേക ശബ്ദധ്വനികൾ മുഴങ്ങുന്നതു കേൾക്കാമായിരുന്നു. അയാൾ ഞങ്ങളുമായി സത്രുദ്ധം ബന്ധംപുലത്തിയിട്ടു്, അയാളുടെ പേരു് ഹാൾ എന്നാണെന്നും, അന്നാ എന്നു പേരുള്ള തൻെറ ഭാര്യ ജനനംകൊണ്ടു് സ്വീഡൻകാരിയാണെന്നും ഞങ്ങൾ സുഖമായി ജീവിച്ചിരിക്കുന്ന വിവരം ഞങ്ങളുടെ കുടുംബാംഗങ്ങളെ അറിയിച്ചുകൊള്ളാമെന്നും ഞങ്ങളെ അറിയിച്ചു.

"ഞങ്ങൾ എവിടെയാണെന്നും ഞങ്ങൾക്കു സുഖ മാണെന്നും ഉള്ള കാര്യം ഞങ്ങളെ കൂടാതെ ലോകത്തിൽ മററാക്കുംതന്നെ അറിവില്ലായിരുന്നു. എന്നാൽ അപ്പോൾ അങ്ങകലെ അമേരിക്കയിൽ ലോസ്ഏഞ്ജലസ് എന്ന നഗരത്തിൽ ഞങ്ങൾക്കേററവും അപരിചിതനായ ഹാൾ എന്ന ഒരു സിനിമാ ഓപ്പറേററർ ഞങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കുന്നു." അന്നു രാത്രിയിൽ ഞങ്ങൾക്കുണ്ടായ ഈ വിചാരം ഞങ്ങളെ അത്ഭുതപരതന്ത്രരാക്കി. ആ രാത്രിക്കുശേഷം ഹാൾ ഏലിയാസ് ഹാരാൾഡ് കെമ്പലും അദ്ദേഹത്തിൻെറ സ്നേഹിതൻ ഫ്രാങ്ക് കപവാസും അന്നുരാത്രം മാറിമാറി ചങ്ങാടത്തിൽ നിന്നുമുള്ള ഞങ്ങളുടെ സിഗ്നലുകൾ ശ്രദ്ധിക്കുവാൻ തുടങ്ങി. യാതൊരു സ്ഥിതിവിവരക്കണക്കുകളും അന്നുവരെ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ആ ശാന്തസമുദ്ര ഭാഗത്തെക്കുറിച്ച് പ്രതിദിനം ലഭിച്ചുകൊണ്ടിരുന്ന രണ്ടു് കോഡ് സന്ദേശങ്ങൾക്കുള്ള നന്ദിപ്രകടനങ്ങൾ യു. എസ്സ്. വെതർ ബ്യൂറോയിലെ പ്രധാന ഉദ്യോഗസ്ഥനിൽനിന്നും ഹെർമാൻ സ്വീകരിക്കുകയുണ്ടായി. പിന്നീട് നട്ടും ഹെർമാനും എല്ലാ രാത്രിയിലും മററു റേഡിയോ പ്രവർത്തകന്മാരുമായി സമ്പർക്കത്തിലേർപ്പെട്ടുകൊണ്ടിരുന്നു. അവർ ഈജിൽബർഗ് എന്ന വയർലസ്സ് ഫാനിലൂടെ അഭിനന്ദനസന്ദേശങ്ങൾ നോർവേയിലേക്ക് കൈമാറുകയും ചെയ്തു.

നടുക്കടലിൽവെച്ച് ഉപ്പുവെള്ളം ധാരാളം ചങ്ങാടത്തിലടിച്ചുകയറിയതിനാൽ ആദ്യത്തെ ഏതാനുംദിവസങ്ങളിൽമാത്രം ഞങ്ങളുടെ വയർലസ്സ് സ്റ്റേഷൻ പരി

പൂൎണ്ണമായും പ്രവൎത്തനരഹിതമായിത്തീൎന്നു. ഓപ്പറേററന്മാർ സ്ക്രൂകളും ഇരുമ്പുകഷണങ്ങളുമെല്ലാം ഉപയോഗിച്ചു് അതു് പ്രവൎത്തനക്ഷമമാക്കാൻ രാപ്പകലിടവിടാതെ കിണഞ്ഞു പരിശ്രമിച്ചു. ആ സന്ദൎഭത്തിൽ ദൂരെയുള്ള വയർലസ്സ് ഫാനുകളെല്ലാം ഞങ്ങളുടെ കഥ കഴിഞ്ഞെന്നുതന്നെ തീരുമാനിച്ചു. അങ്ങനെയിരിക്കുമ്പോൾ ഒരു രാത്രിയിൽ L I 2 B എന്ന ശബ്ദചിഹ്നം ആകാശത്തിൽ പ്രതിദ്ധ്വനിച്ചു. അടുത്ത ക്ഷണത്തിൽ അമേരിക്കയിലെ അസംഖ്യം വയർലസ്സ് ഓപ്പറേററന്മാർ എല്ലാവരും ഒരുമിച്ചവരുടെ കീ എടുത്തു് ഞങ്ങളുടെ സിഗ്നലിനു് മറുപടി നല്കാൻ തുടങ്ങി. അപ്പോൾ ശബ്ദകോലാഹലങ്ങൾകൊണ്ടു് ഞങ്ങളുടെ വയർലസ്സ് സ്റ്റേഷൻ ഒരു കടന്നൽക്കൂടുപോലെ ഇരയ്ക്കാൻ ആരംഭിച്ചു. വയർലസ്സ് ഓപ്പറേറററന്മാരുടെ മുറിയിലകപ്പെട്ടാൽ തീൎച്ചയായും ഒരാൾക്കു് കടന്നൽക്കൂടിലകപ്പെട്ട പ്രതീതിയുണ്ടാകും; സംശയമില്ല. വയർലസ്സ് ഇരിക്കുന്ന സ്ഥലം വെള്ളംവീണു നനഞ്ഞിരുന്നു. അവിടെനിന്നും വെള്ളം ചുററുമുള്ള തടികഷണങ്ങളിൽ മുഴുവൻ വ്യാപിച്ചിരുന്നു. ഓപ്പറേററർ ഇരിക്കുന്ന ബാൽസാതടിയിൽ ഒരു റബ്ബർഷീററിട്ടിരുന്നാൽതന്നെയും അവിടെ ചെന്നു് മോഴ്സ് കീയിൽ തൊടുന്ന ആളിൻെറ വിരലിന്നററത്തും പൃഷ്ഠഭാഗത്തും വൈദ്യുതാഘാതമേല്ക്കും. ഞങ്ങളിൽ ആരെങ്കിലും വയർലസ്സ് കോർണറിൽനിന്നു് ഒരു പെൻസിൽ ആരുമറിയാതെ എടുക്കാൻ ശ്രമിച്ചാൽ ഒന്നുകിൽ ഞങ്ങളുടെ തലമുടി നേരേ ഉയൎന്നുനില്ക്കുകയോ, പെൻസിലിൽനിന്നും നീണ്ട തീപ്പൊ

രികൾ പാറുകയോ ചെയ്യും. യാതൊരുപദ്രവവുമേല്ക്കാതെ ടോർസ്റ്റീനും നട്ടിനും ഞങ്ങളുടെ തത്തയ്ക്കും മാത്രമേ അവിടെ പെരുമാറാൻ കഴിഞ്ഞിരുന്നുള്ളു. ബാക്കിയുള്ളവർക്കു മുന്നറിയിപ്പിനായി ഞങ്ങൾ ഒരു കാർഡ്ബോഡ് തൂക്കി ആ അപകടസ്ഥലം അടയാളപ്പെടുത്തി.

ഒരുദിവസം രാത്രിയിൽ കുറച്ചുമാന്തിച്ച് നട്ട് വയർലസ്സ് കോർണറിനടുത്ത് ആഹാരംകഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. താൻ ഓസ്ലോ നഗരത്തിനു വെളിയിൽ എവിടെയോ താമസിക്കുന്ന ഒരു ക്രിസ്ത്യൻ അമൻഡ്സനുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു എന്നു് പെട്ടെന്ന് എന്റെ കാലിൽ പിടിച്ചു കുലുക്കിക്കൊണ്ടു് നട്ട് പറഞ്ഞു. ഇതു് ശരിക്കു പരിശീലനം സിദ്ധിക്കാത്ത ഒരാളിന്റെ റിക്കാർഡ് ആയിരുന്നു എന്നുള്ളതിൽ സംശയമില്ല. എന്തെന്നാൽ, ഞങ്ങളുടെ കൈവശമുള്ള ചെറിയ ഹ്രസ്വഭ്രമണ പ്രക്ഷേപണിക്ക് (Short-wave transmitter) ഒരു സെക്കൻറിൽ പതിമൂവായിരത്തി തൊള്ളായിരത്തി തൊണ്ണൂറ് കിലോ സൈക്കിൾ ശക്തികൊണ്ടു് (ഒരു കിലോസൈക്കിൾ=ഒരു സെക്കൻറിൽ ആയിരം സ്പന്ദനം.) ഏകദേശം ഒരു വൈദ്യുതവിളക്കിനുള്ള ആറു മാത്രയിൽ കവിഞ്ഞു് സിഗ്നലുകൾ അയയ്ക്കാൻ കഴിഞ്ഞിരുന്നില്ല. അന്ന് ആഗസ്റ്റ് രണ്ടാംതീയതി ആയിരുന്നു. ഞങ്ങൾ ഭൂമിയെ ചുററി അറുപതു ഡിഗ്രി യാത്ര ചെയ്തുകഴിഞ്ഞിരുന്നു. അപ്പോൾ ഓസ്ലോ നഗരത്തിന്റെ സ്ഥാനം ഭൂമിയുടെ നേരേ മറുഭാഗത്തായിരുന്നു. അടുത്ത ദിവസം ഹാക്കൻ രാജാവിന്റെ (King Haakon) എഴുപത്തിയഞ്ചാം ജന്മ

ദിനമായിരുന്നു. അതിനാൽ ഞങ്ങൾ ചങ്ങാടത്തിൽനിന്നും നേരിട്ട് അഭിനന്ദനസന്ദേശങ്ങൾ അദ്ദേഹത്തിനയച്ചുകൊടുത്തു. അതിനടുത്തദിവസം ക്രിസ്ത്യന്റെ ശബ്ദം വയർലസ്സിൽ വീണ്ടും കേൾക്കപ്പെട്ടു. ഞങ്ങളുടെ തുടർന്നുള്ള യാത്രയിൽ ശുഭവും വിജയവും ആശംസിച്ചുകൊണ്ടുള്ള രാജാവിന്റെ മറുപടി അദ്ദേഹം അപ്പോൾ ഞങ്ങളെ അറിയിച്ചു.

ചങ്ങാടത്തിലെ ഞങ്ങളുടെ ജീവിതത്തിനാകെ വിരുദ്ധമായ ഒരു സംഭവവും ഞങ്ങളോൎമ്മിക്കുന്നുണ്ട്. ഞങ്ങളുടെ കൈവശം രണ്ടു ക്യാമറ ഉണ്ടായിരുന്നു. ഫോട്ടോ വികസിപ്പിക്കാൻ ആവശ്യമായ സാമഗ്രികൾ എറിക്കിന്റെ കയ്യിലുമുണ്ടായിരുന്നു. തന്മൂലം ശരിക്കു പതിയാതിരുന്നവയുടെ ഫോട്ടോകൾ പുതുതായി എടുക്കാൻ ഞങ്ങൾക്കു സാധിച്ചു. ആദ്യത്തെ മകരമത്സ്യത്തിന്റെ സന്ദൎശനത്തിനുശേഷം എറിക്കിനെന്തുകൊണ്ടോ സ്വസ്ഥനായിരിക്കാൻ കഴിഞ്ഞില്ല. ഒരുദിവസം വൈകിട്ട് അയാൾ ഫോട്ടോഗ്രാഫിയുടെ നിയമങ്ങളും നിർദ്ദേശങ്ങളും അനുസരിച്ച് രാസവസ്തുക്കളും വെള്ളവും കരുതലോടെ കലൎത്തി രണ്ടു ഫിലിമുകൾ വികസിപ്പിച്ചു. നെഗററീവ് കണ്ടാൽ വളരെ ദൂരത്തുനിന്നെടുത്ത ചിത്രങ്ങളാണെന്നേ തോന്നുകയുള്ളു. അവയിൽ അവ്യക്തങ്ങളായ കുത്തുകളും പാടുകളും മാത്രമെ ഉണ്ടായിരുന്നുള്ളു. അങ്ങനെ ആ ഫിലിം നഷ്ടപ്പെട്ടു. വയർലസ്സിൽ ഞങ്ങളുമായി ബന്ധം പുലൎത്തിയ സ്നേഹിതന്മാരോട് ഞങ്ങൾ ഉപദേശമാരാഞ്ഞു. ഹോളീവുഡ്ഡിലെ ഒരു വയർലസ്സ്ഫാൻ ഞങ്ങളുടെ സിഗ്നൽ പിടി

പ്പെട്ടത്തു. അവരവിടെനിന്നും ഒരു രസതന്ത്രശാലയിലെ ശാസ്ത്രജ്ഞന്മാരുമായി സംസാരിച്ചതിനുശേഷം ഞങ്ങളെ വിവരം ധരിപ്പിച്ചു. ഫോട്ടോ വികസിപ്പിക്കാൻ ഞങ്ങളുപയോഗിച്ച സാധനങ്ങൾക്ക് ചൂടുകൂടിപ്പോയി എന്നും, അറുപതു ഡിഗ്രിയിൽ കവിഞ്ഞ ചൂടുള്ള വെള്ളം ഉപയോഗിച്ചാൽ നെഗററീവിൽ കുത്തുകളും പാടുകളും വീഴുമെന്നും ആയിരുന്നു അവർ നല്കിയ നിർദ്ദേശം.

ആ ഉപദേശം നല്കി സഹായിച്ചതിന് ഞങ്ങൾ അദ്ദേഹത്തോട് നന്ദി പ്രകടിപ്പിച്ചു. ഞങ്ങൾക്ക് ചുററുമുള്ള സമുദ്രജലപ്രവാഹംതന്നെയാണേററവും ചൂടു കുറഞ്ഞതെന്ന് ഞങ്ങൾ പരീക്ഷിച്ചറിഞ്ഞു. അതിനേകദേശം എൺപതു ഡിഗ്രി ചൂടുണ്ടായിരുന്നു. വെള്ളം തണുപ്പിക്കാൻ ഹെർമാൻ മിടുക്കനായിരുന്നു. അതിനാൽ വെള്ളത്തിൻെറ ചൂട് അറുപതു ഡിഗ്രിയാക്കി കുറയ്ക്കാൻ ഞാൻ വിനോദരൂപത്തിലദ്ദേഹത്തോടാവശ്യപ്പെട്ടു. കാററു നിറച്ച റബ്ബർബോട്ടിനോടു ചേർന്നിരിക്കുന്ന കാർബോളിക് ആസിഡ് കുപ്പി ഉപയോഗിച്ചുകൊള്ളട്ടെ എന്നയാൾ അനുവാദം ചോദിച്ചു. ഒരു ലോഹപ്പാത്രം കിടക്കസഞ്ചിയും കമ്പിളിത്തുണിയുമിട്ടു മൂടി ചില ഇന്ദ്രജാലങ്ങൾ കാണിച്ചതിനുശേഷം, ദീക്ഷയിൽ മഞ്ഞിൻകണികകളും പററി കെററിലിൽ ഒരു വലിയ മഞ്ഞുകട്ടയുമായി അയാൾ എൻെറ അടുക്കൽ വന്നു.

എറിക്ക് ഫലപ്രദമായി ഫോട്ടോകൾ വികസിപ്പിച്ചെടുക്കുകയും ചെയ്തു.

കോൺടിക്കി ജീവിച്ചിരുന്ന അതിപ്രാചീനകാലത്തു് ശബ്ദം ഹ്രസ്വഭ്രമണവേഗത്തിൽ വായുവിലൂടെ സ

ഞ്ചരിക്കുന്നതു് അറിയപ്പെട്ടിരുന്നില്ല. എങ്കിലും ഞങ്ങൾ കടിയിൽ ആ പുരാതനകാലത്തെ സമുദ്രതരംഗങ്ങൾ തന്നെയാണു് ഇളകികൊണ്ടിരുന്നതു്. പതിനഞ്ചു ശതാബ്ദങ്ങൾക്കു മുമ്പു് എന്നതുപോലെ ആ തരംഗങ്ങൾ ഞങ്ങളുടെ ബാൽസാ ചങ്ങാടത്തെ അനുസ്യൂതമായി പടിഞ്ഞാറോട്ടുതന്നെ നയിച്ചുകൊണ്ടുമിരുന്നു.

ഞങ്ങൾ ദക്ഷിണസമുദ്രദ്വീപുകളുടെ പ്രാന്തമേഖലയിൽ പ്രവേശിച്ചപ്പോൾ ഉഗ്രമായ മഴയും കാററുംകൊണ്ടു് കാലാവസ്ഥ അല്പംകൂടി അവ്യവസ്ഥിതമായിത്തീർന്നു. വാണിജ്യവാതത്തിൻെറ ഗതി മാറി വീഴുകയും ചെയ്തു. ഞങ്ങൾ മദ്ധ്യരേഖാപ്രവാഹത്തിലൂടെ വളരെ ദൂരം പോകുന്നതുവരെ ആ കാററു് മാറാതെ കിഴക്കുനിന്നും തുടർച്ചയായി അടിച്ചുകൊണ്ടിരുന്നു. പിന്നീടതിൻെറ ഗതി കൂടുതൽ കൂടുതൽ കിഴക്കോട്ടു മാറാൻ തുടങ്ങി. ജൂൺ പത്താംതീയതി ഞങ്ങൾ മുന്നോട്ടുള്ള യാത്രയിൽ 6° 19′ അക്ഷാംശത്തിൽ ഏററവും വടക്കു് എത്തിയിരുന്നു. അപ്പോൾ മദ്ധ്യരേഖയോടു് അത്രയ്ക്കടുത്തിരുന്നതിനാൽ മാർകചിസസ്സ് ദ്വീപസമൂഹത്തിൽ ഏററവും വടക്കു കിടക്കുന്ന ദ്വീപുകളേയും കടന്നു് കര കാണാതെ സമുദ്രമദ്ധ്യത്തിൽപ്പെട്ടു് വഴിതെററി ഉഴന്നു പോകുമെന്നുപോലും ഞങ്ങൾ ഭയപ്പെട്ടിരുന്നതാണു്. എന്നാൽ ആ സമയത്തു് വാണിജ്യവാതത്തിൻെറ ഗതി വീണ്ടും മാറി കിഴക്കുനിന്നും വടക്കുകിഴക്കായിട്ടടിക്കാൻ തുടങ്ങി. അതു ഞങ്ങളെ ഒന്നു വളച്ചു തിരിച്ചു് അങ്ങു മാറിക്കിടക്കുന്ന ദ്വീപസമൂഹങ്ങളുടെ അക്ഷാംശത്തിലേയ്ക്കു് നയിച്ചു.

കാററും അലകളും ഒരേനിലയിൽ മാറാതെ കുറെ ദിവസം നിന്നാൽ ചങ്ങാടത്തട്ടിൽ കാവൽ നില്ക്കേണ്ട രാത്രിസമയം ഒഴികെയുള്ള മററവസരങ്ങളിൽ ആക്കാണു് പങ്കായപ്പിടിയ്ക്കൽ എന്നുള്ള കാര്യം ഞങ്ങൾ പൂർണ്ണമായും മറന്നുപോകുമായിരുന്നു. അത്തരം സന്ദർഭങ്ങളിൽ പങ്കായം ബലമായി കെട്ടിവെയ്ക്കുകയാണു് ചെയ്യുന്നതു്. ഞങ്ങളുടെ സഹായം കൂടാതെതന്നെ അപ്പോൾ കാററുപായ് കാററുപിടിച്ചു് ചങ്ങാടത്തെ മുന്നോട്ടു് കൊണ്ടുപൊയ്ക്കൊള്ളും. അങ്ങനെയുള്ള നിശാവേളകളിൽ ചങ്ങാടത്തിൻെറ ഗതി സൂക്ഷിക്കാൻ ഉറക്കമിളച്ചിരിക്കുന്ന ആൾ ചങ്ങാടക്കൂടിലിൻെറ വാതുക്കൽ സൈ്വരമായിരുന്നു് നക്ഷത്രങ്ങളെ നോക്കി രസിച്ചുകൊണ്ടിരിക്കും. നക്ഷത്രരാശികൾ സ്ഥാനം മാറിയാൽ അയാൾ ചങ്ങാടത്തട്ടിൽ വന്നു്, പങ്കായമാണോ കാററാണോ ആ സ്ഥാനംമാററത്തിനു കാരണമെന്നാരാഞ്ഞറിയുകയും ചെയ്യും.

അനേകം ആഴ്ചകളായി നക്ഷത്രങ്ങൾ ആകാശത്തിലൂടെ കടന്നുപോകുന്നതു് നിരീക്ഷിച്ചുകൊണ്ടിരുന്ന ഞങ്ങൾക്കു് ആ നഭശ്ചരങ്ങളെ നോക്കി എത്ര സുകരമായി ചങ്ങാടത്തിൻെറ ഗതി ലക്ഷ്യസ്ഥാനത്തേയ്ക്കു തിരിച്ചുവിടുവാൻ കഴിഞ്ഞു എന്നു പറഞ്ഞാൽ,അതൊരുപക്ഷേ വിശ്വാസയോഗ്യമായി ആരും കരുതുകയില്ല. വാസ്തവം പറഞ്ഞാൽ, രാത്രികാലങ്ങളിൽ നോക്കിക്കാണുവാൻ വേറെയൊന്നുംതന്നെയില്ലല്ലോ. ഓരോ രാത്രിയിലും വിവിധനക്ഷത്രസമൂഹങ്ങളെ ആകാശദേശത്തെവിടെയെല്ലാം കാണാൻകഴിയുമെന്നു് ഞങ്ങൾക്കറിയാമാ

യിരുന്നു. ഞങ്ങൾ മദ്ധ്യരേഖയോടടുത്തുവന്നപ്പോൾ സപ്തൎഷികൾ വടക്കേ ചക്രവാളത്തിൽ വ്യക്തമായി കാണത്തക്കവണ്ണം ഉയൎന്നു പൊങ്ങി. അതിനാൽ ധ്രുവനക്ഷത്രത്തെ കാണാൻ കഴിയാതെവരുമെന്നു് ഞങ്ങൾക്കുത്കണ്ഠയുണ്ടായി. തെക്കനിന്നും വന്നു് മദ്ധ്യരേഖയെ കടക്കുമ്പോഴാണു് ധ്രുവനക്ഷത്രം ഒരാൾക്കു് ദൃഷ്ടിഗോചരമാകുന്നതു്. എന്നാൽ വടക്കുകിഴക്കൻ വാണിജ്യവാതം ആരംഭിച്ചപ്പോൾ സപ്തൎഷികൾ വീണ്ടും ചക്രവാളത്തിൽ താണു.

പ്രാചീന പോളിനേഷ്യക്കാർ വിദഗ്ദ്ധരായ നാവികന്മാരായിരുന്നു. സമുദ്രയാത്രയിൽ അവർ പകൽ സൂൎയ്യനേയും, രാത്രിയിൽ നക്ഷത്രങ്ങളേയും നോക്കി തങ്ങളുടെ സ്ഥാനം നിൎണ്ണയിക്കുമായിരുന്നു. ആകാശത്തിലെ ജ്യോതിൎഗ്ഗോളങ്ങളെക്കുറിച്ചു് അവൎക്കുണ്ടായിരുന്ന അറിവു് അത്ഭുതകരമായിരുന്നു. ഭൂമി ഉരുണ്ടതാണെന്നവൎക്കറിയാമായിരുന്നു. ഭൂമദ്ധ്യരേഖ, ഉത്തരായനരേഖ, ദക്ഷിണായനരേഖ എന്നീ ഗൂഢസങ്കല്പങ്ങളെ കുറിക്കാൻ അവർ പ്രത്യേകം പേരുകളും കണ്ടുപിടിച്ചിരുന്നു. ഹാവൈ ദ്വീപിലുള്ളവർ ചുരക്കാത്തോടിൽ സമുദ്രത്തിന്റെ പ്ലാൻ വരൎന്നു രേഖപ്പെടുത്തിയിരുന്നു. മററു ചില ദ്വീപുകളിൽ മെടഞ്ഞ കമ്പുകൾകൊണ്ടു് വിശദവിവരങ്ങളടങ്ങിയ ഭൂപടങ്ങൾ നിൎമ്മിച്ചിരുന്നു. ദ്വീപുകളുടെ സ്ഥാനത്തു് ചിരട്ടപ്പൊളികൾവെച്ചു് അവർ അടയാളപ്പെടുത്തുമായിരുന്നു. ചുള്ളിക്കമ്പുകൾ പ്രത്യേക പ്രവാഹങ്ങളെ കുറിക്കാൻ അവർ ഉപയോഗിച്ചിരുന്നു. പോളിനേഷ്യന്മാൎക്കു് അഞ്ചു ഗ്രഹങ്ങളെപ്പററി അറിവുണ്ടാ

യിരുന്നു. അവയെ സഞ്ചാരനക്ഷത്രങ്ങളെന്നാണവർ വിളിച്ചിരുന്നതു്. സ്ഥിരനക്ഷത്രങ്ങളിൽനിന്നും ആ സംക്രമനക്ഷത്രങ്ങളെ വേർതിരിച്ചു് മനസ്സിലാക്കിയിരുന്നു. ആകാശത്തിലേതെല്ലാം ഭാഗത്തായിരിക്കും വിവിധ നക്ഷത്രങ്ങൾ ഉദിക്കുന്നതെന്നും, രാത്രിയിൽ ഓരോ യാമത്തിലും ഓരോ വഷത്തിലും വിവിധ സന്ദർഭങ്ങളിൽ അവ എവിടെയെല്ലാം ആയിരിക്കുമെന്നും പോളിനേഷ്യയിലെ പ്രാചീന നാവികന്മാക്കു് നല്ല നിശ്ചയമുണ്ടായിരുന്നു. ഓരോ ദ്വീപിലും ഏതേതുനക്ഷത്രമാണു് ഉച്ചസ്ഥാനത്തിലെത്തുന്നതെന്നും അവർ ഗ്രഹിച്ചിരുന്നു. ഓരോ രാത്രിയിലും ഓരോ വഷത്തിലും ഏതൊരു ദ്വീപിൽ ഏതൊരു നക്ഷത്രം അത്യുച്ചനിലയിലെത്തുന്നുവോ ആ നക്ഷത്രത്തിൻെറ പേരുചൊല്ലി ആ ദ്വീപിനെ വിളിക്കുന്ന സമ്പ്രദായവും അവരുടെയിടയിൽ നടപ്പുണ്ടായിരുന്നു.

നക്ഷത്രസങ്കുലമായ ആകാശം കിഴക്കുനിന്നും പടിഞ്ഞാറോട്ടു കറങ്ങുന്ന മനോഹരമായ ഒരു വലിയ ദിങ്നിണ്ണയ യന്ത്രംപോലെയിരിക്കുന്നു എന്നുള്ള വസ്തുത പോകട്ടെ, തങ്ങളുടെ തലയ്ക്കു മുകളിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ തങ്ങൾ തെക്കോട്ടോ വടക്കോട്ടോ എത്രദൂരം മാറിയിട്ടുണ്ടെന്നു് എപ്പോഴും കാണിക്കുമെന്നും അവക്കു നല്ലപോലെ അറിയാമായിരുന്നു. അമേരിക്കയോടടുത്തുകിടക്കുന്ന സമുദ്രം മുഴുവൻ യാത്രചെയ്തു് ദ്വീപുകൾ കണ്ടുപിടിച്ചു സ്വാധീനത്തിൽ കൊണ്ടുവന്ന പോളിനേഷ്യക്കാർ പല തലമുറകളായി അവയിൽ ചില ദ്വീപുകളുമായി ഗതാഗതം നടത്തിയിരുന്നു, തഹി

ത്തി (Tahiti) ദ്വീപിലെ പ്രമാണികൾ, രണ്ടായിരം മൈൽ വടക്കു അനേകം ഡിഗ്രി പടിഞ്ഞാറും മാറിക്കിടക്കുന്ന ഹാവൈ (Hawaii) ദ്വീപു സന്ദർശിച്ചപ്പോൾ, ആ യാത്രയിൽ ആകാശത്തിലുള്ള നക്ഷത്രങ്ങളെ നോക്കി ഹാവൈ ദ്വീപിൻെറ അക്ഷാംശത്തിൽ തങ്ങളെത്തിക്കഴിഞ്ഞു എന്നറിയുന്നതുവരെ വടക്കോട്ടുതന്നെ അമരക്കാരൻ നൌകയെ നയിച്ചു എന്നു് പോളിനേഷ്യൻ ചരിത്രകഥകൾ രേഖപ്പെടുത്തിയിട്ടുണ്ടു്. പിന്നീടു് കുറെ അടുത്തെത്തിക്കഴിയുമ്പോൾ പക്ഷികളെയും മേഘങ്ങളെയും നോക്കി ആ ദ്വീപുകളുടെ യഥാൎത്ഥസ്ഥാനം അറിയുന്നതുവരെ, സമകോണാകൃതിയിൽ നേരേ പടിഞ്ഞാറോട്ടുതന്നെ ഗതി തിരിച്ചുവിടുകയും ചെയ്തിരുന്നു.

എവിടെനിന്നാണു് വിസ്തൃതമായ ഗണിതശാസ്ത്രപരിജ്ഞാനവും അത്ഭുതജനകമാംവിധം കൃത്യമായി ഗണിച്ചുണ്ടാക്കിയ പഞ്ചാംഗവും പോളിനേഷ്യക്കാൎക്കു കിട്ടിയതു്? തീൎച്ചയായും ആ വിജ്ഞാനം മലനേഷ്യക്കാരിൽനിന്നോ, മലയാക്കാരിൽ നിന്നോ പടിഞ്ഞാറോട്ടു വന്നതായിരിക്കുകയില്ല. അസ്റ്റക്കു്, മയാ, ഇങ്കാ (Aztec, Maya, Inca) എന്നീ വംശജൎക്കു് തങ്ങളുടെ സംസ്കാരം പകൎന്നുകൊടുത്തവരും അസ്തമിച്ചുപോയ അതിപ്രാചീനവും സംസ്കാരസമ്പന്നവുമായ ഒരു വംശത്തിൽ ജനിച്ചവരും താടിവളൎത്തിയവരുമായ വെള്ളക്കാർ തന്നെയായിരുന്നു, അക്കാലത്തു് യൂറോപ്പിനുപോലും കിടപിടിക്കാനാകാത്തതും സവിശേഷവുമായ ഗണിതവിജ്ഞാനത്തിൻെറയും പഞ്ചാംഗത്തിൻെറയും ഉപജ്ഞാതാക്കൾ.

പെറുവിലെന്നപോലെ പോളിനേഷ്യയിലും കാത്തികനക്ഷത്രസമൂഹം ചക്രവാളസീമയിൽ ഉദിച്ചുയരുന്ന അതേദിവസം ആരംഭിക്കത്തക്കവണ്ണമായിരുന്ന അവരുടെ കലണ്ടർവഷം ഗണിച്ചുണ്ടാക്കിയിരുന്നതു്. മേല്പറഞ്ഞ രണ്ടു സ്ഥലങ്ങളിലും ഈ നക്ഷത്രസമൂഹത്തെയാണു് കൃഷിയുടെ രക്ഷാധികാരിയായി കണക്കാക്കിയിരുന്നതും.

തെക്കേ അമേരിക്കൻ ഭൂഖണ്ഡം ശാന്തസമുദ്രത്തിലേയ്ക്കു ചരിഞ്ഞു കിടക്കുന്ന പെറുവിലെ ഊഷരപ്രദേശത്തു് അതിപ്രാചീനമായ ഒരു വാനനിരീക്ഷണശാലയുടെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണ്മാനുണ്ടു്. കൽപ്രതിമകൾ കൊത്തിയെടുക്കുകയും സൂചീ സ്തംഭങ്ങൾ കെട്ടിയുയത്തുകയും മധുരക്കിഴങ്ങും ചുരക്കയും കൃഷി ചെയ്യുകയും കാത്തികനക്ഷത്രോദയത്തോടുകൂടി തങ്ങളുടെ വഷം ആരംഭിക്കുകയും ചെയ്തു സംസ്കാരസമ്പന്നരായ ആ അത്ഭുതമനുഷ്യരുടെ മാഹാത്മ്യത്തിൻെറ സ്മാരകവും അവശിഷ്ടവുമായിരുന്ന അതു്. ശാന്തസമുദ്രത്തിലൂടെ യാത്ര ചെയ്തപ്പോൾ കോൺടിക്കിക്കു് നക്ഷത്രങ്ങളെപ്പററിയുള്ള പരിജ്ഞാനം ഉണ്ടായിരുന്നു.

ജൂലായ് രണ്ടാംതീയതി രാത്രിയിൽ ചങ്ങാടത്തിലെ പാറാവുകാരനു് നിശാന്തരീക്ഷം നോക്കിക്കൊണ്ടിരിക്കാൻ അവശേഷം സാധിച്ചില്ല. കുറേ ദിവസത്തെ മന്ദമായ വടക്കുകിഴക്കൻ കാററിനുശേഷം ഉഗ്രമായ കാററും ഇളകിമറിയുന്ന അലകളും പ്രത്യക്ഷപ്പെട്ടു. രാത്രി കുറെ ചെന്നപ്പോൾ പാലൊളിപ്രഭ ചൊരിയുന്ന ചന്ദ്രികയും ചങ്ങാടത്തിൻെറ ഗതിക്കനുകൂലമായ മന്ദമാരുതനും ഞങ്ങളെ സ്വാഗതം ചെയ്തു. ചങ്ങാടത്തിനു മു

നിൽ ഒരുവശത്തായി ചെറിയ തടിക്കഷണങ്ങൾ എറിഞ്ഞിട്ടു്, അതു കടന്നുപോകാനെടുക്കുന്ന സെക്കൻറുകൾ കണക്കാക്കി ചങ്ങാടത്തിൻെറ ഗതിവേഗം ഞങ്ങൾ തിട്ടപ്പെടുത്തി. സ്ഥിരമായ ഒരു ഗതിവേഗമാണു് ചങ്ങാടത്തിനുള്ളതെന്നു ഞങ്ങൾക്കു മനസ്സിലായി. ചങ്ങാടത്തിലടിച്ചുകയറുന്ന പ്രവാഹത്തിൽ ഒരു മണിക്കൂറിൽ സാധാരണയായി പന്ത്രണ്ടുമുതൽ പതിനെട്ടുവരെ തടിക്കഷണങ്ങൾ കടന്നുപോകത്തക്ക വേഗത്തിൽ ഞങ്ങളുടെ ചങ്ങാടം മുന്നോട്ടു നീങ്ങിയിരുന്നു. എന്നാലിപ്പോൾ വെറും ആറു തടിക്കഷണങ്ങൾ മണിക്കൂറിൽ കടക്കത്തക്ക വേഗമേ ഉണ്ടായിരുന്നുള്ളു. ഞങ്ങളുടെ പിന്നിലുള്ള നീർചാലിൽ അനുക്രമമായി പ്രകാശവസ്തുക്കൾ (Phosphorescence) കറങ്ങിക്കൊണ്ടിരിക്കുകയും ചെയ്തു.

നാലുപേർ കുടിലിൽ കൂക്കാവലിച്ചു കിടന്നുറങ്ങിക്കൊണ്ടിരുന്നു. ടോർസ്റ്റീൻ മോഴ്സ് കീ (Morse key) പിടിച്ചു് ശബ്ദിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഞാനമരം പിടിക്കുകയായിരുന്നു. അദ്ധരാത്രിക്കല്പം മുമ്പു് ആകപ്പാടെ പ്രതിബന്ധമായ എൻെറ ദർശനപഥത്തിനെതിരെ ചങ്ങാടത്തിനു പിന്നിൽ വന്നടിക്കുന്ന അത്യുന്നതമായ ഒരല ഞാൻ കണ്ടു. അതിനെത്തുടന്നു് അവിടവിടെ പതഞ്ഞുപൊങ്ങി വളരെ അടുത്തടുത്തായി രണ്ടലകൾക്കൂടി ഉരുണ്ടുകയറിവരുന്നതായി കാണപ്പെട്ടു. ഞങ്ങൾ ആ സ്ഥലം കടന്നുപോയില്ലായിരുന്നുവെങ്കിൽ ഞാൻ കണ്ട അല അപകടകരമായ ഒരു കടൽപ്പുററിനു മുകളിൽ അടിച്ചുയന്നതാണെന്നു് ഞങ്ങൾ വിശ്വസിച്ചുപോകുമായിരുന്നു. നീണ്ടുയന്ന ഒരു കോട്ടപോലെ

ചന്ദ്രികയിൽ തിളങ്ങി ഞങ്ങളുടെ ചങ്ങാടത്തിനു പി
ന്നാലെ ഭയങ്കരമായ ആ ആദ്യത്തെ അല ഒടിച്ചുകുത്തി
വന്നപ്പോൾതന്നെ ഞാൻ ഉച്ചത്തിൽ ശബ്ദമുണ്ടാക്കി
കൂട്ടുകാൎക്ക മുന്നറിയിപ്പു നല്കി. എന്നിട്ട് നേരിട്ടുവരു
ന്ന ആ അലയെ നേരിടത്തക്കവണ്ണം ചങ്ങാടത്തെ അല്പ
മൊന്നു തിരിച്ചു.

ആദ്യത്തെ അല ഞങ്ങളുടെ സമീപമെത്തിയ
പ്പോൾ ചങ്ങാടത്തിന്റെ പിൻഭാഗം ഒരുവശം അലയു
ടെ മുകളിൽ ഉയൎന്നു. ആ അല അടിച്ചുചിതറി തിള
ച്ചു ചീറ്റി കടന്നുപോയി. ക്ഷോഭിച്ച സമുദ്രം ചങ്ങാ
ടത്തിനടിയിലൂടെയും, അല ഉരുണ്ടിളകി പതഞ്ഞു് ച
ങ്ങാടത്തിന്റെ ഇരുപാൎശ്വങ്ങളിലൂടെയും മുന്നോട്ടു കുതി
ച്ചപ്പോൾ ഞങ്ങളുടെ ചങ്ങാടം അതിന്മേൽ സവാരിചെ
യ്തു. അല മുന്നിലെത്തിയപ്പോൾ ചങ്ങാടത്തിന്റെ മുൻ
വശം ഉയരുകയും അമരം ഓളപ്പാത്തിയിൽ വീഴുകയും
ചെയ്തു. ഉടനേതന്നെ മറെറാരു നീണ്ടയലയും അടിച്ചു
യൎന്നുവന്നു. അതിൽ ചങ്ങാടം പെട്ടെന്നു് മേല്പോട്ടു പൊ
ങ്ങി. പിന്നിൽനിന്നും വെള്ളമടിച്ചു ഞങ്ങളുടെമേൽ
പതിക്കുകയും ഞങ്ങൾ ചങ്ങാടത്തിന്റെ ഒരുവശത്തേ
യ്ക്കു കുതിച്ചുമാറുകയും ചെയ്തു. തത്ഫലമായി ചങ്ങാ
ടം വശംതിരിഞ്ഞു് ഒരു വലിയ ഓളപ്പാത്തിയിൽ പെ
ട്ടുപോയി. ചങ്ങാടത്തെ പെട്ടെന്നുതന്നെ തിരിക്കാൻ
സാദ്ധ്യമല്ലാതായിത്തീൎന്നു. പ്രകാശിക്കുന്ന ഒരുന്നത പ്രാ
കാരംപോലെ ഉയൎന്നു് ഇളകിപ്പതഞ്ഞു് വന്ന അടുത്ത
തിരമാല ഞങ്ങളെ സമീപിച്ചപ്പോൾ ഭയങ്കരാരവത്തോ
ടെ വളഞ്ഞുകുത്തുവാൻ തുടങ്ങി. അതിൽനിന്നും രക്ഷ
പ്പെടുവാൻ മററു മാൎഗ്ഗമൊന്നും ഇല്ലാതിരുന്നതിനാൽ കു

ടിലിൻെറ മേൽക്കൂരയിൽ ഉന്തിനില്ക്കുന്ന മുളയിൽ ചാടിക്കയറി കഴിയുന്നിടത്തോളം ബലമായി പിടിച്ചുകിടന്നു. ശ്വാസംപെരുക്കിയാണു് ഞാനവിടെ കിടന്നു കഴിച്ചുകൂട്ടിയതു്. ആകാശംമുട്ടുന്ന ഉയരത്തിൽ ചങ്ങാടത്തെ പൊക്കിയെറിഞ്ഞതുപോലെയും ചുററുമുള്ളതെല്ലാം പതഞ്ഞലറുന്ന വെള്ളച്ചുഴികളിൽപെട്ടു കറങ്ങുന്നതുപോലെയും എനിക്കു തോന്നി. പക്ഷേ ഒരു നിമിഷത്തിനുള്ളിൽ ഞങ്ങളും കോൺടിക്കിയും പഴയതുപോലെ വെള്ളത്തിനു മുകളിൽ കിടക്കുന്നതായി ഞാൻ കണ്ടു. മറുവശത്തു് മന്ദമായി അടിച്ച അലയിലൂടെ കോൺടിക്കി വീണ്ടും മുന്നോട്ടുപോകാനും തുടങ്ങി. അലകളുടെ ഉഗ്രത കുറഞ്ഞു. പഴയതുപോലെ അവ ശാന്തമായി. ആ മൂന്നലകളും മത്സരിച്ചു് ഞങ്ങളുടെ മുന്നിൽ കടന്നുപോയി. അപ്പോൾ പിന്നിൽ ചന്ദ്രികയിൽ കുറേ തേങ്ങകൾ വെള്ളത്തിൽ പൊങ്ങിയും താഴ്ന്നും കിടക്കുന്നതു് കാണപ്പെട്ടു.

ഒടുവിൽവന്ന അല കുടിലിനു് ഭയങ്കരമായ ഒരു പ്രഹരമേല്പിച്ചു. അപ്പോൾ വയർലസ്സ് കോർണറിൽ ഇരുന്ന ടോർസ്റ്റീൻ തലകുത്തി വീണുപോയി. കുടിലിനകത്തു സുഖനിദ്രയിൽ ലയിച്ചിരുന്നവർ ആ ശബ്ദംകേട്ടു പെട്ടെന്നു ഞെട്ടിയുണരുകയും ചെയ്തു. ചങ്ങാടത്തടികൾക്കിടയിലൂടെയും ചുവരിലൂടെയും വെള്ളം തള്ളി അകത്തു കയറിയിരുന്നു. ചങ്ങാടത്തിൻെറ അണിയത്തട്ടിലുള്ള മെനഞ്ഞ മുളകൾ തള്ളിത്തുറന്നു് അവിടെ വിടവുകൾ ഉണ്ടായി. വെള്ളത്തിൽ മുങ്ങാൻ ഉപയോഗിച്ചിരുന്ന കുട്ട മുൻവശത്തടിച്ചു് അപ്പംപോലെ പരന്നുപോയി. ഇതുയുമല്ലാതെ പറയത്തക്ക മററു നാശനഷ്ട

ങ്ങളൊന്നുംതന്നെ ഉണ്ടായില്ല. ആ സമുദ്രഭാഗത്തു് തീരെ അസാധാരണമല്ലാതെ സംഭവിക്കുന്ന അടിത്തട്ടിലെ ക്ഷോഭംകൊണ്ടല്ലായിരുന്നു ആ മൂന്നാലകളും ഉണ്ടായതെങ്കിൽ അവ പിന്നെ എങ്ങനെ എവിടെനിന്നുമുണ്ടായി എന്ന സമാധാനം നല്കുവാൻ ഞങ്ങൾക്കു് ഒരിക്കലും സാദ്ധ്യമല്ല.

രണ്ടു ദിവസംകൂടി കഴിഞ്ഞപ്പോൾ ഞങ്ങളുടെ യാത്രയിലെ ഇദംപ്രഥമമായ കൊടുങ്കാററു് ഉണ്ടായി. വാണിജ്യവാതം നിശ്ശേഷം അവസാനിച്ചു. തെക്കുനിന്നും ചക്രവാളത്തിലേക്കുരുണ്ടുകയറിയ നിബിഡമായ കാർമേഘപടലം, ഞങ്ങളുടെ തലയ്ക്കുമുകളിൽ, ആകാശത്തിലേററവും ഉച്ചമായി മാറിക്കൊണ്ടിരുന്നു. പുകപോലെ പരന്നുയരുന്ന ആ കരിങ്കാർനിര വാണിജ്യവാതശ്വേതമേഘങ്ങളെ മറച്ചപ്പോഴാണു് ആ പ്രചണ്ഡവാതം ആരംഭിച്ചതു്. ആ സമയത്തു് കാററിന്റെ ഉഗ്രമായ പ്രവാഹങ്ങൾ ഏററവും അപ്രതീക്ഷിതമായ ദിക്കുകളിൽനിന്നും വന്നതിനാൽ പങ്കായക്കാരനു് ചങ്ങാടത്തെ നിയന്ത്രിക്കുവാൻ തീരെ കഴിയാതെവന്നു. ഉടൻതന്നെ ഞങ്ങൾ അമരം കാററടിക്കുന്ന ദിക്കിനുനേരെ തിരിച്ചു. കാററുപായു് വേണ്ടപോലെ കാററുപിടിച്ചു വീർക്കുകയും ചെയ്തു. പക്ഷേ അതേ വേഗത്തിൽ തന്നെ പെട്ടെന്നു് മറെറാരു ദിക്കിൽനിന്നുമടിച്ച ഭയങ്കരമായ കാററു് കാററുപായു് പിടിച്ചു ഞെരിച്ചു കറക്കുകയും, ഞങ്ങൾക്കും ചങ്ങാടത്തിലെ സാധനങ്ങൾക്കും അപായം വരത്തക്കവിധത്തിൽ ചുഴററി അടിക്കുകയും ചെയ്തു. ആ ദുഷിച്ച കാലാവസ്ഥയുണ്ടായ അതേ ദിക്കിൽനിന്നുതന്നെ ഏറെത്താമസിയാതെ കാററു് നേ

രെയടിക്കുവാൻ തുടങ്ങി. മുമ്പു കണ്ട ആ കറുത്തിരുണ്ട മേഘങ്ങൾ ഞങ്ങളുടെ തലയ്ക്കുമുകളിലൂടെ കടന്നുപോയപ്പോൾ കാററ് ക്രമേണ ഉഗ്രമായി യഥാൎത്ഥ ചണ്ഡവാതമായി രൂപാന്തരപ്പെട്ടു.

വിശ്വസിക്കാൻ വയ്യാത്തത്ര ചുരുങ്ങിയ സമയത്തിനുള്ളിൽ ഞങ്ങളെ ചുററിയ അലകൾ പതിനഞ്ചടി പൊക്കത്തിൽ ഉയൎന്നു. കൂടാതെ ഓളപ്പാത്തിയിൽ നിന്നും ഇരുപതും ഇരുപത്തിയഞ്ചും അടിയുയരത്തിൽ അലത്തലപ്പുകൾ ഉയൎന്നു ചീററുന്നുമുണ്ടായിരുന്നു. ഞങ്ങൾ ഓളപ്പാത്തിയിലായിരുന്നപ്പോൾ ആ അലകൾക്കു് പാമരശിഖരംവരെ പൊക്കമുണ്ടായിരുന്നു. രണ്ടായിട്ടുമടങ്ങിയ അണിയത്തട്ടിൽ ഞങ്ങൾ എല്ലവരും പററിപ്പിടിച്ചുകിടക്കേണ്ടിവന്നു. കാററാണെങ്കിൽ മുളക്കുടിലിനെ ഉലച്ചു്, എല്ലാ സാധനങ്ങളിലും തട്ടി ഫൂത്കാരശബ്ദം പുറപ്പെടുവിച്ചുകൊണ്ടുമിരുന്നു.

വയർലസ്സ്കോർണർ സുരക്ഷിതമാക്കിവെയ്ക്കാൻ കുടിലിന്റെ ചുവരിലും വാതുക്കലും ക്യാൻവാസ് വലിച്ചു് വിരിത്തിട്ടു. അവിടെയുമിവിടെയും കിടന്ന സാധനങ്ങളെല്ലാം ഭദ്രമായി കെട്ടിവെച്ചു. കാററുപായ് അഴിച്ചു് പാമരത്തിൽ ചുററിക്കെട്ടി. സമുദ്രത്തിനുപരി മേഘാവൃതമായ അന്തരീക്ഷം ഇരുണ്ടു ഭയങ്കരമായപ്പോൾ എല്ലായിടത്തും വെൺനുരകപ്പുകളോടുകൂടിയ അലകൾ ഉരുണ്ടുപൊങ്ങിക്കൊണ്ടിരുന്നു. കാററടിക്കുന്ന ഭാഗത്തു് അലകൾക്കപ്പുറം രജതരേഖകൾപോലെ നീണ്ടു നിശ്ചലമായി ഫേനനിർമ്മിതമായ മാൎഗ്ഗങ്ങൾ കിടന്നിരുന്നു. കാളിന്ദീനിറംകോലുന്ന സമുദ്രത്തിൽ തിരമാലകളാഞ്ഞടിച്ചു പതിക്കുന്ന സ്ഥലത്തു് മുറിവുകൾപോലെ പച്ച

നിറമുള്ള ഓളപ്പാത്തികൾ വളരെനേരം പതഞ്ഞുകൊണ്ടിരുന്നു. തിരമാലകളടിക്കുമ്പോൾ അവ പൊട്ടിത്തെറിച്ച് നീർത്തെറിപ്പുകൾ വർഷിക്കപ്പെട്ടു. ഉഷ്ണമേഖലയിലെ മഴ അന്ധപ്രായമായി ജലകണങ്ങളടിച്ചു ഞങ്ങളുടെമേൽ പെയ്യുകയും ഞങ്ങൾക്കുചുററും അദൃശ്യമായി സമുദ്രത്തിന്റെ ഉപരിതലത്തിൽ ഊക്കോടെ പതിക്കുകയും ചെയ്തപ്പോൾ ഞങ്ങളുടെ തലമുടിയിൽ നിന്നും മീശയിൽ നിന്നും ജലകണങ്ങൾ ഒഴുകുവാൻ തുടങ്ങി. ആ ജലകണങ്ങൾക്ക് ഉപ്പുരസമുണ്ടായിരുന്നു. അപ്പോൾ നഗ്നരായി മരവിച്ച് ഞങ്ങൾ ചങ്ങാടത്തട്ടിൽ വഴുതി വീണുപോയി. മുമ്പ് കണ്ട സംരംഭങ്ങളെല്ലാം ഈ കൊടുങ്കാററിന്റെ മുന്നോടിയായിരുന്നു എന്നു ഞങ്ങൾക്കന്നേരമാണു മനസ്സിലായതു്. ആദ്യമായി കൊടുങ്കാററ് ചക്രവാളത്തിലടിച്ചുകയറി ഞങ്ങളെ ചുററി വന്നപ്പോൾ വേദനപ്പെടുത്തുന്ന പ്രതീക്ഷകളും ഉത്കണ്ഠയും ഞങ്ങളുടെ നോട്ടത്തിൽ ദൃശ്യമായിരുന്നു. എന്നാൽ ആ കൊടുങ്കാററു് ഞങ്ങളുടെമേൽ ശക്തിയായി അടിക്കുകയും, എതിരിട്ടുവരുന്ന ഏതിനേയും ക്ലേശമില്ലാതെ ഉത്സാഹത്തോടെയും ലഘുവായും കോൺടിക്കി അഭിമുഖീകരിക്കുകയും ചെയ്തപ്പോൾ കൊടുങ്കാററ് ഞങ്ങളുടെ ഉത്സാഹത്തെ ഉണർത്തുന്ന ഒരു വിനോദമായിത്തീന്നു. ഞങ്ങളെ ചുററിയ പ്രക്ഷുബ്ധമായ പ്രകൃതിയുടെ താണ്ഡവനൃത്തത്തിൽ ഞങ്ങൾ നിർവൃതികൊണ്ടു. സദാ തിരമാലകൾക്കു മുകളിൽ ഒരു കോക്ക് പോലെ ഞങ്ങളുടെ ചങ്ങാടം കിടന്നു. അതിനാൽ ശക്തിയായി അടിച്ചുവരുന്ന ജലപ്രവാഹം എപ്പോഴും ചങ്ങാടത്തിൽ നിന്നും ഏതാനും ഇഞ്ചു താഴെയാണു് കിടന്നതു്. ക

ലാപരമായ വൈദഗ്ദ്ധ്യത്തോടെ എല്ലാ കോളിളക്കങ്ങളേയും ഞങ്ങളുടെ ചങ്ങാടം കീഴടക്കി. അതുപോലെയുള്ള കാലാവസ്ഥയിൽ സമുദ്രവും പവ്വതവും തമ്മിൽ വളരെയധികം സാദൃശ്യമുണ്ടു്. നീലവനത്താൽ ചുററപ്പെട്ടു് വെളുത്തു തുറസ്സായ അത്യുന്നതപവ്വതശിഖരത്തിൽ നില്ക്കുന്നതുപോലെയാണു് നീലജലം നിറഞ്ഞ സമുദ്രമദ്ധ്യത്തിൽ ഫേനധവളിതമായ അലമുകളിൽ കഴിയുന്നതു്. ഞങ്ങഠം ഉഷ്ണമേഖലയുടെ ഒത്ത മദ്ധ്യത്തിലായിരുന്നു എങ്കിലും ഞങ്ങളുടെ ചങ്ങാടം, മൂടൽമഞ്ഞിൻ പുക വ്യാപിച്ചു നീണ്ടുനിവന്നു കിടക്കുന്ന കടലിൽ പൊങ്ങിയും താഴ്ന്നും മുന്നോട്ടു പോയപ്പോഠം, മഞ്ഞുകട്ടയിലും പാറക്കെട്ടിലും കൂടെ ഓടി മലയിറങ്ങുന്നതായിട്ടാണു് ഞങ്ങഠംക്കു് തോന്നിയതു്.

ഇങ്ങനെയുള്ള പരിതഃസ്ഥിതിയിൽ പങ്കായക്കാരൻ സദാ കണ്ണു തുറന്നു് അത്യന്തം ജാഗരൂകനായിരിക്കണം. ഏററവും തൂക്കായ അല ചങ്ങാടത്തിൻെറ അടിയിൽ പകുതിഭാഗം കടന്നപ്പോഠം പിൻഭാഗം വെള്ളത്തിലുയന്നു. പക്ഷെ അരനിമിഷംകൊണ്ടതു വീണ്ടും താണു. വീണ്ടും വന്ന അലയിൽ പിന്നെയും ഉയന്നു. അലകഠം ഒന്നിനെത്തുടന്നു് മറെറാന്നായി മുറയ്ക്കു വന്നുകൊണ്ടിരുന്നതിനാൽ ഏററവും പിന്നാലെയെത്തുന്ന അല ചങ്ങാടത്തിനടുക്കൽ വരുമ്പോഠം മുൻഭാഗം മുന്നോട്ടു കടന്ന അലയിൽ പൊങ്ങിത്തന്നെ കിടന്നു. അപ്പോഠം കട്ടികൂടിയ ഉയന്ന ജലവിതാനം ഇടി മുഴങ്ങുന്നതുപോലെ ഇരമ്പി, പരിഭ്രമം ജനിപ്പിച്ചുകൊണ്ടു് അമരത്തിൽ ഒടിച്ചു കുത്തി വീഴുകയും ചെയ്യും. എന്നാൽ അടുത്ത നിമിഷത്തിൽ അമരം പൊങ്ങുകയും ഫോർക്കി

ൻെറ പല്ലിനിടയിലൂടെയെന്നപോലെ ചങ്ങാടത്തടികളുടെ വിടവിൽക്കൂടി വെള്ളം വാന്നൊലിച്ച് അപ്രത്യക്ഷമാകുകയും ചെയ്യു.

സമുദ്രം സാധാരണ നിലയിൽ ശാന്തമായിരിക്കുമ്പോൾ ഏഴുമിന്നിട്ടിടവിട്ടാണ് ഏററവും വലിയ തിരമാലകൾ അടിച്ചുകൊണ്ടിരുന്നതു്. അപ്പോൾ ഇരുപത്തിനാലു മണിക്കൂറിനിടയ്ക്കു് ഇരുനൂറു ടൺ വെള്ളം ചങ്ങാടത്തിലടിച്ചു കയറും. പക്ഷെ ഞങ്ങളതത്ര ഗൌനിക്കാറില്ല. എന്തെന്നാൽ ആ വെള്ളമത്രയും അമരക്കാരൻെറ നഗ്നമായ പാദങ്ങളെ ചുററി ചങ്ങാടത്തിലൊഴുകിക്കയെറിയിട്ടു് തടികൾക്കിടയിലൂടെ വേഗം ഒലിച്ചു പൊയ്ക്കൊണ്ടുമിരുന്നു. എന്നാൽ ഒരു വലിയ കൊടുങ്കാററടിച്ചാൽ ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ പതിനായിരം ടണ്ണിൽ കൂടുതൽ വെള്ളം ചങ്ങാടത്തിൻെറ പിന്നിൽക്കൂടി അകത്തോട്ടു തള്ളിക്കയറും. ഏതാണ്ടു ഗ്യാലനോ രണ്ടോ മൂന്നോ ഘനഗജമോ അതിൽക്കൂടുതലോ ജലം ഓരോ അയ്യഞ്ചുമിന്നിട്ടിലും ചങ്ങാടത്തിനുള്ളിൽ കുതിച്ചു കയറിക്കൊണ്ടുമിരിക്കും. ചെവി പൊട്ടുംപടി അത്യുച്ചമായ ശബ്ദം മുഴക്കിക്കൊണ്ടായിരിക്കും ചിലപ്പോൾ അലയടിച്ചുവരുന്നതു്. അതിനാൽ അരയററം വെള്ളത്തിൽ നില്ക്കുന്ന അമരക്കാരൻ അതിശീഘ്രം ഒഴുകുന്ന ഒരു നദിയിൽ പ്രവാഹത്തിനെതിരെ തുഴഞ്ഞു പോകുകയാണെന്നു തോന്നിപ്പോകും. ക്ഷണനേരം ചങ്ങാടം വിറച്ചുകൊണ്ടു നില്ക്കുന്നതായി അനുഭവപ്പെടും. എന്നാൽ അമരത്തെ അമത്തിക്കളഞ്ഞ ജലം മുന്നോട്ടൊഞ്ഞു് മറയുകയും ചെയ്യും.

ഹെർമാൻ എപ്പോഴും വായുമാപനികൊണ്ടു് (Anemometer) കാററിൻെറ ഗതിവേഗം അളന്നുകൊണ്ടു് കടിലിനു വെളിയിൽതന്നെ ആയിരിക്കും കഴിയുന്നതു്. ഉഗ്രമായ കാററു് ഇരുപത്തിനാലു മണിക്കൂർ നീണ്ടുനിന്നാൽ അതു ക്രമേണ പരുഷമായി മാറി മഴച്ചാററൽ ഉണ്ടാക്കും. അനുകൂലമായ ആ കാററിൽ ഞങ്ങൾ പടിഞ്ഞാറോട്ടു നീങ്ങിക്കൊണ്ടിരിക്കുമ്പോൾ ഞങ്ങൾക്കു ചുററും ആ കാററു് അലകളെ തിളപ്പിച്ചുകൊണ്ടുമിരുന്നു. അത്യുന്നതമായി അല ഉയരുമ്പോഴും കൃത്യമായ അളവെടുക്കുവാൻ ഹെർമാൻ, കഴിയുമെങ്കിൽ ഉലഞ്ഞാടുന്ന പാമരത്തിനു മുകളിൽ കയറി ഇരിക്കാറുണ്ടു്. അവിടെ മാത്രമേ ഉറച്ചിരുന്നു് അയാൾക്കു തൻെറ ജോലി അഭംഗം ചെയ്യാൻ സാധിച്ചിരുന്നുള്ളു.

കാലാവസ്ഥ സൌമ്യമായിത്തീർന്നാൽ ഞങ്ങളുടെ ചുററുമുള്ള മത്സ്യങ്ങൾ വല്ലാതെ ക്ഷോഭിച്ചിളകിയതുപോലെ കാണപ്പെടും. അപ്പോൾ ചങ്ങാടത്തിനു ചുററും ധാരാളം സ്രാവുകളും കടൽപ്പന്നികളും വന്നുകൊണ്ടിരിക്കും. ചങ്ങാടത്തിനടിയിലും ഞങ്ങളുടെ അടുക്കൽ ഉയരുന്ന അലകളിലും അവ നീന്തിക്കൊണ്ടിരുന്നു. അവ തമ്മിൽ ഒരു ജീവിതമരണസമരംതന്നെ അവിടെ നടക്കുന്നതു് ഞങ്ങൾക്കു കാണാൻ കഴിഞ്ഞിട്ടുണ്ടു്. വലിയ മത്സ്യങ്ങളുടെ പൃഷ്ഠം ജലത്തിനുപരിഭാഗത്തായി വില്ലുപോലെ വളയുകയും, അവ ബാണംപോലെ കുതിച്ചുപായുകയും ചെയ്യും. ഒരു വലിയ മത്സ്യം മററൊരു മത്സ്യക്കൂട്ടത്തെ ആക്രമിക്കുമ്പോൾ ചങ്ങാടത്തിനടുക്കലുള്ള വെള്ളം കൂടെക്കൂടെ രക്തനിറം കലരാറുണ്ടു്. സാധാരണയായി കാനാങ്കത്തിയും കടൽപ്പന്നിയുമായിരി

ക്കം എതിരാളികൾ. കടൽപ്പന്നികൾ ഒരുകൂട്ടമായി പാഞ്ഞെത്തി കൂടുതൽ വേഗത്തിലും കരുതലോടുംകൂടി സഞ്ചരിക്കും. കാനാങ്കത്തിമത്സ്യങ്ങളാണ് ആക്രമണകാരികൾ. പലപ്പോഴും നൂററിയമ്പതു മുതൽ ഇരുനൂറുവരെ പൌണ്ടു തൂക്കമുള്ള വലിയ ഒരു മത്സ്യം വായുവിലേയ്ക്കു കുതിച്ചുചാടുമ്പോൾ അതിൻെറ വായിൽ രക്തമൊലിക്കുന്ന കടൽപ്പന്നിയുടെ തലയുമുണ്ടായിരിക്കും. ഒററതിരിഞ്ഞ കടൽപ്പന്നികൾ, തൊട്ടുപിന്നാലെ പാഞ്ഞെത്തി ആക്രമിക്കുന്ന ടണ്ണി മത്സ്യങ്ങളിൽനിന്നും രക്ഷപ്പെടാൻ അതിദ്രുതം പായുന്നതു കാണാം. പക്ഷേ സംഘംചേന്നു നടക്കുന്ന കടൽപ്പന്നികൾ കഴുത്തിൽ വലിയ മുറിവുകളേററു വട്ടത്തിൽകിടന്നു പുളഞ്ഞാലും തങ്ങളെ പിടികൂടാൻ ശത്രുക്കൾക്കവസരം കൊടുക്കുകയില്ല. ചിലപ്പോൾ സ്രാവുകളും കോപംകൊണ്ടു ഉന്മത്തമാകാറുണ്ടു്. ആ അവസരങ്ങളിൽ അവ ടണ്ണിമത്സ്യങ്ങളെ വേട്ടയാടിപ്പിടിക്കും. ടണ്ണിമത്സ്യങ്ങളുടെ പ്രബലശത്രുവാണു് സ്രാവു്.

സാധുക്കളായ പൈലററ് മത്സ്യങ്ങളെ ഒന്നിനെപ്പോലും അപ്പോൾ ഞങ്ങൾക്കു കാണാൻ കിട്ടിയില്ല. ഒരുപക്ഷേ കോപിച്ച ടണ്ണിമത്സ്യങ്ങൾ അവയെ പിടിച്ചു വിഴുങ്ങിയിരിക്കാം. അല്ലെങ്കിൽ ചങ്ങാടത്തിനടിയിലെ വിടവുകളിലൊ, ആ യുദ്ധരംഗത്തുനിന്നും വളരെ അകലെയൊ അഭയംതേടി പോയിരിക്കാം. ഏതായാലും മുമ്പു് ചെയ്തുകൊണ്ടിരുന്നതുപോലെ തല കീഴ്പ്പോട്ടു കുനിച്ചു് ചങ്ങാടത്തിനടിയിൽ നോക്കാൻ ഞങ്ങൾ ധൈര്യപ്പെട്ടില്ല.

ഒരിക്കൽ ചങ്ങാടത്തിന്റെ പിന്നിലിരുന്ന് മലവിസർജ്ജനം ചെയ്യുമ്പോൾ എന്നെ വല്ലാതെ ഞെട്ടിപ്പിക്കുകയും അസ്വാസ്ഥ്യപ്പെടുത്തുകയും ചെയ്ത ഒരു സംഭവം ഓർത്ത് പിന്നീട് എനിക്ക് ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. അമരത്തിനടുത്തുള്ള മറപ്പുരയിൽ ഇരിക്കുമ്പോൾ വെള്ളത്തിൽ തുടിക്കുന്നതും വെള്ളം ഉയരുന്നതും എല്ലാം ഞങ്ങൾക്ക് കണ്ടും കേട്ടും നല്ല പരിചയമുണ്ടായിരുന്നു. ഒരു സ്രാവിന്റെ തലപോലെ അലയിൽ തലകുലുക്കിക്കൊണ്ട് പിന്നിൽവന്ന തണുത്തതും ഭാരമേറിയതും ആയ ഒരു വലിയ ജന്തുവിൽ നിന്ന് എനിക്ക് അപ്രതീക്ഷിതമായ ഒരു പ്രഹരം കിട്ടി. അത് അന്നുവരെ ഞങ്ങൾക്കുണ്ടായിട്ടുള്ള സകല അനുഭവങ്ങൾക്കും വിരുദ്ധവും യുക്തിക്കു നിരക്കാത്തതുമായിരുന്നു. എന്റെ പൃഷ്ഠത്തിൽ ഒരു സ്രാവു കടിച്ചു തൂങ്ങിക്കിടന്നിരുന്നു എന്നുള്ള ബലമായ ബോധമാണെനിക്കപ്പോൾ ഉണ്ടായത്. സംഭവിച്ചതെന്തെന്ന് പരിശോധിച്ചു ശാന്തനാകുന്നതിനു മുമ്പ് ഞാൻ വേഗത്തിൽതന്നെ പാമരത്തിന്റെ അടുക്കലേക്ക് ഓടി. പങ്കായം പിടിച്ചുകൊണ്ടിരുന്ന ഹെർമാൻ ഇതുകണ്ട് ഉച്ചത്തിൽ ചിരിച്ചു. വലിയ ഒരു ടണ്ണിമത്സ്യമോ മറേറതെങ്കിലും കടൽ മത്സ്യമോ, തൂററിയരുപതു പൌണ്ടു ഭാരം വരുന്ന അതിന്റെ ശരീരത്തിന്റെ പാർശ്വഭാഗം എന്റെ നഗ്നമായ പൃഷ്ഠത്തിലടിച്ചതാണെന്ന് ഹെർമാൻ എന്നെ അറിയിച്ചു. പിന്നീട് ഹെർമാനും ടോർസ്റ്റീനും അമരത്തിരിക്കുമ്പോൾ ആ മത്സ്യം ചങ്ങാടത്തിന്റെ പിന്നിൽ വന്നടിച്ച് അലകളിലൂടെ അകത്തു ചാടിവീഴാൻ ശ്രമിച്ചിട്ടുണ്ട്. രണ്ടു പ്രാവശ്യം അതു് ചങ്ങാടത്തിന്റെ അരികിൽ വന്നു വീ

ഴ്കയും ചെയ്തു. വഴവഴപ്പുള്ള അതിൻെറ ശരീരത്തിൽ ഞങ്ങൾക്ക പിടിക്കാൻ കഴിയുന്നതിന മുമ്പ് അതു തെററി വെള്ളത്തിൽതന്നെ വീണു.

അതിനുശേഷം ഒരലയിൽ പൊങ്ങിയ ഒരു ബോണിട്ടോ മത്സ്യം അമ്പരന്നു ചങ്ങാടത്തിനകത്തു വന്നുകയറി. തലേദിവസം ഞങ്ങൾ ഒരു ടണ്ണിമത്സ്യത്തെ പിടിച്ചു. ഞങ്ങളെ ചുററി സഞ്ചരിച്ചുകൊണ്ടിരുന്ന ചോരക്കൊഴപ്പുള്ള വലിയ മത്സ്യങ്ങളെ പിടിച്ചിണക്കാൻ തന്നെ ഞങ്ങൾ നിശ്ചയിച്ചു.

ഞങ്ങളുടെ ഡയറിക്കുറിപ്പിങ്ങനെ പോകുന്നു.

"ആദ്യം ആറടി നീളമുള്ള ഒരു സ്രാവിനെ പിടിച്ച് ഞങ്ങൾ ചങ്ങാടത്തിലിട്ടു. ചൂണ്ട വെള്ളത്തിലിട്ടയുടനെ എട്ടടി നീളമുള്ള ഒരു സ്രാവ് അതു കൊത്തി വിഴുങ്ങി. ഞങ്ങളതിനേയും പിടിച്ചെടുത്തു. വീണ്ടും ചൂണ്ടയിട്ടു് എട്ടടി നീളംവരുന്ന ഒരു പുതിയതരം സ്രാവിനെ പിടിച്ചു് ചങ്ങാടത്തിലേക്ക കയററിയപ്പോൾ അതു പിടിവിട്ടു് വെള്ളത്തിൽ താണുമറഞ്ഞു. ഒട്ടും താമസിയാതെ ഞങ്ങൾ ചൂണ്ട വെള്ളത്തിൽ ഇട്ടു. അപ്പോൾ എട്ടടി നീളമുള്ള മറെറാരു സ്രാവ് അതിൽ കുടുങ്ങി. ഞങ്ങളും ആ സ്രാവും തമ്മിൽ ഒരു ഭയങ്കര മൽപിടിത്തംതന്നെ നടന്നു. ഒരുകണക്കിൽ ഞങ്ങളതിനെ വലിച്ചു് അതിൻെറ തല ചങ്ങാടത്തിനകത്തേയ്ക്കു കൊണ്ടുവന്നപ്പോൾ ഉരുക്കുകൊണ്ടുണ്ടാക്കിയ നാലു ചൂണ്ടച്ചരടുകളും പൊട്ടിച്ചു് അതു് അഗാധതലത്തിലേക്ക താണു. പുതിയ ഒരു ചൂണ്ട എടുത്തു് ഞങ്ങൾ പിന്നെയും വെള്ളത്തിലിട്ടു് ഏഴടി നീളമുള്ള ഒരു സ്രാവിനെ കൈക്കലാക്കി. പിന്നിൽ വഴവഴപ്പുള്ള തടികളിൽ

സ്രാവിനേയും പിടിച്ചുകൊണ്ടിങ്ങനെ നില്ക്കുന്നതപകട കരമായിരുന്നു. ചാവുന്നതിന്നു മുമ്പ് വളരെയധികം ശക്തിയായി അവ കിടന്നു പിടയ്ക്കും. ചങ്ങാടത്തിൽ കിടന്ന മൂന്നു മത്സ്യങ്ങളും തല മേല്പോട്ടെറിഞ്ഞു് പിട ച്ചുകൊണ്ടു് കിടക്കുകയായിരുന്നു. ഞങ്ങളവയുടെ വാ ലിൽ പിടിച്ചു് ചങ്ങാടത്തട്ടിൽ കൊണ്ടുചെന്നിട്ടു. അ ധികം താമസിയാതെ ഞങ്ങൾ ഒരു ടണ്ണിമത്സ്യത്തെ പിടിച്ചു. ഒരു സ്രാവിനെ പിടിച്ചെടുക്കുന്നതിൽ കൂടു തൽ അതിനെ കൈക്കലാക്കുവാൻ ഞങ്ങൾക്കു് ആയാ സപ്പെടേണ്ടിവന്നു. ആ ടണ്ണിമത്സ്യം അത്രമാത്രം തടി ച്ചുകൊഴുത്തതും ഭാരമുള്ളതുമായിരുന്നതിനാൽ ഞങ്ങൾ ക്കാർക്കും തന്നെ അതിൻെറ വാലിൽപിടിച്ചു പൊക്കാൻ കഴിഞ്ഞില്ല.

അലകളിലെവിടെയും അസംഖ്യം മത്സ്യങ്ങളുടെ മുതുകു് കാണാമായിരുന്നു. മറെറാരു സ്രാവിനെ ചൂണ്ട യിട്ടു പിടിച്ചു എങ്കിലും ഞങ്ങളതിനെ ചങ്ങാടത്തിലേ ക്കു വലിച്ചെടുത്തപ്പോൾ പിടിവിട്ടു് അതു കടന്നുകളഞ്ഞു. ഉടൻതന്നെ ആറടി നീളംവരുന്ന മറെറാരു സ്രാവിനെ നിഷ്പ്രയാസം ഞങ്ങൾ പിടിച്ചു് ചങ്ങാടത്തിനകത്താക്കി. അതിനെ തുടന്നു് ആറടിയും ഏഴടിയും വീതം നീളമു ള്ള രണ്ടു സ്രാവുകളെക്കൂടെ ഞങ്ങൾക്കു പിടിക്കുവാൻ കഴിഞ്ഞു."

ചങ്ങാടത്തട്ടിലെവിടെ നോക്കിയാലും സ്രാവുകൾ കിടന്നു പിടക്കുന്നതേ കാണാനുണ്ടായിരുന്നുള്ളു. അവ വാലെടുത്തു പിടിച്ചു് ശക്തിയായി ചിലപ്പോൾ ചങ്ങാ ടത്തട്ടിലടിക്കും. ചിലപ്പോൾ ശക്തിയായി പിടഞ്ഞു്

ഉരുളുമ്പോൾ കുടിലിനെ അവ ഉലയ്ക്കും. കൊടുങ്കാററു കഴിഞ്ഞപ്പോൾ ഞങ്ങൾ ശാരീരികമായി വളരെ തളർന്നിരുന്നു. അതിനാൽ അതിനുശേഷം മത്സ്യം പിടിക്കാൻ തുടങ്ങിയപ്പോൾ ചങ്ങാടത്തിൽ കിടക്കുന്ന സ്രാവുകളിൽ ഏതാണു ചത്തതെന്നോ, കിടന്നു പിടയുന്നതേതെന്നോ, പച്ചപ്പല്ലിളിച്ച് ഞങ്ങളെ കടിച്ചുകീറാൻ തക്കംനോക്കി കിടക്കുന്നത് ഏതെന്നോ അടുത്തു ചെന്നാലും ഞങ്ങൾക്കറിയാൻ കഴിഞ്ഞില്ല.

ചങ്ങാടത്തിൽ ഞങ്ങൾക്കു ചുററുമായി ഒമ്പതു സ്രാവുകൾ കിടപ്പുണ്ടായിരുന്നു. ഭാരമേറിയ കയറുകൾ പിടിച്ചു വലിച്ചും കീഴ്പ്പെടാത്ത സ്രാവുകളുമായി മൽപിടിച്ചും നല്ലവണ്ണം തളർന്നുകഴിഞ്ഞ ഞങ്ങൾ അഞ്ചു മണിക്കൂർനേരത്തെ അവിശ്രമമായ ജോലിക്കുശേഷം മത്സ്യംപിടിക്കുന്നത് മതിയാക്കി.

അടുത്ത ദിവസം കടൽപ്പന്നികളും ടുണ്ണിമത്സ്യങ്ങളും കുറവായിരുന്നു. എന്നാൽ സ്രാവുകളുടെ എണ്ണത്തിന് ഒരു കുറവുമില്ലായിരുന്നു. ഞങ്ങൾ അവയെപ്പിടിച്ചു ചങ്ങാടത്തിലിടാൻ ആരംഭിച്ചു. എന്നാൽ ചങ്ങാടത്തിൽനിന്നും വെളിയിലേയ്ക്കൊഴുകിയ സ്രാവുകളുടെ പുതുരക്തം വളരെ കൂടുതൽ സ്രാവുകളെ ആകർഷിച്ചു എന്നു ഞങ്ങൾ മനസ്സിലാക്കിയപ്പോൾ സ്രാവിനെ പിടിക്കേണ്ടാ എന്നുതന്നെ ഞങ്ങൾ നിശ്ചയിച്ചു. ചത്ത സ്രാവുകളെയെല്ലാം വെള്ളത്തിൽ എറിഞ്ഞുകളഞ്ഞിട്ട് ഞങ്ങൾ ചങ്ങാടത്തട്ടിലുള്ള രക്തം മുഴുവൻ കഴുകിക്കളഞ്ഞു. പാമരമുളകൾ സ്രാവുകളുടെ പല്ലുകൊണ്ടും പരുപരുത്ത തോലുകൊണ്ടും ചതഞ്ഞു കീറി. കൂടുതൽ ര

ക്കംപൂരണ്ടതും ചതഞ്ഞു കീറിയതുമായ മുളകൾ കട ലിലെറിഞ്ഞിട്ടു് പകരം മഞ്ഞമുളകൾ ഞങ്ങൾ പാമര ത്തിനുപയോഗിച്ചു. മുളകൾ പല പാളികൾ ഒന്നിച്ചു മെടഞ്ഞു് അണിയത്തട്ടിലുറപ്പിച്ചുകെട്ടുകയും ചെയ്തു.

കഴിഞ്ഞ സായാഹ്നവേളകളെക്കുറിച്ചുള്ള സ്മരണ കൾ ഞങ്ങളുടെ മനസ്സിലൂടെ കടന്നുപോയപ്പോൾ അ ത്യാർത്തിമുഴുത്ത സ്രാവുകളുടെ പിളന്ന വായും അതിന്റെ രക്തവും ഞങ്ങൾ അവിടെ ദശിച്ചു. സ്രാവിൻെറ മാം സത്തിൻെറ മണവും ഞങ്ങളുടെ മൂക്കിൽ തുളച്ചുകയറി. ഞങ്ങൾ സ്രാവിനെ തിന്നിട്ടുണ്ടു്. ഇരുപത്തിനാലു മ ണിക്കൂർ സമയം വെള്ളത്തിലിട്ടുലച്ചു് അവയുടെ മാംസ ത്തിൽനിന്നും അമ്മോണിയ കളഞ്ഞാൽ ഒരുതരം കോ ഡുമത്സ്യത്തിന്റെ സ്വാദാണു മാംസത്തിനുള്ളതു്. ബോ ണിട്ടോ മത്സ്യങ്ങളും ടണ്ണിമത്സ്യങ്ങളും സ്രാവിനേക്കാൾ രുചികരങ്ങളായിരുന്നു.

“തെങ്ങിൻതോപ്പുകൾ നിറഞ്ഞ ഒരു ദ്വീപിൽ പച്ചപ്പുൽത്തകിടിയിൽ മലന്നടിച്ചു നീണ്ടുനിവന്നു കി ടക്കാൻകഴിയുന്നതു് ആനന്ദകരമാണു്; തണുത്ത മത്സ്യ ങ്ങളും അലറുന്ന അലകളുമല്ലാതെ എന്തെങ്കിലും കാ ണാൻകഴിയുന്നതു് സന്തോഷപ്രദമാണു്.” എന്നു് ഞ ങ്ങളിൽ ഒരാൾ അനാദ്യമായി ആ സായാഹ്നത്തിൽ പറയുന്നതു ഞാൻ കേട്ടു.

വീണ്ടും കാലാവസ്ഥ വളരെ ശാന്തമായിത്തീന്നു. എന്നാൽ അതു തുടച്ചയായി നിന്നില്ല. അവ്യവസ്ഥി തമായിരുന്നതിനാൽ ഞങ്ങൾക്കാ ശാന്തതയെ വിശ്വ സിക്കാൻ കഴിഞ്ഞില്ല. അചിന്ത്യമായ ശക്തിയോടു

ക്രൂടി കാററു് ഇടക്കിടയ്ക്കൂടിച്ചു് മഴപെയ്യിച്ചുകൊണ്ടിരു ന്നു. ഞങ്ങളുടെ കയ്യിലുണ്ടായിരുന്ന വെള്ളം ഒട്ടുമുക്കാൽ പങ്കും ദുഷിച്ചു് ചതുപ്പുനിലത്തിലെ വെള്ളത്തിൻെറ ദുർഗ്ഗന്ധമുള്ളതായിത്തീൎന്നിരുന്നു. അതിനാൽ ആ കാ ററും മഴയും ഞങ്ങളെ സംബന്ധിച്ചിടത്തോളം ആ സ ന്ദർഭത്തിൽ ഒരനുഗ്രഹമായിരുന്നു. മഴ ശക്തിയായി പെയ്തപ്പോഠം കുടിലിൻെറ മേൽക്കൂരയിൽനിന്നു് ഞ ങ്ങഠം വെള്ളം സംഭരിച്ചു. ചങ്ങാടത്തട്ടിൽ നഗ്നരായി നിന്നു് ശുദ്ധജലംകൊണ്ടു് ശരീരത്തിൽ പററിപ്പിടിച്ചി രിക്കുന്ന ഉപ്പുരസം കഴുകിക്കളയുകയും ചെയ്തു.

പൈലററ് മത്സ്യങ്ങഠം പൂൎവ്വസ്ഥാനങ്ങളിൽ എ ല്ലാം നീന്തിക്കൊണ്ടിരുന്നു. അവ പോയിട്ടു മടങ്ങിവ ന്നവയൊ, അതോ, മത്സ്യങ്ങളുടെ സംഘട്ടനസമയത്തു് പുതുതായി വന്നുചേൎന്നവയൊ എന്നു് ഞങ്ങഠംക്കു് നി ശ്ചയമില്ലായിരുന്നു.

ജൂലായ് ഇരുപത്തിഒന്നാംതീയതി കാററു് വീ ണ്ടും പെട്ടെന്നു് ശാന്തമായി. അതു തീരെ നിശ്ചലമാ യിരുന്നു. അതേസമയം ദുസ്സഹവുമായിരുന്നു. കഴിഞ്ഞ അനുഭവങ്ങളിൽനിന്നും ഈ ശാന്തതയുടെ അൎത്ഥം; അ ഥവാ എന്താണു് അടുത്തു സംഭവിക്കാൻ പോകുന്നതെ ന്നു് ഞങ്ങഠംക്കറിയാമായിരുന്നു. ഏതാനും തവണ കി ഴക്കുനിന്നും പടിഞ്ഞാറുനിന്നും, പിന്നെ തെക്കുനിന്നും കാ ററടിച്ചതിനുശേഷം വീണ്ടും തെക്കുനിന്നും പുതിയ രീ തിയിൽ കാററടിക്കാൻ തുടങ്ങി. തെക്കേ ചക്രവാള ത്തിൽ കറുത്തിരുണ്ട ഭയാനകമായ മേഘപടലങ്ങഠം ക്ര മേണ കുത്തിക്കയറിക്കൊണ്ടിരുന്നു. ഹെർമാൻ അയാളു

ടെ വായുമാപനിയുമായി ആ സമയമത്രയും കുടിലിനു വെളിയിലെവിടെയോ ആയിരുന്നു. ഒരു സെക്കൻററിൽ അമ്പതും അതിൽ കൂടുതലും അടി വേഗം അയാരം അളന്നു. അപ്പോരം ടോർസ്റ്റീൻെറ കിടക്കസ്സഞ്ചി പെട്ടെന്നു് കടലിൽ വീണുപോയി. പിന്നെയുണ്ടായ കാര്യങ്ങളെല്ലാം വളരെ വേഗം കഴിഞ്ഞു.

കിടക്കസ്സഞ്ചി കടലിലേയ്ക്കു വീണപ്പോരം അതെടുക്കാൻ ഹെർമാൻ ശ്രമിച്ചു. ഒന്നും ചിന്തിക്കാതെ വേഗം മുന്നോട്ടു കുതിച്ച അയാരം പെട്ടെന്നു വെള്ളത്തിൽ വീണുപോയി. സഹായമഭ്യർത്ഥിച്ചുകൊണ്ടു് അവ്യക്തമായ ഒരു വിളി തിരമാലകളുടെ മുഴക്കത്തിൽ ഞങ്ങരം കേട്ടു. അയാളുടെ തലയും വെള്ളത്തിനുമീതെ ഉയർത്തി വീശിയ കയ്യും അടുക്കൽ പച്ചനിറത്തിൽ അവ്യക്തമായി വട്ടംചുററുന്ന ഏതോ സാധനവും ഞങ്ങരം കണ്ടു. ചങ്ങാടത്തിൻെറ ഇടതു ഭാഗത്തു് അലകരം ഹെർമാനെ ഉയർത്തി. ആ അലകളിലൂടെ നീന്തി ചങ്ങാടത്തിലെത്താൻ അയാരം കിണഞ്ഞു ശ്രമിച്ചു. പിന്നിൽ പങ്കായം പിടിച്ചുകൊണ്ടിരുന്ന ടോർസ്റ്റീനും മുന്നിൽനിന്ന ഞാനും ആയിരുന്നു ആദ്യം ഹെർമാനെ കണ്ടതു്. ഭയം കൊണ്ടു് ഞങ്ങരം മരവിച്ചുപോയി എന്നുതന്നെ പറയാം. "ആരം നടുക്കടലിൽ" എന്നു് ഏററവുമുച്ചത്തിൽ ശബ്ദിച്ചുകൊണ്ടു് അയാളെ രക്ഷിക്കാനുതകുന്ന ഏതെങ്കിലും സാധനമടുക്കലുള്ളതന്വേഷിക്കാൻ പാഞ്ഞു. മററുള്ളവർ അലകളുടെ ഗർജ്ജനം കൊണ്ടു് ഹെർമാൻെറ വിളി കേരക്കുകപോലുമുണ്ടായില്ല. എന്നാൽ ഒരു നിമിഷത്തിനുള്ളിൽ എല്ലാവരും ചങ്ങാടത്തട്ടിൽ എത്തി

പരിഭ്രാന്തരായി ബഹളമുണ്ടാക്കി. ഹെർമാൻ ഒന്നാംതരം ഒരു നീന്തൽ വിദഗ്ദ്ധനായിരുന്നു. ഹെർമാൻെറ ജീവിതം അപകടത്തിലായി എന്നു ഞങ്ങൾ മനസ്സിലാക്കിയെങ്കിലും, രക്ഷപെടാനുള്ള സമയം കഴിയുന്നതിനുമുമ്പ് തത്തിപ്പിടിച്ചു നീങ്ങി ചങ്ങാടത്തിലെത്തുമെന്ന് ഏതാണ്ട് ശുഭോദർക്കമായ നേരിയ ആശയും ഞങ്ങൾക്കുണ്ടായിരുന്നു. ലൈഫ്ബോട്ടായി ഉപയോഗിച്ചിരുന്ന കയറു ചുററിയ മുളങ്കമ്പ് ടോർസ്റ്റീൻെറ അടുക്കലായിരുന്നതുകൊണ്ടയാൾ അതു വേഗം കയ്യിലാക്കി. ഞങ്ങളുടെ യാത്രയിൽ ആ ഒരു പ്രാവശ്യം മാത്രമേ അതുപയോഗിക്കേണ്ട ആവശ്യം നേരിട്ടുള്ളു. എല്ലാം നിമിഷമാത്രയിൽ കഴിഞ്ഞു. ചങ്ങാടത്തിൻെറ അമരത്തിനോടൊത്ത പൊക്കത്തിൽ പിന്നിൽ ഏതാനുംവാരയകലെയായിരുന്നു അപ്പോൾ ഹെർമാൻ കിടന്നിരുന്നതു്. എങ്ങനെയെങ്കിലും നീന്തി മുന്നോട്ടു വന്ന് പങ്കായത്തിൽ പിടിച്ചു തൂങ്ങിക്കിടക്കണമെന്നുള്ളതായിരുന്നു അയാളുടെ അവസാനത്തെ പ്രതീക്ഷ. ചങ്ങാടത്തടികളിൽ പിടിമുറുകാതെ വന്നപ്പോൾ പങ്കായപ്പത്തിയിൽ പിടിക്കാൻ ഹെർമാൻ കൈ നീട്ടി. എന്നാൽ അതു് അയാളുടെ കയ്യിൽനിന്നും വഴുതിപ്പോയി. അങ്ങനെ ചങ്ങാടത്തെ വിട്ടകന്ന് ഞങ്ങളുടെ പിന്നിൽ ഹെർമാൻ നിസ്സഹായനായി കിടന്നു. അത്രയും പിന്നിൽക്കിടക്കുന്ന ഒന്നുംതന്നെ പിടിച്ചെടുക്കാൻ സാധിക്കുകയില്ലെന്ന് അനുഭവം ഞങ്ങളെ പഠിപ്പിച്ചിരുന്നു. ഞാനും ബങ്ങ്ററും റബ്ബർ ബോട്ടിറക്കിയപ്പോൾ നട്ടും എറിക്കുംകൂടി ലൈഫ്ബെൽററ് എറിഞ്ഞു കൊടുത്തു. നീണ്ട ഒരു കയർ കെട്ടി അ

ടിയന്തിര സന്ദർഭങ്ങളിൽ ഉപയോഗിക്കാൻവേണ്ടി അതു് കുടിലിന്റെ മേൽക്കൂരയിലൊരു മൂലയിൽ വെച്ചിരിക്കുകയായിരുന്നു. എന്നാൽ മുന്നോട്ടടിക്കുന്ന കാററിന്റെ വല്ലാത്ത ശക്തികൊണ്ടു് ആ ലൈഫ്ബെൽററ് ചങ്ങാടത്തോട്ട് കൂടുതൽ അടുത്തുകൊണ്ടിരുന്നതേയുള്ളു. വീണ്ടും വീണ്ടും ഞങ്ങൾ അതു പിടിച്ചെടുത്തു് എറിഞ്ഞുകൊടുത്തു. പക്ഷേ യാതൊരു ഫലവും ഉണ്ടായില്ല. ഹെർമാൻ പങ്കായച്ചുവട്ടിൽനിന്നും ഇതിനകം വളരെ അകന്നു കഴിഞ്ഞിരുന്നു. കാററു് ഉഗ്രമായി ഓരോ പ്രാവശ്യവും അടിച്ചപ്പോൾ അയാളും ചങ്ങാടവും തമ്മിലുള്ള അകലം വർദ്ധിച്ചുകൊണ്ടും ഇരുന്നു. എത്ര തുഴഞ്ഞാലും താൻ ചങ്ങാടത്തിൽനിന്നും കൂടുതൽ അകലുകയേ ഉള്ളു എന്നു് ഹെർമാന് പൂർണ്ണബോദ്ധ്യമായി. വെള്ളത്തിൽ കിടക്കുന്ന റബ്ബർ ബോട്ടു് അയാൾ ആശയോടെ ഉററുനോക്കിക്കൊണ്ടിരുന്നു. റബ്ബർ ബോട്ടിനെ ചങ്ങാടവുമായി ബന്ധിച്ചിരുന്ന കയർ ഒരു തടസ്സമായി തീർന്നു. ആ കയറില്ലായിരുന്നുവെങ്കിൽ ആ റബ്ബർ ബോട്ടു് നീന്തുന്നയാളിന്റെ അടുക്കൽ ഒരുപക്ഷേ, എങ്ങനെയും എത്തിക്കാമായിരുന്നു. എന്നാൽ ആ റബ്ബർ ബോട്ടു് എപ്പോഴെങ്കിലും കോൺടിക്കിയുടെ അടുക്കൽ എത്തുമോ എന്നുള്ളതു് മറെറാരു പ്രശ്നമായിരുന്നു. മൂന്നുപേർ റബ്ബർ ബോട്ടിലുണ്ടെങ്കിൽ എങ്ങനെയും രക്ഷപെടാമെന്നു് അല്പമായ ആശയെങ്കിലും ഉണ്ടു്. എന്നാൽ നടുക്കടലിൽ തനിച്ചകപ്പെടുന്ന ഒരാളെ സംബന്ധിച്ചു് യാതൊരാശയുമില്ലതന്നെ.

അങ്ങനെയിരിക്കുമ്പോൾ നട്ടു് മുന്നോട്ടു നീങ്ങി

തലകുത്തി സമുദ്രത്തിലേയ്ക്കു ചാടുന്നതു ഞങ്ങൾ കണ്ടു. ഒരുകയ്യിൽ ലൈഫ്ബെൽററും പിടിച്ചുകൊണ്ടു് നട്ട് ഫെർമാൻെറ അടുക്കലേയ്ക്കു നീന്തിത്തുടങ്ങി. ഫെർമാൻെറ തല അലയ്ക്കു മുകളിൽ കാണുന്ന ഓരോ തവണയും നട്ടിനെ കാണുകയില്ല. അതുപോലെതന്നെ നട്ടിൻെറ തല അലയ്ക്കു മുകളിൽ കാണുന്ന ഓരോ പ്രാവശ്യവും ഫെർമാനെയും കാണ്മാൻ സാധിക്കുകയില്ല. പക്ഷേ താമസിയാതെ ഞങ്ങൾ അവർ രണ്ടുപേരുടേയും തല ഒരുമിച്ചു് ഒരിടത്തു കണ്ടു. രണ്ടുപേരും പരസ്പരം നീന്തിയടുത്തു് ലൈഫ്ബെൽററിൽ പിടിച്ചു തൂങ്ങിക്കിടന്നു. ഉടൻ നട്ട് തൻെറ കയ്യുയർത്തി വീശി ഞങ്ങൾക്കു നിർദ്ദേശം നല്കി. അതിനിടയിൽ ഞങ്ങൾ റബ്ബർ ബോട്ടു പിടിച്ചു് ചങ്ങാടത്തിൽതന്നെ വെച്ചു. ഞങ്ങളുടെ ആ രണ്ടു് ആത്മമിത്രങ്ങളുടേയും വിലയേറിയ ജീവൻ രക്ഷപ്പെടുത്തുവാൻ ഞങ്ങൾ നാലുപേരും ഒരുമിച്ചു് ലൈഫ്ബെൽററിൻെറ ചരടു പിടിച്ചു് ബലമായി ചങ്ങാടത്തിലേയ്ക്കു വലിച്ചു. അവരുടെ പിന്നിൽ കാണപ്പെട്ട കറുത്തിരുണ്ട ആ വലിയ സാധനത്തിൽ ദൃഷ്ടി ഉറപ്പിച്ചുകൊണ്ടാണു് ഞങ്ങൾ കയറു പിടിച്ചു വലിച്ചുകൊണ്ടിരുന്നതു്. ആ അത്ഭുതജന്തു കറുപ്പും പച്ചയും കലർന്നു് ത്രികോണാകൃതിയിലുള്ള ഒരു സാധനം തിരമാലകൾക്കു മുകളിലേയ്ക്കു തള്ളിക്കൊണ്ടിരുന്നു. ഫെർമാൻെറ അടുക്കലേയ്ക്കു നീന്തുമ്പോൾ അതു നട്ടിനെ ഒന്നു ഭയപ്പെടുത്തിയിരുന്നു. അതു് സ്രാവോ മററു കടൽജന്തുക്കളോ അല്ലായിരുന്നു എന്നു് ഫെർമാൻമാത്രമേ അറിഞ്ഞിരുന്നുള്ളു. വെള്ളം കേറാതെ കാററു നിറച്ച

ടോർസ്റ്റീൻെറ കിടക്കസെഞ്ചിയുടെ ഒരു ഭാഗമായിരുന്നു അതു്. അവരെ രണ്ടുപേരെയും അപായം ഒന്നും കൂടാതെ ചങ്ങാടത്തിനകത്തു കയററിയശേഷം ഞങ്ങൾ അധികസമയമൊന്നും ആ കിടക്കസെഞ്ചി വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതായി കണ്ടില്ല. ആ കിടക്കസെഞ്ചി സമുദ്രത്തിൻെറ അഗാധതലത്തിലേയ്ക്കു വലിച്ചുകൊണ്ടുപോയ ജലജന്തു ഏതായിരുന്നാലും ശരി, അതിനു് കുറേക്കൂടി നല്ല ഇര നഷ്ടപ്പെട്ടുകയാണു ചെയ്തതു്.

“ഞാനതിയായി സന്തോഷിക്കുന്നു” എന്നുപറഞ്ഞുകൊണ്ടു് ടോർസ്റ്റീൻ തല്ക്കാലം ഉപേക്ഷിച്ചിരുന്ന പങ്കായത്തിൽ പിടിച്ചു.

ആ സായാഹ്നത്തിൽ ആഹ്ലാദകരമായ മററു നേരംപോക്കൊന്നുംതന്നെ ഉണ്ടായിരുന്നില്ല. കുറച്ചുകഴിഞ്ഞപ്പോൾ ശരീരംമുഴുവൻ എല്ലിലും ഞരമ്പിലുംകൂടി വ്യാപിച്ചു് അതിദുസ്സഹമായ തണുപ്പു് കുറച്ചുനേരത്തേയ്ക്കു് ഞങ്ങൾക്കനുഭവപ്പെട്ടു. ഞങ്ങൾ ആറുപേരും ജീവനോടെ വീണ്ടും ചങ്ങാടത്തിൽ കഴിയുന്നു എന്നുള്ള ആശ്വാസകരമായ ആഹ്ലാദം അസഹ്യമായ ആ തണുപ്പിനേയും വിറയലിനേയും മധുരീകരിച്ചു.

ഞങ്ങൾക്കന്നു് വളരെയധികം നല്ല കാര്യങ്ങൾ പരസ്പരം പറയാനുണ്ടായിരുന്നു.

എന്നാൽ എന്താണു സംഭവിച്ചതു് എന്നുള്ളതിനേപ്പററി ചിന്തിക്കാൻ ഞങ്ങൾക്കു വളരെ അധികം സമയമൊന്നും കിട്ടിയില്ല. എന്തെന്നാൽ, ഞങ്ങളുടെ തലയ്ക്കു മുകളിൽ ആകാശം ഇരുളുകയും, കാററിൻെറ ഉഗ്രത കൂട്ടുകയും രാത്രിയാകുന്നതിനു മുമ്പുതന്നെ വലിയ ഒരു

കൊട്ടങ്കാററു് ആരംഭിക്കുകയും ചെയ്തു. ഒടുവിൽ ഒരു നീണ്ട കയറിൽ ബന്ധിച്ചു് ലൈഫ്ബൽററ് ചങ്ങാടത്തിനു പിന്നിൽ കെട്ടിയിട്ടു. തന്മൂലം, കാററിൽപെട്ടു് ഞങ്ങളിലാരെങ്കിലും വെള്ളത്തിൽ വീണുപോയാൽ പിടിച്ചു രക്ഷപെടാൻ പങ്കായത്തിനു പിന്നിൽ ലൈഫ് ബൽററ് ഉണ്ടായിരിക്കുമല്ലോ. രാത്രിയായി. നിബിഡമായ അന്ധകാരം കരുത്തിരുന്നു് ഞങ്ങളുടെ ചങ്ങാടത്തേയും സമുദ്രത്തേയും ആവരണംചെയ്തു. ഇരുട്ടു് അങ്ങനെ സൎവ്വവും വിഴുങ്ങിനില്ക്കുമ്പോൾ ചങ്ങാടം മേല്പോട്ടും കീഴ്പ്പോട്ടും കുതിച്ചുചാടിക്കൊണ്ടിരുന്നു. പാമരത്തിലും പാമരക്കയറിലും കൊട്ടങ്കാററടിക്കുന്ന ശബ്ദം ഞങ്ങൾക്കു് കേൾക്കാമായിരുന്നു. ഇളകുന്ന കുടിലിൽ തകൎക്കുന്ന ശക്തിയോടെ കാററടിച്ചു. അതിനാൽ കാററിൽ പറന്നു് കുടിൽ കടലിൽ വീഴുമെന്നുപോലും ഞങ്ങൾക്കു ഭയമുണ്ടായി. പക്ഷേ ക്യാൻവാസും കയറുകളും കൊണ്ടു് കുടിൽ ഭദ്രമായി മുറുക്കി കെട്ടിയിട്ടുണ്ടായിരുന്നു. അലകളിളകുന്നതനുസരിച്ചു് ചങ്ങാടം, ഒരു സംഗീതോപകരണത്തിൻെറ കട്ടകൾ ഉയരുകയും താഴുകയും ചെയ്യുന്നതുപോലെ ഉഗ്രമായ കാററിലുമലയിലും മേല്പോട്ടു ചാടുകയും കീഴ്പ്പോട്ടു് ഇരിക്കുകയും ചെയ്യുന്നതു് ഞങ്ങൾക്കു വ്യക്തമായി മനസ്സിലാക്കാമായിരുന്നു. ചങ്ങാടത്തിൻെറ വിസ്തൃതമായ വിടവിലൂടെ വെള്ളം ചങ്ങാടത്തിൽ കുതിച്ചുകയറാതിരുന്ന സമയമത്രയും ഞങ്ങൾക്കതിശയമാണുണ്ടായതു്. എന്നാലവതണുത്ത കാററു കയറുകയും ഇറങ്ങുകയും ചെയ്യുത്തക്കവണ്ണം ഒരു ഉലപോലെ പ്രവൎത്തിച്ചിരുന്നതേയുള്ളു.

ഏററവും ഭയാനകമായ കൊടുങ്കാററും ശക്തികുറഞ്ഞ കൊടുങ്കാററുമായി ഒരഞ്ചുദിവസം കാലാവസ്ഥ പാടെ മാറിക്കൊണ്ടിരുന്നു. കാററിൻെറ ബലമായ ആക്രമണംകൊണ്ടു് നീളത്തിലടിച്ചു പരത്തിയ ഉപരിതലത്തോടുകൂടി പതഞ്ഞുരുണ്ട ധൂസരമായ അലകളിൽനിന്നുമുയൎന്ന ധൂമപടലം (മൂടൽമഞ്ഞു്) കൊണ്ടു് നിറഞ്ഞ സമുദ്രം കുഴിഞ്ഞുതാഴ്ന്ന വിസ്തൃതമായ താഴ്വരപോലെ കാണപ്പെട്ടു. ആറാം ദിവസം ആകാശം ഭേദിച്ചു് അല്പം നീലിമ പ്രത്യക്ഷപ്പെട്ടു. കൊടുങ്കാററവസാനിച്ചപ്പോൾ തീക്ഷ്ണമായ കരിങ്കാർമൂടാപ്പു് മാറി സദാ വിജയംകൊള്ളുന്ന ആകാശതലം ദൃഷ്ടിഗോചരമായി. വെള്ളത്തിനടിയിൽ ദൃഢമായി ബന്ധിച്ചിരുന്ന കയറുകളറഞ്ഞുതേഞ്ഞു്, പങ്കായം തകൎന്നു്, കാററുപായ് കീറി, സെൻറർബോർഡു് ഇരുമ്പുപാറപോലെ തടികൾക്കിടയിൽകിടന്നു തല്ലിത്തകൎന്നു ശിഥിലമായി, അവസാനം ഞങ്ങൾ ആ കൊടുംകാററിൽനിന്നും വിമുക്തരായി. എന്നാൽ ഞങ്ങൾക്കാൎക്കെങ്കിലുമോ, ചങ്ങാടത്തിലുള്ള മററു സാധനങ്ങൾക്കോ യാതൊരു തരക്കേടും സംഭവിച്ചുമില്ല.

രണ്ടു പ്രചണ്ഡമായ കൊടുങ്കാററുകൾക്കുശേഷം കോൺടിക്കിയുടെ കെട്ടുകൾ വളരെയധികം ശിഥിലമായിത്തീൎന്നു. അത്യുന്നതമായ അലകളിൽ കിടന്നാടി കയറുകളെല്ലാം വലിഞ്ഞു. ചങ്ങാടം സദാ അലകളിൽ അടിയേററിളകിക്കൊണ്ടിരുന്നതിനാൽ ബാൽസാ തടികളിലേക്കു് വരിഞ്ഞുകെട്ടിയ കയറുകൾ അമൎന്നിരുന്നു. കൊടുങ്കാററിൽ ചങ്ങാടത്തടികളെയെല്ലാം ചെറുകഷണ

ങ്ങളായി അറുത്തുകളയാൻതക്ക ദൃഢതയുള്ള ഇരുമ്പുക മ്പികൾ ഉപയോഗിക്കാതിരുന്നതിലും ഇങ്കാജനങ്ങളുടെ നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കാൻകഴിഞ്ഞതിലും ഞ ങ്ങൾ അകമഴിഞ്ഞ ആയിരമായിരം കൃതജ്ഞതകൾ ഈ ശ്വരനോടു പ്രകടിപ്പിച്ചു. ഞങ്ങളുടെ യാത്രയിൽ, നല്ല വണ്ണം പൊങ്ങിക്കിടക്കുന്ന ഉണങ്ങിയ ബാൽസാ തടി കൾ ഉപയോഗിച്ചിരുന്നു എങ്കിൽ, കടൽവെള്ളത്തിൽ നനഞ്ഞു കുതിന്നു് വളരെ മുമ്പുതന്നെ ഞങ്ങളുടെ ചങ്ങാ ടം അധോലോകത്തിലേക്കു പോകുമായിരുന്നു. സുഷിര ങ്ങളുള്ള ബാൽസാ തടികൾക്കുള്ളിൽ വെള്ളംകയറാ തെ തടഞ്ഞതും വെള്ളം തടികളെ ഭേദിക്കാൻ അസമ ത്ഥമാക്കിത്തീർത്തതും തടിയുടെ ഉൾനീരായിരുന്നു. ത ടികളിൽ കെട്ടിയിരുന്ന കയറുകൾ നല്ലവണ്ണം അയഞ്ഞു് പോയതിനാൽ വിടവധികമായ തടികൾക്കിടയിൽ കാ ലിടുന്നതു് അപകടകരമായിരുന്നു. ശക്തിയായി തടി കൾ തമ്മിൽ അടുത്താൽ ഇടയിൽകിടന്നു കാലരഞ്ഞു പോകുമായിരുന്നു. മുളമെനഞ്ഞു പാകിയിട്ടില്ലാത്ത ച ങ്ങാടത്തിന്റെ അണിയത്തും അമരത്തും രണ്ടു തടികളി ലായി രണ്ടു കാലുകൾ കുത്തി നില്ക്കുമ്പോൾ ഞങ്ങൾക്കു മുട്ടുകുത്തേണ്ടതായി വന്നിട്ടുണ്ടു്. നനഞ്ഞ കടൽപ്പായൽ പററി പിന്നിലുള്ള തടികൾ ഏത്തവാഴയിലപോലെ തെന്നുമായിരുന്നു. ഞങ്ങൾ പതിവായി അമരത്തേയ്ക്കു നടന്നുപോകുന്ന തടികളിൽ തെന്നുന്ന പച്ചപ്പായൽ പി ടിച്ചിട്ടുണ്ടായിരുന്നെങ്കിലും അതിലൂടെ ഒരു മാർഗ്ഗം ഞ ങ്ങൾ ഉണ്ടാക്കുകയും അമരക്കാരനു നിന്നു പങ്കായം പി ടിക്കാൻ അമരത്തൊരു വീതിയുള്ള പലകക്കഷണമിട്ടു

കയും ചെയ്തു. എങ്കിലും തിരമാല ചങ്ങാടത്തിലടിക്കു മ്പോൾ കാലുറപ്പിച്ചവിടെ നില്ക്കാൻ എളുപ്പമല്ലായിരു ന്നു. ചങ്ങാടത്തിൽ നെടുകെ കെട്ടിയിരിക്കുന്ന ഒമ്പതു തടികളിൽ ഇടതുഭാഗത്തുള്ള ഒരെണ്ണം രാപ്പകൽ ഇടവി ടാതെ കുറുകെവെച്ചിരുന്ന തടികളിൽ തട്ടുകയും മുട്ടുക യും ചെയ്തുകൊണ്ടിരുന്നു. ചരിഞ്ഞിരിക്കുന്ന രണ്ടു പാ മരക്കഴകളുടേയും അഗ്രത്തിൽകെട്ടിയിരുന്ന കയറുകൾ പുതുതായി കിറുകിറു ശബ്ദം ഉണ്ടാക്കി. ആ രണ്ടു പാമര ങ്ങളും നില്ക്കുന്നതു് പ്രത്യേകം രണ്ടു തടികളിലായിരുന്ന തുകൊണ്ടു് അവ രണ്ടിന്റേയും ചുവടുകൾ സ്വതന്ത്രങ്ങ ളായി പ്രവൎത്തിച്ചു. തന്മൂലമായിരുന്നു മുകളിൽ കെട്ടി യിരുന്ന കയറു വലിഞ്ഞുരഞ്ഞു് ശബ്ദമുണ്ടാക്കിയതു്. ഇതു ഞങ്ങൾക്കാശങ്കയുളവാക്കി. ഇരുമ്പുപോലെ ബല മുള്ള കണ്ടൽതടിയുടെ നാരുകൊണ്ടു് പങ്കായം ദൃഢമാ യി പിണച്ചുകെട്ടി. എറിക്കും ബങ്റ്റും കാററുപായ് ശരിയായി പിടിച്ചു. അങ്ങനെ വേഗത്തിൽതന്നെ കോ ൺടിക്കി മുഖമുയൎത്തി നെഞ്ചുവീൎപ്പിച്ചു് പോളിനേഷ്യ യിലേക്കുള്ള പ്രയാണമാരംഭിച്ചു. സുഖകരമായ കാലാവ സ്ഥനിമിത്തം ശാന്തമായിത്തീൎന്ന അലകളിൽപങ്കായംപ്ര ത്തംചെയ്യാനും തുടങ്ങി. എന്നാൽസെന്റർബോർഡു് മാ ത്രംശരിയായില്ല. ചങ്ങാടത്തിനടിയിൽകെട്ടി നിൎത്തിതി രുന്നതിനാൽ അയഞ്ഞു് പ്രവാഹത്തിനു വഴങ്ങിക്കൊടു ത്ത സെൻറർ ബോർഡുകൾ മുഴുവൻ ശക്തിയും ചെലു ത്തി ജലസമ്മൎദ്ദത്തെ നേരിട്ടില്ല. കടൽപ്പായൽ പൊ തിഞ്ഞ ചങ്ങാടത്തിനടിയിലെ കയറുകൾ പരിശോധി ക്കുന്നതുകൊണ്ടു് വലിയ പ്രയോജനമൊന്നും ഉണ്ടായിരു

ന്നില്ല. ചങ്ങാടത്തിലെ മുളകൊണ്ടു മെനഞ്ഞ അണിയത്തട്ട് പരിശോധിച്ചപ്പോൾ മൂന്നു പ്രധാനപ്പെട്ട കയറുകൾ മാത്രമെ പൊട്ടിയതായി കണ്ടുള്ളു. അവ വളഞ്ഞു് സാധനങ്ങളോട്ട് പററിച്ചേൎന്നു കിടന്നു. ചങ്ങാടത്തിലുള്ള സാധനങ്ങളാണവയെ ഉരച്ചു തേച്ചു കളഞ്ഞതു്. തടികൾ വളരെയധികം വെള്ളം വലിച്ചെടുത്തു കഴിഞ്ഞു എന്നു തീൎച്ചയായി. എന്നാൽ ചങ്ങാടത്തിലുണ്ടായിരുന്ന സാധനങ്ങൾ കുറഞ്ഞതുകൊണ്ടു് ചങ്ങാടത്തടികളിൽ ചേൎന്ന സമ്മർദ്ദം പഴയതിൽനിന്നും കൂടിയിരുന്നില്ല. ഞങ്ങളുടെ ആഹാരസാധനങ്ങളും കുടിക്കാനുള്ള ശുദ്ധജലവും മിക്കവാറും തീരാറായി. അതുപോലെതന്നെ വയർലസ്സ് ഓപ്പറേററന്മാരുടെ ബാററിയും മിക്കവാറും തീൎന്നിരുന്നു.

ഏതായാലും കഴിഞ്ഞ കൊടുങ്കാററിനുശേഷം മുന്നിൽക്കിടക്കുന്ന ദ്വീപിലേയ്ക്കുള്ള അല്പദൂരം കടന്നുപോകുന്നതുവരെ ചങ്ങാടത്തടികൾ ചേൎന്നു പൊങ്ങിക്കിടക്കുമെന്നു് ഞങ്ങൾക്കുറപ്പുണ്ടായിരുന്നു. എന്നാൽ ഒരു പുതിയ പ്രശ്നം ഉദിച്ചു. ഞങ്ങളുടെ സമുദ്രയാത്ര എങ്ങനെ അവസാനിക്കും? ഉറച്ച പാറയിലൊ വല്ല കടൽപ്പുററിലൊ ചങ്ങാടത്തിന്റെ മുൻഭാഗം ചെന്നിടിച്ചു് ഗതി മുട്ടുന്നതുവരെ കോൺടിക്കി ഒന്നിനും കീഴ്വഴങ്ങാതെ മുന്നോട്ടുതന്നെ പൊയ്ക്കൊണ്ടിരിക്കും. പോളിനേഷ്യൻ ദ്വീപുകളിൽ ഒന്നിൽ ഞങ്ങൾ എല്ലാവരും അപകടം കൂടാതെ ഇറങ്ങുന്നതുവരെ ഞങ്ങളുടെ യാത്ര അവസാനിക്കുകയുമില്ല.

അവസാനത്തെ കൊടുങ്കാററടിച്ചപ്പോൾ ഞങ്ങളു

ടെ ചങ്ങാടം എവിടെച്ചെന്നവസാനിക്കുമെന്ന് ഞങ്ങൾക്കൊരു തീച്ച്യുമില്ലായിരുന്നു. ആ നിലയിൽ ആ രണ്ടു ദ്വീപസമൂഹങ്ങളിൽ ഒന്നുപോലും കാണാതെ രണ്ടിനും മദ്ധ്യത്തിലൂടെ ഞങ്ങൾ കടന്നുപോകാനുള്ള സാദ്ധ്യത ഉണ്ടായിരുന്നു. മാർകപിസസ് ദ്വീപുകളിൽ ഏററവും അടുത്തതു് മൂന്നൂറു മൈൽ വടക്കുപടിഞ്ഞാറു മാറിയും, ടപാമൊററു ദ്വീപുകളിൽ ഏററവും അടുത്തതു് മൂന്നൂറു മൈൽ തെക്കുപടിഞ്ഞാറു മാറിയുമാണു് കിടക്കുന്നതു്. കാററും സമുദ്രജലപ്രവാഹവും അനിശ്ചിതമായിരുന്നു. കാററിൻേറയും പ്രവാഹത്തിൻേറയും സാധാരണ ഗതി രണ്ടു ദ്വീപസമൂഹങ്ങളുടേയും ഇടയ്ക്കുക്കൂടി ആയിരുന്നുതാനും.

വടക്കുപടിഞ്ഞാറു് ഏററവും അട്ടുത്തുകിടന്ന ദ്വീപു് ചെറുവനങ്ങൾ തിങ്ങിനിറഞ്ഞ ഫാററുഹിവ (Fatuhiva) എന്ന പവ്വതദ്വീപായിരുന്നു. അവിടെ കടൽപ്പുറത്തു് തടികൾകൊണ്ടു കെട്ടിയ ഒരു കുടിലിൽ മുമ്പു ഞാൻ താമസിച്ചിട്ടുണ്ടായിരുന്നു. പൂർവ്വികനായ ടിക്കി എന്ന ധീരപുരുഷനെ സംബന്ധിച്ച വ്യക്തമായ കഥകൾ ആ കുടിലിലെ വൃദ്ധനിൽനിന്നും ഞാൻ കേട്ടിട്ടുമുണ്ടായിരുന്നു. ഞങ്ങളുടെ കോൺടിക്കി ആ കടലോരത്തേയ്ക്കുതന്നെ ചെന്നാൽ പല പരിചയക്കാരെയും എനിക്കു തീച്ച്യായും കണ്ടുമുട്ടാൻ സാധിക്കുമായിരുന്നു. എന്നാൽ ആ വൃദ്ധനെ അവിടെ കാണാൻപററുകയില്ല. സാക്ഷാൽ ടിക്കിയെ സ്വഗ്ഗത്തിൽചെന്നു് കാണാമെന്ന ശുഭോദക്കമായ പ്രതീക്ഷയോടെ അദ്ദേഹം വളരെക്കൊല്ലങ്ങൾക്കു മുമ്പുതന്നെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞി

രിക്കും. മാർകപിസസ് ദ്വീപസമൂഹത്തിലെ പൎവ്വത നിരകളെ ലക്ഷ്യമാക്കി ഞങ്ങളുടെ ചങ്ങാടം മുന്നോട്ടു പോയി. ഇടുങ്ങിയ ചെറിയ കടലോരങ്ങളിൽ അവസാനിക്കുന്ന സാനുപ്രദേശങ്ങളുടെ മുഖങ്ങളിലേയ്ക്കു ഗതി തിരിച്ചുവിട്ടപ്പോൾ ഞങ്ങൾ വളരെയധികം സൂക്ഷ്മദൃഷ്ടിയോടുകൂടി പ്രവൎത്തിക്കേണ്ടതാണു്. എന്തെന്നാൽ ഈ ദ്വീപസമൂഹത്തിൽപെട്ട ഏതാനും എണ്ണം പരസ്പരം വളരെ അകലത്തിൽ സ്ഥിതിചെയ്യുന്നു; തീരത്തിലെ കീഴ്ക്കാംതൂക്കായ പൎവ്വതനിതംബങ്ങളിൽ അലകൾ യാതൊരു തടസ്സവുംകൂടാതെ ചെന്നടിച്ചുകൊണ്ടുമിരുന്നു.

നേരേമറിച്ചു് ചങ്ങാടം തിരിഞ്ഞു് ട്വാമൊററു ദ്വീപുകളിലെ (Tuamotu) കടൽപ്പുററുകളെ ലാക്കാക്കി മുന്നോട്ടു പോയാൽ അവിടെ വിസ്തൃതമായ സമുദ്രം മൂടിക്കൊണ്ടു് അസംഖ്യം ദ്വീപുകൾ കിടക്കുകയാണു്. ആ ദ്വീപസമൂഹം താഴ്ന്ന അഥവാ അപകടകരമായ ആൎച്ചിപ്പെലാഗോ (Low or Dangerous Archipelago) എന്ന പേരിനാൽ അറിയപ്പെടുന്നു. ആ ദ്വീപുകളെല്ലാം തനി പവിഴപ്പുററുകൾകൊണ്ടുമാത്രം ഉണ്ടായിട്ടുള്ളവയാണു്. മുങ്ങിക്കിടക്കുന്ന കടൽപ്പുററുകളും, ആറു മുതൽ പത്തുവരെ അടി വെള്ളത്തിനുപരി പൊങ്ങിക്കിടക്കുന്നതും തെങ്ങുകൾ നിറഞ്ഞതുമായ പവിഴപ്പുററുകളുമാണവിടെയുള്ളതു്. ഓരോ പവിഴപ്പുററിനേയും ചുററി വലയാകൃതിയിൽ പാറക്കെട്ടുകളും കിടപ്പുണ്ടു്. അതിനാൽ ആ ഭാഗം മുഴുവനും കപ്പൽ ഗതാഗതത്തിനു് എത്രയും അപകടകരമായിട്ടുള്ളതാണു്. ട്വാമൊററു ദ്വീപുകൾ കടൽപ്പുററുകൾകൊണ്ടുണ്ടായിട്ടുള്ളതാണെ

ങ്കിൽ മാർകചീസസ് (Marquesas) ദ്വീപുകളാകട്ടെ, അണഞ്ഞുപോയ അഗ്നിപർവ്വതങ്ങളുടെ അവശിഷ്ടങ്ങളുമാണ്. രണ്ടു ദ്വീപസമൂഹങ്ങളിലും പോളിനേഷ്യൻ ജനസമുദായമാണ് താമസിക്കുന്നതു്. രണ്ടിടത്തുമുള്ള രാജകുടുംബങ്ങൾ ടിക്കിയെ തങ്ങളുടെ പുരാണപുരുഷനം പൂർവ്വികനുമായി കണക്കാക്കുന്നു.

ജൂലായ് മൂന്നാംതീയതി ഞങ്ങൾ പോളിനേഷ്യയിൽനിന്നും ആയിരം മൈൽ ഇപ്പുറമെത്തി. പെറുവിൽനിന്നും ചങ്ങാടത്തിൽ യാത്ര ചെയ്ത പുരാതന നാവികന്മാൎക്ക് അറിവുകൊടുത്തതുപോലെ, അടുത്തെവിടെയൊ യഥാൎത്ഥമായും കരയുണ്ടെന്ന് അപ്പോൾ പ്രകൃതി ഞങ്ങൾക്ക് മുന്നറിയിപ്പു നല്കി. പെറുവിൽനിന്നും അനേകം നാഴിക ദൂരം എത്തുന്നതുവരെ ഫ്രിഗേററ്പക്ഷികളുടെ പെരു സംഘങ്ങൾ ഞങ്ങൾ കണ്ടിരുന്നു. അവ പടിഞ്ഞാറു് നൂറു ഡിഗ്രി രേഖാംശത്തിൽ മറഞ്ഞു. അതിനുശേഷം ചെറിയ കടൽപ്പക്ഷികളെ മാത്രമെ ഞങ്ങൾ കണ്ടിരുന്നുള്ളു. എന്നാൽ ജൂലായ് മൂന്നാംതീയതി പടിഞ്ഞാറു് നൂററിയിരുപത്തിയഞ്ചു ഡിഗ്രി രേഖാംശത്തിൽ വീണ്ടും ഫ്രിഗേററ് പക്ഷികൾ (ഉഷ്ണമേഖലയിലെ വലിയ ചിറകുള്ള ഒരുതരം പക്ഷി) പ്രത്യക്ഷപ്പെട്ടു. പിന്നീട് കൂടെക്കൂടെ അത്തരം ചെറിയ പക്ഷികളെ ധാരാളം ഞങ്ങൾ കണ്ടുകൊണ്ടിരുന്നു. ഒന്നുകിൽ അവ ആകാശത്തിൽ ഉയൎന്നു പറക്കും; അല്ലെങ്കിൽ തിരമാലയിളലയ്ക്കു കുത്തിപ്പറന്നുവന്നു്, കടൽപ്പന്നിയുടെ പിടിയിൽനിന്നും രക്ഷപെടാൻ മേല്പോട്ടു കുത്തിച്ചാടിപ്പറക്കുന്ന പറക്കുംമത്സ്യങ്ങളെ കൊത്തിക്കൊ

ണ്ടു് ആകാശത്തിലേയ്ക്കുയരും. ആ പക്ഷികൾ അമേരിക്കയിൽനിന്നും ഞങ്ങളുടെ പിന്നാലെ പറന്നുവന്നവയാകാൻ തരമില്ല. മുമ്പിലെവിടെയൊ കിടന്നിരുന്ന കരയിൽ വസിക്കുന്നവയാകാനെ നിവൃത്തിയുള്ളു.

ജൂലായ് പതിനാറാംതീയതി പ്രകൃതി കുറച്ചുകൂടി സ്പഷ്ടമായി ഞങ്ങളെ വഞ്ചിച്ചു. അന്നു ഞങ്ങൾ ഒമ്പതടി നീളമുള്ള ഒരു സ്രാവിനെ പിടിച്ചു. അതിൻെറ വയററിൽനിന്നും ദഹിക്കാത്ത ഒരു താരമത്സ്യം വെളിയിൽ ചാടി. അതു് ശാന്തസമുദ്രത്തിൽ ആ ഭാഗത്തെവിടെയോ ഉള്ള തീരപ്രദേശത്തുനിന്നും ആ സ്രാവു് പുതുതായി പിടിച്ചതായിരിക്കണം.

അടുത്തദിവസം പോളിനേഷ്യൻ ദ്വീപിൽനിന്നു തന്നെ പക്ഷികൾ പറന്നുവന്നു് ഞങ്ങളെ സന്ദർശിച്ചു.

രണ്ടു വലിയ ബൂബി പക്ഷികൾ ചക്രവാളത്തിനു പരി പടിഞ്ഞാറോട്ടു പറന്നു് താഴ്ന്നു ഞങ്ങളുടെ പാമരത്തിനു മുകളിലെത്തി. അപ്പോൾ സന്തോഷംകൊണ്ടു് ഞങ്ങൾ തുള്ളിച്ചാടി. അഞ്ചടി നീളമുള്ള ചിറകു വിതത്തി ഞങ്ങളെ പലപ്രാവശ്യം അവ പ്രദക്ഷിണം വെച്ചു. പിന്നീടു് ചിറകു മടക്കി ഞങ്ങളുടെ ചങ്ങാടത്തിനടുക്കൽ വെള്ളത്തിൽ അവ ഇരുന്നു. കടൽപ്പന്നികൾ അങ്ങോട്ടു കുതിച്ചുചെന്നു് നീന്തുന്ന ആ വലിയ പക്ഷികളെ ജിജ്ഞാസയോടെ വലംവെച്ചു. എന്നാൽ അവ പരസ്പരം സ്പർശിച്ചതേയില്ല. ആ പക്ഷികളായിരുന്നു പോളിനേഷ്യയിലേയ്ക്കു ഞങ്ങളെ സ്വാഗതംചെയ്യാൻ ആദ്യമെത്തിയ ദൂതന്മാർ. പകലായിട്ടും അവ മടങ്ങിപ്പോയില്ല. അവ കടലിൽതന്നെ വിശ്രമിച്ചു.

കുതിരയുടെ ശബ്ദം മുഴക്കിക്കൊണ്ടു് അദ്ധരാത്രിക്കശേഷം അവ പാമരത്തിനെച്ചുററി പറക്കുന്നതു ഞങ്ങൾ കേട്ടു.

ഞങ്ങളുടെ ചങ്ങാടത്തിൽ പുതിയജാതി വലിയ പറക്കുംമത്സ്യങ്ങൾ ചാടിവന്നു. ഫററുഹിവാ ദ്വീപിലെ നാട്ടുകാരുമൊന്നിച്ചു് മീൻപിടിക്കാൻ സമുദ്രതീരത്തു സഞ്ചരിച്ചപ്പോൾ ഞാനവയെ നോക്കി മനസ്സിലാക്കിയിട്ടുണ്ടായിരുന്നു.

മൂന്നു പകലും രാത്രിയും ഞങ്ങളുടെ ചങ്ങാടം നേരേ ഫററുഹിവാ ദ്വീപിലേയ്ക്കുതന്നെയാണു പോയതു്. എന്നാൽ ശക്തിയായ വടക്കുകിഴക്കൻ കാററടിച്ചു് ടാമൊററു ദ്വീപിനെ ചുററിയ കടൽപ്പുററിനു നേരെ ചങ്ങാടത്തെ തിരിച്ചുവിട്ടു. യഥാത്ഥമായ ദക്ഷിണമദ്ധ്യരേഖാപ്രവാഹത്തിൽനിന്നും ആ കാററു് ഞങ്ങളെ പാടെ മാററിക്കളഞ്ഞു. സമുദ്രജലപ്രവാഹങ്ങൾ, വിശ്വസിച്ചു യാത്രചെയ്യാൻവയ്യാത്ത മട്ടിലാണു് ഒഴുകിക്കൊണ്ടിരുന്നതു്. ഒരുദിവസം പ്രവാഹമുണ്ടെങ്കിൽ അടുത്ത ദിവസം ഉണ്ടായിരിക്കുകയില്ല. അദൃശ്യമായ നദികൾപോലെ സമുദ്രംമുഴുവൻ വ്യാപിച്ചു് പല ശാഖകളായി ഒഴുകാൻ ആ പ്രവാഹത്തിനു കഴിയുമായിരുന്നു. പ്രവാഹത്തിനു വേഗംകൂടിയാൽ കൂടുതൽ അലകൾ കാണും. വെള്ളത്തിൻെറ ചൂടു് സാധാരണയായി ഒരു ഡിഗ്രിയിലേയ്ക്കു താഴുകയും ചെയ്യും. എറിക്കിൻെറ കണക്കുകൂട്ടലും അളവും തമ്മിലുള്ള വ്യത്യാസം ഓരോ ദിവസവും പ്രവാഹത്തിൻെറ ഗതിയും ശക്തിയും പ്രകാശിപ്പിക്കുമായിരുന്നു.

പോളിനേഷ്യയിലേയ്ക്കുള്ള പ്രവേശനദ്വാരത്തിൽ വെച്ച് അല്പംകൂടി ശക്തി കുറഞ്ഞ ഒരു പ്രവാഹശാഖയിലേയ്ക്കു ഞങ്ങളെ നയിച്ചിട്ട്, "കടന്നു പോകുക" എന്ന് കാററു ഞങ്ങൾക്കു മുന്നറിയിപ്പു തരുന്നതുപോലെ തോന്നി. അൻറാർട്ടിക്കായിലേയ്ക്കു പോകുന്ന പ്രവാഹമായിരുന്നു അതെന്നോർത്ത് ഞങ്ങൾ ഭയപ്പെട്ടു. ആ പ്രവാഹം തീരെ നിശ്ചലമായില്ല. ഞങ്ങളുടെ യാത്രയിൽ അങ്ങനെയൊരനുഭവം ഞങ്ങൾക്ക് ഒരിക്കലും ഉണ്ടായിട്ടില്ല. കാററിനു ശക്തി കുറവായിരുന്നെങ്കിൽ കിട്ടിയ തുണികളെല്ലാം കൂട്ടിക്കെട്ടി കാററുപായായി ഞങ്ങൾ ഉയർത്തിക്കെട്ടും. ഞങ്ങളുടെ യാത്രയിൽ ഒരിക്കൽപോലും പുറകോട്ട്, അമേരിക്കയിലേയ്ക്ക് തിരിഞ്ഞു ചങ്ങാടം നീങ്ങിയിട്ടേയില്ല. ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ ഞങ്ങളേററവും കുറവായി യാത്ര ചെയ്തതു് ഒമ്പതുനാഴികയായിരുന്നു. എന്നാൽ ആ യാത്രയിൽ ഞങ്ങൾ ഒരു ദിവസം യാത്രചെയ്ത ശരാശരി ദൂരം നാല്പത്തിരണ്ടരമൈലായിരുന്നു.

അവസാന നിമിഷത്തിൽ വാണിജ്യവാതം ഞങ്ങളെ നിർദ്ദയമായി ഉപേക്ഷിച്ചുകളഞ്ഞില്ല. അതു വീണ്ടും വീശാൻ തുടങ്ങി. അപരിചിതമായ ഒരു പുതിയ സ്ഥലത്തേയ്ക്കു പ്രവേശിക്കാൻ ഒരുങ്ങുന്ന ഞങ്ങളുടെ കേട്ടുവന്ന ചങ്ങാടത്തെ ആ കാററ് ഉന്തിത്തള്ളി മുന്നോട്ടു നീക്കി.

ഓരോ ദിവസവും കടൽപ്പക്ഷികളുടെ വലിയ സംഘങ്ങൾ എല്ലാ ദിക്കിൽനിന്നും വന്ന് ഞങ്ങളുടെ തലയ്ക്കു മുകളിൽ ഉദ്ദേശരഹിതമായി വലംവച്ചു പറന്നുകൊ

ണ്ടിരുന്നു. സൂര്യനസ്തമിക്കാനടുത്ത ഒരു സായാഹ്നത്തിൽ ആ പക്ഷികൾക്ക് ശക്തിയായ ഏതോ പ്രേരണ ലഭിച്ചതായി ഞങ്ങൾ വ്യക്തമായി മനസ്സിലാക്കി. ഞങ്ങളെയോ, അവയുടെ കീഴിൽ പ്രത്യക്ഷപ്പെട്ട പറക്കുംമത്സ്യങ്ങളെയോ ഗണ്യമാക്കാതെ ആ പക്ഷികൾ നേരേ പടിഞ്ഞാറോട്ടു പറന്നുകൊണ്ടിരുന്നു. അവ പറന്നു ഞങ്ങളുടെ തലയ്ക്കു മുകളിൽക്കൂടി കടന്നു പോയപ്പോൾ അവയെല്ലാം ഒരേഗതി അവലംബിച്ചു പറക്കുകയാണെന്നു പാമരമുകളിൽ കയറി നിന്നു നോക്കി ഞങ്ങളറിഞ്ഞു. ഒരുപക്ഷേ അവ, മുകളിൽനിന്ന് ഞങ്ങൾ കാണാത്തതെന്തെങ്കിലും കണ്ടിരിക്കാം. അല്ലെങ്കിൽ ആന്തരപ്രചോദനത്താലായിരിക്കാം അവ അപ്രകാരം പറന്നുകൊണ്ടിരുന്നത്. ഏതായാലും അവ വസിക്കുന്ന ഏററവും അടുത്ത ദ്വീപിലേയ്ക്കുതന്നെ നേരേ സോദ്ദേശകമായി അവ പറക്കുകയായിരുന്നു.

ഞങ്ങൾ പങ്കായം തിരിച്ച് പക്ഷികൾ പോയി മറഞ്ഞ അതേ ദിക്കിലേയ്ക്കുതന്നെ ചങ്ങാടത്തെ തിരിച്ചു വിട്ടു. ഞങ്ങളപ്പോൾ യാത്രചെയ്യുന്ന അതേ വഴിയിൽ, നക്ഷത്രാങ്കിതമായ ആകാശത്തിനെതിരെ ഞങ്ങൾക്കുപരി വഴിതെററി അകന്നു പറക്കുന്ന പക്ഷികളുടെ ശബ്ദം ഇരുട്ടുന്നതിനു മുമ്പുതന്നെ ഞങ്ങൾ കേട്ടു.

അതൊരത്ഭുതാവഹമായ രാത്രിയായിരുന്നു. കോൺടിക്കിയുടെ യാത്രയിൽ അന്നു മൂന്നാമത്തെ പ്രാവശ്യമാണ് ഞങ്ങൾ പൂർണ്ണചന്ദ്രനെ കാണുന്നത്.

അടുത്ത ദിവസം കൂടുതൽ പക്ഷികളെ ഞങ്ങൾ തലയ്ക്കുമുകളിൽ കണ്ടു. എന്നാൽ സായാഹ്നത്തിൽ

വീണ്ടും വഴികാട്ടുന്നതിനവയെ കാത്തിരിക്കേണ്ട ആവശ്യം ഞങ്ങൾക്കു നേരിട്ടില്ല. ഇപ്രാവശ്യം നിശ്ചലമായ ഒരു വിചിത്രമേഘത്തെ ഞങ്ങൾ ചക്രവാളത്തിൽ കണ്ടു. മററു മേഘങ്ങൾ ചിറകുവെച്ച ചെറിയ റോക്കററുകൾ പോലെ തെക്കു വന്നിട്ട് പടിഞ്ഞാറെ ചക്രവാളത്തിൽ മറയുന്നതുവരെ വാണിജ്യവാതത്തോടൊന്നിച്ച് അദ്ധചന്ദ്രാകാരമായ ആകാശത്തിലൂടെ കടന്നുപോയി. ഫാററുഹിവായിലേക്കു നീങ്ങുന്ന വാണിജ്യവാതമേഘങ്ങളെപ്പററി മുമ്പൊരിക്കൽ എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. കോൺടിക്കിയിൽ യാത്രചെയ്യുമ്പോൾതന്നെ ഞങ്ങൾക്കുപരി അവയെ ഞങ്ങൾ കണ്ടിട്ടുണ്ട്. എന്നാൽ ചക്രവാളത്തിലുള്ള ആ ഏകാന്തമേഘം തെക്കുപടിഞ്ഞാറോട്ട് നീങ്ങിയതേയില്ല. വാണിജ്യവാതമേഘങ്ങൾ കടന്നുപോയപ്പോൾ ആ മേഘം നിശ്ചലമായ ഒരു ധൂമപടലംപോലെ ആകാശത്തിലേക്കുയന്നു. അത്തരം മേഘങ്ങൾക്ക് ലാററിൻ ഭാഷയിലുള്ള പേരു് കുമുലുനിമ്പസ്സ് (Cumulunimbus) എന്നാണു്. പോളിനേഷ്യക്കാക്കിതറിഞ്ഞുകൂടാ. പക്ഷേ അത്തരം മേഘങ്ങൾക്കടിയിൽ കരയുണ്ടെന്നു് അവരും മനസ്സിലാക്കിയിരുന്നു. ഉഷ്ണമേഖലാസൂര്യൻ മണലിനെ പൊരിക്കുമ്പോൾ ഉഷ്ണവാതപ്രവാഹം ഉണ്ടാകുന്നു. അതുയന്നു് കൂടുതൽ തണുത്ത വായുമണ്ഡലത്തിൽ വെച്ചു് അതിൻെറ നീരാവിയെ ഘനീഭവിപ്പിക്കുന്നു.

സൂര്യാസ്തമയത്തിനു ശേഷം ആ മേഘം മറയുന്നതുവരെ ഞങ്ങളതിനെത്തന്നെ അനുഗമിച്ചു. കാററു് ഒരേ നിലയിൽ അടിച്ചുകൊണ്ടിരുന്നു. നല്ല കാലാവസ്ഥ

യിൽ എങ്ങനെയൊ അതുപോലെ ഉറപ്പായി കെട്ടിയ പങ്കായവുമായി കോൺടിക്കി യാതൊരു സഹായവും കൂടാതെ മുന്നോട്ടു പോയി. കാററുപായ്കൊണ്ട് മനോഹരമായ പാമരമുകളിൽ സ്ഥിതിചെയ്യുന്ന പലകക്ഷണത്തിലാവോളം ഇരുന്ന് അടുത്തെവിടെയെങ്കിലും കരയുണ്ടെന്നറിയിക്കുന്നഏതെങ്കിലും ലക്ഷണം കാണുന്നുണ്ടോ എന്നു നോക്കുക മാത്രമായിരുന്നു അപ്പോൾ അമരക്കാരന്റെ ജോലി.

★

## 4. ദക്ഷിണസമുദ്രദ്വീപുകളിലേയ്ക്കു്

ജൂലായ് മാസം ഇരുപത്തിഒൻപതാംതീയതി രാത്രി കോൺടിക്കിയെ ചുററി വിചിത്രവും നൂതനവുമായ ഒരന്തരീക്ഷം ഉണ്ടായിരുന്നു. ഒരുപക്ഷേ, ഞങ്ങളുടെ തലയ്ക്കു മുകളിലുള്ള കടൽപ്പക്ഷികളുടെ ചെവിപൊട്ടിക്കുന്ന ശബ്ദം പുതുതായി എന്തോ ചിലതു സംഭവിക്കാൻപോകുന്നതിൻെറ നാന്ദിയായിരിക്കാം. ഞങ്ങൾ കടലിൽ കഴിച്ചുകൂട്ടിയ മൂന്നു മാസക്കാലവും കയറുകൾ വലിഞ്ഞു്രസിയുണ്ടാകുന്ന നിർജീവമായ ശബ്ദമല്ലാതെ മറെറാന്നും ഞങ്ങൾ കേട്ടിരുന്നില്ല. അതിനാൽ പക്ഷികളുടെ വിവിധരീതിയിലുള്ള കളകളശബ്ദം കേട്ടപ്പോൾ അതു് തീരെ അപരിചിതവും നശ്വരവുമായ ഏതോ ശബ്ദത്തിൻെറ പ്രതീതിയാണു് ഞങ്ങൾക്കുണ്ടാക്കിയതു്. പാമരത്തിനു മുകളിൽനിന്നു് ചുററിത്തിരിയുന്ന ചന്ദ്രനെ നോക്കിയപ്പോൾ അതു് കൂടുതൽ വലുതും ഉരുണ്ടതുമായി ദൃഷ്ടിയിൽപെട്ടു. ചന്ദ്രനെ കണ്ടപ്പോൾ തെങ്ങിൻ തലപ്പുകളും മനുഷ്യരുടെ വീരോചിതമായ കഥകളുമാണു് ഞങ്ങളുടെ ഭാവനയിൽ പ്രതിബിംബിച്ചതു്. സമുദ്രത്തിലെ തണുത്ത മത്സ്യങ്ങൾക്കുപരി ചന്ദ്രൻ അത്രയ്ക്കു് മനോഹരമായി സുവർണ്ണകിരണങ്ങളോടെ പ്രകാശിച്ചിരുന്നില്ല.

ആറുമണിക്കു് ബെങ്ൻറ് പാമരത്തിന്ന മുകളിൽ നിന്നും താഴെയിറങ്ങിവന്നു് ഹെർമാനെ ഉണൎത്തിയിട്ടു്, കുടിലിനുള്ളിൽ പ്രവേശിച്ചു. കറുകറ ശബ്ദത്തോടെ ആടിക്കൊണ്ടിരുന്ന പാമരത്തിൽ ഹെർമാൻ കയറിയപ്പോൾ നേരം പ്രഭാതമാകാൻ തുടങ്ങി. പത്തു മിനിട്ടുകഴിഞ്ഞപ്പോൾ കയറേണിവഴി അയാൾ താഴെ ഇറങ്ങിവന്നു് എൻെറ കാലിൽപിടിച്ചു കല്യമിയശേഷം ഇപ്രകാരം എന്നോടു പറഞ്ഞു:

"വെളിയിൽവന്നു് നിങ്ങളുടെ ദ്വീപു കണ്ടാലും."

ഹെർമാൻെറ മുഖം സന്തോഷംകൊണ്ടു് പ്രസന്നമായി. ഞാൻ ചാടിയെണീററു. ബെങ്ൻറ് കിടന്നുകഴിഞ്ഞിട്ടില്ലായിരുന്നു. അയാളും എൻെറ പിന്നാലെ ചാടിപ്പുറപ്പെട്ടു. ഞങ്ങൾ രണ്ടുപേരും ഒന്നിച്ചു് വളരെ വേഗത്തിൽ പാമരത്തിന്ന മുകളിൽ കയറി. ഞങ്ങൾക്കു ചുററും ധാരാളം പക്ഷികൾ ഉണ്ടായിരുന്നു. അസ്തമിക്കാൻപോകുന്ന രാത്രിയുടെ അവശിഷ്ടം എന്നപോലെ ആകാശത്തിൽ പ്രത്യക്ഷപ്പെട്ട മങ്ങിയ വൈലററ് ബ്ളൂനിറം ചേൎന്ന തിരസ്കരണി സമുദ്രത്തിൽ പ്രതിഫലിച്ചു. എന്നാൽ ചക്രവാളം മുഴവൻ വ്യാപിച്ചു് അങ്ങു കിഴക്കറേറംവരെ പാടലവൎണ്ണം പരക്കുവാൻ തുടങ്ങി. സമുദ്രത്തിൻെറ വിളുമ്പിൽ അങ്ങകലെ തെക്കുകിഴക്കേ ചക്രവാളത്തിന്നടിയിൽ ഒരു നീലരേഖപോലെനിന്ന മങ്ങിയ കരിനിഴലിൻെറ ചുവന്ന പശ്ചാത്തലമായി അതു ക്രമേണ മാറി.

കര! ഒരു ദ്വീപു്! അത്യാൎത്തിയോടെ ഞങ്ങൾ ഞങ്ങളുടെ കണ്ണുകൾകൊണ്ടതു കണ്ടു. ഉറങ്ങിക്കിടന്ന

മററു സ്നേഹിതന്മാരേയും ഞങ്ങൾ തട്ടിയുണൎത്തി. അവർ ഉറക്കച്ചുവടുകൊണ്ടു് വേച്ചുവീഴാൻ ഭാവിച്ചു. ഞങ്ങളുടെ ചങ്ങാടത്തിൻെറ തല കരയിലെവിടെയൊ ചെന്നു കയറിയതായി ശങ്കിച്ചു് അവർ നാലുപാടും നോക്കി. ചിലയ്ക്കുന്ന കടൽപ്പക്ഷികൾ ആകാശത്തിൽ വിലങ്ങനെ ദൂരെക്കണ്ട ദ്വീപിലേക്കുള്ള ഒരു പാലംപോലെ പ്രശോഭിച്ചു. സൂൎയ്യൻെറയും പ്രഭാതപ്രഭയുടേയും ആഗമനത്തോടുകൂടി വിസ്തൃതവും സുവൎണ്ണശോഭയുള്ളതുമായി ആ പശ്ചാത്തലം മാറിയപ്പോൾ ആ ദ്വീപു് ചക്രവാളത്തിലേക്കു കുറച്ചുകൂടി തള്ളിനിന്നു.

ആ ദ്വീപു് ഞങ്ങളുദ്ദേശിച്ച സ്ഥാനത്തല്ല കിടക്കുന്നതെന്നായിരുന്നു ഞങ്ങളുടെ ആദ്യത്തെ വിചാരം. എന്നാൽ ആ ദ്വീപിനവിടെ നിന്നും മാറാൻ കഴിയുകയില്ലല്ലൊ. അതിനാൽ രാത്രിയിൽ ഞങ്ങളുടെ ചങ്ങാടം തീൎച്ചയായും വടക്കോട്ടൊഴുകുന്ന ഒരു പ്രവാഹത്തിൽപെട്ടിരിക്കണം. നിശാന്ധകാരത്തിൽ ഞങ്ങൾക്കാ ദ്വീപിലെത്താനുള്ള സാദ്ധ്യത നഷ്ടപ്പെട്ടു എന്നു് പ്രവാഹഗതിയിൽനിന്നു മനസ്സിലാക്കാൻ ചുററുമുള്ള സമുദ്രത്തിലേക്കൊന്നു നോക്കിയാൽ മതിയായിരുന്നു. ഞങ്ങളുടെ ചങ്ങാടം അപ്പോൾ കിടന്ന സ്ഥലത്തുനിന്നും ആ ദ്വീപിലേക്കു ചെല്ലാൻ കാററു് ഒട്ടുംതന്നെ സഹായകരമല്ലായിരുന്നു. ടുവാമൊററുആൎച്ചിപ്പെലാഗൊ ദ്വീപിനു ചുററുമുള്ള സമുദ്രം കരയിലേക്കൊഴുകുന്ന തദ്ദേശസമുദ്രപ്രവാഹങ്ങൾകൊണ്ടു് നിറഞ്ഞതായിരുന്നു. ആ പ്രവാഹങ്ങൾ കരയിലേക്കടിച്ചു കേറുമ്പോൾ പല വഴിക്കും തിരിഞ്ഞു ചായുമായിരുന്നു; എന്നു തന്നെയുമല്ല

കടൽപ്പുറവുകളിലും പവിഴപ്പൊയ്ക്കയിലും കയറിയിറങ്ങു ന്ന ശക്തമായ തരംഗപ്രവാഹങ്ങളുമായി ചേരുമ്പോൾ അവയിൽ പലതും ലക്ഷ്യംതെററി പല ദിക്കിലേക്കും പ്രവഹിക്കുകയും ചെയ്തിരുന്നു.

പങ്കായം തിരിച്ചിട്ടുനോക്കി. എന്നാൽ അതു കേവലം നിഷ്പ്രയോജനമെന്നു് ഞങ്ങൾക്കുതന്നെ അറിയാമായിരുന്നു. ആറരമണിയായപ്പോൾ സൂര്യൻ സമുദ്രത്തിൽ നിന്നും ഉയർന്നുപൊങ്ങി. ഉഷ്ണമേഖലാപ്രദേശങ്ങളിൽ എങ്ങനെയൊ, അതുപോലെ ആദിത്യൻ നേരേ മേല്പോട്ടു പ്രയാണമാരംഭിച്ചു. ഞങ്ങൾ മുമ്പുകണ്ട ദ്വീപു് ഏതാനും നാഴിക അകലത്തിലാണു് കിടന്നിരുന്നതു്. ചക്രവാളത്തിലേക്കു് ഇഴഞ്ഞുകയറുന്ന ഒരു വനം പോലെ ആയിരുന്നു അതു പ്രത്യക്ഷപ്പെട്ടതു്. മങ്ങിയ നിറത്തോട്ടുകൂടിയതും ഇടുങ്ങിയതുമായ കടല്പുറത്തിനു പിന്നിൽ വൃക്ഷങ്ങൾ തിങ്ങിക്കൂടി നിന്നിരുന്നു. കടൽക്കര അത്രയ്ക്കു താഴ്ന്നുകിടന്നിരുന്നതിനാൽ ചിലപ്പോൾ അലകൾകൊണ്ടു് അവ മറയ്ക്കപ്പെട്ടിരുന്നു. എറിക്കിൻെറ കണക്കനുസരിച്ചു് ടാമൊറവുദ്വീപസമൂഹത്തിൽ പുറംകാവലായി കിടക്കുന്ന പുക്കാ—പുക്കാ (Puka-puka) എന്ന ആദ്യത്തെ ദ്വീപായിരുന്നു അതു്. ആയിരത്തിതൊള്ളായിരത്തി നാല്പതിലെ ശാന്തസമുദ്രയാത്രാനിർദ്ദേശങ്ങളും ഞങ്ങളുടെ വിഭിന്നമായ രണ്ടു ചാർട്ടുകളും (ഭൂപടങ്ങളും) എറിക്കിൻെറ നിരീക്ഷണങ്ങളും അനുസരിച്ചു് ആ ദ്വീപിനു് വ്യത്യസ്തങ്ങളായ നാലു സ്ഥാനങ്ങളാണു് നല്കപ്പെട്ടിരുന്നതു്. എന്നാൽ അവിടെ അടുത്തെങ്ങും വേറെ ഒരു ദ്വീപും ഇല്ലാതിരുന്നതു

കൊണ്ടു് അതു് പുക്കാ—പുക്കാ തന്നെയെന്നുള്ളതിൽ യാതൊരു സംശയവുമില്ലായിരുന്നു.

അതിരുകടന്ന സന്തോഷപ്രകടനം ഒന്നുംതന്നെ പങ്ങാടത്തിൽ ഉണ്ടായില്ല. കാററുപായു് ശരിപ്പെടുത്തിപങ്കായം പഴയതുപോലെ തിരിച്ചിട്ടു. ഞങ്ങൾ എല്ലാവരും പാമരാഗ്രത്തിലൊ അണിയത്തട്ടിലൊ നിശ്ശബ്ദരായി നിന്നു്, അനന്തവും എല്ലാററിനേയും കീഴ്പ്പെടുത്തുന്നതുമായ സമുദ്രമദ്ധ്യത്തിൽ പെട്ടെന്നുയൎന്നു് കാണപ്പെട്ട കരയിലേയ്ക്കു തുറിച്ചു നോക്കി. ഇക്കഴിഞ്ഞ മാസമത്രയും ഞങ്ങൾ യഥാൎത്ഥത്തിൽ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയായിരുന്നു; അല്ലാതെ ചക്രവാളത്തിന്റെ അപരിമേയമായ വലയമദ്ധ്യത്തിൽ കിടന്നു കറങ്ങിക്കൊണ്ടിരിക്കുകയായിരുന്നില്ല, എന്നവസാനം ഞങ്ങൾക്കു ബോദ്ധ്യമായി. ആ ദ്വീപു് ചലിച്ചുകൊണ്ടിരുന്നു എന്നും, വലയാകാരവും ശൂന്യവും നീലിച്ചതും ഞങ്ങളുടെ സ്ഥിരം വാസഭൂമിയും ആയ സമുദ്രത്തിൽ പെട്ടെന്നു് ആവിൎഭവിച്ചതായിരുന്നു എന്നും ഞങ്ങളുടെ സാമ്രാജ്യത്തിലൂടെ കിഴക്കേ ചക്രവാളത്തിലേയ്ക്കു് അതു നീങ്ങിക്കൊണ്ടിരുന്നു എന്നും ഞങ്ങൾക്കു തോന്നി. യഥാൎത്ഥമായി പോളിനേഷ്യയിൽ എത്തിയതു നിമിത്തം ഞങ്ങളുടെ ഹൃദയം കുളിൎമ്മയും, പ്രശാന്തമായ കൃതാൎത്ഥതയുംകൊണ്ടു നിറഞ്ഞു. പക്ഷേ കടലിൽക്കൂടി യാതൊരു വിരാമവും കൂടാതെ പടിഞ്ഞാറോട്ടുതന്നെ പൊയ്ക്കൊണ്ടിരുന്നപ്പോൾ തന്നെ കേവലം നിസ്സഹായരായി ഒരു മരീചികയെപ്പോലെ, ആ ദ്വീപിനെ നോക്കി നില്ക്കേണ്ടി വന്നതിനാൽ ഞങ്ങൾക്കുണ്ടായ സംതൃപ്തിയിൽ നൈമിഷികമായ നൈരാശ്യവും കലൎന്നിരുന്നു.

സൂൎയ്യോദയത്തിനുശേഷം ആ ദ്വീപിന്റെ മദ്ധ്യഭാഗത്തുനിന്നും ഇടത്തുമാറി വൃക്ഷങ്ങളുടെ മുകളിലായി കറുത്തു നിബിഡമായ ധൂമപടലം ഉയൎന്നു! സൂക്ഷിച്ചു നോക്കി ഞങ്ങളതു മനസ്സിലാക്കി. ആ ദ്വീപവാസികൾ ഉണൎന്നെണീററു് പ്രഭാതഭക്ഷണം തയ്യാറാക്കുന്നതായി ഞങ്ങൾ ചിന്തിച്ചു. ആ ദ്വീപിലെ പാറാവുകാർ ഞങ്ങളെ കണ്ടിട്ടു് പുകകൊണ്ടു് അടയാളം നല്കി ഞങ്ങളെ അങ്ങോട്ടു ക്ഷണിക്കുകയായിരുന്നു എന്നാ ചിന്തയ ഞങ്ങൾക്കുണ്ടായില്ല. ഉദ്ദേശം ഏഴുമണിക്കു് കത്തിച്ച ബൊറാവൊതടിയുടെ മന്ദസുഗന്ധം കലൎന്ന വായു ഞങ്ങൾ ശ്വസിച്ചു. ലവണരസം അലിഞ്ഞുചേൎന്ന ഞങ്ങളുടെ നാസാരന്ധ്രങ്ങളെ അതു് ഇക്കിളികൊള്ളിച്ചു. തന്മൂലം ഫററുഹിവാ (Fatuhiva) ദ്വീപിലെ കടൽക്കരയിലെരിഞ്ഞ തീയെപ്പററി, എന്റെ ഉള്ളിൽ ഉറങ്ങിക്കിടന്നിരുന്ന സ്മരണകൾ പെട്ടെന്നു് ഉണൎന്നു. അരമണിക്കൂർ കഴിഞ്ഞപ്പോൾ കാടിന്റേയും പുതുതായി മുറിച്ച തടികളുടേയും ഗന്ധം ഞങ്ങൾ ശ്വസിച്ചു. ആ ദ്വീപു് ഞങ്ങളിൽനിന്നും പിൻവാങ്ങി ചങ്ങാടത്തിനു പിന്നിലായിത്തീൎന്നു. അപ്പോൾ അവിടെനിന്നും പുറപ്പെട്ട ഇളംതെന്നലിന്റെ ചെറുചലനങ്ങൾ ഞങ്ങളെ സ്പൎശിച്ചു. ഒരു കാൽമണിക്കൂർ സമയം ഹെർമാനും ഞാനും പാമരത്തിനു മുകളിൽ പററിപ്പിടിച്ചിരുന്നുകൊണ്ടു് ഇലകളുടേയും പച്ചപ്പടർപ്പുകളുടേയും ചുടുമണം ശ്വസിച്ചു. ഇതു് പോളിനേഷ്യ ആയിരുന്നു. ലവണജലം കൊണ്ടു് അഭിഷേകമേററു് തൊണ്ണൂററിമൂന്നു ദിവസം തിരമാലകളിൽ കഴിഞ്ഞതിനുശേഷം കരയിൽനിന്നും

ആദ്യമായി കിട്ടുന്ന മധുരമനോഹരമായ മണം ഇതായിരുന്നു. ബങ്ൻറ് വീണ്ടും തൻെറ കിടക്കസ്സഞ്ചിയിൽ കയറി ക്രൂർം വലിച്ചുറങ്ങാൻ തുടങ്ങി. ഹെറിക്കും ടോർസ്റ്റീനും കുടിലിനകത്തു മലൎന്നു കിടന്നുകൊണ്ടു ചിന്തയിൽ മുഴുകി. നട്ട് അകത്തേയ്ക്കും പുറത്തേയ്ക്കും നടന്ന്, ഇലപ്പടപ്പുകളുടെ ഗന്ധം മണപ്പിച്ച് ഡയറിക്കുറിപ്പുകൾ എഴുതി.

എട്ടരമണി കഴിഞ്ഞപ്പോൾ പുക്കാ-പുക്കാ ദ്വീപുകൾ ഞങ്ങളുടെ പിന്നിൽ മറഞ്ഞു. എന്നാൽ പതിനൊന്നുമണിവരെ പാമരത്തിനു മുകളിൽനിന്നും കിഴക്കേ ചക്രവാളത്തിനുപരി ഒരു നേരിയ നീലരേഖപോലെ ആ ദ്വീപു കാണാമായിരുന്നു. അതു് പെട്ടെന്നു തന്നെ അപ്രത്യക്ഷമായി. ചലനരഹിതമെന്നവണ്ണം ആകാശത്തിലേയ്ക്കുയരുന്ന ഉന്നതമായ ഒരു * കുമുലുനിമ്പസ് (Cumulunimbus) മേഘംമാത്രമായിരുന്നു പുക്കാ-പുക്കാ എവിടെയെന്നറിയിച്ചതു്. പക്ഷികൾ അപ്രത്യക്ഷങ്ങളായി. ദ്വീപുകളിലേയ്ക്കു കാററടിക്കുന്ന ദിക്കുനോക്കി പറക്കാനാണവ ഇഷ്ടപ്പെട്ടിരുന്നതു്. അങ്ങനെ ചെയ്താൽ വയറുനിറയെ തീററതിന്നു് സന്ധ്യാവേളയിൽ സ്വസങ്കേതങ്ങളിലേയ്ക്കു മടങ്ങുമ്പോൾ കാററു് അവയ്ക്കനുകൂലമായിരിക്കും. കടൽപ്പന്നികളേയും അധികം കാണ്മാനില്ലായിരുന്നു. പൈലററ് മത്സ്യങ്ങളും വളരെ കുറച്ചുമാത്രമേ ചങ്ങാടത്തിനടിയിലുണ്ടായിരുന്നുള്ളു.

ആ രാത്രിയിൽ ഒരു മേശയും കസേരയും കിട്ടിയി

---

* ശാന്തസമുദ്രദ്വീപുകൾക്കു മുകളിൽ സാധാരണ കാണപ്പെടുന്ന നിശ്ചലമായ മേഘം-ലാററിൻനാമമാണു്.

രുന്നെങ്കിൽ കൊള്ളാമായിരുന്നു എന്നു് ബെഡ്ന്റ്് ആഗ്രഹിച്ചു. വായിക്കുമ്പോൾ മലന്നും കമഴ്ന്നും കിടക്കുന്നതു് അസഹ്യമായി തോന്നിയില്ലായിരുന്നുവെങ്കിൽ, ഞങ്ങൾ കരയിലടുക്കാഞ്ഞതിൽ അയാൾക്കു സന്തോഷമേ ഉണ്ടായിരുന്നുള്ളു. അയാൾക്കിനിയും മൂന്നു പുസ്തകങ്ങൾ വായിച്ചുതീൎക്കാനുണ്ടായിരുന്നു. അതായിരുന്നു ആ സന്തോഷത്തിനുള്ള കാരണം. ഒരാപ്പിൾപഴം കിട്ടിയാൽ കൊള്ളാമായിരുന്നു എന്നു് ടോർസ്റ്റീന് ഉടൻ ഒരാഗ്രഹമുണ്ടായി. പാകപ്പെടുത്തിയ മാംസത്തിന്റെയും ഉള്ളിയുടേയും കൊതിയുണൎത്തുന്ന മണം സ്പഷ്ടമായി എന്റെ മൂക്കിലേററതുപോലെയുള്ള ഒരനുഭവമെനിക്കുണ്ടായി ഞാൻ രാത്രിയിൽ ഉണൎന്നു. നനഞ്ഞുനാറിയ ഷർട്ടിന്റെ മണമായിരുന്നു അതെന്നു് എനിക്കനേരം മനസ്സിലായി.

രണ്ടാവിയന്ത്രങ്ങളിൽ നിന്നും പൊങ്ങുന്ന നീരാവിപോലെ, അടുത്ത പ്രഭാതത്തിൽ, ചക്രവാളത്തിനാടിയിലുയരുന്ന രണ്ടു പുതിയ മേഘങ്ങളെ ഞങ്ങൾ കണ്ടു. പുകപുറപ്പെട്ട ആ രണ്ടു പവിഴപ്പുററുദ്വീപുകളും ഫംഗാഹൈനയും (Fangahina) അംഗാതൌയും (Angatau) ആണെന്നു് ഞങ്ങൾ ഭൂപടത്തിൽ നോക്കി മനസ്സിലാക്കി. കാററടിച്ചുകൊണ്ടിരുന്നപ്പോൾ അംഗാതൌയിലെ മേഘം ഞങ്ങൾക്കേററവും അനുകൂലമായിട്ടാണു് സ്ഥിതിചെയ്തിരുന്നതു്. അതിനാൽ ഞങ്ങൾ ചങ്ങാടത്തിന്റെ ഗതി അങ്ങോട്ടു തിരിച്ചുവിട്ടു. പങ്കായം ഉറപ്പിച്ചുകെട്ടിയിട്ടു് ശാന്തസമുദ്രത്തിലെ അത്ഭുതകരമായ ശാന്തതയും സ്വാതന്ത്ര്യവും ഞങ്ങൾ അനുഭവിച്ചു. പ്ര

ശാന്തമായ ദിനങ്ങളിൽ കോൺടിക്കിയിൽ അണിയ ത്തട്ടിലുള്ള ജീവിതം ഏററവും സുന്ദരവും ശോഭനവുമാ യിരുന്നു. അതിനാൽ എന്തുതന്നെ സംഭവിച്ചാലും ശ രി, കരയ്ക്കടുത്തു വേഗം യാത്ര അവസാനിപ്പിക്കാമെന്ന ബോധം ഞങ്ങൾക്കു സുദൃഢമായി.

അംഗാതപാദദ്വീപിനു മുകളിൽ കണ്ട മേഘത്തെ ല ക്ഷ്യമാക്കി ഇടതടവില്ലാതെ മൂന്നു ദിവസം രാപ്പകൽ ഞങ്ങൾ പങ്കായംപിടിച്ചു. പ്രവാഹം ഞങ്ങളെ ചതി ച്ചില്ല. കാലാവസ്ഥയാകട്ടെ, സുന്ദരമായിരുന്നു. പങ്കാ യം മാത്രമാണു് ഞങ്ങളുടെ ഗതിയെ നിയന്ത്രിച്ചതു്. നാലാം ദിവസം പ്രഭാതത്തിൽ നാലുമണി മുതൽ ആറു മണിവരെ നീണ്ടുനിന്ന അമരത്തിൻെറ ചുമതലയിൽ നിന്നും ടോർസ്റ്റീൻ ഹെർമാനെ വിടുതൽചെയ്തു. ചന്ദ്രി കയിൽ ഒരു ദ്വീപിൻെറ അവ്യക്തരൂപം താൻ ക ണ്ടതായി ഹെർമാൻ ഞങ്ങളെ അറിയിച്ചു. സൂര്യനുദി ച്ചപ്പോൾ ടോർസ്റ്റീൻ കുടിലിൻെറ വാതുക്കൽ തലകാ ണിച്ചു് 'മുന്നിൽ കര' എന്നുച്ചത്തിൽ വിളിച്ചുപറഞ്ഞു. ഞങ്ങളെല്ലാവരും അണിയത്തട്ടിൽ പാഞ്ഞെത്തി. ദൃ ഷ്ടിവിഷയമായ വസ്തു, കൊടികളെല്ലാമുയർത്താൻ ഞങ്ങ ളെ പ്രേരിപ്പിച്ചു. ആദ്യമായി ഞങ്ങൾ നോർവീജി യൻ പതാക പിന്നിലുയർത്തി. ഫ്രഞ്ചധീനതയിലുള്ള ഒരു കോളനിയിലേക്കു ഞങ്ങൾ കടക്കുകയായിരുന്നതു കൊണ്ടു് പാമരത്തിലൊരു ഫ്രഞ്ചുകൊടിയും കെട്ടി. അ മേരിക്ക, ബ്രിട്ടൻ, പെറു, സ്വീഡൻ എന്നീ രാജ്യങ്ങളു ടെയെല്ലാം പതാകകൾ പെട്ടെന്നു് ചങ്ങാടത്തിൽ പാ റിപ്പറക്കാൻ തുടങ്ങി. കൂടാതെ എക്സ്പ്ലൊറേഷൻ ക്ല

ബ്ബിൻെറ കൊടിയും ഞങ്ങൾ പാറിച്ചു. തന്മൂലം കോൺടിക്കി വേണ്ടവണ്ണം അലങ്കരിക്കപ്പെട്ടിരുന്നു എന്നുള്ള കാര്യത്തിൽ ആൎക്കും യാതൊരു സംശയവും ഉണ്ടായില്ല. നാലുദിവസം മുമ്പ് സൂൎയ്യോദയത്തിൽ ഉയൎന്നു കണ്ട പുക്കാ—പുക്കാ ദ്വീപിനേക്കാൾ പ്രസ്തുത ദ്വീപ് ഞങ്ങളിൽ നിന്നും അകന്നാണ് കിടന്നിരുന്നതെങ്കിലും ഞങ്ങളുടെ ചങ്ങാടത്തിൻെറ മുന്നോട്ടുള്ള ഗതിക്കഭിമുഖമായിട്ടുതന്നെയായിരുന്നു അതു പ്രത്യക്ഷപ്പെട്ടതു്. സൂൎയ്യൻ പിന്നിലുദിച്ച് മേല്പോട്ടുയൎന്നപ്പോൾ ആ ദ്വീപിൻെറ ഉപരിഭാഗത്തായി മൂടൽമഞ്ഞു പൊതിഞ്ഞ ആകാശത്തിൽ വളരെ ഉയൎന്ന് അതിമനോഹരമായ ഒരു മരതകപ്രഭ ഞങ്ങൾ കണ്ടു. ചുററിനിന്ന പവിഴക്കോട്ടയുടെള്ളിൽ സ്ഥിതിചെയ്യുന്ന ശാന്തസുന്ദരവും ശുഭ്രവും മരതകപ്പച്ചയണിഞ്ഞതുമായ പവിഴപ്പൊയ്കയുടെ പ്രതിഫലനമായിരുന്നു അതു്. പവിഴപ്പുററുകൾ ചുററി താഴ്ന്നുകിടക്കുന്ന ചില തടാകങ്ങൾ ആകാശത്തിൽ അനവധി അടി ഉയരത്തിൽ ഇത്തരം മരുമരീചികകൾ പ്രതിഫലിപ്പിക്കാറുണ്ടു്. ചക്രവാളത്തിൽ ദ്വീപ് പ്രത്യക്ഷപ്പെടുന്നതിനു വളരെ ദിവസം മുമ്പുതന്നെ ഈ പ്രതിഭാസങ്ങൾ പ്രാചീനനാവികന്മാൎക്ക് ദ്വീപു കിടക്കുന്നതെവിടെയെന്നു് അറിവുകൊടുത്തിരുന്നു.

ഉദ്ദേശം പത്തുമണിക്കു ഞങ്ങൾതന്നെ പങ്കായച്ചുമതല ഏറെറടുത്തു. ദ്വീപിൻെറ ഏതു ഭാഗത്തേയ്ക്കാണ് പങ്കായംപിടിച്ചു ചങ്ങാടത്തെ തിരിച്ചുവിടേണ്ടതെന്നു ഞങ്ങൾക്കു നിശ്ചയിക്കേണ്ടിയിരുന്നു. തെങ്ങിൻകൂട്ടത്തിൽനിന്നു ഓരോ കേരവൃക്ഷത്തേയും ഞങ്ങൾക്കു

പ്പോഠം തിരിച്ചറിയാൻകഴിഞ്ഞു. നിബിഡമായി പന്തലിച്ചുകിടക്കുന്ന ഇലപ്പടർപ്പുകളിൽനിന്നും, സൂര്യപ്രഭയിൽ പ്രകാശിച്ചുകൊണ്ടുനില്ക്കുന്ന വൃക്ഷങ്ങളുടെ നേർത്തടികഠം ഞങ്ങഠംക്കു വേർതിരിച്ചറിയാൻ സാധിച്ചു. നിരുപദ്രവമായ ആ ദ്വീപിനെ സമീപിക്കുന്ന ഏതിനേയും തട്ടിയുടച്ചുനശിപ്പിക്കാൻ കഴിവുള്ള പാറക്കെട്ടുകഠം ഞങ്ങഠംക്കും ആ കടൽപ്പുറററിനും മദ്ധ്യേ വെള്ളത്തിൽ മുങ്ങി എവിടെയോ കിടപ്പുണ്ടായിരുന്നു എന്നു് ഞങ്ങഠംക്കു നല്ലതുപോലെ അറിയാമായിരുന്നു. ആ കടൽപ്പുററുകഠം കിഴക്കുനിന്നും അടിച്ചുവരുന്ന അലകളുടെ ബാധയേല്ക്കാതെ വെള്ളത്തിനടിയിൽ താണുകിടക്കുകയായിരുന്നു. അതിനാൽ കടൽപ്പുറററിനുപരിഭാഗത്തു് ജലപ്പരപ്പിൻെറ ശാന്തത നഷ്ടപ്പെട്ടു് ആകാശത്തിലുയൻനില്ക്കുന്ന പവിഴപ്പുറററിൽ അതു് ഭയങ്കരശബ്ദത്തോടുകൂടി പതഞ്ഞു പതിച്ചിരുന്നു. ടാമൊററു ദ്വീപസമൂഹത്തിൽപെട്ട ഈ കടൽപ്പുറററിലേയ്ക്കുള്ള വെള്ളത്തിൻെറ ഉഠംവലിവിൽപെട്ടു് പല കപ്പലുകളും നേരേ പവിഴപ്പുറററിൽചെന്നടിച്ചു തകൻപോയിട്ടുണ്ടു്.

സമുദ്രത്തിൽനിന്നും ഈ കള്ളക്കുരുക്കിനെപ്പററി ഞങ്ങഠംക്കൊന്നും അറിയാൻ കഴിഞ്ഞിട്ടില്ല. തിരമാലകളുടെ ശക്തിയെത്തുടൻ് ഞങ്ങഠം ഉള്ളിലേയ്ക്കു സഞ്ചരിച്ചു. ഒന്നിനെ തുടൎന്നൊന്നായി അലകളുടെ തിളങ്ങുന്ന മുകപ്പു് ദ്വീപിനുനേരേ പോയിമറയുന്നതുമാത്രമേ ഞങ്ങഠം കണ്ടുള്ളു. ആ കടൽപ്പുററും അതിനു മുകളിൽ പതഞ്ഞുപൊങ്ങുന്ന ഇന്ദ്രജാലക്കളികളും ഞങ്ങളുടെ പുരോഭാഗത്തു് അണിയണിയായി കുതിക്കുന്ന വിസ്തൃത

മായ അലകൾക്കുമപ്പുറം മറയ്ക്കപ്പെട്ടുകിടന്നിരുന്നു. ആ ദ്വീപിന്റെ തെക്കും വടക്കും പകുതി കടൽക്കര കാണാൻ ഞങ്ങൾക്കു കഴിഞ്ഞു; മാത്രമല്ല കടൽക്കരയിൽനിന്നും ഏതാനുംവാരയകലെ ആ ദ്വീപിന്റെ രണ്ടറ്റത്തുമായി എട്ടത്തെറിയപ്പെട്ട അല പതഞ്ഞുപൊങ്ങി ഒരു വെളുത്ത ക്രുമ്പാരംപോലെ ഞങ്ങളുടെ ദൃഷ്ടിയിൽപെട്ടു. അങ്ങകലെയുള്ള ആ ദ്വീപിന്റെ തെക്കേ അററത്തുനിന്നും അകന്നുകിടക്കുന്ന അപകടകരമായ കടൽപ്പുററിനു വെളിയിലൂടെ ഞങ്ങൾ യാത്രചെയ്തു. ആ കടൽപ്പുററു കടന്ന് അപ്പുറം എത്തിക്കഴിഞ്ഞാൽ കാററിനെതിരേ കിടക്കുന്ന ആ ദ്വീപിന്റെ മറുഭാഗത്തു ചെന്നെത്തത്തക്കവണ്ണം പവിഴപ്പുററിനു സമാന്തരമായി യാത്രചെയ്യുവാൻ കഴിയുമെന്നു ഞങ്ങൾ ആശിച്ചു. അല്ലെങ്കിൽ സമുദ്രപ്രവാഹത്തിൽപെട്ട് ദൂരെയാകുന്നതിനു മുമ്പ് കാററു മാറി ഞങ്ങളെ ആ ദ്വീപിന്റെ മറുകരയ്ക്കു താഴെക്കൊണ്ടുചെന്നാക്കുന്നതുവരെ കാത്തിരിക്കുകയും നങ്കൂരമുറപ്പിച്ച് മുന്നോട്ടുള്ള ഗതി തടയാൻകഴിയത്തക്കവിധത്തിൽ ആഴംകുറഞ്ഞ സ്ഥലത്തു ചെന്നെത്തുകയും ചെയ്യത്തക്കവണ്ണം ഞങ്ങൾക്കു ചങ്ങാടത്തെ മുന്നോട്ടു നയിക്കുവാൻ സാധിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിച്ചു.

ഏകദേശം നട്ടുച്ചയായപ്പോൾ ദൂരദർശിനിയിലൂടെ ഞങ്ങൾ ആ ദ്വീപിലേയ്ക്കു നോക്കി. അപ്പോൾ കടൽതീരത്ത് പച്ചക്കുടകൾ വിടർത്തിയ തെങ്ങുകൾ ഞങ്ങൾ കണ്ടു. മുന്നിൽ അതിസമൃദ്ധിയായി മുളച്ചു വളന്ന് കാററിലുലഞ്ഞാടി നില്ക്കുന്ന ചെടികൾക്കു മുകളിൽ ഉയർത്തിയ തെങ്ങിൻതലകൾ ഒന്നിച്ചു കൂടിച്ചേർന്നു നി

ന്നു. പച്ചപ്പടപ്പുകളുടേയും തെങ്ങുകളുടേയും മുന്നിൽ കടലോരത്തെ തിളങ്ങുന്ന മണലിൽ ചുററിനും പവിഴപ്പുററുകൾ ചിന്നിച്ചിതറി കിടന്നിരുന്നു. തെങ്ങിൻമുകളിൽക്കൂടി പറന്നു പോകുന്ന പക്ഷികളെ ഒഴിവാക്കിയാൽ ആ ദ്വീപിൽ ജനവാസമുണ്ടെന്നുള്ളതിനു് യാതൊരു തെളിവുമുണ്ടായിരുന്നില്ല.

മണി രണ്ടായപ്പോൾ ഞങ്ങൾ ആ ദ്വീപിനോടു വളരെ അടുത്തു. അപകടകരമായ മണൽത്തിട്ടകൾക്കു വെളിയിലൂടെ പവിഴപ്പുററിനു സമാന്തരമായി ഞങ്ങൾ യാത്ര ആരംഭിച്ചു. ക്രമേണ ദ്വീപിനോടടുത്തുകൊണ്ടിരിക്കുമ്പോൾ, അനുസ്യൂതം പതിച്ചുകൊണ്ടിരിക്കുന്ന ഒരു വെള്ളച്ചാട്ടംപോലെ തീരത്തിലുള്ള പവിഴപ്പുററിൽ ആഞ്ഞടിക്കുന്ന അലകളുടെ ഗർജ്ജനം ഞങ്ങൾ കേട്ടു. ഏതാനുംവാരയകലെ ഞങ്ങളുടെ വലതുഭാഗത്തു് ഞങ്ങൾക്കു സമാന്തരമായി ഓടിക്കൊണ്ടിരിക്കുന്ന അനന്തമായ ഒരു എക്സ്പ്രസ്സ് ട്രെയിൻ എന്നപോലെ പവിഴപ്പുററിലടിക്കുന്ന അലകളുടെ ഇരമ്പൽ കേൾക്കാമായിരുന്നു. ഞങ്ങളുടെ സഞ്ചാരമാർഗ്ഗത്തിൽനിന്നും ഉള്ളിലേയ്ക്കു മാറി അലറി ഒടിച്ചു കുത്തുന്ന അലകൾക്കും പിന്നിൽ ചിലപ്പോൾ ആകാശത്തിലേയ്ക്കുയർന്നുപൊങ്ങുന്ന പതഞ്ഞ നീർത്തെറിപ്പുകൾ ആ സമയത്തും ഞങ്ങളുടെ ദൃഷ്ടിയിൽ പെട്ടിരുന്നു.

ഒരേസമയത്തു് രണ്ടുപേർ പങ്കായം പിടിച്ചുകൊണ്ടിരുന്നു. അവർ കുടിലിനു പുറകിലായിരുന്നതുകൊണ്ടു് മുമ്പിലുള്ളതൊന്നും അവർക്കു കാണാൻ കഴിഞ്ഞില്ല. ഏറിക്കു് ഒരു നാവികനെപ്പോലെ, ചങ്ങാടത്തട്ടി

ലൊരു പെട്ടിയിൽ നിന്നുകൊണ്ടു് അമരം പിടിക്കുന്ന വക്ക് നിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരുന്നു. അപകടകരമായ ആ പവിഴപ്പുററിനോടു കൂടുതൽ അടുത്തിരുന്നാൽ സുരക്ഷിതമായിരിക്കുമെന്നു കരുതി, അതാണു് ഞങ്ങൾ ഉന്നിയതു്. പവിഴപ്പുററിനുള്ളിൽ പ്രവേശിക്കാൻ ഏതെങ്കിലും പഴുതുണ്ടോയെന്നു് പാമരത്തിനു മുകളിൽ നിന്നുകൊണ്ടു ഞങ്ങൾ തുടരെത്തുടരെ നോക്കിക്കൊണ്ടിരുന്നു. ഏതെങ്കിലും പൊഴി അവിടെ ഉണ്ടായിരുന്നെങ്കിൽ ഞങ്ങളുടെ ചങ്ങാടത്തിനു് ആ ദ്വീപിൽ പ്രവേശിക്കാമായിരുന്നു. സമുദ്രപ്രവാഹം ആ പവിഴപ്പുററിന്റെ നീളമത്രയും ഞങ്ങളെ ഓടിച്ചു കൊണ്ടുപോയി. എന്നാലതു ഞങ്ങളെ വഞ്ചിച്ചില്ല. കാററു് പവിഴപ്പുററിലേയ്ക്കുതന്നെ അടിച്ചുകൊണ്ടിരുന്നു. പക്ഷേ കാററിനു നേരെ ഇരുവശത്തേയ്ക്കും ഇരുപതു ഡിഗ്രി ചരിഞ്ഞു പോകാൻ ശിഥിലമായ സെന്റർബോർഡു് ഞങ്ങളെ സഹായിച്ചു. കാററാണെങ്കിൽ പവിഴപ്പുററിനു സമാന്തരമായിട്ടാണടിച്ചതു്.

എറിക്കാണു് ഞങ്ങളുടെ വക്രഗതിയെ നയിച്ചുകൊണ്ടിരുന്നതു്. വലിവുകൊണ്ടു് പവിഴപ്പുററിനോടടുത്തായിരുന്നു അയാൾ ചങ്ങാടത്തിന്റെ വഴി തെളിച്ചുവിട്ടതു്. കയറുകൊണ്ടു് ചങ്ങാടത്തോടു ബന്ധിച്ച റബ്ബർബോട്ടിൽ ഞാനും ഹെർമാനുംകൂടി അലകളിലേയ്ക്കു തുഴഞ്ഞു. ചങ്ങാടം അകത്തേയ്ക്കുള്ള ഗതി ആരംഭിച്ചപ്പോൾ ഞങ്ങൾ ചങ്ങാടത്തിൽ കെട്ടിയിരുന്ന കയറിൽ കിടന്നാടുകയും പവിഴപ്പുററിനോടു വളരെ അടുക്കുകയും ചെയ്തു. അതിനാൽ ഞങ്ങളിൽനിന്നും ദൂരെ ഒടിച്ചു മട

ങ്ങന്ന സ്ഫടിക നിമ്മലവും പച്ചനിറം കലന്നതുമായ ജല പ്രകാശം ഒരുനോക്ക കാണുവാൻ ഞങ്ങൾക്ക സാധിച്ചു. അലകൾ സ്വയം പിന്നോക്കം വലിഞ്ഞപ്പോൾ ഇരുമ്പു ഖനി ഇളക്കി മറിച്ചതുപോലെ നഗ്നമായ പവിഴപ്പുറവ് ദൃഷ്ടിഗോചരമായി. ഞങ്ങൾക്ക കാണാൻ കഴിഞ്ഞിടത്തോളം ആ ദ്വീപിനകത്തേയ്ക്കുള്ള ഒരു മാൎഗ്ഗവും തീരത്തു് പ്രത്യക്ഷമായിരുന്നില്ല. അതിനാൽ എറിക്ക് കാററുപായിൻെറ ഇടതുഭാഗം മുറുക്കുകയും വലതുഭാഗം അയയ്ക്കുകയും ചെയ്തു് അതു ശരിപ്പെടുത്തി. അമരക്കാരൻ പങ്കായം പിടിക്കാനും തുടങ്ങി. വീണ്ടും ഉൾപ്രദേശത്തിലേയ്ക്കു ഗതി തിരിച്ചുവിടുന്നതുവരെ കോൺടിക്കി അങ്ങനെ അപകടമേഖലയിൽനിന്നും മുഖം തിരിച്ച് പുറംകടലിലേയ്ക്കു നീങ്ങി.

ഓരോ തവണയും കോൺടിക്കി ആ പവിഴപ്പുററിനഭിമുഖമാകുകയും വീണ്ടും തിരിയുകയും ചെയ്തു. ബോട്ടിലിരുന്ന ഞങ്ങൾ രണ്ടുപേൎക്കും ഉൾക്കിടിലം ഉണ്ടായി. എന്തെന്നാൽ ഓരോ പ്രാവശ്യവും ഞങ്ങൾ പവിഴപ്പുററിനോടടുത്തുകൂട്ടുത്തുവന്നു. അതിനാൽ അലകളുയന്നതനുസരിച്ചു് ഞങ്ങളെ പുററിലെടുത്തടിക്കാനുള്ള ശക്തിയതിനുണ്ടെന്നു ഞങ്ങൾക്ക തോന്നി. ഇപ്രാവശ്യം എറിക്ക് വളരെ അടുത്തുപോയി എന്നും പവിഴപ്പുററിലേക്ക ഞങ്ങളെ അടുപ്പിച്ചുകൊണ്ടിരുന്ന അലകളിൽ നിന്നും കോൺടിക്കിക്കു് അകന്നു രക്ഷപെടാൻ യാതൊരു മാൎഗ്ഗവുമില്ലെന്നും ഓരോ പ്രാവശ്യവും ഞങ്ങൾ ദൃഢമായി വിചാരിച്ചു. പക്ഷേ ആ അവസരങ്ങളിലെല്ലാം എറിക്ക് വളരെ വിദഗ്ദ്ധമായി ചങ്ങാട

ത്തെ അലയുടെ പിടിയിൽനിന്നും വിമുക്തമാക്കി. ഒടുവിൽ ഉൾവലിവിൽ നിന്നും നല്ലവണ്ണം അകന്ന് കോൺടിക്കി പുറംകടലിലേക്കോടാൻ തുടങ്ങി. അതുവരെയും തീരത്തോടു വളരെ അടുത്തു യാത്രചെയ്യാൻ കഴിഞ്ഞതിനാൽ കരയുടെ സകല സ്വഭാവവിശേഷങ്ങളും ഗ്രഹിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞു. ദ്വീപിനും ഞങ്ങൾക്കുമിടയ്ക്ക് പതഞ്ഞുപൊങ്ങിയ ആ കിടങ്ങുകിടന്നിരുന്നതിനാൽ ആ ദ്വീപിന്റെ സ്വർഗ്ഗീയസൌന്ദര്യം ഞങ്ങൾക്ക് അപ്രാപ്യമായിത്തീൎന്നു.

മൂന്നു മണിയോടുകൂടി തീരത്തുനില്ക്കുന്ന തെങ്ങുകൾ ദൃഷ്ടിഗോചരങ്ങളായി. പവിഴപ്പുററിലെ വീതികുറഞ്ഞ ഒരു പിളപ്പിലൂടെ സ്ഫടികംപോലെ സുപ്രസന്നമായ ആ നീലപ്പൊയ്ക ഞങ്ങൾ നേരേ കണ്ടു. വെളുത്ത പതയിൽ ആപത്സൂചകമായ ചുവന്ന പല്ലിറുമ്മിക്കൊണ്ടു് ആ ദ്വീപിനെ ചുററിയ പവിഴപ്പുററ് യഥാപൂൎവ്വം അചഞ്ചലമായിത്തന്നെ കിടന്നു. പ്രവേശനമാൎഗ്ഗമൊന്നും ഞങ്ങളവിടെ കണ്ടില്ല. പിന്നിൽ നിന്നും കാററടിയേററുകൊണ്ടു് ഞങ്ങൾ ആയാസപ്പെട്ടു് തീരത്തിനു നെടുനീളത്തിൽ മുന്നോട്ടു പോയപ്പോൾ തെങ്ങിൻതോപ്പുകൾ അവസാനിച്ചു. ചെറുതായി ചെറുതായി ഉള്ളിലേക്കു കിടക്കുന്ന തെങ്ങുകൾ ആ പവിഴദ്വീപിനുള്ളിലേക്കു ദർശനം നല്കി. കാററിലുലഞ്ഞാടുന്ന കേരവൃക്ഷങ്ങളാലും അലകളിൽ കുളിച്ചു് തിളങ്ങുന്ന തീരപ്രദേശത്താലും ചുററപ്പെട്ട ഏററവും മധുരമനോഹരമായ ഒരു ലവണജലതടാകം പ്രശാന്തസുന്ദരമായ ഒരു വലിയ പൎവ്വതവാപിപോലെ ആ ദ്വീപിനകത്തു ശോഭിച്ചിരു

ന്നു. തെങ്ങിൻതോപ്പുകൾ നിറഞ്ഞ ആ ദ്വീപ് അത്യാകർഷകമായ ആ പവിഴപ്പൊയ്കയെ ചുററിയ മൃദുവും വിസ്തൃതവുമായ ഒരു സൈകത വലയമായിത്തീന്നിരുന്നു. സ്വർഗ്ഗസദൃശമായ ആ ദ്വീപിൻെറ കവാടങ്ങളെ കാത്തുകൊണ്ടു് ഫേനതിരരിവാൾപോലെ വളഞ്ഞു് ദ്വീപിനെ മുഴുവൻ ചുററുന്ന മറെറാരു പവിഴക്കോട്ടയും ഉണ്ടായിരുന്നു.

ഓരോ ദിവസവും ഞങ്ങൾ അംഗാതപാ ദ്വീപിനു സമാന്തരമായി വക്രഗതിയിൽ യാത്രചെയ്യുകയും സമീപസ്ഥിതരായി അതിൻെറ സൌന്ദര്യം അറിഞ്ഞു് ആസ്വദിക്കുകയും ചെയ്തു. തെങ്ങുകളിൽ സൂര്യരശ്മികൾ പതിച്ചു ദ്വീപിനകത്തു പ്രത്യക്ഷപ്പെട്ടവയെല്ലാം സ്വർഗ്ഗീയാനുഭൂതിയും ആനന്ദവും പകൻ തരുന്നവയായിരുന്നു. ആ പരിതഃസ്ഥിതിയിൽ ചങ്ങാടത്തിൻെറ ഗതി നിയന്ത്രിക്കാനുള്ള ഞങ്ങളുടെ കഴിവും സാമത്ഥ്യവും ഒരു പ്രതിദിനകൃത്യമായിത്തീന്നു. ചങ്ങാടത്തിൻെറ പാർശ്വഭാഗത്തു് വിഭവസമൃദ്ധമായ ഭക്ഷണം ബങ്ൻറ് ഞങ്ങൾക്കു വിളമ്പിത്തന്നുകൊണ്ടിരിക്കുമ്പോൾ ഹെറിക്ക്, പെറുവിയന്മാർ സൂര്യരശ്മികളെ തടയാൻ സാധാരണ ഉപയോഗിച്ചിരുന്ന വലിയ തൊപ്പിയും ധരിച്ചു്, ചങ്ങാടത്തിൻെറ അണിയത്തട്ടിൽനിന്നുകൊണ്ടു് ഭാവനാസുന്ദരമായ ദക്ഷിണശാന്തസമുദ്ര ഗാനങ്ങൾ പാടി വീണവായിച്ചുകൊണ്ടിരുന്നു. ദ്വീപിനുള്ളിൽ തെങ്ങുകളിൽ നിറഞ്ഞു തൂങ്ങിനില്ക്കുന്ന ഇളംകരിക്കുകൾ സ്മരിച്ചുകൊണ്ടു് പെറുവിൽനിന്നും ഞങ്ങൾ കൊണ്ടുവന്ന തേങ്ങ തുളച്ചു കുടിച്ചു. മണ്ണിൽ വേരുറച്ചു് ഞങ്ങ

ളുടെ മുമ്പിൽ പ്രകാശിച്ചുനിന്ന മനോഹരമായ പച്ച ത്തെങ്ങിൻതോപ്പുകളിലും, സ്ഫടികനിർമ്മലമായ തടാക ത്തിലും മൃദുവായ മണൽവിരിപ്പിട്ട തീരത്തിലും വ്യാപി ച്ചുനിന്ന പ്രശാന്തിയും പവിഴപ്പുററിൻെറ ക്രൌര്യവും ആകാശത്തിലേയ്ക്കുരുണ്ടുപൊങ്ങുന്ന അലകളുടെ പീര ങ്കി പൊട്ടുംപോലെയുള്ള മുഴക്കവും—എന്നുവേണ്ട ആ അന്തരീക്ഷം മുഴുവൻ പുറംകടലിൽനിന്നും വന്ന ഞങ്ങ ആറുപേരിലും ഏകാന്തമായ നിർവൃതി ജനിപ്പിച്ചു. ഞങ്ങളുടെ സ്മരണമണ്ഡലത്തിൽനിന്നും ഒരിക്കലും മറ യ്ക്കാനോ, മായ്ക്കാനോ ആവാത്ത ഒരനുഭൂതിവിശേഷമാ യിരുന്നു അതു്. ഞങ്ങൾ ആ ദ്വീപിൻെറ മറുവശത്തു ചെന്നുചേർന്നു എന്നു തീർച്ചപ്പെടുത്തി. ഇത്ര അനവദ്യ സുന്ദരമായ മറെറാരു ദക്ഷിണശാന്തസമുദ്രദ്വീപ് ഞ ങ്ങളൊരിക്കലും കാണുകയില്ല. കരയിലിറങ്ങിയോ ഇ ല്ലയോ എന്നുള്ളതു് ഒരു കാര്യമല്ല. ഞങ്ങളേതായാലും പോളിനേഷ്യയിലെത്തിക്കഴിഞ്ഞു. വിശാലമായ സമു ദ്രം എന്നെന്നേയ്ക്കുമായി ഞങ്ങളുടെ പിന്നിലാകുകയും ചെയ്തു.

അംഗാതപാ ദ്വീപിൽ ഞങ്ങൾ എത്തിച്ചേർന്ന സു ദിനം യാത്രതിരിച്ചതിൻെറ തൊണ്ണൂററിഏഴാംദിവസ മായിരുന്നു. അതു കേവലം യാദൃച്ഛികമായിരുന്നു. ഏ ററവും അനുകൂലമായ കാലാവസ്ഥയിൽ പോളിനേഷ്യൻ ദ്വീപിലെത്താൻ കുറഞ്ഞപക്ഷം തൊണ്ണൂററിഏഴു ദിവ സമെങ്കിലും വേണമെന്നു് ഞങ്ങൾ ന്യൂയോർക്കിൽവെച്ചു കണക്കാക്കിയിരുന്നു. ആ കണക്കുകൂട്ടലും, ഞങ്ങൾ അം ഗാതപായിൽ എത്തിയതും അപ്രതീക്ഷിതമായി അത്ഭു തകരമാംവണ്ണം പൊരുത്തപ്പെട്ടു.

അഞ്ചുമണിക്ക് തീരസ്ഥിതങ്ങളായ വൃക്ഷങ്ങളുടെ ഇടയിൽ ഓലമേഞ്ഞ രണ്ടു കുടിലുകളെ കടന്നു ഞങ്ങൾ പോയി. അവിടെ പുകയൊ ആൾപാൎപ്പിന്റെ ഏതെങ്കിലും ലക്ഷണമൊ ഉണ്ടായിരുന്നില്ല.

അഞ്ചരമണിക്ക് വീണ്ടും ഞങ്ങൾ പവിഴപ്പുററി നഭിമുഖമായി വന്നുചേൎന്നു. ആ ദ്വീപിന്റെ പടിഞ്ഞാറെതീരത്തെ ഞങ്ങൾ സമീപിക്കുകയായിരുന്നു. ഉള്ളിലോട്ടു കടക്കാൻ ഏതെങ്കിലും പഴുതുണ്ടോ എന്ന് അവസാനമായി ഒന്നു പരിശോധിക്കണം. സൂൎയ്യൻ അപ്പോൾ വളരെ താഴ്ന്നതുകൊണ്ട് ഞങ്ങൾക്കൊന്നും തന്നെ കാണാൻ പാടില്ലാതായി. എന്നാൽ ദ്വീപിന്റെ അങ്ങേയററത്തുനിന്നും ഏതാനുംവാരയകലെ പവിഴപ്പുററിൽ അലകളടിക്കുന്നതിനുപരിഭാഗത്ത് ഒരു മഴവില്ലു ഞങ്ങൾ കണ്ടു. അതൊരു നിഴൽ ചിത്രംപോലെ ഞങ്ങളുടെ മുന്നിൽ നിലകൊണ്ടു. എന്നാൽ അകത്ത് കരയിൽ കറുത്ത ബിന്ദുക്കളുടെ സമൂഹം ഞങ്ങളുടെ ദൃഷ്ടിക്കു വിഷയമായി. പെട്ടെന്ന് അതിലൊന്ന് ജലത്തിലേയ്ക്കു നീങ്ങി. അപ്പോൾ അവയിൽ പലതും വൃക്ഷലതാദികൾ തിങ്ങിക്കൂടി നില്ക്കുന്ന തീരത്തിന്റെ അരികിലേയ്ക്കതിവേഗം പാഞ്ഞു. അവർ മനുഷ്യരായിരുന്നു എന്നു പിന്നീടാണ് ഞങ്ങൾ അറിഞ്ഞത്. ധൈൎയ്യം അനുവദിച്ചിടത്തോളം പവിഴപ്പുററിനോട്ട് അടുത്ത് അതിനു സമാന്തരമായി ഞങ്ങൾ മുന്നോട്ടു നീങ്ങി. കാററു നിലച്ചു. അതിനാൽ കാററിനെതിരെ കിടക്കുന്ന ദ്വീപിന്റെ മറുഭാഗത്തേത്താൻ വളരെ കുറച്ചു ദൂരമേയുള്ളു എന്ന് ഞങ്ങൾ വിചാരിച്ചു. ഉടൻതന്നെ ഒരു വഞ്ചി തടാകത്തിലിറക്കി രണ്ടുപേരതിൽ കയറി പ

വിഴപ്പുററിന്റെ മറുഭാഗത്തേയ്ക്കു് വേഗത്തിൽ തുഴഞ്ഞു പോകുന്നതു ഞങ്ങഠം കണ്ടു. അതു വീണ്ടും താഴോട്ടു പോയി. കുറച്ചു കഴിഞ്ഞപ്പോഠം പവിഴപ്പുററിലുള്ള വിടവിലൂടെ അലകളിൽ ഉയന്നു് സമുദ്രത്തിലേയ്ക്കു കടന്നു് ഞങ്ങളുടെ അടുക്കലേയ്ക്കു് അതു തിരിച്ചു. പവിഴപ്പുററിനകത്തേയ്ക്കു പ്രവേശിക്കാനുള്ള കവാടം അങ്ങു താഴെയായിരുന്നു. അവിടെയെത്തുകയെന്നുള്ളതായിരുന്നു ഞങ്ങളുടെ മുഴുവൻ പ്രതീക്ഷയും. തെങ്ങുകളുടെ മദ്ധ്യത്തിൽ വത്തിക്കുന്ന ആ ദ്വീപു മുഴുവൻ ഞങ്ങഠംക്കപ്പോഴും കാണാൻ സാധിച്ചു. അവിടെക്കണ്ട നിഴലുകഠം മുന്നോട്ടു നീങ്ങിക്കൊണ്ടേയിരുന്നു. വഞ്ചിയിൽ കയറി മുന്നോട്ടു വന്ന ആ ഗ്രാമീണർ രണ്ടുപേരും കൈകളുയത്തി വീശി. ജിജ്ഞാസയോടെ ഞങ്ങളും കൈ വീശി. അവർ അവരുടെ ഗതിവേഗം കൂട്ടി. അമരത്തു ചുക്കാൻ പിടിപ്പിച്ച പോളിനേഷ്യൻ വഞ്ചി ആയിരുന്നു അതു്. അവടുത്തു വന്നപ്പോഠം ഞങ്ങഠംക്കാശ്വാസമുണ്ടായി. പക്ഷേ ഭാഷ വശമില്ലാത്തതിനാൽ ഞങ്ങഠം വിഷമിച്ചു. ഫറുഫഹിവായിൽ പണ്ടു താമസിച്ചിരുന്നപ്പോഠം വശമാക്കിയ മാർക്വിസ് ഭാഷയിലെ ശബ്ദങ്ങഠം ഞാൻ ഓമ്മിച്ചു. എന്നാൽ വടക്കൻ രാജ്യങ്ങളിലെ ഭാഷ പരിചയം ഇല്ലാത്തതുകൊണ്ടു് പോളിനേഷ്യൻ ഭാഷ മനസ്സിലാക്കാൻ പ്രയാസമായിരുന്നു.

വള്ളം ചങ്ങാടത്തിന്റെ ഒരുവശത്തു വന്നു മുട്ടിനിന്നു. അതിലുണ്ടായിരുന്ന രണ്ടുപേരും ഞങ്ങളുടെ ചങ്ങാടത്തിൽ കയറി. ഒരാഠം പുഞ്ചിരിതൂകി കൈനീട്ടിക്കൊണ്ടു് ഇംഗ്ലീഷിൽ വന്ദനം എന്നറിയിച്ചു. അതു കേട്ടപ്പോഠം ഞങ്ങഠംക്കെല്ലാം ആശ്വാസമുണ്ടായി.

വന്ദനം എന്നു് അതിശയിച്ചുകൊണ്ടു് ഞാനും പ്രതിവചിച്ചു. നിങ്ങൾക്കു് ഇംഗ്ലീഷ് അറിയാമോ എന്നു ഞാൻ എടുത്തുചോദിച്ചു.

അയാൾ വീണ്ടും ചിരിച്ചുകൊണ്ടു് തലകുലുക്കി.

വന്ദനം വന്ദനം! എന്നയാൾ ആവൎത്തിച്ചു.

വിദേശഭാഷകളിൽ അയാൾക്കുള്ള പരിചയം ആ രണ്ടു വാക്കുകളിൽ അടങ്ങി. തന്നെക്കാൾ ഭാഷാപരിചയം കൂടുതലുള്ള സ്നേഹിതൻെറ പെരുമാററത്തിൽ ആകൃഷ്ടനായി വിനയാദരങ്ങളോടെ മറെറയാൾ പുഞ്ചിരിതൂകി മാറിനില്ക്കുകയായിരുന്നു.

ആ ദ്വീപിലേക്കു ചൂണ്ടി അംഗാതപാതന്നെയല്ലെ എന്നു ഞാൻ അന്വേഷിച്ചു.

അംഗാതപാ എന്നയാൾ തലകുലുക്കി ഉറപ്പിച്ചു പറഞ്ഞു.

എറിക്കും അഭിമാനത്തോടെ തലകുലുക്കി. അയാൾ പറഞ്ഞതു ശരിയാണു്. സൂൎയ്യൻ, ഞങ്ങളെവിടെയെന്നയാളെ അറിയിച്ചുവൊ അവിടെത്തന്നെയായിരുന്നു ഞങ്ങൾ.

'മൈമൈ ഹി ഇയുത്ത' എന്നു പറഞ്ഞു് അയാൾക്കെന്തെങ്കിലും മനസ്സിലാകുമൊ എന്നറിയാൻ ഞാൻ പരിശ്രമിച്ചുനോക്കി.

ഫററുഹിവായിൽ വെച്ചു് ഞാൻ മനസ്സിലാക്കിയിട്ടുള്ളിടത്തോളം മുൻപു പറഞ്ഞ വാക്കുകളുടെ ഏകദേശമായ അൎത്ഥം കരയിലേക്കു പോകുവാനാഗ്രഹിക്കുന്നു എന്നാണു്.

അവർ രണ്ടുപേരും പവിഴപ്പുററിലുള്ള അദൃശ്യമായ മാൎഗ്ഗം ചൂണ്ടിക്കാണിച്ചു. ഞങ്ങൾ പങ്കായം തിരിച്ചിട്ടു് ഭാഗ്യം പരീക്ഷിക്കാൻ നിശ്ചയിച്ചു.

ആ സമയത്തു് ആ ദ്വീപിൽനിന്നും പുതുതായി ശക്തിയായ കാററടിച്ചു. പവിഴപ്പൊയ്കയ്ക്കു മുകളിൽ ഒരു ചെറിയ കാർമേഘം ഉണ്ടായിരുന്നു. കാററ് പവിഴപ്പുററിനരികെ നിന്നും ഞങ്ങളെ അടിച്ചകററുമെന്നു ഭയപ്പെടുത്തി. പവിഴപ്പുററിലെ കവാടമുഖത്തേയ്ക്കു് ചങ്ങാടം കറച്ചകത്തി തിരിച്ചുകൊണ്ടു വരുവാൻ ഞങ്ങൾ ശ്രമിച്ചു. പക്ഷേ കോൺടിക്കി ഞങ്ങളുടെ പദ്ധായത്തെ അനുസരിച്ചില്ല. ആഴമളന്നുനോക്കാൻ ഞങ്ങൾ നിശ്ചയിച്ചു. പക്ഷേ നങ്കൂരക്കയറിനു നീളം പോരായിരുന്നു. ഞങ്ങൾക്കു് തുഴകൾ മാത്രമെ ആധാരമുണ്ടായിരുന്നുള്ളു. അതും വളരെ വേഗത്തിൽ, കാററു ശരിക്കും ചങ്ങാടത്തിൽ പിടിച്ചതിനെ അകററിക്കൊണ്ടു പോകുന്നതിനു മുമ്പ് തുഴഞ്ഞുപോകുകയും വേണമായിരുന്നു. പെട്ടെന്നു് കാററുപായ് അഴിച്ചുമാററി ഓരോരുത്തരും അവരവരുടെ വലിയ തുഴ കയ്യിലെടുത്തു. ഞങ്ങൾ സമ്മാനിച്ച സിഗററും വലിച്ചുകൊണ്ടു് സോല്ലാസം ചങ്ങാടത്തട്ടിൽ നില്ക്കുന്ന ആ നാട്ടുകാർ രണ്ടുപേർക്കും ഓരോ തുഴകൊടുത്താൽ കൊള്ളാമെന്നു് ഞങ്ങൾ ആശിച്ചു.

അവർ രണ്ടുപേരും ശക്തിയായി തലയാട്ടി വഴി ചൂണ്ടിക്കാട്ടിത്തരികയും അന്ധാളിച്ചുനില്ക്കുകയും മാത്രമേ ചെയ്തുള്ളു. ഞങ്ങൾ എല്ലാവരും തുഴയണമെന്നു് ഞാനാംഗ്യം കാണിച്ചു വ്യക്തമാക്കി. കരയിലേയ്ക്കു പോകണമെന്നുള്ള വാക്കുകൾ ആവർത്തിക്കുകയും ചെയ്തു. അപ്പോൾ അവരിൽ ഒന്നാമൻ തന്റെ വലതു കൈ ആകാശത്തിൽ ചുഴററിക്കൊണ്ടു പറഞ്ഞു.

"ബർർർർർർർ."

ചങ്ങാടത്തിലെ യന്ത്രംനടത്താനാണയാൾ ഞങ്ങ ളോടാവശ്യപ്പെട്ടതു് എന്നുള്ളതിനു് യാതൊരു സംശയ വുമുണ്ടായില്ല. വളരെ ഭാരംകയററിയ ഒരു ബോട്ടിലാ ണു നില്ക്കുന്നതെന്നവർ വിചാരിച്ചുപോയി. ഞങ്ങളവ രെ പിടിച്ചു് അമരത്തു കൊണ്ടുപോയി പ്രൊപ്പല്ലറോ സ്ക്രൂവോ ഒന്നുംതന്നെ അതിനില്ലെന്നു് മനസ്സിലാക്കി ക്കൊടുത്തു. അവർ അത്ഭുതസ്തബ്ധരായി നിന്നുപോയി. സിഗററു കെട്ടുത്തിക്കളഞ്ഞിട്ടു് ചങ്ങാടത്തിൻെറ വ ക്കിൽ ഞങ്ങളെപ്പോലെ അവരും ഇരുന്നു. ഓരോവശ ത്തും നന്നാലുപേർവീതം മുറക്കെ തുഴയുവാൻ തുടങ്ങി. അ പ്പോൾ സൂര്യൻ പടിഞ്ഞാറു് നേരേ സമുദ്രത്തിൽ താണു. ദ്വീപിൽനിന്നും അത്യുഗ്രമായ കാററു് പുതുതായി അടി ക്കാനും ആരംഭിച്ചു. ഞങ്ങളൊരിഞ്ചുപോലും മുമ്പോട്ടു നീങ്ങുന്നതായി തോന്നിയില്ല. ആ നാട്ടുകാർ രണ്ടുപേ രും ഭയപ്പെട്ടവരേപ്പോലെ കാണപ്പെട്ടു. വഞ്ചിയിൽ ചാടികയറി പെട്ടന്നവർ മുന്നോട്ടു തുഴഞ്ഞു് അപ്രത്യ ക്ഷമായി. ഞങ്ങൾ വീണ്ടും തനിച്ചായി. പുറംകടലി ലേയ്ക്കു നീങ്ങിപ്പോകാതിരിക്കാൻ നിരാശതയോടെ സ ർവ്വശക്തിയുമുപയോഗിച്ചു തുഴഞ്ഞു.

ആ ദ്വീപിൽ ഇരുട്ടു വ്യാപിച്ചപ്പോൾ നാലു വ ള്ളങ്ങൾ പിന്നിലുള്ള പവിഴപ്പുററു കടന്നുവന്നു. അ ധികം താമസിയാതെ ഞങ്ങളുടെ ചങ്ങാടത്തിൽ പോ ളിനേഷ്യക്കാർ വളരെപ്പേർ പ്രത്യക്ഷപ്പെട്ടു. എല്ലാവ രും ഞങ്ങൾക്കു് ഹസ്തദാനം നല്കാനും സിഗററു കിട്ടാ നും ആഗ്രഹിച്ചുകൊണ്ടാണു നിന്നതു്. സ്ഥലവാസിക ളായ അവർ ചങ്ങാടത്തിലുള്ളപ്പോൾ ഞങ്ങൾക്കപകടം ഒന്നും വരാനില്ലെന്നു നിശ്ചയമുണ്ടായിരുന്നു. അവരുടെ

ദൃഷ്ടിയിൽനിന്നുമകന്നു് കടലിലേയ്ക്കു നീങ്ങിപ്പോകാൻ അവർ ഞങ്ങളെ അനുവദിക്കുകയില്ല. അതിനാൽ തീൎച്ച്യായും ആ രാത്രിതന്നെ ഞങ്ങൾക്കു കരയിലെത്താൻ കഴിയും എന്നു ഞങ്ങൾ ബലമായി വിശ്വസിച്ചു.

ഞങ്ങൾ വളരെ വേഗം ആ വഞ്ചികളുടെ അമരവും ചങ്ങാടത്തിൻെറ തലയും തമ്മിൽ കയറുകൾകൊണ്ടു ബന്ധിച്ചു. ചുക്കാനുള്ള ആ നാലു വഞ്ചികളും മുമ്പേ പോകുന്ന നായാട്ടു പട്ടികളെപ്പോലെ ഞങ്ങളുടെ തടിച്ചങ്ങാടത്തിനു മുമ്പിൽ ഒരു വിശറിപോലെ നിരന്നു. നട്ട് റബ്ബർബോട്ടിൽ കയറി ഒരു കാവൽ നായയെപ്പോലെ മുന്നോട്ടു പോയി, ആ വഞ്ചികളുടെ ഇടയിൽ സ്ഥാനം പിടിച്ചു. ബാക്കി ഞങ്ങളഞ്ചുപേരും ചങ്ങാടത്തിൻെറ വക്കത്തു് തുഴകളുമായി ഇരുപ്പുറപ്പിച്ചു. അതുവരെ ഞങ്ങളുടെ പിന്നിൽ അടിച്ചുകൊണ്ടിരുന്ന കിഴക്കൻ കാററിനെതിരെ ഞങ്ങളന്നു് ആദ്യമായി ചങ്ങാടത്തെ നയിക്കാൻ തുടങ്ങി.

ചന്ദ്രൻ ഉദിച്ചുയരുന്നതുവരെ കുററാക്കുററിരുട്ടായിരുന്നു. ഒരു പുതിയ കാററപ്പോൾ അടിക്കാൻ ആരംഭിച്ചു. പവിഴപ്പുററിനിടയിലൂടെ അകത്തേയ്ക്കുള്ള വഴി കാട്ടിത്തരാൻ ആ ഗ്രാമവാസികൾ കരയിൽ അതിനടുത്തായി ചുള്ളിക്കമ്പുകളും മററും കൂട്ടി തീ കത്തിച്ചുകൊണ്ടിരുന്നു. നിരന്തരം ഇരമ്പിപ്പതിക്കുന്ന ഒരു വെള്ളച്ചാട്ടം എന്നപോലെ പവിഴപ്പുററിലലകളടിച്ചുതിരുന്ന ഭയങ്കര ശബ്ദം ആ അന്ധകാരത്തിൽ ഞങ്ങൾക്കു ചുററും വ്യാപിച്ചു. ആദ്യം ആ ശബ്ദം മേല്ക്കുമേൽ ഉച്ചത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു.

ഞങ്ങളുടെ ചങ്ങാടത്തെ വലിച്ചുകൊണ്ടിരുന്ന മു

ന്നണിസംഘത്തെ ഞങ്ങൾക്കു കാണാൻപാടില്ലായിരുന്നു. എന്നാൽ പോളിനേഷ്യൻഭാഷയിൽ ഉന്മേഷജനകമായ സമരഗാനങ്ങൾ അവർ ഏറ്റവും ഉച്ചത്തിൽ പാടുന്നതു ഞങ്ങൾക്കു കേൾക്കാമായിരുന്നു. അവരുടെ പാട്ടവസാനിക്കുന്ന ഓരോ സന്ദർഭത്തിലും പോളിനേഷ്യൻ പല്ലവിയുടെ മദ്ധ്യത്തിൽ നോർവേയിലെ നാടോടിപ്പാട്ടുകൾ പാടുന്ന നട്ടിൻെറ ഏകാന്തശബ്ദം ഞങ്ങൾ കേട്ടിരുന്നു. ആ ശബ്ദത്തിൽനിന്നുമാണു് നട്ട് അവരുടെ കൂട്ടത്തിൽതന്നെയുണ്ടെന്നു് ഞങ്ങൾ അറിഞ്ഞതു്. സംഗീതത്തിൻെറ ബഹളം പൂർണ്ണമാകാൻ, ടോംബ്രൌണിൻെറ കുട്ടിക്കു് മൂക്കിലൊരു കുരുവുണ്ടെന്നു് ചങ്ങാടത്തിലിരുന്നു് താളത്തിനൊപ്പിച്ചു ഞങ്ങളും പാടിക്കൊടുത്തു. അതുകേട്ടു് ആ വെള്ളക്കാരും കപിലവർണ്ണക്കാരും പൊട്ടിച്ചിരിച്ചുകൊണ്ടു് തുഴയാഞ്ഞുവലിച്ചു.

ഉത്സാഹവും ആനന്ദവും ഞങ്ങളുടെ ഹൃദയത്തിൽ അലതല്ലി കവിഞ്ഞൊഴുകി. തൊണ്ണൂററിഏഴു ദിവസം കൊണ്ടു് ഞങ്ങൾ പോളിനേഷ്യയിലെത്തി. ആ രാത്രിയിൽ ആ ഗ്രാമത്തിൽ വിഭവസമൃദ്ധമായ ഒരു സദ്യ ഉണ്ടായിരിക്കും. അവർ ഉച്ചത്തിൽ ഹർഷാരവം മുഴക്കുകയും ക്രുവുകയും ആർപ്പുവിളിക്കുകയും ചെയ്തു. കൊപ്രാ കയററിക്കൊണ്ടുപോകുവാൻ ആണ്ടിലൊരിക്കൽമാത്രമേ അംഗാതാദ്വീപിൽ പാക്കപ്പൽ അടുക്കുകയുള്ളു. അതു് തഹിത്തിദ്വീപിലെ കൊപ്രാക്കപ്പൽ വരുമ്പോഴാണു്. അതിനാൽ അന്നു രാത്രിയിൽ തീർച്ചയായും തീക്കുണ്ഡത്തിനു ചുററും ഒരു സല്ക്കാരം ഉണ്ടാകും.

കോപിച്ച കാററു് ഉഗ്രമായി വീശിക്കൊണ്ടിരുന്നു. ഓരോ അവയവവും വേദനിക്കത്തക്കവണ്ണം ഞങ്ങൾ

പാടുപെട്ടു തുഴഞ്ഞു. ഒട്ടും പിന്നോക്കം വിട്ടുകൊടുക്കാതെ ഞങ്ങൾ ആ കാററിലും അലയിലും പിടിച്ചുനിന്നു എന്നുവരികിലും ആ തീക്കണ്ഡത്തോടു് ഒരടിപോലും അടുത്തില്ല. പവിഴപ്പാററിൽനിന്നും പുറപ്പെട്ട ഇടിമുഴക്കത്തിനു് യാതൊരു കുറവുമുണ്ടായിരുന്നില്ല. ക്രമേണ പാട്ടു നിലച്ചു. എല്ലാം ശാന്തമായതുപോലെ ആയിത്തീൻ. ആ ദ്വീപവാസികൾക്കു ചെയ്യാവുന്നതിൽ കൂടുതൽ അവർ ചെയ്തുകഴിഞ്ഞു. തീരത്തിലുള്ള അഗ്നി ചലിച്ചില്ല. ഞങ്ങൾ അലകളിൽ ഉയരുകയും താഴുകയും ചെയ്യുന്നതനുസരിച്ചു് ആ തീയും ഉയരുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു. മൂന്നുമണിക്കൂർ സമയമങ്ങനെ പോയി. ഒണി ഒമ്പതായി. ക്രമേണ ഞങ്ങൾ കാററിൻെറ ശക്തിക്കു കീഴ്പ്പെടാൻ തുടങ്ങി. എല്ലാവരും നന്നേ ക്ഷീണിച്ചു തളൎന്നുകഴിഞ്ഞു.

കരയിൽനിന്നും കൂടുതൽ സഹായമാവശ്യമാണെന്നു് ഞങ്ങളാ നാട്ടുകാരെ അറിയിച്ചു. പക്ഷെ അവക്കു് ആകെക്കൂടി കടലിലിറക്കാൻ പററിയ നാലു വഞ്ചികൾ മാത്രമെ ഉണ്ടായിരുന്നുള്ളു.

ഉടൻ നട്ടു് അന്ധകാരത്തിൽനിന്നും തൻെറ റബ്ബർബോട്ടിൽ ഞങ്ങളുടെ അടുത്തു വന്നു. റബ്ബർബോട്ടിൽ കയറി കരയിൽ ചെന്നാൽ കൂടുതൽ ആളുകളെ ചങ്ങാടത്തിൻെറ സഹായത്തിനെത്തിക്കാൻ കഴിയുമെന്നൊരാലോചന നട്ടിനുണ്ടായി. റബ്ബർബോട്ടിൽ ഞെങ്ങിഞെരുങ്ങിയാൽ കഷ്ടിച്ചു് അഞ്ചാറുപേക്കിരിക്കാം.

അതു് വളരെ ആപൽക്കുയുള്ള ഒരു കാര്യമായിരുന്നു. ആ കൂരിരുട്ടിൽ പവിഴപ്പുററിനകത്തേയ്ക്കുള്ള മാൎഗ്ഗം തപ്പിപ്പിടിക്കാൻ അയാൾക്കൊരിക്കലും സാധിക്ക

കയില്ല. വഴി കാണിക്കാൻ ആ ദ്വീപവാസികളുടെ തലവനെക്കൂടെ തന്നോടൊന്നിച്ചു കൊണ്ടുപോകാമെന്ന് നട്ട് അഭിപ്രായപ്പെട്ടു. ഈ പുതിയ നിർദ്ദേശവും അപായം ഒഴിഞ്ഞതാണെന്ന് എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇടുങ്ങിയതും അതേസമയം അപകടപൂർണ്ണവുമായ ഒരു റബ്ബർബോട്ട് വിദഗ്ധമായി പവിഴപ്പുററിൻെറ ഇടുങ്ങിയ വിടവിലൂടെ നയിക്കാൻ ആ നാട്ടുകാരനും വേണ്ട പരിചയമില്ലായിരുന്നു. പ്രസ്തുത കാര്യത്തിൽ ആ ഗ്രാമനേതാവിൻെറ അഭിപ്രായമാരായുവാൻ മുന്നിലിരുന്നു തുഴയുന്ന അയാളെ വിളിച്ചുകൊണ്ടു വരണമെന്ന് ഞാൻ നട്ടിനോട് ആവശ്യപ്പെട്ടു. പിന്നിലോട്ടുള്ള ഗതിയെ തടയുവാൻ ഞങ്ങൾക്കു സാദ്ധ്യമല്ലെന്നു വ്യക്തമായി.

നട്ട് പോയി കുറച്ചു സമയം കഴിഞ്ഞിട്ടും ആ ഗ്രാമത്തലവനുമായി മടങ്ങി വരാതിരുന്നപ്പോൾ ഞങ്ങൾ ഉച്ചത്തിൽ അവരെ വിളിച്ചു. പോളിനേഷ്യക്കാരുടെ പാട്ടിൻെറ പല്ലവിയല്ലാതെ മറെറാന്നും ആ ഇരുട്ടിൽ ഞങ്ങൾ കേട്ടില്ല. നട്ട് അന്ധകാരത്തിൽ മറഞ്ഞു കഴിഞ്ഞു. എന്തു സംഭവിച്ചു എന്നു ഞങ്ങൾക്കെല്ലാനം മനസ്സിലായി. ആ ശബ്ദകോലാഹലത്തിനിടയിൽ നട്ട് നാട്ടുതലവൻെറ നിർദ്ദേശങ്ങൾ തെററിദ്ധരിച്ച് അയാളുമൊന്നിച്ച് തീരത്തേയ്ക്ക് തുഴഞ്ഞു പോയി. ഞങ്ങളുടെ ഉച്ചത്തിലുള്ള വിളികളെല്ലാം നിഷ്പ്രയോജനങ്ങളായി. പവിഴപ്പുററിലടിക്കുന്ന അലകളുടെ ഇരമ്പൽ, നട്ട് എവിടെയാണോ അവിടമെല്ലാം വ്യാപിച്ചു നിന്നിരുന്നതുകൊണ്ടു മററു ശബ്ദങ്ങളെല്ലാം അതിൽ ലയിച്ചുപോകുകയാണുണ്ടായത്.

വേഗം പാമരത്തിന്മുകളിൽ കയറി മോഴ്സ് ലൈററ് വീശിക്കാണിച്ചു് മടങ്ങി വരിക, മടങ്ങി വരിക എന്നടയാളം നല്കി.

എന്നാൽ ആരും മടങ്ങി വരുകയുണ്ടായില്ല. രണ്ടു പേർ റബ്ബർബോട്ടിലകളെയും ഒരാൾ സദാ സിഗ്നലുകൾ കാണിച്ചുകൊണ്ടു് പാമരത്തിന്റെ മുകളിലും ആയപ്പോൾ ഞങ്ങളുടെ പിന്നോട്ടുള്ള ഗതിക്കു വേഗം കൂടി. ബാക്കിയുള്ളവർ അത്യധികം ക്ഷീണിച്ചും കഴിഞ്ഞു. പരീക്ഷണാത്ഥം ഞങ്ങൾ വെള്ളത്തിൽ തടിക്കഷണങ്ങൾ ഇട്ടുനോക്കി. മന്ദഗതിയിലാണു് ഞങ്ങൾ പിന്നോട്ടു നീങ്ങിക്കൊണ്ടിരുന്നതു്. പക്ഷേ ഞങ്ങൾ പൊയ്ക്കൊണ്ടിരുന്നതു് ലക്ഷ്യം തെററിയാണെന്നു് തീച്ചയായി. കരയിൽ കത്തുന്ന തീ ചെറുതാകാൻ തുടങ്ങി. അതുപോലെ തന്നെ അലകൾ തീരത്തടിക്കുന്ന ശബ്ദവും മന്ദമായി. ഞങ്ങൾ ആ കരയിൽനിന്നും കൂടുതൽ അകന്നപ്പോൾ സ്ഥിരമായ കിഴക്കൻ കാററു് ഞങ്ങളിൽ കൂടുതൽ സമ്മർദ്ദം ചെലുത്തി. ഞങ്ങൾ വീണ്ടും ആ കാററിൽപെട്ടു. മുമ്പു് പുറംകടലിൽവച്ചു് അതിനെന്തു ശക്തിയുണ്ടായിരുന്നുവോ അതുപോലെതന്നെ അതിപ്പോഴും അടിച്ചുകൊണ്ടിരുന്നു. കരയ്ക്കടുക്കാമെന്നുള്ള ഞങ്ങളുടെ ആശ മുഴുവൻ തകന്നു. ഞങ്ങൾ പുറംകടലിലേയ്ക്കുതന്നെ നീങ്ങി. എങ്കിലും തുഴഞ്ഞുകൊണ്ടിരിക്കുന്നതിൽ ഞങ്ങൾ മന്ദോത്സാഹന്മാരാകാൻ പാടില്ല. നട്ട് സുരക്ഷിതനായി ചങ്ങാടത്തിൽ മടങ്ങിയെത്തുന്നതുവരെ സവ്വശക്തികളും ഉപയോഗിച്ചു് പിന്നോട്ടുള്ള ഗമനത്തെ ചെറുക്കണമെന്നുതന്നെ ഞങ്ങൾ ദൃഢവ്രതമെടുത്തു.

അഞ്ചുമിനിട്ടു് കഴിഞ്ഞു. പത്തുമിനിട്ടു്. അരമ-

ണിക്കൂർ. ഞങ്ങൾ ഓളപ്പാത്തിയിൽ വീണപ്പോൾ കരയിലെ തീ ചെറുതായിച്ചെറുതായി തീരെ അപ്രത്യക്ഷമായി. കരയിലലറി അടിക്കുന്ന വൻതിരമാലകളുടെ ചീററലും ഇരമ്പലും വിദൂരതയിലെവിടെയൊ ഉള്ള മർമ്മരശബ്ദംപോലെ മാത്രമെ കേൾക്കപ്പെട്ടുള്ളൂ. ചന്ദ്രൻ ഉദിച്ചുയൎന്നു. ആ ദ്വീപിലെ തെങ്ങുകൾക്കുപരി ചന്ദ്രന്റെ മങ്ങിയ പ്രകാശം ഞങ്ങൾ കണ്ടു. എന്നാൽ ആകാശം മൂടൽമഞ്ഞുകൊണ്ടു മൂടി പകുതിയിലധികവും മേഘാവൃതമായി തീൎന്നിരുന്നു.

ഞങ്ങളുടെ മുമ്പിൽ വഞ്ചികളിലിരുന്നു തുഴയുന്ന നാട്ടുകാർ പരസ്പരം മന്ത്രിക്കുന്നതും അഭിപ്രായം കൈമാറുന്നതും ഞങ്ങളുടെ ചെവിയിൽ മുഴങ്ങി. അവയിൽ ഒരു വള്ളം പെട്ടെന്നു തന്നെ ചങ്ങാടത്തോടുള്ള ബന്ധം ഛേദിച്ച് അലകളിൽ മറഞ്ഞു. മററു മൂന്നു വഞ്ചികളിൽ ഇരിക്കുന്ന ആ ഗ്രാമീണസുഹൃത്തുക്കൾ ഭയന്നും ക്ഷീണിച്ചും മുഴുവൻ ശക്തിയുപയോഗിച്ച് ഒട്ട് തുഴഞ്ഞതുമില്ല. കോൺടിക്കി ക്രമേണ പുറംകടലിലേക്ക് തള്ളപ്പെട്ടുകൊണ്ടുമിരുന്നു.

ഉടൻതന്നെ മററു വള്ളങ്ങൾ മൂന്നും ചങ്ങാടവുമായുള്ള ബന്ധം വിടുൎത്തി ഞങ്ങളുടെ അടുക്കലെത്തി. അവയിലൊന്നിൽ നിന്നും ഒരാൾ ചങ്ങാടത്തിൽ കയറിവന്ന്, തലകുലുക്കി, ശാന്തമായി പറഞ്ഞു.

“ഇയൂട്ടാ” (Iuta=കരയിലേക്ക്)

അയാൾ കരയ്ക്കെരിയുന്ന അഗ്നിയെ ഉത്കണ്ഠയോടെ നോക്കി. അതിപ്പോൾ അധികം സമയം കാണാൻ സാധിച്ചിരുന്നില്ല. ഒരഗ്നിസ്ഫുലിംഗംപോലെ അതു് ഇടയ്ക്കിടയ്ക്ക് വെട്ടിത്തിളങ്ങിയതേയുള്ളൂ. ഞങ്ങൾ പുറംകോട്ടു വളരെവേഗം മാറിക്കൊണ്ടിരുന്നു. ക

രയിലടിക്കുന്ന അലകളുടെ ശബ്ദമേ കേൾക്കാനില്ല. പതിവുപോലെ കടൽ ഇരമ്പി. കോൺടിക്കിയുടെ കയറുകളെല്ലാം വലിഞ്ഞുരഞ്ഞു് ശബ്ദമുണ്ടാക്കി.

സിഗററുകൾ നല്കി ഞങ്ങൾ ആ നാട്ടുകാരെ ബഹുമാനിച്ചു. നട്ടിനെ കാണുന്നപക്ഷം ഏല്പിക്കാൻ ഞാൻ വേഗം ഒരെഴുത്തു കുത്തിക്കുറിച്ചവരുടെപക്കൽ കൊടുത്തു. അതിൽ ഇങ്ങനെ എഴുതിയിരുന്നു:

"ഒരു വഞ്ചിയിൽ താങ്കളോടൊപ്പം രണ്ടു നാട്ടുകാരെക്കൂടി കയററുക. റബ്ബർബോട്ടു് വള്ളത്തിൻ കെട്ടി വലിച്ചുകൊണ്ടുവന്നാൽ മതി തനിച്ചു റബ്ബർബോട്ടിൽ കയറി വരരുതു്."

ഒരു വള്ളത്തിൽ കയറി വരുന്നതുകൊണ്ടു് അത്യാഹിതം ഒന്നും വരാനില്ലെന്നു് അവക്കു ബോദ്ധ്യമുള്ളപക്ഷം വള്ളത്തിൽ നട്ടിനെ ചങ്ങാടത്തിലേയ്ക്കു കൊണ്ടുവരണമെന്നു് ഞങ്ങൾ ആ ഉദാരമതികളായ നാട്ടുകാരോടു് അഭ്യർത്ഥിക്കുകയും അവരങ്ങനെ ചെയ്യുമെന്നു് വിശ്വാസം പ്രകടിപ്പിക്കുകയും ചെയ്തു. കടലിൽ ഒരു വള്ളത്തിൽ പോകുന്നതു് അനുവദനീയമല്ലെങ്കിൽ കാററിലും അലയിലും പെട്ടു് ഓടിക്കൊണ്ടിരിക്കുന്ന ചങ്ങാടത്തിലെത്താമെന്ന ആശയോടെ തനിച്ചൊരു റബ്ബർബോട്ടിൽ നട്ടു് മടങ്ങിവരാനാശിക്കുന്നതിൽപരം ഒരു മൂഢത്വം വേറെയില്ല.

അവർ ആ കുറിമാനം വാങ്ങി തങ്ങളുടെ വള്ളങ്ങളിൽ ചാടിക്കയറി അപ്രത്യക്ഷരായി. പിന്നീടു ഞങ്ങൾ അവസാനം കേട്ടതു് ഇരുട്ടിൽ ആദരപൂർവ്വം വിളിക്കുന്ന ഞങ്ങളുടെ ആത്മമിത്രത്തെ സുഹൃത്തിൻെറ ചെവിതുളച്ചുകയറുന്ന ശബ്ദമായിരുന്നു.

"വന്ദനം."

ഭാഷയിലത്ര പരിജ്ഞാനമില്ലാത്ത ആ നാട്ടുകാരുടെ അഭിനന്ദനാമന്ത്രണങ്ങൾ അങ്ങനെ കഴിഞ്ഞു. ഏററവും അടുത്ത കരയിൽനിന്നും രണ്ടായിരംമൈലകലെ ആയിരുന്നപ്പോൾ എപ്രകാരം ശാന്തതയും നിശ്ശബ്ദതയും ഞങ്ങൾക്കനുഭവപ്പെട്ടുവോ അതുപോലെയുള്ള അവസ്ഥതന്നെ അപ്പോൾ സംജാതമായി.

ആ പുറംകടലിൽ കാററിൻെറ ഉഗ്രമായ സമ്മർദ്ദമേററുകൊണ്ടു് ഞങ്ങൾ നാലുപേർ തുഴയുന്നതുകൊണ്ടു് വിശേഷിച്ചു പ്രയോജനമൊന്നുമില്ല. എന്നാൽ പാമരത്തിനു മുകളിൽ ഇരുന്നുകൊണ്ടു് കോൺടിക്കിയുടെ സ്ഥാനം കണ്ടുപിടിക്കാൻ സഹായകമായ വിധത്തിൽ വിളക്കുവീശി അടയാളം കാണിച്ചുകൊണ്ടേയിരുന്നു. സൂചി പ്രവേശിക്കാൻ വയ്യാത്തത്ര നിബിഡമായിരുന്നു ഇരുട്ടു്. ഇടക്കിടയ്ക്കു് മേഘാവരണത്തിലുണ്ടാകുന്ന വിടവിലൂടെ മാത്രമെ ചന്ദ്രൻ പ്രത്യക്ഷപ്പെട്ടിരുന്നുള്ളു. ഞങ്ങളുടെ മുകളിൽ തൂങ്ങിനില്ക്കുന്നതു് അംഗാതപാദപീപിലെ കുമുലുനിമ്പസു് മേഘമായിരിക്കണം.

പത്തുമണിയായപ്പോൾ വീണ്ടും നട്ടിനെ കാണാമെന്നുള്ള നേരിയ ആശപോലും ഞങ്ങൾ ഉപേക്ഷിച്ചു. ഖങ്ങാടത്തിൻെറ വക്കിനിരുന്നു് ഞങ്ങൾ കുറച്ചു ബിസ്കററു് കടിച്ചുതിന്നു. അപ്പോഴും പാമരത്തിനു മുകളിൽ കയറിയിരുന്നു് ഞങ്ങൾ മുറയനുസരിച്ചു് മാറിമാറി വിളക്കു വീശി കാണിച്ചുകൊണ്ടിരുന്നു. വിസ്തൃതമായ കാററുപായ് ഇല്ലാത്ത ആ പാമരം ഉന്തിനില്ക്കുന്ന നഗ്നമായ ഒരു കഴമാത്രമായിരുന്നു.

നട്ടു് എവിടെയായിരുന്നു എന്നറിയാൻ പാടില്ലാ

ത്തിടത്തോളം കാലം പാമരത്തിന്റെ മുകളിൽ നിന്നും വി ളക്കുകൊണ്ടു് സിഗ്നൽ കാട്ടിക്കൊണ്ടിരിക്കുവാൻ ഞ ങ്ങൾ നിശ്ചയിച്ചു. പവിഴപ്പുററിലടിക്കുന്ന തരംഗമാ ലയിൽ നട്ട് പെട്ടിരിക്കുമെന്നു വിശ്വസിക്കുവാൻ ഞ ങ്ങൾ മടിച്ചു. ക്ഷോഭിച്ച കടലായാലും ആഞ്ഞടിക്കുന്ന അലകളായാലും നട്ടിനൊരു ക്രൂസലുമുണ്ടായിരുന്നില്ല. അ യാൾ എടുത്തു ചാടും; എങ്ങനെയെങ്കിലും ജീവനോടെ രക്ഷപെടുകയും ചെയ്യും. പക്ഷേ ശാന്തസമുദ്രത്തിൽ വഴിവിട്ടകന്നുകിടക്കുന്ന ഒരേകാന്ത ദ്വീപിൽ പോളി നേഷ്യക്കാരുടെയിടയിൽ സ്ഥിരമായി ഏകനായി പെട്ടു പോകുകയെന്നുള്ളതുമാത്രം ഞങ്ങൾക്കേററവും ശാ പഗ്രസ്തമെന്നു തോന്നി. നാശംപിടിച്ച ഏപ്പാട്! ചുരു ക്കിപ്പറഞ്ഞാൽ, ആ സുദീർഘമായ യാത്രയിൽ ഞങ്ങൾ ക്കു് ആകെക്കൂടി ചെയ്യാൻ കഴിഞ്ഞതു്, ഞങ്ങളിൽ ഒ രാളിനെ കൂട്ടത്തിൽ നിന്നും വേർപെടുത്തി, വിദൂരമായ ദക്ഷിണസമുദ്രദ്വീപുകളിൽ ഒന്നിൽ ഉപേക്ഷിച്ചു് വള രെ അകലത്തിലേക്കു് യാത്രചെയ്തുപോകുക എന്നുള്ളതു മാത്രമായിരുന്നു. ആദ്യത്തെ പോളിനേഷ്യന്മാർ ചിരി ച്ചുംകൊണ്ടു് ഞങ്ങളുടെ ചങ്ങാടത്തിൽ വന്നയുടനെത ന്നെ അവക്കു്, കോൺടിക്കിയുടെ പടിഞ്ഞാറോട്ടുള്ള അസംയമമായ ഗമനത്തിൽ നിന്നും രക്ഷപെടാൻ വ ള്ളം തിരിച്ചുവിട്ടു പോകേണ്ടിവന്നു. അതേററവും ഭയ ങ്കരമായ ഒരനുഭവമായിരുന്നു. ആ രാത്രി മുഴവൻ ച ങ്ങാടത്തിൽ കെട്ടിയിരുന്ന കയറുകൾ വലിഞ്ഞു മുറുകി കിറുകിറുശബ്ദം ഉണ്ടാക്കിക്കൊണ്ടിരുന്നു. ഞങ്ങൾക്കാ ക്കും ഉറക്കംവരുന്ന ലക്ഷണമേ കണ്ടില്ല.

അപ്പോൾ നേരം പത്തരമണിയായി. തന്റെ മുറകഴിഞ്ഞു് പാമരത്തിന്റെ മുകളിൽനിന്നും ബങ്ഗ്ന്റ്

ഇറങ്ങിവന്നു. ഞങ്ങൾ എല്ലാവരും അപ്പോൾ ഞെട്ടി പ്പോയി. അന്ധകാരത്തിൽ അലകൾക്കുപരി വ്യക്ത മായ ശബ്ദം കേട്ടു. അതു് വീണ്ടും കേൾക്കാൻ കഴി ഞ്ഞു. പോളിനേഷ്യക്കാർ സംസാരിക്കുന്ന ശബ്ദമായി രുന്നു അതു്. ഞങ്ങൾ മുഴുവൻ ശബ്ദവുമുയർത്തി കരുത്തി രുണ്ട ആ രാത്രിയിൽ ഉച്ചത്തിൽ വിളിച്ചുകൂവി. അ വർ അതുപോലെതന്നെ പ്രത്യുത്തരം നല്കി. ബാക്കി യുള്ളവരുടെ ശബ്ദത്തിനിടയിൽ നട്ടിൻെറ ശബ്ദവും ഞ ങ്ങളുടെ ചെവിയിൽ പതിച്ചു. വികാരത്തള്ളൽകൊ ണ്ടു് ഞങ്ങൾ ഉന്മത്തരായിപ്പോയി. ഞങ്ങളുടെ തളച്ച് പെട്ടെന്നു മാറി. ആ ഇടിമുഴക്കുന്ന മേഘം മുഴുവനും ആകാശത്തിൽ ഉയൎന്നുകഴിഞ്ഞിരുന്നു. അംഗാതപായിൽ നിന്നും നീങ്ങിപ്പോയതുകൊണ്ടു് ഞങ്ങൾക്കശേഷം കു ണ്ഠിതമുണ്ടായില്ല. ആ സമുദ്രത്തിൽ വേറെയും ദ്വീപു കളുണ്ടായിരുന്നു. ഞങ്ങൾ ആറുപേരും ഒന്നിച്ചു കഴി യുന്നിടത്തോളംകാലം യാത്രയിൽ മടുപ്പുവരാത്ത ആ ഒമ്പതു ബാൽസാ തടികൾക്കും ഇഷ്ടമുള്ളിടത്തു പോകാ മായിരുന്നു.

ചുക്കാൻവെച്ച മൂന്നു വഞ്ചികളും അലകളിലൂടെ ഇരുട്ടിനെ തുരന്നുകൊണ്ടു പ്രത്യക്ഷപ്പെട്ടു. കപിലവൎണ്ണ മുള്ള മററു് ആറുപേരാൽ അനുഗതനായി ഞങ്ങളുടെ പ്രിയപ്പെട്ട വൃദ്ധനായ കോൺടിക്കിയിലേയ്ക്കു് ആദ്യം ചാടിക്കയറിയതു് നട്ടായിരുന്നു. കാര്യങ്ങൾ ചോദിച്ചറി യാനും വിശദീകരിക്കാനും സമയം അശേഷം ഇല്ലായിരു ന്നു. ആ ദ്വീപവാസികളായ സുഹൃത്തുക്കൾക്കു് പാരി തോഷികങ്ങൾ നല്കി യാത്രയാക്കണം. അവൎക്കാ ദ്വീ പിലേയ്ക്കു വീണ്ടും സാഹസികമായ യാത്രചെയ്തു് മട

ങ്ങിപ്പോകണം. കരയിലെരിയുന്ന തീയിൽനിന്നും പുറപ്പെടുന്ന വെളിച്ചം കാണാൻകഴിയുന്നതുവരെ, കരയോ മററുവല്ല വെളിച്ചമോ ദൃഷ്ടിയിൽപെടാതെ, നഭശ്ചരങ്ങളായ നക്ഷത്രങ്ങളിലൊന്നും കൂട്ടിനില്ലാതെ കാററിനും അലയ്ക്കും എതിരെ അവർ തുഴഞ്ഞു പോകേണ്ടിയിരിക്കുന്നു. ഞങ്ങൾ അവർക്ക് ആഹാരസാധനങ്ങളും സിഗററും മററു പല പാരിതോഷികങ്ങളും നല്കി. അവരോരോരുത്തരും ഹൃദയംഗമമായി ഞങ്ങളുടെ കൈപിടിച്ചു കുലുക്കി യാത്രപറഞ്ഞു പിരിഞ്ഞു.

വാസ്തവം പറഞ്ഞാൽ അവർ ഞങ്ങളെച്ചൊല്ലി ആത്മാർത്ഥമായ ഉത്കണ്ഠ ഉണ്ടായിരുന്നു. അവർ പടിഞ്ഞാറോട്ടു കൈ ചൂണ്ടിക്കാട്ടി, അപകടകരമായ കടൽപ്പുററിനു നേരെയാണ് ഞങ്ങൾ തിരിഞ്ഞിരിക്കുന്നതെന്നറിയിച്ചു. യാത്രാവേളയിൽ അവരുടെ തലവന്റെ കണ്ണിൽ കണ്ണുനീർകണങ്ങൾ കെട്ടിനിന്നു. എന്റെ താടിയിൽ അയാൾ സ്നേഹമസൃണമായ ചുംബനം നല്കി. എനിക്കു താടി നല്കിയതിൽ ദൈവത്തോട് ഞാൻ കൃതജ്ഞത പ്രകാശിപ്പിച്ചു. അവർ വള്ളത്തിൽ കയറി. വീണ്ടും ഞങ്ങൾ ആറുപേരും ഒന്നിച്ച് തനിച്ചായിത്തീർന്നു.

ഞങ്ങൾ ചങ്ങാടത്തെ അതിന്റെ വഴിക്കു വിട്ടിട്ട് നട്ടിന്റെ കഥ സശ്രദ്ധം കേട്ടു.

അയാൾ പരിപൂർണ്ണവിശ്വാസത്തോടെ നാട്ടുകാരുടെ തലവനുമൊന്നിച്ച് കരയിലേയ്ക്കു പോയി. ആ പോളിനേഷ്യക്കാരൻ തന്നെ അമരത്തിരുന്ന് പവിഴപ്പുററിലുള്ള കവാടത്തിലേയ്ക്കു ബോട്ടു തുഴഞ്ഞു. അപ്പോൾ മടങ്ങി വരാൻ ചങ്ങാടത്തിൽനിന്നും കാണിച്ച വിളക്കിന്റെ പ്രകാശം നട്ട് കണ്ടു. ആംഗ്യം കാണിച്ച്

ബോട്ട തിരിച്ചു വിടാൻ ഉടൻ നട്ട് കൂട്ടകാരനോട്ട് ആവശ്യപ്പെട്ട. പക്ഷെ അയാളതനുസരിക്കാൻ വിസമ്മതിച്ചു. നട്ട് വേഗം തുഴയിൽ കടന്നു പിടിച്ചു. ആ നേതാവ് നട്ടിൻെറ കൈ ഉതറിക്കളഞ്ഞു. അവക്ക ചുററും പവിഴപ്പുററിൽ അലകളടിച്ചു ഗജ്ജിക്കുമ്പോഠം ഒരു മൽപ്പിടുത്തം ബുദ്ധിപൂർവ്വമോ പ്രയോജനകരമോ അല്ലായിരുന്നു. അവർ പവിഴപ്പുററിലുള്ള വിടവിലൂടെ നേരെ ദ്വീപിനകത്തേയ്ക്കുതന്നെ കടന്നു ചെന്നു. അവസാനം ആ ദ്വീപിലുള്ള ഒരുറച്ച പവിഴക്കുന്നിൽ അല അവരുടെ ചങ്ങാടം പൊക്കിയെടുത്തുവച്ചു. ഉടൻതന്നെ ആ നാട്ടുകാരിൽ ഒരു സംഘം റബ്ബർബോട്ടിനെ കടന്നു പിടിച്ചു വലിച്ച് ഉന്നതമായ ആ ദ്വീപിലേയ്ക്കു കൊണ്ടുപോയി. നട്ട് തനിച്ച് തെങ്ങുകളുടെ കീഴിൽ നിന്നു. അപരിചിതവും അപരിഷ്കൃതവുമായ ഭാഷയിൽ ചിലച്ചുകൊണ്ട് ആ നാട്ടുകാരുടെ ഒരു വലിയ കൂട്ടം അയാളെ വട്ടമിട്ടു നിന്നു. കാലിൽ ഒന്നും ധരിക്കാത്ത പുരുഷന്മാരും എല്ലാ പ്രായത്തിലുമുള്ള പിംഗലവർണ്ണം കലർന്ന പുരുഷന്മാരും സ്ത്രീകളും കുട്ടികളും നട്ടിനെ പൊതിഞ്ഞു നിന്നുകൊണ്ട് അയാളുടെ ഷർട്ടും ട്രൌസറും തൊട്ടുനോക്കി. അവർ കീറിപ്പഴകിയ യൂറോപ്യൻ വസ്ത്രങ്ങളാണ് ധരിച്ചിരുന്നതു്. ആ ദ്വീപിൽ വെള്ളക്കാരാരുമുണ്ടായിരുന്നില്ല.

നട്ട് അവരിൽ ചുണയുള്ള ചിലരെ പിടിച്ച് തന്നോടൊന്നിച്ച് ബോട്ടിൽ കയറി ചങ്ങാടത്തിലേയ്ക്കു വരണമെന്ന് ആംഗ്യം കൊണ്ടറിയിച്ചു. ഉടൻതന്നെ തടിച്ചു കൊഴുത്ത ഒരു ദീർഘകായൻ മുന്നോട്ടു വന്നു. അയാളുടെ തലയിൽ ഔദ്യോഗികമായ നിലയ്ക്കു യോ

ജിച്ച ഒരു തൊപ്പിയുണ്ടായിരുന്നു. കൂടാതെ അയാൾ അധികാരസ്വരത്തിൽ സംസാരിക്കുകയും ചെയ്തു. അതിനാൽ അയാളവരുടെ നേതാവാണെന്നു തീൎച്ചയായി. എല്ലാവരും ആ ഗ്രാമത്തലവനു വഴിമാറിക്കൊടുത്തു. തങ്ങൾക്കു കുറച്ചാളുകളുടെ ആവശ്യമുണ്ടെന്നും ചങ്ങാടം കടലൊഴുക്കിലും അലയിലും കാററിലും പെട്ട് അകലുന്നതിനു മുമ്പ് ചങ്ങാടത്തിലെത്തണമെന്നും നട്ട് ഇംഗ്ലീഷിലും നോർവീജിയൻ ഭാഷയിലും കാൎയ്യങ്ങൾ വിശദീകരിച്ചു. ആ നേതാവ് ചിരിച്ചു. പക്ഷേ അയാൾക്കൊന്നുംതന്നെ മനസ്സിലായില്ല. ശക്തിയായ പ്രതിഷേധം അശേഷം വകവെയ്ക്കാതെ ആൎപ്പുവിളിച്ചുകൊണ്ട് ആ ജനക്കൂട്ടം മുഴുവനും ചേൎന്ന് നട്ടിനെ തള്ളി അവരുടെ ഗ്രാമത്തിലേക്കു കൊണ്ടുപോയി. അവിടെ പട്ടികളും പന്നികളും അദ്ദേഹത്തെ സ്വീകരിക്കാനുണ്ടായിരുന്നു. ദക്ഷിണസമുദ്രദ്വീപിലെ സുന്ദരിമാരായ പെൺകുട്ടികൾ ഫലോപഹാരങ്ങളുമായി അവിടെ വന്നുചേൎന്നു. അവിടെയുള്ള നട്ടിൻെറ താമസം കഴിയുന്നതും സുഖപ്രദമാക്കുവാൻ അവർ തയ്യാറായിരുന്നു എന്നു തെളിഞ്ഞു. എന്നാൽ നട്ടിനെ അങ്ങനെ വശീകരിക്കാൻ അവൎക്കു കഴിഞ്ഞില്ല. പശ്ചിമാഭിമുഖമായി മറയുന്ന ചങ്ങാടത്തെപ്പററി നട്ട് വേദനയോടെ ചിന്തിച്ചു. ആ ദ്വീപവാസികളുടെ ഉദ്ദേശ്യം പ്രകടമായിരുന്നു. ഞങ്ങളുടെ സാഹചൎയ്യം അനുപേക്ഷണീയമായി അവർ കരുതി. വെള്ളക്കാരുടെ കപ്പലിൽ പല വിശിഷ്ടസാധനങ്ങളും ഉണ്ടായിരിക്കുമെന്നവർ ആശിച്ചു. അവൎക്ക് നട്ടിനെ ആ ദ്വീപിൽ തന്നെ പിടിച്ചുവെച്ചുകൊണ്ടിരിക്കുവാൻ കഴിഞ്ഞാൽ ഞങ്ങളും ഞങ്ങളുടെ അത്ഭുതകരമായ ബോട്ടും അങ്ങോട്ടു

ചെല്ലുമെന്നവർ ബലമായി വിശ്വസിച്ചു. സഞ്ചാരമാർഗ്ഗം എല്ലാം വിട്ടകന്നു പിൻവാങ്ങിനില്ക്കുന്ന അംഗാതപാപോലെയുള്ള ഒരു ദ്വീപിൽ ഒരു വെള്ളക്കാരനെ ഉപേക്ഷിച്ചിട്ടു് ഒരു കപ്പലും പോകുകയില്ലെന്നു് അവക്കറിയാമായിരുന്നു. ജിജ്ഞാസാസ്പദമായ പല അനുഭവങ്ങൾക്കുശേഷം നട്ട് അവരെവിട്ടു പിരിഞ്ഞു. അത്ഭുതാധീനരായ പുരുഷന്മാരാലും സ്ത്രീകളാലും ചുററപ്പെട്ട നട്ട് തൻെറ റബ്ബർബോട്ടിൽ വന്നുകയറി. അയാളുടെ സാർവ്വലൌകികമായ ഭാഷയും സംജ്ഞകളും അന്യഥാ ശങ്കിക്കപ്പെട്ടുവാൻ കഴിഞ്ഞില്ല. വളരെ ധൃതിയിൽ പുറപ്പെട്ടുപോകേണ്ട ആ വിശേഷപ്പെട്ട ചങ്ങാടത്തിലേക്കു് ആ രാത്രിയിൽതന്നെ നട്ട് മടങ്ങിപ്പോകുമെന്നും മടങ്ങിപ്പോകാതിരിക്കാൻ അയാൾക്കു സാദ്ധ്യമല്ലെന്നും അവരറിഞ്ഞു.

അപ്പോൾ ആ നാട്ടുകാർ ഒരു തന്ത്രം പ്രയോഗിച്ചു നോക്കി. ദ്വീപിൻെറ മറുവശത്തുകൂടി ഞങ്ങൾ കരയിലേയ്ക്കു വരുന്നുണ്ടെന്നു് ചേഷ്ടകൾകൊണ്ടവർ നട്ടിനെ ധരിപ്പിച്ചു. അല്പസമയത്തേയ്ക്കു് നട്ട് വല്ലാത്ത പരുങ്ങലിലായി. അപ്പോൾ അങ്ങുതാഴെ തീരത്തു് തീ കത്തിച്ചുകൊണ്ടിരുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആരവം അയാൾ കേട്ടു. അവരുടെ മൂന്നു വഞ്ചികളും മടങ്ങിയെത്തിക്കഴിഞ്ഞു. ആ വഞ്ചിയിൽ വന്നെത്തിയവർ ചങ്ങാടത്തിൽനിന്നും കൊടുത്തയച്ച കുറിപ്പു് നട്ടിനെ ഏല്പിച്ചു. എഴുത്തിലെ കാര്യം അറിഞ്ഞപ്പോൾ അയാൾ ധർമ്മസങ്കടത്തിലായി. റബ്ബർബോട്ടിൽ കയറി പുറംകടലിലേയ്ക്കു തനിച്ചു വരാൻ പാടില്ലെന്നു നിർദ്ദേശം, തന്നെ അനുഗമിക്കുകയില്ലെന്നുള്ള ദ്വീപവാസി

കളുടെ നിർബ്ബന്ധമായ നിഷേധം; രണ്ടിനുമിടയിൽപെ ട്ട നട്ട് വല്ലാതെ കുഴങ്ങി.

അവരെല്ലാവരും ചേൻ് വല്ലാതെ ഉച്ചത്തിൽ ഒരു വാദകോലാഹലംതന്നെ നടന്നു. ചങ്ങാടത്തിൽവന്നിട്ടു മടങ്ങിയവർ, ഞങ്ങളേയും ആ ദ്വീപിലേയ്ക്കാകർഷിക്കാൻവേണ്ടി നട്ടിനെ തടഞ്ഞുവെയ്ക്കുന്നതു് അങ്ങേയററം നിഷ്പ്രയോജനമാണെന്നു് നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. അവസാനം നട്ടിൻെറ അന്തർദ്ദേശീയോച്ചാരണത്തിലുള്ള ശപഥങ്ങളും ഭീഷണികളുംകൊണ്ടു് മൂന്നു വഞ്ചികളിലെ നാവികന്മാർ കോൺടിക്കിയെ പിന്തുടന്നുള്ള യാത്രയിൽ നടുക്കടലിലേയ്ക്കു് നട്ടിനെ അനുഗമിക്കാൻ പ്രേരിതരായി. അലകളിൽ തുള്ളിയാടുന്ന റബ്ബർ ബോട്ടിനെ കെട്ടിവലിച്ചുകൊണ്ടു് അവർ ഉഷ്ണമേഖലാന്ധകാരത്തിൽ പ്രക്ഷുബ്ധമായ സമുദ്രത്തിലൂടെ മുന്നോട്ടു ഗമിച്ചു. അപ്പോൾ ആ ദ്വീപവാസികൾ അണയുന്ന അഗ്നികുണ്ഡത്തിനരികെ നിശ്ചലരായി നിന്നുകൊണ്ടു് മൃദുമനോഹരമായ ശരീരവും തലമുടിയുമുള്ള ആ പുതിയ സുഹൃത്തു് വന്നതുപോലെതന്നെ വേഗത്തിൽ മടങ്ങിപ്പോകുന്നതു് കൺകുളുക്കെ കണ്ടു് ആനന്ദിച്ചു.

തിരമാലകൾ വഞ്ചികളെ ഉയത്തിയപ്പോൾ പുറം കടലിലങ്ങകലെ ചങ്ങാടത്തിൽ നിന്നും പ്രകാശിച്ച ദീപസംജ്ഞ നട്ടും കൂട്ടുകാരും കണ്ടു. നീണ്ടിടുങ്ങിയ പോളിനേഷ്യൻ വഞ്ചികൾ കൂത്തുവളഞ്ഞ ഇരുവശങ്ങളിലേയും പൊങ്ങുതടികൾ കൊണ്ടു് അലകളെ മുറിച്ചു് മുന്നോട്ടുപോയി. തനിക്കും കോൺടിക്കിക്കും ഇടയിൽ കാലം അനശ്വരമായി വത്തിക്കുന്നു എന്നു് നട്ടിനു തോന്നി. തനിക്കൊരിക്കലും കോൺടിക്കിയിൽ ചെന്നെ

ത്താൻ സാധിക്കുകയില്ലെന്നുള്ള വിചാരം ശക്തിയായി അയാൾക്കുണ്ടായി.

"സൌഭാഗ്യം നിറഞ്ഞ സമയം കരയിൽ ചിലവഴിച്ചു, ഇല്ലേ?" എന്നു് ടോർസ്റ്റീൻ അസൂയകലൎന്ന സ്വരത്തിൽ ചോദിച്ചു.

"ഓഹോ! നിങ്ങൾ ഹാവൈദ്വീപിലെ സുന്ദരിമാരായ പെൺകുട്ടികളെ കണ്ടിരിക്കും" എന്നു് നട്ട് ടോർസ്റ്റീനെ കൊള്ളിച്ചു പറഞ്ഞു.

കാററുപായ് ഞങ്ങൾ ഉയൎത്തിയില്ല. പങ്കായം ചങ്ങാടത്തിനകത്തുതന്നെ വെച്ചു. അനന്തരം എല്ലാവരും കുടിലിനുള്ളിൽ കയറി അംഗാതപാദ്വീപിന്റെ കടൽക്കരയിലുള്ള പാറക്കല്ലുകൾപോലെ കിടന്നുറങ്ങി.

മൂന്നു ദിവസം ഞങ്ങൾ കരകാണാതെതന്നെ മുന്നോട്ടു പോയി. മുന്നിൽ ഏകദേശം നാല്പതു മുതൽ അമ്പതുവരെ മൈൽ നീളത്തിൽ മാൎഗ്ഗനിരോധം ചെയ്തുകൊണ്ടു് കടലിൽകിടക്കുന്ന ടാക്കുമേ, ററോയ എന്നീ അപകടകരങ്ങളായ രണ്ടു പവിഴപ്പുററുകളെ ലക്ഷ്യമാക്കിയാണു് ഞങ്ങളുടെ ചങ്ങാടം മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നതു്. ആപത്കരങ്ങളായ ആ കടൽപ്പുററുകളിൽ നിന്നകന്നു വടക്കോട്ടു മാറിപ്പോകുവാൻവേണ്ടി നിഷ്പ്രയോജനമായി തുഴഞ്ഞുനോക്കി. ഒരുദിവസം രാത്രിയിൽ അമരക്കാരൻ പെട്ടെന്നു ഞങ്ങളെ വിളിച്ചുണൎത്തി കുടിലിനു വെളിയിലേക്കു ക്ഷണിക്കുന്നതുവരെ കാര്യങ്ങളെല്ലാം ശുഭമായിത്തന്നെയാണു് കലാശിച്ചതു്.

കാററു മാറിവീശി. ഞങ്ങൾ ടാക്കുമേ കടൽപ്പുററിനു നേരെതന്നെയാണു് പോയതു്. മഴപെയ്യാൻ തുടങ്ങി. ഒന്നും കാണാൻ പാടില്ലായിരുന്നു. ഏതായാലും കടൽപ്പുററു വളരെ ദൂരെയല്ലെന്നുള്ള കാൎയ്യം തീൎച്ച.

അദ്ധരാത്രിക്കു് ഞങ്ങഠം ഒരടിയന്തിരയോഗംകൂടി. അപ്പോഠം എങ്ങനെയെങ്കിലും ഞങ്ങളുടെ ജീവനെ രക്ഷിക്കുകയെന്നുള്ളതായിരുന്നു പ്രശ്നം. പവിഴപ്പുററിന്റെ വടക്കുഭാഗത്തേയ്ക്കു വേഗം മാറുകയെന്നുള്ളതു് സാദ്ധ്യമല്ലായിരുന്നു. അതിനുപകരം തെക്കുവശത്തു് കടന്നുചെല്ലാൻ ശ്രമിക്കണം. കാററുപായ് വീണ്ടും ശരിപ്പെടുത്തി. പങ്കായം തിരിച്ചിട്ടു. ഞങ്ങളുടെ പിന്നിൽ അനിശ്ചിതമായ വടക്കൻ കാററു് അടിച്ചുകൊണ്ടിരുന്നു. അങ്ങനെ ഞങ്ങഠം ആ അപകടകരമായ യാത്രതുടങ്ങി. അമ്പതു മൈൽ നീളമുള്ള പവിഴപ്പുററിൻെറ മുഴുവൻ മുഖവും കടക്കുന്നതിനു മുമ്പു് കിഴക്കൻകാററു വീണ്ടും വന്നാൽ പവിഴപ്പുററിലാഞ്ഞടിക്കുന്ന അലകളിലേക്കു് ഞങ്ങളുടെ ചങ്ങാടം എടുത്തെറിയപ്പെടും എന്നുള്ളതു് തീച്ച്യയാണു്.

ആസന്നമായ ചങ്ങാടത്തിൻെറ നാശം പ്രതീക്ഷിച്ചുകൊണ്ടു് വേണ്ട ഒരുക്കങ്ങളെല്ലാം ഞങ്ങഠം ചെയ്തു. എന്തുതന്നെ സംഭവിച്ചാലും ഞങ്ങഠം കോൺടിക്കിയെ വിടാൻപാടില്ല. പാമരത്തിൽ ആരും കയറാൻ പാടില്ല. കാററും ഓളവും അവിടെയിരിക്കുന്ന ആളിനെ കുലുക്കി താഴെയിട്ടുകളയും. അലകളടിച്ചു ചങ്ങാടത്തിലേയ്ക്കു കയറിയാൽ പാമരക്കയറിൽ പററിപ്പിടിച്ചുകൊള്ളണം. റബ്ബർബോട്ടു് കെട്ടഴിച്ചു് അണിയത്തട്ടിൽ വെച്ചു. വയർലസ്സ് ട്രാൻസ്മിററും കുറച്ചാഹാരസാധനങ്ങളും വെള്ളം നിറച്ച കുപ്പികളും മരുന്നുകളും എല്ലാം ഭദ്രമായി ആ റബ്ബർബോട്ടിൽ ചേത്തു ബന്ധിച്ചു. കയ്യിലൊന്നുമില്ലാതെയാണെങ്കിലും ഞങ്ങഠം സുരക്ഷിതമായി പവിഴപ്പുററിലെത്തിയാൽ കാററും ഓളവും ഞങ്ങളുടെ സഹായംകൂടാതെതന്നെ ആ റബ്ബർബോട്ടു് ക

രയ്ക്കടുപ്പിച്ചുകൊള്ളും. ഒരു നീണ്ട കയർ ചങ്ങാടത്തടികളിൽ ഒന്നിൽ കെട്ടി. അതു തനിയെ കരയിലടുത്തുകൊള്ളും. ചങ്ങാടം പവിഴക്കോട്ടയിലടിച്ചു തടഞ്ഞാൽ ഞങ്ങൾക്കാ കയറിൽ പിടിച്ചുവലിച്ച് കോൺടിക്കിയെ കരയ്ക്കടുപ്പിക്കാൻ കഴിയും. അങ്ങനെ നിശ്ചയിച്ച് ഞങ്ങൾ കിടക്കാൻപോയി. ചങ്ങാടത്തിൻെറ ഗതി സൂക്ഷിക്കാൻ അമരക്കാരനെ തനിച്ച് ആ മഴയത്ത് വെളിയിൽ നിർത്തുകയും ചെയ്തു. വടക്കൻകാററ് അടിച്ചിടത്തോളം സമയം ഞങ്ങൾ മന്ദം മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്നു. പക്ഷേ ചക്രവാളത്തിനടിയിൽ ഒളിഞ്ഞുകിടക്കുന്ന പവിഴപ്പുററിൻെറ മുഖത്തേയ്ക്കുതന്നെയാണ് ഞങ്ങൾ പോയിരുന്നതു്. ഉച്ചയ്ക്കുശേഷം കാററു നിലച്ചു. എന്നാലതു വീണ്ടുമടിച്ചപ്പോൾ അതു കറങ്ങി കിഴക്കോട്ടു മാറിയിരുന്നു. എറിക്കിൻെറ കണക്കനുസരിച്ച് ഞങ്ങളുടെ അപ്പോഴത്തെ സ്ഥാനം അത്രയ്ക്കും താഴെമാറിയായിരുന്നതിനാൽ ററോയ പവിഴപ്പുററിൻെറ തെക്കേ അററം കടന്നുപോകാൻ സാധിക്കുമെന്നു ഞങ്ങൾ ആശിച്ചു. അതിനപ്പുറമുള്ള പവിഴപ്പുററിൽ ചെല്ലുന്നതിനു മുമ്പ് ററോയ പവിഴപ്പുററിനെ ചുററി ഒരഭയസ്ഥാനത്തു ചെന്നുചേരാൻ ശ്രമിക്കണം.

രാത്രിയായപ്പോൾ ഞങ്ങൾ കടലിൽ കഴിച്ചുകൂട്ടിയ നൂറുദിവസം പൂർത്തിയായി. രാത്രിയിൽ കുറച്ച് അമാന്തിച്ച് അസുഖവും അക്ഷമയുംകൊണ്ടു് ഞങ്ങൾ ഉണന്നു. തിരമാലകളുടെ ചലനത്തിൽ എന്തോ അസാധാരണതചം ദൃശ്യമായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ കോൺടിക്കിയുടെ ഗതി അതിനു മുമ്പു് എങ്ങനെയായിരുന്നുവോ അതിൽ നിന്നും ഭിന്നമായിട്ടാണപ്പോൾ കാണപ്പെട്ടതു്. ചങ്ങാടത്തടികളുടെ താളത്തിൽ വന്ന

മാററം ഞങ്ങൾ അറിഞ്ഞു. ഞങ്ങൾ സമീപിക്കുന്ന കരയിൽ നിന്നുമുള്ള വലിവിനെപ്പററി പെട്ടെന്നു ഞാൻ ചിന്തിച്ചു. തുടരെ ഞാൻ അണിയത്തട്ടിലും പാമരത്തിലും ചെന്നു് ഗതി പരിശോധിച്ചുകൊണ്ടിരുന്നു. അലയല്ലാതെ മറെറാന്നും എൻെറ ദൃഷ്ടിയിൽപെട്ടില്ല. ഏതായാലും എനിക്കു സുഖനിദ്ര ഉണ്ടായില്ല സമയം വേഗം കടന്നുപോയി.

പ്രഭാതത്തിൽ ആറുമണിക്കല്പം മുമ്പു് ടോർസ്റ്റീൻ പാമരമുകളിൽനിന്നും ഇറങ്ങിവന്നു. അയാൾക്കു് തെങ്ങുകൾ നിറഞ്ഞ ദ്വീപുകളുടെ ഒരു നിരതന്നെ കാണാൻ കഴിഞ്ഞു. മറെറന്തെങ്കിലും ചെയ്യുന്നതിനു മുമ്പു് കഴിയുന്നിടത്തോളം ചങ്ങാടത്തെ തെക്കോട്ടു മാററാൻ ഞങ്ങൾ പങ്കായംപിടിച്ചു. പവിഴപ്പുററിനപ്പുറം ഒരു നൂലിൽ കോർത്ത പവിഴഖണ്ഡങ്ങൾപോലെ തൊട്ടുതൊട്ടു കിടക്കുന്ന പവിഴദ്വീപുകളാണു് ടോർസ്റ്റീൻ കണ്ടതു്. തെക്കോട്ടേയ്ക്കൊഴുകുന്ന പ്രവാഹത്തിൽ ഞങ്ങൾ പെട്ടിരിക്കണം.

ഏഴരമണിക്കു് പടിഞ്ഞാറെ ചക്രവാളത്തിൽ തെങ്ങുകൾ നിറഞ്ഞ ദ്വീപുകൾ അണിയണിയായി പ്രത്യക്ഷപ്പെട്ടു. വെറും ബിന്ദുക്കൾപോലെ ചെറുതായി ചെറുതായി അങ്ങു വടക്കേ അററത്തു് അവസാനം അദൃശ്യമാകുന്നതുവരെ ഞങ്ങളുടെ വലതുഭാഗത്തു് ചക്രവാളം മുഴുവൻ വ്യാപിച്ചു് ദ്വീപുകളും തെങ്ങിൻ തോപ്പുകളും കിടന്നിരുന്നു. ഏററവും അടുത്തുകിടക്കുന്ന ദ്വീപുകളിലേയ്ക്കു് ഞങ്ങളുടെ അടുത്തുനിന്നും നാലോ അഞ്ചോ നാഴിക ദൂരമുണ്ടായിരുന്നു.

ചങ്ങാടത്തിൻെറ തല ആ ദ്വീപസമൂഹത്തിൽ ഏററവും തെക്കുള്ളതിൻെറ നേരെ തിരിഞ്ഞിരുന്നുവെ

കിലും ചങ്ങാടം ഒരുവശത്തേയ്ക്കു് അത്രമാത്രം തള്ളിനീങ്ങികൊണ്ടിരുന്നതിനാൽ അതു് തല തിരിഞ്ഞിരുന്നദിക്കിലേയ്ക്കല്ല പോയതു്. ചങ്ങാടം ചെരിഞ്ഞു് പവിഴപ്പുററിലേയ്ക്കു നീങ്ങുകയായിരുന്നു. ഉറച്ചുനിന്നിരുന്ന സെൻറർബോർഡു് ഉണ്ടായിരുന്നുവെങ്കിൽ ഞങ്ങൾക്കു പവിഴപ്പുററിൽനിന്നും അകലാൻ കഴിയുമെന്നു് ഒരുപക്ഷേ, അല്പമായിട്ടെങ്കിലും ആശിക്കാമായിരുന്നു. പക്ഷേ അപ്പോഴും സ്രാവുകൾ ഞങ്ങളെ പിന്തുടർന്നിരുന്നതുകൊണ്ടു് ചങ്ങാടത്തിനടിയിൽ മുങ്ങിച്ചെന്നു് പുതിയ കയറുകൊണ്ടു് അതു കെട്ടിയുറപ്പിയ്ക്കാനും സദ്ധ്യമല്ലായിരുന്നു.

ഏതാനും മണിക്കൂറുകൾകൂടി മാത്രമേ ഇനിയും ഞങ്ങൾക്കു ചങ്ങാടത്തിൽ കഴിച്ചുകൂട്ടേണ്ടതായിട്ടുള്ളു എന്നു ഞങ്ങൾ അറിഞ്ഞു. പവിഴപ്പുററിലടിച്ചു് ഉണ്ടാകാൻപോകുന്ന നാശത്തെ തടയാൻവേണ്ട മുൻകരുതലുകൾക്കുവേണ്ടി ആ സമയം ഫലപ്രദമായി വിനിയോഗിക്കപ്പെടണം. ആ നിർണ്ണായകഘട്ടം വരുമ്പോൾ ഓരോരുത്തരും ചെയ്യേണ്ട കാര്യങ്ങൾ ഞങ്ങൾ നല്ലവണ്ണം ഉരുക്കഴിച്ചു പഠിച്ചു. എല്ലാവക്കും അവരവരുടെ കത്തവ്യം വ്യക്തമായിട്ടറിയാമായിരുന്നതിനാൽ ആ മുഹൂത്തം ആഗതമായി നിമിഷങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞപ്പോൾ, പരിഭ്രമിച്ചു് ഓടിനടന്നു് മററുള്ളവരുടെ ജോലിയിൽ ആക്കും കൈകടത്തേണ്ട ആവശ്യം നേരിട്ടില്ല. കാററും അലയും ഞങ്ങളെ പവിഴപ്പുററിലേയ്ക്കു തള്ളിക്കൊണ്ടിരുന്നപ്പോൾ ചങ്ങാടം ഓളത്തിൽകിടന്നു ചാഞ്ചാടാൻ തുടങ്ങി. പവിഴപ്പുററുമൂലമുണ്ടായതാണാ ഭാഗത്തെ തിരമാലകളുടെ ക്ഷോഭം എന്നുള്ളതിനു് യാതൊരു സന്ദേഹവുമില്ലായിരുന്നു. ഏതാനും അലകൾ അ

ടിച്ചുകയറി പവിഴപ്പുററിനകത്തേയ്ക്കൊഴുകിയപ്പോൾ ചില അലകൾ ദ്വീപിനെ ചുററിനില്ക്കുന്ന പവിഴപ്പുററിൽ ഊക്കോടെ അടിച്ച് പുറകോട്ടു പതിച്ചിരുന്നു.

പവിഴപ്പുററു കടന്നു പോകാൻ കഴിയുമെന്നുള്ള വ്യാമോഹത്തിൽ ചങ്ങാടം കാററുപിടിച്ചു മുന്നോട്ടുതന്നെ കുതിച്ചുകൊണ്ടിരുന്നു. പകുതി പാർശ്വം തിരിഞ്ഞു് ക്രമേണ ഞങ്ങളുടെ ചങ്ങാടം അടുത്തപ്പോൾ വെള്ളത്തിനടിയിലും മുകളിലുമായി കിടന്ന ആ പവിഴപ്പുററു് ഒരു ചിറപോലെ തെങ്ങുകൾ നിറഞ്ഞ ആ ദ്വീപുകളെ മുഴുവൻ ബന്ധിച്ചുകൊണ്ടു നില്ക്കുന്നതു് പാമരത്തിനു മുകളിൽ നിന്നു ഞങ്ങൾ കണ്ടു. പവിഴപ്പുററു നില്ക്കുന്ന സ്ഥലത്തു് സമുദ്രം പതഞ്ഞു വെളുത്തു് ഉന്നതമായ അലകളെ ആകാശത്തിൽ ഉയർത്തിക്കൊണ്ടിരുന്നു. ടാക്കും പവിഴപ്പുററിനെ കണക്കിലെടുക്കാതെ ററോയ പവിഴപ്പുററുമാത്രം എടുത്തു നോക്കിയാൽ അതു് നടുവിൽ ഒരു തടാകത്തോടുകൂടി അണ്ഡാകൃതിയിൽ ഇരുപത്തിയഞ്ചു മൈൽ വ്യാസമുള്ളതാണെന്നു മനസ്സിലാകും. ഞങ്ങൾ പിന്നിട്ടുവന്ന സമുദ്രത്തിൻെറ കിഴക്കുഭാഗത്തേയ്ക്കാണു് ആ പവിഴപ്പുററിൻെറ മുക്കാൽഭാഗവും തിരിഞ്ഞിരുന്നതു്. ഒരേ രേഖയിൽ ചക്രവാളത്തിൽനിന്നും ചക്രവാളത്തിലേയ്ക്കു് നീണ്ടു കിടക്കുന്ന ആ പവിഴപ്പുററിൻെറ ഏതാനും ഭാഗം മാത്രമെ വ്യക്തമായി കാണപ്പെട്ടിരുന്നുള്ളു. ആ പവിഴപ്പുററിനു പിന്നിൽ ഭാവനാസുന്ദരമായ ചെറു ദ്വീപുകൾ അതിനുള്ളിൽ സ്ഥിതിചെയ്യുന്ന ശാന്തമായ തടാകത്തെ വലയം ചെയ്തു കിടന്നു. ഞങ്ങളുടെ മുന്നിൽ ആകാശത്തിൽ ചക്രവാളത്തിലെല്ലായിടത്തും ശാന്തസമുദ്രത്തിലെ നീലജലം നിഷ്ക്കരു

ണംകോരിത്തളിച്ചതു് വിവിധവികാരങ്ങളോടെയാണു് ഞങ്ങൾ വീക്ഷിച്ചതു്. എന്താണു സംഭവിക്കാൻ പോകുന്നതെന്നു ഞാനറിഞ്ഞിരുന്നു. മുമ്പു് ഞാൻ ടാമൊറൂദ്വീപുകൾ സന്ദർശിച്ചിട്ടുണ്ടു്. സുരക്ഷിതമായി ആ ദ്വീപിന്റെ കരയിൽ യാതൊരു ആപൽശങ്കയും കൂടാതെ നിന്നുകൊണ്ടു്, വിസ്തൃതമായ ശാന്തസമുദ്രത്തിന്റെ വിരിമാറിൽനിന്നും കടൽപ്പുററിലേയ്ക്കു് അലകൾ ആഞ്ഞു് ഒടിച്ചു കുത്തുന്ന പൂർവ്വദിങ്മുഖത്തിന്റെ അപരിമേയവും അത്ഭുതകരവുമായ കാഴ്ച ഞാൻ നിർന്നിമേഷനായി നോക്കി ആസ്വദിച്ചിട്ടുമുണ്ടു്. പുതിയ കടൽപ്പുററുകളും ദ്വീപുകളും തെക്കോട്ടു് തുടർച്ചയായി കാണാനുണ്ടായിരുന്നു. പവിഴപ്പുററു കോട്ടയുടെ മുകപ്പിന്റെ മദ്ധ്യഭാഗത്തുനിന്നും ഞങ്ങൾ അകന്നു കിടക്കുകയായിരിക്കണം.

യാത്രാവസാനത്തിനുള്ള ഒരുക്കങ്ങളെല്ലാം ഞങ്ങൾ കോൺടിക്കിയിൽ വളരെ ധൃതഗതിയിൽ ചെയ്തുകൊണ്ടിരുന്നു. വിലപിടിച്ചതെല്ലാം കുടിലിനകത്തു കൊണ്ടുപോയി ഭംഗിയായി കെട്ടിവച്ചു. വെള്ളം കയറിയാൽ ഉപയോഗശൂന്യമാകുന്ന പ്രമാണങ്ങളും പേപ്പറുകളും ഫിലിമുകളും അതുപോലെയുള്ള മററു സാധനങ്ങളും ഒരുമിച്ചു വെള്ളം കയറാത്ത സഞ്ചികളിലാക്കി ഭദ്രമായി സൂക്ഷിച്ചു. കുടിൽ മുഴുവൻ ക്യാൻവാസിട്ടു മൂടി നല്ല ബലമുള്ള കയറുകൾകൊണ്ടു് ദൃഢമായി ബന്ധിച്ചു. യാതൊരു ആശയ്ക്കും വകയില്ലെന്നറിഞ്ഞപ്പോൾ ഞങ്ങൾ അണിയത്തട്ടു തുറന്നു് സെൻറർബോർഡു് ബന്ധിച്ചിരുന്ന കയറുകളെല്ലാം കത്തികൊണ്ടു് അറുത്തു കളഞ്ഞു. സെൻറർബോർഡു് അവിടെനിന്നും വലിച്ചെടുക്കുകയെന്നു പറയുന്നതു് ഒരു നിസ്സാരകാര്യമല്ലായിരുന്നു. എ

ന്തെന്നാൽ അവയെല്ലാം ചെറുമത്സ്യങ്ങളെക്കൊണ്ടു് ക നമായി മൂടിപ്പുതച്ചിരുന്നു. സെൻറർബോർഡ് എടുത്തു മാററിക്കഴിഞ്ഞപ്പോഠം ഞങ്ങളുടെ ചങ്ങാടം ചങ്ങാടത്ത ടികളുടെ അടിത്തട്ടിനേക്കാഠം കൂടുതൽ താഴ്ന്നിരുന്നി ല്ല. അതിനാൽ ഞങ്ങളെ എളുപ്പം അലകഠംക്കെട്ടത്തു ക ടൽപ്പുററിലടിക്കാൻ കഴിയുമായിരുന്നു. സെൻറർബോർ ഡും കാററുപായുമില്ലാതായിത്തീൎന്നപ്പോഠം ചങ്ങാടം ഒരുവശം ചെരിഞ്ഞു കിടന്നു. അങ്ങനെ ഞങ്ങഠം കാ ററിനും അലയ്ക്കും പരിപൂൎണ്ണവിധേയന്മാരായിത്തീൎന്നു.

ഏററവും നീളമുള്ള കയർ ഞങ്ങഠം സ്വയം നി ൎമ്മിച്ച നങ്കൂരത്തിൽ കെട്ടി. അതു് അണിയത്തട്ടിൽ ഇ ടതുഭാഗത്തായി നില്ക്കുന്ന പാമരക്കാലിൻെറ ചുവട്ടിൽ ബന്ധിച്ചു. തന്മൂലം നങ്കൂരമിട്ടുകഴിഞ്ഞാൽ കോൺടിക്കി പുറം തിരിഞ്ഞേ അലകളിലേയ്ക്കു ചെന്നു വീഴുകയുള്ളു. ശൂന്യമായ പാത്രങ്ങളിൽ ഉപയോഗിച്ച വയർലസ്സ് ബാറററികളും ഭാരമുള്ള കമ്പിക്കഷണങ്ങളും വിലങ്ങ നെ ഉന്തിനില്ക്കുന്ന കണ്ടൽ തടിക്കഷണങ്ങളും കൊണ്ടു നിറച്ചുണ്ടാക്കിയതായിരുന്നു ഞങ്ങളുടെ നങ്കൂരം.

ചങ്ങാടത്തിൽ മുറുകെപ്പിടിച്ചുകൊള്ളുക എന്നുള്ള തായിരുന്നു ആദ്യവും അവസാനവും ഉള്ള ആജ്ഞ. എ ന്തുതന്നെ സംഭവിച്ചാലും ശരി, ചങ്ങാടത്തിനകത്തു് ദൃ ഢമായി പററിപ്പിടിച്ചു തൂങ്ങിക്കൊള്ളണം. കടൽപ്പു ററിലെടുത്തടിക്കുമ്പോഠം ഉണ്ടാകുന്ന സമ്മൎദ്ദം മുഴുവൻ ചങ്ങാടത്തടികഠം ഒമ്പതും സഹിച്ചുകൊള്ളട്ടെ എന്നാ യിരുന്നു ഞങ്ങളുടെ നിശ്ചയം. വെള്ളത്തിൻെറ സമ്മൎ ദ്ദം എതിൎത്തുനില്ക്കാൻ ഞങ്ങഠംക്കുതന്നെ വളരെയധികം ശ്രമപ്പെടേണ്ടിയിരുന്നു. കടലിലേയ്ക്കു ചാടിയാൽ ഞങ്ങഠം നിസ്സഹായരായി വലിവിൽപെട്ടു് ബലിമൃഗങ്ങളായി

ത്തീരും എന്നുമാത്രവുമല്ല, ഞങ്ങളെ ആ കടൽപ്പുററിൽ അങ്ങോട്ടും ഇങ്ങോട്ടും ഇട്ട് അലകളടിക്കുകയും ചെയ്യും. റബ്ബർബോട്ട് കീഴ്ക്കാംതൂക്കായ അലകളിൽ മറിഞ്ഞു പോകുകയോ ഞങ്ങളതിലിരിക്കുമ്പോഠം ക്രമാധികമായ ഭാരംകൊണ്ട് കടൽപ്പുററിലടിച്ച് നേരിയ ഇഴകളായി പൊട്ടിത്തകരുകയോ ചെയ്യും. എപ്പോഴെങ്കിലും തടി ച്ചങ്ങാടത്തെ ഞങ്ങളോടൊന്നിച്ച് എടുത്തുയർത്തി കരയിലെത്തിക്കാതിരിക്കുകയില്ല. അതിനാൽ ഞങ്ങഠം അതിൽനിന്നും വിട്ടുപോകാതെയിരുന്നാൽ മതി, ഞങ്ങഠംക്കു തീരത്തിലിറങ്ങാം.

അടുത്തതായി, കഴിഞ്ഞ നൂറുദിവസങ്ങഠംക്കു ശേഷം ആദ്യമായി എല്ലാവരും ഷൂസു ധരിച്ചുകൊള്ളണമെന്നും ലൈഫ്ബൽററ് തയ്യാറാക്കിവെച്ചുകൊള്ളണമെന്നും കശ്നമായി നിർദ്ദേശിച്ചു. ഒടുവിൽ പറഞ്ഞതുകൊണ്ട് വലിയ പ്രയോജനമൊന്നുമില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ അലയിൽ വീഴുന്നയാഠം മുങ്ങിച്ചാകുകയില്ല; കടൽപ്പുററിലടിച്ചു മരിക്കുകയേയുള്ളൂ. ഞങ്ങളുടെ പാസ്സ്പോർട്ടും മിച്ചമുള്ള ചില്ലറനാണയങ്ങളും പോക്കററിലിടാൻ ഉള്ള സമയം ഉണ്ടായിരുന്നു. സമയച്ചുരുക്കമെല്ല ഞങ്ങളെ അലട്ടിയ പ്രശ്നം.

ഉത്കണ്ഠാകുലമായ നിമിഷങ്ങളാണു ഞങ്ങളെ കാത്തിരുന്നതു്. ഓരോ അടിവെയ്പിലും ഞങ്ങളുടെ ചങ്ങാടം പാർശ്വം തിരിഞ്ഞു് പവിഴപ്പുററിലേയ്ക്കു് നിസ്സഹായമായി അടുത്തുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ചങ്ങാടത്തിനകത്തു് ശാന്തത പ്രത്യക്ഷമായിരുന്നു. ഞങ്ങഠം നിശ്ശബ്ദരായി കുടിലിനകത്തേയ്ക്കുഴിഞ്ഞു കയറുകയും പുറത്തിറങ്ങി ചങ്ങാടത്തട്ടിലേയ്ക്കു പോകുകയും യാതൊരു പരിഭ്രമവും കൂടാതെ ഞങ്ങളുടെ ജോ

ലി മുറയ്ക്കു തുടൻ നടത്തുകയും ചെയ്തു. ഞങ്ങളുടെ ഗൗരവം നിറഞ്ഞ മുഖം, എന്താണു സംഭവിക്കാൻ പോകുന്നതു് എന്ന കാര്യത്തിൽ ഞങ്ങൾക്കാർക്കും ഒരു സംശയവുമില്ല എന്നു ദ്യോതിപ്പിച്ചു. ഞങ്ങളുടെ ക്രൂസലില്ലായ്മ ചങ്ങാടത്തെ സംബന്ധിച്ചു് ഞങ്ങൾ ക്രമേണ സമ്പാദിച്ച അചഞ്ചലമായ വിശ്വാസത്തിന്റെ പ്രതിഫലനമായിരുന്നു. അതു പുറംകടലിലേയ്ക്കു പോയാലും ഞങ്ങളെ തീരത്തിലെത്തിച്ചുകൊള്ളും.

ചങ്ങാടത്തിൽ ആഹാരസാധനങ്ങൾ സൂക്ഷിച്ചിരുന്ന സഞ്ചികളും കെട്ടിവച്ചിരിക്കുന്ന മററു സാധനങ്ങളുമെല്ലാംകൂടി കുഴഞ്ഞുമറിഞ്ഞു കിടക്കുകയായിരുന്നു. തന്മൂലം വയർലസ്സ് കോർണറിൽ ടോർസ്റ്റീനു് കഷ്ടിച്ചു ഞെരുങ്ങി ഇരിക്കാനെ സ്ഥലമുണ്ടായിരുന്നുള്ളു. അവിടെ കഷ്ടിച്ചു ഞെരുങ്ങിയിരുന്നുകൊണ്ടയാൾ ഹ്രസ്വഭ്രമണത്തിൽ ട്രാൻസ്മിററർ പ്രവർത്തിപ്പിച്ചു. കലാവാ തുറമുഖത്തുനിന്നും ഞങ്ങളിപ്പോൾ നാലായിരം മൈലിൽ കൂടുതൽ സഞ്ചരിച്ചു കഴിഞ്ഞു. കലാവാ തുറമുഖത്തിനടുത്തുള്ള പെറുവിലെ നാവികവിദ്യാലയവും അവിടെനിന്നും അകലെക്കഴിയുന്ന ഹാളും ഫ്രാങ്കും വടക്കേ അമേരിക്കയിലെ റേഡിയോ പ്രവർത്തകന്മാരും ഞങ്ങളുമായി തുടർച്ചയായി സമ്പർക്കം പുലർത്തിയിരുന്നു. എന്നാൽ കുക്ക് ദ്വീപുകളിൽ റാററട്ടോംഗ എന്ന സ്ഥലത്തു് ഒരു സെററുണ്ടായിരുന്ന അതിവിദഗ്ദ്ധനായ ഒരു വയർലസ്സ് ഉദ്യോഗസ്ഥനുമായി ഭാഗ്യവശാൽ കഴിഞ്ഞ ദിവസം അടുത്ത ബന്ധം പുലർത്താൻ കഴിഞ്ഞു. പതിവിനൊക്കെ വിരുദ്ധമായി അടുത്ത ദിവസം രാവിലെ അദ്ദേഹവുമായി പ്രത്യേകം സമ്പർക്കം പുലർത്താൻ വയർലസ്സ്

ഓപ്പറേററന്മാർ വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. ആ സമയമെല്ലാം ഞങ്ങൾ പവിഴപ്പുററിനോട് കൂടുതൽ കൂടുതൽ അടുത്തുകൊണ്ടിരിക്കുകയായിരുന്നു. ടോർസ്റ്റീൻ ഒരേ ഇരുപ്പ് ഇരുന്നു കീ തട്ടിക്കൊണ്ട് റാറോട്ടാംഗയിലെ ആളിനെ വിളിച്ചുകൊണ്ടിരുന്നു.

ഞങ്ങളുടെ ഡയറിക്കുറിപ്പ് ഇങ്ങനെ ആയിരുന്നു.

8. 15: ഞങ്ങൾ കരയിലേയ്ക്കു മന്ദം അടുത്തുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ വലതുഭാഗത്ത് കരയിൽ നില്ക്കുന്ന തെങ്ങുകൾ ഇപ്പോൾ ഞങ്ങൾക്ക് പ്രത്യേകം തിരിച്ചറിയാൻ കഴിയും.

8. 45: കാററു കുറച്ചുകൂടി പ്രതികൂലമായ ദിക്കിലേയ്ക്കു മാറിയിരിക്കുന്നു. അതിനാൽ പവിഴപ്പുററിൽ നിന്നും മാറിപ്പോകാമെന്ന ആശയേ ഞങ്ങൾക്കില്ല. ഞങ്ങൾക്കാർക്കും മനശ്ചാഞ്ചല്യം സംഭവിച്ചിട്ടില്ല. വേണ്ടഒരുക്കങ്ങളെല്ലാം ദൃഢാപ്തിവിശ്വാസത്തോടെ ചങ്ങാടത്തിൽ നടന്നുകൊണ്ടിരിക്കുന്നു. പവിഴപ്പുററിൽ വന്നടിച്ച് അപകടംപററിയ ഒരു പാക്കപ്പലുപോലെ എന്തോ ഒന്ന് ഞങ്ങൾ മുന്നിൽ കാണുന്നുണ്ട്. ഒരുപക്ഷേ അത് ഒഴുകിവന്ന തടിക്കൂമ്പാരമായിരിക്കാം.

9. 45: കടൽപ്പുററിൽ അവസാനം കാണുന്ന രണ്ടു ദ്വീപുകളിൽ ആദ്യത്തേതിലേയ്ക്കാണ് കാററിപ്പോൾ ഞങ്ങളെ കൊണ്ടുപോകുന്നത്. ഞങ്ങൾക്കിപ്പോൾ ആ പവിഴപ്പുററു മുഴുവൻ ഭംഗിയായി കാണാം. അവിടെ കാണപ്പെടുന്ന ആ കടൽപ്പുററ് വെളുപ്പും ചുവപ്പും കലന്ന പുള്ളികളോടുകൂടി വൃത്താകാരത്തിൽ നിർമ്മിച്ച ഒരു ഭിത്തിപോലെ, എല്ലാ ദ്വീപുകളുടേയും മുമ്പിൽ വെള്ളത്തിൽനിന്നുമുയന്ന് അണിയായി കിടക്കുന്നു. പവിഴപ്പുററു മുഴുവൻ പതഞ്ഞുപൊങ്ങുന്ന അലകൾ ആകാശത്തി

ലേയ്ക്കടിച്ചുയരുന്നുണ്ട്. വിധിനിർണ്ണായകമായ ആ ആപത്ഘട്ടത്തിൽ അററകൈ പ്രയോഗിക്കുന്നതിനു മുമ്പ് ബെങ്ൻററ് ഞങ്ങൾക്കവസാനത്തെ ചൂടുള്ള ആഹാരം വിളമ്പിത്തരുകയാണ്. കടൽപ്പുററിൽ അടിച്ചുതകന്ന ഒരു കപ്പൽ കിടപ്പുണ്ട്. ഞങ്ങളിപ്പോൾ പവിഴപ്പുററിനു വളരെ അടുക്കലായതുകൊണ്ട് പവിഴപ്പുററിനപ്പുറം തിളങ്ങിക്കിടക്കുന്ന തടാകവും അതിനുമപ്പുറം സ്ഥിതിചെയ്യുന്ന ദ്വീപുകളുടെ പുറവടിവും ഞങ്ങൾക്കു കാണാൻകഴിയുന്നുണ്ട്.

ഇത്രയുമെഴുതിത്തീന്നപ്പോൾ ഒരലയുടെ മന്ദ്രധ്വാനം വളരെ അടുത്തു കേൾക്കപ്പെട്ടു. ഞങ്ങൾ സമീപിച്ചിരിക്കുന്ന പവിഴപ്പുററിൽ നിന്നുമാണതുയന്നാകാശത്തെ മൂടിയത്. കോൺടിക്കിയുടെ ഉദ്വേഗജനകമായ അവസാനത്തെ കൈ പ്രയോഗിക്കാൻ മുന്നറിയിപ്പുനല്കിക്കൊണ്ട് ആവേശകരമായ പെരുമ്പറമുഴക്കംപോലെ ആ അലറുന്ന അലച്ചുരുളുകൾ ആകാശത്തെ ഭേദിച്ചു.

9. 50: പവിഴപ്പുററിനോടു വളരെ അടുത്താണ് ഞങ്ങളിപ്പോൾ കിടക്കുന്നത്. പവിഴപ്പുററിലേക്കു തന്നെ നീങ്ങിക്കൊണ്ടിരിക്കുന്നു. ഏതാണ്ട് ആറുവാര അകലം മാത്രമേയുള്ളു. ടോർസ്റ്റീൻ റാററ്റോംഗയിലെ ആളുമായി സംസാരിക്കുകയാണ്. എല്ലാം വ്യക്തമാണ്. വേഗംതന്നെ തയ്യാറാകണം. എല്ലാവക്കും ശുഭാപ്തിവിശ്വാസവും നല്ല ഉന്മേഷവുമുണ്ട്. ആകപ്പാടെ ദുർഘടം പിടിച്ച സന്ദർഭമാണ്. പക്ഷേ ഞങ്ങൾ ശുഭാപ്തിവിശ്വാസത്തോടെ അഭിമുഖീകരിക്കും.

ഏതാനും മിനിട്ടുകൾ കഴിഞ്ഞപ്പോൾ ഞങ്ങൾ നങ്കൂരം വെള്ളത്തിലിട്ടു. അതടിയിൽചെന്നു മുട്ടുകയും ചെയ്തു. അപ്പോൾ കോൺടിക്കി ആടിക്കറങ്ങി അലക

ളടിച്ചുകൊണ്ടിരുന്ന പവിഴപ്പുററിനുള്ളിലേക്ക് അമരം തിരിഞ്ഞു. ഏതാനും നിമിഷങ്ങൾ അതു ഞങ്ങളെ പിടിച്ചുവെച്ചു. അപ്പോൾ ടോർസ്റ്റീൻ വയർലസ്സ് കീയിൽ തട്ടിക്കൊണ്ടേയിരുന്നു. അയാൾക്ക് റാറട്ടോംഗയുമായി ബന്ധംപുലർത്താൻ കഴിഞ്ഞു. അലകൾ ആകാശത്തിൽ ഉഗ്രമായ ശബ്ദം മുഴക്കി ഭയങ്കരമായി ഉയരുകയും താഴുകയും ചെയ്തു. എല്ലാവരും അണിയത്തട്ടിൽ പ്രവർത്തനവ്യഗ്രരായികഴിഞ്ഞു. ടോർസ്റ്റീന് വയർലസ്സ് സന്ദേശം കിട്ടിക്കൊണ്ടിരുന്നു. ഞങ്ങൾ ററോയ പവിഴപ്പുററിലേക്ക നീങ്ങിക്കൊണ്ടിരിക്കുന്നു എന്ന് ടോർസ്റ്റീൻ അറിയിച്ചു. ഓരോ മണിക്കൂറിലും ആ ഭ്രമണവേഗത്തിൽ ശ്രദ്ധിക്കണമെന്നയാൾ റാറട്ടോംഗയിലെ സ്നേഹിതനോടഭ്യർത്ഥിച്ചു. മുപ്പത്തിയാറു മണിക്കൂർ സമയത്തിൽ കൂടുതൽ ഞങ്ങൾ നിശ്ശബ്ദരായിരുന്നാൽ വാഷിങ്ടണിലുള്ള നോർവീജിയൻ പ്രതിപുരുഷാലയത്തിൽ വിവരമറിയിക്കണമെന്നും കൂടി ആവശ്യപ്പെട്ടു. ടോർസ്റ്റീന്റെ അവസാന വാക്കുകൾ ഇവയായിരുന്നു. "അങ്ങനെയാകട്ടെ അമ്പതുവാരയകലമെ എനിയും പവിഴപ്പുററിലേക്കുള്ളു. ഞങ്ങൾ തല്ക്കാലം നിർത്തുന്നു. വന്ദനം." പിന്നീട്ട് ടോർസ്റ്റീൻ വയർലസ്സ് സ്റ്റേഷൻ അടച്ചുപൂട്ടി. നട്ട് പേപ്പറുകളെല്ലാമെടുത്തു മുദ്രവെച്ചു. നങ്കൂരമിളകിക്കഴിഞ്ഞതിനാൽ രണ്ടുപേരും വളരെ വേഗത്തിൽ മററുള്ളവരുമായി സന്ധിക്കാൻ അണിയത്തട്ടിലേക്ക പാഞ്ഞു.

അലകൾ ഉഗ്രമായി അടിച്ചുകൊണ്ടിരുന്നു. അലകൾക്കിടയിൽ ആഴമേറിയ ഓളപ്പാത്തികൾ ഉണ്ടാകുകയും ചെയ്തു. ചങ്ങാടം കൂടുതൽ ഉയരത്തിൽ പൊങ്ങുകയും അതുപോലെ താഴുകയും ചെയ്തുകൊണ്ടിരുന്നു.

വീണ്ടും ആജ്ഞ പുറപ്പെട്ടു. "ബലമായി പിടിച്ചു

കൊള്ളുക. ചങ്ങാടത്തിലെ സാധനങ്ങൾ വകവെയ്ക്കേണ്ട. ദൃഢമായി പിടിച്ചുകൊള്ളുക."

ഞങ്ങളാ വെള്ളച്ചാട്ടത്തിനുള്ളിലേയ്ക്ക് വളരെ അടുത്തു കഴിഞ്ഞു. അതിനാൽ കടൽപ്പുററിൽ തുടർച്ചയായി അലകളടിച്ചു മുഴങ്ങുന്ന ശബ്ദം ഞങ്ങളശേഷം കേട്ടതേയില്ല. ഞങ്ങളടുത്തു കിടക്കുന്ന പവിഴപ്പുററിൽ ആ ഭാഗത്തു് ഓരോ പ്രാവശ്യവും അടിക്കുന്ന അലയുടെ പ്രത്യേക ശബ്ദം മാത്രമേ ഞങ്ങൾക്കു കേൾക്കാൻ സാധിച്ചിരുന്നുള്ളു.

ഞങ്ങൾ എല്ലാവരും ആ പരിതഃസ്ഥിതിയെ നേരിടാൻ തയാറായിരുന്നു. ഓരോരുത്തരും അവരവർക്കു സുരക്ഷിതമെന്നു തോന്നിയ കയററിൽ പററിപ്പിടിച്ചു കിടന്നു. അവസാനനിമിഷത്തിൽ ഏറിക്ക്മാത്രം കുടിലിനകത്തു നുഴഞ്ഞു കയററി. ഷൂസ് കണ്ടുകിട്ടാഞ്ഞതുകൊണ്ടു് അയാൾ മാത്രം അതു് ധരിച്ചിരുന്നില്ല.

ആരുംതന്നെ ചങ്ങാടത്തിൻെറ പിൻഭാഗത്തു നിന്നില്ല. പവിഴപ്പുററിലേയ്ക്കുള്ള അടി അവിടെയാണേല്ക്കുന്നതു്. പാമരത്തിനു മുകളിൽനിന്നും പിന്നിലേയ്ക്കു പിടിച്ചു കെട്ടിയിരുന്ന കയറുകൾ രണ്ടും സുരക്ഷിതമായിരുന്നില്ല. എന്തെന്നാൽ പാമരം വീണുപോയാൽ ആ കയറുകളിൽ പിടിച്ചു കിടക്കുന്നവർ പവിഴപ്പുററിനു മുകളിൽ വെള്ളത്തിൽ തൂങ്ങിക്കിടക്കേണ്ടിവരും. ഹെർമാനും ബങ്ൻറും ടോർസ്റ്റീനും കുടിലിൻെറ മുന്നിൽ ചുവരോടു ചേർത്തു കെട്ടി വെച്ചിരിക്കുന്ന പെട്ടികളിൽ കയറി. ഹെർമാൻ മേൽക്കൂരയിൽനിന്നും പാമരത്തിലേയ്ക്കു പിടിച്ചുകെട്ടിയിരിക്കുന്ന കയററിൽ പിടിച്ചു കിടന്നു. മററു രണ്ടുപേരും കാററുപായ് ഉയർത്താൻ വേണ്ടി പാമരത്തിനു മുകളിൽ കെട്ടിയിരുന്ന കയററിലും

പിടികൂടി. നട്ടും ഞാനും ചങ്ങാടത്തിൻെറ തലയ്ക്കൽ നിന്നും പാമരമുകളിലേയ്ക്കു കെട്ടിയിരുന്ന കയറിലാണ ഭയം തേടിയതു്. എന്തുകൊണ്ടെന്നാൽ തല കടലിലേയ്ക്കു തിരിഞ്ഞിരിക്കുന്നതുകൊണ്ടു് പാമരവും കുടിലുമെല്ലാം വീണുപോയാലും, ചങ്ങാടത്തലപ്പിൽ കെട്ടിയിരിക്കുന്ന കയറു് ചങ്ങാടത്തിൽ മാത്രമെ വീഴുകയുള്ളു എന്നു ഞങ്ങൾ വിചാരിച്ചു.

പവിഴപ്പാററിലടിച്ചുകൊണ്ടിരുന്ന അലകളിൽ പെട്ടുകഴിഞ്ഞു എന്നറിവായപ്പോൾ ഞങ്ങൾ നങ്കൂരത്തിന്റെ കയർ അറുത്തു കളഞ്ഞു. വേഗത്തിൽ ഞങ്ങൾ മുന്നോട്ടാഞ്ഞു. ഒരല ചങ്ങാടത്തിനടിയിൽ നിന്നു തന്നെ ഉയർന്നപ്പോൾ ചങ്ങാടം ആകാശത്തിലേയ്ക്കൂട്ടത്തെറിയപ്പെട്ടതായി ഞങ്ങൾക്കു തോന്നി. ആ ഭയങ്കര മുഹൂർത്തം എത്തിക്കഴിഞ്ഞു. ശ്വാസം പിടിച്ചുള്ള വേഗത്തിൽ അലകൾക്കുപരി ഞങ്ങൾ സവാരി ചെയ്തു. ചങ്ങാടത്തിനടിയിൽ കിടന്നലകൾ തുള്ളിയപ്പോൾ ഞങ്ങളുടെ കേട്ടുവന്ന കോൺടിക്കി ഞരങ്ങാനും കർക്കശശബ്ദമുണ്ടാക്കാനും തുടങ്ങി. അപ്പോഴുണ്ടായ ഉദ്വേഗം ആരുടെ രക്തത്തേയും തിളപ്പിക്കാൻ പോന്നതായിരുന്നു. ഉത്സാഹം ഞങ്ങൾക്കുണ്ടാകാൻ മററു പ്രചോദനമൊന്നും ഇല്ലാതിരുന്നതിനാൽ ശബ്ദം മുഴുവനുയർത്തി ഹുറാവിളിച്ചതായി ഞാനിപ്പോഴും ഓർമ്മിക്കുന്നുണ്ടു്. അതല്പം ആശ്വാസമരുളി. ഏതായാലും അതുകൊണ്ടു് യാതൊരു ഉപദ്രവവും ഉണ്ടായിട്ടില്ലെന്നു തീർച്ച. ഞാൻ ഭ്രാന്തനായി മാറിയിരിക്കുമെന്നു മററുള്ളവർ വിചാരിച്ചു. എന്നാൽ അവർ പ്രസാദിച്ചു് വികൃതമായി ഉത്സാഹപൂർവ്വം ചിരിച്ചു. പിന്നിൽനിന്നും വരുന്ന അലകളിൽ ഞങ്ങൾ മുന്നോട്ടു തന്നെ പൊയ്ക്കൊണ്ടിരുന്നു. അങ്ങനെ കോൺടിക്കി

അഗ്നിയിൽ ജ്ഞാനസ്നാനം ചെയ്യുകയായിരുന്നു. ആ അഗ്നിപരീക്ഷകളെല്ലാം ശുഭമായി കലാശിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിച്ചു; ശുഭമായിത്തന്നെ കലാശിക്കുമെന്നു പ്രത്യാശിക്കുകയും ചെയ്തു.

എന്നാൽ ഞങ്ങളുടെ ഉത്സാഹവും ഔദ്ധത്യവും വേഗം ധ്വംസിക്കപ്പെട്ടു. ഒളിവെട്ടിത്തിളങ്ങുന്ന ഒരു പച്ചക്കണ്ണാടിപോലെ ഒരല ഞങ്ങളുടെ പിന്നിൽ അത്യുച്ചത്തിൽ കുതിച്ചുപൊങ്ങി. ഞങ്ങൾ താഴ്ന്നപ്പോൾ അതു ഞങ്ങൾക്കുപരി മറിഞ്ഞുവന്നു. വല്ലാത്ത ഭയങ്കരമായ ഒരു പ്രഹരമേററതായും ജലപ്രവാഹത്തിൽ താഴ്ന്നതായും എനിക്കു തോന്നി. അത്യുഗ്രം തീവ്രമായ ശക്തിയോടുകൂടി എൻെറ ശരീരം മുഴുവൻ വലിച്ചെടുക്കുന്നതായി എനിക്കനുഭവപ്പെട്ടതിനാൽ പിടിച്ചുനില്ക്കാൻ എന്റെ ശരീരത്തിലെ ഓരോ മാംസപേശിയേയും ആയാസപ്പെടുത്തേണ്ടിവന്നു. മാത്രവുമല്ല, പിടിച്ചുനില്ക്കുക, പിടിച്ചുനില്ക്കുക, എന്നൊരൊററ ചിന്തമാത്രമേ ഉണ്ടായിരുന്നുള്ളുതാനും. നിരാശാജനകമായ ഇത്തരം സന്ദർഭങ്ങളിൽ മനസ്സനുവദിക്കുന്നതിനു മുമ്പ് കൈകളുടെ പിടി വിട്ടുപോകും. അനന്തരഫലംതന്നെ അതിനു തെളിവ്. അനന്തരം ആ പർവ്വതോന്നതമായ അല കടന്നുപോയതായും എന്നിലുള്ള അതിക്രൂരമായ പിടി വിട്ടതായും എനിക്കു തോന്നി. ആ അതിഭീകരമായ തരംഗപർവ്വതം ചെവിപൊട്ടിക്കുന്ന ഗർജ്ജനത്തോടെ ആഞ്ഞടിച്ചുപോയപ്പോൾ നട്ട് ഒരു പന്തുപോലെ ചുരുങ്ങി എന്റെയടുക്കൽ ഒരു കയറിൽ പിടിച്ചു തൂങ്ങിക്കിടക്കുന്നതു ഞാൻ കണ്ടു. പിന്നിൽനിന്നു നോക്കിയപ്പോൾ ആ വലിയ അല പരന്നു പതഞ്ഞു വെളുത്തിരുന്നു. വെള്ളത്തിൽ തള്ളിനിന്ന മേൽക്കൂരയുടെ പുറംവരി തുടച്ചുകൊ

ണ്ടതു കടന്നു മുന്നോട്ടു പോയി. അല മുകളിൽക്കൂടെ മു ന്നോട്ടു പാഞ്ഞപ്പോൾ ബാക്കി മൂന്നുപേരും മേൽക്കൂര യിലമൎന്നുപിടിച്ചു തൂങ്ങിക്കിടന്നു.

പക്ഷെ ഇതൊക്കെയായിട്ടും ഞങ്ങളുടെ ചങ്ങാടം വീണ്ടും അലകളിൽ പൊങ്ങിത്തന്നെ കിടന്നു. കൈകാ ലുകൾ കയറിൽ വളച്ചുപിരിച്ചുവെച്ച് ഞാനെന്റെ പിടി ഒന്നുകൂടി മുറുക്കി. നട്ട് പിടിവിട്ട് കടുവാച്ചാട്ടം ചാടി പെട്ടിക്കു മുകളിൽ നില്ക്കുന്ന മററു മൂന്നുപേരോടു ചേൎന്നു. അവിടെ അവയടി മുഴുവൻ ഏററത് കുടിലിലാ യിരുന്നു. അവരിൽനിന്നും വീണ്ടും ഉത്സാഹദ്യോതകമാ യ ആൎപ്പുവിളികൾ ഞാൻ കേട്ടു. എന്നാൽ അതേസമ യംതന്നെ പച്ചനിറമുള്ള ജലം ഒരു കോട്ടപോലെ ഉയ ൎന്ന് ഞങ്ങളോടടുക്കുന്നതു ഞാൻ കാണുകയും ചെയ്തു. ഞാനുച്ചത്തിൽ ശബ്ദംമുഴക്കി മററുള്ളവൎക്കു മുന്നറിയിപ്പു കൊടുത്തു. ഞാൻ ശരീരം നല്ലവണ്ണം ഒതുക്കിച്ചെറുതാ ക്കി ദൃഢമായി സ്വസ്ഥാനത്തു മുറുകെപ്പിടിച്ചു കിടക്കുക യും ചെയ്തു. എന്നാൽ ആ ശനി ഒരുനിമിഷംകൊണ്ടു വീണ്ടും ഞങ്ങളുടെ അടുത്തെത്തി. കോൺടിക്കി പരി പൂൎണ്ണമായും വെള്ളത്തിനടിയിലായി. ഒരു മനുഷ്യശരീ രത്തിലെത്രമാത്രം ശക്തിയും സമ്മൎദ്ദവും പ്രയോഗി ക്കാൻ കഴിയുമൊ അത്രമാത്രം ഊക്കോടെ ആ അല ഞ ങ്ങളെ പിടിച്ചു കുടഞ്ഞു വലിച്ചു. രണ്ടാമതൊരലയും ചങ്ങാടത്തെ മുക്കി കടന്നുപോയി. അതുപോലെ മൂന്നാ മതൊരലയും.

കയറേണിയിലപ്പോൾ പിടിച്ചു തൂങ്ങിക്കിടന്ന ന ട്ടിൽ നിന്നും വിജയസൂചകമായ ഒരു ശബ്ദം ഞാൻ കേട്ടു.

“ചങ്ങാടത്തെ നോക്കുക, അതിപ്പോഴും പിടിച്ചു നില്ക്കുന്നു.”

മൂന്നാലുകൾ അടിച്ചിട്ടും ഇരട്ടപ്പാമരവും കുടിലും മാത്രമേ പ്രഹരമേററ് അല്പം വളഞ്ഞിരുന്നുള്ളു. വീണ്ടും പ്രകൃതിശക്തികളുടെമേൽ ഞങ്ങൾക്ക് വിജയബോധം ഉണ്ടായി. വിജയോന്മാദം ഞങ്ങൾക്ക് ഉന്മേഷവും ശക്തിയും പുതുതായി പ്രദാനംചെയ്തു.

ഇതുവരെ പ്രത്യക്ഷപ്പെട്ട അലകളെയെല്ലാം അതിശയിക്കുന്ന പൊക്കത്തിൽ അടുത്തൊരല ആകാശത്തിലേക്ക കുതിക്കുന്നതു ഞാൻ കണ്ടു. എൻെറ മുന്നിൽ നില്ക്കുന്ന സ്നേഹിതന്മാൎക്ക് ഉച്ചത്തിൽ ശബ്ദമുണ്ടാക്കിഞാൻ വീണ്ടും മുന്നറിയിപ്പ നല്കി. കഴിയുന്നിടത്തോളം വേഗത്തിൽ ഞാൻ പാമരത്തിലേക്ക കെട്ടിയിരുന്ന കയറിൽ കയറാവുന്നിടത്തോളം മേല്പോട്ട കയറി മുറുകെപ്പിടിച്ചു തൂങ്ങിക്കിടന്നു. ഞങ്ങളുടെ മുകളിൽ ഉയൎന്നുവന്ന ആ പച്ചനിറംപൂണ്ട അലയിൽ ഞാൻ തിരശ്ചീനമായി അപ്രത്യക്ഷനായി. ആ അല ആദ്യം എന്നെ മൂടുന്നതു് എൻെറ കൂട്ടുകാർ കണ്ടു. അതിനിരുപത്തഞ്ചടി പൊക്കമുണ്ടെന്നവർ കണക്കാക്കി. ഞാൻ മറഞ്ഞ സ്ഫടികനിൎമ്മലമായ തരംഗപ്രാകാരത്തിൻെറ ഒരു ഭാഗത്തുകൂടിപതിനഞ്ചടികൂടെ പൊക്കമുള്ള ഒരു ഫേനമകുടവും പാഞ്ഞുപോയി. പിന്നീടതു പിന്നിൽ നില്ക്കുന്നവരെ സമീപിച്ചു. ഞങ്ങൾക്കെല്ലാവൎക്കും ഒരേ ഒരു വിചാരമേ ഉണ്ടായിരുന്നുള്ളു. "പിടിച്ചുകൊള്ളുക, ബലമായി പിടിച്ചുകൊള്ളുക; പിടിവിടാതെ നില്ക്കുക."

ആ പ്രാവശ്യം ഞങ്ങളുടെ ചങ്ങാടം കടൽപ്പുററിൽ അടിച്ചിരിക്കണം. വലിഞ്ഞയഞ്ഞു വളയുന്ന കയറിൽ പിടിച്ചു തൂങ്ങിക്കിടക്കുന്ന ആയാസം കഠിനമായിരുന്നു. അവിടെ തൂങ്ങിക്കിടന്നുകൊണ്ടു് അലയടി മുകളിൽനിന്നാണൊ താഴെനിന്നാണൊ വരുന്നതെന്നു പറ

യാൻ എനിക്കു സാദ്ധ്യമല്ലായിരുന്നു. അലകളടിക്കുമ്പോൾ ഏതാനും നിമിഷങ്ങൾ മാത്രമെ വെള്ളത്തിൽ മുങ്ങിക്കിടക്കേണ്ടതായി വന്നുള്ളു. പക്ഷേ ഞങ്ങളുടെ ശരീരത്തിനുണ്ടായിരുന്ന ശക്തിയിൽ കവിഞ്ഞ ശക്തി അപ്പോൾ ആവശ്യമായിരുന്നു. മാംസപേശികളുടെ ശക്തിയേയും അതിശയിക്കുന്ന എന്തോ ഒന്ന് മനുഷ്യശരീരത്തിലുണ്ട്; തീർച്ചതന്നെ. മരിക്കുകയാണെങ്കിൽ തന്നെ ആ നിലയിൽ കയറിലെ ഒരു കെട്ടുപോലെ കിടന്നു മരിക്കണമെന്നു ഞാൻ നിശ്ചയിച്ചു. അല ഗർജ്ജിച്ചു് തലയ്ക്കു മുകളിലൂടെ കടന്നുപോയി. അല അലറിയടുക്കുന്നതു ഭയാനകമായ ഒരു കാഴ്ചയായിരുന്നു. കോൺടിക്കി മന്ത്രവടികൊണ്ടടിയേററതുപോലെ പാടെ മാറിപ്പോയി. കടലിൽ ആഴ്ചകളും മാസങ്ങളുമായി ഞങ്ങൾ പരിചയിച്ച ചങ്ങാടം അതല്ലാതായിത്തീൎന്നു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഞങ്ങളുടെ മധുരോദാരമായ ലോകം—കോൺടിക്കി—തട്ടിത്തകൎന്നുപോയി.

എന്നെക്കൂടാതെ മറെറാരാളിനെക്കൂടെ മാത്രമേ ഞാൻ ചങ്ങാടത്തിൽ കണ്ടുള്ളു. അയാൾ രണ്ടുകൈകളും ഇരുവശത്തേയ്ക്കു നീട്ടി കുടിലിന്റെ മേൽക്കൂരയിൽ കമഴ്ന്നു വിലങ്ങനെ അമുങ്ങിക്കിടക്കുകയായിരുന്നു. കുടിലിന്റെ വലതുഭാഗവും പിൻഭാഗവും ചീട്ടുകൾകൊണ്ടുണ്ടാക്കിയ ഒരു പുരപോലെ തകൎന്നുകിടന്നു. കുടിലിന്റെ മേൽക്കൂരയിൽ നിശ്ചലനായി കിടന്നതു് ഹെർമാനായിരുന്നു. സമീപത്തുള്ള പവിഴപ്പുററിൽ അലമലകൾ അടിച്ചുപതിച്ചപ്പോൾ ചങ്ങാടത്തിൽ ജീവനോടെ ആരെങ്കിലും ഉണ്ടായിരുന്നു എന്നറിയിക്കുന്ന ലക്ഷണമൊന്നും തന്നെ ഇല്ലായിരുന്നു. വലതുവശത്തുള്ള പാമരക്കഴ ഒരു തീപ്പെട്ടിക്കോലുപോലെ പൊട്ടിത്തകൎന്നിരുന്നു. പാമര

ത്തിന്ന മുകളിൽ വെച്ചിരുന്ന തടികഷണം വീണ്ട് മേല്ക്കൂരയ്ക്ക് സാരമായ കോട്ടം തട്ടി. അതിനാൽ പാമരവും അതിനെ താങ്ങിയിരുന്ന എല്ലാം തന്നെയും വലതുവശത്തുള്ള കടൽപ്പുററിന്നപരിഭാഗത്തേയ്ക്ക് അല്പം ചാഞ്ഞിരുന്നു. പങ്കായമുറപ്പിച്ചിരുന്ന തടി നെടുകെ പിരിയുകയും വിലങ്ങനെ വെച്ചിരുന്ന പലക ഒടിയുകയും ചെയ്തു. പങ്കായം കഷണം കഷണമായി ഒടിഞ്ഞു പോയി. ചങ്ങാടത്തിൻെറ മുൻവശം ഉറപ്പിച്ചിരുന്ന പലക സിഗററുപെട്ടിപോലെ തകന്നു തരിപ്പണമായി. പെട്ടികളും ക്യാൻവാസും ജലപാത്രങ്ങളും മററു സാധനങ്ങളുമെല്ലാം കൂടിച്ചേന്ന് അണിയത്തട്ട് കുടിലിൻെറ മുൻചുവരിൽ നനഞ്ഞ കടലാസുപോലെ പററിപ്പിടിച്ചിരുന്നു. മുളങ്കമ്പുകളും കയർക്കഷണങ്ങളും ചങ്ങാടത്തിൽ എല്ലായിടത്തും കിടപ്പുണ്ടായിരുന്നു. പൊതുവെ നോക്കിയാൽ ആകപ്പാടെ താറുമാറായിക്കിടക്കുന്ന പ്രതീതിയാണുണ്ടായത്.

മിന്നൽപിണർപോലെ വല്ലാത്ത ഞെട്ടക്കം എൻെറ ശരീരം മുഴുവൻ വ്യാപിച്ചതായി എനിക്കു തോന്നി. ഞാൻ മാത്രം പിടിച്ചുകിടന്നതുകൊണ്ടെന്തു പ്രയോജനം. പവിഴപ്പുററിലേയ്ക്കുള്ള ആ ഉന്തിലും തള്ളലിലും ഞങ്ങളിൽ ആരെങ്കിലുമൊരാൾ നഷ്ടപ്പെട്ടാൽ എല്ലാവരും നഷ്ടപ്പെട്ടതുപോലെ തന്നെ കണക്കാക്കാം. അവസാനത്തെ അലയ്ക്കുശേഷം ഒരാളിനെയൊഴിച്ചു ബാക്കിയാരെയും എനിക്കു കാണാനും സാധിച്ചില്ല. ടോർസ്റ്റീൻെറ കൂനിപ്പിടിച്ച ശരീരം ചങ്ങാടത്തിന്ന വെളിയിൽ പ്രത്യക്ഷപ്പെട്ടു. അയാൾ ഒരു കുരങ്ങനെപ്പോലെ പാമരമുകളിൽ കെട്ടിയിരുന്ന കയറിൽ തൂങ്ങി കിടക്കുകയായിരുന്നു. ഒരുവിധം നിരങ്ങി അയാൾ വീണ്ടും എല്ലാം കുഴഞ്ഞുമറി

ഞ്ഞു കിടക്കുന്ന കുടിലിനടുക്കലേയ്ക്കു വന്നു. ഹെർമാൻ തലതിരിച്ചു് എന്നെ നോക്കി മനഃപൂർവ്വം പ്രോത്സാഹനാർത്ഥം ഒന്നു ചിരിച്ചു. പക്ഷേ അയാൾ സ്വസ്ഥാനത്തുനിന്നും ഇളകിയതേയില്ല. മററുള്ളവരെ കണ്ടുപിടിക്കുവാൻ വേണ്ടി ഞാൻ ഉച്ചത്തിൽ വിളിച്ചു. അപ്പോൾ എല്ലാവരും ചങ്ങാടത്തിലുണ്ടെന്നു വിളിച്ചറിയിക്കുന്ന ബങ്ഗ്ൻറിൻെറ ശാന്തമായ ശബ്ദം ഞാൻ കേട്ടു. മുള കൊണ്ടുണ്ടാക്കിയ ചങ്ങാടത്തട്ടിൽനിന്നും ഉറച്ച പലകക്കഷണങ്ങൾ കൊണ്ടു പിണഞ്ഞുണ്ടാക്കിയ വേലിക്കപ്പുറത്തു് കയറിൽ പിടിച്ചുകൊണ്ടവർ കിടക്കുകയായിരുന്നു.

എല്ലാം ഏതാനും നിമിഷങ്ങൾക്കുള്ളിൽ സംഭവിച്ചു കഴിഞ്ഞു. പിന്നോക്കം പായുന്ന അലകൾ കോൺടിക്കിയെ പവിഴപ്പുററിൽനിന്നും പുറകോട്ടു വലിച്ചു. ഒരു പുതിയ അല ചങ്ങാടത്തിൽ അടിക്കുകയും ചെയ്തു. ആ ശബ്ദകോലാഹലത്തിൽ ഏററവും ഉച്ചത്തിലവസാനമായി ഞാൻ വിളിച്ചു പറഞ്ഞു: "പിടിച്ചു തൂങ്ങിക്കിടന്നുകൊള്ളുക." അത്രമാത്രമാണു് ഞാൻ ചെയ്തതു്. ഞാൻ കയറിൽ പിടിച്ചു ബലമായി തൂങ്ങിക്കിടന്നു. അനന്തമായ ആ രണ്ടുമൂന്നു നിമിഷത്തിനുള്ളിൽ അടിച്ചു കയറിക്കടന്നുപോയ ജലപ്രളയത്തിൽ മുങ്ങി ഞാൻ അപ്രത്യക്ഷനാകുകയും ചെയ്തു. അതെനിക്കു ധാരാളം മതിയായിരുന്നു. ചങ്ങാടത്തടികളുടെ അഗ്രഭാഗം പവിഴപ്പുററിൽ കൂർത്തിരിക്കുന്ന ഒരു പടിയിൽ മുട്ടുന്നതും തട്ടുന്നതും ഞാൻ കണ്ടു. പക്ഷേ ചങ്ങാടമതിനു മുകളിലേയ്ക്കു കയറിയില്ല. വീണ്ടും ഞങ്ങൾ പിന്നോക്കം വലിക്കപ്പെട്ടു. കുടിലിൻെറ മേൽക്കൂരയിൽ ഇരുവശവുമായി നീണ്ടുനിവന്നു കിടക്കുന്ന രണ്ടുപേരേയും ഞാൻ കണ്ടു. ഞങ്ങ

ളാരുംതന്നെ പുഞ്ചിരി തൂകിയില്ല. മുളക്കമ്പുകൾ താറുമാറായികിടക്കുന്നതിനപ്പുറത്തുനിന്നും ശാന്തസ്വരത്തിൽ ഒരു വിളി ഞാൻ കേട്ടു.

"ഇതു പററുകയില്ല."

ഞാനും അതുപോലെ അധീരനും നിരുത്സാഹനുമായിത്തീൎന്നു. പാമരത്തല കൂടുതൽ വലതുഭാഗത്തേയ്ക്കു ചാഞ്ഞപ്പോൾ ചങ്ങാടത്തിനു വെളിയിൽ അയഞ്ഞ ഒരു കയറിൽ പിടിച്ചു തൂങ്ങിക്കിടക്കുന്നതായി ഞാൻ എന്നെത്തന്നെ കണ്ടു. അടുത്ത അല വന്നു. അതു പോയപ്പോൾ ഞാൻ നന്നേ ക്ഷീണിച്ചിരുന്നു. ചങ്ങാടത്തിൽ എത്തി തടികഷണങ്ങൾ പിണച്ചുകെട്ടിയ വേലിക്കപ്പുറം ചെന്നു കിടക്കണമെന്നുള്ളതു മാത്രമായിരുന്നു എനിക്കപ്പോൾ ഉണ്ടായിരുന്ന ഒരേ ഒരു വിചാരം. അലകൾ ഇറങ്ങിപ്പോയപ്പോൾ നിമ്നോന്നതമായ ആ പവിഴപ്പററു് ഞങ്ങൾക്കിടയിൽ നഗ്നമായ നിലയിൽ ആദ്യമായി ഞാൻ കണ്ടു. പാമരത്തിൽ കെട്ടിയിരിക്കുന്ന കയറുകളുടെ അററവും പിടിച്ചുകൊണ്ടു് ടോർസ്റ്റീൻ പ്രകാശിക്കുന്ന പവിഴപ്പാറകളിൽ കുനിഞ്ഞു് നില്ക്കുന്നതും ഞാൻ ദർശിച്ചു. ചങ്ങാടത്തിൻെറ അമരത്തു നില്ക്കുന്നതു് അവിടെനിന്നും ചാടാൻ ഭാവിച്ചു. എല്ലാവരും ചങ്ങാടത്തടികളിൽതന്നെ ഇരിക്കണമെന്നു ഞാനുച്ചത്തിൽ വിളിച്ചറിയിച്ചു. അലകളുടെ സമ്മർദ്ദത്താൽ വെള്ളത്തിൽ വീണുപോയ ടോർസ്റ്റീൻ ഒരു പൂച്ചയെപ്പോലെ ചങ്ങാടത്തിൽ വീണ്ടും ചാടിക്കയറി.

ശക്തികുറഞ്ഞ രണ്ടോ മൂന്നോ അലകൾകൂടി ഞങ്ങളുടെമേൽ ഉരുണ്ടുകയറി. അപ്പോൾ എന്തു സംഭവിച്ചു എന്നുള്ള കാര്യം എനിക്കോർമ്മയില്ല. വെള്ളം മുമ്പോട്ടും പുറകോട്ടും പതഞ്ഞുപൊയ്ക്കൊണ്ടിരുന്നു. അല

കൾ ഞങ്ങളെ ഉയൎത്തിക്കൊണ്ടിരുന്നു. പവിഴപ്പുററിലേക്കു ഞാൻ ക്രമേണ താണു. അപ്പോൾ മാത്രമേ പതയുന്ന അലമുകളിൽ നിന്നും ഉപ്പുരസംകലൎന്ന നീർതെറിപ്പുകൾ കറങ്ങിക്കറങ്ങി ഞങ്ങളുടെ അടുക്കലെത്തിയുള്ളു. ചങ്ങാടത്തിൽ വന്നു കയറുവാൻ എനിക്കു സാധിച്ചു. പവിഴപ്പുററിൽ ഉയൎന്നിരിക്കുന്ന ചങ്ങാടത്തിൻെറ അമരത്തു് ഞങ്ങളെല്ലാവരും വേഗം ചെന്നുചേൎന്നു. ചങ്ങാടത്തിന്റെ പിന്നിൽ കിടന്ന കയറുമായി നട്ട് താഴെപ്പതിച്ചു് വേഗം പവിഴപ്പുററിൽ ചാടിക്കയറി. മേലോട്ടുകയറിയ അല പിന്നോട്ടു വലിഞ്ഞപ്പോൾ നട്ട് ഒരു മുപ്പതുവാര വെള്ളത്തിലൂടെ വേഗം ഉള്ളിലേക്കു നടന്നുചെന്നിട്ടു് കയറിൻെറ അററവും പിടിച്ചുകൊണ്ടവിടെ സുരക്ഷിതനായി നില്ക്കുകയുംചെയ്തു. അപ്പോൾ അല പതഞ്ഞയാളുടെ നേരേ ചെന്നു. അതു നിശ്ചലമായിത്തീൎന്നിട്ടു് പരന്നു പവിഴപ്പുററിൽ നിന്നും ഒരരുവിപോലെ പുറകോട്ടൊഴുകി.

അനന്തരം ഷൂസും ധരിച്ചു് എറിക്ക് താറുമാറായ കുടിലിൽനിന്നും വെളിയിൽ വന്നു. അയാൾ ചെയ്തതുപോലെ ഞങ്ങളും ചെയ്തിരുന്നുവെങ്കിൽ ഞങ്ങൾക്കു വളരെയധികം ആയാസം കുറയുമായിരുന്നു. അലകളടിച്ചു് കുടിലിനെ ഒഴുക്കിക്കൊണ്ടുപോയില്ല. എന്നാൽ ക്യാൻവാസിനോടുകൂടി കുടിൽ കീഴ്മേൽമറിഞ്ഞുപോയിരുന്നു. എറിക്ക് സാധനങ്ങളുടെയിടയിൽ നീണ്ടു നിവൎന്നു് ശാന്തനായി കിടന്നുകൊണ്ടു് മുകളിലടിക്കുന്ന അലകളുടെ ഇടിനാദതുല്യമായ ശബ്ദം ശ്രവിച്ചു. അപ്പോൾ അലയടിയേററു തകൎന്ന മുളംചുവരുകൾ കീഴ്പ്പോട്ടു വളഞ്ഞു. പാ

മരം വീണപ്പോൾ ബങ്ൻറിന്നു ചെറുതായൊരടി ഏല്ക്കേണ്ടി വന്നു. എന്നാൽ തകൎന്ന കുടിലിനകത്തു് ഏറിക്കിൻെറ അടുക്കൽ ചെന്നു പററിക്കൂടാൻ അയാൾക്കു സാധിച്ചു. മെടഞ്ഞുകെട്ടിയ മുളക്കീറുകളും വളരെയധികം കയർക്കെട്ടുകളും ജലസമ്മൎദ്ദമേററാലും പ്രധാനപ്പെട്ട ചങ്ങാടത്തടികളോടു ചേൎന്നു് പൊട്ടിച്ചിതറാതെ കിടന്നുകൊള്ളുമെന്നു ഞങ്ങൾ നേരത്തേ അറിഞ്ഞിരുന്നുവെങ്കിൽ ഞങ്ങൾക്കെല്ലാവൎക്കുംതന്നെ അവിടെ സുഖമായി കഴിഞ്ഞുകൂടാമായിരുന്നു.

ഏറിക്കിപ്പോൾ ചങ്ങാടത്തിൻെറ പിന്നിലുള്ള തടിയിൽ തയ്യാറായി നില്ക്കുകയായിരുന്നു. അല മടങ്ങിപ്പോയപ്പോൾ അയാളും പവിഴപ്പുററിലേയ്ക്കു് എടുത്തുചാടി. അടുത്തതു ഹെർമാൻെറ മുറ ആയിരുന്നു. അയാളെ തുടൎന്നു ബങ്ൻറും ചാടി. ഓരോ തവണയും ചങ്ങാടം പവിഴപ്പുററിനകത്തേയ്ക്കു് അല്പാല്പം തള്ളി നീക്കപ്പെട്ടു. ടോർസ്റ്റീൻേറയും എൻെറയും മുറവന്നപ്പോൾ പവിഴപ്പുററിൽ അത്രയ്ക്കുള്ളിൽ ചങ്ങാടം കിടന്നതുകൊണ്ടു് അതു വിട്ടിട്ടു പോകേണ്ട ആവശ്യം ഒന്നും ഉണ്ടായിരുന്നില്ല. ഞങ്ങളെല്ലാവരും ചങ്ങാടത്തിലുള്ള സാധനങ്ങൾ പെറുക്കി എടുക്കാൻ തുടങ്ങി.

പവിഴപ്പുററിൻെറ ഏററവും അപകടപൂൎണ്ണമായ ഭാഗത്തുനിന്നും ഏകദേശം ഇരുപതുവാര മുകളിലായിട്ടാണു് ഞങ്ങൾ അപ്പോൾ നിന്നതു്. നീണ്ട അലകൾ ഒന്നിനെ തുടൎന്നു് മറെറാന്നായി അടിച്ചുകൊണ്ടിരുന്നതവിടെയും അതിന്നു താഴെയുമായിരുന്നു. പവിഴക്കല്ലുകൾ അത്രയ്ക്കുയരത്തിൽ പവിഴപ്പുററു് നിൎമ്മിച്ചിരുന്ന

തിനാൽ മത്സ്യംനിറഞ്ഞു് ഉള്ളിൽക്കിടക്കുന്ന പൊയ്ക്ക യിലേയ്ക്കു് അത്രയ്ക്കു വലിയ അലകളുടെ കൊട്ടുമുടിക്കു മാത്രമെ ഞങ്ങളെയും കടന്നു ചെന്നെത്തുവാൻ കഴിഞ്ഞിരുന്നുള്ളൂ. അതിനകം പവിഴക്കൂട്ടുകളുടെ സ്വാതന്ത്ര്യലോകമായിരുന്നു. അത്ഭുതകരമായ വിവിധാകൃതിയിലും നിറത്തിലും അവ അവിടെ പ്രകാശിച്ചുകൊണ്ടിരുന്നു.

ആ പവിഴപ്പുററിനു മുകളിൽ വളരെ ഉള്ളിലായി ഞങ്ങളുടെ റബ്ബർ ബോട്ടു് വെള്ളംകയറി നീങ്ങിക്കൊണ്ടിരുന്നതു് മററുള്ളവർ കണ്ടു. അവരതു പിടിച്ചെടുത്തു് അതിലെ വെള്ളം മുഴുവൻ കളഞ്ഞു. പിന്നീടതു ചങ്ങാടത്തിനടുക്കൽ കൊണ്ടുവന്നു് റേഡിയോ സെററ് ആഹാരസാധനങ്ങൾ, വെള്ളംനിറച്ച കുപ്പികൾ തുടങ്ങി ഏററവും ഉപയോഗപ്രദമായ സാമഗ്രികൾകൊണ്ടു് ഞങ്ങളതു നിറച്ചു. ഞങ്ങൾ പവിഴപ്പുററിലൂടെ അതു വലിച്ചുകൊണ്ടുപോയി ഒരു വലിയ ഉത്കയെപ്പോലിരിക്കുന്ന പവിഴപ്പാറയുടെ മുകളിൽ കൊണ്ടുചെന്നു് അടുക്കിവെച്ചു. വീണ്ടും സാധനങ്ങൾ എടുക്കാൻ ഞങ്ങൾ ചങ്ങാടത്തിനരികിലേയ്ക്കു പോയി. വേലിയേററം നിമിത്തമുണ്ടാകുന്ന ഉഗ്രമായ ജലപ്രവാഹം ഞങ്ങളെ ചുററിവന്നാൽ കടൽ എങ്ങനെ ക്ഷോഭിക്കുമെന്നു് അറിയാൻ ഞങ്ങൾക്കു് ഒരിക്കലും സാധിച്ചിട്ടില്ല.

പവിഴപ്പുററിനകത്തുള്ള ആഴംകുറഞ്ഞ ജലാശയത്തിൽ സൂര്യരശ്മിതട്ടി എന്തോ പ്രകാശിക്കുന്നതു ഞങ്ങൾ കണ്ടു. വെള്ളത്തിലൂടെ നടന്നു് അതെടുക്കാൻ ഭാവിച്ചപ്പോൾ ഞങ്ങൾക്കതിശയമുണ്ടായി. അതു് ശൂന്യമായ രണ്ടു ടിന്നുകളായിരുന്നു. ഞങ്ങളവിടെ പ്രതീക്ഷിച്ചതു്

തീർച്ചയായും അതല്ലായിരുന്നു. കണ്ടുകിട്ടിയ പെട്ടികൾക്ക് യാതൊരു നിറഭേദവും സംഭവിച്ചിരുന്നില്ല. അവ തുറന്നിട്ടധികം സമയവും കഴിഞ്ഞിട്ടില്ല. അവയുടെ പുറത്തു് പൈനാപ്പിൾ എന്നെഴുതിയിട്ടുമുണ്ടായിരുന്നു. ഞങ്ങൾക്കു കഴിക്കാനായി പരിശോധനയ്ക്കു വിധേയമാക്കിയ ആഹാരസാധനങ്ങളുടെ പുറത്തും അതേ രീതിയിൽത്തന്നെയായിരുന്നു എഴുതിയിരുന്നതു്. ഇതെല്ലാം കൂടി കണ്ടപ്പോൾ ഞങ്ങളുടെ അതിശയം ഇരട്ടിച്ചു. കോൺടിക്കിയിൽ വെച്ചു് അവസാനമായി ആഹാരം കഴിച്ചുകൊണ്ടിരുന്നപ്പോൾ ഞങ്ങൾ വെള്ളത്തിലേക്കു് എടുത്തെറിഞ്ഞ പൈനാപ്പിൾ ടിന്നുകളിൽ രണ്ടെണ്ണമായിരുന്നു അവ എന്നു തീർച്ചയായി. പവിഴപ്പുറ്റിനു മുകളിലൂടെ ഞങ്ങളവയെ സമീപിച്ചു.

നിമ്നോന്നതങ്ങളായ കൂർത്ത പവിഴപ്പാറകളിലായിരുന്നു ഞങ്ങൾ അപ്പോൾ നിന്നതു്. പവിഴപ്പുറ്റിലുള്ള ചാലുകളുടേയും കയങ്ങളുടേയും ആഴം അനുസരിച്ചു് സമനിരപ്പില്ലാത്ത അടിത്തട്ടിലൂടെ ചിലപ്പോൾ മുട്ടററവും ചിലപ്പോൾ കഴുത്തററവും വെള്ളത്തിൽക്കൂടി ഞങ്ങൾ നടന്നുപോയി. കടൽ പുഷ്പങ്ങളും പവിഴപ്പാറകളുംകൊണ്ടു് ചുവപ്പും പച്ചയും മഞ്ഞയും വെളുപ്പും നിറം കലർന്നപായലുകളും കള്ളിച്ചെടികളുംശിലാമയമാക്കപ്പെട്ട ചെടികളും നിറഞ്ഞ ആ ജലാശയം ഒരു ശിലോദ്യാനമായി പ്രകാശിച്ചു. പവിഴക്കട്ടകളിലും കടൽച്ചെടികളിലും കക്കകളിലും ചെറിയ കടൽജീവികളിലും നീന്തിത്തുടിക്കുന്ന വിവിധങ്ങളായ മത്സ്യങ്ങളിലും കാണാൻ കഴിയാത്ത നിറമൊന്നും തന്നെയില്ലായിരുന്നു. ആഴമുള്ള

ചാലുകളിലെ അത്യച്ഛസ്ഫടികമായ ജലത്തിലൂടെ നാലടി നീളം വരുന്ന സ്രാവുകൾ മന്ദമന്ദം ഞങ്ങളുടെ അടുക്കലേക്കു നീന്തിവന്നു. ഞങ്ങൾ കൈജലത്തിലിട്ടടിച്ചാലുടനേതന്നെ അവ തിരിഞ്ഞു ദൂരത്തുപോകുമായിരുന്നു.

ഞങ്ങൾ ചെന്നെത്തിയ സ്ഥലത്തു് ഞങ്ങൾക്കു ചുററുമായി പലപലങ്ങളും ആർദ്രമായ പവിഴത്തുണ്ടുകളും മാത്രമെ ഉണ്ടായിരുന്നുള്ളു. കുറച്ചുകൂടി ഉള്ളിൽ മാറിയാണു് പവിഴപ്പൊയ്ക സ്ഥിതിചെയ്തിരുന്നതു്. വേലിയിറക്കമാരംഭിച്ചപ്പോൾ വെള്ളത്തിനുപരി ഭാഗത്തു് കൂടുതൽ പവിഴപ്പുററുകൾ ഉയന്നു കാണപ്പെട്ടു. അപ്പോൾ പുറമേയുള്ള പവിഴപ്പുററിലടിച്ച അലകൾ യാതൊരു തടസ്സവും കൂടാതെ താഴോട്ടുപതിച്ചു. ഞങ്ങൾ നിന്ന ഇടുങ്ങിയ പവിഴപ്പുററിൽ വേലിയേററമുണ്ടായി തിരയടിച്ചുവന്നാൽ എന്തു സംഭവിക്കുമെന്നു നിശ്ചയമില്ലായിരുന്നു. അതിനാൽ വേഗംതന്നെ ഞങ്ങൾക്കവിടം വിട്ടുപോകേണ്ടിവന്നു.

പകുതി വെള്ളത്തിൽ മുങ്ങിയ ഒരു കോട്ടപോലെ ആ പവിഴപ്പുററു് തെക്കുവടക്കു നീണ്ടുനിവന്നു കിടന്നു. അങ്ങു തെക്കേഅററത്തു് കേരവൃക്ഷങ്ങളാൽ നിബിഡമായ ദീർഘമായ ഒരു ദ്വീപുണ്ടായിരുന്നു. ഏതാണ്ടു് അറുനൂറെഴുനൂറു വാര വടക്കുമാറി ഞങ്ങൾക്കു മുകളിലായി മറെറാരു ദ്വീപും ഉണ്ടായിരുന്നു. പക്ഷേ അതു് താരതമ്യേന വളരെ ചെറിയ ഒരു കേരദ്വീപായിരുന്നു. ആകാശത്തെ ഉമ്മവെയ്ക്കുന്ന തെങ്ങിൻ തലപ്പുകളോടും ശാന്തമായ പവിഴപ്പൊയ്കയിലേക്കു വഴികാട്ടുന്ന മഞ്ഞുപോലെ വെണ്മയേറിയ സൈകതതീരത്തോടുംകൂടിയ

ആ ദ്വീപു് ഞങ്ങൾ നില്ക്കുന്ന പവിഴപ്പുററിനുള്ളിൽ കിടന്നിരുന്നു. ആ ദ്വീപു് മുഴുവൻ പുഷ്പങ്ങൾ നിറഞ്ഞു് തള്ളിനില്ക്കുന്ന ഒരു പച്ചപ്പൂക്കൂടപോലെ ശോഭിച്ചു. സൌന്ദൎയ്യസാരഭൃതമായ സ്വൎഗ്ഗഖണ്ഡംപോലെ മനം കവരുന്നതായിരുന്നു അതു്.

ഇതു് ഞങ്ങളന്വേഷിച്ച ദ്വീപായിരുന്നു.

താടിയും മീശയും വളൎത്തി മുഖകമലം പുഞ്ചിരി കൊണ്ടു വികസിപ്പിച്ചു് ഹെർമാൻ എന്റെ അടുക്കൽ നിന്നു. അയാൾ ഒരക്ഷരം ഉരിയാടിയില്ല. കൈകൾ നീട്ടി ശാന്തമായി ചിരിച്ചതേയുള്ളു. ജലത്തെറിപ്പുകൾ ഏററുകൊണ്ടു് കോൺടിക്കി പവിഴപ്പുററിൽ കുറച്ചുകാലെ താഴെയായിട്ടു കിടന്നു. ആ ചങ്ങാടം താറുമാറായി ത്തീൎന്നു. എന്നാൽ ആ ചങ്ങാടത്തിന്റെ ഛേതം അഭിമാനകരവും അഭിനന്ദനാൎഹവുമായിരുന്നു. അണിയത്തട്ടിലുള്ളതെല്ലാം തട്ടിത്തകൎന്നുപോയി. എന്നാൽ ഇക്വഡോറിലെ ക്വിവേദോവനത്തിൽനിന്നും വെട്ടിയെടുത്ത ആ ഒമ്പതു ബാൽസാ തടികൾക്കും യാതൊരു ഹാനിയും സംഭവിച്ചിരുന്നില്ല. ആ തടികൾ ഞങ്ങളുടെ ജീവനെ രക്ഷിച്ചു. ഞങ്ങളുടെ വക സാധനങ്ങളിലധികമൊന്നും സമുദ്രത്തിനു കൈക്കലാക്കാൻ കഴിഞ്ഞില്ല. കുടിലിനകത്തു കെട്ടിവെച്ചിരുന്ന ഒരു വസ്തുവും നഷ്ടപ്പെട്ടില്ല. വിലപിടിപ്പുള്ളതും പ്രയോജനപ്രദവുമായതെല്ലാം ഞങ്ങൾ ചങ്ങാടത്തിൽനിന്നും മാററി, പവിഴപ്പുററിനകത്തു സൂൎയ്യപ്രകാശമേററുകിടന്ന പവിഴപ്പാറയിൽ സുരക്ഷിതമായി നിക്ഷേപിച്ചുകഴിഞ്ഞു.

ഞാൻ ചങ്ങാടത്തിൽ നിന്നും ചാടിയിറങ്ങിയതി

നാൽ അതിൻെറ മുന്നിൽ നീന്തിക്കളിക്കുന്ന പൈലററ് മത്സ്യങ്ങളെ കാണാനുള്ള നല്ല ഒരവസരം പാഴിലായി. ഇപ്പോഠം ആ വലിയ ചങ്ങാടത്തടികളൊമ്പതും ആറിഞ്ഞു വെള്ളത്തിൽ പവിഴപ്പുററിനു നേരേ മുകളിൽ കിടന്നു. അതിനു മുമ്പിൽ ചെമ്പൻ കടൽപ്പന്നുകഠം നീന്തുന്നുമുണ്ടായിരുന്നു. പൈലററ് മത്സ്യങ്ങളും കടൽപ്പന്നികളും ചങ്ങാടത്തെ ഉപേക്ഷിച്ചു പൊയ്ക്കഴിഞ്ഞു. മയിലിൻെറ വണ്ണപ്പകിട്ടോടും പരന്ന വാലോടും കൂടിയ ഒരു തരം പരന്ന മത്സ്യങ്ങഠംമാത്രം ജിജ്ഞാസയോടെ തടികഠംക്കിടയിൽ അകത്തും പുറത്തുമായി കളിച്ചുകൊണ്ടിരുന്നു. ഞങ്ങളൊരു പുതിയ ലോകത്തിൽ എത്തിക്കഴിഞ്ഞു. ജൊഹാനസ്സ് അതിൻെറ ബിലംവിട്ടു കടന്നുകളഞ്ഞു. തീച്ചയായും അതു് അവിടെ എവിടെയെങ്കിലും ഒരു രഹസ്യസങ്കേതം കണ്ടുപിടിച്ചു പതുങ്ങി ഇരിക്കുന്നുണ്ടാവാം.

ഞാനവസാനമായി നാശംഭവിച്ച ചങ്ങാടത്തിനെ മുഴവൻ ചുററി ഒന്നു കണ്ണോടിച്ചു. അലയടിയേററു പരന്ന ഒരു കട്ടയിൽ ഒരു തൈത്തെങ്ങു നില്ക്കുന്നതു ഞാൻ കണ്ടു. പതിനെട്ടിഞ്ചു പൊക്കത്തിൽ അതു വളൻകഴിഞ്ഞിരുന്നു. അതിൻെറ രണ്ടു വേരുകഠം കീഴ്പോട്ടിറങ്ങിയിരുന്നു. എൻെറ കയ്യിലുള്ള തേങ്ങയുമായി ദ്വീപിനെ നോക്കി വെള്ളത്തിലൂടെ ഞാൻ നടന്നു. കുറച്ചു ദൂരം ചെന്നപ്പോഠം, യാത്രയ്ക്കിടയ്ക്കു് വളരെ പണിപ്പെട്ടുണ്ടാക്കിയ കോൺടിക്കിയുടെ ഒരു മാതൃകയും കക്ഷത്തിലിടുക്കിക്കൊണ്ടു് നട്ട് ജലത്തിലൂടെ നടന്നു് സസന്തോഷം കരയിലേക്കു പോകുന്നതുകണ്ടു. ഞങ്ങഠം വേഗം

ബങ്ങ്ൻറിനെ കടന്നുപോയി. അയാൾ ഒരൊന്നാംതരം മടപ്പള്ളിഭരിപ്പുകാരനായിരുന്നു. അയാളുടെ നെററി യിൽ ഒരു മുഴയുണ്ടായിരുന്നു. മീശയിൽ നിന്നും വെള്ളം ഇററിററു വീണുകൊണ്ടിരുന്നു. പവിഴപ്പൊയ്കയിലേക്കു് പുറമേനിന്നും അലകൾപ്രവാഹത്തെ തള്ളിവിടുന്ന ഓ രോ അവസരത്തിലും, തൻെറ മുമ്പിൽ നൃത്തംവെയ്ക്കുന്ന ഒരു പെട്ടിയും തള്ളിനീക്കിക്കൊണ്ടു് അയാൾ കുനി ഞ്ഞു് നടന്നുകൊണ്ടിരുന്നു. അഭിമാനത്തോടുകൂടി അ യാൾ അതിൻെറ അടപ്പു് തുറന്നു. അതു ഞങ്ങളുടെ അ ടുപ്പുപെട്ടിയായിരുന്നു. അതിനകത്തു് പ്രൈമസ്സ്റ്റോ വും മററു പാചകോപകരണങ്ങളും യാതൊരു കേടും കൂടാതെ ഇരിപ്പുണ്ടായിരുന്നു.

ഞങ്ങളോടടുക്കുംതോറും വലുതായിക്കൊണ്ടിരുന്ന സ്വർഗ്ഗീയമായ ആ കേരദ്വീപിലേയ്ക്കു് പവിഴപ്പുററി ലെ ജലാശയത്തിലൂടെ നടന്നുപോയതു ഞാനൊരിക്കലും മറക്കുകയില്ല. സൂര്യപ്രഭാലേപിതമായ ആ സൈകതഭൂ വിൽ എത്തിയപ്പോൾ ഞാനെൻെറ ഷൂസ് ഊരി ചുട്ടു പഴുത്ത മണലിൽ കാൽവിരലുകൾ അമർത്തി. തെങ്ങിൻ തോപ്പിലേയ്ക്കു നയിക്കുന്ന പരിശുദ്ധമായ ആ മണ ലിൽ പതിഞ്ഞ ഓരോ പദമുദ്രയും കണ്ടു് ഞാൻ ആന ന്ദിച്ചു. പെട്ടെന്നു് കേരവൃക്ഷങ്ങളുടെ ശിരസ്സുകൾ എ ൻെറ തലയ്ക്കു മുകളിൽ കാണാറായി. ആ ചെറിയ ദ്വീപിൻെറ മദ്ധ്യത്തിലേയ്ക്കു തന്നെ നേരെ ഞാൻ നട ന്നു. പച്ചത്തേങ്ങകൾ തെങ്ങിൻമുകളിൽ തൂങ്ങിക്കിടന്നു. വളരെ സമൃദ്ധമായി വളരുന്ന ചില കുററിച്ചെടികളിൽ ഹിമംപോലെ വെണ്മ കലന്ന പുഷ്പങ്ങൾ നിറഞ്ഞിരു

ന്നു. അതിൻെറ സുഗന്ധം അത്യന്തം മധുരവും മാദകവു മായിരുന്നതിനാൽ അതു ശ്വസിച്ചു് ഞാൻ മിക്കവാറും ബോധരഹിതനെപ്പോലെ ആയിത്തീൻ. ആ ദ്വീപി ൻെറ ഉൾപ്രദേശത്തെത്തിയപ്പോൾ ഇണക്കം കലന്ന രണ്ടു കടൽക്കാക്കകൾ എൻെറ ചുമലിനെ തൊട്ടു് ശാ ന്തമായി പറന്നുപോയി. അവ നേരിയ മേഘംപോലെ വെളുത്തു ഭാരം കുറഞ്ഞവയായിരുന്നു. പല്ലികൾ എ ൻെറ കാലിൻെറ അടുക്കൽനിന്നും ചാടിയകന്നു. ചുവന്ന വലിയ സന്യാസി ഞണ്ടുകളായിരുന്നു അവിടുത്തെ പ്ര ധാന ജീവികൾ. മൃദുവായ പൃഷ്ഠത്തിൽ ഒരു മുട്ടയോളം വലിപ്പംവരുന്ന ഒച്ചിൻതോടുകളും വഹിച്ചുകൊണ്ടു് അ വ സഞ്ചരിക്കുന്നതു് എല്ലാ ദിക്കിലും കാണാമായിരുന്നു.

ഞാൻ അത്ഭുതപരാധീനനായിത്തീൻ. മുട്ടുകുത്തി യിരുന്നു ചൂടുപിടിച്ച മണലിൽ ഞാൻ കൈവിരലുകൾ താഴ്ത്തിയിറക്കി.

ഞങ്ങളുടെ യാത്ര അവസാനിച്ചു. ഞങ്ങൾ എല്ലാ വരും ജീവനോടെ രക്ഷപെട്ടു. ഒരു ചെറിയ ദക്ഷിണ സമുദ്രദ്വീപിൽ ഞങ്ങൾ എത്തിച്ചേൻ. അതും എന്തൊ രാശ്ചയ്യകരമായ ദ്വീപു്! ടോർസ്റ്റീൻ അടുത്തുവന്നു് ഒ രു ചാക്കു താഴെയിട്ടതിനുശേഷം തറയിൽ മലന്നടിച്ചു കിടന്നുകൊണ്ടു് തെങ്ങിൻ മണ്ടകളും ഞങ്ങളുടെ തലയ്ക്കു മുകളിൽ വളരെ താഴ്ന്നു നിശ്ശബ്ദമായി ചുററിപ്പറന്ന ചെറുപക്ഷികളേയും നോക്കി നിർവൃതി കൈക്കൊണ്ടു. താമസിയാതെ ഞങ്ങൾ ആറുപേരും അവിടെ കിടന്നു. ഹെർമാൻ സദാ ഊജ്ജസ്വലനായിരുന്നു. അയാൾ വേ ഗം ഒരു തൈത്തെങ്ങിൽ കയറി ഒരു കുല വലിയ കരി ക്കുകൾ അടത്തി താഴെയിട്ടു. മുട്ടകളെന്നപോലെ മൃദു

വായ ആ കരിക്കുകളുടെ മേൽഭാഗം മൂർച്ചയുള്ള കത്തി കൊണ്ടു് ചെത്തിക്കളഞ്ഞിട്ടു് ലോകത്തിലേയ്ക്കുംവെച്ചു് മധുരവും ആസ്വാദ്യകരവും ശീതളവുമായ നാളികേര ക്ഷീരം ഞങ്ങൾ കുടിച്ചു. ആ സ്വർഗ്ഗകവാടത്തിന്റെ കാവൽഭടനായ പവിഴപ്പുററിനു വെളിയിൽനിന്നും അ ലകളടിച്ചു് ചെവിപൊട്ടുംവണ്ണം ഗർജ്ജിച്ചു് പ്രതിദ്ധ്വ നിച്ചുകൊണ്ടിരുന്നു.

“അല്പം നനഞ്ഞിരുന്നാൽ അതു ശുദ്ധീകരണമാ ണു്. സ്വർഗ്ഗം മിക്കവാറും എന്റെ ഭാവനയിൽ പ്രതി ഫലിച്ചതുപോലെതന്നെയാണു്” എന്നു് ബെങ്ങ്ൻറ് പറഞ്ഞു.

ഞങ്ങളെല്ലാവരും വെറും തറയിൽ അവിടെ യഥേ ഷ്ടം മലർന്നുനിവർന്നു കിടന്നുകൊണ്ടു് കേരവൃക്ഷശിഖര ങ്ങൾക്കു മുകളിലൂടെ പടിഞ്ഞാറോട്ടു പോകുന്ന വെളു ത്ത വാണിജ്യവാതമേഘങ്ങളെ നോക്കി പുഞ്ചിരിതൂകി. ഞങ്ങൾ ഇപ്പോൾ നിസ്സഹായരായി അവയെ പിന്തുട രുകയല്ല. ഉറച്ചു നിശ്ചലമായ ഒരു ദ്വീപിൽ—യഥാ ർത്ഥമായും പോളിനേഷ്യയിൽ—ആണു് ഞങ്ങൾ ഇ പ്പോൾ കിടക്കുന്നതു്.

ഞങ്ങളവിടെ നീണ്ടുനിവർന്നു കിടന്നപ്പോൾ ഞങ്ങ ളിൽനിന്നും അകന്നു് അങ്ങു വെളിയിൽ ആ പവിഴപ്പു ററിലടിക്കുന്ന അലകൾ ഒരു തീവണ്ടിയിൽ എന്നപോ ലെ ചക്രവാളത്തിലങ്ങോട്ടും ഇങ്ങോട്ടും ഉച്ചത്തിലുള്ള ശബ്ദം പ്രതിധ്വനിപ്പിച്ചുകൊണ്ടിരുന്നു.

ബെങ്ങ്ൻറ് പറഞ്ഞതു ശരിയായിരുന്നു; ഇതുത ന്നെ സ്വർഗ്ഗം!

★



തോർ ഹെയർദാൽ

## കോൺടിക്കി യാത്രയെപ്പററി

ജീവിതത്തിൽ നമുക്കഭിമുഖീകരിക്കേണ്ട പ്രതിസന്ധിഘട്ടങ്ങളെ കോൺടിക്കിയാത്രയിലെ സംഭ്രമജനകമായ സന്ദർഭങ്ങളോട് ഉപമിക്കാം. മനുഷ്യർ പല സംസ്കാരഘട്ടങ്ങളിലൂടെ മുന്നേറി ഇന്നൊരു മധുരപ്രഭാതത്തിൽ എത്തിയിരിക്കുകയാണ്. പക്ഷേ, വിപത്കരമായ പാറക്കെട്ടുകൾ നമ്മുടെ മുമ്പിൽ മാർഗ്ഗതടസ്സം ചെയ്തുകൊണ്ട് നമ്മെ തട്ടിത്തകക്കാൻ തയാറായി നില്ക്കുന്നുണ്ട്. കടലൊഴുക്കിൽ ആ നാവികന്മാക്കെന്നപോലെ കാലപ്രവാഹത്തിലും നമുക്കിഷ്ടംപോലെ സഞ്ചരിക്കാനാവില്ല. അവരുടെ പൊങ്ങുതടി ആത്മവിശ്വാസത്തിന്റെ പ്രതീകമാണ്. അതിനെ മുറുകെപ്പിടിച്ച് ഈശ്വരനിൽ വിശ്വസിച്ച് മുന്നോട്ടു പോകുക മാത്രമെ ഏഴകളായ മനുഷ്യർക്ക് കരണീയമായിട്ടുള്ളു. ആത്മവിശ്വാസത്തിൽ അലംഘ്യമായി ഒന്നുംതന്നെയില്ല.

അർണോൾഡ് ടോയൻബി